## അദ്ധ്യായം 33

# പുനരൈക്യാനന്തര സ്ഥിതിഗതികൾ

പ്രശസ്ത ആംഗലസാഹിത്യകാരനായ തോമസ്സ് കാർലയലിന്റെ ഗ്രന്ഥത്തിൽ നിന്നും ഒരു വാക്യം ഉദ്ധരിച്ചു കൊണ്ടു ഈ ജീവചരിത്ര ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗമാരംഭിച്ചുകൊള്ളട്ടെ."The history of the world is nothing but the history of the great men that lived there" (ലോകത്തിൽ ജീവിച്ചിട്ടുള്ള മഹനീയ വ്യക്തികളുടെ ചരിത്രം ഒന്നു മാത്രമാണു ലോകത്തിന്റെ ചരിത്രം.) ഏതെങ്കിലും ഒരു വ്യക്തിയുടെയോ അഥവാ പല വ്യക്തികളുടെയോ അശ്രാന്തപരിശ്രമവും, ത്യാഗനിർഭരമായ ജീവിതവും, നിസ്വാർത്ഥമായ സേവനവുമായിരിക്കും ഏതൊരു പ്രസ്ഥാനത്തിന്റെയും ഉദ്ഭവത്തിനും വളർച്ചയ്ക്കും നിലനില്പിനും അടിസ്ഥാനം. കേരളത്തിലെ "പുനരൈക്യപ്രസ്ഥാന"ത്തിന്റെ ചരിത്രവും ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ ജീവചരിത്രവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളതെന്നതിനു സംശയമില്ല.

### ഭുവനപ്രസിദ്ധമായ പുനരൈക്യം

ഇക്കഴിഞ്ഞ ഇരുപതു ശതവർഷക്കാലത്തിനിടയിൽ സുപ്രധാനങ്ങളായ നിരവധി സംഭവങ്ങൾ കേരളക്രൈസ്തവസഭാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഏതുകൊണ്ടും പ്രാധാന്യം അർഹിക്കുന്നതും ഭുവനപ്രസിദ്ധവും ഭാവിതലമുറയ്ക്കു അനുഗ്രഹപ്രദമായിത്തീർന്നതുമായ ഒരു സംഭവമാണ്1930 സെപ്തംബർ 20-ാം തീയതി കൊല്ലത്തുവച്ചു നടന്ന കത്തോലിക്കാപുനരൈക്യം. ഈ സംഭവത്തെപ്പറ്റിയുള്ള വിശദവിവരങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള പത്രമാസികകളിൽ ആയിടയ്ക്കുതന്നെ പ്രസിദ്ധീകൃതമായി. "ഇരു

പതാം നൂറ്റാണ്ടിൽ കത്തോലിക്കാസഭയിൽ നടന്നിട്ടുള്ളതിൽ വച്ചു ഏറ്റം സ്തുത്യർഹവും വിജയകരവുമായ ഒരു മിഷ്യനറിപ്രസ്ഥാന"മായി ഇതു ചിത്രീകരിക്കപ്പെട്ടു. അമേരിക്കയിൽ നിന്നും പുറപ്പെടുന്ന പ്രസിദ്ധ മായ"SIGN" മാസികയിൽ ഈ പുനരൈക്യത്തെപ്പറ്റി ഇപ്രകാരമാണു രേഖപ്പെടുത്തിയിരുന്നത്. "A most notable event in modern Ecclesiastical history is the conversion of Mar Ivanios Archbishop of Bethany." (ആധുനിക ക്രൈസ്തവസഭാചരിത്രത്തിലെ ഒരു സുപ്രധാന സംഭവവികാസമാണു ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസിന്റെ പുനരൈക്യം) (Sign, sept.1930) പതിനാറാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ഓക്സ്ഫോർഡു സർവ്വകലാശാലാപ്രൊഫസറായിരുന്ന കർദ്ദിനാൾ ന്യൂമാൻ സമാരംഭിച്ച "ഓക്സഫോർഡു മൂവുമെന്റി"നോടു മാർ ഈവാനിയോസ് സമാരംഭിച്ച പുനരൈക്യപ്രസ്ഥാനം ഉപമിക്കപ്പെട്ടു. അന്നുമുതൽ "ഭാരതന്യൂമാൻ" എന്ന അപരാഭിധാനത്തിലാണു പാശ്ചാത്യലോകത്തിൽ മാർ ഈവാനിയോസ് അറിയപ്പെട്ടിരുന്നത്.

## മാർപ്പാപ്പാതിരുമേനിയുടെ സന്ദേശം

കൊല്ലത്തുവെച്ചു നടന്ന പുനരൈക്യവിവരം ബാംഗ്ലൂരിൽ നിന്നും ദലഗാദ് അപ്പസ്തോലിക്കാ മോൺ. എഡ്വേർഡ് മൂണി മാർപ്പാപ്പാ തിരുമേനിയെ കമ്പിമുഖേന അറിയിക്കുകയുണ്ടായി. ഈ വാർത്ത ശ്രവിച്ചു സന്തോഷഭരിതനായിത്തീർന്ന പരിശുദ്ധപിതാവു തൽക്ഷണം ഉച്ചരിച്ച വാക്കുകൾ "WELCOME! A BIG WELCOME!!"എന്നായിരുന്നു. ഇംഗ്ലീഷിൽ സാധാരണ സംസാരിക്കുക പതിവില്ലായിരുന്ന പരിശുദ്ധ പിതാവു ഇങ്ങനെ തന്നെയാണു ഈ വാക്കുകൾ ഉച്ചരിച്ചത്. കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്ന ഓരോ വ്യക്തിക്കുമുള്ള ആശംസാവചസ്സുകളുമായിരുന്നു ഇവ.

ഇതേ തുടർന്നു താഴെച്ചേർക്കും വിധമുള്ള ഒരു കമ്പിസന്ദേശം സെക്രട്ടറി മുഖേന പരിശുദ്ധ പിതാവു മാർ ഈവാനിയോസിനു അയച്ചുകൊടുത്തു.

"മാർ ഈവാനിയോസിനും, മാർ തെയോഫിലോസിനും പ്രത്യേകമായ അപ്പസ്തോലികാശീർവാദങ്ങൾ നൽകിക്കൊള്ളുന്നു. അവർ കർത്താവിൽ സന്തോഷഭരിതരായിത്തീരുമാറാകട്ടെ! അവർക്കു ലഭിച്ച കൃപയ്ക്കുവേണ്ടി അവരോടൊന്നിച്ചു പരിശുദ്ധ പിതാവു ദൈവത്തെ സ്തുതിക്കുന്നു. ആ കൃപയോ ആനുകൂല്യസമൃദ്ധിയുടെയും ആദ്ധ്യാത്മികാശ്വാസത്തിന്റെയും അച്ചാരം തന്നെ."

## പരിശുദ്ധ പിതാവിനു അയച്ച കത്ത്

മലങ്കരസുറിയാനി റീത്തിനു അംഗീകാരം നൽകി മാർ തെയോ ഫിലോസ് തിരുമേനിയേയും തന്നേയും കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിനും അങ്ങനെ കേരളത്തിൽ പുനരൈക്യപ്രസ്ഥാനം സമാരംഭിക്കുന്നതിനുമുള്ള അനുവാദം നൽകിയ പരിശുദ്ധ പിതാവിനു കൃതജ്ഞതാസൂചകമായി മാർ ഈവാനിയോസ് അയച്ചുകൊടുത്ത ആദ്യത്തെ കത്തിലെ ചില ഭാഗങ്ങളാണു ചുവടെ ചേർക്കുന്നത്.

എത്രയും പരിശുദ്ധ പിതാവേ,

കരുണാനിധിയായ ദൈവത്തിന്റെ കൃപാതിരേകത്താലും പരിശുദ്ധ പിതാവായ അവിടുത്തെ തൃക്കടാക്ഷത്താലും, വിശുദ്ധ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാനുള്ള ഭാഗധേയം ഞങ്ങൾക്കു സിദ്ധിച്ചു എന്ന വിവരം തിരുമനസ്സിനെ അറിയിച്ചുകൊള്ളുന്നു. ഇക്കഴിഞ്ഞ സെപ്തംബർ 20-ാം തീയതി കൊല്ലം രൂപതാദ്ധ്യക്ഷനായ ഡോ. ബൻസിഗർ തിരുമനസ്സിലെ മുൻപാകെ വിശ്വാസപ്രതിജ്ഞ ചെയ്തു ഞങ്ങൾ കത്തോലിക്കാസഭയോടു ഐക്യപ്പെട്ടു. തന്നിമിത്തം കൃതജ്ഞതാനിർഭരമായ ആനന്ദത്താൽ ഞങ്ങളുടെ ഹൃദയം തികച്ചും സമ്പൂർണ്ണമായിത്തീർന്നിരിക്കുന്നു.

പരിശുദ്ധ പിതാവായ അവിടുന്നു ഞങ്ങളോടു പ്രദർശിപ്പിച്ചിട്ടുള്ള അനുകമ്പാതിരേകത്തിനും ഈ രാജ്യത്തു നിവസിക്കുന്ന അകത്തോലിക്കരായ സകലരും തിരുസഭാ മാതാവിന്റെ വക്ഷസ്സിലേക്കു മടങ്ങിവരുന്നതിനുവേണ്ടി സന്മനസ്സോടും പിതൃനിർവ്വിശേഷമായ വാത്സല്യത്തോടും കൂടെ അവിടുന്നു കല്പിച്ചനുവദിച്ചിട്ടുള്ള എല്ലാവിധ ആനുകൂല്യങ്ങൾക്കുമായി ആജീവനാന്തം ഞങ്ങൾ അവിടുത്തോടു കൃതജ്ഞരായിരിക്കും. കൃപാനിധിയായ കർത്താവു ഞങ്ങളിൽ നിന്നും ഹൃദയപൂർവ്വകമായ സ്നേഹാദരങ്ങൾ പ്രതീക്ഷിക്കുകയും അർഹിക്കുകയും ചെയ്യുന്നു എന്നതിനെപ്പറ്റി ഞങ്ങൾ ബോധവാന്മാരാണ്. പരിശുദ്ധ പിതാവായ അവിടുത്തോടും അവിടുത്തെ അപ്പസ്തോലിക സിംഹാസനത്തോടും ഞങ്ങൾ പ്രകടിപ്പിച്ചിട്ടുള്ള ഭക്തിബഹുമാനാദരങ്ങളിൽ നമ്മുടെ കർത്താവു എത്രയും സന്തുഷ്ടനായി തീർന്നിട്ടുണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ട്. ദൈവനാമ മഹത്വം ലക്ഷ്യമാക്കി അവിടുത്തോടു ആജീവനാന്തം എത്രയും സ്നേഹത്തോടും, വിശ്വസ്തതയോടും, ഭക്ത്യാദരവുകളോടും കൂടി ഞങ്ങൾ വർത്തിച്ചുകൊള്ളാമെന്നു ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

തിരുമനസ്സിലെ പ്രാർത്ഥനയും ആശിസ്സുകളും മുഖേന ദൈവമായ കർത്താവിൽ നിന്നു പ്രതീക്ഷിക്കാവുന്ന സർവ്വവിധാനുഗ്രഹങ്ങളും ഈ സന്ദർഭത്തിൽ ഞങ്ങൾക്കു അത്യന്താപേക്ഷിതമായി ത്തീർന്നിരിക്കുന്നു. വിനീതമായ ഈ കത്തു അവിടുത്തെ സന്നിധിയിൽ എത്തിച്ചേരുന്ന നിമിഷത്തിൽ ഞങ്ങൾ ഇരുവരും തിരുമുമ്പാകെ സന്നിഹിതരായിട്ടുണ്ടെന്നും ആത്മാർത്ഥത നിറഞ്ഞ ഭക്തിവിശ്വാസങ്ങൾ തിരുമുൽക്കാഴ്ചയായി അർപ്പിക്കുന്നുവെന്നും അവിടുന്നു ധരിക്കുന്ന പക്ഷം ഞങ്ങൾ അതീവധന്യരായി. "വിശുദ്ധ സഭ വഴിയായി ദൈവം മഹത്വീകരിക്കപ്പെടണം" എന്നത്രേ ഞങ്ങളുടെ മുദ്രാവാക്യം. അതിനുവേണ്ടി ഞങ്ങളുടെ പ്രാർത്ഥനകളും പ്രവർത്തനവും അവിടുത്തെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

മുട്ടിന്മേൽ നിന്നു അവിടുത്തെ തൃക്കൈ ചുംബിച്ചു അപ്പസ്തോലികാശീർവാദങ്ങൾ അപേക്ഷിച്ചുകൊണ്ട്,

അവിടുത്തെ ദാസന്മാർ,<br>
മാർ ഈവാനിയോസ് (✠)<br>
മാർ തെയോഫിലോസ് (✠)

റോമാസിംഹാസനത്തോടു എത്രമാത്രം ഭക്തിയും, ബഹുമാനവും, അനുസരണവുമാണു മാർ ഈവാനിയോസിനും മാർ തെയോഫിലോസിനും ഉണ്ടായിരുന്നതെന്നു മേലുദ്ധരിച്ച പ്രഥമ കത്തിൽ നിന്നു തന്നെ വ്യക്തമാകുന്നുണ്ട്. ഈദൃശമനഃസ്ഥിതിക്കു അണുമാത്രം വ്യത്യാസം വരാതെയും വരുത്താതെയും അവസാന നിമിഷം വരെ അവർ ഇരുവരും ജീവിച്ചിരുന്നുവെന്നു തുടർന്നുള്ള അദ്ധ്യായങ്ങളിൽ നിന്നു വായനക്കാർക്കു ഗ്രഹിക്കാവുന്നതാണ്.

## സഭാപരിവർത്തന കാരണങ്ങൾ

ഒരു രാജ്യത്തിൽ നിന്നു വേറൊരു രാജ്യത്തേക്കു പോകുന്നതിനോ, ഒരു പാർട്ടി വിട്ടു മറ്റൊരു പാർട്ടിയിൽ ചേരുന്നതിനോ, ഒരു ഭവനം ഉപേക്ഷിച്ചു അന്യഭവനത്തിൽ പോയി താമസിക്കുന്നതിനോ ന്യായമായ കാരണം കൂടാതെ സുബുദ്ധിയുള്ളവരാരും സന്നദ്ധരാകുന്നതല്ല. അപ്രകാരംതന്നെ തക്കതായ കാരണം കൂടാതെ ഒരു മതത്തെ പരിത്യജിച്ചു വേറൊരു മതത്തിന്റെ അംഗത്വം സ്വീകരിക്കുന്നതിനോ ഒരു സഭയെ വിട്ടു മറ്റൊരു സഭയെ ആശ്ലേഷിക്കുന്നതിനോ മനസ്സാക്ഷിയുള്ള മനുഷ്യൻ മുതിരുകയില്ല. ഏതൊരു സഭയിൽ താൻ ജനിച്ചുവളരുക

യും, ഏതൊരു സഭയുടെ ബാഹ്യവും ആഭ്യന്തരവുമായ അഭിവൃദ്ധി യ്ക്കുവേണ്ടി ശെമ്മാശൻ, വൈദികൻ, സന്ന്യാസവര്യൻ, മെത്രാപ്പോലീത്താ എന്നീ വിവിധ നിലകളിൽ ഇരുപതിൽപ്പരം വർഷക്കാലം അശ്രാന്തപരിശ്രമം നടത്തുകയും ചെയ്തുവോ ആ സഭയിൽ നിന്നു മാറി വേറൊരു സഭയെ ആശ്ലേഷിച്ചതിന് തൃപ്തികരമായ കാരണങ്ങൾ അതീവബുദ്ധിമാനായ മാർ ഈവാനിയോസിനുമുണ്ടായിരുന്നു. താദൃശകാരണങ്ങൾ ഏവയെല്ലാമെന്നു ആരാഞ്ഞുകൊണ്ടു കത്തോലിക്കരും അകത്തോലിക്കരുമായ ഒട്ടനേകം സത്യാന്വേഷികൾ അദ്ദേഹത്തെ സമീപിച്ചിട്ടുണ്ട്. അവരുടെ ചോദ്യങ്ങൾക്കു സമുചിതവും, ആത്മാർത്ഥവും, നിർഭയവുമായ മറുപടി കഥാപുരുഷൻ നൽകിക്കൊണ്ടുമിരുന്നു. ഇക്കൂട്ടത്തിൽ "ഫീദസ്" എന്ന വാർത്താവിതരണസംഘടനയുടെ ലേഖകൻ കഥാപുരുഷനെ സമീപിക്കുകയും അദ്ദേഹത്തിന്റെ സഭാപരിവർത്തനകാരണങ്ങൾ ആരായുകയും ചെയ്തു. പ്രസ്തുത ലേഖകന്റെ ഏതാനും ചോദ്യങ്ങളും അവയ്ക്കു കഥാപുരുഷൻ നൽകിയ മറുപടിയുമാണു ചുവടെ ചേർക്കുന്നത്.

**ചോദ്യം 1.**

അഭിവന്ദ്യതിരുമേനി യാക്കോബായ സഭയിൽ നിന്നു കത്തോലിക്കാസഭയിൽച്ചേരുന്നതിനുണ്ടായ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്?

**ഉത്തരം**

കത്തോലിക്കാസഭയുടെ ഉദ്ഭവവും, സുദീർഘകാലത്തെ അതിന്റെ ചരിത്രവും മനുഷ്യസമുദായത്തിൽ പൊതുവേയും ആധുനികരും പുരാതനരുമായ വിശുദ്ധന്മാരിൽ പ്രത്യേകിച്ചും അതു നിർവ്വഹിച്ചിട്ടുള്ള സേവനങ്ങളും, പുറപ്പെടുവിച്ചിട്ടുള്ള മഹനീയ ഫലങ്ങളും ശരിക്കും ഗ്രഹിച്ചതു നിമിത്തമാണു ഞാൻ കത്തോലിക്കാസഭയെ ആശ്ലേഷിച്ചത്. "ക്രിസ്തുവിന്റെ സജീവശരീരമാണു സഭ" എന്ന വിശ്വാസസത്യം പ്രായോഗികമായി കാണിച്ചുകൊടുക്കുന്നതു കത്തോലിക്കാസഭയാണ്. ദൈവം മനുഷ്യനായി അവതരിച്ചതിന്റെ ഉദ്ദേശ്യത്തെ-"വ്യക്തികളുടെയും സമൂഹത്തിന്റെയും രക്ഷ" എന്ന ഏകോദ്ദേശ്യത്തെ-ലക്ഷ്യമാക്കി ലോകത്തിൽ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതും കത്തോലിക്കാസഭയാണ്....... രാഷ്ട്രീയവും വർഗ്ഗീയവും സാമ്പത്തികവുമായ നിരവധി സംഘടനകൾ ആധുനികലോകത്തിലുണ്ടെങ്കിലും അവയ്ക്കെല്ലാം അതീതമായി നിലകൊണ്ടു മനുഷ്യകുലത്തെ ഏകീഭ

വിപ്പിക്കുന്നതിനും ശാശ്വതമായ സമാധാനം കൈവരുത്തുന്നതിനും ദൈവികാനുഗ്രഹം സമൃദ്ധമായി ലഭ്യമാക്കുന്നതിനും പ്രാപ്തിയുള്ള ഒരൊറ്റ സംഘടനയെ മാത്രമെ ഇന്നു ഭൂമുഖത്തു ദർശിക്കുവാൻ സാധിക്കുകയുള്ളൂ. അതാണു കത്തോലിക്കാസഭ. ലോകത്തിൽ മനുഷ്യരാശിയുടെ അഭംഗുരമായ നിലനില്പിനും അനുസ്യൂതമായ പുരോഗതിക്കും വേണ്ടി ഭാവിയിൽ പരിശ്രമിക്കേണ്ട ഏക ശക്തികേന്ദ്രവും കത്തോലിക്കാസഭയാണെന്നു സൂക്ഷ്മനിരീക്ഷകർക്കു ബോദ്ധ്യമാകുന്നതാണ്.

**ചോദ്യം 2.**

കത്തോലിക്കാസഭയുടെ സവിശേഷതകളിൽ തിരുമേനിയെ സാരമായി സ്പർശിച്ചതേതെല്ലാമാണ്?

**ഉത്തരം**

അധികാരത്തിന്റെയും, അനുസരണത്തിന്റെയും, സ്വർഗ്ഗീയവ്യാഖ്യാനത്തിന്റെയും അപ്രമാദിത്വസ്വരത്തിന്റെയും വ്യക്തി സ്വാതന്ത്ര്യത്തിന്റെയും സാമൂഹികഘടനയുടെയും മദ്ധ്യേ നിലയുറപ്പിച്ചു കൊണ്ടു അവയ്ക്കോരോന്നിനുമുള്ള യഥാർത്ഥസ്ഥാനമെന്തെന്നു ലോകത്തെ പഠിപ്പിക്കുകയും ഗ്രഹിപ്പിക്കുകയും ചെയ്യുന്നതു കത്തോലിക്കാസഭയാണ്. സമൂഹത്തിന്റെ ഘടകം എന്ന നിലയിൽ കുടുംബത്തിനു ന്യായമായ സ്ഥാനം നൽകുകയും ശാസ്ത്രീയപുരോഗതിക്കും സാംസ്കാരികാഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശക്തിയുക്തം ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നതു കത്തോലിക്കാസഭ മാത്രമാണ്. ഈദൃശബോദ്ധ്യമാണു ഞാൻ ജനിച്ചുവളർന്ന യാക്കോബായ സഭ വിട്ടു കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്.

**ചോദ്യം 3.**

വന്ദ്യതിരുമേനിയെ അനുഗമിച്ചു ഇതിനകം എത്ര ആളുകൾ കത്തോലിക്കാസഭയിൽ ചേർന്നിട്ടുണ്ട്?

**ഉത്തരം**

എന്റെ സഫ്രഗനായ മാർ തെയോഫിലോസ് തിരുമേനിയും, യാക്കോബായസഭയിലെ നിയുക്തമെത്രാന്മാരായിരുന്ന രണ്ടു റമ്പാന്മാരും, ഞാൻ സ്ഥാപിച്ച “ക്രിസ്താനുകരണ സന്ന്യാസസമൂഹ”ത്തിലെ

ഇരുപത്തിനാലു അംഗങ്ങളിൽ പത്തൊൻപതു പേരും, സന്ന്യാസിനീ സമൂഹത്തിൽ ആകെയുണ്ടായിരുന്ന പതിമൂന്നു അംഗങ്ങളും, ഇവർക്കു പുറമെ ഒട്ടനേകം വൈദികരും, നിരവധി അല്മായരും എന്നെ അനുഗമിച്ചു കത്തോലിക്കാസഭാംഗങ്ങളായിത്തീർന്നിട്ടുണ്ട്. അകത്തോലിക്കരായ ധാരാളം വൈദികരും അല്മായരും ഇതിനുവേണ്ടിയുള്ള സുവർണ്ണാവസരം പ്രതീക്ഷിച്ചു ഇനിയും കാത്തിരിക്കുന്നുമുണ്ട്. അവർക്കുവേണ്ടി ഞങ്ങളെല്ലാം പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. ദൈവത്തിന്റെ മഹാനുഗ്രഹത്താൽ ആസന്നഭാവിയിൽ കേരളത്തിലെ പുനരൈക്യപ്രസ്ഥാനം പതിന്മടങ്ങു ശക്തി പ്രാപിക്കുമെന്നുള്ള ശുഭപ്രതീക്ഷ ഞങ്ങളുടെ പ്രവർത്തനങ്ങൾക്കു പ്രചോദനമേകിക്കൊണ്ടിരിക്കുന്നു."

## പ്രഥമ ക്രിസ്തുമസ്സ് സന്ദേശം

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തു മാർ ഈവാനിയോസിനെയും മാർ തെയോഫിലോസിനെയും അനുഗമിച്ചു കത്തോലിക്കാസഭയെ ആശ്ലേഷിച്ച വൈദികർക്കും അൽമായർക്കും നിരവധി പീഡനങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. അവരെയെല്ലാം സമാശ്വസിപ്പിക്കുന്നതിനും വിശ്വാസസ്ഥിരതയിലും ഭക്തി തീക്ഷ്ണതയിലും നിലനിർത്തുന്നതിനും വേണ്ടി പുനരൈക്യശേഷം ആദ്യമായി സമാഗതമായ ക്രിസ്തുമസ്സ് ദിനം പ്രമാണിച്ചു വന്ദ്യതിരുമേനിമാർ അയച്ചുകൊടുത്ത ക്രിസ്തുമസ്സ് സന്ദേശത്തിലെ ഏതാനും ഭാഗങ്ങളാണു ചുവടെ ചേർക്കുന്നത്.

"............അത്യുന്നതങ്ങളിൽ ദൈവത്തെ മഹത്വപ്പെടുത്തുവാനും മനുഷ്യമക്കൾക്കു സ്വർഗ്ഗീയ സമാധാനം ലഭിക്കുവാനും തക്കവണ്ണം പരസ്പരസംപ്രീതിയാകുന്ന തത്വത്തിന്മേൽ ജനസമുദായത്തെ ദൈവത്തിൽ ഘടിപ്പിച്ചുകൊണ്ടു അതിനെ ഉദ്ധരിപ്പാനായി നമ്മുടെ കർത്താവു ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള ഏകസ്ഥാപനം കത്തോലിക്കാസഭയാകുന്നു. അതിനാൽ ഈ യൽദോ കാലയളവിൽ പ്രത്യേകിച്ചും നാം സ്വർഗ്ഗീയ വൃന്ദങ്ങളോടു ഇടകലർന്നുകൊണ്ടു ദൈവം നമുക്കായി പ്രദാനം ചെയ്തിട്ടുള്ള കൃപാസമൃദ്ധിക്കുവേണ്ടി കൃതജ്ഞതാപൂർവ്വം സ്തോത്രം ചെയ്യേണ്ടതാണ്.

കത്തോലിക്കാസഭയിൽ ചേർന്നതുനിമിത്തം നാനാവിധത്തിലുള്ള കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും നിങ്ങൾ അഭിമുഖീകരിക്കുന്നു എന്നു നന്നായി മനസ്സിലാക്കുന്നു. തിരുസഭയിൽ നിന്നും വിശുദ്ധന്മാ

രുമായുള്ള സംസർഗ്ഗം മൂലം നിങ്ങൾക്കു അനുഭവസിദ്ധമായിട്ടുള്ള അനുഗൃഹീതമായ ഔൽകൃഷ്ടൃത്തെപ്പറ്റി പരിഗണിക്കുമ്പോൾ പ്രസ്തുത പീഡകൾ കേവലം നിസ്സാരം മാത്രമാണ്. പള്ളികളാവട്ടെ, കപ്പേളകളാവട്ടെ, വിദ്യാലയങ്ങളാവട്ടെ ഇല്ലായ്കയാലും മൃതശരീരങ്ങൾ മറവു ചെയ്യുന്ന ശ്മശാനസ്ഥലങ്ങളുടെ അഭാവം മൂലവും നിങ്ങൾ ദുസ്സഹമാംവിധം വിഷമിക്കുന്നതായി ഞങ്ങൾ അറിയുന്നുണ്ട്. ദൈവത്തിൽ മാത്രം നിങ്ങൾ ശരണപ്പെട്ടിരിക്കുവിൻ. ഊഷ്മളമായ അവിടുത്തെ തിരുഹൃദയത്തിൽ നിങ്ങളെക്കുറിച്ചുള്ള ചിന്ത വാസ്തവമായും ഉണ്ടായിരിക്കും. നിങ്ങൾക്കു ആവശ്യമുള്ളതേതോ അവയെല്ലാം അവിടുന്നു പ്രദാനം ചെയ്കയും നമ്മുടെ കർത്താവിനായി അവിടുത്തെ പരമ സത്യത്തെപ്രതി നിങ്ങൾ സഹിക്കുന്ന ദുരിതങ്ങൾക്കു പകരമായി അവിടുന്നു നിങ്ങളെ സമൃദ്ധിയായി ആശീർവദിക്കുകയും ചെയ്യും...........

"സ്വർഗ്ഗീയ സൈന്യങ്ങളോടും, ആട്ടിടയന്മാരോടും, വിദ്വാന്മാരോടും കൂടെ ചേർന്നുകൊണ്ടു പുണ്യശിശുവായ യേശുതമ്പുരാനെ കൈകളിലേന്തി കർത്താവിന്റെ തിരുകുടുംബത്തോടും ഇഹത്തിലുള്ള അവിടുത്തെ തിരുകുടുംബമാകുന്ന വിശുദ്ധ കത്തോലിക്കാസഭാമാതാവിനോടും നിങ്ങൾക്കുള്ള നിഷ്കളങ്കമായ ഭക്ത്യാദരങ്ങളെ ആഹ്ളാദപൂർവ്വം ഈ അവസരത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

നമ്മുടെ ദൈവമായ കർത്താവിനേയും തിരുസഭയേയും ഭൂമിയിൽ അവിടുത്തെ വികാരിയായി നിയമിച്ചിട്ടുള്ള മാർപ്പാപ്പാതിരുമേനിയേയും എന്നെന്നും സ്നേഹിപ്പാൻ കഴിയത്തക്കവണ്ണമുള്ള കൃപയ്ക്കായി നിങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുവിൻ..............."

## ബഥനി ആശ്രമവും ആശ്രമസ്ഥരും

കത്തോലിക്കാ പുനരൈക്യത്തിനുവേണ്ടി ബഥനിമലയിൽ നിന്നു ആശ്രമശ്രേഷ്ഠനായ കഥാപുരുഷനുമൊന്നിച്ചു സർവ്വവുമുപേക്ഷിച്ചു ഇറങ്ങിയ ആശ്രമസ്ഥരായ വൈദികരും സഹോദരന്മാരും വെണ്ണിക്കുളത്ത് എത്തി അവിടെയുള്ള ഒരു വാടകഭവനത്തിൽ താമസിച്ചുകൊണ്ടിരുന്ന വിവരം ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിൽ പ്രതിപാദിച്ചിരുന്നുവല്ലോ. പുനരൈക്യാനന്തരം ഒരു മാസം കഴിഞ്ഞു വെണ്ണിക്കുളത്തുതന്നെ അഞ്ചേക്കർ സ്ഥലം വാങ്ങി അവിടെ രണ്ടു മൂന്നു താൽക്കാലിക ഭവനങ്ങൾ നിർമ്മിച്ചു ആശ്രമസ്ഥർ അവിടെ താമസമാരംഭിച്ചു. തദവസരത്തിൽ തിരുമൂലപുരത്തുള്ള ഒരു ചെറിയ കെട്ടിടത്തിൽ താമസിച്ചുകൊണ്ടു പുനരൈക്യപ്രചരണത്തിൽ ആർച്ചുബിഷപ്പു വ്യാപൃ

തനായിരുന്നുവെങ്കിലും കൂടെക്കൂടെ വെണ്ണുക്കുളത്തു എത്തി ആശ്രമസ്ഥരുടെ ക്ഷേമകാര്യങ്ങൾ അന്വേഷിക്കുകയും അവർക്കു വേണ്ട ആദ്ധ്യാത്മിക ഉപദേശങ്ങൾ നല്കുകയും ചെയ്തിരുന്നു. ഈ സന്ദർഭത്തിൽ വെണ്ണിക്കുളം ആശ്രമം സന്ദർശിച്ച ഒരു മാന്യലേഖകൻ അതേപ്പറ്റിയുള്ള ഒരു ലഘു വിവരണം 'സാക്ഷാൽ ബഥനി' എന്ന ശീർഷകത്തിൽ "സത്യദീപം" പത്രത്തിൽ എഴുതിയിരുന്നതു ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു.

## സാക്ഷാൽ ബഥനി

"ദാ! വെണ്ണിക്കുളത്തുനിന്നും ഞാനിപ്പോൾ വന്നുചേർന്നതേയുള്ളൂ. ആദ്യം കണ്ടത് ഇന്നലത്തെ 'മനോരമ'യാണ്. അതിൽ ആദ്യം വായിച്ചതു റോമിൽ നിന്നു ഒരു ബഥനിയാശ്രമസ്ഥൻ മടങ്ങിപ്പോയിയെന്നു വലിയ അക്ഷരത്തിൽ ചേർത്തിരുന്ന ഒരു വർത്തമാനക്കുറിപ്പാണ്. ആ ആശ്രമസ്ഥൻ, ഫാദർ ബർസ്ക്കീപ്പാ ആണെന്നും 'മനോരമയിലെ വർത്തമാനം' പറയുന്നു. എന്നാൽ അദ്ദേഹം ജനിച്ചിട്ടു ഇക്കഴിഞ്ഞ പാത്രിരാത്രി വരെയും റോമിൽ പോകയാകട്ടെ കത്തോലിക്കാസഭയിൽ ചേരുകയാകട്ടെ ചെയ്തിട്ടില്ല. ഈ വിഷയം സംബന്ധിച്ചു അദ്ദേഹത്തിനു ആലോചന ഉണ്ടായിരുന്നില്ലെന്നു പറഞ്ഞുകൂടാ. പക്ഷേ, അങ്ങനെ ആലോചിക്കാത്ത പുത്തൻകുറ്റുകാർ കാണുമോ എന്നുള്ളതു സംശയമാണ്. ആ സ്ഥിതിക്കു കത്തോലിക്കനായി ഫാ. ബർസ്ക്കീപ്പായെക്കുറിച്ചു പറഞ്ഞതബദ്ധം. തിരിച്ചുപോയി എന്നു പറഞ്ഞതു അതിനേക്കാൾ അബദ്ധം.

എന്നെ വെണ്ണിക്കുളത്തേയ്ക്കാകർഷിച്ചത് ഫാ. ബർസ്ക്കീപ്പായല്ല. സത്യസ്വീകരണാർത്ഥം സർവ്വതും വിട്ടുപേക്ഷിച്ചു കർത്താവിന്റെ യഥാർത്ഥാനുയായികളെപ്പോലെ സ്വന്തം വീടും പെരുനാടും വിട്ടിറങ്ങി ഒരു സഹൃദയന്റെ വാടകക്കെട്ടിടത്തെ അഭയസ്ഥാനമാക്കി ഒരു മാന്യനായരുടെ വക നാലര ഏക്കർ സ്ഥലം വിലയ്ക്കു വാങ്ങിയ ആശ്രമസ്ഥരാണ്. സ്വന്തം കരകൌശലവൈദഗ്ദ്ധ്യം കൊണ്ടു ധൃടുതിയിൽ പണിതീർത്തിട്ടുള്ള മൂന്നു രമണീയസൌധങ്ങളിൽ "മിശിഹായുടെ അനുകരണസംഘാംഗങ്ങൾ" നവീനമായി ഗൃഹപ്രവേശം ചെയ്ത ദിവസം ഇന്നലെയായിരുന്നു. ഇതാണു എന്നെ അവിടേയ്ക്ക് ആകർഷിച്ചത്.

അതേ, അർത്ഥമന്ദിരം (Postulants, house) നവശിഷ്യാലയം (Novitiate house) സന്ന്യാസാശ്രമം (Professed house) ഇങ്ങനെ മൂന്നു മന്ദിരങ്ങളാണു ഞാൻ കണ്ടത്. ഓരോ മന്ദിരത്തിലും, ഏഴേഴു മുറിക

ളുണ്ട്. ഓരോ ഗൃഹവും മണ്ണു കുഴിച്ചു കാട്ടുകല്ലു കൊണ്ടു കെട്ടിയതും ഭൂമിനിരപ്പിൽനിന്നും രണ്ടടി ഉയർത്തിയതുമാണ്. തെങ്ങോലമടലുകൾ കൊണ്ടു ചുറ്റും മൂടി കെട്ടിയിട്ടുണ്ട്. ശിഖരങ്ങളുള്ള തൂണുകളിന്മേലാണു മേൽക്കൂടു സ്ഥിതി ചെയ്യുന്നത്. മുകളിലും തെങ്ങോലയാണ്. തറ നല്ല തിൻവണ്ണം തല്ലിമെഴുകിയിട്ടുണ്ട്. ഏറെക്കൂറെ ഇതേരൂപത്തിൽത്തന്നെ ഒരു കപ്പേളയും ഒരു സന്ദർശനശാലയുമുണ്ട്. ആശ്രമസ്ഥന്മാർക്കു മുങ്ങി ക്കുളിക്കുവാൻ ശുദ്ധജലമുള്ള ഒരരുവിയും കണ്ടു ധ്യാനിക്കുവാൻ ആകർഷകങ്ങളായ പ്രകൃതിവിലാസങ്ങളും അവിടെയുണ്ട്.

എന്നാൽ എങ്ങനെയാണു ആശ്രമസ്ഥന്മാർ ആഹരിക്കുന്നതെ ന്നുള്ള വിവരത്തെപ്പറ്റി ഈയുള്ളവൻ വളരെനേരം ചിന്തിച്ചിട്ടും തൃപ്തി കരമായ ഒരു സമാധാനവും കണ്ടുകിട്ടിയില്ല. ഇപ്പോൾ ഒരു തെറ്റിദ്ധാര ണയുടെ സമയമാകയാൽ ഇതുവരെയും മറ്റുള്ളവരുടെ ധർമ്മസഹായം കൊണ്ടു കഴിഞ്ഞു പോന്നിരുന്ന ഈ ആശ്രമസ്ഥന്മാർ വാസ്തവത്തിൽ വളരെ വിഷമിക്കുന്നുണ്ട്. യാക്കോബായക്കാരുടെ ദാനമാണെങ്കിൽ അതു നിന്നിരിക്കുകയാണ്. കത്തോലിക്കരില്ലാത്ത സ്ഥലങ്ങളിൽ വസി ക്കുന്നതുകൊണ്ടു അവരുടെ സഹായത്തിനു ഇവർക്കു മാർഗ്ഗമില്ലാ തെയും ആണു വന്നിരിക്കുന്നത്. എങ്കിലും ബഥനിക്കാർ ഭഗ്നാശയ രല്ല. ദൈവത്തിൽ ഇവർ പരിപൂർണ്ണമായി ശരണപ്പെടുന്നു. ഇവരുടെ ത്യാഗജീവിതം തന്നെ സജ്ജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ചിലർ ആശ്രമത്തിൽ തന്നെയും ചേരാൻ തീർച്ചയാക്കിയിട്ടുള്ളതായി എനിക്കു സൂക്ഷ്മമായി അറിയാം. സർവ്വത്തിലുമുള്ള ഇവരുടെ ദൈവാ ശ്രയം സർവഥാ ശ്ലാഘനീയം തന്നെ....... (സത്യദീപം 1931-നവമ്പർ 9)

## പ്രഥമ വാർഷികസമ്മേളനം

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രഥമ വാർഷികസമ്മേളനം 1931 സെപ്തംബർ 20 മുതലുള്ള മൂന്നു ദിവസങ്ങളിൽ തിരുവല്ലാ തിരുമൂല പുരത്തുവച്ചു സാഘോഷം നടത്തപ്പെട്ടു. ക്രിസ്താബ്ദം 381-ൽ എഫേ സൂസിൽ വച്ചു നടന്ന സാർവത്രികസൂനഹദോസിന്റെ പതിനഞ്ചാം വാർഷികത്തോടനുബന്ധിച്ചായിരുന്നു ഈ സമ്മേളനം നടത്തപ്പെട്ടത്. പരിശുദ്ധ കന്യാസ്ത്രീയമ്മ ദൈവമാതാവല്ലെന്നു പഠിപ്പിച്ച നെസ്തോർ മെത്രാനെ സാർവത്രികസഭയിൽനിന്നും നിഷ്ക്കാസനം ചെയ്യുന്നതി നുവേണ്ടിയായിരുന്നുവല്ലോ പ്രസ്തുത സൂന്നഹദോസു സമ്മേളിക്ക യുണ്ടായത്. സഭയിൽനിന്നും ബഹിഷ്കൃതനായ നെസ്തോർ മെത്രാൻ

തന്റെ പേരിൽ ആരംഭിച്ച "നെസ്തോറിയൻ സഭ" ഇക്കഴിഞ്ഞ പതിനഞ്ചു നൂറ്റാണ്ടുകൾക്കുശേഷം കൈവിരലിൽ എണ്ണുവാൻ തക്ക അംഗസംഖ്യയോടുകൂടെ സിറിയായിലും കേരളത്തിൽ തൃശൂരിലും നിലവിലുണ്ടെന്നുള്ള വസ്തുതയും ഈ അവസരത്തിൽ സ്മരണീയമാണ്.

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രഥമവാർഷിക സമ്മേളനത്തിൽ കേരളത്തിലെ വിവധ റീത്തുകളിൽ നിന്നുള്ള മെത്രാന്മാരും വൈദികകരും അല്മായരുമായി ഒട്ടധികം പേർ സംബന്ധിച്ചിരുന്നു. വരാപ്പുഴ, എറണാകുളം, കോട്ടയം, ചങ്ങനാശ്ശേരി, കോട്ടാർ, വിജയപുരം രൂപതകളിലെ മേലദ്ധ്യക്ഷന്മാർ വിവിധ സമ്മേളനങ്ങളിൽ ആദ്ധ്യക്ഷം വഹിക്കുകയും പ്രസംഗിക്കുകയും ചെയ്തു. വരാപ്പുഴ ആർച്ചുബിഷപ്പ് ഡോ. ഏയ്ഞ്ചൽ മേരി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട സമ്മേളനത്തിൽ കഥാപുരുഷൻ ചെയ്ത ആശയസംപുഷ്ടമായ പ്രസംഗത്തിന്റെ അവസാന ഭാഗം മാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"എന്റെ ജീവിതത്തിൽ ഒരു കാലത്തും വിസ്മരിക്കപ്പെടുവാൻ നിവൃത്തിയില്ലാത്ത ഒരു ദിവസമാണു 1930 സെപ്തംബർ 20. കാരണം ആ ദിവസത്തിലാണു യേശുക്രിസ്തുവിന്റെ ഈ ലോകത്തിലെ വികാരിയായ റോമാ മാർപ്പാപ്പാതിരുമേനിക്കു കീഴ്വഴങ്ങുന്നതിനുള്ള പരമഭാഗ്യം എനിക്കു സിദ്ധിച്ചത്. ദീർഘകാലമായി എന്റെ അന്തരാത്മാവിൽ ഉണ്ടായിരുന്ന ഒരു വിടവു യഥാർത്ഥത്തിൽ അന്നാണു നികത്തപ്പെട്ടത്. എനിക്കുമാത്രമല്ല, എന്നോടു കൂടി ഇതിനകം പുനരൈക്യം പ്രാപിച്ച എല്ലാവർക്കുമുള്ള അനുഭവമാണിത്. സ്നേഹനിധിയായ നമ്മുടെ കർത്താവു ബലഹീനനായ എന്നെയും മാർ തെയോഫിലോസ് തിരുമേനിയെയും അവിടുത്തെ കരങ്ങളിൽ ആയുധമായി ഉപയോഗിച്ചതിന്റെ ഫലമായി ഇക്കഴിഞ്ഞ വർഷം ഒട്ടനേകം അകത്തോലിക്കാ സഹോദരങ്ങളെ കത്തോലിക്കാസഭയിലേക്കു ആനയിക്കുന്നതിനു ഞങ്ങൾക്കു സാധിച്ചിട്ടുണ്ട്. ക്രൈസ്തവസഭയുടെ ഭിന്നിപ്പു ഭയങ്കരമായ ഒരു പാപമാണെന്നുള്ളതു സംശയരഹിതമായ ഒരു വസ്തുതയാണല്ലോ. കർത്താവായ യേശുക്രിസ്തുവിന്റെ മൗതികശരീരത്തിൽ നിരവധി മുറിവുകൾക്കു അതു കാരണമായിത്തീർന്നിട്ടുണ്ട്. ആ മുറിവുകളെ അല്പമെങ്കിലും നികത്തുവാൻ നല്ലവനായ ദൈവം ഞങ്ങൾക്കു നൽകിയ അവസരം ഒരു സുവർണ്ണാവസരമായിത്തന്നെ ഞങ്ങൾ പരിഗണിക്കുന്നു........

ഇതുനിമിത്തം നിരവധി പീഡനങ്ങൾ ഞങ്ങൾ സഹിച്ചിട്ടുണ്ട്; സഹിക്കേണ്ടതായിവരുന്നുമുണ്ട്. അവയെല്ലാം ഈ രാജ്യത്തെ കത്തോലിക്കാസഭയ്ക്കു സഹായകമായി ഭവിക്കുകയാണുണ്ടായിട്ടുള്ളത്. പുനരൈക്യപ്പെട്ട ഓരോ കത്തോലിക്കനും സ്ത്രീപുരുഷവ്യത്യാസമെന്യേ തീക്ഷ്ണതയേറിയ ഓരോ മിഷനറിയായി ഇതിനകം രൂപാന്തരപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അപ്പസ്തോലിക കാലത്തെ പീഡനചരിത്രം ചെറിയ തോതിലെങ്കിലും ഞങ്ങളുടെ ഇടയിൽ ഇന്നും ആവർത്തിക്കപ്പെടുകയാണ്. ഞങ്ങൾ അനുഭവിക്കുന്ന സാമ്പത്തികവൈഷമ്യങ്ങളും വിവധ പീഡനങ്ങളും ദൈവത്തിൽ നിന്നും നിരവധി അനുഗ്രഹങ്ങൾ വർഷിക്കപ്പെടുന്നതിനു മുഖാന്തരമായിത്തീരുന്നു എന്ന വസ്തുത സന്തോഷപൂർവ്വം പ്രസ്താവിക്കുന്നതിനു സാധിക്കും.

ഈ സന്ദർഭത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഞങ്ങളുടെ മേൽ വർഷിക്കപ്പെട്ട ദിവ്യാനുഗ്രഹങ്ങൾക്കു വേണ്ടി ദൈവത്തെ മഹത്വപ്പെടുത്തണമെന്നു ഇവിടെ സന്നിഹിതരായിരിക്കുന്ന അഭിവന്ദ്യ തിരുമേനിമാരുൾപ്പെടെയുള്ള സകലരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അതിനും പുറമെ, ബലഹീനനായ എനിക്കും മാർ തിയോഫിലോസ് തിരുമേനിക്കും പുനരൈക്യം പ്രാപിച്ച എല്ലാ വിശ്വാസികൾക്കും, ഇനിയും പുനരൈക്യപ്പെടേണ്ട എല്ലാ അകത്തോലിക്കർക്കും വേണ്ടി മാത്രമല്ല, ഇന്നാട്ടിലെ ലക്ഷക്കണക്കിനു അക്രൈസ്തവർക്കു വേണ്ടിയും തുടർന്നു പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു. നിങ്ങൾ ഏവരുടെയും പ്രാർത്ഥനാസഹായമാണു സകലത്തിനും ഉപരി ഈ സന്ദർഭത്തിൽ ഞങ്ങൾക്കു അത്യന്താപേക്ഷിതമായിരിക്കുന്നത്. നിങ്ങൾക്കെല്ലാം നമസ്ക്കാരം.”

## അദ്ധ്യായം 34

# ആത്മാർത്ഥത നിറഞ്ഞ അഞ്ചു കത്തുകൾ

തന്റെ പുനരൈക്യത്തിനു ശേഷം കത്തോലിക്കരും അകത്തോലിക്കരുമായ ഒട്ടനേകം സുഹൃത്തുക്കൾക്കു ആർച്ചുബിഷപ്പ് കത്തുകൾ എഴുതിയിട്ടുണ്ട്.കത്തോലിക്കാപുനരൈക്യത്തിനു തന്നെ പ്രേരിപ്പിച്ച വിവിധ കാരണങ്ങൾ, റോമാസിംഹാസനത്തിന്റെ മാഹാത്മ്യം, കത്തോലിക്കാസഭയുമായി ഐക്യം പ്രാപിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെപ്പുരസ്ക്കരിച്ചുള്ളവയായിരുന്നു പ്രസ്തുത കത്തുകളിൽ ഭൂരിഭാഗവും. ഓരോ വ്യക്തിയുടെയും വിലയും നിലയും ശരിക്കു മനസ്സിലാക്കി അതിനനുയോജ്യമാംവിധമുള്ള കത്തുകൾ അവർക്കയച്ചുകൊടുക്കുന്നതിൽ കഥാപുരുഷൻ പ്രകടിപ്പിച്ച വിവേകവും സാമർത്ഥ്യവും എത്രമാത്രമെന്നു ഇവയിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. ഈദൃശകത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ടവയും പുനരൈക്യപ്രചോദകങ്ങളുമായ അഞ്ചു കത്തുകളാണു ഇവിടെ ഉദ്ധരിക്കുന്നത്.

1. അന്ത്യോക്യയിലെ യാക്കോബായ പാത്രിയർക്കീസ്
2. ഇൻഡ്യൻ ഡലിഗേറ്റു അപ്പസ്തോലിക്കാ
3. അമേരിക്കയിലെ റഷ്യൻ ഓർത്തഡോക്സ്സഭാ മെത്രാപ്പോലീത്താ
4. ന്യൂയോർക്കിലെ ഗ്രീക്കു ഓർത്തഡോക്സ് വൈദികൻ
5. കൊച്ചി പോലീസ് സൂപ്രണ്ട് ശ്രീ. എം. ഏ. ചാക്കോ എന്നിവർക്കു അയച്ച കത്തുകളാണിവ

# I. യാക്കോബായ പാത്രിയർക്കീസിനു അയച്ച കത്ത്

കേരളത്തിലും അന്ത്യോക്യായിലുമുള്ള യാക്കോബായസഭയുടെ പരമാദ്ധ്യക്ഷനായിരുന്ന ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസിനു 1931 ജനുവരി 31-ാം തീയതി തിരുവല്ലായിൽ നിന്നും അയച്ചുകൊടുത്ത കത്താണു ചുവടെ ചേർക്കുന്നത്.

അഭിവന്ദ്യ തിരുമേനി, പരിശുദ്ധാത്മാവിന്റെ കാരുണ്യപൂർവ്വകമായ പ്രവർത്തനത്തിൽ ശ്ലീഹന്മാരുടെ തലവനും വി. പത്രോസിന്റെ പിൻഗാമിയുമായ മാർപ്പാപ്പാ തിരുമനസ്സിലേക്കു ഞാൻ കീഴ്വഴങ്ങുകയും, തദ്വാരാ കാതോലികവും വിശുദ്ധവും അപ്പസ്തോലികവുമായ ഏകസഭയുമായി പുനരൈക്യപ്പെടുകയും ചെയ്തിട്ടുള്ള വിവരം അവിടുന്നു ഇപ്പോൾ കേട്ടിട്ടുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. ദൈവമായ കർത്താവിൽ നിന്നു ഈ അനുഗ്രഹം ലഭിക്കാനിടയായതിൽ ഞാൻ സംതൃപ്തനും അനുഗൃഹീതനുമായി തീർന്നിരിക്കുന്നു. എന്നിരുന്നാലും അവിടുന്നും എന്റെ പ്രിയപ്പെട്ട യാക്കോബായ സഹോദരങ്ങളും ഏകസഭയുമായുള്ള ഐക്യത്തിൽ എത്തിച്ചേരുന്നതുവരെയും എന്റെ സൗഭാഗ്യവും ആനന്ദവും പരിപൂർണ്ണമാകുന്നതല്ല.

നമ്മുടെ കർത്താവു ഒരേ ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. അതു വി. പത്രോസിന്മേൽ തന്നെയാണു താനും. ആ സാമ്രാജ്യത്തിന്റെ താക്കോൽ വിശുദ്ധ പത്രോസിന്റെ കൈകളിൽ അവിടുന്നു ഏല്പിച്ചു. സ്വസഹോദരന്മാരെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്തുന്നതിനുള്ള അധികാരവും അവിടുന്നു വിശുദ്ധ പത്രോസിനു നൽകി. സാർവ്വത്രികസഭയുടെ ഭരണാധികാരവും അവിടുന്നു വിശുദ്ധ പത്രോസിനെത്തന്നെ ഏല്പിക്കുകയും ചെയ്തു. വി. പത്രോസിന്റെ സാക്ഷാലുള്ള അനുഗാമി റോമിലെ മാർപ്പാപ്പാ തിരുമേനിയത്രേ. ക്രൈസ്തവ സാമ്രാജ്യത്തിന്റെ സാർവ്വത്രികമേല്പട്ടക്കാരനും, ദൈവികനിവേശനത്താൽ ഭൂലോകത്തിലുള്ള സഭയുടെ ഐക്യകേന്ദ്രവും, കളങ്കരഹിതമായ കാതോലിക്കാവിശ്വാസത്തിന്റെ സംരക്ഷകനും ആ തിരുമേനി തന്നെയാണ്.

ഭൂമണ്ഡലത്തിന്റെ നാലു കോണുകളിലായി നാലു പാത്രിയർക്കീസന്മാർ ഉണ്ടായിരിക്കണമെന്നും അവരുടെ തലവനും നേതാവും റോമിലെ പാത്രിയർക്കീസായിരിക്കണമെന്നും ബാർ എബ്രായയുടെ ഹൂദായ കാനോൻ ഏഴാം അദ്ധ്യായം ഒന്നാംപാസ്സോക്കായിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അവിടുന്നും യാക്കോബായ സഭയും

പ്രമാണഗ്രന്ഥമായി സ്വീകരിച്ചിട്ടുള്ള പ്രസ്തുത കാനോനിലെ ഈ വാക്യം ദൃശ്യസഭയുടെ സാമുദായികജീവിതവും ഘടനയും ഏകമായിരിക്കണമെന്നുള്ള സിദ്ധാന്തത്തെ വ്യക്തമാക്കുകയാണു ചെയ്യുന്നത്............

മുട്ടിന്മേൽ നിന്നുകൊണ്ടു തിരുമേനിയോടു വിനയപൂർവ്വം ഞാൻ അപേക്ഷിക്കുന്നതിനെ ചെവിക്കൊണ്ടാലും! വേദപുസ്തകത്തിൽ സ്പഷ്ടമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളതും, യാക്കോബായസഭയുടെ പ്രമാണഗ്രന്ഥത്തിലും മതസംബന്ധമായ പുസ്തകങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ള ഒട്ടനേകം വാക്യങ്ങളാൽ സുവ്യക്തവുമായ പ്രസ്തുത സത്യത്തെപ്പറ്റി അവധാനപൂർവ്വം ചിന്തിക്കുവാൻ അങ്ങേയ്ക്കു തിരുവുള്ളമുണ്ടായാലും! അതിനു തക്ക മനോവിനയത്തിന്റെ കൃപാവരം ലഭിക്കുന്നതിനുവേണ്ടി അവിടുന്നു യേശുതമ്പുരാനോടു അപേക്ഷിക്കണമേ സത്യം കാണുവാനുള്ള പ്രകാശവും ദൈവത്തിന്റെ തിരുവിഷ്ടത്തിനു പരിപൂർണ്ണമായി കിഴ്പ്പെടുന്നതിനുള്ള പ്രേരണയും യേശുതമ്പുരാൻ തന്നെ അവിടുത്തേയ്ക്കു നൽകട്ടെ. അങ്ങനെ കർത്താവിന്റെ ശരീരത്തിലെ മുറിവുകൾ കരിയുവാൻ ഇടയായിത്തീരട്ടെ!

ഏതദ്വിഷയത്തെപ്പറ്റി തിരുമനസ്സുകൊണ്ടു പ്രാർത്ഥനാപൂർവ്വം വിചിന്തനം ചെയ്യുന്നതായാൽ നിശ്ചയമായും അങ്ങേയ്ക്കു ദൈവ കൃപ ലഭിക്കുമെന്നു എനിക്കു വിശ്വാസമുണ്ട്. എന്തെന്നാൽ ക്രിസ്തീയസഭകളുടെ പുനരൈക്യം എന്നതു ദൈവത്തിന്റെ തിരുവുള്ളമാണല്ലോ. വിശിഷ്യാ, ഈ ആഴ്ചവട്ടത്തിൽ ഭിന്നിച്ചുപോയ സഹോദരങ്ങളേവരും ഐക്യപ്പെടുന്നതിനു വേണ്ടി പരിശുദ്ധ പിതാവായ മാർപ്പാപ്പാ തിരുമേനിയും സമസ്തകത്തോലിക്കരും പ്രത്യേക പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു...........

നമ്മുടെ കർത്താവു സഭയെ പാറമേൽ സ്ഥാപിച്ചു; വി. പത്രോസാകുന്ന പാറമേൽ തന്നെ. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു വിശുദ്ധ പത്രോസിന്റെ യഥാർത്ഥ പിൻഗാമി ആയിരുന്ന സ്ഥിതിക്കു ആ തിരുമേനിയിൽ നിന്നു വേർപെട്ടു എന്തെങ്കിലും പ്രവർത്തിക്കുവാൻ ഉദ്യമിക്കുന്നവർ മിശിഹായിൽ നിന്നു വേർപെട്ടു കഴിയുവാൻ ശ്രമിക്കുന്നവരാണ്.

അഭിവന്ദ്യ തിരുമേനി,

അവിടുന്നു ഇതേപ്പറ്റി അവഗാഢം ചിന്തിക്കയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെ എന്നു അങ്ങയോടു ഏറ്റം താഴ്മയോ

ടുകൂടെ വീണ്ടും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. പൗരസ്ത്യരായ അകത്തോലിക്കരെ സസന്തോഷം സ്വീകരിപ്പാനും, സഭയുടെ ഐക്യത്തിലേക്കു എത്തിച്ചേരുന്ന വിഷയത്തിൽ അവർക്കു എല്ലാ ആനുകൂല്യങ്ങളും നൽകുവാനുമായി പരിശുദ്ധ സിംഹാസനം എത്രമാത്രം സന്നദ്ധതയോടുകൂടെ ഇരിക്കുന്നുവെന്നതിനു ഈ ഞാൻ തന്നെ അനുഭവസ്ഥനാണ്. കത്തോലിക്കാസഭയിൽ ചേരുവാൻ ആഗ്രഹിക്കുന്നു എന്ന വിവരത്തിനു എഴുതിയ ഞങ്ങളുടെ അപേക്ഷയെ വിശേഷവിധിയായ അനുകമ്പയോടുകൂടിത്തന്നെ തിരുസിംഹാസനം സ്വീകരിക്കുകയുണ്ടായി. സിറിയാ രാജ്യത്തുണ്ടായ സാക്ഷാൽ സിറിയൻ റീത്തുകാരായ അകത്തോലിക്കരെ എത്രയോ സ്നേഹപൂർവ്വമായിട്ടായിരുന്നു, പരിശുദ്ധ പിതാവു സ്വീകരിച്ചത്! അതു അവിടുത്തേയ്ക്കും അറിവുള്ളതാണല്ലോ. വിശുദ്ധ കുർബാന തക്സായും ശുശ്രൂഷക്രമങ്ങളും അവർ ഇന്നും ഉപയോഗിച്ചുവരുന്നതു യാക്കോബായക്കാർ ഉപയോഗിച്ചു വരുന്നതുതന്നെയാണ്. സ്വന്തമായി അവർക്കു ഒരു ഹൈരാക്കിയും ലഭിച്ചിട്ടുണ്ട്. പരിശുദ്ധ സിംഹാസനവുമായി അവർ പുനരൈക്യപ്പെട്ടതിനു ശേഷം പല വിധത്തിലും അവർ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. നേരെമറിച്ചു, അകത്തോലിക്കാസഭയിൽ ഉറച്ചുനിന്നവർക്കു യാതൊരഭിവൃദ്ധിയും ഉണ്ടായിട്ടുമില്ല.

വന്ദ്യതിരുമേനീ, ദൈവത്തിന്റെ യഥാർത്ഥഭവനത്തിലേക്കു വന്നു ചേരുന്നതിനുള്ള ഭാഗ്യം അവിടുത്തേക്കു സിദ്ധിക്കുമാറാകട്ടെ. അപ്പോൾ അനേകായിരങ്ങളെ കത്തോലിക്കാസഭയിലേക്കു കൊണ്ടു വരുവാൻ അങ്ങേയ്ക്കു ഭാഗ്യം സിദ്ധിക്കുമെന്നു തന്നെയല്ല, അവരുടെ പുനരൈക്യം മൂലം നമ്മുടെ കർത്താവു യേശുമിശിഹാ പൂർവ്വാധികം മഹത്വപ്പെടുവാൻ ഇടയാകുന്നതും ആയിരിക്കും.

തിരുമനസ്സിലെ പേർക്കു ഈ വിധത്തിൽ വിനീതമായ ഒരു കത്ത് അയയ്ക്കുവാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു നമ്മുടെ കർത്താവായ യേശുമിശിഹായുടെ കൃപാതിരേകം മൂലം മാത്രമാണെന്നു അവിടുന്നു അറിഞ്ഞിരിക്കേണ്ടതാണ്. എന്റെ കഴിവിനു തക്ക മനോതാഴ്മയോടുകൂടെ ഞാൻ അങ്ങയോടു അപേക്ഷിച്ചുകൊള്ളുന്നു, ഭിന്നിച്ചിരിക്കുന്ന എല്ലാ യാക്കോബായസഹോദരങ്ങളും കാതോലികവും അപ്പസ്തോലികവും ആയ ഏക വിശുദ്ധ സഭയുടെ ഐക്യത്തിൽ ലയിക്കത്തക്ക വിധം അവിടുത്തെ സർവ്വശക്തികളും ഉപയോഗപ്പെടുത്തിയാലും! നമ്മുടെ കർത്താവിന്റെ പ്രാർത്ഥന അവരെല്ലാവരും ഒന്നായിരിക്കണമെന്നതാണല്ലോ.

ഈ വിഷയത്തിൽ വന്ദ്യതിരുമേനിയെ പരിശുദ്ധാത്മാവു ഉദ്ബോധിപ്പിക്കുമാറാകട്ടെ എന്നുള്ള ഹൃദയപൂർവ്വകമായ പ്രാർത്ഥനയോടും അവിടുത്തോടുള്ള അത്യധികമായ സ്നേഹാദരങ്ങളോടും കൂടെ കർത്താവായ യേശുമിശിഹായിൽ അങ്ങയുടെ വിനീതദാസനായ

മാർ ഈവാനിയോസ് (ഒപ്പ്)

# II

## ഇൻഡ്യൻ ദലഗാദ് അപ്പസ്തോലിക്കായ്ക്കു അയച്ച കത്ത്

മാർപ്പാപ്പാ തിരുമേനിയുടെ ഇൻഡ്യയിലെ ദലഗാദ് അപ്പോസ്തോലിക്കായും അമേരിക്കൻ സ്വദേശിയുമായിരുന്ന എഡ്വേഡ് മൂണി തിരുമനസ്സിലേക്കു കഥാപുരുഷൻ അയച്ച കത്താണു ചുവടെ ചേർക്കുന്നത്.

അഭിവന്ദ്യ തിരുമേനി,

അവിടുത്തെ മാതൃരാജ്യമായ അമേരിക്കയെപ്പറ്റിയുള്ള ഏതാനും നല്ല വാർത്തകൾ അറിയിക്കുവാൻ വേണ്ടിയാണു ഞാൻ ഈ കത്ത് അയയ്ക്കുന്നത്. ന്യൂയോർക്കിൽ താമസിച്ചുകൊണ്ടിരിക്കുന്ന രണ്ടു ഓർത്തഡോക്സ് വൈദികരുമായി ഞാൻ ഇപ്പോൾ കത്തിടപാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പരിശുദ്ധ പിതാവിനു തങ്ങളെത്തന്നെ സമർപ്പിക്കുവാൻ അവർ അവസാനമായി നിശ്ചയമെടുത്തുകഴിഞ്ഞിരിക്കുന്നു എന്നറിയുന്നു. കത്തോലിക്കാസഭയിലേക്കു തങ്ങളെ സ്വീകരിക്കുവാനും എന്റെ അധികാരപരിധിയിൽ അവരെ ഉൾപ്പെടുത്തുവാനും ആ രണ്ടു വൈദികരും എന്നോടു അഭ്യർത്ഥിക്കുകയുണ്ടായി. അമേരിക്കയും ഇൻഡ്യയും തമ്മിൽ ആയിരക്കണക്കിനു മൈൽ അകലമുള്ളതുകൊണ്ടും അവർ ഗ്രീക്കു റീത്തിലും ഞാൻ സിറിയൻ റീത്തിലും ആകകൊണ്ടും എന്റെ അധികാരപരിധിയിൽ അവരെ കൊണ്ടുവരുന്നതിനുള്ള അസാദ്ധ്യതയെപ്പറ്റി ഞാൻ അവർക്കു എഴുതി അയച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ അവരുടെ കാര്യം കർദ്ദിനാൾ സിഞ്ചിറോ തിരുമേനിക്കു എഴുതി അയയ്ക്കാമെന്നു ഞാൻ സമ്മതിച്ചിട്ടുമുണ്ട്. അപ്രകാരം കർദ്ദിനാൾ തിരുമനസ്സിലേക്കു ഞാനെഴുതുകയും ആ വൈദികർ നേരിട്ടു തിരുമേനിക്കു എഴുതാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

തങ്ങളുടെ സ്വന്തം റീത്തിൽ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുവാനായി പരിശുദ്ധ സിംഹാസനത്തോടഭ്യർത്ഥിക്കുന്ന കത്ത് അയച്ചിട്ടുള്ളതായി ആ വൈദികർ കർദ്ദിനാളിനു എഴുതിയിട്ടുണ്ടെന്നു ഈ

അടുത്ത സമയം അറിയുവാൻ എനിക്കു സാധിച്ചു. ഈ രണ്ടു വൈദി കന്മാരിൽ ഒരാൾ റഷ്യൻ ഓർത്തഡോക്സ് സഭയിലെ ഒരു ആശ്രമ ശ്രേഷ്ഠനും ന്യൂയോർക്കിലെ ആർക്കിയോളജി-എത്നോളജി അസോ സിയേഷനിലെ ഒരംഗവുമായ Rev. Fr. Barnabas Ph. D. ആണ്. Rev.Fr.John Pety Kanyan ആണു അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ. അദ്ദേഹം പല യൂറോപ്യൻ ഭാഷകളിൽ പരിജ്ഞാനിയും മതതീക്ഷ്ണ തയുള്ള ഒരു ദേഹവുമാണ്. അമേരിക്കയിലുള്ള അദ്ദേഹത്തിന്റെ സഹോദരനും ഉടനെ തന്നെ കത്തോലിക്കാപുനരൈക്യം പ്രാപിക്കു വാൻ ആഗ്രഹിക്കുന്നതായി അറിയുന്നു.

ഐക്യനാടുകളിലേയും ക്യാനഡയിലേയും റഷ്യൻ ഓർത്ത ഡോക്സ് സഭാംഗങ്ങളുടെ ഭരണാധികാരിയായ അഭിവന്ദ്യ അപ്പലിനാ രിയോസ് മെത്രാപ്പോലീത്തായുമായും ഞാനിപ്പോൾ കത്തുകൾ വഴി ബന്ധം പുലർത്തിക്കൊണ്ടിരിക്കുകയാണ്. താൻ സ്വീകരിച്ചിരിക്കുന്ന നില പാടുമൂലമുള്ള വിപത്തുകളെയും സഭാഭിന്നിപ്പുനിമിത്തം ഉളവായികൊ ണ്ടിരിക്കുന്ന കുഴപ്പങ്ങളെയുംപറ്റി ബോദ്ധ്യപ്പെടുകയും കത്തോലിക്കാ സഭയുമായുള്ള ഐക്യത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുകയും ചെയ്തി രിക്കുന്നതിന്റെ ഫലമായി ഈ ആർച്ചുബിഷപ്പു തിരുമേനിയും ആസ ന്നഭാവിയിൽതന്നെ പരിശുദ്ധ പിതാവിനു കീഴ്വഴങ്ങുമെന്നു ഞാൻ വിശ്വ സിക്കുകയും അതിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്ന്, അവിടുത്തെ വിശ്വസ്തൻ

മാർ ഈവാനിയോസ്

(ബഥനി മെത്രാപ്പോലീത്താ)

# III

## ആർച്ചുബിഷപ്പ് അപ്പലിനാരിയോസിനു അയച്ച കത്ത്

(മേലുദ്ധരിച്ചിരിക്കുന്ന കത്തിൽ എഴുതിയിരിക്കുന്നതുപോലെ റഷ്യൻസഭയിലെ അമേരിക്കൻ ആർച്ചുബിഷപ്പിന്റെ പേർക്കു നമ്മുടെ കഥാപുരുഷൻ എഴുതി അയച്ച കത്താണു ഇവിടെ ചേർക്കുന്നത്.)

അഭിവന്ദ്യ തിരുമേനീ,

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാൻ എനിക്കു പ്രേരകമായിത്തീർന്ന കാരണങ്ങൾ അവിടുത്തെ ഗ്രഹിപ്പിക്കുവാൻ വേണ്ടി മാത്രമാണു ഞാനീകത്തയയ്ക്കുന്നത്. നമ്മുടെ ദിവ്യനാഥനായ

കർത്താവു ലോകത്തിൽ ഒരു സഭയെ മാത്രമെ സ്ഥാപിച്ചിട്ടുള്ളൂ. ആ സഭ അഭേദ്യവും ഏകവുമാണ്. ഏകത്വമെന്ന ലക്ഷണം സത്യസഭയ്ക്കു വേണ്ടതാകയാൽ അവിഭാജ്യതയും അതിലെ ഒരു മഹദ്ഗുണമാണ്. സഭാചരിത്രത്തിൽ നടന്നിട്ടുള്ള ഏറ്റം വലിയ വേർപാടിനു ശേഷം മാത്ര മാണു തങ്ങളുടെ നിലപാടിനെ നീതീകരിക്കുന്നതിനു വേണ്ടി ചില വേദശാസ്ത്രജ്ഞന്മാർ സഭയുടെ ഏകത്വത്തിനെതിരായുള്ള അഭിപ്രാ യങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങിയത്.

നമ്മുടെ ദിവ്യരക്ഷകൻ തന്റെ പ്രധാനാചാര്യത്വത്തിനടുത്ത പ്രാർത്ഥനയിൽ പരമപിതാവായ ദൈവത്തോടു എല്ലാവരും ഒന്നാകു വാൻ വേണ്ടിയാണല്ലോ. മനസ്സുരുകി പ്രാർത്ഥിച്ചത്. ക്രൈസ്തവലോകം മുഴുവനും പുനരൈക്യപ്പെടണമെന്നുള്ളതാണു ദൈവത്തിന്റെ തിരുവി ഷ്ടം. പുനരൈക്യപ്പെടുന്ന സഭയിൽ ഒരു തലവൻ ഉണ്ടായിരിക്കണ മെന്നുള്ളതു നിർവ്വിവാദമത്രേ. ക്രൈസ്തവ ലോകത്തിന്റെ നായകനാ യി-സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷനായി-ദൈവം നിശ്ചയിച്ചിരിക്കു ന്നതു വിശുദ്ധ പത്രോസിന്റെ യഥാർത്ഥപിൻഗാമിയായ മാർപ്പാപ്പായെ അത്രേ. സഭയുടെ നിലനില്പിന്റെ അടിസ്ഥാനവും, കേന്ദ്രീകരണ ത്തിന്റെ ശിരസ്സും മാർപ്പാപ്പായുടെ അധികാരമൊന്നു മാത്രമാണ്.

പൗരസ്ത്യസഭയെ പുനർജ്ജീവിപ്പിക്കേണ്ട കാലം അതിക്രമിച്ചി രിക്കുന്നു. കത്തോലിക്കാസഭുമായുള്ള പുനരൈക്യം കൊണ്ടു മാത്രമെ നമ്മുടെ ദിവ്യരക്ഷകൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന മഹോന്നതമായ സ്വർഗ്ഗീയദൗത്യം നിർവ്വഹിക്കുന്നതിനു നാം പ്രാപ്തരായിത്തീരുകയു ള്ളൂ. റോമിലെ പരിശുദ്ധ സിംഹാസനത്തിന്റെ നേതൃത്വത്തിൻ കീഴിൽ ക്രൈസ്തവശക്തികളുടെ സമഞ്ജസമായ സഹകരണവും, സമഗ്രമായ കേന്ദ്രീകരണവും, മധുരമനോഹരമായ ഐക്യവും തൽഫലമായ യഥാർത്ഥസമാധാനവുമത്രെ ഇന്നു അത്യന്താപേക്ഷിതമായിത്തീർന്നി രിക്കുന്നത്.

ഒരു വൃക്ഷത്തിന്റെ ഗുണം അതിന്റെ ഫലങ്ങളിൽ നിന്നും ഗ്രഹി ക്കുവാൻ സാധിക്കുമെന്നാണല്ലോ നമ്മുടെ കർത്താവു അരുളിച്ചെയ്തി രിക്കുന്നത്. പ്രസ്തുത പ്രമാണം വെച്ചു വിധിക്കുന്ന പക്ഷം കത്തോ ലിക്കാസഭയിലുള്ള പരമാധികാരസ്ഥാപനത്തിന്റെ പ്രത്യക്ഷഫലമാണു സമാധാനവും ഐക്യവും. മാർപ്പാപ്പായുടെ കീഴിൽ എല്ലാ വിശ്വാസി കളുടേയും പരിപൂർണ്ണമായ കീഴ്‌വഴക്കവും അനുസരണവും നാം ദർശി ക്കുന്നതിന്റെ പ്രധാന കാരണവും അതു മാത്രമാണ്. ഈ ലോകത്തിലെ

പൈശാചികശക്തികൾക്കു എതിരായുള്ള സകല പോരാട്ടങ്ങളിലും കത്തോലിക്കാലോകമാസകലമുള്ള എല്ലാ മെത്രാന്മാരും, വൈദികരും, അല്മായരും സന്തോഷപൂർവ്വം മാർപ്പാപ്പായോടു സഹകരിച്ചു പ്രവർത്തിക്കുന്നു. മനുഷ്യകുലത്തെ നന്മയിലേക്കും സമൃദ്ധിയിലേക്കും ഉയർത്തുന്നതിനുള്ള നമ്മുടെ കർത്താവിന്റെ പ്രതീക്ഷകൾ യഥാർത്ഥ പലം പുറപ്പെടുവിക്കുന്നത് കത്തോലിക്കാസഭയിൽ മാത്രമാണ്. സന്ന്യാസസഭകളുടെ അത്ഭുതകരമായ വളർച്ച, ഏറ്റവും സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്ന പ്രേഷിതവൃത്തി, വിശ്വവ്യാപകമായ മിഷ്യൻപ്രവർത്തനം എന്നിവയെല്ലാം കത്തോലിക്കാസഭയിൽ മാത്രമെ നാം ദർശിക്കുന്നുള്ളൂ.

ക്രൈസ്തവസഭയുടെ ഭിന്നിപ്പു നമ്മുടെ ദിവ്യനാഥന്റെ ഹൃദയത്തെ അഗാധമായി മുറിപ്പെടുത്തുന്ന ഒരു ഭീകരപാപമാണെന്നുള്ളതിനു സംശയമില്ല. ഇന്നു ക്രിസ്തുമതം രൂക്ഷമായ പരീക്ഷണത്തിന്റെ തീച്ചൂളയിൽ കിടന്നു പൊരിയുകയാണ്. ഇതിനുമുമ്പു ഒരിക്കലും ഇത്ര ഉഗ്രമായ അഗ്നിപരീക്ഷണം ക്രിസ്ത്യാനികൾക്കു നേരിടേണ്ടിവന്നിട്ടില്ല. നമ്മുടെ മതവിശ്വാസം, അതിന്റെ സ്വർഗ്ഗീയമായ ഉദ്ഭവം, പ്രകൃത്യതീതമായ സ്വഭാവം ആദിയായ നമ്മുടെ ആദ്ധ്യാത്മികമൂല്യങ്ങളെല്ലാം ഇന്നു എവിടെയും വെല്ലുവിളിക്കപ്പെടുകയാണ്. ക്രിസ്തുവിന്റെയും, അവിടുത്തെ സഭയുടെയും അവകാശങ്ങൾ ശാശ്വതമായി സംരക്ഷിക്കുന്നതിനുവേണ്ടി നാം എന്താണു ചെയ്യുന്നത്? ലോകത്തെ ക്രിസ്തുവിങ്കലേക്കു ആനയിക്കുവാൻ-കമ്മ്യൂണിസത്തെ ജയിച്ചടക്കുവാൻ-സഭയുടെ ഐക്യം ഒന്നുകൊണ്ടു മാത്രമെ സാധിക്കുകയുള്ളൂ. സ്വന്തം ഭവനത്തിനു തീപിടിക്കുമ്പോൾ നാം സൗന്ദര്യപ്പിണക്കം കൊണ്ടു സമയം കളയുകയോ? നിസ്സാരകാര്യം കൊണ്ടു പിണങ്ങി നിൽക്കുകയോ? ഭവനം ഭവനത്തിനെതിരായി കലഹിച്ചു മത്സരിച്ചാൽ അതു നിലനില്ക്കുകയില്ലെന്നു നമ്മുടെ കർത്താവു തന്നെ കല്പിച്ചിട്ടുണ്ടല്ലോ. ദൈവഭവനത്തെ വിഭജിച്ചു ഭിന്നിപ്പിക്കുന്നതിനാണു പൈശാചികശക്തികൾ ഏതുകാലത്തും പരിശ്രമിച്ചിട്ടുള്ളത്. നമ്മുടെ പിതാക്കന്മാർ തെറ്റു ചെയ്തുപോയി. നാം ആ തെറ്റിൽ തന്നെ നിലനില്ക്കുകയോ? മുൻപു ചെയ്തിട്ടുള്ളതും ഇന്നു ചെയ്തുകൊണ്ടിരിക്കുന്നതുമായ സകല തെറ്റുകൾക്കും നാം പ്രായശ്ചിത്തം അനുഷ്ഠിക്കണം. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും നാഥന്റെ മുൻപിൽ നാം സാഷ്ടാംഗം വീണു മാപ്പിരക്കണം. കത്തോലിക്കാസഭയുടെ ഐക്യ

ത്തിലേക്കു, അതേ,-സാർവ്വത്രികസഭാതലവനായ പോപ്പുരാജനുമായുള്ള അനുഗൃഹീതമായ ആ ബന്ധത്തിലേക്കു-അവിടുന്നു അടുത്തു വരുവാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. യഥാർത്ഥമായ ഐക്യവും സമാധാനവും അവിടെ മാത്രമെയുള്ളൂ.

അഭിവന്ദ്യ തിരുമേനി,

ഇതിനുവേണ്ടിയുള്ള ഓരോ ചുവടുവെയ്പും കാൽവറി മലമുകളിലേക്കുള്ള ആരോഹണത്തിന്റെ പടികളായിരിക്കും. പക്ഷേ, എന്തിനു നാം ഭയപ്പെടുന്നു? ക്രിസ്തുവിനും അവിടുത്തെ സഭയ്ക്കും വേണ്ടി ക്രൂശിക്കപ്പെടുവാനല്ലേ അവിടുന്നു അഭിഷിക്തനായിരിക്കുന്നത്? പരിശുദ്ധ പിതാവു കീഴ്വഴങ്ങുന്നതുകൊണ്ടു പല പീഡകളും അങ്ങേയ്ക്കു സഹിക്കേണ്ടിവന്നേക്കും. പക്ഷേ, അവ താൽക്കാലികമാണ്. പല നൂറ്റാണ്ടുകളായി നമ്മേ വലിച്ചു കൊണ്ടുപോകുന്ന സഭാഭിന്നതകളെ അവസാനിപ്പിക്കുവാനുള്ള ഒരു സുശക്തോപകരണമായി അങ്ങു തീരുകയും ദൈവം അങ്ങയിൽ സജീവമായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അങ്ങേയ്ക്കു അനുഭൂതമാകുന്ന നിർവൃതിയുടെ തിരത്തള്ളലിൽ സഭൈക്യത്തിനു വേണ്ടി സഹിക്കേണ്ടിവന്ന സഹനങ്ങളും പ്രയാസങ്ങളും എല്ലാം നിസ്സാരങ്ങളും ക്ഷണികങ്ങളുമായി അലിഞ്ഞു മാഞ്ഞുപോകുന്നതാണ്.

പ്രിയപ്പെട്ട തിരുമേനി,

ഈ കത്തു എഴുതുവാൻ ഞാൻ അല്പം സ്വാതന്ത്ര്യം പ്രയോഗിച്ചു പോയതു ക്ഷമിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. അങ്ങയേയും എന്നെയും പരസ്പരം ബന്ധിക്കുന്ന ഒരു ശൃംഖല ഉണ്ട്. അതത്രെ ക്രിസ്തുവിന്റെ സ്നേഹബന്ധം. അതുകൊണ്ടും അതിനായിട്ടുമത്രേ ഞാൻ അങ്ങേക്കുവേണ്ടി പ്രാർത്ഥിക്കുന്നത്. അതുകൊണ്ടു മാത്രമാണു ഈ കത്തു എഴുതുവാൻ ഞാൻ ധൈര്യപ്പെട്ടതും. ഭക്ത്യാദരങ്ങളോടുകൂടെ ഈ കത്തു അങ്ങേ സന്നിധിയിൽ ഞാൻ അടിയറ വെച്ചുകൊള്ളുന്നു. എന്റെ ഈ അപേക്ഷ അങ്ങയുടെ ബലിപീഠത്തിന്റെ ചുവട്ടിൽ സൂക്ഷിക്കുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

എന്ന്,

കർത്താവിൽ വിനീതൻ,
മാർ ഈവാനിയോസ് (ഒപ്പ്)
(ബഥനി മെത്രാപ്പോലീത്താ)

# IV

## റഷ്യൻ ഓർത്തഡോക്സ് വൈദികന്റെ പേർക്കു അയച്ച കത്ത്

ന്യൂയോർക്കിലുള്ള ബർണബാസ് എന്ന പേരോടുകൂടിയ ഒരു റഷ്യൻ ഓർത്തഡോക്സ് വൈദികന്റെ പേർക്കു 1931-മാർച്ച് 20-ാം തീയതി തിരുവല്ലായിൽ നിന്നും കഥാപുരുഷൻ അയച്ച ഒരു കത്തിലെ ഏതാനും ഭാഗങ്ങളാണു താഴെ ചേർക്കുന്നത്.

Dear very Rev. Father Barnabas,

“............നമ്മുടെ ദിവ്യരക്ഷകൻ ദൃശ്യമായ ഒരു സഭയെ മാത്രമെ ലോകത്തിൽ സ്ഥാപിച്ചിട്ടുള്ളൂ. ആ ദൃശ്യസഭ ഏകവും അവിഭാജ്യവുമാണ്. വിശ്വാസത്തിലും, സംഘടനയിലും, സജീവപ്രവർത്തനത്തിലും അതു ഐക്യം പരിപാലിക്കുന്നു. ദിവ്യമണവാളനുമായുള്ള ഭൗതികമായ ഐക്യത്താൽ-അംഗങ്ങളായ വിശ്വാസികളുടെ കൂദാശപരമായ ഐക്യത്താൽ,-ബാഹ്യമായി സംയോജിക്കപ്പെട്ടു ഭൂമിയിൽ ദൈവരാജ്യമായി അവൾ പ്രശോഭിക്കുന്നു. ഈ ദൃശ്യസഭയുടെ ഭൂമിയിലെ തലവനത്രേ മാർപ്പാപ്പാ. ക്രൈസ്തവലോകത്തിന്റെ സാർവ്വത്രികമായ ഐക്യത്തിന്റെ കേന്ദ്രവും ക്രിസ്തുവിന്റെ സഭയുടെ പരമാധികാരിയും അദ്ദേഹമാണ്.

പൗരസ്ത്യസഭയുടെ മക്കളായ താങ്കളോ ഞാനോ നമ്മുടെ പുരാതനങ്ങളായ റീത്തുകളെയോ ആചാരങ്ങളേയോ ഉപേക്ഷിക്കണമെന്നു പരിശുദ്ധ സിംഹാസനം ഒരിക്കലും ആഗ്രഹിച്ചിട്ടില്ല; ആഗ്രഹിക്കുകയുമില്ല. നേരേമറിച്ച്, പ്രാചീനങ്ങളും അന്വർത്ഥങ്ങളുമായ പാരമ്പര്യങ്ങളെ അവിഘ്നം പരിരക്ഷിക്കണമെന്നു പരിശുദ്ധ സിംഹാസനം എല്ലായ്പോഴും നിഷ്ക്കർഷിച്ചുകൊണ്ടാണിരുന്നിട്ടുള്ളത്. മനോഹരമായ ഒരു പൂവാടിയിൽ വിവിധ വർണ്ണോജ്ജ്വലങ്ങളായ കുസുമങ്ങളെന്നപോലെ കത്തോലിക്കാസഭയാകുന്ന പൂന്തോപ്പിൽ മനോഹരങ്ങളായ വിവിധ റീത്തുകളുണ്ട്. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുമ്പോൾ നമ്മുടെ റീത്തു പരിത്യജിച്ചു ലത്തീൻറീത്തു സ്വീകരിക്കണമെന്നു പരിശുദ്ധ സിംഹാസനം ഒരു നാളും ആവശ്യപ്പെടുകയില്ലെന്നു ഞാൻ ഉറപ്പു പറയുന്നു. ഇക്കാര്യത്തിൽ യാതൊരാശങ്കയ്ക്കും ഭീതിക്കും അവകാശമില്ല. സമയവും സന്ദർഭവും നോക്കി ഇഷ്ടാനു

സരണം പ്രവർത്തിക്കുന്ന ഒരു സ്ഥാപനമല്ല പരിശുദ്ധ സിംഹാസനം. പിന്നെയോ, ആദർശത്തിന്റെ അടിസ്ഥാനത്തിലത്രെ പ്രസ്തുത സിംഹാസനം പ്രവർത്തിക്കുന്നത്. ഏതെങ്കിലും ഒരാദർശം ഒരിക്കൽ പ്രഖ്യാപിച്ചുകഴിഞ്ഞാൽ ആ ആദർശം അഭംഗമായി തുടരുന്നതിൽ പരിശുദ്ധ സിംഹാസനം അതീവനിഷ്കർഷ പ്രദർശിപ്പിക്കുകതന്നെ ചെയ്യും.

യേശുനാഥന്റെ സ്നേഹഹൃദയമാണു തിരുസഭയുടെ മാർവ്വിടത്തിൽ സ്പന്ദിക്കുന്നത്. ക്രൈസ്തവചരിത്രത്തിന്റെ ആരംഭം മുതൽ ഇന്നേവരെ ഉണ്ടായിട്ടുള്ള ഭിന്നതകൾ ആ സ്നേഹനാഥന്റെ മൗതിക ശരീരത്തിൽ ദാരുണമായ വ്രണങ്ങൾ ഉളവാക്കിയിട്ടുണ്ട്. പ്രസ്തുത വ്രണങ്ങൾ സൗഖ്യമായിക്കാണുന്നതിനു വേണ്ടി സദാപി ദാഹിക്കുകയാണു തിരുസഭാഹൃദയം. സഭയുടെ അടിസ്ഥാനശിലയായ വിശുദ്ധ പത്രോസും, വിശ്വാസത്തിന്റെ ശില്പിയായ വിശുദ്ധ പൗലോസും വിശ്രമം കൊള്ളുന്നതു റോമിലാണ്. അവിടമാണു ദൃശ്യസഭയുടെ കേന്ദ്രസ്ഥാനം. ഈ അപ്പസ്തോലന്മാരുടെ പ്രാതിനിധ്യം വഹിക്കുന്നതു പരിശുദ്ധ പിതാവായ മാർപ്പാപ്പായാണ്. വിഗ്രഹാരാധനക്കാരുടെയും ഇടത്തുട്ടുകാരുടെയും മാനസാന്തരത്തിനും, ശീശ്മക്കാരുടെ തിരിച്ചുവരവിനും വേണ്ടി അവിച്ഛിന്നമായും ശക്തിമത്തായും തുടിച്ചുകൊണ്ടിരിക്കുകയാണു ദിവ്യനാഥന്റെ സ്നേഹഹൃദയം. സ്നേഹനാഥന്റെ ജീവദായകമായ കഷ്ടാനുഭവവും, മരണവും, പുനരുത്ഥാനവും വഴി വീണ്ടെടുത്ത മനുഷ്യകുലം ഒന്നടങ്കം രക്ഷാകരമായ വിശുദ്ധ കത്തോലിക്കാ സഭയെ ആശ്ലേഷിക്കുന്നതു കാണുവാൻ അവിടുത്തെ ഹൃദയം അവിശ്രാന്തം കത്തിഎരിഞ്ഞുകൊണ്ടിരിക്കുകയാണ്.

എന്നോടൊന്നിച്ചു കത്തോലിക്കാസഭയിൽ പ്രവേശിച്ച മാർ തെയോഫിലോസ് തിരുമേനിയും, ബഥനിയിലെ സന്ന്യാസവൈദികരും, സഹോദരന്മാരും, സന്ന്യാസിനികളും ഞാനും ഒത്തുചേർന്നു പ്രാർത്ഥിക്കുകയാണു, അങ്ങും ഒരു കത്തോലിക്കനായിത്തീരുന്നതു കാണുവാൻ. വിശുദ്ധ പത്രോസിന്റെ നൗകയിലേക്കു തിരിച്ചു വരുവാൻ ഞങ്ങളെപ്പോലെ അങ്ങേയ്ക്കും വേഗം സാധിക്കുമാറാകട്ടെ എന്നു ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

എന്ന്,

ആർച്ചുബിഷപ്പു മാർ ഈവാനിയോസ് (ഒപ്പ്)
(ബഥനി മെത്രാപ്പോലീത്താ)

## എം. ഏ. ചാക്കോയ്ക്ക് അയച്ച കത്ത്

തന്റെ ഒരു ആത്മസുഹൃത്തും, കേരളത്തിലെ ഓർത്തഡോക്സ് സഭയുടെ അൽമായ നേതാക്കളിൽ ഒരുവനും കൊച്ചി ഗവൺമേന്റിന്റെ ഒരു പ്രധാന ഉദ്യോഗസ്ഥനുമായിരുന്ന ശ്രീമാൻ എം. ഏ. ചാക്കോ ബി. എ. അവർകൾക്കു കഥാപുരുഷൻ അയച്ചുകൊടുത്ത ഒരു കത്താണു ചുവടെ ചേർക്കുന്നത്.

## എന്റെ പ്രിയപ്പെട്ട ചാക്കോച്ചാ,

പരിശുദ്ധ കാതോലിക്കോസിന്റെയും അദ്ദേഹത്തിന്റെ കക്ഷിയിലെ നേതാക്കന്മാരുടെയും പ്രാർത്ഥനാപൂർവകമായ പരിചിന്തനങ്ങൾക്കു ചില സംഗതികൾ സമർപ്പിക്കുവാൻ താങ്കളുടെ സഹകരണം അഭ്യർത്ഥിക്കുവാനാണു ഞാൻ ഈ കത്തു എഴുതുന്നത്. കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിനു താങ്കൾ അനുകൂലിയാണെന്നുള്ള ബോദ്ധ്യം എന്റെ ഹൃദയാന്തർഭാഗത്തുണ്ട്. മെത്രാൻ കക്ഷിയിലുള്ളവർ ഒന്നടങ്കം കത്തോലിക്കാസഭയിൽ ചേരുന്നതിനായി താങ്കൾ നടത്തിയ പരിശ്രമം സജീവമായിത്തന്നെ ഇന്നും എന്റെ സ്മൃതിപഥത്തിൽ നിലകൊള്ളുന്നു. ഇപ്പോൾ അതേ പ്രശ്നം തന്നെ ഒന്നുകൂടെ സ്വതന്ത്രമായ മനസ്സോടും പ്രാർത്ഥനയോടും കൂടെ ചിന്തിക്കുവാൻ താങ്കൾക്കു അവസരം വന്നിരിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു.

പരിശുദ്ധ റോമാസിംഹാസനം മലങ്കര സുറിയാനിറീത്തിനു അംഗീകാരം നല്കിയിരിക്കുന്ന വിവരം ഇതിനകം താങ്കളും അറിഞ്ഞിരിക്കുമല്ലോ. അങ്ങനെ നമ്മുടെ റീത്തിനു അനശ്വരത്വവും, പരിശുദ്ധ മാർപ്പാപ്പായുടെ ഐക്യത്തിൻകീഴിൽ സ്വതന്ത്രമായ ഭരണം നടത്തുന്നതിനുള്ള ആനുകൂല്യവും സൗകര്യവും ലഭിച്ചിരിക്കുന്നു. മലങ്കരസുറിയാനികത്തോലിക്കർ കത്തോലിക്കാസഭയിൽ സ്വതന്ത്രഭരണമുള്ള ഒരു പ്രത്യേക സമൂഹമായിത്തീർന്നിരിക്കുന്നു. അതിനു സ്വന്തമായ വ്യക്തിത്വവും, മാഹാത്മ്യവും ഉണ്ടായിരിക്കും. അപ്രകാരം തന്നെ സ്വന്തമായി പ്രവർത്തിക്കുന്നതിനു തക്ക ശീഘ്രമായ വളർച്ചയ്ക്കും അഭിവൃദ്ധിക്കും സൗകര്യമുള്ള പ്രത്യേക സാമൂഹ്യ സംഘടനയായിത്തീരുന്നതിനും നമുക്കു സാധിക്കുന്നതാണ്. കത്തോലിക്കാസഭയിൽനിന്നും വേർപ്പെട്ടുനിൽക്കുന്ന സഹോദരങ്ങളുടെ പുനരൈക്യം കഴിയുന്നത്ര വേഗം സാധിക്കുന്നതിനു വേണ്ടിയാണു ഇത്രയേറെ ഔദാര്യപൂർവം റോമാസിംഹാസനം പ്രവർത്തിച്ചിരിക്കുന്നത്. ഇപ്പോഴത്തെ മാർപ്പാപ്പായുടെ

ഏററവും ആത്മാർത്ഥമായ ആഗ്രഹം കേരളത്തിലുള്ള പുരാതനമായ ഭിന്നത അവസാനിപ്പിക്കണമെന്നും എല്ലാ പൗരസ്ത്യ ക്രിസ്ത്യാനികളും തങ്ങളുടെ സ്വന്തമായ ആചാരങ്ങളും റീത്തുകളും സംരക്ഷിച്ചുകൊണ്ടു പുനരൈക്യപ്പെടണമെന്നുമാണ്.

പരിശുദ്ധ കാതോലിക്കാബാവാതിരുമേനിയും, മെത്രാന്മാരും, വൈദികരും, അല്മായരും കത്തോലിക്കാസഭയുമായുള്ള ഐക്യത്തിനുവേണ്ടി പ്രാർത്ഥനാപൂർവ്വം ഒന്നു ചിന്തിച്ചിരുന്നുവെങ്കിൽ അതു അവരോടുതന്നെയും നമ്മുടെ നാട്ടിലെ ക്രൈസ്തവ മതത്തോടും ചെയ്യുന്ന ഒരു വലിയ സേവനമായിരിക്കുമെന്നു താങ്കൾ അവരോടു ഉപദേശിക്കുകയും താങ്കൾ തന്നെ അതേപ്പറ്റി ചിന്തിക്കുകയും ചെയ്യണമെന്നു ഓർമ്മിപ്പിക്കുവാനാണു ഞാൻ ഈ കത്തു എഴുതുന്നത്. മാർപ്പാപ്പായുടെ ഐക്യത്തിൽ നിന്നുകൊണ്ടു തന്നെ നമ്മുടെ സമുദായത്തിന്റെ വ്യക്തിത്വം പുലർത്തുവാൻ അതു സഹായിക്കുകയും ചെയ്യും.

എല്ലാ പാത്രിയർക്കീസന്മാരുടെയും തലവനും പ്രധാനിയും എന്നു യാക്കോബായ കാനോൻതന്നെ അംഗീകരിച്ചിരിക്കുന്ന റോമാ മാർപ്പാപ്പായുമായി ഐക്യപ്പെടണമെന്നു കാതോലിക്കാബാവാ നിശ്ചയം എടുക്കണം. അങ്ങനെയെങ്കിൽ കാതോലിക്കോസിനെ അദ്ദേഹത്തിനു യോഗ്യമായ ബഹുമതികളോടുകൂടി പരിശുദ്ധ പിതാവു സ്വീകരിക്കും എന്നതിൽ എനിക്കു തെല്ലും സംശയമില്ല. പരിശുദ്ധ പിതാവിന്റെ അംഗീകാരത്തോടും, അനുഗ്രഹത്തോടും, അനുവാദത്തോടും കൂടെ കാതോലിക്കോസിനെ നമ്മുടെ റീത്തിന്റെ തലവനായി അംഗീകരിക്കുന്നതുമാണ്. ഞാനും എന്റെ കൂടെയുള്ള എല്ലാവരും പൂർണ്ണ മനസ്സോടുകൂടെ അദ്ദേഹത്തിനു വിധേയരായിരിക്കുകയും ചെയ്തുകൊള്ളാം. ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ.

എന്ന്, താങ്കളുടെ ആത്മാർത്ഥതയുള്ള
മാർ ഈവാനിയോസ്. (ഒപ്പ്)

# അദ്ധ്യായം 35

# ശ്രദ്ധേയങ്ങളായ ഏതാനും പ്രസംഗങ്ങൾ

എം. ഏ. ശെമ്മാശ്ശൻ, ഫാദർ പി. റ്റി. ഗീവർഗ്ഗീസ് M.A., സെറാംപൂർ കോളജ് പ്രൊഫസർ, ബഥനി ആശ്രമസ്ഥാപകൻ, ആബോ ഗീവർഗ്ഗീസ് ഒ. ഐ. സി., ബഥനിയുടെ മെത്രാപ്പോലീത്താ മാർ ഈവാനിയോസ് എം. ഏ. ഡി. ഡി. എന്നീ വിവിധ നിലകളിൽ പല രാജ്യങ്ങളിൽ വെച്ച് നിരവധി പ്രസംഗങ്ങൾ കഥാപുരുഷൻ നിർവ്വഹിച്ചിട്ടുണ്ട്. ഇൻഡ്യ, റോമാ, ഇംഗ്ലണ്ട്, അയർലണ്ട്, ജർമ്മനി, ബൽജിയം, അമേരിക്കൻ ഐക്യനാടുകൾ, കാനഡ, ആസ്ത്രേലിയ ആദിയായ രാജ്യങ്ങൾ ഇക്കൂട്ടത്തിൽപ്പെടുന്നു. അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങൾ എല്ലാം ക്രോഡീകരിച്ചു മുദ്രണം ചെയ്യുന്ന പക്ഷം നിരവധി ഗ്രന്ഥങ്ങൾ വേണ്ടി വരുന്നതാണ്. വിവിധ വിഷയങ്ങളിലുള്ള പാണ്ഡിത്യം, അനന്യസാധാരണമായ വാഗ്വിലാസം, വിവിധ ഭാഷകളിലുള്ള അസാമാന്യ പരിജ്ഞാനം, സരസവും, ലളിതസുന്ദരവും, ആശയഗാംഭീര്യം തികഞ്ഞതുമായ ഭാഷ എന്നിവ കഥാപുരുഷനിൽ അനിതരസാധാരണമാംവിധം ഉണ്ടായിരുന്ന ഗുണവിശേഷങ്ങളാണ്. എത്രസമയം ദീർഘിച്ച പ്രസംഗമായിരുന്നാലും ശ്രോതാക്കളെ ഹഠാദാകർഷിച്ചു ഇരുത്തി ചിന്തിപ്പിക്കുന്നതിനുള്ള അനന്യസുലഭമായ സ്വാധീന ശക്തി അദ്ദേഹത്തിന്റെ പ്രസംഗശൈലിക്കു സംസിദ്ധമായിരുന്നു. അദ്ദേഹം നടത്തിയിട്ടുള്ള പ്രസംഗങ്ങളുടെ സംഗ്രഹം ലോകത്തിലുള്ള മതപരമായ പല പത്രങ്ങളിലും അതാതു കാലത്തു പ്രസിദ്ധപ്പെടുത്തിയിരുന്നു. അവയിൽ

കേരളത്തിലും അമേരിക്ക, കാനഡ എന്നീ രാജ്യങ്ങളിലും നടത്തിയ ഏതാനും പ്രസംഗങ്ങൾ ഈ ഗ്രന്ഥത്തിൽ വേറൊരദ്ധ്യായത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തു കേരളത്തിൽ നടത്തിയ നാലു പ്രസംഗങ്ങളാണു ഈ അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നത്.

## കത്തോലിക്കാകോൺഗ്രസ്സ് വാർഷികത്തിലെ അദ്ധ്യക്ഷ പ്രസംഗം

ക്രിസ്ത്വബ്ദം 1932-ൽ മൂവാറ്റുപുഴവെച്ചു നടത്തിയ അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ 32-ാം വാർഷികസമ്മേളനയോഗത്തിൽ ആർച്ചുബിഷപ്പ് ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിലെ ചില ഭാഗങ്ങളാണു ചുവടെ ചേർക്കുന്നത്. കത്തോലിക്കാസഭയുടെയും റോമാസിംഹാസനത്തിന്റെയും മാഹാത്മ്യത്തെപ്പറ്റിയും, താൻ കത്തോലിക്കാസഭയെ ആശ്ലേഷിച്ചതുനിമിത്തം അനുഭവവേദ്യമായിത്തീർന്ന ആനന്ദത്തെയും, കേരളകത്തോലിക്കരുടെ വിവിധ കർത്തവ്യങ്ങളെയും, കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തെ സഹായിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും സംക്ഷിപ്തമായും സമ്യക്കായും ഈ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത പ്രസംഗത്തിലെ ആദ്യഭാഗം മാത്രം താഴെ ചേർക്കുന്നു.)

പരമകാരുണികനായ ദൈവത്തിന്റെ കൃപാതിരേകത്താലും പരിശുദ്ധ സിംഹാസനത്തിന്റെ അനുകമ്പാമസൃണമായ ആനുകൂല്യത്താലും യഥാർത്ഥകത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുവാനും ക്രിസ്തുനാഥന്റെ വികാരിയും വി. പത്രോസ്ശ്ലീഹായുടെ അനന്തരഗാമിയുമായ മാർപ്പാപ്പാതിരുമനസ്സിലേക്കു കീഴ്വഴങ്ങുകമൂലം ആ പരിശുദ്ധ പിതാവിനോടും അങ്ങനെ സർവ്വലോകകത്തോലിക്കരോടും വിശുദ്ധ സംസർഗ്ഗത്തിൽ പ്രവേശിപ്പാനും നമുക്കു സൗഭാഗ്യം ലഭിച്ചതിൽ ഹൃദയപൂർവ്വം നാം ദൈവത്തെ സ്തുതിച്ചുകൊള്ളുന്നു. അഖിലകേരളകത്തോലിക്കാകോൺഗ്രസ്സിന്റെ ഈ വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷനായിരിക്കുന്നതിനു നമ്മെ ക്ഷണിച്ച കോൺഗ്രസ്സ് ഭാരവാഹികളോടു നമുക്കുള്ള കൃതജ്ഞത അവാച്യമത്രെ. കേരളകത്തോലിക്കാസഭാന്തരീക്ഷത്തിലെ അഭിമാനഭാജനങ്ങളും പ്രോജ്ജ്വലതാരങ്ങളുമായ നക്ഷത്രസഞ്ചയത്തെ അടുത്തുകാണുവാൻ മാത്രമല്ല, അവയിൽ ഓരോന്നിന്റെയും തിളക്കവും വിളക്കവും കണ്ടാനന്ദിപ്പാനും ദൈവഗത്യാ ഇങ്ങനെ ഒരവസരം ലഭിച്ചതിൽ നാം ചാരിതാർത്ഥ്യനായിരിക്കുന്നു.

ചേതസ്സമാകർഷവും അതുല്യരമണീയവുമായ ഒരു പൂങ്കാവനം തന്നെയാണു കത്തോലിക്കാതിരുസഭ എന്നു പറയാം. നേത്രാഭിരാമങ്ങളും സുഗന്ധവാഹികളുമായി അതിൽ വിടർന്നു നിൽക്കുന്ന വിവിധ പുഷ്പങ്ങളെ കൺകുളിർക്കെ കണ്ടാനന്ദിക്കുന്നതിനും, ആയുഷ്ക്കാലം അവിടെയിരുന്നു പ്രഭാതസായാഹ്നവേളകളിലെ മന്ദമാരുതനേറ്റു ആത്മസംയമനം ചെയ്യുന്നതിനും അവസരമോ അവകാശമോ ലഭിക്കുകയെന്നതു ഒരു മഹാഭാഗ്യമായി കരുതേണ്ടുന്നതത്രേ. പ്രസ്തുത ആരാമത്തിൽ നിന്നു ഇറങ്ങിപ്പോകുവാൻ ഇടയായിട്ടുള്ളവരുടെ അവസ്ഥ തുലോം ദുസ്സഹമെന്നേ പറയേണ്ടതുള്ളൂ. സ്വപിതാവിന്റെ ഭവനത്തിലേക്കു-മടങ്ങിയെത്തുവാൻ അവർക്കേവർക്കും സംഗതി വരുന്നപക്ഷം അതു നിരൂപമമായ സൗഭാഗ്യം തന്നെയായിരിക്കും. ഈ വർത്തമാനകാലത്തിൽ തിരുസിംഹാസനത്തിന്റെ പ്രത്യേകകടാക്ഷംമൂലം കേരളത്തിലെ അകത്തോലിക്കർക്കു ഈ മഹാരാമത്തിൽ പ്രവേശിക്കുവാൻ നൂതനമായ ഒരു മാർഗ്ഗം കൂടി വെട്ടിത്തുറന്നുകഴിഞ്ഞിരിക്കുന്നു. അതിലൂടെ നടന്നു ആരാമത്തിൽ പ്രവേശിക്കുന്നവരെ കാണുകയെന്നതു പലർക്കും ആഹ്ളാദജനകമായി തീർന്നിരിക്കുകയാണ്. അവരുടെ വേഷവും ഭാവവും, നടപ്പും, ഇരിപ്പും വ്യത്യസ്തമാണെങ്കിലും അവരുടെ അഭിമുഖദർശനം പൂർവ്വികരായ കത്തോലിക്കരെ മർമ്മഭേദകമായ 1600 സംവത്സരക്കാലത്തെ കുടുംബജീവിതപരമാനന്ദത്തെക്കുറിച്ചു ചിന്തിക്കാൻ പ്രേരിപ്പിക്കയും ചെയ്യുന്നു.

എത്രയോ സംവത്സരങ്ങളായി അന്യോന്യസമ്പർക്കം പോലുമില്ലാതെ വേർപിരിഞ്ഞു താമസിച്ചുവന്ന അരുമസന്താനങ്ങളെ പരസ്പരം യോജിപ്പിക്കുവാൻ പ്രജാവത്സലനായ ദൈവത്തിനു തിരുവുള്ളം തോന്നി. പൂർവ്വകാലത്തിലെ അംഗങ്ങളെന്നവണ്ണം അവർ പുനഃസംഘടിതരാകട്ടെ എന്നു അവിടുന്നു അഭിലഷിക്കുകയും ചെയ്തു. ഈ വിഷയത്തിൽ മാർതോമ്മാശ്ലീഹായുടെ കണ്ണുനീർത്തുള്ളികൾ അയസ്ക്കാന്തശക്തിയെ ഉത്തേജിപ്പിച്ചിരിക്കണമെന്നുതന്നെ നമുക്കു വിശ്വസിക്കാം. പരേതരും സജീവരുമായ അനേകസഹസ്രം ജനങ്ങളുടെ ഊഷ്മളനിശ്വാസങ്ങളാവട്ടെ ഭിന്നിപ്പിന്നാസ്പദമായ ആ പഴയ ആലാത്തുകയറിനെ ദ്രവിപ്പിക്കുകയും ചെയ്തിരിക്കുന്നു.

വലിപ്പത്തിലും ഭംഗിയിലും അതുല്യാവസ്ഥയെ അർഹിക്കുന്ന ഒരു മഹാഭദ്രാസനപ്പള്ളിയാണു കത്തോലിക്കാതിരുസഭയെന്നതിൽ പക്ഷാന്തരമില്ല. അതിനുള്ളിൽ ജനനവശാൽ കുടിയിരിപ്പാൻ സൗഭാഗ്യം

ലഭിച്ചിട്ടുള്ളവരാണെങ്കിലും പുറമെയുള്ള അതിന്റെ അലങ്കാരാദിവിശേഷങ്ങളെയോ, ഉപമേയമില്ലാത്ത അതിന്റെ കലാവൈശിഷ്ട്യത്തെയോ ഒരു പക്ഷേ നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കുകയില്ല. എന്നാൽ നാം അതിനെ ദീർഘകാലം അകലെ നിന്നു നോക്കിക്കണ്ടു. അനന്തരം അതിനുള്ളിൽ പ്രവേശിച്ച് ആനന്ദപ്രദായകങ്ങളും, ആശ്ചര്യാവഹങ്ങളുമായ പലതും സകൌതുകം വീക്ഷിച്ചു കൊണ്ടിരിക്കുന്നു. പുറത്തുനിന്നു നോക്കുമ്പോഴാണു സീമാതീതമായ അതിന്റെ ഉയരത്തെപ്പറ്റി ഗ്രഹിക്കുവാൻ കഴിയുന്നത്. ആകാശമണ്ഡലവുമായി അഭേദ്യബന്ധമുള്ള വിധം തൊട്ടിരിക്കുന്ന അതിന്റെ ഗോപുരങ്ങളുടെ ഉയരം കണക്കാക്കുക അസാദ്ധ്യമത്രേ. സൂര്യരശ്മി തട്ടി മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്ന അതിന്റെ വിസ്തൃതമായ മേൽപ്പുര വിവിധ വർണ്ണാകൃതിയിലുള്ള മേഘശകലങ്ങളുടെ വിഹാരവിതാനം തന്നെയാണ്. ഭാസ്ക്കരദീപ്തിയെ വിജയിക്കുമാറു അതിനു മീതെ എഴുന്നു നിൽക്കുന്ന ആ വൻകുരിശിനെ കണ്ണിൽ വെള്ളം നിറയാതെ നോക്കിനില്പാൻ ആർക്കും തന്നെ സാദ്ധ്യമല്ല. വി. യോഹന്നാൻശ്ലീഹാ പറയുന്നതു കേട്ടാലും! “മതിലിന്റെ പണി സൂര്യകാന്തം കൊണ്ടത്രേ. നഗരം സ്വച്ഛസ്ഫടികത്തിനൊത്തതങ്കത്തെ അതിശയിക്കുകയും ചെയ്യുന്നു. സർവ്വവിധ രത്നങ്ങളും അതിന്റെ അടിസ്ഥാനത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഒന്നാമത്തെ അടിസ്ഥാനം സൂര്യകാന്തം കൊണ്ടാണെങ്കിൽ രണ്ടാമത്തേതു നീലരത്നം കൊണ്ടത്രേ. മൂന്നാമത്തേതു മാണിക്യമാണെങ്കിൽ അടുത്തതു മരതകം. അഞ്ചാമത്തേതു നഖവർണ്ണിയെങ്കിൽ, ആറാമത്തേതു ചുവപ്പു കല്ല്. ഏഴാമത്തേതു പീതരത്നമാണെങ്കിൽ എട്ടാമത്തേതു ഗോമേതകം. ഒൻപതാമത്തേതു പുഷ്യരാഗം കൊണ്ടാണെങ്കിൽ പത്താമത്തേതു വൈഡൂര്യം കൊണ്ട്. പതിനൊന്നാമത്തതിനു പത്മരാഗമെങ്കിൽ പന്ത്രണ്ടാമത്തേതിനു സുഗന്ധിരത്നം.” ജനനവശാൽ അതിലെ കുടിയിരിപ്പുകാരായ നിങ്ങളോടു നാം എന്തിനു അതിന്റെ അന്തർഭാഗ മാഹാത്മ്യത്തെപ്പറ്റി വിസ്തരിച്ചു പറയുന്നു. പ്രാചീനരായ പുണ്യാത്മാക്കൾ ഓരോരുത്തരും അവിടെ പ്രത്യേക സ്ഥാനങ്ങളിലിരുന്നു മനുഷ്യജീവിതാദർശത്തപ്പറ്റി തത്വോപദേശം ചെയ്യുന്നതു നിങ്ങൾ കേട്ടിട്ടില്ലയോ? അർവ്വാചീന കാലത്തിലേ സിദ്ധവര്യന്മാരാവട്ടെ ആധുനികലോകത്തിന്റെ ആത്മദാഹം ശമിപ്പിച്ചു കൃതാർത്ഥരാകുകയും ചെയ്തുവരുന്നു. മനുഷ്യവർഗ്ഗത്തെ പ്രാചീനാർവ്വാചീനകാലങ്ങളിലേക്കായി കൈപിടിച്ചു നടത്തുകയും, ആത്മോൽക്കർഷചിന്തയിൽ അതിനെ ആറാടിക്കുകയും, ഭൂവാസികൾക്കു ഇഹത്തിൽ വെച്ചു തന്നെ സ്വർഗ്ഗീയാനുഭൂ

തിയെ ഉളവാക്കുകയും ചെയ്യുന്ന ലോകത്തിലെ ഏകസ്ഥാപനം അതൊന്നു മാത്രമത്രേ. വിവിധ രാജ്യക്കാരും ഭാഷക്കാരുമായി ദൈവ ഹിതാനുവർത്തികളെന്നുള്ള മഹാബിരുദം സമ്പാദിച്ചു പുണ്യപദം നേടിയ സർവ്വവിശുദ്ധരും അവിടെ അണിനിരന്നു നില്ക്കുന്നതിനെ നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. ജീവിതവൃത്തിയുടെ വ്യത്യാസങ്ങളോ സാമൂഹികമായ അവസ്ഥാഭേദങ്ങളൊ ദൈവസേവനത്തിനു വിഘാത ങ്ങളല്ലെന്നു അവർ ലോകസമക്ഷം സാക്ഷിപ്പെടുത്തിക്കൊണ്ടിരിക്കു ന്നു. പ്രാപഞ്ചികാഡംബരജീവിതത്തിന്റെ നിരർത്ഥകതയെ ഇഗ്നേഷ്യസ് ലയോളാ, ഫ്രാൻസിസ്, അസീസി, ബനഡിക്ടോസ്, ബസ്സേലിയോ സ്, പക്കോമിയോസ്, അന്തോണിയോസ് ആദിയായ സന്ന്യാസവര്യ ന്മാർ ഒരിടത്തുനിന്നു ഭംഗിയായി വരച്ചുകാണിക്കുമ്പോൾ ലൌകികാ ത്യുന്നതസോപാനങ്ങളിൽ ഇരുന്നുകൊണ്ടും ഈശ്വരസേവനം ചെയ്യാ മെന്നു ഹെന്റി, ലൂയി മുതലായ പുണ്യവാന്മാരുടെ പട്ടികയിൽ പേർ പതിയപ്പെട്ടിട്ടുള്ള പരേതചക്രവർത്തിമാർ മറ്റൊരിടത്തു നിന്നു മഹാ രാജാക്കന്മാരോടായി സുവിശേഷപ്രസംഗം ചെയ്യുന്നു. സിദ്ധന്മാരെന്നു ഗണിക്കപ്പെട്ടിട്ടുള്ള ഏതാനും പ്രഭുക്കന്മാരാവട്ടെ, പ്രഭുത്വത്തിനു പ്രതി കൂലിയല്ല ദൈവം എന്നു സമർത്ഥിക്കുന്നുമുണ്ട്. ഇവർക്കു പുറമെ കച്ച വടക്കാരായി, കർഷകരായി, യോദ്ധാക്കളായി, കലാവിദഗ്ദ്ധന്മാരായി, ചിത്രമെഴുത്തുകാരായി നാനാപ്രകാരത്തിൽ ജീവിതായോധനം നിർവ്വ ഹിച്ചിട്ടുള്ള പലരേയും പുണ്യാത്മാക്കളുടെ ശേഖരത്തിൽ നമുക്കവിടെ കാണുവാൻ കഴിയും. വൃദ്ധകളും, വൃദ്ധന്മാരും, യുവതികളും, യുവാക്കന്മാരും, ബാലികകളും, ബാലന്മാരും ആ സിദ്ധസംഘത്തിൽ അപൂർവ്വമല്ല. അതുപോലെ തന്നെ മാർപ്പാപ്പാമാർ, പാത്രിയർക്കീസന്മാർ, മെത്രാന്മാർ ആദിയായ വൈദികസിദ്ധന്മാരും അവിടെ കാണപ്പെടുന്നു ണ്ട്. ഇവരെല്ലാവരുടെയും മദ്ധ്യത്തിലായി വി.യോഹന്നാൻ ശ്ലീഹായുടെ വെളിപാടുഭാഷയിൽ പറയുന്ന പക്ഷം “വിലയേറിയ രത്നത്തിനു തുല്യ മായ ജ്യോതിസ്സോടും സ്ഫടിക സ്വഛതയുള്ള സൂര്യകാന്തം പോലെയും” കുഞ്ഞാടിന്റെ അമലോത്ഭവജനനിയായ ആ മാതാവ് അതെ, നിത്യകന്യക ശുദ്ധവസ്ത്രധാരിണിയായ കനകവർണ്ണ സാരിയാൽ സമാച്ഛാദിതയായി പച്ചപ്പുൽപരവതാനി മേൽ ഇട്ടിട്ടുള്ള സുവർണ്ണസിംഹാസനത്തിൽ ആസനസ്ഥയായിരിക്കുകയും ചെയ്യുന്നു.

മിശിഹാതമ്പുരാനോടൊപ്പം കത്തോലിക്കാസഭ ഭൂമണ്ഡലത്തിൽ പ്രാദുർഭവിച്ചു. മിശിഹാതമ്പുരാനെയും അവിടുത്തെ പ്രത്യക്ഷപ്രതി നിധിയായ കത്തോലിക്കാസഭാദ്ധ്യക്ഷനെയും അംഗീകരിക്കുകയും

അനുസരിക്കുകയും ചെയ്തുകൊണ്ടു ഭൂമുഖത്തുള്ള സർവ്വകത്തോലിക്കരും ഏകയോഗക്ഷമമായി ഒരേ വ്യക്തിയെന്നുള്ള നിലയിൽ സാക്ഷാത്തായ മണവാട്ടിയുടെ കടമയെ നിർവ്വഹിക്കുന്നു. കത്തോലിക്കാതിരുസഭയോളം പ്രാചീനത്വം കല്പിക്കാവുന്നതായി ഇപ്പോൾ യാതൊരു സ്ഥാപനവും ഭൂമുഖത്തില്ലതന്നെ. ആധുനിക ജനസമുദായങ്ങളെയും രാഷ്ട്രങ്ങളെയുമെടുത്തു അവയെ തിരുസഭയുമായി താരതമ്യവിവേചനം ചെയ്യുമ്പോൾ അവയെല്ലാം ഇന്നലെ എന്നവണ്ണം പൊങ്ങിവന്ന കൂണുകൾ മാത്രം. രണ്ടു പരിഷ്കൃതയുഗങ്ങളിലുമായി ഓരോ കാലും അമർത്തിവച്ചുള്ള മന്ദഹാസം ചെയ്തിട്ടുള്ളവളാണവൾ. ഏതൊരു ആധുനിക രാജകുടുംബത്തിനും പ്രാചീനത്വത്തിൽ മാർപ്പാപ്പാവംശാവലിയോടു സമീപിക്കാവുന്നതല്ല. നെടുനീളത്തിൽ കിടക്കുന്ന ആ വംശാവലി ശൃംഖല എങ്ങും പൊട്ടാതെ ഒരു പാറയോടു ഘടിപ്പിക്കപ്പെട്ടിട്ടുള്ളതായി കാണാം. പഴക്കത്തിനും, പ്രായത്തിനും, രോഗത്തിനും, ദാരിദ്ര്യത്തിനും, അതീതയായിരിക്കുന്ന കത്തോലിക്കാ തിരുസഭ ഇന്നും യൗവനയുക്തയും ചൈതന്യസമ്പൂർണ്ണയുമായി പ്രാണവല്ലഭന്റെ അഭിനന്ദനത്തെ അർഹിക്കുമാറു കർത്തവ്യം നിറവേറ്റുന്നു. ഭൂലോകത്തിൽ ഉണ്ടായിട്ടുള്ള ഒട്ടനേകം സമുദായങ്ങളുടെയും, രാഷ്ട്രങ്ങളുടെയും, ഉത്ഭവവും വളർച്ചയും അധോഗതിയും പര്യവസാനവും അവൾ ദർശിച്ചിട്ടുണ്ട്. ഭൂമുഖത്തുള്ള സർവ്വമനുഷ്യസ്ഥാപനങ്ങളും അധോഗതിയടഞ്ഞു നാമാവിശേഷമായിത്തീർന്നാലും, അവയും അവയിലപ്പുറവും അവളൊരുവൾ കണ്ണുവെട്ടാതെ മേലിലും നോക്കിക്കാണുകതന്നെ ചെയ്യും.

ആഭിജാത്യത്തിലായാലും കുലിനത്വത്തിലായാലും സാർവ്വലൗകികകത്തോലിക്കാസഭയോടൊപ്പം കേരളീയ കത്തോലിക്കാസഭയും തുല്യനിലയിൽ പരിലസിക്കുന്നുവെന്നുള്ളതു വാസ്തവമായും നമുക്കേവർക്കും അഭിമാനജനകമായിട്ടുള്ളതത്രേ.

പുരാതനത്വത്തെ മാനദണ്ഡമായെടുത്താൽ കേരളത്തിൽ മറ്റു ഏതു സമുദായത്തിനുമുള്ളതുപോലെ അടുപ്പവും ബന്ധവും ക്രിസ്തുമതത്തിനും കേരളത്തിനും തമ്മിലുണ്ടെന്നു കാണാം. ദേശാഭിവൃദ്ധിയെ ഉദ്ദേശിച്ചും രാജ്യക്ഷേമത്തെ ഗൗനിച്ചും മുന്നണിയിൽനിന്നു പ്രവർത്തിപ്പാനും ഉയരത്തിലേറി വീക്ഷിപ്പാനും കേരളീയ കത്തോലിക്കാജനതയ്ക്കു വലുതായ ഉത്തരവാദിത്വവും കടമയുമുണ്ട്. രാജ്യക്ഷേമമോ, ദേശാഭിവൃദ്ധിയോ, സാമുദായികോന്നമനമോ ഏതൊന്നിനെ അവലം

ബിച്ചും ആശ്രയിച്ചുമിരുന്നാലും അവയിലൊരോന്നിലും സധീരം പ്രവേശിച്ചു പ്രതിബന്ധങ്ങളെ തട്ടിത്തകർത്തു ധർമ്മസമരം ചെയ്യേണ്ടതായ കടമയും ഓരോ കത്തോലിക്കനുമുള്ളതത്രേ.''

# II

## എറണാകുളം പ്രസംഗം

(പുനരൈക്യാനന്തരം എറണാകുളത്തെ കത്തോലിക്കരുടെ വകയായി മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ട വമ്പിച്ച അനുമോദനയോഗത്തിൽ കഥാപുരുഷൻ ചെയ്ത പ്രസംഗത്തിലെ ഒരുഭാഗമാണു ചുവടെ ചേർക്കുന്നത്.)

വിശുദ്ധ തോമ്മാശ്ലീഹാ കേരളത്തിൽ വന്ന് ഏഴു പള്ളികൾ സ്ഥാപിക്കുകയും അങ്ങനെ സുവിശേഷവെളിച്ചം ഇവിടെ പ്രചരിപ്പിക്കുകയും ചെയ്തു എന്നതു ഒരു ചരിത്രസത്യമാണ്. ആദിമക്രിസ്ത്യാനികളുടെ സന്താനങ്ങളായ നസ്രാണികൾ ഏകോദരസഹോദരങ്ങളായി അനേകം നൂറ്റാണ്ടുകൾ ജീവിച്ചശേഷം ആദ്ധ്യാത്മികവും വിശ്വാസസംബന്ധവുമായ കാരണങ്ങളാലല്ല, പിന്നെയോ, കേവലം പ്രാദേശികചിന്തനങ്ങളാൽ മാത്രം പ്രേരിതരായി അസംതൃപ്തി പ്രദർശിപ്പിക്കയും, അങ്ങനെ ''കൂനൻകുരിശുസത്യം'' വഴി ഭിന്നിക്കുകയും ചെയ്ത വിവരങ്ങൾ ചരിത്രപ്രസിദ്ധമാണല്ലോ. അങ്ങനെ ഭിന്നിച്ചവരിൽ ഒരു ഭാഗം ഉടൻതന്നെ പുനരൈക്യപ്പെടുകയും ദൈവാനുഗ്രഹത്താൽ കാലക്രമത്തിൽ അവർക്കു ഏതദ്ദേശീയമേലദ്ധ്യക്ഷന്മാരെ ലഭിക്കുകയും ചെയ്തു. തിരുസിംഹാസനത്തിലെ വിസിറ്റർ അപ്പോസ്തോലിക്കാ തിരുമനസ്സുകൊണ്ടു സുറിയാനി കത്തോലിക്കരുടെ ഹയിരാർക്കി പുനഃസ്ഥാപനം പ്രഖ്യാപനം ചെയ്തതു നാം ഇപ്പോൾ നിൽക്കുന്ന ഈ പ്രസംഗപീഠത്തിൽവെച്ചു തന്നെയാണെന്നു നിങ്ങൾക്കറിവുള്ളതാണല്ലോ. ഭിന്നിച്ചവരിൽ വേറൊരുഭാഗം വാശിപിടിച്ചു ആ നിലയിൽത്തന്നെ നിന്നു. ഈ ജനവിഭാഗം കാലക്രമത്തിൽ അന്ത്യോഖ്യാ യാക്കോബായ മേലധികാരത്തിനു കീഴ്പ്പെടുകയും അവരുടെ റീത്തു സ്വീകരിക്കുകയും ചെയ്തു. ''കൂനൻകുരിശുസത്യം'' മുതൽക്കുണ്ടായ ഭിന്നിപ്പിനുള്ള കാരണങ്ങൾ ഏതായിരുന്നോ ആ കാരണങ്ങൾ ഇപ്പോൾ നീങ്ങിയിരിക്കുന്നു. അതിനാൽ ''പുത്തൻകൂറ്റുകാർ'' എന്ന പേരിൽ പിരിഞ്ഞുപോയ ജനവിഭാഗത്തിനു ഇനിയും പിരിഞ്ഞു നിൽക്കേണ്ട ആവശ്യം ഇല്ലാതായിത്തീർന്നിരിക്കുന്നു. ഇന്ന റീത്തു വേണമെന്നുള്ള മനഃസ്ഥിതി

കേവലം ഒരു Sentiment-അഭിരുചി-ആണെങ്കിലും രണ്ടുമൂന്നു നൂറ്റാണ്ടുകളുടെ ഉപയോഗത്താൽ അതിൽ ഉറച്ചുപോയവർക്കു അതുപേക്ഷിച്ചു വേറൊന്നു സ്വീകരിക്കുവാൻ പ്രയാസമായിരിക്കും എന്നതിനു സംശയമില്ല.

ഈ പ്രതിബന്ധത്തെ അകറ്റി പുനരൈക്യം സുസാധ്യമാക്കേണ്ടതു അത്യാവശ്യമാണെന്ന ബോധനത്താലാണു നാം അതിനായി പരിശ്രമിച്ചത്. നമ്മുടെ കൂട്ടുമേലദ്ധ്യക്ഷന്മാരും വൈദികരും ജനങ്ങളും ഒത്തൊരുമിച്ചു പുനരൈക്യപ്പെടണമെന്നായിരുന്നു നമ്മുടെ അതീവമായ ആഗ്രഹം. ഇക്കഴിഞ്ഞ നാലഞ്ചു കൊല്ലക്കാലം നാം അതിനായി സർവ്വഥാ പരിശ്രമിക്കയും ചെയ്തു. നാമും നമ്മുടെ സഹോദരനായ നി.വ.ദി.ശ്രീ. മാർ തിയോഫിലോസ് എപ്പിസ്ക്കോപ്പയും തനിച്ചു ഈ പ്രസ്ഥാനം സ്വീകരിക്കേണ്ടിവരുമെന്നു സ്വപ്നേപി നാം വിചാരിച്ചിരുന്നതല്ല. മറ്റു മേലദ്ധ്യക്ഷന്മാരോടു ഇതേപ്പറ്റി ആലോചിക്കുകയും കത്തിടപാടുകളെല്ലാം അവരെ കാണിക്കുകയും, അവരുടെ കാൽക്കൽ വീണു കണ്ണുനീരോടുകൂടി അപേക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. ഞങ്ങൾക്കു ലഭിച്ച ഈ സൗഭാഗ്യം അവർക്കു ലഭിക്കുന്നതിനു കുറേക്കാലംകൂടെ താമസിക്കണമെന്നായിരിക്കാം ദൈവനിശ്ചയം. എന്നാൽ അത്രയും താമസിക്കുന്നതു ദൈവഹിതത്തിനു ചേരാത്തതാണെന്നുള്ള ദൃഢബോധത്താൽ മാത്രമാണു നാമും, തിയോഫിലോസ് തിരുമേനിയും ഞങ്ങളോടുകൂടിയുള്ള മറ്റുള്ളവരും കത്തോലിക്കാസഭാപ്രവേശനം ചെയ്തിട്ടുള്ളത്. അതിനാൽ ഞങ്ങളുടെ ഈ പ്രസ്ഥാനം സ്വാർത്ഥപരങ്ങളായ ഏതെങ്കിലും ഉദ്ദേശത്തെ ലക്ഷ്യമാക്കിയിട്ടുള്ളതായോ മറ്റോ പരിഗണിക്കേണ്ടതില്ലെന്നു നാം ദൈവസന്നിധിയിൽ നിന്നുകൊണ്ടു തുടർന്നു പറഞ്ഞുകൊള്ളുന്നു. പഴയകൂർ സമുദായം ജ്യേഷ്ഠസഹോദരന്റെയും പുത്തൻകൂർസമുദായം കനിഷ്ടസഹോദരന്റെയും സ്ഥാനം വഹിക്കുന്നു. നിസ്സാരമായ ചില കാരണങ്ങളാൽ പിരിഞ്ഞു നിൽക്കുന്ന ഇളയ സഹോദരനെ സകലവിധ പരിശ്രമങ്ങളും ചെയ്തു തിരിച്ചുകൊണ്ടുവന്നു സഭയുടെ ഐക്യത്തിൽ ചേർക്കേണ്ട കടമ ജ്യേഷ്ഠസഹോദരനാണെന്നുള്ള പരമാർത്ഥം നിങ്ങൾ വിസ്മരിക്കരുത്. ഇതിനുവേണ്ടി നിങ്ങളെല്ലാവരും മുടങ്ങാതെ പ്രാർത്ഥിക്കണമെന്നു അപേക്ഷിക്കുകയും അതുവഴി പുത്തൻകൂർ സമുദായം മുഴുവനും കർത്താവിന്റെ തിരുഹൃദയത്തിലേക്കു ആസന്നഭാവിയിൽ ആനയിക്കപ്പെടുമെന്നു നാം വിശ്വസിക്കുകയും ചെയ്യുന്നു.”

# III

## കോതമംഗലം പ്രസംഗം

കത്തോലിക്കരുടെയും അകത്തോലിക്കരുടെയും കേന്ദ്രമായ കോതമംഗലം പട്ടണത്തിൽവെച്ചു നടത്തിയ വമ്പിച്ച സ്വീകരണ മഹാ യോഗത്തെ അഭിമുഖീകരിച്ചുകൊണ്ടു നമ്മുടെ കഥാപുരുഷൻ ചെയ്ത പ്രസംഗമാണു ഇനിയും ഉദ്ധരിക്കുന്നത്.

"കത്തോലിക്കാതിരുസഭയിൽ നാം ചേർന്നതിനുശേഷം അകത്തോലിക്കർ വിശേഷിച്ച് യാക്കോബായസഹോദരങ്ങൾ പല വിധത്തിലുള്ള അപവാദങ്ങളാണു നമ്മെപ്പറ്റി പറഞ്ഞു പരത്തിക്കൊണ്ടിരിക്കുന്നത്. അവരുടെ ദൃഷ്ടിയിൽ നാം മഹാചതിയനും കള്ളനുമാണത്രെ. "ഞങ്ങളെ പറ്റിച്ചതുപോലെ അദ്ദേഹം നിങ്ങളെയും പറ്റിക്കും" എന്നാണു അവർ കത്തോലിക്കരോടു പറയുന്നത്. യാക്കോബായസഭയിലെ വഴക്കും, മത്സരവും, അഹങ്കാരവും, അനുസരണമില്ലായ്മയും ഉപേക്ഷിച്ചു പോരുന്നതിൽ പരിശുദ്ധറൂഹാ നമ്മെ പറ്റിക്കതന്നെ ചെയ്തു. യാക്കോബായ സഹോദരങ്ങൾ അവരുടെ മനസ്സിനെ ദൈവത്തിങ്കൽ സമർപ്പിക്കുന്നപക്ഷം പരിശുദ്ധറൂഹാ അവരേയും പറ്റിക്കുമെന്നാണു നമ്മുടെ ബോദ്ധ്യം. സത്യം ഒന്നല്ലാതെ പലതുണ്ടാകുവാൻ ഇടയില്ലല്ലോ. യാക്കോബായ സഭാംഗങ്ങളിൽനിന്നു ബഥനിക്കായി നാം കുറേ പണം പിരിച്ചുണ്ടാക്കി എന്നതു വാസ്തവം തന്നെ. യാക്കോബായസഭയുടെ ഉള്ളിൽ കയറി ഇരുപതു സംവത്സരക്കാലം മുന്നിട്ടു പ്രവർത്തിച്ചതു നിമിത്തം യാക്കോബായ പാത്രിയർക്കീസുമായുള്ള ബന്ധത്തിന്മേൽ എന്തെങ്കിലും സ്ഥാപിക്കുന്നതു തലമുറതലമുറയായ വ്യവഹാരങ്ങൾക്കു കാരണമായിത്തീർന്നേക്കാമെന്നു ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടു ബഥനിയെ കേവലം സ്വതന്ത്രമെന്ന നിലയിൽ ത്തന്നെ നാം സ്ഥാപിച്ചു. യാക്കോബായ പാത്രിയർക്കീസിനെ സ്വീകരിക്കാതെ, യാക്കോബായസഭയിലുള്ള ആരാധനക്രമങ്ങൾ ഉപയോഗിച്ചതുകൊണ്ടു ഒരാൾ യാക്കോബായക്കാരനാകുമെങ്കിൽ ആ വിധത്തിൽ നാം ഒരു യാക്കോബായക്കാരനായിരുന്നു. നേരേമറിച്ചു, യാക്കോബായ പാത്രിയർക്കീസിനെ സ്വീകരിക്കാത്തവർ യാക്കോബായക്കാരാകാൻ ഇടയില്ലാത്തപക്ഷം നാം യാക്കോബായക്കാരനായിരുന്നുമില്ല. ബഥനി സ്ഥാപിച്ച കാലത്തു കത്തോലിക്കാസഭയിൽ ചേരണമെന്നു നാം സ്വപ്നത്തിൽപ്പോലും വിചാരിച്ചതല്ല. യാക്കോബായസഭാംഗങ്ങളെയും ഇതരന്മാരെയും ആത്മീയമായ വിധത്തിൽ ഉയർത്തിക്കൊണ്ടു വരുവാൻ

ഉള്ള ഒരുപകരണമെന്നുള്ള നിലയിൽ നാം ബഥനി സ്ഥാപിച്ചു. ആദ്യം ആശ്രമം പണിതു. പിന്നെ മഠം ഉണ്ടാക്കി. പിന്നീടു പള്ളികളും സ്ഥാപിച്ചു. ഇവയുടെമേൽ യാക്കോബായ പാത്രിയർക്കീസിനാകട്ടെ, പാത്രിയർക്കീസിന്റെ ഭരണാധികാരത്തെ സമ്മതിക്കുന്ന ഏതെങ്കിലും മേലല്പട്ടക്കാരനാകട്ടെ യാതൊരധികാരവും കർത്തവ്യവുമുണ്ടായിരുന്നില്ല.

ബഥനിക്കായി നാനാജാതിമതസ്ഥരും സംഭാവനകൾ നൽകിയിട്ടുണ്ട്. എത്രയോ പ്രയോജനകരമായ ഒരു സ്ഥാപനമാണ് അത് എന്നു വിചാരിച്ചു കത്തോലിക്കരും നമ്മെ സഹായിക്കാതിരുന്നിട്ടില്ല. മാത്രമല്ല, ഹിന്ദുക്കളും മുഹമ്മദീയരും മറ്റും നമുക്കു സംഭാവനകൾ നൽകിയിട്ടുണ്ട്. നമ്മുടെ പരിചിതന്മാരും, സ്നേഹിതന്മാരും, ചാർച്ചക്കാരും യാക്കോബായക്കാരായിരുന്നതിനാൽ അവരിൽനിന്നാണു ഒരു ഗണ്യമായ സംഖ്യ ലഭിച്ചിട്ടുള്ളതെന്നു നാം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. പണപ്പിരിവുകാലത്തു നാം ഒരു സ്ഥലത്തു ചെന്നിരുന്നപ്പോൾ എത്രയും ലുബ്ധനായ ഒരു യാക്കോബായക്കാരൻ ഏതാനും പവൻതന്നെ നമുക്കു സംഭാവന നൽകുകയുണ്ടായി. മറ്റൊരിടത്തു ചെന്നപ്പോൾ “ബഥനി ഒരു കാലത്തും യാക്കോബായ പാത്രിയർക്കീസിനു അധീനമാവുകയില്ലെന്നു ഉറപ്പു പറയുന്ന പക്ഷം ഇതാ അഞ്ഞൂറു രൂപാ” എന്നു പറഞ്ഞു ആ സംഖ്യ നമ്മെ ഏല്പിച്ചു. കത്തോലിക്കാതിരുസഭയിലേക്കു ചേരുന്നതിനു മുമ്പായി ബഥനിയെ സംബന്ധിച്ചിടത്തോളം നാം ചെയ്യേണ്ടതെല്ലാം ചെയ്തു എന്നത്രേ നമ്മുടെ ബോദ്ധ്യം.

നാം കത്തോലിക്കാതിരുസഭയുമായി പുനരൈക്യപ്പെട്ടതു 1930 സെപ്തംബർ 20-ാം തീയതിയായിരുന്നു. പുനരൈക്യം പ്രാപിച്ചതിന്റെ ശേഷം കുറേ ആഴ്ചവട്ടത്തേക്കു യാതൊന്നും ചെയ്യാതെ കേവലം ആദ്ധ്യാത്മികവിഷയങ്ങളിൽ നാം ദിവസങ്ങൾ കഴിക്കുകയാണുണ്ടായത്. നമ്മുടെ പുതിയ പ്രസ്ഥാനത്തിൽ ദൈവത്തിന്റെ കൃപയും അനുഗ്രഹവും അത്യന്താപേക്ഷിതമാകയാൽ അതിനായി നാം പ്രാർത്ഥിച്ചും പോന്നിരുന്നു. കഴിഞ്ഞ ഡിസംബർ മാസം മുതലാണു പ്രവൃത്തിപദ്ധതിയിൽ നാം കാലുവയ്ക്കുകയുണ്ടായതെന്നു പറയാം. ഇതിൽ നിന്നു നമ്മുടെ പ്രസ്ഥാനത്തിനു നാലു മാസമേ പ്രായമുള്ളുവെന്നും ശിശുവിനെപ്പോലെ ഇപ്പോഴും അതിനു പരിപോഷണം അത്യാവശ്യമാണെന്നും പറയേണ്ടതില്ലല്ലോ. തിരുസഭ ദൈവത്തിന്റേതാകയാൽ അതിന്റെ അഭിവൃദ്ധിയെപ്പറ്റിയും പോഷണത്തെക്കുറിച്ചും നാം ആകുലചിത്തനായിരിക്കുന്നില്ല. ദൈവത്തിന്റെ നിർദ്ദേശാനുസരണവും പൂർവ്വ

പിതാക്കന്മാരായ പലരുടെയും ആഗ്രഹാനുസരണവും നാം ചെയ്യേണ്ട കർത്തവ്യം ഏതോ അതു നാം ചെയ്തിട്ടുണ്ടെന്നു നമുക്കു ബോദ്ധ്യവും കൃതാർത്ഥതയുമുണ്ട്. ദൈവം തന്നെ അവിടുത്തെ മക്കളെ വഴിനട ത്തിക്കൊള്ളുമല്ലോ. ഇക്കഴിഞ്ഞ നാലു മാസത്തിനുള്ളിൽ ആയിരം യാക്കോബായക്കാരോളം പല സ്ഥലങ്ങളിലായി തിരുസഭാമാതാവിന്റെ ആശ്ലേഷത്തിനു പാത്രീഭൂതരായിത്തീർന്നിട്ടുണ്ട്. 22 പട്ടക്കാരും, 20-ൽപ്പരം ചാപ്പലുകളും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഇവയ്ക്കെല്ലാം പണം എവിടെ നിന്നുണ്ടായി എന്നു നിങ്ങൾ ഓരോരുത്തരും ആശ്ച ര്യപ്പെടുന്നുണ്ടായിരിക്കും. ഇവയ്ക്കുള്ള പണം ദൈവത്തെ സ്നേഹി ക്കുന്നവരും അവിടുത്തെ സാമ്രാജ്യം ഭൂമിയിൽ പ്രതിഷ്ഠിതമാകണ മെന്നാഗ്രഹിക്കുന്നവരുമായ ദൈവമക്കളാൽ പ്രദാനം ചെയ്യപ്പെട്ടു എന്നു മാത്രം നിങ്ങൾ മനസ്സിലാക്കിയാൽ മതിയാകും.

നസ്രാണിസമുദായത്തിന്റെ പുനഃസംഘടനയ്ക്കും ഈ നാട്ടിൽ ക്രിസ്തീയസഭയുടെ പുനരൈക്യത്തിനുമായി ദൈവത്താൽ തുറക്ക പ്പെട്ടിട്ടുള്ള ഈ വഴി സുഗമമാക്കുന്നതിനുള്ള പ്രയോജനാതിരേകത്തേ യും, കടമയേയും പറ്റി ബോദ്ധ്യമുള്ളവർ പലരും വിശിഷ്യാ, കത്തോ ലിക്കരായ പള്ളിക്കാരും ജനങ്ങളും സ്വമനസ്സാലെ നമുക്കു സഹായ ങ്ങൾ നല്കിയിട്ടുണ്ട്.

ആദ്യമായി ഇവിടുത്തെ ബ.വികാരിയച്ചൻ നിങ്ങളോടു ചെയ്ത പ്രസംഗത്തിൽ നമ്മേ സംബന്ധിച്ചിടത്തോളം അതിശയോക്തിപരമാ യിട്ടെന്നവണ്ണം ഒരു കാര്യം പറഞ്ഞതായി നാം ഓർക്കുന്നു. അതു കുനൻകുരിശിന്മേൽ കെട്ടപ്പെട്ടതായ ആ പഴയ കയറിനെ നാമാണു പൊട്ടിച്ചതു എന്നത്രേ. സ്തുത്യർഹമായ ആ പ്രവൃത്തി നാമല്ല ചെയ്തി ട്ടുള്ളത്. ഇവിടെ സന്നിഹിതരായിട്ടുള്ള കത്തോലിക്കർ ഏവരുടെയും പിതാക്കന്മാരുടെ ഹൃദയപൂർവ്വകമായ കണ്ണുനീർത്തുള്ളികൾ ഇറ്റിറ്റു വീണുകൊണ്ടിരിക്കുകയാൽ ആ പഴയ കയർ ദ്രവിച്ചു അവസാനം പൊട്ടിപ്പോകുവാൻ ഇടയായിത്തീർന്നു എന്നതാണു പരമാർത്ഥം. ആക യാൽ ഈ കാര്യത്തിൽ നാമായിരുന്നില്ല പ്രധാനപ്രവർത്തകൻ. പരോ ക്ഷമായി മാർത്തോമ്മാശ്ലീഹാ സ്വർഗ്ഗത്തിൽ ഇരുന്നു കൊണ്ടു 1930-ൽ ചെയ്ത ഒരു അത്ഭുതകർമ്മമെന്നേ ഇതേപ്പറ്റി നാമേവരും കരുതേണ്ട തുള്ളൂ.

കത്തോലിക്കരോടായി നമുക്കൊരു പ്രത്യേകകാര്യം പറയാനു ണ്ട്. തിരുസഭയുടെ അംഗങ്ങളാണല്ലോ ഞങ്ങൾ എന്നുള്ള അഭിമാന

ത്തിൽ നിങ്ങൾ ഒരിക്കലും കൃതാർത്ഥതയടയരുത്. തിരുസഭയുടെ അംഗങ്ങളായ നിങ്ങൾ കേരളത്തിലുള്ള അകത്തോലിക്കർ ഏവർക്കും മാർഗ്ഗദർശികളായിരിപ്പാൻ തക്കവണ്ണം ജീവിതത്തെ പരിശുദ്ധമാക്കേണ്ടതുണ്ട്. നിങ്ങളുടെ ജീവിതത്താൽ തിരുസഭ ഒരുനാളും അധിക്ഷേപിക്കപ്പെടാൻ സംഗതി വരരുത്."

# IV

## കല്ലൂപ്പാറവെച്ചു ചെയ്ത പ്രസംഗം

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തു യാക്കോബായ സഭയിലെ രണ്ടു പ്രമുഖവ്യക്തികളെ ആർച്ചുബിഷോപ്പു കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുകയുണ്ടായി. ഓർത്തഡോക്സ് സഭയിലെ മാർ ദിവന്നാസ്യോസ് തിരുമനസ്സിലെ സെക്രട്ടറി, എം.ഡി. സെമിനാരി ഹെഡ്മാസ്റ്റർ, നിരണം ടീച്ചേഴ്സ് ട്രയിനിംഗ്സ്ക്കൂൾ പ്രിൻസിപ്പാൾ എന്നീ വിവിധ നിലകളിൽ സ്തുത്യർഹമാം വിധം ജോലി നിർവ്വഹിച്ചുകൊണ്ടിരുന്ന ദേഹവും മാർ ഈവാനിയോസിന്റെ ആപ്തമിത്രവുമായിരുന്ന ശ്രീമാൻ കെ.വി. ചാക്കോ ബി.എ.,എൽ.റ്റി.(മല്ലപ്പള്ളി) യും തിരുതാംകുറിലെ ഒരു ഡിസ്ട്രിക് ജഡ്ജി, മതപരമായ ഒരു പ്രമുഖ എഴുത്തുകാരൻ, ഒരു ഉത്തമ മതഭക്തൻ എന്നീ നിലകളിൽ പൊതുവേ അറിയപ്പെട്ടിരുന്ന ശ്രീ.ഏ. പീലിപ്പോസ് M.A., B.L-മായിരുന്നു പ്രസ്തുത വ്യക്തികൾ. ഇവരിൽ മി. ചാക്കോ പുനരൈക്യപ്പെട്ടശേഷം ഏതാനും മാസങ്ങൾക്കുള്ളിൽ പ്രമേഹരോഗംമൂലം നിര്യാണം പ്രാപിക്കയുണ്ടായി. പരേതനെ പ്രത്യേകം അനുസ്മരിച്ചുകൊണ്ടും, ശ്രീമാൻ പീലിപ്പോസിനെ അനുമോദിച്ചുകൊണ്ടും തിരുവല്ലായ്ക്കു സമീപം പുറമറ്റത്തു സമ്മേളിച്ച മഹായോഗത്തിൽ മാർ ഈവാനിയോസ് ചെയ്ത പ്രസംഗഭാഗമാണു ഇനിയും ചേർക്കുന്നത്:-

"………നമുക്കു എത്രയും ആഹ്ളാദകരവും സൗഭാഗ്യ പൂർണ്ണവുമായ സുദിനമാണിന്ന്. യാക്കോബായസഭയിൽ നമ്മുടെ ആത്മമിത്രങ്ങളായ അനേകം ആളുകൾ ഉണ്ട്. അവരിൽ ഒട്ടും അപ്രധാനന്മാരല്ലാത്ത രണ്ടു വ്യക്തികളത്രേ മി.കെ.വി. ചാക്കോ B.A., L.T.യും പീലിപ്പോസ് M.A., B.L-ഉം. മി. ചാക്കോയെ നാം ആദ്യമായി കണ്ടതും പരിചയപ്പെട്ടതും തിരുവല്ലായിൽ വച്ചായിരുന്നു. നാം എം.ഡി. സെമിനാരി ഹൈസ്ക്കൂളിന്റെ പ്രിൻസിപ്പാളായിരുന്ന സന്ദർഭത്തിൽ ഒരുദിവസം യാദൃച്ഛികമായി നാം തിരുവല്ലായിൽ ചെല്ലാനിടയായി. അന്നു

മി.ചാക്കോ തിരുവല്ലായിലുള്ള എസ്സ്.സി. സെമിനാരി ഹൈസ്ക്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരുന്നു. ഇദംപ്രഥമമായി മി. ചാക്കോയെ കാണുകയും സുമധുരമായ അദ്ദേഹത്തിന്റെ സംഭാഷണം കേൾക്കുകയും ചെയ്തപ്പോൾ മുതൽ എന്തോ അദൃശ്യമായ ഒരു ശൃംഖല കൊണ്ടു ഞങ്ങൾ തമ്മിൽ ബന്ധിക്കപ്പെട്ടു എന്നാണു നമ്മുടെ ബോദ്ധ്യം. ജനനവശാൽ യാക്കോബായക്കാരൻ തന്നെ എങ്കിലും മാർത്തോമ്മാസഭയിൽപ്പെട്ട മാതൃഗൃഹത്തിൽ ആയിരുന്നു ചെറുപ്പകാലത്തിൽ മി. ചാക്കോ താമസിച്ചിരുന്നത്. അതിനാൽ മനസ്സിന്റെ ഗതി മിക്കവാറും പ്രോട്ടസ്റ്റന്റുമയമായിത്തീർന്നിരുന്നു. ഈ ഒരു വാസ്തവം മി. ചാക്കോ തന്നെ പലരോടും പറഞ്ഞിട്ടുള്ളതത്രേ. അഭിമുഖപരിചയം ലഭിച്ചതിനുശേഷം എം.ഡി. ഹൈസ്ക്കൂളിലേക്കു നാം ക്ഷണിച്ചപ്പോൾ അന്നു വൈമനസ്യം പ്രദർശിപ്പിച്ചില്ല, സന്തോഷമനോഭാവം പ്രദർശിപ്പിക്കുകയാണു ചെയ്തത്. അങ്ങനെ മി. ചാക്കോ എം.ഡി.സെമിനാരിയിലെ വിജ്ഞാനദീപമായിത്തീർന്നു. എം.ഡി. സെമിനാരിയുമായുള്ള ബന്ധവും കാതോലിക്കാദർശനപ്രകടിതങ്ങളായ പുസ്തകങ്ങളുമായുള്ള സംസ്സർഗ്ഗവുമാണു മി. ചാക്കോയുടെ പുനരൈക്യത്തിനു കാരണമെന്നു പറയാം. അബ്ദുള്ളാ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു മലങ്കരയിൽ എത്തി മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ മുടക്കിയതിനെ തുടർന്നുണ്ടായ വിപ്ലവത്തിൽ അന്നത്തെ വിജ്ഞാനവും മനോബോദ്ധ്യവും അനുസരിച്ചു മി. ചാക്കോയും, മി. പീലിപ്പോച്ചനും, നാമും വേറെ അപൂർവം ചിലരും എന്തുമാത്രം വിഷമിക്കയുണ്ടായിട്ടുണ്ടെന്നുള്ളതു പരസ്യമായ ഒരു രഹസ്യമത്രേ. കത്തോലിക്കാപുനരൈക്യം സംബന്ധിച്ചുള്ള കാര്യങ്ങളെപ്പറ്റി ഞങ്ങൾ മൂവരുംകൂടി സംസാരിക്കുകയും ആലോചിക്കുകയും ചെയ്തിട്ടുണ്ട്. ഒടുവിൽ നാം അതു നിശ്ചയിക്കുകയും ആ നിശ്ചയത്തെ പ്രവൃത്തിരൂപേണ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു. എന്നിട്ടും ഇവരോടെന്നു തന്നെയല്ല, ഇവരെപ്പോലെ ആത്മമിത്രങ്ങളായ ആരോടും തന്നെ കത്തോലിക്കാസഭയിൽ പ്രവേശിക്കണമെന്നു നാം നിർബന്ധിക്കുകയുണ്ടായില്ല. സാമുദായികമായ ബന്ധങ്ങളെ വെട്ടിമുറിച്ചു കളയുക എന്നതിനു എന്തുമാത്രം മനഃധൈര്യവും, സഹിഷ്ണതയും, ഇവയ്ക്കെല്ലാറ്റിനും പുറമെ ദൈവകൃപയും ആവശ്യമാണ്. നാം കത്തോലിക്കാസഭയിലും നമ്മുടെ ആത്മമിത്രങ്ങളായവർ യാക്കോബായ സഭയിലുമായി ശിഷ്ടായുസ്സു കഴിച്ചുകൂട്ടുക എന്നതു നമുക്കു എത്രയോ മർമ്മഭേദകമായിട്ടുള്ളതാണെന്നു നാം പറയണമെന്നില്ലല്ലോ. അസഹനീയമായ ആ ഹൃദയവേ

ദനകളെക്കുറിച്ചു മിശിഹാതമ്പുരാനോടല്ലാതെ മറ്റാരോടും നാം ആവലാതിപ്പെട്ടിട്ടില്ല. അവിടുത്തെ കൃപയും അനുഗ്രഹവും കൂടാതെ ഒന്നും തന്നെ സാദ്ധ്യമല്ലല്ലോ. നാം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിന്റെ ശേഷവും മി. ചാക്കോയും മി. പീലിപ്പോസും പലപ്പോഴും നമ്മെ വന്നു കാണുകയുണ്ടായിട്ടുണ്ട്. അധികം കാലമായിട്ടില്ല, ഒരിക്കൽ തന്നെ ചേർക്കണമെന്നു നമ്മോടു ആവശ്യപ്പെട്ടു. അന്നു രാത്രി മി. ചാക്കോയുടെ ആഗ്രഹം എത്രയും സന്തോഷപൂർവം നാം സാധിച്ചുകൊടുത്തു. ഇപ്പോളിതാ നമ്മുടെ ആത്മസുഹൃത്തായ മി. പീലിപ്പോസും നമ്മേ അനുഗമിച്ചു കഴിഞ്ഞിരിക്കുന്നു. മി. ചാക്കോയുടെ ചരമത്തിൽ നമുക്കു അപാരമായ ദുഃഖവും നഷ്ടവും ഉണ്ട്. അദ്ദേഹം ദൈവവുമായി കുറേക്കൂടി അടുത്തു വേദപ്രചരണവേല ചെയ്യുകയായിരിക്കും. ഒരുത്തമകത്തോലിക്കനായി സ്വന്തമാത്മാവിനെ പരമകാരുണികനായ ദൈവത്തിങ്കൽ സമർപ്പിക്കുവാൻ എന്റെ ആത്മമിത്രത്തിനു ഭാഗധേയം സിദ്ധിച്ചു.

നമുക്കു മാത്രമല്ല ബഥനിആശ്രമസ്ഥരായ എല്ലാ പട്ടക്കാർക്കും യാക്കോബായ സഭാംഗങ്ങളുമായി വെട്ടിയാൽ മുറിഞ്ഞുപോകാത്ത വിധത്തിലുള്ള ബന്ധമായിട്ടുണ്ട്. ബഥനിപ്പള്ളികൾ ഉള്ള സ്ഥലങ്ങളിലെല്ലാം ആശ്രമസ്ഥരായ പട്ടക്കാരാണല്ലോ കർമ്മാദികൾ നടത്തി വരുന്നത്. പ്രസംഗം, കുമ്പസാരം, വി. കുർബാന ആദിയായ പലതിനാലും ബഥനിക്കാർ യാക്കോബായക്കാരുടെ കണ്ണിലുണ്ണികളായിരുന്നു. അവരെയൊക്കെ മറക്കുവാനോ ഇപ്പോഴും അവരെ സ്നേഹിക്കാതിരിപ്പാനോ ബഥനിക്കാർക്കു സാദ്ധ്യമല്ലതന്നെ. ഇതിനടുത്തുള്ള പുറമറ്റം പള്ളിയിൽ അടുത്തകാലം വരെയും താമസിച്ചു ആത്മീയകാര്യങ്ങൾ നടത്തി വന്നിരുന്നതു ആശ്രമസ്ഥനായ നമ്മുടെ ബർസ്ലീബാ അച്ചനായിരുന്നു. ഉപജീവനത്തിനു യാതൊന്നും നല്കാതെ ആ അച്ചനെ നാം പുറമറ്റത്തേക്കയച്ചു. മനുഷ്യരുടെ ആത്മീയകാര്യത്തിൽ ശ്രദ്ധിക്കുക, മറ്റൊന്നും ചിന്തിക്കുകയേവേണ്ട എന്നായിരുന്നു നാം പറഞ്ഞത്. ആ അച്ചന്റെ അവിടുത്തെ താമസംകൊണ്ടു എന്തുമാത്രം ഫലം ഉണ്ടായിട്ടുണ്ടെന്നും അച്ചനെ ഒരിക്കലും വേർപിരിയാൻ പാടില്ലാത്ത പ്രകാരം അച്ചനോടുള്ള അവരുടെ സ്നേഹം അതിരറ്റതായിരുന്നു എന്നു നാം അറിഞ്ഞിട്ടുണ്ട്. ഒരു മനുഷ്യനാൽ കഴിവുള്ള വിധത്തിലെല്ലാം നമ്മുടെ ബർസ്ലീബാച്ചൻ ആ ആളുകൾക്കുവേണ്ടി ബുദ്ധിമുട്ടിയിട്ടുണ്ട്. അതു യാക്കോബായ ട്രസ്റ്റിൽപ്പെട്ട ഒരു പള്ളിയായിരുന്നതുകൊണ്ടു കത്തോ

ലിക്കാ പുനരൈക്യത്തിൽ പ്രവേശിച്ച ഉടനേ നമ്മുടെ ആജ്ഞാനുസരണം അച്ചൻ അതുപേക്ഷിച്ചിറങ്ങിപ്പോന്നു.

പുനരൈക്യത്തിൽ പ്രവേശിക്കുന്നതുവരെയും നാം യാക്കോബായക്കാരായ എല്ലാവർക്കും സംപൂജ്യനായിരുന്നു. ഇന്നു അവരുടെ ദൃഷ്ടിയിൽ നാം വലിയ ഒരപരാധമത്രേ ചെയ്തിട്ടുള്ളത്. ഏതാനും ദിവസങ്ങൾക്കു മുൻപു നാം കാറിൽ പുറമറ്റം വഴി യാത്രചെയ്തപ്പോൾ അവിടെയുള്ള യുവാക്കന്മാർ കാറു വളഞ്ഞു കൂവുകയുണ്ടായി. നമ്മേ ഒരു പിതാവിനെപ്പോലെ സ്നേഹിച്ചിരുന്ന ആ മക്കൾക്കു അങ്ങനെ ചെയ്യാൻ തോന്നിയതിൽ വാസ്തവമായും നമ്മുടെ ഹൃദയം നീറുകയാണുണ്ടായത്. കേവലം അജ്ഞതയും തെറ്റിദ്ധാരണയും ഈ വിധത്തിൽ മനുഷ്യരെ ശത്രുക്കളാക്കിത്തീർക്കുന്നതു അത്യത്ഭുതം തന്നെ. കാലക്രമത്തിൽ സത്യം ഏവർക്കും മനസ്സിലായിക്കൊള്ളും. സത്യം ഒന്നല്ലാതെ പലതില്ലല്ലോ.”

## അദ്ധ്യായം 36

# എതിർപ്പുകളുടെ മദ്ധ്യേ അനുമോദനങ്ങൾ

ലോകത്തിൽ നല്ലപ്രസ്ഥാനങ്ങൾ ആരംഭിക്കുകയോ അവയുടെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുകയോ ചെയ്തിട്ടുള്ള മഹാന്മാർക്കെല്ലാം പ്രാരംഭദശയിൽ നിരവധി വൈഷമ്യങ്ങൾ തരണം ചെയ്യേണ്ടിവന്നിട്ടുണ്ടെന്നുള്ളതു ചരിത്രവസ്തുതയാണ്. മതമണ്ഡലത്തിൽ മാത്രമല്ല, രാഷ്ട്രിയ മേഖലയിലും, ശാസ്ത്രീയലോകത്തും, സാമുദായികരംഗത്തും ഈ വസ്തുതയ്ക്കു അപവാദം ചൂണ്ടിക്കാണിക്കുക സാദ്ധ്യമല്ല. ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് ഈദൃശാനുഭവങ്ങളിൽനിന്നും ഒട്ടും തന്നെ വിമുക്തനായിരുന്നില്ല. വിവിധ സഭാവിഭാഗങ്ങളിൽ നിലകൊണ്ടിരുന്ന കേരളത്തിലെ ക്രൈസ്തവരെ "ഒരു തൊഴുത്തിൽ ഒരിടയന്റെ കീഴിൽ" കൊണ്ടുവരുന്നതിനും അങ്ങനെ ക്രൈസ്തവൈക്യം സുപ്രാപ്യമാക്കുന്നതിനും വേണ്ടിയുള്ള പുനരൈക്യപ്രസ്ഥാനത്തിനു ബീജാവാപം നല്കിയ കഥാപുരുഷൻ ആരംഭകാലത്തു അനുഭവിക്കേണ്ടിവന്ന വിഷമങ്ങൾ വർണ്ണനാതീതമായിരുന്നു.

### ശക്തിമത്തായ എതിർപ്പുകൾ

"മുകളിൽ ആകാശവും താഴെ ഭൂമിയും മാത്രം കണ്ടുകൊണ്ടാണു ഞാൻ കത്തോലിക്കാസഭയിൽ പ്രവേശിച്ചത്" എന്നു കഥാപുരുഷൻ പലരോടും പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതിൽ അന്തർലീനമായ അർത്ഥം മേൽ പ്രസ്താവിച്ചതായിരുന്നു. താൻ ആരംഭിച്ച പ്രസ്ഥാന

ത്തിന്റെ പുരോഗതി മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനുവേണ്ടിയായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥനയും, സംഭാഷണവും, പ്രസംഗങ്ങളും, പ്രവർത്തനങ്ങളും. പുനരൈക്യപ്രസ്ഥാനത്തിൽ ഒരുവൻപോലും ചേരരുതെന്നും ഒരു കബളിപ്പിക്കൽ പ്രസ്ഥാനമാണ് അതെന്നും തന്നിമിത്തം സർവ്വശക്തികളുമുപയോഗിച്ചു അതിനെ എതിർത്തു നശിപ്പിക്കണമെന്നും അകത്തോലിക്കാസമുദായങ്ങളിൽ വിലയും നിലയുമുള്ള ഒട്ടനേകർ സ്വസമുദായാംഗങ്ങളോടു ആദ്യകാലത്തു അഭ്യർത്ഥിക്കുകയും ഉദ്ബോധിപ്പിക്കയും ചെയ്തു കൊണ്ടിരുന്നു.

പുനരൈക്യപ്രസ്ഥാനത്തെയും അതിന്റെ സ്ഥാപകനെയും നഗ്നമായ ഭാഷയിൽ അധിക്ഷേപിച്ചുകൊണ്ടുള്ള നിരവധി പരസ്യങ്ങളും, ലഘുലേഖകളും, പുസ്തകങ്ങളും അക്കാലത്തു പ്രസിദ്ധീകരിക്കപ്പെട്ടു. അതിനും പുറമേ ലേഖനങ്ങളും വാർത്തകളും പ്രസ്താവനകളും പത്രമാസികകളിൽ തുടരെ സ്ഥലം പിടിച്ചു. കേരളത്തിലേ പല അകത്തോലിക്കാദൈവാലയങ്ങളും, കൺവൻഷൻ പന്തലുകളും പ്രസംഗവേദികളും മാർ ഈവാനിയോസിനും പുനരൈക്യപ്രസ്ഥാനത്തിനും എതിരായ പ്രസംഗപരമ്പരകൾക്കുവേണ്ടി ഉപയോഗിക്കപ്പെട്ടു. “സാധുക്കളായ സുറിയാനിക്കുഞ്ഞാടുകളെ പിടിച്ചു വിഴുങ്ങുന്നതിനായി ബഥനിക്കാടുകളിൽനിന്നും ആട്ടിൻതോൽ ധരിച്ച ഒരു കടുവ ഇതാ, ഇറങ്ങിവന്നിരിക്കുന്നു” എന്നിത്യാദി ആരോപണങ്ങളാണു പല പ്രസംഗവേദികളിലും മുഴങ്ങിക്കൊണ്ടിരുന്നത്. ഇതിനെല്ലാമുപരിയായി ആർച്ചുബിഷപ്പിന്റെ ജീവനെപ്പോലും അപഹരിക്കുന്നതിനുള്ള ശ്രമങ്ങളും അണിയറയ്ക്കുള്ളിൽ രഹസ്യമായി നടത്തപ്പെട്ടു.

## കാർ മറിച്ചാൽ അഞ്ഞൂറുരൂപാ

കഥാപുരുഷൻ സഞ്ചരിച്ചിരുന്ന കാർ മറിച്ചിട്ട് അദ്ദേഹത്തിന്റെ ജീവൻ നശിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ പലസ്ഥലങ്ങളിൽ വച്ചും നടന്നിട്ടുണ്ട്. അദ്ദേഹം സഞ്ചരിച്ചിരുന്നപ്പോൾ വഴി മദ്ധ്യേ തടിയും മറ്റും വലിച്ചിടുക, “വരുന്നു നാശമയ്യോ” എന്ന പാട്ടുപാടുക, അദ്ദേഹം കയറിയ വഞ്ചിമറിക്കുവാൻ ശ്രമിക്കുക എന്നിത്യാദി നിരവധി ശ്രമങ്ങൾ പലയിടത്തുവച്ചും നടത്തപ്പെട്ടു.

ഒരവസരത്തിൽ ആർച്ചുബിഷപ്പിന്റെ കാർ ഓടിച്ചുകൊണ്ടിരുന്ന മുഹമ്മദീയനായ ഡ്രൈവറോടു ഒരുവൻ ഇപ്രകാരം പറയുകയുണ്ടാ

യത്രെ. "ആർച്ചുബിഷപ്പിനെ കൊണ്ടുപോകുമ്പോൾ ആ കാർ എങ്ങനെയെങ്കിലും മറിച്ചിടുന്നപക്ഷം നിനക്കു 500 രൂപാ ഞങ്ങൾ പ്രതിഫലം നല്കാം." വിശ്വസ്തനായ ആ കാർ ഡ്രൈവർ ഉടൻ ഉത്തരം നല്കിയതു ഇപ്രകാരമായിരുന്നു. അഞ്ഞൂറല്ല അയ്യായിരം തന്നാൽ പോലും ഞാനതിനു തയ്യാറാവുകയില്ല". എങ്ങനെയോ ഈ വിവരം അറിഞ്ഞ ആർച്ചുബിഷപ്പു പുഞ്ചിരിച്ചുകൊണ്ടു പറകയുണ്ടായി. "കഷ്ടം എന്റെ ജീവൻ ഇത്ര നിസ്സാരമാണോ? അഞ്ഞൂറുരൂപാ മാത്രമേ അതിനവർ എനിക്കു വിലവച്ചുള്ളുവല്ലൊ.

## സാമ്പത്തിക വൈഷമ്യങ്ങളും ഗവണ്മെന്റു നിരോധനങ്ങളും

ഏവംവിധം നടത്തപ്പെട്ട പ്രത്യക്ഷമായ എതിർപ്പുകൾക്കു പുറമെ പരോക്ഷമായ നിരവധി വൈഷമ്യങ്ങളെയും ആർച്ചുബിഷപ്പു തരണം ചെയ്യേണ്ടിവന്നു. പ്രാരംഭകാലത്തു പുനരൈക്യപ്പെട്ടവർക്കു ദൈവാലയങ്ങൾ പണിയിച്ചുകൊടുക്കുക, സെമിത്തേരികൾ സ്ഥാപിക്കുക, സന്ന്യാസിമാർക്കും, സന്ന്യാസിനിമാർക്കും വേണ്ട ആശ്രമങ്ങൾ മഠങ്ങൾ എന്നിവ നിർമ്മിക്കുക, അവരുടെ നിത്യചെലവുകൾക്കു അവശ്യം വേണ്ടവ സാധിച്ചുകൊടുക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തുക, പുനരൈക്യപ്പെട്ട വൈദികരുടെ ആവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കുക എന്നിവയ്ക്കു ലക്ഷക്കണക്കിനു രൂപാ അവശ്യം വേണ്ടിയിരുന്നു. അകത്തുനിന്നോ പുറത്തുനിന്നോ ഇതിനു വേണ്ട സാമ്പത്തിക സഹായം ആരംഭദശയിൽ വേണ്ടപോലെ ലഭിച്ചിരുന്നില്ല.

ഇതിനും പുറമെ രാഷ്ട്രീയാധികാരികളിൽ നിന്നുണ്ടായ വൈഷമ്യങ്ങളെയും കഥാപുരുഷൻ അഭിമുഖീകരിക്കേണ്ടിവന്നു. ഗവണ്മെന്റിന്റെ അനുവാദം കൂടാതെ ദൈവാലയങ്ങൾ നിർമ്മിക്കുന്നതിനോ സിമിത്തേരികൾ സ്ഥാപിക്കുന്നതിനോ അക്കാലത്തു സാദ്ധ്യമായിരുന്നില്ല. എതിരാളികളുടെ പരാതികൾ നിമിത്തം അത്യന്താപേക്ഷിതമായ സ്ഥലങ്ങളിൽക്കൂടെയും ഗവണ്മെന്റനുവാദം ലഭിക്കാതെയും, അവിടങ്ങളിൽ ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിനു നിവൃത്തിയില്ലാതെയും കഥാപുരുഷൻ വിഷമിക്കേണ്ടി വന്നു. അതിനും പുറമെ അനുവാദമില്ലാതെ കെട്ടിടങ്ങൾ ദൈവാലയങ്ങളായി രൂപാന്തരപ്പെടുത്തി ദിവ്യബലി അർപ്പിച്ചതിനും, പുരയിടങ്ങളിൽ സെമിത്തേരികളിലെന്നപോലെ ശവം മറവു ചെയ്തതിനും പുനരൈക്യപ്പെട്ട പല വൈദികരുടെ പേരിലും കേസ്സെടുക്കുകയും, ചിലരെ അറസ്സ് ചെയ്യുകയും, ഗവണ്മെന്റു വാദിയായി കേസ്സു നടത്തുകയും മറ്റും ചെയ്തതും കഥാപുരുഷന്റെ

മനസ്സിൽ അതിയായ വേദന ഉളവാക്കിത്തീർത്തു. പുനരൈക്യപ്രസ്ഥാന ശിശുവിന്റെ വളർച്ചയ്ക്കു ഇവയെല്ലാം പ്രാരംഭകാലത്തു പ്രതിബന്ധ മായിത്തീരുകയാണുണ്ടായത്. ഇവയ്ക്കു പുറമെ യാക്കോബായ സഭ യിലെയും ഓർത്തഡോക്സ് സഭയിലെയും വൈദികമേലദ്ധ്യക്ഷന്മാ രിൽ നിന്നുണ്ടായ എതിർപ്രവർത്തനങ്ങളും ആർച്ചുബിഷപ്പിന്റെ മന സ്സിനെ അസ്വസ്ഥമാക്കിത്തീർത്തു.

## യാക്കോബായ പാത്രിയർക്കീസിന്റെ ആഗമനം

മാർ ഈവാനിയോസിന്റെ പുനരൈക്യം മുഖാന്തരം കേരള ത്തിലെ യാക്കോബായ സഭയിൽ വലുതായ പരിവർത്തനങ്ങൾ ഉണ്ടാ കുമെന്നു ഗ്രഹിച്ച യാക്കോബായ പാത്രിയർക്കീസു ഏലിയാസ് തൃതീ യൻ തൽക്ഷണം അന്ത്യോഖ്യയിൽ നിന്നു കേരളത്തിൽ എത്തി ചേർന്നു. ഇവിടത്തെ പല പ്രധാന പള്ളികളിലും അദ്ദേഹം സഞ്ചരി ക്കുകയും പുനരൈക്യപ്രസ്ഥാനത്തിനെതിരായ പ്രസംഗങ്ങൾ നടത്തു കയും ചെയ്തു. എന്നാൽ പത്തനംതിട്ടയ്ക്കടുത്ത് മഞ്ഞനിക്കരവെച്ചു രക്തസമ്മർദ്ദം മൂലം അദ്ദേഹം പെട്ടെന്നു ചരമ മടയുകയും അവിടെ ത്തന്നെ കബറടക്കുകയുമാണുണ്ടായത്.

## കാതോലിക്കാബാവായുടെ ഇടയലേഖനം

മലങ്കര ഓർത്തഡോക്സ് സഭയിലെ മേലദ്ധ്യക്ഷനായിരുന്ന കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു മാർ ഈവാനിയോസിന്റെ പുനരൈക്യാനന്തരം ഓർത്തഡോക്സ് സഭാദൈവാലയങ്ങളിൽ വായി ക്കുന്നതിനുവേണ്ടി അയച്ചുകൊടുത്ത ഇടയലേഖനമാണു ചുവടെ ചേർക്കുന്നത്. ഈ ഇടയലേഖനം അയച്ച ബാവാ തിരുമേനിയുടെ ഉദ്ദേ ശ്യശുദ്ധിയെയും, നിഷ്ക്കളങ്കതയെയും, വിശ്വാസ തീക്ഷ്ണതയെയും ബഹുമാനപൂർവ്വം വീക്ഷിക്കുന്നതോടൊപ്പം തന്നെ പുനരൈക്യപ്രസ്ഥാ നത്തെ ശക്തിയുക്തം എതിർക്കുന്നതിനു എതിരാളികൾക്കു ഇതു പ്രേര ണനല്കി എന്ന വസ്തുതയും ഖേദപൂർവ്വം പ്രസ്താവിക്കേണ്ടിയിരി ക്കുന്നു. ഇടയലേഖനം ഇപ്രകാരമായിരുന്നു.

“.........നമ്മുടെ മലങ്കരയുള്ള എല്ലാ പള്ളികളുടെയും വികാരി മാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്;

പ്രിയരെ, നമ്മുടെ ബഥനി ആശ്രമത്തിന്റെ അദ്ധ്യക്ഷനായിരുന്ന മാർ ഈവാനിയോസു മെത്രാപ്പോലീത്തായും, അനുചരൻ മാർ തെയോ

ഫിലോസ് എപ്പിസ്കോപ്പായും, സഹചരന്മാരായ പുലിക്കോട്ടു യൗസേപ്പു റമ്പാൻ, വഞ്ചിയിൽ പീലിപ്പോസ് റമ്പാൻ എന്നിവരും, ആശ്രമസ്ഥരായിരുന്ന കന്യാസ്ത്രീകളും ചില പട്ടക്കാരും സാധുക്കളും ഒരുമിച്ചു നമ്മുടെ സഭയെ ഉപേക്ഷിച്ചു റോമാസഭയെ ആശ്ലേഷിച്ചിരിക്കുന്നുവെന്നുള്ള പരമാർത്ഥം, ഇതിനകം ഈദൃശന്മാരുടെ രഹസ്യവും പരസ്യവുമായ നാനാവിധ പ്രവൃത്തികളാൽ നാടെങ്ങും അറിയപ്പെട്ടിട്ടുള്ളതാണല്ലോ. "എന്നെ നിന്ദിച്ചത് ഒരു ശത്രുവല്ല, എന്റെ പ്രാണസ്നേഹിതൻ തന്നെ എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു." എന്നി പ്രകാരം ദാവീദു നിബിയാ സങ്കീർത്തനങ്ങളിൽ വിലപിക്കുന്ന പ്രകാരം ഇതു നമുക്കു ഭവിച്ചു. ഈ മെത്രാന്മാരും അവരുടെ അനുയായികളും വേഷത്തിലും ഭാവത്തിലും നമ്മെപ്പോലെ കാണപ്പെടുന്നുയെങ്കിലും അവർ നമ്മുടെ സഭയെ നശിപ്പിക്കുന്നതിനു മാത്രം വേഷം കെട്ടിയിട്ടുള്ള കുഞ്ഞാടുകൾ ആണെന്നുള്ള സത്യം പരമാർത്ഥികളായ നമ്മുടെ ആത്മീയമക്കൾ തിരിച്ചറിഞ്ഞു അവരിൽനിന്നു കരുതിക്കൊള്ളുവാൻ നാം നിങ്ങളെ പ്രബോധിപ്പിച്ചുകൊള്ളുന്നു. റോമാ വിശ്വാസവും നമ്മുടെ വിശ്വാസവും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നു ഉപദേശിക്കുന്നു എന്നതിനാൽത്തന്നെ നിങ്ങൾ അവരെ തിരിച്ചറിഞ്ഞുകൊള്ളണം. ഇപ്പോഴും അവർ നമ്മുടെ ആത്മീയമക്കളെ വഴി തെറ്റിക്കുന്നതിനായി പുസ്തകങ്ങൾ, ലഘുപത്രികകൾ, പ്രസംഗങ്ങൾ, രഹസ്യവും പരസ്യവുമായ ഗുണദോഷങ്ങൾ, വിവിധ വാഗ്ദാനങ്ങൾ, സുഖഭൂയിഷ്ടമായ ജീവിതം, പണം എന്നീ വശീകരണ മാർഗ്ഗങ്ങളിൽക്കൂടി ധാരാളം പ്രചരണവേലകൾ ശക്തിമത്തായി നടത്തികൊണ്ടിരിക്കുന്നതായി നാം അറിയുന്നു. ആകയാൽ അവരുടെ വഞ്ചനകളിൽ അകപ്പെട്ടു നേരായ മാർഗ്ഗത്തിൽനിന്നും തെറ്റി ഉഴലുന്നതിനു ഇടയാകാതിരിപ്പാൻ തക്കവണ്ണം അവരുടെ പുസ്തകങ്ങൾ വായിക്കുകയോ, പ്രസംഗങ്ങൾ കേൾക്കുകയോ, ഗുണദോഷങ്ങൾക്കു ചെവികൊടുക്കുകയോ, കർമ്മാദികളിൽ യാതൊരുവിധത്തിലും സംബന്ധിക്കുകയോ, എന്നുവേണ്ട; അവരുമായി യാതൊരുവിധത്തിലുമുള്ള സമ്പർക്കങ്ങളോ ഇടപാടുകളോ ഉണ്ടായിരിക്കുകയോ അരുതു എന്നു നാം നമ്മുടെ ആത്മീയമക്കളോടു ആജ്ഞാപിക്കുന്നു. ശേഷം പിന്നാലെ."

പുനരൈക്യപ്രസ്ഥാനത്തിനു നേരിടേണ്ടിവന്ന എതിർപ്പിന്റെ ശക്തിയെ വർദ്ധിപ്പിക്കുന്നതിനു ഈ കല്പനയും കാരണമായിത്തീർന്നു. എങ്കിലും "മർദ്ദനം ഗുണവർദ്ധനം" എന്ന ചൊല്ലനുസരിച്ചു

പുനരൈക്യപ്രസ്ഥാനം ഓരോ ദിവസം കഴിയുംതോറും പുരോഗതി പ്രാപിച്ചുകൊണ്ടാണിരുന്നത്.

## അചഞ്ചലചിത്തനായ ആർച്ചുബിഷപ്പ്

ഏതാദൃശങ്ങളായ നിരവധി എതിർപ്പുകളുടെ മദ്ധ്യേ അചഞ്ചല ചിത്തനായിത്തന്നെ കഥാപുരുഷൻ നിലകൊണ്ടു. ദൈവത്തിലുള്ള പരിപൂർണ്ണമായ ആശ്രയമായിരുന്നു ഇപ്രകാരമുള്ള അദ്ദേഹത്തിന്റെ മനഃസ്ഥിതിക്കു നിദാനവും അടിസ്ഥാനവും. ഇതിനെ ദൃഷ്ടാന്തീകരിക്കുന്ന രണ്ടു കത്തുകളാണു ചുവടെ ചേർക്കുന്നത്.

യാക്കോബായസഭയിലെ പ്രമുഖനായ ഒരു നേതാവും കഥാപുരുഷന്റെ ആത്മമിത്രവുമായിരുന്ന മി. ഇലഞ്ഞിക്കൽ ഈ. ജെ. ജോൺ B.A, B.L നു അയച്ചുകൊടുത്ത കത്തു ഇപ്രകാരമായിരുന്നു.

പ്രിയപ്പെട്ട മിസ്റ്റർ ജോൺ,

ക്രിസ്തുവിന്റെ സഭയിലേക്കുള്ള പുനരൈക്യത്തെ എതിർക്കുന്നവർ എന്തുതന്നെ പറഞ്ഞിരുന്നാലും ഞാൻ എടുത്തിട്ടുള്ള സംരംഭങ്ങൾ ദൈവപരിപാലനയ്ക്കു വിധേയമാണെന്നുള്ള ഉത്തമമായ ബോദ്ധ്യം എനിക്കുണ്ട്. മനഃപൂർവ്വമായിട്ടല്ലെങ്കിലും എന്നെ പ്രതികൂലിക്കുന്നവരും അധിക്ഷേപിക്കുന്നവരും സത്യത്തിനും പുരോഗതിക്കും എന്നു മാത്രമല്ല, അവർക്കെതിരായിട്ടുകൂടെയാണു യുദ്ധം ചെയ്യുന്നത്. ദൈവം അവരോടു ക്ഷമിക്കയും അവരെ നയിക്കുകയും ചെയ്യുമാറാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

എന്ന് താങ്കളുടെ വിശ്വസ്തൻ,<br>മാർ ഈവാനിയോസ്.

അടുത്ത കത്ത് യാക്കോബായസഭയിലെ ഒരു മതപണ്ഡിതനും, കഥാപുരുഷന്റെ ആത്മസുഹൃത്തും, പിന്നീടു കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ട ദേഹവുമായ ശ്രീമാൻ ഏ. പീലിപ്പോസ് B.A. B.L. നു എഴുതിയതാണ്. അതു ഇപ്രകാരമായിരുന്നു.

പ്രിയപ്പെട്ട പീലിപ്പോച്ചാ,

താങ്കളോടു വിശേഷവിധിയായി എനിക്കു ഇപ്പോൾ യാതൊന്നും തന്നെ പറയുവാനില്ല. ഒട്ടനേകം വിഷമതകൾ എനിക്കിപ്പോൾ അനുഭ

വിക്കേണ്ടിവരുന്നുണ്ടെങ്കിലും ഞാൻ അതീവ സന്തുഷ്ടനാണ്. സ്നേഹ മേറിയ ദൈവം എന്റെ മേൽ വർഷിച്ചിട്ടുള്ള നിരവധി കൃപാവരങ്ങ ളോടു തുലനം ചെയ്യുമ്പോൾ ഇവയൊന്നുംതന്നെ പ്രയാസങ്ങളായി എനിക്കു തോന്നുന്നില്ല. നാനാവശത്തുനിന്നും വളരെയധികം എതിർപ്പു കൾ ഉണ്ടായികൊണ്ടിരിക്കുന്നു.

എനിക്കു വേണ്ടിയും എന്റെ സംരംഭങ്ങളുടെ വിജയത്തിനു വേണ്ടിയും താങ്കൾ പ്രത്യേകം പ്രാർത്ഥിക്കണമെ.

സസ്നേഹം,
മാർ ഈവാനിയോസ്.

## പ്രോത്സാഹനസന്ദേശങ്ങളും അനുമോദനക്കത്തുകളും

ഒരുവശത്തുനിന്നും പരിഹാസശരങ്ങളും ശകാരമാരികളും വർഷി ക്കപ്പെടുകയും ദുഷ്പ്രചരണം നടത്തുകയും ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ മറുവശത്തുനിന്നും വമ്പിച്ചസ്വീകരണങ്ങളും, മംഗള പത്രസമർപ്പണങ്ങളും, പ്രോത്സാഹനസന്ദേശങ്ങളും, പ്രാർത്ഥനാവാഗ്ദാ നങ്ങളുമാണു കഥാപുരുഷനു ലഭിച്ചുകൊണ്ടിരുന്നത്. കേരളത്തിൽ നടന്ന ഈ പുനരൈക്യവാർത്ത പത്രങ്ങൾ മുഖേന ലോകത്തിന്റെ നാനാഭാഗങ്ങളിൽ അറിയപ്പെട്ടതിന്റെ ഫലമായി കർദ്ദിനാളന്മാർ, മെത്രാ ന്മാർ, വൈദികർ, അല്മായർ ആദിയായവർ അയച്ചുകൊണ്ടിരുന്ന ആയി രക്കണക്കിനു അനുമോദനസന്ദേശങ്ങൾ കമ്പിവഴിയായും കത്തുകൾമു ഖേനയും തിരുവല്ലായിലേക്കു പ്രവഹിക്കുവാൻ തുടങ്ങി. റോമിൽനിന്നും മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പൗരസ്ത്യ സഭകളുടെ സെക്രട്ടറി അത്യുന്നത കർദ്ദിനാൾ സിഞ്ചോറാ മുഖേന മാർ ഈവാനി യോസിനും പുനരൈക്യപ്രസ്ഥാനത്തിൽ ഉൾപ്പെട്ട എല്ലാ കത്തോലിക്കാ വിശ്വാസികൾക്കുമായി അയച്ചുകൊടുത്ത കത്തിലെ ചില ഭാഗങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

“........യാക്കോബായ സഭയിൽനിന്നുള്ള വൈദികരുടെയും, അൽമായരുടെയും കത്തോലിക്കാ പുനരൈക്യവാർത്ത അതീവ സന്തോഷത്തോടും സംതൃപ്തിയോടും കൂടെയാണു പരിശുദ്ധപിതാവു ശ്രവിച്ചത്. കത്തോലിക്കാസഭയെ ആശ്ലേഷിച്ചിരിക്കുന്ന വന്ദ്യതിരു മേനിക്കും, മാർ തെയോഫിലോസു തിരുമേനിക്കും, വൈദികർക്കും, സന്ന്യാസമൂഹാംഗങ്ങൾക്കും, വിശ്വാസികളായ ഏവർക്കും പരിശുദ്ധ പിതാവു പൈതൃകമായ ആശീർവാദം നൽകുന്നു എന്ന വിവരം അറി

യിക്കുവാൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. ക്രിസ്തീയ സ്നേഹത്താലും അരൂപിയാലും പ്രേരിതമായ താങ്കളുടെ തീക്ഷ്ണതയേറിയ പരിശ്രമങ്ങളെ പരിശുദ്ധപിതാവു പ്രത്യേക ശ്രദ്ധയോടും താല്പര്യത്തോടും വീക്ഷിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. അതോടൊപ്പംതന്നെ വിശ്വാസികളായ സകലരും നമ്മുടെ കർത്താവിന്റെ കാരുണ്യത്തിന്റെ ബഹുലതയും ദാനങ്ങളുടെ പൂർണ്ണിമയും നിമിത്തം തന്നോടൊത്തുചേർന്നു അവിടുത്തെ പുകഴ്ത്തുന്നതിനു പരിശുദ്ധപിതാവു ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.”

കർദ്ദിനാൾ സിഞ്ചോറോ

## സ്വീകരണങ്ങളും യോഗങ്ങളും

കേരളത്തിലെ വിവിധ ഭാഗങ്ങളിലേ കത്തോലിക്കാ കേന്ദ്രങ്ങളിൽവെച്ചു മാർ ഈവാനിയോസിനും മാർ തെയോഫിലോസിനും വമ്പിച്ച സ്വീകരണങ്ങളാണു ലഭിച്ചുകൊണ്ടിരുന്നത്. എറണാകുളം, ചങ്ങനാശ്ശേരി, അതിരമ്പുഴ, കുറവിലങ്ങാട്, കോതമംഗലം, തൃശൂർ തുടങ്ങിയ എല്ലാ പ്രധാന കേന്ദ്രങ്ങളിലും ഇപ്രകാരമുള്ള സ്വീകരണങ്ങൾ നടത്തപ്പെട്ടു. അതേതുടർന്നു അനുമോദനയോഗങ്ങളും മംഗളപത്ര സമർപ്പണവും നടക്കുകയുണ്ടായി. ആയിരക്കണക്കിനു ആളുകൾ പ്രസ്തുത യോഗങ്ങളിൽ താല്പര്യപൂർവ്വം സംബന്ധിച്ചിരുന്നു. കേരളത്തിനു പുറത്തുള്ള പല പട്ടണങ്ങളിൽവച്ചും ഏവംവിധമുള്ള അനുമോദനയോഗങ്ങളും മംഗളപത്ര സമർപ്പണങ്ങളും നടത്തപ്പെട്ടു. തൃശ്ശിനാപ്പള്ളി, മദ്രാസ്, ബാംഗ്ളൂർ, ഗോവാ, മധുര ആദിയായ പട്ടണങ്ങൾ ഈ കൂട്ടത്തിൽപ്പെടുന്നു. താൻ കത്തോലിക്കാസഭയെ ആശ്ലേഷിച്ചതിന്റെ യഥാർത്ഥ കാരണങ്ങൾ വിവരിച്ചുകൊണ്ടും പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കു അവശ്യം വേണ്ട പ്രാർത്ഥനാസഹായം അഭ്യർത്ഥിച്ചുകൊണ്ടുമുള്ള ആശയസമ്പൂർണ്ണമായ പ്രസംഗങ്ങൾ പ്രസ്തുത യോഗങ്ങളിൽ ആർച്ചുബിഷപ്പ് ചെയ്യുകയുണ്ടായി. പ്രാരംഭ കാലത്തു പുനരൈക്യപ്രസ്ഥാനത്തിൽ അതീവതാല്പര്യം പ്രദർശിപ്പിക്കുകയും അതിന്റെ വിജയത്തിനു വേണ്ടി നിസ്വാർത്ഥമായി പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്ന ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷനും വൈദികരും, ജനങ്ങളുംകൂടി പുനരൈക്യപ്പെട്ട രണ്ടു തിരുമേനിമാർക്കും 1930 ഒക്ടോബർ 2-ാം തീയതി നൽകിയ ഗംഭീരസ്വീകരണത്തെപ്പറ്റിയുള്ള വാർത്ത അക്കാലത്തു പത്രങ്ങളിൽ റിപ്പോർട്ടുചെയ്തിരുന്നതു ചുവടെ ചേർക്കുന്നു.

## ബഥനി തിരുമേനിമാർ ചങ്ങനാശ്ശേരിയിൽ

എറണാകുളത്തുനിന്നും ബോട്ടുമാർഗ്ഗം ചന്തക്കടവിൽ എത്തിയ മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നീ തിരുമേനിമാർ മെത്രാസനപ്പള്ളിയിലേക്കു എഴുന്നെള്ളി, പള്ളിയിലേക്കു യഥായോഗ്യം സ്വീകരിക്കപ്പെട്ടശേഷം തിരുമേനിമാർ അന്ത്യോക്യാ റീത്തിലുള്ള വിശുദ്ധ കുർബാന ആരംഭിച്ചു. ആ തിരുകർമ്മത്തിനു ശേഷം മാർഈവാനിയോസ് തിരുമനസ്സുകൊണ്ടു ഒരു പ്രസംഗം ചെയ്തു. ഇതിനെത്തുടർന്നു രൂപതാദ്ധ്യക്ഷൻ ഡോ. ജയിംസ് കാളാശ്ശേരി തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ വമ്പിച്ച അനുമോദന മഹായോഗം നടത്തപ്പെട്ടു. വൈദികരുൾപ്പെടെ കത്തോലിക്കരും അകത്തോലിക്കരുമായ അനേകം പ്രമുഖ വ്യക്തികൾ മണ്ഡപത്തിൽ സന്നിഹിതരായിരുന്നു. 4000 ത്തോളം വരുന്ന ഒരു ജന സംഘം മണ്ഡപത്തിന്റെ പരിസരങ്ങളിൽ സ്ഥലംപിടിച്ചിരുന്നു. ഇടവകക്കാരുടെ വകയായി തയ്യാർചെയ്തിരുന്ന മംഗളപത്രം വികാരി പെ. ബ. പി. കെ. അന്തോണികത്തനാർ വായിച്ചു സമർപ്പിച്ചു. ഇതിനു മറുപടിയായി മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ടു യാക്കോബായസഭയുടെ ആധുനികനില, കൂനൻകുരിശുസത്യം, മാതൃസഭയോടു ഐക്യപ്പെടുന്നതിനുവേണ്ടി പൂർവ്വകാലം മുതൽ നടത്തിട്ടുള്ള പരിശ്രമങ്ങൾ, ബഥനിസ്ഥാപനം, പരിശുദ്ധ സിംഹാസനവുമായുള്ള തന്റെ എഴുത്തുകുത്തുകൾ, കൊല്ലത്തുവെച്ചു നടന്ന പുനരൈക്യം, അകത്തോലിക്കാ സഹോദരങ്ങൾ നടത്തികൊണ്ടിരിക്കുന്ന ശക്തിമത്തായ എതിർപ്പുകൾ എന്നീ വിവിധ വിഷയങ്ങളെപ്പറ്റി സുദീർഘസമയം പ്രസംഗിച്ചു. തുടർന്നു കാളാശ്ശേരി തിരുമേനിയുടെ രസാവഹമായ ആദ്ധ്യക്ഷപ്രസംഗമാണു നടന്നത്. പ്രസംഗം താഴെ ചേർക്കുന്നു:-

മാന്യമഹാജനങ്ങളേ,

........ഏശാവും യാക്കോബും തമ്മിൽ പിണങ്ങിപ്പിരിഞ്ഞു എങ്കിലും പിന്നീടു അവർ തമ്മിൽ ഐക്യപ്പെടുകയാണുണ്ടായത്. നിസ്സാരമായ അഭിപ്രായവ്യത്യാസം നിമിത്തം 1653-ൽ കുനൻകുരിശിങ്കൽ വെച്ചു സത്യം ചെയ്തു പിരിഞ്ഞ കുടുംബത്തിലെ ഒരു പ്രിയപ്പെട്ട സഹോദരനും യാക്കോബ് എന്ന നാമധേയനായ നാമും തമ്മിൽ ഇന്നിതാ ഐക്യപ്പെട്ടിരിക്കുന്നു.

സുമാർ നൂറു വർഷത്തിനുമുമ്പു നമ്മുടെ മുമ്പാകെ കാണുന്ന ഈ ബ്രഹ്മാണ്ഡദൈവാലയത്തിന്റെ സ്ഥാനത്തുണ്ടായിരുന്ന പള്ളി

ഒരു യാക്കോബായ മെത്രാനും അനുയായികളും കൂടി അന്യായമായി കൈവശപ്പെടുത്തുന്നതിനുവേണ്ടി വന്നിരുന്ന സംഭവം ചരിത്രപ്രസിദ്ധമാണല്ലോ. തദവസരത്തിൽ നമ്മുടെ പൂർവ്വികന്മാർ പള്ളിക്കുള്ളിൽ കയറി കതകുകൾ ബന്ധിച്ചു ദൈവത്തോടു പ്രാർത്ഥിക്കുകയും അങ്ങനെ അവരിൽനിന്നും ഈ പള്ളിയെ രക്ഷിക്കുകയും ചെയ്തു. എന്നാൽ ഇപ്പോളിതാ, യാക്കോബായസഭയിൽ നിന്നും കത്തോലിക്കാസഭയെ ആശ്ലേഷിച്ച രണ്ടു തിരുമേനിമാർ നമ്മുടെ കത്തീഡ്രൽ കൈവശപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അന്നത്തെ സംഭവത്തോടു താരതമ്യപ്പെടുത്തുമ്പോൾ ഇന്നത്തെ ഈ മഹൽസംഭവം അത്ഭുതകരം തന്നെയല്ലയോ! അന്നു അവരെ നാം ഇവിടെനിന്നും ഓടിച്ചു. ഇന്നാകട്ടെ അവരുടെ പിൻഗാമികളെ നാം ആഘോഷപൂർവ്വം സ്വീകരിച്ചു ബഹുമാനിച്ചു ഈ രണ്ടു സംഭവങ്ങൾ എത്രയോ വ്യത്യാസമായിരിക്കുന്നു!

നമ്മുടെ ഈ തിരുമേനിമാർ സമാരംഭിച്ചിരിക്കുന്ന പുനരൈക്യപ്രസ്ഥാനം തക്കതായ ഫലം പുറപ്പെടുവിക്കുന്നതിനു ഇനിയും വളരെ കൂടുതലായി നാം പ്രാർത്ഥിക്കേണ്ടതുണ്ട്. അതിന്നായി നിങ്ങൾ എല്ലാവിധത്തിലും സഹായസഹകരണങ്ങൾ നല്കിക്കൊടുക്കണമെന്നു ഈ സന്ദർഭത്തിൽ നാം അഭ്യർത്ഥിക്കുന്നു.''

## ഗോവാ സന്ദർശനം

1931 ഡിസംബർ 4 മുതൽ 1932 ജനുവരി 10 വരെ ഗോവയിൽ വിശുദ്ധ ഫ്രാൻസിസ്സ് സേവ്യറിന്റെ ശരീരം പരസ്യമായി പ്രദർശിപ്പിച്ചിരുന്ന അവസരത്തിൽ നമ്മുടെ കഥാപുരുഷൻ അവിടം സന്ദർശിക്കുകയും അതു സംബന്ധിച്ചു നടത്തപ്പെട്ട വിവിധ കർമ്മങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. വിശുദ്ധന്റെ അഭംഗുര ശരീരത്തിനു സമീപമുള്ള അൾത്താരയിൽ ദിവ്യബലി സമർപ്പിക്കുന്നതിനും ആ ശരീരത്തിൻ മുൻപാകെ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനും അദ്ദേഹത്തിനു ഭാഗ്യം ലഭിച്ചു. അതുകൂടാതെ ആ വിശുദ്ധ ശരീരം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണത്തിൽ സംബന്ധിക്കുന്നതിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട മെത്രാപ്പോലീത്തന്മാരിൽ ഒരുവനായിരുന്നതിനാൽ സുദീർഘസമയം അതിനുള്ള ഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു. തിരുവല്ലായിൽ മടങ്ങിയെത്തിയശേഷം അന്നു തിരുവനന്തപുരം പാങ്ങോലാട്ട് ആശ്രമത്തിൽ സന്ന്യാസസംബന്ധമായ പഠനവും പരിശീലനവും നടത്തിക്കൊണ്ടിരുന്ന റവ. ഫാ. ജോൺ ഒ. ഐ. സി.യുടെ പേർക്കു തന്റെ ഗോവാ സന്ദർശനത്തെപ്പറ്റി കഥാപുരുഷൻ അയച്ച കത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

കത്തോലിക്കാമെത്രാപ്പോലീത്തൻ അരമന
തിരുവല്ല, 11 ജനുവരി 1932.

My dearest Fr. John,

സന്തോഷപ്രദങ്ങളായ ദിവസങ്ങളാണു ഞാൻ ഗോവായിൽ കഴിച്ചുകൂട്ടിയത്. ഗോവായിലെ പാത്രിയർക്കീസ് തിരുമനസ്സുകൊണ്ടു എന്നോടു എത്രയും സ്നേഹപൂർവ്വം വർത്തിച്ചു. വിശുദ്ധ ഫ്രാൻസിസ്സ് സേവ്യറിന്റെ ശരീരം ദർശിക്കുന്നതിനും, മുഖത്തും, കൈയ്യിലും, പാദങ്ങളിലും ചുംബിക്കുന്നതിനുമുള്ള സൗകര്യം അദ്ദേഹം എനിക്കുണ്ടാക്കിത്തന്നു. വിശുദ്ധന്റെ ശരീരം കൺമുൻപാകെ ദർശിച്ചുകൊണ്ടു സമീപമുള്ള അൾത്താരയിൽ ദിവ്യബലി സമർപ്പിക്കുന്നതിനും, ബഥനിആശ്രമത്തിലും കർമ്മലീത്താ ആശ്രമത്തിലുമുള്ള എല്ലാവർക്കും, പ്രത്യേകിച്ചു ആർച്ചുബിഷപ്പ് ഡോക്ടർ ബൻസിഗർ തിരുമേനിക്കും, മറ്റുള്ള അനേകർക്കും വേണ്ടി പ്രാർത്ഥിക്കുന്നതിനും എനിക്കു സാധിച്ചു. കൂടാതെ വിശുദ്ധന്റെ പ്രാർത്ഥനയാൽ നാമെല്ലാവരും വിശുദ്ധരായിത്തീരുന്നതിനും അദ്ദേഹത്തിനുണ്ടായിരുന്നതുപോലെ സജീവവിശ്വാസവും അപ്പസ്തോലികതീക്ഷ്ണതയും നമുക്കെല്ലാം ലഭിക്കുന്നതിനും വേണ്ടി ഞാനപേക്ഷിച്ചു. മാത്രമല്ല, ബഥനി സന്ന്യാസാശ്രമവും സന്ന്യാസിനീമഠവും അദ്ദേഹത്തിന്റെ കാല്പാദത്തിൻ കീഴിൽ ഞാൻ സമർപ്പിക്കുകയും ചെയ്തു.

1922 മുതൽ 1931 വരെ വിശുദ്ധന്റെ ശരീരത്തിലുണ്ടായിരുന്ന വസ്ത്രങ്ങളിൽ നിന്നും ഓരോ ചെറിയ കഷ്ണം വീതം അവിടെ സന്നിഹിതരായിരുന്ന എല്ലാ മെത്രാന്മാർക്കും പാത്രിയർക്കീസ് നൽകുകയുണ്ടായി. ആക്കൂട്ടത്തിൽ എനിക്കും തിരുശേഷിപ്പിന്റെ ഒരംശം ലഭിക്കുകയുണ്ടായി. പക്ഷേ, അതുകൊണ്ടുമാത്രം ഞാൻ തൃപ്തിപ്പെടാതെ വിശുദ്ധ ശരീരത്തിന്റെ ഒരംശം എനിക്കു നൽകണമെന്നു അദ്ദേഹത്തോടു അഭ്യർത്ഥിച്ചു. അതിനുവേണ്ടി, തിരുശരീരത്തിന്റെ സൂക്ഷിപ്പുകാരനായ കാനനോടു ആലോചിച്ചശേഷം ആ പവിത്ര ശരീരത്തിൽനിന്നൊരുഭാഗം-വിശുദ്ധന്റെ കൈവിരലിലെ ഒരംശം-അദ്ദേഹം എനിക്കു നൽകുകയുണ്ടായി. തന്നിമിത്തം എത്രയും സമ്പന്നനായിട്ടാണു ഗോവായിൽ നിന്നും ഞാനിവിടെ മടങ്ങിയെത്തിയിരിക്കുന്നത്........."

എന്ന് കർത്താവിൽ താങ്കളുടെ
മാർ ഈവാനിയോസ്
ബഥനി മെത്രാപ്പോലീത്താ.

## അദ്ധ്യായം 37

# രസകരങ്ങളായ ഏതാനും സംഭവകഥകൾ

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തു നടന്ന രസാവഹങ്ങളായ ഏതാനും സംഭവകഥകളാണു തുടർന്നുള്ള അദ്ധ്യായത്തിൽ ചേർക്കുന്നത്. പ്രസ്തുത സംഭവങ്ങൾ നടന്ന സ്ഥലങ്ങളുടെയും നടത്തിയ ആളുകളുടെയും പേരുവിവരം അതേവിധം ഇതിൽ ഉൾപ്പെടുത്തുന്നതു നന്നല്ല എന്ന ബോദ്ധ്യം നിമിത്തം അവ ഇവിടെ വിട്ടുകളഞ്ഞിരിക്കുകയാണ്.

### ശവപ്പെട്ടി പ്രദക്ഷിണം

ആർച്ചുബിഷപ്പിനെ അതിയായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ജനങ്ങൾ നിവസിച്ചിരുന്നതും അദ്ദേഹത്തിനു തികഞ്ഞ സ്വാധീനശക്തി ഉണ്ടായിരുന്നതുമായ ഒരു ഇടവകയിൽ നടന്ന സംഭവമാണിത്:–

പള്ളിയിൽ നിന്നും ശവമണിയുടെ സ്വരം മുഴങ്ങിക്കേൾക്കുന്നു. എന്താണു സംഭവിച്ചത്, ആരാണു മരിച്ചതു എന്നറിയുവാനായി ഒട്ടനേകം ആളുകൾ അവിടെ ഓടിക്കൂടിയപ്പോൾ അസാധാരണമായ ഒരു കാഴ്ചയാണു അവരുടെ ദൃഷ്ടിയിൽപ്പെട്ടത്. നാലാളുകൾ കൂടി ഒരു ശവപ്പെട്ടി വഹിച്ചിരുന്നു. അതിന്റെ പുറത്തു ''ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്''എന്നു ചുണ്ണാമ്പുകൊണ്ടു രേഖപ്പെടുത്തിയിട്ടുണ്ട്. ശവസംസ്ക്കാരപ്രദക്ഷിണത്തിൽ ആലപിക്കപ്പെടുന്ന ''കരുണ നിറഞ്ഞ

വനേ പുനരുത്ഥാനത്തിൽ, നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ" എന്ന ഗീതം ചൊല്ലിക്കൊണ്ടു ഏതാനും ആളുകൾ ശവപ്പെട്ടിയുടെ ചുറ്റും കുടിയിരിക്കുന്നു. വിവരം അറിയുവാൻ വന്നവർ ചോദിച്ചു "എന്താണു അതിനുള്ളിലെന്ന്." "ആരുടേയും മൃതശരീരമല്ല, അഞ്ചടി നീളമുള്ള ഒരു വാഴപ്പിണ്ടിയാണ്" എന്ന ഉത്തരമാണു അവർക്കു ലഭിച്ചത്.

അങ്ങനെ ശവപ്പെട്ടിയും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം മുമ്പോട്ടു നീങ്ങി. ആർച്ചുബിഷപ്പിന്റെ ബഹുമാനാർത്ഥം ആ പ്രദേശത്തു നടത്തുന്ന ഒരു അനുമോദനയോഗത്തിൽ സംബന്ധിക്കുന്നതിനായി അദ്ദേഹം അതുവഴി വരുന്നുണ്ടെന്നു പ്രകടനക്കാർ മുൻകൂട്ടി ഗ്രഹിച്ചിരുന്നു. തൻനിമിത്തം അദ്ദേഹം വരുന്ന വഴിയിൽ വച്ചു തന്നെ അദ്ദേഹത്തെ പരസ്യമായി അവഹേളിക്കണമെന്നായിരുന്നു അവരുടെ പ്ലാൻ. പക്ഷേ, ആർച്ചുബിഷപ്പു ആ വിവരം അറിഞ്ഞുകൊണ്ടല്ലെങ്കിലും വേറൊരു വഴിയിൽക്കുടെയാണു കാറിൽ അനുമോദനസ്ഥലത്തേക്കു പോയത്. കുറേ സമയം ഗീതം ആലപിച്ചും ശവപ്പെട്ടി വഹിച്ചുംകൊണ്ടു നടന്ന പ്രകടനക്കാർ വഴിമദ്ധ്യേ അദ്ദേഹത്തെ കാണാതെ നിരാശരായി ശവപ്പെട്ടി എവിടെയോ ഇട്ടശേഷം "എന്നെ കണ്ടതു മിണ്ടല്ലേ" എന്ന മട്ടിൽ അവരവരുടെ വീടുകളിലേക്കു പോവുകയും ചെയ്തു.

അന്നേദിവസം സന്ധ്യയോടുകൂടെ ആ പ്രദക്ഷിണത്തിന്റെ സൂത്രധാരത്വം വഹിച്ച ഒരുവൻ വേറൊരുവനുമായി ശണ്ഠയുണ്ടാവുകയും കത്തിക്കുത്തേറ്റു പെട്ടെന്നു മരിക്കുകയും ചെയ്തു. പിറ്റേദിവസം രാവിലെ പോസ്റ്റ്മാർട്ടത്തിനുശേഷം, ഏതൊരു വഴിയിൽക്കൂടി ആർച്ചുബിഷപ്പിനെ അവഹേളിക്കുന്നതിനായി ശവപ്പെട്ടി പ്രദക്ഷിണം നടത്തിയോ, അതേ റോഡിൽക്കൂടി അവന്റെ മൃതശരീരവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം സെമിത്തേരിയിലേക്കു പോവുകയും ചെയ്തു.

ഏതാണ്ടു ഒരാഴ്ച കഴിഞ്ഞു പരേതന്റെ വസതിയുടെ മുമ്പിൽ ഒരു കാർ വന്നുനിന്നു ഹോൺ അടിച്ചു. ഒരു സ്ത്രീയും രണ്ടു കുട്ടികളും വീട്ടിനുള്ളിൽനിന്നു ഇറങ്ങി വന്നു. കാറിനുള്ളിൽനിന്നു പുറത്തേക്കു വന്ന ആർച്ചുബിഷപ്പ് തന്റെ അനുശോചനം ആ വിധവയോടും അനാഥക്കുഞ്ഞുങ്ങളോടും പ്രകടിപ്പിക്കുകയും, തന്റെ പോക്കറ്റിൽ കയ്യിട്ടു കുറേ രൂപ എടുത്തു ആ വിധവയ്ക്കു സംഭാവന നൽകി മടങ്ങിപ്പോവുകയും ചെയ്തു. ഈ വിവരം അറിഞ്ഞ സ്ഥലവാസികളിൽ

ആർച്ചുബിഷപ്പിനോടു ഭക്തിയും ബഹുമാനവും പതിന്മടങ്ങു വർദ്ധി ക്കുന്നതിനു ഇടയായി.

## ഗോബായ്ക്കു പ്രക്ഷോഭണം

അച്ചൻകോവിൽ ആറ്റിന്റെ തീരത്തു ഒരു കടത്തുകടവിന്നടുത്തുള്ള റോഡിൽവെച്ചു നടന്ന സംഭവമാണിത്. അടുത്തുള്ള ഒരു മിഷ്യൻസ്ഥലത്തു ഏതാനും ആളുകളെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കുന്നതിനുവേണ്ടി ആർച്ചുബിഷപ്പ് അതുവഴി കാറിൽ വരുന്നുണ്ടെന്നു ഗ്രഹിച്ച സ്ഥലവാസികളിൽ ഏതാനും ആളുകൾ കുറേ സമയം ആർച്ചുബിഷപ്പിന്റെ കാർ അവിടെ തടഞ്ഞുനിറുത്തി പരസ്യമായി അവഹേളിക്കണമെന്നു നിശ്ചയിച്ച് അതിനുവേണ്ട പ്ലാൻ തയ്യാറാക്കി. ആർച്ചുബിഷപ്പു വരുന്നതിനു അല്പം മുൻപു ചെങ്ങാടം മറുകരയിൽ കൊണ്ടിടുന്നതിനു കടത്തുകാരനെ അവർ ഏർപ്പാടു ചെയ്തു. അതും കൂടാതെ, ആർച്ചുബിഷപ്പ് ആഗതനാകുമ്പോൾ കരിങ്കൊടി ഉയർത്തിപ്പിടിച്ചു "ആർച്ചുബിഷപ്പ് ഗോബായ്ക്ക്" എന്ന മുദ്രാവാക്യം മുഴക്കുന്നതിനുവേണ്ടി ഏതാനും ബാലികാബാലകന്മാരെ പരിശീലിപ്പിക്കുകയും ചെയ്തു. അങ്ങനെ ആർച്ചുബിഷപ്പു വരുന്നതിനു അല്പം മുമ്പു കരിങ്കൊടിയും വഹിച്ചുകൊണ്ടു ഏതാനും കുട്ടികൾ റോഡിനു ഇരുവശത്തുമായി നിലയുറപ്പിച്ചു. നിമിഷങ്ങൾ കഴിഞ്ഞില്ല, ഒരു കാറിന്റെ ഹോണടി മുഴങ്ങി. കാർ വന്നു ആറ്റുകടവിൽനിറുത്തിക്കഴിഞ്ഞു. കുട്ടികൾ തങ്ങൾക്കു ലഭിച്ച നിർദ്ദേശമനുസരിച്ചു കരിങ്കൊടികൾ ഉയർത്തികൊണ്ടു "ആർച്ചുബിഷപ്പ് ഗോബായ്ക്ക്." "ആർച്ചുബിഷപ്പ് ഗോബായ്ക്ക്" എന്ന മുദ്രാവാക്യം മുഴക്കുവാൻ തുടങ്ങി. കാറിനുള്ളിൽനിന്നു കാക്കിവേഷധാരിയായ ഒരു ഉദ്യോഗസ്ഥൻ-ഡി. എസ്സ്. പി. "കടുവാസുബ്രഹ്മണ്യം" -പുറത്തേക്കു ഇറങ്ങിവന്നു.

ഈ പ്രക്ഷോഭണത്തിന്റെ സൂത്രധാരന്മാരെ വിളിച്ചു ഇതിന്റെ കാരണമെന്തെന്നു ഡി.എസ്സ്.പി. ആരാഞ്ഞു. വാസ്തവം അവർ തുറന്നു പറഞ്ഞു. ഇതുകേട്ടു ഡി.എസ്സ്.പി. പൊട്ടിച്ചിരിച്ചു. കുട്ടികളോടു നിശ്ശബ്ദമായിരിക്കാൻ അദ്ദേഹം ആജ്ഞാപിച്ചു.

അല്പനിമിഷങ്ങൾ കഴിഞ്ഞില്ല, ഒരു കാറിന്റെ ഹോണടി മുഴങ്ങി കാർ വന്നു അവിടെ നിന്നു. അതിനുള്ളിൽനിന്നും ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പുറത്തേക്കിറങ്ങി. തന്റെ സുഹൃത്തായ സുബ്രഹ്മ

ണ്യത്തെ കണ്ട ഉടൻ ഓടിച്ചെന്നു കൈയ്കൊടുത്തു. അവരിരുവരും അല്പനേരം കുശലപ്രശ്നം നടത്തി. അവിടെ നടന്ന കാര്യങ്ങളെല്ലാം ഡി.എസ്സ്.പി. ആർച്ചുബിഷപ്പിനെ അറിയിച്ചു. രണ്ടുപേരും കുറേനേരം പൊട്ടിച്ചിരിച്ചു. ഇതിനിടയിൽ ഡി.എസ്സ്.പി. യുടെ കാർ അക്കരെ കട ത്തുന്നതിനായി കടത്തുകാരൻ ചങ്ങാടം കൊണ്ടുവന്നു. ഇതറിഞ്ഞ ഡി.എസ്സ്.പി.യാകട്ടെ, അടുത്തുനിന്ന പോലീസുകാരനോടു പറയുക യാണ് "ആർച്ചുബിഷപ്പിന്റെ കാർ ആദ്യമായി അക്കരെ കൊണ്ടുപോ കട്ടെ പിന്നീടു എന്റെ കാർ കൊണ്ടുപോയാൽ മതി." ഇതു കേട്ടു ആർച്ചുബിഷപ്പ് ഡി.എസ്സ്.പി.യോടു പറഞ്ഞു "അവിടുന്നല്ലേ ആദ്യം വന്നത്? അതുകൊണ്ടു അവിടുത്തെ കാർ കൊണ്ടുപോയതിനു ശേഷം മാത്രം എന്റെ കാർ കൊണ്ടുപോയാൽ മതി." ഡി.എസ്സ്.പി. "വേണ്ട, വേണ്ട, എന്നേക്കാൾ അത്യാവശ്യം തിരുമേനിക്കായിരിക്കുമല്ലോ അതു കൊണ്ടു തിരുമേനിയുടെ കാർ ആദ്യം പോകട്ടെ." അല്പനേരം നീണ്ടു നിന്ന ഈ സംവാദത്തിൽ ആർച്ചുബിഷപ്പു പരാജയമടയുകയും അങ്ങനെ അദ്ദേഹത്തിന്റെ കാർതന്നെ ആദ്യം മറുകരയ്ക്കു പോകു കയും ചെയ്തു.

## "റീത്തു വരുന്നേ റീത്ത്"

മാർ ഈവാനിയോസിന്റെ പരിശ്രമഫലമായി കത്തോലിക്കാസ ഭയിൽ ഒരു പുതിയ റീത്ത് (മലങ്കര റീത്ത്) അനുവദിക്കപ്പെട്ടതിനാൽ അതിലുൾപ്പെടുന്നതിനു ഭാഗധേയം സിദ്ധിച്ച വരെ "റീത്തുകാർ" എന്ന പദം ഉപയോഗിച്ചാണു എതിരാളികൾ സംബോധന ചെയ്തുവന്നത്. കത്തോലിക്കാസഭയിൽ ഇരുപതോളം റീത്തുകൾ ഇന്നു നിലവിലുണ്ടെ ങ്കിലും "മലങ്കരറീത്തിൽ"പ്പെട്ടവരെ മാത്രം അന്നുമുതൽ ഇന്നുവരെ പലരും-കത്തോലിക്കർ കൂടെയും-ഈ പദപ്രയോഗത്തിലാണു വിളി ച്ചുപോരുന്നത്. "റീത്തുകുർബാന" "റിത്തുപള്ളി" "റീത്തുകാർ" എന്നി ത്യാദി പദങ്ങൾ ഇതിനുദാഹരണമാണ്.

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തു ഒരു പട്ടണ ത്തിൽ വെച്ചു നടന്ന സംഭവമാണു താഴെ ചേർക്കുന്നത്:-

ബഥനിആശ്രമസ്ഥരായ രണ്ടു വൈദികർ ഏതോ മിഷ്യൻ സ്ഥലത്തു പോയശേഷം ക്ഷീണിച്ചുവശായി ഒരു പട്ടണത്തിൽക്കൂടെ തങ്ങളുടെ ആശ്രമത്തിലേക്കു നടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിൽ പട്ടണവാസികളായ ഏതാനുംപേർ അവരെ പര

സ്യമായി വഴിനീളേ അപഹസിക്കണമെന്നു നിശ്ചയിച്ചു അതിനുവേണ്ടി ഒരു തകരപ്പാട്ട അവർ വാങ്ങി കുട്ടികളെ ഭരമേല്പിച്ചു. വഴിയേ നടന്നു പൊയ്ക്കൊണ്ടിരുന്ന ആശ്രമസ്ഥരുടെ മുമ്പിൽക്കൂടെ തകരപ്പാട്ട കൊട്ടി “റീത്തു വരുന്നേ റീത്ത്” എന്നു അട്ടഹസിച്ചുകൊണ്ടു നടക്കണമെന്ന തായിരുന്നു അവർ നല്കിയ നിർദ്ദേശം. ഇതനുസരിച്ചു പ്രസ്തുത കുട്ടി കൾ ആശ്രമസ്ഥരുടെ മുമ്പിൽക്കൂടെ തകരവും കൊട്ടി മുദ്രാവാക്യം വിളിച്ചു മുമ്പോട്ടു നടകൊണ്ടു. ഈ കാഴ്ച ദർശിക്കുന്നതിനായി തെരു വീഥികളിൽ ഒട്ടനേകം കാഴ്ചക്കാരും നിരന്നുനിന്നു. ഏതാണ്ടു ഒരു മൈൽ ദൂരം കുട്ടികളുടെ പിറകെ ഈ അധിക്ഷേപവും സഹിച്ചു കൊണ്ടു ആശ്രമസ്ഥർക്കു നടക്കേണ്ടതായി വന്നുകൂടി. അവസാനം ക്ഷീണിച്ചു വശായ കുട്ടികൾ ബഹളം നിറുത്തി തകരപ്പാട്ടയും ഉപേ ക്ഷിച്ചു അവരവരുടെ വീടുകളിലേക്കു മടങ്ങിപ്പോകുകയും ചെയ്തു. ആശ്രമസ്ഥരാകട്ടെ, തങ്ങളുടെമേൽ വർഷിക്കപ്പെട്ട ഈ അധിക്ഷേപ മെല്ലാം ആ പട്ടണത്തിലെ അകത്തോലിക്ക സഹോദരങ്ങളുടെ പുന രൈക്യത്തിനുവേണ്ടി ദൈവമുമ്പാകെ കാഴ്ചയർപ്പിച്ചശേഷം സന്തോ ഷപൂർവ്വം തങ്ങളുടെ ആശ്രമത്തിലേക്കു പോയി. അവരുടെ ആ പീഡ നത്തിന്റെ ഫലമായി അന്നു ഒരൊറ്റ കത്തോലിക്കാ വീടുപോലുമില്ലാ തിരുന്ന ആ പട്ടണത്തിൽ പുനരൈക്യം പ്രാപിച്ച നൂറോളം ഭവനങ്ങൾ ഇന്നുണ്ടെന്നുള്ളതു ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ.

## ജീവനോടെ ശവക്കുഴിയിൽ

തങ്ങളിൽനിന്നും മൃതരായവരെ സംസ്ക്കരിക്കുന്നതിനു ശവ ക്കോട്ടകളില്ലാതെ പ്രാരംഭകാലത്തു പുനരൈക്യപ്പെട്ട ആളുകൾ വളരെ വിഷമിക്കേണ്ടി വന്നിട്ടുണ്ട്. ഗവൺമെന്റനുവാദം കൂടാതെ പൊതുസെ മിത്തേരികൾ സ്ഥാപിക്കുവാൻ അന്നു സാദ്ധ്യവുമല്ലായിരുന്നു. ഏതെ ങ്കിലും ഒരു സ്ഥലം വാങ്ങി അവിടെ സെമിത്തേരി അനുവദിച്ചു കിട്ടു ന്നതിനു ഗവൺമെന്റിൽ അപേക്ഷ അയച്ചാൽ അതിനുള്ള അനുവാദം നൽകാതിരിക്കുന്നതിനു വേണ്ടി എതിരാളികൾ പരാതി അയയ്ക്കുക അന്നു പതിവായിരുന്നു. ഒന്നെങ്കിൽ അതിനടുത്തു ഒരു വിദ്യാഭ്യാസ സ്ഥാപനമുണ്ട്, അല്ലെങ്കിൽ അടുത്തു വീടുകൾ ഉണ്ട്; അതുമല്ലാത്ത പക്ഷം അടുത്തുള്ള കിണറുകളിലെ വെള്ളം അശുദ്ധമായിത്തീരും. എന്നിത്യാദി കാരണങ്ങളായിരുന്നു അവരയച്ച പരാതികളിലെ ഉള്ള ടക്കം. തന്നിമിത്തം സെമിത്തേരിക്കുവേണ്ടിയുള്ള അപേക്ഷകളിൽ ഭൂരി

പക്ഷവും ഗവൺമെന്റു നിരസിക്കുകയാണുണ്ടായത്. ഇക്കാരണത്താൽ കത്തോലിക്കാസഭയിൽ ചേരുന്നതിനു സന്നദ്ധരായിരുന്ന അനേകരിൽ പലരും പിന്നീടു അതിൽനിന്നും സങ്കടപൂർവ്വം പിൻതിരിയുന്നതിനു ഇടയായിട്ടുണ്ട്. ഇക്കൂട്ടത്തിൽ, പുനരൈക്യപ്പെട്ട ഒരാളിന്റെ ശവസംസ്ക്കാരസമയത്തു നടന്ന രസകരമായ ഒരു സംഭവമാണു ചുവടെ ചേർക്കുന്നത്. ഈ ഗ്രന്ഥകർത്താവു ഇതിനു ദൃക്സാക്ഷിയുമാണ്.

പുനരൈക്യപ്പെട്ട ഒരാളുടെ മൃതശരീരം സംസ്ക്കരിക്കുന്നതിനു വേണ്ടി പുതുതായി വാങ്ങിയ സ്ഥലത്തേയ്ക്കു സംവഹിക്കപ്പെട്ടു. മാർ തിയോഫിലോസ് തിരുമേനിയും ഏതാനും വൈദികരും ഒട്ടനേകം ജനങ്ങളും അവിടെ സന്നിഹിതരായിട്ടുണ്ട്. ആ മൃതശരീരം അവിടെ സംസ്കരിക്കാതിരിക്കാൻ വേണ്ട തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനു ഏതാനും ആളുകൾ സമീപെ താമസിച്ചിരുന്ന ഒരു സാധു പുലയനു വേണ്ട നിർദ്ദേശങ്ങൾ നൽകി. അപ്രകാരം ചെയ്തുകൊള്ളാമെന്നു അവരുടെ നിർബ്ബന്ധംമൂലം അവൻ സമ്മതിക്കുകയും ചെയ്തു. പരേതനു വേണ്ടിയുള്ള പ്രാർത്ഥനകൾക്കു ശേഷം, മൃതശരീരം കുഴിയിലേക്കു ഇറക്കുവാൻ തുടങ്ങവേ, “ശവം ഇവിടെ അടക്കുവാൻ പാടില്ല” എന്നു ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടു ആ സാധു അവിടേയ്ക്കു ഓടിവന്നു. ആരും അതിനു ചെവികൊടുക്കാതെ ശവം കുഴിയിലേക്കു ഇറക്കുവാൻ ആരംഭിച്ചതും, അവൻ കുഴിയിലേക്കു ചാടിഇറങ്ങിയതും, അവിടെ മലർന്നുകിടന്നതും ഒറ്റനിമിഷത്തിൽ കഴിഞ്ഞു. ശവസംസ്ക്കാരകർമ്മം നിർവ്വഹിക്കുന്നതിനും അതിൽ സംബന്ധിക്കുന്നതിനും വേണ്ടി വന്നിരുന്ന എല്ലാവരും ഇതികർത്താവ്യതാമൂഢരായിത്തീർന്നു. ഇങ്ങനെ എല്ലാവരും വിഷമിച്ചു നിൽക്കവേ, അവിടെയുണ്ടായിരുന്ന ഒരുവൻ തൽക്ഷണം വിളിച്ചു പറഞ്ഞു. “എടുക്കിനെടാ ആ തൂമ്പാ ഇങ്ങോട്ട്. ഇവനെ ഇവിടെത്തന്നെ ജീവനോടു കുഴിച്ചുമൂടണം.” ഉടൻതന്നെ തൂമ്പാ തന്റെ കൈയ്യിൽ വാങ്ങി ഒരു തൂമ്പാ മണ്ണെടുത്തു അയാൾ കുഴിയിലേക്കു ഇടുവാൻ തുടങ്ങിയതും കുഴിയിൽനിന്നും ചാടി എഴുന്നേറ്റ് “അയ്യോ എന്നെ കൊല്ലരുതേ” എന്നു ദയനീയ സ്വരത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടു പുലയർ തന്റെ വീട്ടിലേക്കു ഓടിപ്പോയതും ഒരുനിമിഷം കൊണ്ടു കഴിഞ്ഞു. ഇതു കണ്ടും കേട്ടും നിന്നിരുന്ന സകലരും-തങ്ങളുടെ ബന്ധവും സ്നേഹിതനുമായിരുന്ന ഒരാളുടെ ശവസംസ്ക്കാര കർമ്മത്തിൽ സംബന്ധിക്കുവാൻ വന്നിരുന്നവർ കൂടെയും -അടക്കുവാൻ വയ്യാത്തവിധം പൊട്ടിച്ചിരിച്ചുപോയി. അങ്ങനെ

യാതൊരു കുഴപ്പവും സംഭവിക്കാതെ ശവസംസ്ക്കാരകർമ്മം നടത്തി എല്ലാവരും മടങ്ങി.

## ശ്വാനന്റെ കുർക്കംവലി

"എവിഡൻസ്" ഗിൽഡ് എന്ന അഭിധാനത്തിൽ ശ്രീമാൻ ഏ. പീലിപ്പോസ് M. A. B.L. ന്റെ നേതൃത്വത്തിൽ ഒരു സംഘടന അക്കാലത്തു തിരുവല്ലാരൂപതയിൽ സമാരംഭിച്ചിരുന്നു. കത്തോലിക്കാ വിശ്വാസസത്യങ്ങൾ അകത്തോലിക്കാസഹോദരങ്ങളെ ഗ്രഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രസംഗങ്ങൾ വിവിധ സ്ഥലങ്ങളിൽവെച്ചു നടത്തുക എന്നതായിരുന്നു ഈ ഗിൽഡു പ്രവർത്തകർ നിർവ്വഹിക്കേണ്ട ജോലികളിൽ പ്രാധാന്യമർഹിച്ചിരുന്നത്. ഇവരുടെ പ്രസംഗങ്ങൾക്കും പ്രവർത്തനങ്ങൾക്കും പ്രതിബന്ധമുണ്ടാക്കുവാനുള്ള പരിശ്രമങ്ങളും പല സ്ഥലങ്ങളിലുംവെച്ചു നടത്തപ്പെട്ടിട്ടുണ്ട്. ഇക്കൂട്ടത്തിൽ ഒരു ഗ്രാമപ്രദേശത്തു നടന്ന സംഭവമാണു താഴെ ചേർക്കുന്നത്.

അകത്തോലിക്കരുടെ കേന്ദ്രമായിരുന്ന ഗ്രാമത്തിലുള്ള ഒരു പുരയിടത്തിൽവെച്ചു വിശ്വാസവിഷയങ്ങളെ ആസ്പദമാക്കി പ്രസംഗങ്ങൾ നടത്തുന്നതാണെന്നു ഗിൽഡുകാർ മുൻകൂട്ടി പരസ്യം ചെയ്തിരുന്നു. ഈ പ്രസംഗങ്ങൾക്കു എങ്ങനെയെങ്കിലും തടസ്സമുണ്ടാക്കണമെന്നു എതിരാളികളുടെ അണിയറയിൽ ആലോചനയും ഇതിനിടയിൽ നടന്നു. അതിനുവേണ്ടി എപ്പോഴും കുരച്ചുകൊണ്ടിരിക്കുന്ന ഒരു പട്ടിയെ പ്രസംഗപ്പന്തലിൽ കൊണ്ടുവന്ന് ഒരു തൂണിൽ കെട്ടിയിടണമെന്നതായിരുന്നു അവർ ചെയ്ത നിശ്ചയം. അതനുസരിച്ചു എവിടെനിന്നോ ഒരു പട്ടിയെ കൊണ്ടുവന്നു പ്രസംഗം തടങ്ങുന്നതിനു അല്പം മുമ്പു പന്തലിനു മുമ്പിൽ അവർ ബന്ധിച്ചിട്ടു. യോഗം ആരംഭിച്ചു. സത്യാന്വേഷികളായ ഒട്ടനേകം അകത്തോലിക്കർ പ്രസംഗം കേൾക്കുന്നതിനുവേണ്ടി അവിടെ സന്നിഹിതരായിട്ടുണ്ട്. ഗിൽഡുകാർ പ്രസംഗിക്കുവാൻ തുടങ്ങി. ഈ സന്ദർഭത്തിൽ ദൈവാധീനത്താൽ ഒരു ചാറ്റൽമഴ അവടെങ്ങും പെയ്തു. അതുമൂലമുണ്ടായ തണുപ്പുനിമിത്തം ആ പട്ടി കാലും കയ്യും മടക്കി, ചുരുണ്ടുകൂടി കിടന്നു ഉറങ്ങുവാനും തുടങ്ങി. കുറേ കഴിഞ്ഞിട്ടും പട്ടി ഉണരുകയോ കുരയ്ക്കുകയോ ചെയ്യുന്നില്ല. പ്രസംഗം തടസ്സപ്പെടുത്തിന്നതിനായി പട്ടിയെ കൊണ്ടുവന്നവർ വിഷമിച്ചു. അവരിൽ ഒരുവൻ ഒരു വടി കൊണ്ടുവന്നു പട്ടിയെ ഉണർത്തുവാൻ അതിന്റെ ദേഹത്തിട്ടു രണ്ടുമൂന്നു പ്രാവശ്യം കുത്തിയെങ്കിലും

പട്ടി കുരച്ചതേയില്ല. ഈ കാഴ്ച കണ്ടുകൊണ്ടു പന്തലിലിരുന്നവർ പതുക്കെ ചിരിക്കുവാനും തുടങ്ങി. പ്രസംഗങ്ങൾ പലതും നടന്നു; അങ്ങനെ യോഗം അവസാനിച്ചു. പ്രസംഗം തടസ്സപ്പെടുത്തുവാനായി പട്ടിയേയുംകൊണ്ടുവന്നവർ അതിനെ അഴിച്ചുകൊണ്ടു ലജ്ജിതരായി പോകേണ്ടതായും വന്നു.

## രാമേശ്വരത്തെ ക്ഷൗരം

കത്തോലിക്കാസഭയെ ആശ്ലേഷിച്ച ഒരുവൻ രാമേശ്വരത്തെ ക്ഷൗരംപോലുള്ള ഒരു വിഷമസന്ധിയിൽ എത്തിച്ചേർന്ന കഥയാണു താഴെ ചേർക്കുന്നത്. പുനരൈക്യപ്പെട്ട കത്തോലിക്കരുടെ ക്ഷൗരം നടത്തുക, വസ്ത്രം അലക്കുക, മുറ്റം അടിക്കുക എന്നിത്യാദി ജോലികൾ ചെയ്തുകൊടുക്കുവാൻ പാടില്ലെന്നു ചില നേതൃമാന്യന്മാർ അക്കാലത്തു തൊഴിലാളികൾക്കു നിരോധനകല്പന നൽകിയിരുന്നു. ഒരിക്കൽ ഒരു ക്ഷുരകൻ ഒരദ്ധ്യാപകന്റെ മുടി അയാളുടെ വീട്ടിന്റെ മുറ്റത്തുവെച്ചു വെട്ടിക്കൊണ്ടിരിക്കുകയായിരുന്നു. ഈ സമയം അതുവഴി കടന്നു വന്ന ഒരു അകത്തോലിക്കാനേതാവ് ആ സാധുവായ ക്ഷുരകനോടു അവിടെ നിന്നും തൽക്ഷണം പൊയ്ക്കൊള്ളുവാൻ ആജ്ഞാപിച്ചു. ക്ഷുരകൻ ഭയപ്പെട്ടു അദ്ധ്യാപകന്റെ പകുതി മുടിയും വെട്ടി സ്ഥലംവിട്ടു! സാധുവായ അദ്ധ്യാപകനാകട്ടെ ഒരുദിവസം മുഴുവൻ “പകുതി വെട്ടിയ ശിരസ്സോടുകൂടി” കഴിച്ചുകൂട്ടേണ്ടതായി വന്നു. പിറ്റേദിവസം പതിവിൽ കൂടുതൽ കൂലികൊടുത്തു വളരെ ദൂരെനിന്നും ഒരു ക്ഷുരകനെ വരുത്തി ബാക്കി കൃത്യം പൂർത്തിയാക്കേണ്ടതായി വന്നുകൂടി.

ഈ സംഭവം നടന്നു ഒരാഴ്ച കഴിഞ്ഞു ആ സ്ഥലത്തു വന്നെത്തിയ ആർച്ചുബിഷപ്പ് ഈ വാർത്ത അറിഞ്ഞു പുഞ്ചിരിച്ചുകൊണ്ടു പറയുകയാണ് “പാവം അദ്ധ്യാപകൻ അയാൾ എന്നെ അന്നുതന്നെ വിവരമറിയിച്ചിരുന്നുവെങ്കിൽ ഞാൻ പോയി അയാളുടെ ബാക്കി മുടി കൂടെ വെട്ടിക്കൊടുക്കുമായിരുന്നുവല്ലോ.”

## നല്ല കള്ളന്റെ സംഭാവന

കഥാപുരുഷന്റെ പുനരൈക്യത്തിനുശേഷം പല കത്തോലിക്കാ ഇടവകകളിലും വച്ചു വമ്പിച്ച സ്വീകരണങ്ങളും, അനുമോദനയോഗങ്ങളും, സമ്മാനദാനങ്ങളും നടക്കുകയുണ്ടായിട്ടുണ്ട്. ഇക്കൂട്ടത്തിൽ ഒരിടവകയിൽവച്ചു ഒരു നല്ല കള്ളനെ കണ്ടുമുട്ടിയ കഥയാണിത്.

ഒരിടവകയിൽ നടത്തപ്പെട്ട അനുമോദനയോഗാവസരത്തിൽ ആ ഇടവകക്കാരുടെ വകയായി സ്വർണ്ണംകൊണ്ടുള്ള ഒരു കുരിശും മാലയും കഥാപുരുഷനു നൽകുകയുണ്ടായി. യോഗാനന്തരം ഈ സമ്മാനവും കൊണ്ടു തനിക്കുവേണ്ടി സജ്ജീകരിച്ചിരുന്ന മുറിയിലേക്കു വിശ്രമിക്കുന്നതിനായി ആർച്ചുബിഷപ്പു പോയി. ഉടനെ ആ സ്ഥലവാസിയായ ഒരുവൻ മുറിക്കുള്ളിൽ പ്രവേശിച്ചു കൈമുത്തിക്കൊണ്ടു പറയുകയാണ്: "തിരുമേനിക്കു ലഭിച്ച ആ കുരിശും മാലയും ഞാനൊന്നു കാണട്ടെ." അവനെപ്പറ്റി യാതൊരാശങ്കയും കൂടാതെ ആ കുരിശും മാലയുമെടുത്തു ആർച്ചുബിഷപ്പ് അവന്റെ കൈയിൽ കൊടുത്തു. അയാൾ അതു വാങ്ങി നോക്കിക്കൊണ്ടിരിക്കവേ, ആർച്ചുബിഷപ്പു ക്ഷീണംനിമിത്തം കട്ടിലിൽ കിടന്നു ഉറക്കമാരംഭിച്ചു. ഒരു മണിക്കൂർ കഴിഞ്ഞു ഉണർന്നപ്പോൾ കുരിശും മാലയും മേശപ്പുറത്തു കാണുവാനില്ല. അയാൾ ഒരു പഠിച്ച കള്ളനായിരുന്നുവെന്നു ആർച്ചുബിഷപ്പു നിശ്ചയിച്ചു എന്തായാലും തനിക്കു പറ്റിയ അബദ്ധം "ഇരുട്ടിൽ കിട്ടിയ അടിയെ"പ്പോലെ ആരോടും സംസാരിക്കാതെ രഹസ്യമായി സൂക്ഷിക്കുകയും ചെയ്തു.

ഏതാണ്ടു ഒരുമാസം കഴിഞ്ഞു തിരുവല്ലാ തിരുമൂലപുരത്തു കഥാപുരുഷൻ താമസിച്ചുകൊണ്ടിരുന്ന അരമനയിൽ ഒരുവൻ കയറിച്ചെന്നു കരങ്ങൾ ചുംബിച്ചു.

ആർച്ചുബിഷപ്പ്:- താനെവിടെനിന്നും വരുന്നു?

അയാൾ:- ഞാൻ (ഇന്ന) സ്ഥലത്തുനിന്നാണു വരുന്നത്. ഞങ്ങളുടെ ഇടവകയിൽ നടന്ന അനുമോദനയോഗത്തിൽവെച്ചു പിതാവിനു ഒരു സ്വർണ്ണക്കുരിശും മാലയും സമ്മാനിച്ച വിവരം ഓർക്കുന്നുണ്ടായിരിക്കുമല്ലോ.

ആർച്ചുബിഷപ്പ്:- ഓഹോ, നല്ലവണ്ണം ഓർക്കുന്നുണ്ട്. എന്താണു അതിനെപ്പറ്റി പറയാനുള്ളത്?

അയാൾ:- ഞാനാണു അന്നു പിതാവിന്റെ മുറിയിൽ കയറി മാലയും കുരിശും വാങ്ങിച്ചത്. പിതാവു ഉറങ്ങിപ്പോയതുനിമിത്തം വിളിച്ചുണർത്തേണ്ടാ എന്നു കരുതി അതുംകൊണ്ടു ഞാനന്റെ വീട്ടിലേക്കു പോയി. പിതാവു എന്നെ തെറ്റിദ്ധരിച്ചിരിക്കുമെന്നു എനിക്കു അറിയാം.

ആർച്ചുബിഷപ്പ് :- അതു സാരമില്ല, കാര്യമെന്തെന്നു പറയൂ.

അയാൾ :- അത്ര വിലകുറഞ്ഞ ഒരു കുരിശും മാലയും പിതാവിനു അന്നു സമ്മാനിച്ചതു ഞങ്ങളുടെ ഇടവകയുടെ സ്ഥിതിക്കു ചേരുന്നതല്ല എന്നു എനിക്കു അറിയാമായിരുന്നു. അതിനാൽ എന്റെ കൈയിൽനിന്നും കുറെ പണം ചെലവുചെയ്തു അതിന്റെ ഇരട്ടി സ്വർണ്ണംകൂടി വാങ്ങി കുരിശും മാലയും പുതുക്കിപ്പണിയണമെന്നു നിശ്ചയിച്ചു. പണിയുന്നതിനു അല്പം താമസിച്ചതു നിമിത്തമാണു ഇത്രയും കാലദൈർഘ്യം വരുത്തിപ്പോയത്. പിതാവു ക്ഷമിക്കണമെന്നു അപേക്ഷിക്കുന്നു. ആ കുരിശും മാലയും ഞാൻ കൊണ്ടു വന്നിട്ടുണ്ട്.

ഇത്രയും പറഞ്ഞുകൊണ്ടു കുരിശും മാലയും ആർച്ചുബിഷപ്പിന്റെ കഴുത്തിൽ അയാൾതന്നെ അണിയിച്ചു. ഇതിങ്കൽ സന്തോഷചിത്തനായ ആർച്ചുബിഷപ്പ് പറഞ്ഞു:

"കൊള്ളാം, നല്ല കള്ളൻ. നിന്നെയും കുടുംബത്തെയും ആ ഇടവകയെയും ദൈവം അനുഗ്രഹിക്കട്ടെ!"

## കുരിശും കിരീടവും

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലഘട്ടത്തിൽ പ്രസ്തുത പ്രസ്ഥാനത്തിനെതിരായുള്ള യോഗങ്ങളും പ്രസംഗങ്ങളും പലസ്ഥലങ്ങളിലുംവെച്ചു നടത്തിപ്പെട്ടിട്ടുണ്ട്. ഇക്കൂട്ടത്തിൽ അകത്തോലിക്കരുടെ കേന്ദ്രത്തിൽവെച്ചു നടന്ന യോഗത്തിൽ ഒരു പ്രമുഖവൈദിക പ്രസംഗകൻ പുനരൈക്യപ്രസ്ഥാനത്തെ അധിക്ഷേപിച്ചു ഒരു പ്രസംഗം ചെയ്തു. അതിൽ പുനരൈക്യപ്പെട്ട അല്മായരോടു താഴെ ചേർക്കും വിധമൊരു ചോദ്യം ഉന്നയിക്കയുണ്ടായി.

**മാന്യരെ,**

"റോമാസഭയിൽ ചേരുന്ന മെത്രാന്മാർക്കു ബ്രഹ്മാണ്ഡമായ അരമനയും മനോഹരമായ കാറും സുഖമായ ഭക്ഷണവും ലഭിക്കും. അച്ചന്മാർ ചേർന്നാൽ മാസംതോറും കുർബാനപ്പണവും ശമ്പളവും കിട്ടും. എന്നാൽ പാവപ്പെട്ട അൽമേനി, നീ ചേർന്നാൽ നിനക്കു എന്തുകിട്ടും?"

ഈ ചോദ്യം കേട്ടുകൊണ്ടിരുന്ന ഒരു അല്മായ സഹോദരൻ തൽക്ഷണം യോഗമദ്ധ്യേ എഴുന്നേറ്റു നിന്നു തന്റെ കഴുത്തിലുണ്ടായിരുന്ന കുരിശെടുത്തു പിടിച്ചുകൊണ്ടു ഉച്ചത്തിൽ പറയുകയാണ്:- "അച്ചാ ഞങ്ങൾക്കൊരു കുരിശു കിട്ടും." ഇതു കേട്ടു ആ വൈദിക

പ്രസംഗകൻ അല്പനേരം മൗനമായി നിന്നശേഷം തന്റെ പ്രസംഗ പ്രവാഹം വേറെ കൈവഴിയിലൂടെ തിരിച്ചുവിട്ടു. ആ പാവപ്പെട്ട അല്മായ സഹോദരൻ നൽകിയ മറുപടിയുടെ അർത്ഥം അദ്ദേഹ ത്തിനും ശ്രോതാക്കൾക്കും ശരിക്കു മനസ്സിലായി. കത്തോലിക്കാസഭ യിൽ ചേർന്നാൽ ഈലോക ജീവിതത്തിൽ കുരിശും പരലോക ജീവി തത്തിൽ കിരീടവും ലഭിക്കും എന്നത്രേ ആ സാധുവായ കർഷകൻ അന്നു പറഞ്ഞ വാക്കുകളുടെ അർത്ഥം.

യാക്കോബായസഭയിലെ ഒരു പ്രമുഖപ്രസംഗകനായിരുന്ന ആ വൈദികൻ കത്തോലിക്കാസഭയെപ്പറ്റി പഠനം നടത്തിയതിന്റെ ഫല മായി ഏതാനുംമാസങ്ങൾ കഴിഞ്ഞു തിരുവനന്തപുരം അരമനയിൽ എത്തി ആർച്ചുബിഷപ്പിന്റെ മുമ്പാകെ വിശ്വാസപ്രതിജ്ഞ ചെയ്തു കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുകയുണ്ടായി എന്ന വിവ രവും സന്തോഷപൂർവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

# അദ്ധ്യായം 38

# മലങ്കരസഭയുടെ കുഴൽക്കണ്ണാടി, ഭൂതക്കണ്ണാടി, എക്സറേ

മാർ ഈവാനിയോസിന്റെ കത്തോലിക്കാ പുനരൈക്യത്തോടനു ബന്ധിച്ചു കേരളത്തിലെ വിവിധ ക്രൈസ്തവസഭാംഗങ്ങളുടെ ഇടയിൽ കോളിളക്കമുണ്ടാക്കിയ മൂന്നു പുസ്തകങ്ങൾ അക്കാലത്തു പ്രസിദ്ധീ കൃതമായി. "മലങ്കരസഭയുടെ കുഴൽക്കണ്ണാടി" "മലങ്കരസഭയുടെ ഭൂത ക്കണ്ണാടി" "മലങ്കരസഭയുടെ എക്സറേ" എന്നീ പുസ്തകങ്ങളായി രുന്നു അവ. ഇവയിൽ ആദ്യത്തെ പുസ്തകത്തിന്റെ കർത്താക്കൾ വന്ദ്യ ദിവ്യ ശ്രീമാന്മാരായ പുലിക്കോട്ടു യൗസേപ്പ് റമ്പാൻ, ചേപ്പാട്ടു പീലി പ്പോസ് റമ്പാൻ എന്നിവരും, രണ്ടാമത്തെ കൃതിയുടെ കർത്താവു പി. ജോൺ മാത്യു(കോട്ടയം) എന്ന ആളും, മൂന്നാമത്തെ ഗ്രന്ഥത്തിന്റെ കർത്താവു പത്രാധിപർ മി. എം. വർക്കിയുമായിരുന്നു. ഈ മൂന്നു പുസ്തകങ്ങളെപ്പറ്റി ഒരു സംക്ഷിപ്ത വിവരണം ഇവിടെ പ്രസക്തമാ യിരിക്കുമെന്നു കരുതി ഈ അദ്ധ്യായത്തിൽ ചേർത്തുകൊള്ളുന്നു.

മലങ്കരസഭയുടെ കുഴൽക്കണ്ണാടിയിൽക്കൂടെ യാക്കോബായസ ഭയുടെയും കത്തോലിക്കാസഭയുടെയും ബാഹ്യവശം ദർശിക്കുവാൻ സാധിച്ച വായനക്കാർക്കു പ്രസ്തുത സഭകളുടെ ആന്തരികവശം എക്സറേയിൽകൂടെ വീക്ഷിക്കുന്നതിനും, അങ്ങനെ ഇവ രണ്ടിനെയും താരതമ്യം ചെയ്തു പഠിക്കുന്നതിനും, തന്മൂലം കത്തോലിക്കാസഭയെ

പ്പറ്റി മതിപ്പും ബഹുമാനവും ഉളവാക്കുന്നതിനും ഇടയായിത്തീർന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തു അതിനുവേണ്ട പ്രചാരണവും ശക്തിയും ലഭിക്കുന്നതിനു ഈ രണ്ടു പുസ്തകങ്ങളും പല വിധത്തിൽ പ്രയോജകീഭവിക്കുകയുണ്ടായി.

## മലങ്കരസഭയുടെ കുഴൽക്കണ്ണാടി

ആർച്ചുബിഷപ്പിന്റെ കത്തോലിക്കാ പുനരൈക്യത്തിനു മുൻപു തന്നെ എഴുതപ്പെട്ടതും പ്രസിദ്ധപ്പെടുത്തിയതുമായ ഒരു പുസ്തകമാണു "മലങ്കരസഭയുടെ കുഴൽക്കണ്ണാടി." കഥാപുരുഷൻ കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ നിശ്ചയിക്കുന്നതിനുണ്ടായ പലവിധ കാരണങ്ങളും അതിലേക്കു പ്രേരകമായിത്തീർന്നിട്ടുള്ള ആലോചനകളും രേഖകളും പ്രസ്തുത പുസ്തകത്തിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. 200-ഓളം പുറങ്ങളിലായി മൂന്നു ഭാഗങ്ങൾ അടങ്ങിയ ഈ പുസ്തകത്തിന്റെ ആദ്യഭാഗത്തിൽ യാക്കോബായ സഭകളിൽ അന്നുണ്ടായിരുന്ന കുഴപ്പങ്ങളും, രണ്ടാം ഭാഗത്തിൽ കേരളക്രൈസ്തവസഭയുടെ പുരാതന ചരിത്രവും, മൂന്നാം ഭാഗത്തിൽ കത്തോലിക്കാ പുനരൈക്യാലോചനകളെപ്പറ്റിയുള്ള വിവരങ്ങളും ഉൾക്കൊള്ളിച്ചിരുന്നു. മാർ ഈവാനിയോസിന്റെ പ്രായോഗിക നിർദ്ദേശങ്ങളും, പീലിപ്പോസ് റമ്പാന്റെ ഗഹനങ്ങളായ ആശയങ്ങളും, പുലിക്കോട്ടു റമ്പാന്റെ സരളവും ലളിതവുമായ ഭാഷാശൈലിയും ഒത്തിണങ്ങി ചേർന്ന ഈ ഗ്രന്ഥം വായിക്കുവാൻ കൈയിലെടുക്കുന്ന അനുവാചകർ ഒറ്റ ഇരുപ്പിൽ അവസാനംവരെ വായിക്കാതെ തൃപ്തിയടയുന്നതല്ല.

മലയാളഭാഷയിൽ ഇതഃപര്യന്തം രചിക്കപ്പെട്ടിട്ടുള്ള മതപരമായ മറ്റേതു ഗ്രന്ഥത്തേയും കവിഞ്ഞുള്ള പ്രചാരമായിരുന്നു ഈ ഗ്രന്ഥത്തിനു ലഭിച്ചതെന്നു അടുത്തടുത്തു മൂന്നു പതിപ്പുകൾ പ്രസിദ്ധപ്പെടുത്തേണ്ടിവന്നതിൽ നിന്നും തെളിയുന്നുണ്ട്. പുലിക്കോട്ടു റമ്പാന്റെ സഹോദരനും, കുന്നംകുളം സ്വദേശിയുമായ ശ്രീമാൻ ഇട്ടുപ്പ് ആയിരുന്നു ഈ പുസ്തകത്തിന്റെ പ്രസാധകൻ.

ഈ ഗ്രന്ഥത്തെപ്പറ്റി പത്രാധിപർ മി.എം.എം. വർക്കി ആയിടയ്ക്കു തന്നെ "നസ്രാണി ദീപിക"യിൽ എഴുതിയിരുന്ന അഭിപ്രായമാണു ചുവടെ ചേർക്കുന്നത്.

"മതകാര്യങ്ങളെയും സമുദായകാര്യങ്ങളെയും പ്രതിപാദിക്കുന്ന അനവധി ഗ്രന്ഥങ്ങൾ ഈ അടുത്തകാലത്തു മലയാളഭാഷയിൽ ഉണ്ടാ

യിട്ടുണ്ട്. സന്ദർഭവശാലും സംഗതിവശാലും അവയിൽ അധികവും വായിക്കുന്നതിനും പരിശോധിക്കുന്നതിനും എനിക്കു സാധിച്ചിട്ടുണ്ട്. എന്നാൽ ഞാൻ നോക്കിയിട്ടുള്ള അത്തരം ഗ്രന്ഥങ്ങളിൽ ഏതു കൊണ്ടും പ്രഥമഗണനീയമായ ഒരു കൃതിയാണ് "മലങ്കരസഭയുടെ കുഴൽക്കണ്ണാടി" എന്നു നിസ്സംശയം അഭിപ്രായപ്പെടാവുന്നതാണ്. മല ങ്കര യാക്കോബായ സഭയുടെ പ്രാചീനാർവ്വാചീന ചരിത്രസംഗ്രഹം, അതിന്റെ ഏതൽക്കാല ശോച്യാവസ്ഥ, വട്ടിപ്പണക്കേസ്സിനെ തുടർന്നു ണ്ടായിട്ടുള്ള ചില സംഭവവികാസങ്ങൾ ആദിയായ അനവധി സംഗതി കളെ ക്രോഡീകരിച്ചു പ്രസ്തുത ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഏറ്റവും നിഷ്പക്ഷമായ രീതിയിൽ ഓരോ സംഗതിയെയും നിർദ്ദാ ക്ഷിണ്യമായി വിമർശിച്ചു സത്യസ്ഥിതി വെളിപ്പെടുത്തുവാൻ പ്രസ്തുത ഗ്രന്ഥത്തിന്റെ കർത്താക്കൾ ചെയ്തിരിക്കുന്ന നിഷ്ക്കാമയത്നം സർവ്വ രാലും ആദരണീയവും പ്രശംസനീയവുമാണെന്നുള്ളതിനു യാതൊ രു സംശയവുമില്ല."

## കൊച്ചുവള്ളത്തിലെ യാത്ര

മലങ്കര യാക്കോബായസഭയെ ഒരു കൊച്ചു വള്ളത്തോടു ഉപമി ച്ചുകൊണ്ടുള്ള രസാവഹമായ വർണ്ണനയോടുകൂടിയാണു കുഴൽക്ക ണ്ണാടി ആരംഭിക്കുന്നത്.

"വേമ്പനാട്ടുകായൽ എന്നു കേട്ടാൽ വള്ളക്കാർക്കു പോലും പേടി യാണ്. ഒന്നാമതു അതിന്റെ വലുപ്പം; രണ്ടാമതു അതിലെ ഓളവും വലി വും. യാത്രക്കാരിൽ പലർക്കും അവിടെ വെച്ചു അകാലമരണം നേരി ട്ടിട്ടുണ്ടെന്നാണു പറഞ്ഞുകേട്ടിട്ടുള്ളത്. വേനല്ക്കാലത്തുപോലും നെഞ്ചിടിപ്പോടുകൂടിയല്ലാതെ ആർക്കും അതിലൂടെ യാത്രചെയ്യാൻ പ്രയാസമത്രെ. മിഥുനം കർക്കടം മാസങ്ങളിലെ കാര്യം പിന്നെ പറ യേണ്ടതുമില്ലല്ലോ. കണ്ണിൽ കുത്തിയാൽപ്പോലും കാണാൻവയ്യാത്ത കൂരിരുട്ടത്തു തുള്ളിക്കൊരുകുടം വീതം മഴ പെയ്തുകൊണ്ടിരിക്കു മ്പോൾ, കാറ്റും കോളും തകർത്തുകൊണ്ടിരിക്കവേ, ഒരു കൊച്ചു വള്ള ത്തിലേറി അതിലൂടെ യാത്രചെയ്യുവാൻ ഇടയാകുന്നവർക്കുണ്ടാകുന്ന ഉള്ളിലെ കാളലും വെമ്പലും ആർക്കും ഊഹിച്ചറിയാവുന്നതായിരിക്കും.

മലങ്കര സുറിയാനിസഭ ഒരു കൊച്ചു വള്ളമാണെന്നുതന്നെ വായ നക്കാർ സങ്കല്പിക്കുക. എങ്കിൽ അതിപ്പോൾ കിടക്കുന്നതു വേമ്പനാ ട്ടുകായലിൽതന്നെ എന്നു ആരും സമ്മതിക്കും. മുമ്പോട്ടും പിറകോ

ട്ടും പോകാൻ കഴിവില്ലാതെ ആ കൊച്ചുവള്ളം വാസ്തവമായും കറ ങ്ങാൻ തുടങ്ങിയിരിക്കുകയാണ്. യാത്രക്കാർ കേവലം ജീവച്ഛവങ്ങളാ യിത്തീർന്നുമിരിക്കുന്നു. കരച്ചിലുമില്ല, പിഴിച്ചിലുമില്ല. രക്ഷാമാർഗ്ഗത്തെ പ്പറ്റിയുള്ള അഭിപ്രായ പ്രകടനങ്ങളും കേൾക്കുവാനില്ല. ഓരോരുത്തരും അവരവരുടെ കാര്യം മാത്രം ആലോചിച്ചു ബദ്ധമാനരായി കഴിഞ്ഞു കൂടുന്നു. "ഇങ്ങനെയാണു അവസാനമെങ്കിൽ അങ്ങനെയാവട്ടെ" എന്നു നിരാശരായി കണ്ണുമടച്ചിരിക്കുന്ന ചിലരെ അക്കൂട്ടത്തിൽ നിങ്ങൾക്കു കാണാം. ഇതിനാരാണു ഉത്തരവാദി? ആരാണു കുറ്റക്കാ രൻ? ഒരുത്തരുമല്ല. അതുമിതും പറഞ്ഞു അനാവശ്യമായി ബഹളമു ണ്ടാക്കാമെന്നുമാത്രം."

(കുഴൽക്കണ്ണാടി പുറം 1-2)

## കൂനൻകുരിശുസത്യം

ക്രിസ്ത്വാബ്ദം 1653-ൽ കൊച്ചിയിൽ മട്ടാഞ്ചേരിയിൽ വെച്ചു നടന്ന കൂനൻകുരിശുസത്യത്തിന്റെ കാരണങ്ങളെപ്പറ്റിയുള്ള രസകര മായ വിവരണമാണു ഇനിയും ഉദ്ധരിക്കുന്നത്.

"ഒരുകാലത്തു കൊച്ചി മട്ടാഞ്ചേരിയിലുള്ള കൂനൻകുരിശിന്മേൽ ആലാത്തുകയർ കെട്ടി നിലവിളിച്ചു സത്യം ചെയ്തവരുടെ മക്കൾ ഗ്രഹി ച്ചരിക്കേണ്ടതായ ഒരു കാര്യംകൂടി പറഞ്ഞശേഷം നമുക്കു അന്ത്യോ ക്യാബന്ധത്തിലേക്കു കടക്കാം. നെസ്തോറും പോർത്തുഗീസും തമ്മിൽ അന്യോന്യം ഉരസൽ നടന്നതായി മുമ്പത്തെ ഖണ്ഡികയിൽ സൂചിപ്പിച്ചുവല്ലോ. അപ്പോഴാണു നമ്മുടെ പൂർവികന്മാർ കുരിശുന്മേൽ കയറിട്ടതും നിലവിളിച്ചതും സത്യം ചെയ്തതുമെന്നു നാം മനസ്സിലാ ക്കേണ്ടതാണ്. ബാവായെ വെള്ളത്തിൽ മുക്കിക്കൊന്നുവെന്നുള്ളതു മാത്രമല്ല, ആ സത്യത്തിനു കാരണമെന്നു ഇവിടെ പറയേണ്ടതുണ്ട്. അതും ഇതിനൊരു കാരണമായിത്തീർന്നു എന്നുള്ളതാണു പര മാർത്ഥം. 'അഹത്തള്ള' എന്നു പേരായ ഒരു ബാവായാണു അക്കാ ലത്തു വന്നതെന്നു ചരിത്രകാരന്മാർ ഏകാഭിപ്രായത്തിൽ സമ്മതിക്കു ന്നു. അദ്ദേഹം അന്ത്യോക്യാ സിംഹാസനത്തിന്മേൽ നിന്നു ഇറങ്ങി വന്ന ദേഹമായിരുന്നുവെന്നു നമ്മുടെ ഇടയിൽ ഒരു പഴങ്കഥ നടപ്പു ണ്ടെങ്കിലും ചരിത്രം പരിശോധിക്കുമ്പോൾ അദ്ദേഹം ഒരു നെസ്തോർ മെത്രാനായിരുന്നു എന്നു സംശയം കൂടാതെ ബോദ്ധ്യപ്പെടുന്നതാണ്. അക്കാലത്ത് അഹത്തള്ള എന്ന പേരിൽ ഒരു ബാവായോ, മെത്രാനോ,

അന്ത്യോക്യായിൽ നിന്നു പോന്നതായി അന്ത്യോക്യാക്കാരുടെ 'നാളാഗമ'ത്തിൽ കാണുന്നില്ലെന്നു തന്നെയല്ല, 'അഹത്തള്ള' തങ്ങളുടെ മെത്രാനാണെന്നു നെസ്തോറുകാർ രേഖാമൂലം തെളിയിക്കുകയും ചെയ്യുന്നു. പാവപ്പെട്ട മനുഷ്യരെല്ലാം വാൽ നിറുകയിൽ കുത്തി ഓടത്തക്കവണ്ണം ആ ബാവായെ പോർത്തുഗീസുകാർ കഴുത്തിൽ കല്ലു കെട്ടി കൊച്ചിയഴിമുഖത്തു താഴ്ത്തിക്കളഞ്ഞു എന്നു ചില കുബുദ്ധികൾ പറഞ്ഞു പരത്തിയെന്നുള്ളതു വാസ്തവംതന്നെയെങ്കിലും പ്രസ്തുത അഹത്തള്ളാ ഗോവായിലും അനന്തരം റോമായിലും താമസിച്ചിരുന്നതായി തെളിവുണ്ടെന്നു ആംഗ്ലേയചരിത്രകാരന്മാർ പോലും പറയുന്ന സ്ഥിതിക്കു എന്താണു ഇക്കാര്യത്തിൽ നാം ചെയ്യേണ്ടതെന്നു വായനക്കാർ തന്നെ തീരുമാനിച്ചുകൊള്ളുക. വാസ്തവം പറയുന്നതായാൽ മാർപ്പാപ്പാ തിരുമനസ്സിലെ ആജ്ഞയെ കീഴ്വഴങ്ങി നിന്നുകൊള്ളാമെന്ന് ഒരിക്കൽ ഉടമ്പടി കൊടുത്ത നെസ്തോർ മെത്രാനായിരുന്ന ഇദ്ദേഹത്തെ പോർത്തുഗീസുകാർ കൊച്ചിയിൽവെച്ചു കരയ്ക്കിറക്കാതെ ഗോവാവഴി റോമായിൽ കൊണ്ടുപോയി ഓടിട്ട പുരയിൽ താമസിപ്പിക്കുക തന്നെയാണുണ്ടായത്. അദ്ദേഹത്തിന്റെ കഴുത്തിൽ കയറിട്ടതുമില്ല, അദ്ദഹത്തെ അഴിയിൽ കെട്ടിത്താഴ്ത്തിയതുമില്ല. സുഖമായി വന്നപോലെ തിരിച്ചു പോയ അദ്ദേഹത്തിന്റെ പേരും പറഞ്ഞു കുറേ പേർക്കു കയറെടുത്തു വലിച്ചു നിലവിളിക്കുവാൻ സംഗതിയായി എന്നു മാത്രം. അവർ നിലവിളിച്ചതും സത്യം ചെയ്തതും എന്തുപറഞ്ഞുകൊണ്ടായിരുന്നു? "സന്തതിയുള്ള കാലത്തോളം ഈ പോർത്തുഗീസുകാരുമായി ഇടപാടില്ല" എന്ന്. അതോടുകൂടി റോമൻകത്തോലിക്കരായ ആ പോർത്തുഗീസുകാരുടെ മലങ്കരയിലേക്കുള്ള വരവും അവസാനിച്ചു. ഇതുകൊണ്ടുണ്ടായ യഥാർത്ഥ ഫലമോ? മലങ്കരയിലുള്ള ജനങ്ങൾക്കു പോർത്തുഗീസുകാരായ മേല്പട്ടക്കാരോടുള്ള വിരോധം എന്തിനാലാണെന്നു മാർപ്പാപ്പാ തിരുമനസ്സിലേക്കു അറിയാൻ കഴിഞ്ഞതുതന്നെ". (പുറം 31-32)

## പുനരൈക്യാലോചനകൾ

പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭചരിത്രത്തെപ്പറ്റി അതിന്റെ രഹസ്യങ്ങൾ ശരിക്കു അറിവുള്ള ബഹുമാന്യ റമ്പാന്മാർ "കുഴൽക്കണ്ണാടി"യിൽ വിവരിച്ചിരിക്കുന്നുതു അതേവിധംതന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

മലങ്കര യാക്കോബായസഭയുടെ സാക്ഷാൽ തൂണുകളാണെന്നു

സമ്മതിക്കപ്പെട്ടിട്ടുള്ള തിരുമേനിമാർ പുനരൈക്യം സംബന്ധിച്ചു നടത്തിയ ആലോചനകളും പരിശ്രമങ്ങളും എത്രയോ സ്തുത്യർഹമായിരിക്കുന്നുവെന്നു ഹൃദയപൂർവ്വം സമ്മതിച്ചുകൊണ്ടു ആ വിഷയത്തിൽ വല്ലവരും-രഹസ്യമായോ പരസ്യമായോ ആവട്ടെ, മുഖം തിരിച്ചിട്ടുണ്ടോ എന്നു നമുക്കു നന്നായിത്തന്നെ ഒന്നു തിരക്കം ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങനെ ചെയ്യുന്ന അന്വേഷണത്തിന്റെ ഫലമായി വല്ലവരും ഉണ്ടെന്നു കാണുന്നപക്ഷം അതിലേക്കു അവർക്കുള്ള ന്യായങ്ങളും കാരണങ്ങളും നമുക്കറിഞ്ഞിരിക്കേണ്ടതു അത്യാവശ്യമാണ്. ഈ വിഷയത്തിൽ ബഥനി തിരുമേനിമാരെത്തന്നെയാണു നമുക്കിപ്പോൾ തെളിവായി കാണാൻ കഴിയുന്നത്. വാസ്തവംതന്നെ. മലങ്കര യാക്കോബായസഭയുടെ പുലർച്ചക്കും പുഷ്ടിക്കും പുനരൈക്യം ഒന്നുമാത്രമേ സിദ്ധൗഷധമായിട്ടുള്ളുവെന്നു ബഥനിക്കാർ ഒരു പുതിയ കണ്ടുപിടിത്തം തന്നെയാണു ചെയ്തിട്ടുള്ളതെന്നു സമ്മതിച്ചുകൊണ്ട്, കണ്ണുംചിമ്മി അവരെ അഭിനന്ദിപ്പാനോ, അപലപിപ്പാനോ വായനക്കാർ ഒരുമ്പെടുമെന്നു ഞങ്ങൾ ശങ്കിക്കുന്നതേ ഇല്ല. "പുനരൈക്യം" എന്ന പേർ പറയപ്പെടാവുന്ന ആ പഴയ ചെണ്ട പൂർവ്വകാലത്തു എത്രയോ മെത്രാപ്പോലീത്താമാർ മുഴക്കിക്കൊണ്ടിരുന്നു. ആ ചെണ്ട ഇപ്പോൾ ബഥനി തിരുമേനിമാർ പട്ടാപ്പകൽ സമയത്തു കൊട്ടുന്നുണ്ടെന്നുള്ളതു ശരിതന്നെ. ഇതൊരു പുതിയ കണ്ടുപിടുത്തമോ, പുത്തൻ ആശയമോ ആകുന്നതെങ്ങനെ എന്നു മാത്രമെ ഞങ്ങൾക്കു സന്ദേഹമുള്ളൂ. ഏതായാലും പുനരൈക്യം സംബന്ധിച്ചുള്ള ഈയൊരു ആലോചനയും ആശയവും ഏറ്റവും നിന്ദാവഹവും ദോഷകരവുമായിട്ടുള്ളതാണെങ്കിൽ-യഥാർത്ഥ സമുദായസ്നേഹികൾ അങ്ങനെയേ തീർച്ചപ്പെടുത്തുകയുള്ളവെങ്കിൽ-യാക്കോബായ സഭയിൽ മുമ്പുണ്ടായിരുന്ന പല പരേതതിരുമേനിമാരെയും ബഥനിക്കാരെയും ഉദ്ദേശിച്ചു മാത്രമല്ല, സരഹസ്യം പ്രസ്തുത പ്രസ്ഥാനത്തിലേക്കു മുഖം തിരിച്ചിരിക്കുന്നവരായി ഇപ്പോൾ ജീവിച്ചിരിക്കുന്ന വേറെയും ചിലർ ഉള്ള പക്ഷം അവരേയുംകൂടി കരുതിക്കൊണ്ടു, പുത്തൻ ഒരു കൂനൻ കുരിശുണ്ടാക്കി, അതിനു ചുറ്റും കയറിട്ടു പിടിച്ചു "സന്തതിയുള്ളിടത്തോളം കാലം അവരുമായി യാതൊരു ചേർച്ചയും വേഴ്ചയുമില്ലെ"ന്നു സത്യം ചെയ്തു മാറുവാൻ ഒട്ടുംതന്നെ താമസിച്ചിട്ടാവശ്യമുള്ളതല്ലതന്നെ. യാക്കോബായസഭയ്ക്കു ബഥനിക്കാരെ കൂടാതെയും ഇത്തരം ദ്രോഹികൾ കിടപ്പുണ്ടെന്നറിയുന്നതോടുകൂടി മൂക്കിന്മേൽ വിരൽവെച്ചു നെടുവീർപ്പിട്ടു തുടങ്ങിയിരിക്കുന്ന സാക്ഷാൽ സമുദായയാഭിമാനികളുടെ മുമ്പിൽ ഞങ്ങൾ അവരെ

ഓരോരുത്തരെയായി ഇപ്പോൾതന്നെ പ്രത്യക്ഷപ്പെടുത്തുവാൻ പോവുകയാണ്. വായനക്കാർ പ്രശാന്തരായിരിക്കണമെന്നു മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളൂ. യാക്കോബായ സഭയുടെ ഇന്നത്തെ അസ്ഥിവാരക്കല്ലുകളായി ഗണിക്കപ്പെട്ടിട്ടുള്ള ഇവർ എല്ലാവരും തന്നെ "കുഴൽക്കണ്ണാടി" വായനക്കാരോടു കലവറവെയ്ക്കാതെ ഏതും തുറന്നു പറയുമെന്നുതന്നെ നിർവ്വിശങ്കം വിശ്വസിച്ചാലും." (പുറം 224)

തുടർന്നു പൂർവ്വകാലത്തു കത്തോലിക്കാ പുനരൈക്യാർത്ഥം അശ്രാന്തം പരിശ്രമിച്ചിട്ടുള്ള അനേകം യാക്കോബായ മെത്രാപ്പോലീത്തന്മാരെ സാക്ഷിക്കൂട്ടിൽ കയറ്റുകയാണു ഗ്രന്ഥകർത്താക്കൾ ചെയ്തിരിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ ഒന്നാംഭാഗത്തിൽ അതേപ്പറ്റി സവിസ്തരം പ്രതിപാദിച്ചിട്ടുള്ള സ്ഥിതിക്കു ഇവിടെ അവയൊന്നും ഉദ്ധരിക്കുന്നില്ല.

## ഉപസംഹാരം

"കുഴൽക്കണ്ണാടി" ഉപസംഹരിച്ചിരിക്കുന്നതു എപ്രകാരമെന്നു വായനക്കാരെ ഗ്രഹിപ്പിക്കുന്നതിനായി അവസാനഭാഗംകൂടെ ഇവിടെ ചേർത്തുകൊള്ളുന്നു.

മലങ്കര യാക്കോബായ സഭയിലെ അംഗങ്ങളായിരിക്കുന്നവർ ഭാവിയെ സംബന്ധിച്ചിടത്തോളം ചിന്തിക്കേണ്ടതായ കാര്യങ്ങൾ പലതും ഉണ്ടെന്നു ഞങ്ങൾ ഇപ്പുസ്തകത്തിൽ കാണിച്ചുകഴിഞ്ഞു. ആശാസ്യമായ ഭാവിക്കു നിദാനം ഏതെന്നുള്ള കാര്യത്തിൽ മാത്രമേ അഭിപ്രായഭേദമുള്ളുവല്ലോ. പര്യാലോചിക്കുന്തോറും നല്ലതായ ഒരു മാർഗ്ഗം നമുക്കു തെളിഞ്ഞുകാണാൻ ഇടയില്ലാത്തതല്ല എന്നു സമാധാനിക്കാം. സമുദായാംഗങ്ങൾ ഏവരും ഒരഭിപ്രായക്കാരായിത്തീർന്നുകൊണ്ടു ഏതൊരു പ്രസ്ഥാനത്തിലും കാൽവെയ്പാൻ സാദ്ധ്യമായിട്ടുള്ളതല്ലല്ലോ. അതിനാൽ നമുക്കു ഇരിക്കാം! ആലോചിക്കാം, ധൃതഗതിയായി യാതൊന്നും നമുക്കു പ്രവർത്തിച്ചിട്ടാവശ്യമില്ല.

ഇതിന്നിടയിൽ ബഥനിക്കാരെയും അവരുടെ അനുകൂലികളെയും ഉടനെ മുടക്കുമെന്നൊരു ധ്വനി നാടൊട്ടുക്കു മുഴങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. ഈ 'കുഴൽക്കണ്ണാടി' നിമിത്തമായോ മറ്റോ ഞങ്ങളെയും വെറുതെ വിടാൻ ഇടയില്ലെന്നു ഊഹിപ്പാൻ അവകാശമുണ്ട്. അനുനിമിഷം ഞങ്ങൾ അതു നോക്കിക്കൊണ്ടിരിക്കുകയാണ്. പുറമേയുള്ള കേഴ്വി ഞങ്ങൾ ഇരുവരുടെയും ചെവികളിൽ അലച്ചുകൊണ്ടിരിക്കുന്നു. സ്വല്പ

ദിവസങ്ങൾക്കുള്ളിൽ എന്തൊക്കെയോ നടക്കാനിരിക്കുന്നതായി ഞങ്ങൾക്കറിയാം. യാക്കോബായസഭയെ പ്രത്യക്ഷത്തിൽ ദൈവംതമ്പുരാൻ സ്പർശിച്ചിട്ടുള്ളതായി ഞങ്ങൾ അറിയുന്നുണ്ട്.

കല്ലോലമാലകളാൽ തിമിതകർത്തുകൊണ്ടിരിക്കുന്ന മലങ്കര യാക്കോബായ സഭാസമുദ്രത്തിലിതാ, ഒരു പുലിക്കോടനും, ഒരു ചേപ്പാടനും സ്വമേധയാ ചാടിക്കഴിഞ്ഞിരിക്കുന്നു. എന്തെങ്കിലും വരട്ടെ, പരേത പിതാക്കന്മാരും വിശിഷ്യാ, മാർ തോമ്മാശ്ലീഹായും ഈ പിഞ്ചു കിടാങ്ങളെ ഒരുനാളും കൈവെടിയുകയില്ല......അങ്ങനെ വരുമോ വായനക്കാരേ! (പുറം 247)

## ഭൂതക്കണ്ണാടി

"മലങ്കരസഭയുടെ കുഴൽക്കണ്ണാടി"ക്കു ഒരു മറുപടി എന്നോണം പി. ജോൺ മാത്യു (കോട്ടയം) എന്ന കൃത്രിമനാമത്തിൽ ആരോ എഴുതി പ്രസിദ്ധപ്പെടുത്തിയ ഒരു കൃതിയാണ് "മലങ്കരസഭയുടെ ഭൂതക്കണ്ണാടി". ബഥനി തിരുമേനിമാരെയും, ആശ്രമസ്ഥന്മാരെയും, കന്യാസ്ത്രീകളെയും എന്നുവേണ്ട, പുനരൈക്യപ്രസ്ഥാനത്തിൽ ഉൾപ്പെട്ട സകലരെയും ഒന്നടങ്കം സഭ്യേതരമായ ഭാഷയിൽ അപഹസിച്ചുകൊണ്ടുള്ള വാചകങ്ങളാണു ഭൂതക്കണ്ണാടിയിൽ ഉടനീളം കാണുന്നത്. പ്രസ്തുത ഗ്രന്ഥത്തിന്റെ തനിനിറം മിസ്റ്റർ എം.എം. വർക്കിസമൃക്കായി വിവരിച്ചിട്ടുണ്ട്. അതിൽ ഒരുഭാഗം ഇങ്ങനെയാണ്:-

"ഉദ്ദേശം രണ്ടുമാസം മുൻപു എന്റെ ആഫീസിൽ വെച്ചു കോട്ടയത്തുകാരനായ ഒരു യാക്കോബായ പ്രധാനനുമായി ബഥനിക്കാര്യത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. സംഭാഷണമദ്ധ്യേ ബഥനി തിരുമേനിയെ നേരിട്ടു കാണാൻ തനിക്കു വളരെ ആഗ്രഹമുണ്ടെന്നു അദ്ദേഹം പല പ്രാവശ്യം പറഞ്ഞു. "പിന്നെ എന്തുകൊണ്ടു പോയി കാണുന്നില്ല"? എന്നു ഞാൻ ചോദിച്ചപ്പോൾ, "അയ്യോ, ഭൂതക്കണ്ണാടി വായിച്ചോ? അവരു വല്ലവരുമറിഞ്ഞാൽ കിടന്നുപൊറുക്കണമോ? അവർ എന്തുതന്നെ പറയുകയില്ല?" എന്നാണു ആ മാന്യൻ-എന്തിനും ധൈര്യമുണ്ടെന്നു കരുതപ്പെടേണ്ട മാന്യൻ-എന്നോടു പറഞ്ഞത്. ഈ പ്രത്യുത്തരം എന്റെ പിടിയിൽ നിന്നു ഉപായത്തിൽ ഒഴിയാൻവേണ്ടി അദ്ദേഹം പ്രയോഗിച്ച ഒരു പൊടിക്കയ്യായിട്ടേ അന്നു ഞാൻ പരിഗണിച്ചുള്ളൂ. ഇന്ന് -ഇപ്പോൾ "ഭൂതക്കണ്ണാടി" വിശേഷിച്ചു അതിലേ ആഭാസങ്ങളും മേലുദ്ധരിച്ച പ്രസ്താവനയും വായിച്ചപ്പോൾ ഞാൻ ആ മനുഷ്യനെപ്പറ്റി തെറ്റി

ദ്ധരിച്ചുപോയിയെന്നു എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. സത്യത്തെയും സാന്മാർഗ്ഗികബോധത്തെയും തൃണതുല്യമായി കരുതുകയും അവയോടു കർക്കശമായി എതിർക്കുകയും തന്മൂലം ആരെപ്പറ്റിയും എന്തിനെപ്പറ്റിയും എന്തും പറയാമെന്നു ധൈര്യപ്പെടുകയും ചെയ്തിരിക്കുന്ന ഭൂതക്കണ്ണാടിക്കാരെ പ്രബലനായ ആ യാക്കോബായ പ്രമാണി ക്രമാതീതമായി ഭയപ്പെട്ടതിൽ ലവലേശം അത്ഭുതമില്ല.''

## ഭൂതക്കണ്ണാടിയുടെ ഹരിശ്രീ

മി.വർക്കിയുടെ അഭിപ്രായത്തെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നവർ ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ അറിവിലേക്കായി ''ഭൂതക്കണ്ണാടി''യുടെ ഒന്നും രണ്ടും പുറങ്ങൾ-ആദ്യഭാഗം മാത്രം-താഴെ ഉദ്ധരിച്ചുകൊള്ളുന്നു:-

''മലങ്കരസുറിയാനിസഭയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ആഭ്യന്തരകലഹങ്ങളുടെ പ്രധാന കാരണക്കാരിൽ ഒരാളും, അബ്ദേദ്മിശിഹാ പാത്രിയർക്കീസുബാവായെ മലയാളത്തിലേക്കു വരുത്തുന്നതിനും കാതോലിക്കാസ്ഥാപനം ഇവിടെ ദൃഢരൂഢമാക്കുന്നതിനും അക്ഷീണം പരിശ്രമിച്ച സമുദായ ഭക്താഗ്രേസരനുമായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളും. അദ്ദേഹത്തിന്റെ ചരടുവലിക്കനുസരിച്ചു കൈപൊക്കുകയും താഴ്ത്തുകയും ചെയ്യത്തക്കവണ്ണം കേവലം ഒരു പാവയായി മെത്രാൻ സ്ഥാനത്തേയ്ക്കു ആരോഹണം ചെയ്യപ്പെട്ട തെയോഫിലോസ് എപ്പിസ്ക്കോപ്പാ അവർകളും, ''വാളെടുത്തവനെല്ലാം വെളിച്ചപ്പാട്'' എന്നു പറഞ്ഞതുപോലെ ഏതു കൂത്തിനും ചാടുന്നതിനു സന്നദ്ധരായ ചില റമ്പാന്മാരും, ബഥനി ആശ്രമവാസികളെന്നു പറയപ്പെടുന്ന കുറേ കാവിവേഷധാരികളും കൂടി ''മലങ്കരസഭയുടെ അധഃപതനത്തിലുള്ള ദുസ്സഹദുഃഖംമൂലം'' ബഥനി ആശ്രമം വിട്ടു റോമാസഭയിലേക്കു ചാടുന്നതിനും അരയും തലയും മുറുക്കി തിരുവല്ലായിലെവിടെയോ ഒരു വീടും വാടകയ്ക്കെടുത്തു സുഖവാസം തുടങ്ങുന്നതിനും ആരംഭിച്ചിട്ടുള്ള വിവരം മലങ്കര സുറിയാനി സഭാംഗങ്ങളിൽ പലരും അറിഞ്ഞിരിക്കുമല്ലോ.''

തന്റെ മനോരാജ്യക്കോട്ടകളെല്ലാം ശിഥിലീഭവിച്ചതുമൂലം നിരാശനും ഭഗ്നോത്സാഹിയുമായി ''ഇനി എന്താണു വേണ്ടത്'' എന്നാലോചിച്ചുകൊണ്ടിരുന്ന മാർ ഈവാനിയോസിനു ലഭിച്ച അനുചരൻ പുലിക്കോട്ടു റമ്പാൻ ആണെന്നു പറയുമ്പോൾ ബാക്കിഎല്ലാം ഊഹ്യമാണല്ലോ? ''കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി.''

കിട്ടിയ അവസരം നഷ്ടപ്പെടുത്താതെ റോമാസഭയിലേക്കു ഒരു ചാട്ടം ചാടിയാൽ കാലതാമസംകൂടാതെ മെത്രാനായി യഥേഷ്ടം സുഖിച്ചാനന്ദിക്കാമെന്നുള്ള മോഹമാണു അദ്ദേഹത്തെ ഇതിലേക്കു പ്രേരിപ്പിച്ചതെങ്കിൽ എന്തിനു അദ്ദേഹത്തെ ക്ലേശിപ്പിക്കുന്നു? അദ്ദേഹം ഇഷ്ടം പോലെ സുഖിച്ചുകൊള്ളട്ടെ. ഇപ്രകാരം പണിക്കരുമെത്രാന്റെയും പുലിക്കോട്ടു റമ്പാന്റെയും പ്രതാപമഹിമകളെല്ലാം മാർ ദിവന്നാസ്യോസു തിരുമേനിയുടെ ആനുകൂല്യത്തെ ഒന്നിനെ ആശ്രയിച്ചാണിരിക്കുന്നതെന്ന പരമാർത്ഥം ഇവർ ഇരുവരും യഥാവിധി ഗ്രഹിച്ചിട്ടുള്ളതിനാലാണു വലിയ മെത്രാച്ചന്റെ കാലം കഴിഞ്ഞാലത്തെ സ്ഥിതിയെപ്പറ്റി ഇപ്പോഴേ അവർ ആലോചന ആരംഭിച്ചിരിക്കുന്നതെന്ന വസ്തുത സമുദായാംഗങ്ങളിൽ ചിലർക്കാർക്കും മനസ്സിലായിട്ടില്ലാത്തതിനാലാണു അവർ ഇക്കാര്യത്തിൽ പരിഭ്രമം പ്രദർശിപ്പിക്കുന്നത്.

ഇനിയും തെയോഫിലോസ് മെത്രാന്റെയും ചേപ്പാട്ടു റമ്പാന്റെയും സ്ഥിതികൂടി ആലോചിച്ചശേഷം ഈ ഭാഗം അവസാനിപ്പിക്കാം. പണ്ടേതന്നെ “His Master’s Voice” (തന്റെ യജമാനന്റെ ശബ്ദം) എന്ന അന്വർത്ഥനാമം സമ്പാദിച്ചിട്ടുള്ള മാർ തെയോഫിലോസ് മാർ ഈവാനിയോസിന്റെ പാവയോ, കിളിയോ ആണെന്നു പറയുന്നതിൽ യാതൊരബദ്ധവുമില്ല. ഇദ്ദേഹം വിദ്യാർത്ഥിയായിരുന്ന കാലത്തു സഹപാഠികൾ വിളിച്ചുവന്ന പേരാണു മേൽ ചേർത്തത്. അന്നുതന്നെ പണിക്കരച്ചന്റെ പാവയായി കണക്കാക്കപ്പെട്ടിരുന്ന ഈ സാധു ഇപ്പോൾ മാർ ഈവാനിയോസിന്റെ സഹായവും ആനുകൂല്യവുംകൊണ്ടു മെത്രാനായിത്തീർന്നുവെങ്കിൽ അന്നത്തെക്കാൾ എത്രയോ മടങ്ങു കൂടുതൽ ഇന്നു പരാധീനനായിത്തീർന്നിരിക്കണം എന്നു നമുക്കു ഊഹിക്കാവുന്നതാണ്. അദ്ദേഹത്തിന്റെ സാധുപ്രകൃതത്തെയും, ഈശ്വരഭക്തിയെയും മാത്രം പരിഗണിച്ചാണു മേൽപ്പട്ടസ്ഥാനത്തേക്കു ഉയർത്തുന്നതിൽ അന്നു ആരും ഭിന്നാഭിപ്രായം പ്രകടിപ്പിക്കാതിരുന്നത്. ഏതായാലും, സ്വശക്തിയോ തന്റേടമോ ഇല്ലാത്ത ഭീരുക്കൾക്കു സ്ഥാനമാനങ്ങൾ നൽകിയാലത്തെ ഫലം എന്താണെന്നു സുറിയാനിസമുദായം ഇനിയെങ്കിലും പഠിക്കട്ടെ! (പുറം 1-2)

## മലങ്കരസഭയുടെ എക്സറേ

ഭൂതക്കണ്ണാടിക്കു മറുപടിയായി ശ്രീ.എം.എം. വർക്കി രചിച്ച “എക്സറേ” എന്ന വിശിഷ്ട കൃതിയിൽ നിന്നും ഒരുഭാഗം ഉദ്ധരിക്കുന്നതിനേ ഈ ഗ്രന്ഥത്തിന്റെ സ്ഥലപരിമിതി അനുവദിക്കുന്നുള്ളൂ.

പുനരൈക്യപ്രണേതാവായ മാർ ഈവാനിയോസിനെപ്പറ്റിയുള്ള ഭാഗം മാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"ഈ സംഭവം മലങ്കര സഭാചരിത്രത്തിൽ തങ്കാക്ഷരങ്ങളിൽ രേഖപ്പെടുത്തേണ്ടതും പുനരൈക്യത്തെ നിഷ്ക്കളങ്കം ആഗ്രഹിക്കുന്ന ഏതു ക്രിസ്ത്യാനികളുടേയും ഹൃദയത്തെ ആനന്ദതുന്ദിലമാക്കി ചെയ്യുന്നതുമാകുന്നു." (സത്യദീപം) ഇതു കേരളത്തിലെ ക്രിസ്തുസഭാചരിത്രത്തിൽ ഒരു പ്രധാന സംഭവമായി കണക്കാക്കപ്പെടേണ്ടതാണെന്നും ഇതു ഇവിടത്തെ പുനരൈക്യപ്രസ്ഥാനത്തിന്റെ ശുഭസൂചകമായ ഒരു നാന്ദിയാണെന്നുമുള്ളതിനു സംശയമില്ല. (സത്യനാദം) മുമ്പുണ്ടായിട്ടുള്ള ഇച്ഛാഭംഗങ്ങളെ എല്ലാം പരിഹരിക്കത്തക്ക ഒരു സംഭവമാണു ബഥനി പ്രസ്ഥാനത്താൽ മലങ്കര സഭാചരിത്രത്തിൽ തുറക്കപ്പെട്ടിരിക്കുന്ന പുതിയ അദ്ധ്യായം. (നസ്രാണിദീപിക) കേരളീയ ക്രിസ്ത്യാനികളെല്ലാവരും ഏറെക്കാലം കണ്ണീരും കൈയുമായി പ്രാർത്ഥിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്ന പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിയാവാൻ ഭാഗ്യമുണ്ടായ ബഥനി ആശ്രമമേ! നീ ക്രിസ്തീയ സഭാചരിത്രത്തിൽ സപ്രഹർഷം പ്രകീർത്തിക്കപ്പെടട്ടെ."

(ചെറുപുഷ്പം)

യാക്കോബായ സഭയിലെ ഒരു പ്രധാനിയായ മിസ്റ്റർ കെ.സി.മാമ്മൻ മാപ്പിള എത്രയും ശരിയായി പറയുന്നതുപോലെ "ബഥനി സന്ന്യാസ സംഘംവഴിയായി യാക്കോബായ സഭയിൽ ഉണ്ടായിട്ടുള്ള പിരിച്ചിലിനെപ്പോലെ സമുദായാംഗങ്ങളെ ഇത്ര ശക്തിയായി സ്പർശിച്ചിട്ടുള്ള മറ്റേതെങ്കിലും സംഭവം അടുത്തകാലത്തുണ്ടായിട്ടുള്ളതായി തോന്നുന്നില്ല." (മനോരമ)

മലങ്കര യാക്കോബായസഭയുടെ അഭിമാനസ്തംഭം സമുദായപ്രമാണി, പൊതുജനസമ്മതൻ, ത്യാഗധീരൻ, സമുദായത്തിൽ സമാധാനം പാലിക്കുവാൻ അതിയായി ശ്രമിച്ചിട്ടുള്ള ഒരു ധീരപുരുഷൻ, അബ്ദള്ളാ, അബ്ദേദ് മിശിഹാ എന്ന പാത്രിയർക്കീസന്മാരോടും, ഒസ്താത്തിയോസ്, യൂലിയോസ് എന്ന ശീമബാവാന്മാരോടും ഉള്ള അടുത്ത പരിചയത്തിന്റെ ഫലമായി യാക്കോബായ സഭയുടെ "ഊറിക്കിടക്കുന്ന മ്ലേച്ഛതകളെ കാണുവാനും, അറിവാനും" ഇടവന്നിട്ടുള്ള ഒരു വന്ദ്യ ദേഹം, വട്ടിപ്പണക്കേസിൽ മെത്രാൻകക്ഷിയുടെ വലംകൈ, എം.ഏ. ശെമ്മാശ്ശൻ, പണിക്കരച്ചൻ, മനോരമാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, ആബോ പി.റ്റി. ഗീവറുഗീസ്, സെറാമ്പൂർ പ്രഫസർ, സുറിയാനിഭാഷ

യിൽ ഒരു തികഞ്ഞ പണ്ഡിതൻ, റാബിൻസൺ ഗ്രാമർ എന്ന സുറിയാനി വ്യാകരണത്തിന്റെ കർത്താവ്, സർവ്വകലാശാലയിലെ സുറിയാനി പരീക്ഷകൻ, ബഥനി ആശ്രമത്തിന്റെയും ബാലികാമഠത്തിന്റെയും, അനാഥമന്ദിരത്തിന്റെയും സ്ഥാപകൻ, പരോപകാരതല്പരൻ, സുപ്രസിദ്ധ വാഗ്മി, ഉദാരശീലൻ, മഹാമനസ്കൻ, യാക്കോബായ സഭയുടെ ചരിത്രം വിശ്വാസം, ഭരണഘടന ഇതുകളിൽ വേണ്ട പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ഒരാൾ, സമുദായസേവനത്തിന്റെ ഫലമായി നിരവധി കഷ്ടങ്ങൾ സഹിച്ചിട്ടുള്ള ഒരു സത്യാഗ്രഹി എന്നിങ്ങനെ പലവിധത്തിൽ മലയാളികൾക്കു തന്നെയല്ല, ഇറ്റലി, ഇംഗ്ലണ്ട്, അയർലണ്ട്, ജർമ്മനി, അമേരിക്കാ മുതലായ രാജ്യങ്ങളിലുള്ള പല പണ്ഡിതന്മാർക്കു കൂടെയും, സുപരിചിതനായ ഒരാളാണ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾ" (നസ്രാണിദീപിക) എന്നും യാതൊരുവക ഹൃദയചാഞ്ചല്ല്യവുംകൂടാതെ ആർക്കും പറയാവുന്നതാണ്.

അദ്ദേഹത്തെ ഒരുവിധമെങ്കിലും പരിചയമില്ലാത്തവർക്കു ഈ വർണ്ണന ഒരുപക്ഷേ അതിശയോക്തിയുടെ പാരമ്യമായോ അദ്ദേഹം തിരുസഭാപ്രവേശം ചെയ്തതിനാലുണ്ടായ പക്ഷപാത ഫലമായോ തോന്നിയേക്കാം. എന്നാൽ എന്റെ എളിയ അഭിപ്രായത്തിൽ അദ്ദേഹത്തെ സംബന്ധിച്ചു യാക്കോബായ സഹോദരങ്ങളുടെതന്നെ പ്രസ്താവനകളെ ആസ്പദമാക്കി ചെയ്തിരിക്കുന്ന ഈ വർണ്ണന ഇനിയും അപൂർണ്ണമായിരിക്കുന്നു എന്നാണ്. ഒരു യാക്കോബായക്കാരൻ എന്ന നിലയിൽ ദീർഘകാലം അദ്ദേഹത്തെ അറിയുന്നതിനും, കുറേക്കാലം അദ്ദേഹത്തെ അനുഗമിക്കുന്നതിനും ഇടയായിട്ടുള്ള എനിക്കു അദ്ദേഹത്തിൽ പ്രശോഭിതമായിക്കാണുന്ന നിരവധി ഗുണങ്ങളുടെ ഏതാണ്ടൊരു ച്ഛായ മാത്രമാണു ആ വർണ്ണനയിൽ കാണുന്നതെന്നു ധൈര്യമായി പറയുവാൻ കഴിയും. അദ്ദേഹം ഇന്നു ഒരു യാക്കോബായക്കാരൻ അല്ലെന്നിരുന്നിട്ടും, ആ വർണ്ണനയിൽ പറയും പ്രകാരമോ അതിലുപരിയായോ അദ്ദേഹത്തെ കീർത്തിച്ചു വരുന്ന പല യാക്കോബായക്കാരെയും ഈയിടെ എനിക്കു കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സഹ്രഗനായ മാർ തിയോഫിലോസ് തിരുമേനിയാകട്ടെ, യഥാർത്ഥ ദൈവഭക്തിയുടെ ഒരു പ്രതിച്ഛായയാണെന്നു യാക്കോബായക്കാരാൽ മാത്രമല്ല, ഇതര സമുദായങ്ങളാൽ പോലും കീർത്തിക്കപ്പെട്ടിട്ടുള്ള ഒരു സമുദായ ഭക്താഗ്രേസരനാണ്. ഈ കൊച്ചു തിരുമേനിയുടെ അനുഗ്രഹപ്രാർത്ഥനകൾക്കായി അസംഖ്യം നവീകരണക്കാർ പോലും അദ്ദേഹത്തെ ഇടവിടാതെ സമീപിച്ചിരുന്നു എന്നുള്ളതു

അധികം പരസ്യമാകാത്ത ഒരു രഹസ്യമാണ്. ഇന്നു ഇപ്പോൾ അദ്ദേഹത്തിന്റെ വൈരികളായി വേഷം കെട്ടിയിരിക്കുന്നവർക്കുപോലും, അദ്ദേഹം തന്റെ മേലാവായിരുന്ന മാർ ഈവാനിയോസ് തിരുമേനിയെ അനുസരിച്ചു ജീവിച്ചിരുന്നു എന്നുള്ള ഒരു അപരാധം-ഇതൊപരാധമാണെങ്കിൽ-മാത്രമെ കെട്ടിച്ചമയ്ക്കുന്നതിനു സാധിച്ചിട്ടുള്ളൂ എന്നോർക്കുമ്പോൾ ഈ കൊച്ചു തിരുമേനിയുടെ ജീവിതത്തിന്റെ ശരിയായ ഒരു ച്ഛായ നമ്മളിൽ ഉണ്ടാകാതിരിക്കുന്നതല്ല. മേലദ്ധ്യക്ഷന്മാരെ അനുസരിച്ചു പരിചയിച്ചിട്ടില്ലാത്ത ഒരു ജനസഞ്ചയം ഇന്നു അദ്ദേഹത്തിൽ ഈ അത്ഭുതപ്പെടേണ്ട വിശേഷം അപരാധമായി ചുമത്തുന്നതിൽ ആരും അത്ഭുതപ്പെടേണ്ടതില്ല." (പുറം 261)

# അദ്ധ്യായം 39

# പാശ്ചാത്യപര്യടനം

"നിത്യനഗരം" എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്ന റോമിൽ പോകുന്നതിനും പരിശുദ്ധപിതാവിനെ സന്ദർശിച്ചു അനുഗ്രഹം പ്രാപിക്കുന്നതിനുമുള്ള ആഗ്രഹം കത്തോലിക്കാപുനരൈക്യനിമിഷം മുതൽത്തന്നെ മാർ ഈവാനിയോസിൽ അങ്കുരിച്ചതാണ്. കേരളത്തിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിക്കു പ്രസ്തുത സന്ദർശനം പലവിധത്തിലും പ്രയോജകീഭവിക്കുമെന്നു അഭ്യുദയകാംക്ഷികളായ ഒട്ടനേകം വൈദികരും അൽമായരും കത്തുകളാലും സംഭാഷണത്താലും അദ്ദേഹത്തെ അറിയിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. പക്ഷെ, പ്രാരംഭകാലത്തുണ്ടായിരുന്ന പ്രതികൂലസാഹചര്യങ്ങൾ പെട്ടെന്നുള്ള വിദേശപര്യടനത്തിനു പ്രതിബന്ധമായി നിലകൊണ്ടു. തന്നെയുമല്ല, പുനരൈക്യപ്രസ്ഥാനശിശുവിനെ അനാഥാവസ്ഥയിൽ വിട്ടുകൊണ്ടു സ്ഥലംവിടുന്നതിനു അദ്ദേഹത്തിനു സമ്മതവും ഇല്ലായിരുന്നു. തന്നിമിത്തം പുനരൈക്യാനന്തരം ഒന്നര വർഷം കഴിഞ്ഞശേഷം മാത്രമാണു അതിനുള്ള സൗകര്യവും സാഹചര്യവും ഒന്നിണങ്ങിക്കിട്ടിയത്. വിദേശപര്യടനാർത്ഥം പുറപ്പെടുന്നതിനു പ്രധാനമായി നാലുദ്ദ്യേശ്യങ്ങളായിരുന്നു കഥാപുരുഷനുണ്ടായിരുന്നത്.

## 1. പരി. പിതാവിനെ സന്ദർശിക്കുക

കേരളത്തിൽ പുനരൈക്യപ്രസ്ഥാനത്തിനും മലങ്കര സുറിയാനി റീത്തിനും അനുവാദവും അംഗീകാരവും നല്കുകയും പുനരൈക്യപ്പെട്ട വ്യക്തികൾക്കും ഭാവിതലമുറയ്ക്കും "WELCOME, A BIG

WELCOME” (സ്വാഗതം വലിയ സ്വാഗതം) എന്ന കമ്പിസന്ദേശം അയച്ചുകൊടുക്കുകയും ചെയ്ത XI-ാം പിയൂസ് മാർപ്പാപ്പായെ നേരിട്ടു കണ്ടു തന്റെ അനുയായികൾക്കുമുള്ള ഭക്തിയും, ബഹുമാനവും, കൃതജ്ഞതയും പ്രകടിപ്പിക്കണമെന്നുള്ളതായിരുന്നു പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യം.

## 2. മലങ്കര ഹൈറാർക്കിക്കു അനുവാദം സമ്പാദിക്കുക

കത്തോലിക്കാപുനരൈക്യപ്രവർത്തനങ്ങൾ കേരളമെങ്ങും വ്യാപിപ്പിക്കുന്നതിനു തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള ഒരു വൈദികസംസ്ഥാനത്തിനു പൗരസ്ത്യതിരുസംഘത്തിൽനിന്നും അനുവാദം സമ്പാദിക്കുക എന്നതായിരുന്നു രണ്ടാമത്തെ ഉദ്ദേശ്യം. തിരുവനന്തപുരം അതിരൂപതയ്ക്കു റോമിൽനിന്നും അനുവാദം ലഭിക്കുമോ എന്ന കാര്യത്തെപ്പറ്റി ആർച്ചുബിഷപ്പിനു ബലമായ സംശയം അന്നുണ്ടായിരുന്നു. കാരണം, തിരുവനന്തപുരത്തു ഒരിഞ്ചു സ്ഥലമോ, പുനരൈക്യപ്പെട്ട ഒരൊറ്റ വ്യക്തിയോ, ഏതെങ്കിലുമൊരു സ്ഥാപനമോ അദ്ദേഹത്തിന്റെ അധീനതയിൽ അക്കാലത്തുണ്ടായിരുന്നില്ല. അകത്തോലിക്കാക്രിസ്ത്യാനികളുടെ സംഖ്യപോലും അന്നു തലസ്ഥാനനഗരിയിൽ ഏറ്റം പരിമിതമായിരുന്നു എന്നു മാത്രമല്ല, സ്ഥിരതാമസക്കാരായ അകത്തോലിക്കർ കൈവിരലിൽ എണ്ണുവാൻ പോലും അവിടെ ഇല്ലായിരുന്നു.

ഈദൃശസാഹചര്യങ്ങളിൽ തിരുവനന്തപുരത്തു മെത്രാപ്പോലീത്തൻ ആസ്ഥാനത്തിനുള്ള അനുവാദം ലഭിക്കുമോ എന്നതിനെപ്പറ്റി കഥാപുരുഷൻ ആശങ്ക പ്രകടിപ്പിച്ചു. തന്നിമിത്തം അകത്തോലിക്കരുടെ കേന്ദ്രമായ അടൂർ ആസ്ഥാനമാക്കിക്കൊണ്ടുള്ള അതിരൂപതയ്ക്കു വേണ്ടി ശ്രമിക്കണമെന്നായിരുന്നു കഥാപുരുഷൻ ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ എറണാകുളത്തു സുറിയാനിക്കാർക്കു മെത്രാപ്പോലീത്തൻ ആസ്ഥാനമുള്ളതുപോലെ തിരുവനന്തപുരത്തും സുറിയാനിക്കാർക്കു ഒരാസ്ഥാനം ലഭിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു അഭിപ്രായപ്പെടുകയും, അതിനുവേണ്ടി റോമിൽ പോകുമ്പോൾ കഴിവതു പരിശ്രമിക്കണമെന്നു കഥാപുരുഷനോടു നിർബന്ധപൂർവ്വം ആവശ്യപ്പെടുകയും ചെയ്തതു എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ടായിരുന്നു. തന്നിമിത്തം അതിനുവേണ്ടി പരിശ്രമിക്കുവാൻ മാർ ഈവാനിയോസ് പിന്നീടു തീരുമാനമെടുത്തു.

## 3. പ്രസംഗങ്ങൾ നടത്തുക

മാർ ഈവാനിയോസിന്റെ വ്യക്തിമാഹാത്മ്യത്തെയും പാണ്ഡിത്യത്തേയും, പ്രസംഗവൈഭവത്തെയും പറ്റി കേട്ടറിഞ്ഞിരുന്ന യൂറോപ്പിലെ വിവിധ സർവ്വകലാശാലാഭാരവാഹികൾ അവരുടെ സർവ്വകലാശാലകളിൽ പ്രഭാഷണം നടത്തുന്നതിനായി അദ്ദേഹത്തെ മുൻകൂട്ടി ക്ഷണിച്ചിരുന്നു. മതപരമായ വിഷയങ്ങളെ ആസ്പദമാക്കി മാത്രമല്ല, സാമൂഹ്യവും വിദ്യാഭ്യാസപരവുമായ വിവിധ വിഷയങ്ങളെപ്പറ്റി പ്രസംഗിക്കണമെന്നുള്ളതായിരുന്നു പ്രസ്തുത ക്ഷണക്കത്തുകളിൽ ഭൂരിഭാഗവും. യൂറോപ്യൻ പര്യടനാർത്ഥം പുറപ്പെടുന്നതിനു മുൻപു ആർച്ചുബിഷപ്പിന്റെ സെക്രട്ടറി എന്ന നിലയിൽ വന്ദ്യ ശ്രീ പുലിക്കോട്ടു ജോസഫ് റമ്പാൻ അക്കാലത്തു ഡൽഹിയിലെ ഒരുയർന്ന ഉദ്യോഗസ്ഥനായിരുന്ന സർദാർ കെ.എം. പണിക്കർക്കു എഴുതിയ കത്ത് ഈ വസ്തുത വ്യക്തമാക്കുന്നു. പ്രസ്തുത കത്തിന്റെ ആദ്യഭാഗമാണു താഴെ ചേർക്കുന്നത്:-

| | |
|---|---|
| ദിവ്യശ്രീ പുലിക്കോട്ടു ജോസഫ് റമ്പാൻ | തിരുവല്ല, |
| (മെത്രാപ്പോലീത്തൻ മന്ദിരം) | 20-4-1932. |

അതിമെത്രാസന അരമന തിരുവല്ല.

പ്രിയ ശ്രീ പണിക്കർക്ക്,

യൂറോപ്പിലെ പ്രശസ്തങ്ങളായ ഏതാനും സർവ്വകലാശാലകളിൽ പ്രസംഗിക്കുന്നതിനായി ബഥനിയുടെ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ ക്ഷണിച്ചിരിക്കുന്നു എന്ന വിവരം താങ്കളെ അറിയിക്കുന്നതിലേക്കു എനിക്കു സന്തോഷമുണ്ട്. തിരുമനസ്സുകൊണ്ടു താഴെ പറയുന്ന വിഷയങ്ങളാണു പ്രസംഗത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

1. ഭാരതീയസാഹിത്യം 2. മലയാളസാഹിത്യം 3. ഭാരതീയ തത്വചിന്തയും മതവും 4. ഭാരതീയ ശില്പകലാവിദ്യയും ശില്പവും 5. വിശിഷ്ട അദ്വൈതം 6. ഭാരതീയ സുകുമാര കലകൾ 7. ഭാരതത്തിലെ പുരാതന രാഷ്ട്രീയസ്ഥാപനം 8. ഇൻഡ്യയിൽ കലയുടെ ആധുനിക നവോത്ഥാനം 9. കേരളദേശം-അതിന്റെ ചരിത്രം, സാമ്പത്തികനില, സംസ്ക്കാരം.

തിരുമേനി ഏപ്രിൽ 11-ാം തീയതി ബോംബെയിൽ നിന്നു കപ്പൽമാർഗ്ഗം പുറപ്പെടാനാണു ഉദ്ദേശിക്കുന്നത്. മാർപ്പാപ്പാ തിരുമേ

നിയെ കാണുന്നതിനു ആദ്യം റോമിലേക്കാണു പോകുക. യൂറോപ്യൻ പര്യടനത്തിൽ 1932 ജൂൺ മാസത്തിൽ ഡബ്ലിനിൽവെച്ചു നടക്കുന്ന അന്തർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിക്കാനും അദ്ദേഹം ഉദ്ദേശിക്കുന്നുണ്ട്. യൂറോപ്പിൽ നിന്നും തിരുമനസ്സുകൊണ്ടു അമേരിക്കയ്ക്കും പോയേക്കും.......

നല്ല ആശംസകളോടും അഗാധമായ കൃതജ്ഞതയോടും കൂടെ ഞാൻ വിരമിക്കുന്നു.

എന്ന് സ്നേഹപൂർവ്വം
ജോസഫ് റമ്പാൻ

M.R. Ry, K.M. Panicker, AVL
Secretary to the Chamber of Princes
NEW DELHI.

## 4. ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിക്കുക

അയർലണ്ടിന്റെ തലസ്ഥാനമായ ഡബ്ലിനിൽ വെച്ചു നടത്തുന്ന 32-ാം അഖിലലോക ദിവ്യകാരുണ്യകോൺഗ്രസ് സമ്മേളനത്തിൽ സംബന്ധിക്കുന്നതിനും അവിടെ ദിവ്യബലി ആഘോഷപൂർവ്വം അർപ്പിക്കുന്നതിനുമുള്ള ക്ഷണക്കത്തു അതിന്റെ ഭാരവാഹികളിൽനിന്നു മാർ ഈവാനിയോസിനു ലഭിച്ചിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ആ ദിവസങ്ങളിൽ അവിടെ എത്തിച്ചേരുന്ന ലക്ഷക്കണക്കിനു കത്തോലിക്കാവിശ്വാസികളെ നേരിട്ടു കാണുന്നതിനും പരിശുദ്ധ കുർബാനയിൽ സ്ഥിതിചെയ്യുന്ന ദിവ്യനാഥനോടു അവർ പ്രദർശിപ്പിക്കുന്ന ഭക്തിയും, ബഹുമാനവും, സ്നേഹവും ദർശിക്കുന്നതിനും തനിക്കു ലഭിച്ച ഈ അസുലഭസന്ദർഭം ശരിക്കും പ്രയോജനപ്പെടുത്തണമെന്നും കഥാപുരുഷൻ നിശ്ചയിച്ചു.

അങ്ങനെ 1932 ഏപ്രിൽ മാസത്തിൽ വിദേശപര്യടനാർത്ഥം പുറപ്പെടുന്നതിനു വേണ്ട ഏർപ്പാടുകൾ പൂർത്തിയാക്കി. തിരുവനന്തപുരം പട്ടണത്തിൽ കുന്നുകുഴിയിലുള്ള ഡോ. മാനുവലിന്റെ ഒരു കെട്ടിടം പ്രതിമാസം 15 രൂപാ വാടകയ്ക്കു എടുത്തശേഷം ബഥനി ആശ്രമസ്ഥരായ ഫാദർ ജോഷ്വാ, ഫാദർ ബർസ്ലിബാ എന്നിവരെ അവിടെ താമസിക്കുന്നതിനു നിയോഗിച്ചു. മാർ തെയോഫിലോസ് തിരുമേനിയാകട്ടെ, തിരുവല്ലാ പട്ടണത്തിലുള്ള ഒരു വാടക കെട്ടിടത്തിൽ താമസിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ക്രമപ്പെടുത്തിക്കൊടുത്തു. വന്ദ്യ

ശ്രീമാന്മാരായ പുലിക്കോട്ടു ജോസഫ് റമ്പാൻ, ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ എന്നിവർ തിരുവല്ലാ തിരുമൂലയിലും താമസമാക്കി. പുന രൈക്യപ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനു ഇവരെയെല്ലാം ഭര മേല്പിച്ചശേഷം കഥാപുരുഷൻ യാത്രക്കു ഒരുങ്ങിക്കഴിഞ്ഞു. യാത്ര യിൽ തന്നെ സഹായിക്കുന്നതിനും ദ്വിഭാഷിയായി വർത്തിക്കുന്നതി നുമായി വിവിധ ഭാഷാപണ്ഡിതനും, സാഹിത്യകാരനും, ചങ്ങനാശ്ശേരി സെന്റു ബർക്കുമാൻസ് കോളേജ് പ്രഫസറുമായിരുന്ന ഫാദർ സി.കെ. മറ്റത്തെ ഏർപ്പാടു ചെയ്തു. ബോംബെയിൽനിന്നും ഏപ്രിൽ 11–ാം തീയതി കപ്പൽ കയറുന്നതിനു വേണ്ടിയായിരുന്നു ആദ്യം നിശ്ചയം ചെയ്തിരുന്നത്. പക്ഷേ, പെട്ടെന്നുണ്ടായ ചില പ്രതിബന്ധങ്ങൾ അതിനു വിഘാതം വരുത്തുകയാണുണ്ടായത്.

## അണിയറയിൽ നടന്ന ആലോചനകളും അറസ്റ്റുവാറണ്ടും

ആർച്ചുബിഷപ്പ് റോമിൽ പോയി മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുമെന്നും തൽഫലമായി പുനരൈക്യപ്രസ്ഥാനം അഭിവൃദ്ധി പ്രാപിക്കുമെന്നും ഗ്രഹിച്ച ഏതാനും എതിരാളികൾ ഈ സന്ദർഭത്തിൽ കഥാപുരുഷന്റെ യാത്ര മുടക്കുന്നതിനുവേണ്ടി ചില പരിപാടികൾ അണിയറയ്ക്കുള്ളിൽ സജ്ജീകരിച്ചു.

അക്കാലത്തു മാവേലിക്കരയ്ക്കടുത്ത വാണാച്ചിറ പള്ളിസംബ ന്ധിച്ചു ആലപ്പുഴ ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റുകോടതിയിൽ ഒരു ക്രിമി നൽകേസ്സ് നടക്കുന്നുണ്ടായിരുന്നു. പ്രസ്തുത കേസ്സിൽ ആർച്ചുബി ഷപ്പായിരുന്നു ഒന്നാം സാക്ഷി. രണ്ടുപ്രാവശ്യം കോടതിയിൽ നിന്നും ആർച്ചുബിഷപ്പിനു സമൻസും കൊണ്ടു പ്യൂൺ തിരുമൂലപുരത്തു ചെന്നുവെങ്കിലും സമൻസു മടങ്ങുകയാണുണ്ടായത്. ഈ പരിതഃസ്ഥി തിയിൽ ആർച്ചുബിഷപ്പിന്റെ യാത്ര മുടക്കുവാൻ എതിരാളികൾ കണ്ടു പിടിച്ച വിദ്യ കോടതിയെകൊണ്ടു അറസ്റ്റുവാറണ്ടു പുറപ്പെടുവിക്കുക എന്നതായിരുന്നു. അങ്ങനെ അവരുടെ പരിശ്രമഫലമായി കോടതി യിൽനിന്നും ആർച്ചുബിഷപ്പിന്റെ പേരിൽ അറസ്റ്റുവാറണ്ട് പുറപ്പെടു വിക്കുവാൻ സാധിച്ചു. തങ്ങളുടെ ഉദ്ദേശവും വിദ്യയും സഫലമായി ത്തീർന്നല്ലോ എന്നോർത്തു എതിരാളികൾ സന്തോഷിച്ചു.

കോടതിയിൽനിന്നും അറസ്റ്റുവാറണ്ടിനുള്ള ഉത്തരവു പുറപ്പെ ട്ടിട്ടുണ്ടെന്ന വിവരം എങ്ങനെയോ മനസ്സിലാക്കിയ ആർച്ചുബിഷപ്പ് എത്രയും വേഗം തിരുവിതാംകൂർ അതിർത്തി വിടണമെന്നു തന്നെ നിശ്ചയിച്ചു. വെണ്ണിക്കുളത്തു താമസിച്ചിരുന്ന ആശ്രമവാസികളിൽ

ചിലർക്കു കുപ്പായം ആശീർവദിച്ചു നൽകുവാൻ നിശ്ചയം ചെയ്തിരുന്നു എങ്കിലും തന്റെ യാത്രാപരിപാടി ഭേദപ്പെടുത്തിയതിനാൽ ഒരാഴ്ച മുൻകൂട്ടിത്തന്നെ പ്രസ്തുത കർമ്മം നടത്തുവാൻ തീരുമാനിക്കുകയും അതിനായി ഏതാണ്ടു അർദ്ധരാത്രിസമയം വെണ്ണികുളത്തു ആശ്രമത്തിൽ എത്തുകയും ചെയ്തു. മണിയടിയുടെ ശബ്ദം കേട്ടു ഗാഢനിദ്രയിൽ ആണ്ടിരുന്ന ആശ്രമസ്ഥർ പെട്ടെന്നുണർന്നു. രാത്രിയിൽതന്നെ ആശ്രമം ചാപ്പലിൽവെച്ചു ആർച്ചുബിഷപ്പിൽനിന്നും സന്ന്യാസവസ്ത്രം സ്വീകരിച്ചു. അനന്തരം തിരുമേനി തിരുമൂലപുരത്തു മടങ്ങി എത്തി അതിരാവിലെതന്നെ സ്വസഹോദരൻ മത്തായി പണിക്കർ, കിളിലേത്തു ചാക്കോ എന്നിവരൊന്നിച്ചു മേളാംപറമ്പിൽ മി. ഉമ്മന്റെ കാറിൽ ആരുമേതും അറിയാതെ കോട്ടയത്തേയ്ക്കു യാത്ര പുറപ്പെട്ടു.

പാശ്ചാത്യപര്യടനാർത്ഥം ആർച്ചുബിഷപ്പ് യാത്രപുറപ്പെടുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം ഗ്രഹിച്ച എതിരാളികളാകട്ടെ, അദ്ദേഹത്തിന്റെ യാത്ര മുടക്കുന്നതിനു നിശ്ചയിച്ചു. കോടതി നിയോഗിച്ചിരുന്ന ആളിനെ വശീകരിച്ചു അന്നു രാവിലെതന്നെ അയാളെയും കൊണ്ടു അറസ്റ്റുവാറണ്ടുമായി കാറിൽ തിരുമൂലപുരത്തു എത്തി. ഇതിനിടയിൽ ആർച്ചുബിഷപ്പിനെയും വഹിച്ചുകൊണ്ടു കോട്ടയത്തേക്കു പുറപ്പെട്ട കാർ വഴിമദ്ധ്യേ ചിങ്ങവനത്തുവച്ചു ഏതോ കേടുസംഭവിച്ചു കിടപ്പിലായി. തന്നിമിത്തം കോട്ടയം മെത്രാന്റെ അരമനയിൽ ചെന്നു ഉടൻതന്നെ കാറുകൊണ്ടുവരുന്നതിനായി മത്തായിപണിക്കരെ നിയോഗിച്ചയച്ചു. അനന്തരം കിളിലേത്തു ചാക്കോയും ഒന്നിച്ചു കാറിൽനിന്നും ഇറങ്ങി റോഡ് വിട്ടു വീതികുറഞ്ഞ ഒരു ഇടവഴിയിൽകൂടി അല്പം നടക്കുവാനായി ആർച്ചുബിഷപ്പ് പോകുകയുണ്ടായി. ഈ സന്ദർഭത്തിൽ തിരുമൂലപുരത്തു എത്തിയ എതിരാളികൾ ആർച്ചുബിഷപ്പ് കാറിൽ കോട്ടയത്തേക്കു പുറപ്പെട്ടു എന്നറിഞ്ഞു അദ്ദേഹത്തെ പിടികൂടുന്നതിനായി വന്ന കാറിൽത്തന്നെ ദ്രുതഗതിയിൽ കോട്ടയത്തേക്കു പുറപ്പെട്ടു. വഴി മദ്ധ്യേ കേടുവന്നുകിടന്ന കാറു അവരുടെ ദൃഷ്ടിയിൽപ്പെട്ടുവെങ്കിലും അതിനകത്തു ആർച്ചുബിഷപ്പിനെ കാണായ്കയാൽ കോട്ടയത്തേക്കു തന്നെ കാറുവിട്ടു. കോട്ടയത്തു എത്തി പല സ്ഥാപനങ്ങളിലും അന്വേഷിക്കുകയും വഴിയിൽ കണ്ട പലരോടും ചോദിക്കുകയും ചെയ്തിട്ടും അവരിൽനിന്നും ആർച്ചുബിഷപ്പിനെപ്പറ്റി യാതൊന്നും ഗ്രഹിക്കുവാൻ സാധിച്ചില്ല. തന്നിമിത്തം നിരാശരായി അവർ തിരുവല്ലാ വഴി മാവേലിക്കരയ്ക്കു പോവുകയും ചെയ്തു.

ഇതിനിടയിൽ മത്തായിപ്പണിക്കർ കൊണ്ടുവന്ന കാറിൽകയറി സുരക്ഷിതനായിത്തന്നെ ആർച്ചുബിഷപ്പ് കോട്ടയം അരമനയിൽ എത്തിച്ചേർന്നു. ബിഷപ്പ് ചൂളപ്പറമ്പിൽ തിരുമേനിയെ സന്ദർശിച്ചു തന്റെ യാത്രാവിവരങ്ങൾ പറഞ്ഞശേഷം ഒട്ടും താമസിയാതെ അദ്ദേഹത്തിന്റെ കാറിൽ എറണാകുളത്തേക്കു യാത്രപുറപ്പെട്ടു. എറണാകുളം അരമനയിൽ എത്തി മാർ അഗസ്സിൻ കണ്ടത്തിൽ തിരുമേനിയെ കണ്ടു വിവരങ്ങൾ എല്ലാം ധരിപ്പിച്ചു. തുടർന്നു ഡൽഹിയിലേക്കു പോകുവാനുണ്ടായിരുന്ന പരിപാടി ഭേദപ്പെടുത്തി ബോംബെയിലേക്കു തീവണ്ടിമാർഗ്ഗം യാത്രപുറപ്പെട്ടു അവിടെയും സുരക്ഷിതമായി എത്തിച്ചേർന്നു.

## മാതൃമരണവും പിതൃമരണവും

ആർച്ചുബിഷപ്പ് ബോംബെയിലെത്തി രണ്ടു ദിവസം കഴിഞ്ഞപ്പോൾ തന്റെ പ്രിയമാതാവിന്റെ നിര്യാണവാർത്ത കമ്പിമുഖേന അറിയുകയുണ്ടായി. തിരുവിതാംകൂറിലേക്കു മടങ്ങിവന്നു തന്റെ പ്രിയമാതാവിന്റെ ശവസംസ്ക്കാരകർമ്മത്തിൽ സംബന്ധിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നുവെങ്കിലും അപ്പോഴത്തെ സാഹചര്യം അതിനനുകൂലമായിരുന്നില്ല. ഒന്നാമതു റോമിലേക്കുള്ള കപ്പൽയാത്രയ്ക്കു വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തുകഴിഞ്ഞിരുന്നു. രണ്ടാമതായി തിരുവിതാംകൂറിലേക്കു മടങ്ങിവരുന്നപക്ഷം തന്റെ എതിരാളികൾ അഴിച്ചുവിട്ട അറസ്റ്റുവാറണ്ടാകുന്ന ഭൂതംതന്നെ ഗ്രസിച്ചേക്കുമോ എന്ന ഭയവുമുണ്ടായിരുന്നു. ഏതാദൃശകാരണങ്ങളാൽ തിരുവിതാംകൂറിലേക്കു മടങ്ങി വന്നില്ലെങ്കിലും തന്റെ പ്രിയപ്പെട്ട മാതാവിന്റെ ആത്മശാന്തിക്കായി ദിവ്യബലി സമർപ്പിക്കുകയും, സംസ്ക്കാരകർമ്മം ആഘോഷപൂർവ്വം നടത്തണമെന്നു കാണിച്ചുകൊണ്ടുള്ള കമ്പി സ്വസഹോദരനു അയയ്ക്കുകയും ചെയ്തു.

സംസ്ക്കാരകർമ്മത്തെപ്പറ്റി ഫാദർ മാത്യു പുരയ്ക്കലിന്റെ ജീവചരിത്രത്തിൽ ഇപ്രകാരമാണു രേഖപ്പെടുത്തിയിരിക്കുന്നത്.

"മാർ ഈവാനിയോസ് തിരുമേനി റോമിലേക്കു പുറപ്പെട്ടു ബോംബെയിൽ എത്തിയപ്പോഴാണു അദ്ദേഹത്തിന്റെ പ്രിയമാതാവു മാവേലിക്കരയുള്ള സ്വവസതിയിൽവെച്ചു ചരമം പ്രാപിച്ചത്. ഉടൻതന്നെ തിരുമേനിയുടെ ഭാഗിനേയനായ മാനേജർ ചാക്കോ ചങ്ങനാശ്ശേരി കോളജിലെത്തി ഈ അത്യാഹിതം പുരയ്ക്കലച്ചനെ അറിയിച്ചു. ഫാദർ പുരയ്ക്കലാകട്ടെ ഒട്ടുംതന്നെ താമസം കൂടാതെ, ഒട്ടനേകം വൈദികർ,

ബഹുശതം പൗരപ്രമാണികൾ എന്നിവരോടും അനേകം കുരിശ്, കുട മുതലായ അലങ്കാരങ്ങളോടും കൂടി സ്ഥലത്തെത്തി ഒരു ആർച്ചുബിഷപ്പിന്റെ മാതാവിനു അനുയോജ്യമായ ബഹുമാനാലങ്കാരസമന്വിതം ആ മൃതദേഹം യഥോചിതം സംസ്ക്കരിച്ചു. അവിടെയെങ്ങും മുമ്പു കണ്ടിട്ടില്ലാത്ത ആഘോഷത്തോടും ആളുകളോടുംകൂടി നടന്ന ഗംഭീരമായ വിലാപയാത്രയും ശവസംസ്ക്കാരവും തദ്ദേശവാസികളെ അത്ഭുതപരതന്ത്രരാക്കിത്തീർത്തു." (ഫാദർ പുരയ്ക്കൽ, ജീവചരിത്രം പുറം 47)

സ്വമാതാവിന്റെ മരണാവസരത്തിൽ സന്നിഹിതനാകുന്നതിനോ സംസ്ക്കാരകർമ്മത്തിൽ സംബന്ധിക്കുന്നതിനോ സാധിച്ചില്ലെങ്കിലും വയോവൃദ്ധനായ തന്റെ പിതാവിന്റെ മരണത്തിനു മുൻപു രോഗക്കിടക്കയിൽവച്ചു ഒരാഴ്ചക്കാലം ശുശ്രൂഷിക്കുന്നതിനും അന്ത്യകർമ്മങ്ങൾ നടത്തുന്നതിനും മരണാനന്തരം നടന്ന സംസ്ക്കാരശുശ്രൂഷയിൽ പ്രധാന കാർമ്മികത്വം വഹിക്കുന്നതിനും നമ്മുടെ കഥാപുരുഷനു ഭാഗ്യം ലഭിച്ചു എന്നുള്ളതു ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ. (മാതാവായ അന്നമ്മ 1931 ഏപ്രിൽ 4-ാം തീയതി 73-ാമത്തെ വയസ്സിലും പിതാവായ തര്യതു തോമ്മാപണിക്കർ 1939 ഡിസംബർ 9-ാം തീയതി 94-ാം വയസ്സിലുമാണു നിര്യാണമടഞ്ഞത്.)

ബോംബെയിൽനിന്നും ഏപ്രിൽ 11-ാം തീയതി റോമിലേക്കു കപ്പൽമാർഗ്ഗം പുറപ്പെടുവാനാണു മുൻകൂട്ടി നിശ്ചയംചെയ്തിരുന്നതെങ്കിലും ഏപ്രിൽ 4-ാം തീയതി തന്നെ കപ്പലിൽ യാത്രപുറപ്പെടുകയാണുണ്ടായത്. ഏഴുദിവസത്തെ കപ്പൽയാത്രയ്ക്കുശേഷം ഏപ്രിൽ 12-ാം തീയതി സസുഖം റോമിൽ എത്തിച്ചേർന്നു.

## നിത്യനഗരമായ റോമ്മായിൽ

നിത്യനഗരമായ റോമ്മായിൽ ആദ്യമായി കാലുകുത്തിയ അവസരത്തിൽ മാർ ഈവാനിയോസിന്റെ മനസ്സിൽ എന്തെല്ലാം വികാരവീചികളായിരിക്കണം അലതല്ലിയത്! റോമിൽ പാഷ്യനിസ്റ്റ് (Passionists) വൈദികരുടെ ആശ്രമത്തിലായിരുന്നു ആർച്ചുബിഷപ്പിനും ഫാദർ മറ്റത്തിനും താമസസൗകര്യങ്ങൾ സജ്ജീകരിച്ചിരുന്നത്. റോമിലെ മൂന്നാഴ്ചക്കാലത്തെ താമസത്തിനിടയ്ക്കു കഥാപുരുഷനു ഒട്ടനേകം ദൈവാലയങ്ങൾ, സർവ്വകലാശാലകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവയും കർദ്ദിനാളന്മാർ, മെത്രാന്മാർ തുടങ്ങിയ സഭാധികാരികൾ, അംബാസി

ഡറന്മാർ, രാജ്യതന്ത്രജ്ഞന്മാർ എന്നിവരെയും സന്ദർശിക്കുന്നതിനും അവരുമായി സംഭാഷണം നടത്തുന്നതിനും ഇടയായി. ഇതിനും പുറമെ പരിശുദ്ധ പിതാവിനെ അഞ്ചുപ്രാവശ്യം സന്ദർശിച്ചു ആശീർവാദം പ്രാപിക്കുന്നതിനും പുനരൈക്യപ്രസ്ഥാനം സംബന്ധിച്ചു ഒട്ടനേകം കാര്യങ്ങൾ ഉണർത്തിക്കുന്നതിനും നിരവധി ആവശ്യങ്ങൾ അറിയിക്കുന്നതിനും സാധിച്ചു. ഈ സന്ദർശനങ്ങളെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അടുത്ത അദ്ധ്യായത്തിൽ ചേർക്കുന്നതാണ്.

## റോമ്മാക്കാരുടെ ദൃഷ്ടിയിൽ മാർ ഈവാനിയോസ്

ആർച്ചുബിഷപ്പ് റോമിൽ താമസിച്ചുകൊണ്ടിരുന്ന കാലയളവിൽ അദ്ദേഹത്തെ ദർശിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ച റോമ്മാക്കാർക്കുണ്ടായ അനുഭവം എന്തായിരുന്നുവെന്നു ബ്രദർ വടശ്ശേരി സ്വഭവനത്തിലേക്കയച്ച കത്തുകളിൽനിന്നും ഗ്രഹിക്കാവുന്നതാണ്. അതിൽ ഒരു ഭാഗം താഴെ ചേർക്കുന്നു.

"മാർ ഈവാനിയോസിനോടും ഫാദർ സി.കെ. മറ്റത്തിനോടും ഒത്തു റോമ്മാപട്ടണത്തിലൂടെ പലപ്രാവശ്യം സഞ്ചരിക്കുവാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചു. എല്ലാവരും ഞങ്ങളെ സാകുതം നോക്കിക്കൊണ്ടിരുന്നു. തള്ളമാർ തങ്ങളുടെ കുട്ടികളെ എടുത്തുകൊണ്ട് "കണ്ടോ, കണ്ടോ", എന്നു ചൂണ്ടിക്കാട്ടി. ആ പിഞ്ചുപൈതങ്ങളുടെ ദൃഷ്ടി ഞങ്ങളിലേക്കു തിരിപ്പിച്ചു. വാഹനങ്ങളിൽ പോയിരുന്നവർ വണ്ടിയുടെ വേഗത കുറച്ചു മെത്രാപ്പോലീത്തായെ ഉറ്റു വീക്ഷിച്ചു. കുട്ടികൾ പുരയ്ക്കകത്തുനിന്നും ഞങ്ങളെ വീക്ഷിക്കുവാനായി മുറ്റത്തേക്കു ഓടിയിറങ്ങി. മറ്റു ചിലരുടെ നോട്ടം മുറിക്കകത്തിരുന്നുകൊണ്ടു ജനാലകളിൽക്കൂടെയായിരുന്നു. ബഥനി തിരുമേനിയുടെ വേഷവിധാനമാണു അവരെ ഇത്രയും ആകർഷിച്ചത്". (മോൺ. വടശ്ശേരി പുറം. 42-43.)

## വിശ്രമരഹിതനായ ആർച്ചുബിഷപ്പ്

റോമിൽ താമസിച്ചുകൊണ്ടിരുന്ന മൂന്നാഴ്ചക്കാലം വിശ്രമരഹിതനായിത്തന്നെയാണു ആർച്ചുബിഷപ്പിനു കഴിച്ചുകൂട്ടേണ്ടിവന്നത്. അത്രമാത്രം തിരക്കിട്ട വിവിധ പരിപാടികളായിരുന്നു ഓരോ ദിവസവും അദ്ദേഹത്തിനു നിർവ്വഹിക്കുവാനുണ്ടായിരുന്നത്. മാർപ്പാപ്പാ തിരുമേനിയെ പലപ്രാവശ്യം സന്ദർശിച്ചു സംഭാഷണം നടത്തുക, രാഷ്ട്രീയ നേതാക്കളും സഭാധികാരികളുമായി സമ്പർക്കം പുലർത്തുക, മലങ്കര

സിറിയൻ ഹൈരാർക്കിക്കുള്ള അനുവാദസമ്പാദനാർത്ഥം പരിശ്രമിക്കുക, വിവിധ വിഷയങ്ങളെപ്പറ്റിയുള്ള പ്രസംഗങ്ങൾ പല സ്ഥാപനങ്ങളിലും നടത്തുക എന്നിവയെല്ലാമായിരുന്നു പ്രസ്തുത പരിപാടികൾ. റോമിലെ പല സർവ്വകലാശാലകളിലും ഒട്ടനേകം ദൈവാലയങ്ങളിലും സെമിനാരികളിലും വിവിധ കോൺഫ്രൻസുകളിലും അദ്ദേഹം പ്രസംഗങ്ങൾ നടത്തുകയുണ്ടായി. ഇതു സംബന്ധിച്ചു തന്റെ ആത്മസുഹൃത്തും ഉപദേഷ്ടാവുമായിരുന്ന എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിക്കു അയച്ച ഒരു കത്തിൽ ഇപ്രകാരമാണു രേഖപ്പെടുത്തിയിരിക്കുന്നത്:

“ഗ്രീഗോറിയൻ സർവ്വകലാശാലയിൽ കഴിഞ്ഞ വ്യാഴാഴ്ച ഒരു പ്രസംഗം ചെയ്യുന്നതിനായി ഞാൻ ക്ഷണിക്കപ്പെട്ടിരുന്നു. മെത്രാപ്പോലീത്തന്മാർ, മെത്രാന്മാർ, വൈദികർ, അല്മായരായ പുരുഷന്മാർ, സ്ത്രീകൾ ആദിയായ ഒട്ടനേകം മഹതീമഹാന്മാർ പ്രസംഗം കേൾക്കുന്നതിനായി അവിടെ സന്നിഹിതരായിരുന്നു. എന്റെ പ്രസംഗം ആംഭിച്ചപ്പോൾതന്നെ ഹാൾ നിറഞ്ഞുകവിഞ്ഞിരുന്നു. വാതിൽക്കലും ജനാലകളിലും വരാന്തയിലും ശ്രോതാക്കൾ തിങ്ങിനിൽക്കുന്നുണ്ടായിരുന്നു. പ്രസംഗം അവസാനിച്ചപ്പോൾ മോൺ. ഹെൽബിങ്ങി ഡബ്ളിനിൽ ഒരു പ്രസംഗം ചെയ്യുന്നതിനായി എന്നെ ക്ഷണിച്ചു. കർദ്ദിനാൾ ബൂൺ ആണു അവിടെ ആദ്ധ്യക്ഷം വഹിക്കുന്നതെന്നു അദ്ദേഹം എന്നോടു പറയുകയുണ്ടായി. എനിക്കു വേണ്ടി ഒരു പൊന്തിഫിക്കൽ കുർബാനയ്ക്കുള്ള ഏർപ്പാടുകൾ അവിടെ ചെയ്യുന്നതാണ്. ഇറ്റലിയിലെ പല പ്രഭൂക്കന്മാരും സൽക്കരാങ്ങളിൽ പങ്കുകൊള്ളുവാനായി എന്നെ ക്ഷണിക്കുകയുണ്ടായി. ടൊനേറ്റി പ്രഭൂ, മിരിഞ്ഞോണി പ്രഭൂ, ബ്രിട്ടീഷ് ഗവണ്മെന്റിന്റെ വത്തിക്കാൻ അംബാസിഡർ ആദിയായവർ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

ബിഡാകോളജിലും, സ്കാട്ടിഷ് കോളജിലും, ഇംഗ്ലീഷ് കോളജിലും പ്രൊപ്പഗാന്ത സെമ്മനാരിയിലും ഞാൻ പ്രസംഗിച്ചു. അടുത്ത ആഴ്ചയിൽ ഐറിഷ് കോളജിലും, നോർത്തമേരിക്കൻ കോളജിലും പ്രസംഗിക്കവാനുള്ള ക്ഷണം എനിക്കു കിട്ടിയിട്ടുണ്ട്. റോമിലെ പ്രധാന ബസിലിക്കാകളിൽ ഞാൻ ദിവ്യബലിഅർപ്പിച്ചു. വി. സിൽവസ്റ്റർ പള്ളിയിലും ഞാൻ പ്രസംഗിച്ചു. അടുത്ത ആഴ്ചയിൽ വി. സൂസന്നായുടെ പള്ളിയിലും പ്രസംഗിക്കുവാനുള്ള ക്ഷണം എനിക്കു ലഭിച്ചിട്ടുണ്ട്”.

## റോമാസന്ദർശനാനുഭവങ്ങൾ

റോമിൽ താമസിച്ചിരുന്ന രണ്ടു മാസങ്ങൾക്കുള്ളിൽ തനിക്കുണ്ടായ വിവിധാനുഭവങ്ങൾ ക്രോഡീകരിച്ചുകൊണ്ടു കഥാപുരുഷൻ പത്രപ്രതിനിധികൾക്കു നൽകിയ പ്രസ്താവന അക്കാലത്തു പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിലെ ഏതാനും ഭാഗങ്ങളാണു താഴെ ഉദ്ധരിക്കുന്നത്:

“റോമിലെ എന്റെ താമസവും സന്ദർശനവും തിരുസഭാദ്ധ്യക്ഷനായ മാർപ്പാപ്പാ മുതൽ സാധുവായ യാചകൻ വരെയുള്ള സകല വിശ്വാസികൾക്കും ആനന്ദജനകമായിരുന്നു. ജീവിതകാലം മുഴുവൻ നന്മനസ്സോടും തീക്ഷ്ണതയോടുംകൂടെ സത്യത്തെ ആരായുകയും, ദൈവകൃപയാൽ പ്രകാശിതമായ സത്യമാർഗ്ഗം ബോദ്ധ്യമായി കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്യുന്നതിനുള്ള ഭാഗ്യം സിദ്ധിച്ച എന്റെ ചുറ്റും ശതക്കണക്കിനു ആളുകൾ തടിച്ചുകൂടിയതു ഇതിനു തക്കതായ തെളിവാണ്. അതിയായ സന്തോഷത്തോടും പ്രത്യാശയോടുംകൂടിയാണു ഞാൻ റോമിൽ കാലുകുത്തിയത്. ക്രിസ്തുവിൽ വിശ്വാസമുണ്ടെങ്കിലും, യഥാർത്ഥസഭയിൽനിന്നും വേർപെട്ടു ജീവിക്കുന്ന ക്രൈസ്തവസഹോദരങ്ങൾക്കു മഹത്തായ മാതൃക നൽകുന്നതിനു ഈ സന്ദർഭംമൂലം സാധിച്ചു എന്നു എനിക്കു സധൈര്യം പറയുവാൻ സാധിക്കും. വ്യക്തിപരമായ ദുഷിച്ച മനോഭാവം കൊണ്ടല്ല, പിന്നെയോ, ചരിത്രപരമായ കുഴപ്പങ്ങൾ നിമിത്തം കത്തോലിക്കാസഭയുടെ പുറത്തു ജനിച്ചു വളരുവാൻ ഇടയായ സഹോദരങ്ങൾക്കു മാർഗ്ഗദീപം തെളിയിക്കുവാൻ ഇതുമൂലം സാധിച്ചിട്ടുണ്ട്.

റോമിൽ ആഘോഷിക്കപ്പെട്ട എല്ലാ പ്രധാന മതകർമ്മങ്ങളിലും ഒരു പ്രധാനാതിഥിയായി ഞാൻ സ്വാഗതം ചെയ്യപ്പെട്ടിരുന്നു. കത്തോലിക്കാസഭയിൽ ദൈവത്തിന്റെ കൃപാവരം മുഖേന നടത്തപ്പെടുന്ന നിരന്തര പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനും സഭയെപ്പറ്റിയുള്ള മതിപ്പും ബഹുമാനവും വർദ്ധിപ്പിക്കുന്നതിനും ഇതു കാരണമായി ത്തീർന്നു.

പരിശുദ്ധ പിതാവു എനിക്കു നൽകിയ സ്വീകരണം എന്റെ ഹൃദയത്തെ ഇളക്കുകതന്നെ ചെയ്തു. ഈ സ്വീകരണം കേവലം മൈത്രിയുടെ മാനദണ്ഡമായിട്ടല്ല, പിന്നെയോ, കത്തോലിക്കാസഭ വേദനാജനകമായ ഭിന്നതകൾമൂലം ചിന്നിച്ചിതറിയും വേദനപെട്ടുമിരിക്കുന്ന

മക്കളെപ്പോലും എത്ര കാരുണ്യത്തോടെയാണു കടാക്ഷിക്കുന്നതു എന്നുള്ള സത്യാവസ്ഥയുടെ സ്ഥിരീകരണമായി ഞാനിതിനെ പരിഗണിക്കുന്നു. നൂറ്റാണ്ടുകളായി ഭിന്നതയിൽ കഴിച്ചു കൂട്ടുന്ന തന്റെ സന്താനങ്ങളെ എത്ര സ്നേഹത്തോടുകൂടെയാണു അവർ തിരിച്ചുവരുമ്പോൾ സഭാമാതാവു ആലിംഗനം ചെയ്തു സ്വവക്ഷസ്സിൽ ഇരുത്തുന്നതെന്നു അനുഭവത്തിൽനിന്നും ബോദ്ധ്യമായപ്പോൾ ഞാൻ ആനന്ദപുളികിതനായിത്തീർന്നു. മാർപ്പാപ്പായുമായുള്ള സ്വകാര്യസന്ദർശനാവസരത്തിലാണു ഏറ്റമധികമായി ഇതെനിക്കു അനുഭവപ്പെട്ടത്. പരിശുദ്ധ പിതാവിനെ ആദ്യമായി സമീപിച്ചപ്പോൾ "പരിശുദ്ധ പിതാവേ, ധൂർത്തപുത്രൻ സ്വപിതാവിന്റെ സമീപത്തേക്കു വരുന്നതുപോലെ ഞാനിതാ അവിടുത്തെ സന്നിധിയിലേക്കു വന്നിരിക്കുന്നു" എന്നു ഞാൻ വിനയപൂർവ്വം പറയുകയുണ്ടായി. എന്നാൽ മാർപ്പാപ്പാതിരുമേനിയാകട്ടെ, തൽക്ഷണം എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു ആലിംഗനം ചെയ്തു തന്റെ ഹൃദയത്തോടു അടിപ്പിച്ചുകൊണ്ടു "You are my good son." (നീ എന്റെ നല്ല മകനാണ്) എന്നു കല്പിക്കുകയാണു ചെയ്തത്."

# അദ്ധ്യായം 40

# മാർപ്പാപ്പാസവിധത്തിൽ

കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനും അഖിലലോകസമാരാദ്ധ്യനുമായ മാർപ്പാപ്പാതിരുമേനിയെ ഒരുനോക്കു കണ്ടു ജന്മസാഫല്യമടയുവാൻ-അദ്ദേഹത്തിന്റെ പ്രഭാഷണവചസ്സുകൾ ശ്രവിക്കുവാൻ-ദൈവനാമത്തിൽ ഇരുകൈകളുമുയർത്തി അദ്ദേഹം നല്കുന്ന ആശീർവാദം സ്വീകരിക്കുവാൻ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ജാതിമതഭേദമെന്യ സഹസ്രക്കണക്കിനു ജനങ്ങളാണു പ്രതിദിനമെന്നോണം റോമിൽ തടിച്ചുകൂടുന്നത്. കർദ്ദിനാളന്മാർ, പാത്രിയർക്കീസന്മാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, വൈദികർ ആദിയായ മതനേതാക്കൾ മാത്രമല്ല, രാഷ്ട്രത്തിന്റെയും രാജ്യത്തിന്റെയും തലപ്പത്തിരിക്കുന്ന ചക്രവർത്തിമാർ, രാജാക്കന്മാർ, പ്രസിഡന്റന്മാർ, മന്ത്രിമാർ, തുടങ്ങിയ അധികാരവൃന്ദങ്ങളും സന്ന്യാസികൾ, അമ്പാസിഡറന്മാർ, ശാസ്ത്രജ്ഞന്മാർ, കലാകാരന്മാർ, സാഹിത്യകാരന്മാർ, കർഷകർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ വിവിധ സംഘടനാ പ്രതിനിധികൾ ആദിയായി വിവിധ നിലകളിലും സ്ഥാനങ്ങളിലുമുള്ളവരും ഇക്കൂട്ടത്തിൽപ്പെടുന്നു. ഇവരെയെല്ലാം യഥായോഗ്യം വാത്സല്യപൂർവ്വം സ്വീകരിക്കുന്നതിനും സന്ദർഭോചിതവും കാലാനുസൃതവുമായ ഉപദേശങ്ങൾ നല്കുന്നതിനും സ്നേഹസമ്പന്നനായ ആ പിതാവു അതീവൗൽസുക്യം പ്രകടിപ്പിക്കുന്നു. അങ്ങനെ തങ്ങൾക്കു ലഭിച്ച സുവർണ്ണാവസരം ജീവിതത്തിലെ ഒരു മഹാഭാഗ്യമായി പരിഗണിച്ചുകൊണ്ടു സന്ദർശകരെല്ലാം സന്തുഷ്ടചിത്തരായി നിത്യനഗരത്തോടു യാത്രപറയുകയും ചെയ്യുന്നു.

## ചതുർവിധ സന്ദർശനങ്ങൾ

മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുന്നതിനുവേണ്ടി റോമിലെത്തുന്നവർ കാലേകൂട്ടിയുള്ള അനുവാദം അതിനുവേണ്ടി വാങ്ങിയിരിക്കണമെന്നുള്ളതു നിർബന്ധമാണ്. അത്രമാത്രം തിരക്കിട്ട പരിപാടികളാണു പരിശുദ്ധ പിതാവിനു ഓരോദിവസവും നിർവ്വഹിക്കുവാനുള്ളത്. നാലുവിധത്തിലുള്ള സന്ദർശനങ്ങളാണു സാധാരണയായി അനുവദിക്കപ്പെടുക.

### 1. രഹസ്യസന്ദർശനം

മതത്തിലും സമുദായത്തിലും രാഷ്ട്രത്തിലും ഉന്നത നിലയിലിരിക്കുന്ന പ്രത്യേകവ്യക്തികൾക്കു മാത്രമേ ഈദൃശസന്ദർശനം അനുവദിക്കപ്പെടുകയുള്ളൂ. കർദ്ദിനാളന്മാർ, രൂപതാദ്ധ്യക്ഷന്മാർ, സന്ന്യാസശ്രേഷ്ഠന്മാർ, രാഷ്ട്രീയ തലവന്മാർ എന്നിവരായിരിക്കും സന്ദർശകന്മാർ. ലോകത്തിൽ പ്രാധാന്യമർഹിക്കുന്ന നിരവധി വിഷയങ്ങളെപ്പറ്റി പരിശുദ്ധ പിതാവും അവരുമായി രഹസ്യസംഭാഷണവും ചർച്ചകളും ഈ അവസരത്തിൽ നടത്തപ്പെടുന്നതാണ്.

### 2. പ്രത്യേകസന്ദർശനം

രഹസ്യസന്ദർശകരുമൊന്നിച്ചു വത്തിക്കാനിൽ ആഗതരാകുന്ന ഉദ്യോഗസ്ഥന്മാർ, അമ്പാസിഡറന്മാർ, സന്ന്യാസമൂഹാംഗങ്ങൾ, വൈദികർ എന്നിങ്ങനെയുള്ള ഏതാനും വ്യക്തികൾക്കു അനുവദിക്കപ്പെടുന്ന സന്ദർശനമാണിത്. ഈ സന്ദർഭത്തിൽ അവരുമായി പരിശുദ്ധപിതാവു കുശലപ്രശ്നം നടത്തുകയും തൃക്കരങ്ങൾ മുത്തിച്ചു അവർക്കു ആശീർവാദം നൽകുകയും ചെയ്യുന്നു.

### 3. പൊതുസന്ദർശനം

മാർപ്പാപ്പായെ സന്ദർശിക്കുന്നതിനായി ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും റോമിൽ കൂട്ടത്തോടെ എത്തിച്ചേരുന്ന തീർത്ഥാടകസംഘങ്ങൾ, തൊഴിലാളികൾ, സർവ്വകലാശാലാവിദ്യാർത്ഥികൾ എന്നിവർക്കു അനുവദിക്കപ്പെടുന്നതാണു ഈ സന്ദർശനം. ഈ സന്ദർശനാവസരത്തിൽ സന്ദർശകരുടെ നിലയും വിലയും തൊഴിലും അനുസരിച്ചുള്ള പ്രത്യേക ഉപദേശം പരിശുദ്ധപിതാവു നൽകുകയും പൊതുവായ ആശീർവാദം കൊടുക്കുകയും ചെയ്യും.

#### 4. പരസ്യസന്ദർശനം

എല്ലാ ഞായറാഴ്ചകളിലും വൈകിട്ടു വി. പത്രോസിന്റെ ദൈവാലയത്തിലെ മട്ടുപ്പാവിൽ പരിശുദ്ധ പിതാവു എഴുന്നെള്ളുകയും പ്രസ്തുത ദൈവാലയത്തിന്റെ മുൻപിലുള്ള വിസ്തൃതമായ അങ്കണത്തിൽ തടിച്ചുകൂടുന്ന സഹസ്രക്കണക്കിനു ജനങ്ങൾക്കു പരസ്യദർശനം നൽകുകയും ചെയ്യുന്നതാണ്. തദവസരത്തിൽ ആധുനികലോകത്തിലെ വിവിധ പ്രശ്നങ്ങളെപ്പറ്റി 15 മിനിട്ടു സമയത്തോളം ആശയനിബിഡമായ ഒരു പ്രഭാഷണം പരിശുദ്ധ പിതാവു നടത്തുന്നതാണ്. അതേ തുടർന്നു അവിടെ സന്നിഹിതരായിരിക്കുന്നവർക്കു മാത്രമല്ല, റോമാനഗരത്തിനും അഖിലലോകത്തിനും (Urbi et Orbi) വേണ്ടി ഇരുകൈകളും ഉയർത്തി അപ്പസ്തോലികാശീർവാദം നൽകുകയും ചെയ്യുന്നു.

## സന്ദർശകർ അനുഷ്ഠിക്കേണ്ട നടപടികൾ

പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്ന അവസരത്തിൽ സന്ദർശകർ അനുഷ്ഠിക്കേണ്ടിയിരുന്ന നടപടികളെപ്പറ്റി നമ്മുടെ കഥാപുരുഷനുമൊന്നിച്ചു, വൈദികപഠനാർത്ഥം റോമിലേക്കു പോയിരുന്ന മോൺ. വടശ്ശേരി (അന്നു ശെമ്മാശ്ശൻ) സ്വഭവനത്തിലേക്കു അയച്ച കത്തിൽ വിവരിച്ചിരുന്നതു ചുവടെ ചേർത്തുകൊള്ളുന്നു.

## മെത്രാന്മാർ മാർപ്പാപ്പായെ സന്ദർശിക്കുന്ന വിധം

“അന്യരാജ്യങ്ങളിൽനിന്നും വരുന്ന മെത്രാന്മാർ മാർപ്പാപ്പായെ കാണുവാൻ വരുന്നെങ്കിൽ വി. പത്രോസിന്റെ ദൈവാലയത്തിൽ നേരത്തേ വി. കുർബാന ചൊല്ലിയിരിക്കണമെന്നു നിയമമുണ്ട്. എന്നാൽ അതിനു സൗകര്യപ്പെടാത്ത ചില അത്യാവശ്യസന്ദർഭങ്ങളിൽ പത്രോസിന്റെ കബറിടത്തിൽ കുർബാന ചൊല്ലാതെതന്നെ മാർപ്പാപ്പായെ കാണുവാൻ സാധിക്കുന്നതാണ്. എത്ര മണിക്കായിരിക്കും സന്ദർശനമെന്നു മെത്രാന്മാർക്കു നേരത്തേ അറിവു കൊടുത്തിട്ടുണ്ടായിരിക്കും. കൃത്യസമയത്തു മെത്രാന്മാർ വത്തിക്കാൻ അരമനയിൽ വരുന്നു. പല നടകളും മുറികളും കടന്നു അവർ സന്ദർശനമുറിയിലോ മാർപ്പാപ്പായുടെ മുറിയിലോ എത്തുന്നു. മെത്രാന്മാർ കടന്നു പോകുമ്പോൾ അരമനയിൽ കാവൽ നിൽക്കുന്ന ഭടന്മാർ കൈയിൽ പിടിച്ചിരിക്കുന്ന കുന്തം ഉയർത്തി അവർക്കു സലാം ചെയ്യുന്നു. മാർപ്പാപ്പായുടെ സെക്രട്ടറിയാണു മെത്രാന്മാരെ മാർപ്പാപ്പായുടെ അടുക്കൽ കൂട്ടിക്കൊണ്ടുപൊ

കുന്നത്. മെത്രാന്മാർ ചെല്ലുന്ന അവസരത്തിൽ മാർപ്പാപ്പാ സ്വന്തം മുറിയിലാണെങ്കിൽ മേശയ്ക്കു അരികെയായി എഴുന്നേറ്റു നില്ക്കയായിരിക്കും. മാർപ്പാപ്പായെ തനിയെ കാണുന്നവർ മൂന്നു പ്രാവശ്യം തലകുനിച്ചു ആചാരം ചെയ്തശേഷം മുട്ടിന്മേൽ നിന്നു കൈയ് മുത്തുന്നു. നിന്നുകൊണ്ടായിരിക്കും മാർപ്പാപ്പാ വർത്തമാനം പറയുന്നത്. മെത്രാന്മാരും അടുത്തുതന്നെ നിൽക്കും. സാധാരണ സന്ദർശനം അരമണിക്കൂറിൽ കൂടുതൽ ദീർഘിക്കുകയില്ല. മെത്രാനുമായുള്ള സംഭാഷണം കഴിയുമ്പോൾ മാർപ്പാപ്പായുടെ സെക്രട്ടറി മെത്രാന്റെകൂടെ വന്നവരെ മാർപ്പാപ്പായുടെ അടുത്തേക്കു ക്ഷണിക്കുന്നു. മെത്രാനും അപ്പോൾ അടുത്തുണ്ടായിരിക്കും..... സന്ദർശകർ വലിയ ആളുകളാണെങ്കിൽ അരമനയുടെ മുറ്റത്തേക്കിറങ്ങുമ്പോൾ ഫോട്ടോ എടുക്കുന്നതിനു ഒരാൾ തയ്യാറായി നിൽക്കുന്നതു കാണാം. ആ ഫോട്ടോ വത്തിക്കാനിൽ നിന്നു പുറപ്പെടുന്ന അന്നത്തെ പത്രത്തിൽ കാണാം. മാർ ഈവാനിയോസ് തിരുമേനിയും മാർ തെയോഫിലോസ് തിരുമേനിയും നമ്മുടെ മഹാരാജാവും മാർപ്പാപ്പായെ സന്ദർശിച്ചശേഷം വത്തിക്കാനിൽവച്ചു എടുത്ത ഫോട്ടോ ഇവിടുത്തെ പത്രങ്ങളിൽ ഇട്ടിരുന്നു.''

## സാധാരണ ജനങ്ങൾ മാർപ്പാപ്പായെ സന്ദർശിക്കുന്ന വിധം

സാധാരണജനങ്ങൾക്കു മാർപ്പാപ്പായെ കാണണമെങ്കിൽ വത്തിക്കാനിൽനിന്നു കൊടുക്കുന്ന ടിക്കറ്റുണ്ടായിരിക്കും. ഈ ടിക്കറ്റുകാശു കൊടുത്തല്ല വാങ്ങുന്നത്. വത്തിക്കാനിൽ പരിചയമുള്ള ഒരു അച്ചന്റെ എഴുത്തുണ്ടെങ്കിലേ ടിക്കറ്റു കിട്ടു. സാധാരണയായി സെമിനാരി റെക്ടന്മാരുടെയോ സന്ന്യാസസഭാശ്രേഷ്ഠന്മാരുടെയോ എഴുത്താണു വാങ്ങിക്കുന്നത്. സെമിനാരിയും, സന്ന്യാസസഭകളും ഇവിടെ ധാരാളമുള്ളതിനാൽ എഴുത്തു കിട്ടുവാൻ വിഷമമൊന്നുമില്ല. കത്തോലിക്കരല്ലാത്തവർ സാധാരണയായി ടിക്കറ്റു വാങ്ങിക്കുന്നതു വത്തിക്കാനിൽ താമസിക്കുന്ന അവരുടെ പ്രതിനിധി വഴിയായിട്ടാണ്. പല രാജ്യക്കാരുടെയും പ്രതിനിധികൾ വത്തിക്കാനിലുണ്ട്. നമ്മുടെ മഹാരാജാവും മഹാറാണിയും വന്നപ്പോൾ ടിക്കറ്റു വാങ്ങിയതു റോമിൽ താമസിക്കുന്ന ബ്രിട്ടീഷ് പ്രതിനിധി വഴിയായിട്ടാണ്. ടിക്കറ്റു വാങ്ങിയിരിക്കുന്നവർ നിശ്ചിതസമയത്തിനു അരമണിക്കൂർ നേരത്തെയെങ്കിലും വത്തിക്കാൻ അരമനയിൽ വി. പത്രോസിന്റെ ദൈവാലയത്തിന്റെ അടുത്തു എത്തിയിരിക്കണം. കോവേണിപ്പടിക്കൽ കാവൽ നില്ക്കുന്ന ഭടന്മാർ ഓരോരുത്തരുടെയും ടിക്കറ്റു പരിശോധിച്ചശേഷം അവരെ അകത്തു കടത്തു

ന്നു...... സന്ദർശകർ വിശാലമായ ഒരു ശാലയിലെത്തുന്നു. ഈ ശാലയുടെ ഒരറ്റത്തായി ഉയർന്ന ഒരു സിംഹാസനം, ചുവന്ന പട്ടുകൊണ്ടും കസവു തുണികൾകൊണ്ടും അലങ്കരിച്ചിട്ടുള്ള ഈ പീഠത്തിൽ തയ്യാറാക്കിയിരിക്കുന്നതു കാണാം. അധികം താമസിയാതെ മാർപ്പാപ്പാ സന്ദർശനശാലയിൽ വരുന്നു. മാർപ്പാപ്പാ ഓരോരുത്തരെയും കൈയ്മുത്തിച്ചു കുശലപ്രശ്നം നടത്തുന്നു. അനന്തരം സിംഹാസനത്തിനടുത്തു നിന്നുകൊണ്ടു ഒരു ചെറിയ ഉപദേശവും നല്കും".

(മോൺ. വടശ്ശേരി. ജീവചരിത്രം പുറം 55-58)
(ഗ്രന്ഥകർത്താ. ഫാ. കിളിച്ചിമല)

1932 ഏപ്രിൽ 12 മുതൽ ജൂലൈ 2 വരെയുള്ള രണ്ടരമാസക്കാലം റോമിൽ താമസിച്ചിരുന്ന അവസരത്തിൽ അഞ്ചുപ്രാവശ്യം പരി. പിതാവിനെ കാണുന്നതിനുള്ള അസുലഭഭാഗ്യമാണു മാർ ഈവാനിയോസിനു ലഭിച്ചത്. ഇവയിൽ നാലാമത്തെ പൊതു സന്ദർശനമൊഴിച്ചുള്ളവയെല്ലാം രഹസ്യസന്ദർശനങ്ങൾ ആയിരുന്നു എന്നതു ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ.

## പ്രഥമ സന്ദർശനം

ആദ്യമായി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുന്നതിനുള്ള അനുവാദം കഥാപുരുഷനു ലഭിച്ചതു 1932 ഏപ്രിൽ 26-ാം തീയതിയായിരുന്നു. പരി. പിതാവിനെ സന്തോഷഭരിതനാക്കിതീർത്തതും തന്നെ ആനന്ദപുളകംകൊള്ളിച്ചതുമായ ഈ സന്ദർശനത്തെപ്പറ്റിയുള്ള വിവരങ്ങൾ മാർ ഈവാനിയോസ് പിന്നീടു പലപ്പോഴും പലരോടും പറയുകയുണ്ടായിട്ടുണ്ട്. അക്കാലത്തെ പല പത്രങ്ങളിലും ഈ വിവരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. അതേവിധം തന്നെ പ്രസ്തുത റിപ്പോർട്ടു ചുവടെ ചേർത്തുകൊള്ളുന്നു.

"റോമിൽ എനിക്കു ലഭിച്ച ഹൃദ്യമായ സ്വീകരണങ്ങൾ എന്നെ കോൾമയിർകൊള്ളിക്കുകയുണ്ടായി. വ്യക്തിപരമായി എനിക്കു ലഭിച്ച ബഹുമാനം എന്നതിനെക്കാൾ തിരുസഭ അതിന്റെ മക്കളെ എത്ര വാത്സല്യപൂർവ്വം സ്നേഹിച്ചു ആദരിച്ചു എന്നുള്ള പരമാർത്ഥത്തിന്റെ തെളിവായിട്ടാണു ഞാൻ ആ സ്വീകരണങ്ങളെ കണക്കാക്കുന്നത്. ചരിത്രപരങ്ങളായ നാനാവിധ പ്രാതികൂല്യങ്ങളാലും ഭിന്നതകളാലും തിരുസഭയിൽനിന്നു വിട്ടുപിരിഞ്ഞു തെറ്റിത്തിരിഞ്ഞു ജീവിക്കുന്ന മക്കൾ തിരിയെവരുമ്പോൾ ധൂർത്തപുത്രന്റെ പിതാവിനെപ്പോലെ അനവദ്യമായ

വാത്സല്യവും ആഹ്ലാദവും കത്തോലിക്കാ സഭാമാതാവു പ്രദർശിപ്പിക്കുന്നു എന്നതു അവിടെ വെച്ചു എനിക്കു അനുഭവബോദ്ധ്യമായി.

ഞാൻ റോമിൽ എത്തിയ ഉടൻതന്നെ മാർപ്പാപ്പാതിരുമേനിയുമായി ഒരു രഹസ്യസന്ദർശനം നടത്തുന്നതിനുള്ള അനുവാദം എനിക്കു ലഭിച്ചു. പ. പിതാവിന്റെ തൃക്കരങ്ങൾ ചുംബിച്ചുകൊണ്ടു എന്റെ സ്നേഹവികാരങ്ങൾ ആദ്യമായി ഞാൻ പ്രകടിപ്പിച്ചു. തൽക്ഷണം എന്നെ ആലിംഗനംചെയ്തു അദ്ദേഹത്തിന്റെ വക്ഷസ്സോടു ചേർത്തു പിടിച്ചുകൊണ്ടു പരി. പിതാവു കല്പിച്ചു "താങ്കൾ എന്റെ പ്രിയപുത്രനാകുന്നു." (You are my good son) തുടർന്നു ദീർഘനേരം ഹൃദ്യമാംവിധം സംഭാഷണം നടത്തി. അങ്ങനെ ലോകമെങ്ങുമുള്ള കത്തോലിക്കാവിശ്വാസികളോടും അവരുടെ മെത്രാന്മാരോടും പരിശുദ്ധപിതാവിന് ഉണ്ടെന്നു പറഞ്ഞു കേട്ടിട്ടുള്ള അത്യാഗാധമായ സ്നേഹവാത്സല്യം യാഥാർത്ഥ്യം തന്നെയാണെന്നുള്ള സത്യം എനിക്കു അനുഭവബോദ്ധ്യമായിത്തീർന്നു.

എന്റെ മിഷ്യന്റെ സംരക്ഷകനായി ഒരു വിശുദ്ധനെ നൽകണമെന്നു ഞാൻ പരിശുദ്ധ പിതാവിനോടു അഭ്യർത്ഥിച്ചു. ഉടൻ തന്നെ "അപ്പസ്തോലപ്രമുഖനും റോമിന്റെ ഒന്നാമത്തെ മെത്രാനും സംരക്ഷകനുമായ വിശുദ്ധ പത്രോസ് തന്നെയാകട്ടെ" എന്നു തിരുമനസ്സുകൊണ്ടു അരുളിചെയ്തു. ഈ തിരഞ്ഞെടുപ്പു എന്റെ പ്രത്യാശാകുസുമങ്ങൾ മോഹന കുസുമങ്ങളായി വിരിഞ്ഞു പരിമളം പരത്തുമെന്നുള്ളതിന്റെ നാന്ദിയാണെന്നു ഓർത്തു ഞാൻ സന്തോഷ നിമഗ്നനായിത്തീരുകയും ചെയ്തു."

ഈ സന്ദർശനം കഴിഞ്ഞു യാത്രപറയുന്നതിനുമുൻപു തന്റെ മിഷ്യന്റെ അഭിവൃദ്ധിക്കുവേണ്ടി ഒട്ടേറെ കാര്യങ്ങൾക്കുള്ള അനുവാദം പരിശുദ്ധ പിതാവു നൽകണമെന്നു മാർ ഈവാനിയോസ് അഭ്യർത്ഥിക്കുകയുണ്ടായി. അടുത്ത സന്ദർശനാവസരത്തിൽ അവയെല്ലാം എഴുതി സമർപ്പിക്കണമെന്നു പരിശുദ്ധ പിതാവു കല്പിച്ചരുളിച്ചെയ്തു. അങ്ങനെ അന്നത്തെ സന്ദർശനം അവസാനിച്ചു.

## രണ്ടാം സന്ദർശനം

രണ്ടാമതായി മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുന്നതിനുള്ള അനുവാദം കഥാപുരുഷനു ലഭിച്ചതു മെയ് രണ്ടാം തീയതി ആയിരുന്നു. ആദ്യമായി താൻ എഴുതിക്കൊണ്ടുചെന്നിരുന്ന നിവേദനം മാർപ്പാ

പ്പായ്ക്കു സമർപ്പിച്ചു. പരിശുദ്ധപിതാവു അതു വായിച്ചു നോക്കിയ ശേഷം "അനുവദിച്ചിരുക്കുന്നു" എന്നു സസന്തോഷം അരുളി ച്ചെയ്തുകൊണ്ടു അപേക്ഷാപത്രം സ്വസെക്രട്ടറിയെ ഭരമേൽപ്പിക്കുക യുണ്ടായി. തിരുവനന്തപുരം ആസ്ഥാനമാക്കിക്കൊണ്ടുള്ള തിരുവനന്ത പുരം അതിരൂപതയും, തിരുവല്ലാ ആസ്ഥാനമാക്കികൊണ്ടുള്ള തിരു വല്ലാ രൂപതയും അടങ്ങിയ മലങ്കര സിറിയൻ ഹൈരാർക്കിക്കുവേണ്ടി യുള്ള അനുവാദാഭ്യർത്ഥനയും പ്രസ്തുത നിവേദനത്തിൽ അടങ്ങി യിരുന്നുവെന്നുള്ളതു ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

ഇതിനു ശേഷം നമ്മുടെ കഥാപുരുഷന്റെ കഴുത്തിൽ പരിശുദ്ധ പിതാവു സ്വകരങ്ങൾ കൊണ്ട് പാല്യവസ്ത്രം ധരിപ്പിക്കയുണ്ടായി. പാല്യത്തെപ്പറ്റിയുള്ള ഒരു ചുരുങ്ങിയ വിവരണം ചുവടെ ചേർത്തുകൊ ള്ളുന്നു.

വെള്ളനിറമുള്ള ആട്ടിൻരോമംകൊണ്ടു നിർമ്മിച്ചതും രണ്ടിഞ്ചു വീതിയോടുകൂടിയതും വൃത്താകൃതിയിൽ കഴുത്തിൽ ധരിക്കത്തക്ക വിധമുള്ളതുമായ ഒരു വസ്ത്രമാണു പാല്യം. പാത്രിയർക്കീസന്മാർക്കും മെത്രാപ്പോലീത്താന്മാർക്കും അപൂർവ്വം ചിലപ്പോൾ മെത്രാന്മാർക്കും അവരുടെ അപേക്ഷയനുസരിച്ചു ഈ വസ്ത്രം മാർപ്പാപ്പാതിരുമേനി നൽകുന്നതാണ്. എപ്പിസ്ക്കോപ്പൽ ഭരണത്തിന്റെ പരിപൂർണ്ണ ചുമതല തങ്ങൾക്കുണ്ടെന്നു അവരെ ഗ്രഹിപ്പിക്കുന്നതിനു വേണ്ടിയാണു ഇതു നൽകപ്പെടുന്നത്. രണ്ടുതരം ആടുകളുടെ രോമംകൊണ്ടു നിർമ്മിക്ക പ്പെടുന്ന ഇതിൽ കമ്പിളികൊണ്ടുള്ള ആറു ചെറിയ കുരിശുകളും തയ്ച്ചു പിടിപ്പിച്ചിരിക്കുന്നതാണ്.

## മൂന്നാം സന്ദർശനം

രണ്ടാം സന്ദർശനാനന്തരം നാലുദിവസം കഴിഞ്ഞു മെയ് 6-ാം തീയതി പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്നതിനുള്ള അവസരം കഥാ പുരുഷനു ലഭിച്ചു. പ്രസ്തുത സന്ദർശനത്തെപ്പറ്റി എറണാകുളം മെത്രാ പ്പോലീത്താ ആയിരുന്ന മാർ അഗസ്റ്റ്യൻ കണ്ടത്തിൽ തിരുമേനിയുടെ പേർക്കു എഴുതിയ ഒരു കത്തിൽ ഇപ്രകാരമാണു കഥാപുരുഷൻ രേഖ പ്പെടുത്തിയിരിക്കുന്നത്.

"മൂന്നാം പ്രാവശ്യം പരിശുദ്ധപിതാവിനെ കാണുവാൻ എനിക്കു അവസരം ലഭിച്ചതു ഇറ്റലിയിലെ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ കൂടെയാണ്. ഇറ്റലിയിലെ അനേകം സർവ്വകലാശാലകളിലുള്ള പ്രതി

നിധികൾ റോമിൽ സമ്മേളിക്കുകയും കത്തോലിക്കാപ്രവർത്തനസഖ്യ ത്തെപ്പറ്റി അവരോടു പ്രസംഗിക്കുവാൻ എന്നെ ക്ഷണിക്കുകയും ചെയ്തിരുന്നു. അവരോടു കുറേനേരം മതപരമായ വിഷയങ്ങളെപ്പറ്റി ഞാൻ പ്രസംഗിച്ചു. എന്റെ പ്രസംഗം അവർ ശ്രദ്ധാപൂർവ്വം കേട്ടുകൊ ണ്ടിരുന്നു. തുടർന്നു മാർപ്പാപ്പായെ സന്ദർശിക്കുന്നതിനു തങ്ങളോടൊ ന്നിച്ചു ഞാനും ചെല്ലണമെന്നു അവർ അഭ്യർത്ഥിച്ചു. അവരുടെ ക്ഷണം സ്വീകരിച്ചു ഞാൻ പോകുകയും ചെയ്തു. ആഹ്ലാദപ്രകടനങ്ങളുടെ മദ്ധ്യേ പരിശുദ്ധപിതാവു ഞങ്ങളെ സ്വീകരിച്ചു. കുറേ സമയം സംസാ രിക്കുകയും ചെയ്തു. ആ സമയത്തു ഞാൻ റോമായിലായിരിക്കുന്നതു തനിക്കു അതിയായ സന്തോഷം പ്രദാനം ചെയ്യുന്നു എന്നു പരിശുദ്ധ പിതാവു എടുത്തു പറയുകയുണ്ടായി. തുടർന്നു എന്നെപ്പറ്റി സ്തുത്യർഹമായി പലതും സംസാരിക്കുകയും അങ്ങനെ എന്നോടുള്ള വാത്സല്യം പ്രകടിപ്പിക്കുകയും ചെയ്തു.''

## നാലാമത്തെ സന്ദർശനം

മാർപ്പാപ്പായെ നാലാമതായി സന്ദർശിക്കുന്നതിനു അവസരം ലഭി ച്ചതു മെയ് 11-ാം തീയതിയായിരുന്നു. പിറ്റേദിവസം പരിശുദ്ധപിതാ വിന്റെ ജന്മദിനവാർഷികം ആയിരുന്നതിനാൽ ആശംസകൾ അർപ്പി ക്കുന്നതിനായി കർദ്ദിനാളന്മാർ, മെത്രാന്മാർ, അമ്പാസിഡറന്മാർ, ആദി യായ ശതക്കണക്കിനു ആളുകൾ വത്തിക്കാനിൽ തടിച്ചുകൂടിയിരുന്നു. ഇക്കൂട്ടത്തിൽ കോട്ടയം രൂപതാദ്ധ്യക്ഷനായിരുന്ന മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയും ഉണ്ടായിരുന്നു എന്നതു പ്രസ്താവ്യമാ ണ്. മാർപ്പാപ്പായെ സന്ദർശിച്ചു ഹ്രസ്വമായ സമയത്തിനുള്ളിൽ ജന്മദി നാശംസകൾ സമർപ്പിച്ചതിനുശേഷം ആ സന്ദർശനവും അവസാനി പ്പിച്ചു.

ഇതേപ്പറ്റി എറണാകുളം മെത്രാപ്പോലീത്താ തിരുമേനിക്കു അയച്ച കത്തിൽ ഇപ്രകാരമാണു എഴുതിയിരിക്കുന്നത്. ''പരിശുദ്ധ പിതാവിന്റെ തിരുനാൾദിനം പ്രമാണിച്ചു വത്തിക്കാനിൽനിന്നുക്ഷണം ലഭിച്ചപ്പോഴാണു നാലാംപ്രാവശ്യം പരിശുദ്ധപിതാവിനെ സന്ദർശിക്കു ന്നതിനുള്ള ഭാഗ്യം എനിക്കു ലഭിച്ചത്. കർദ്ദിനാളന്മാരെ സ്വീകരിച്ച ശേഷം എന്നെ അവിടുന്നു പ്രത്യേകമായി സ്വീകരിച്ചു. കൂടുതൽ സന്ദർശനങ്ങൾക്കുവേണ്ടിയുള്ള അനുവാദം ഞാൻ അവിടുത്തോടു ചോദിച്ചപ്പോൾ അവിടുന്നു എന്നോടു പറഞ്ഞു: ''മകനേ, താങ്കൾക്കു എപ്പോഴും സ്വാഗതം'' എന്ന്.

## അവസാന സന്ദർശനം

അഞ്ചാമത്തെയും അവസാനത്തേതുമായ സന്ദർശനം നടന്നതു ജൂൺ 2-ാം തീയതിയായിരുന്നു. സാധാരണ സന്ദർശനങ്ങളെ അപേക്ഷിച്ചു ദീർഘമായ സമയം ഈ അവസരത്തിൽ എടുക്കുകയുണ്ടായി. വിവിധ വിഷയങ്ങളെപ്പറ്റി മാർപ്പാപ്പായും മാർ ഈവാനിയോസും തമ്മിൽ സംസാരിച്ചു. സന്ദർശനാവസാനം അയർലണ്ടിൽ വച്ചു നടത്തുന്ന അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിക്കുവാൻ താൻ പോകുന്നുണ്ടെന്നും മാർഗ്ഗമദ്ധ്യേ ലണ്ടനിലെത്തി ജോർജ്ജ് പഞ്ചമൻ ചക്രവർത്തിയെ സന്ദർശിക്കുവാനുദ്ദേശിക്കുന്നുവെന്നും മാർ ഈവാനിയോസ് പറയുകയുണ്ടായി. ഉടൻതന്നെ ചക്രവർത്തിക്കു കൊടുക്കുന്നതിനായി ഒരു സന്ദേശം പരിശുദ്ധപിതാവു മാർ ഈവാനിയോസിനെ ഏല്പിച്ചു. പ്രസ്തുത സന്ദേശം അടുത്ത അദ്ധ്യായത്തിൽ ചേർക്കുന്നതാണ്.

ഈ സന്ദർശനത്തിൽ ഇരുവരും തമ്മിൽ നടത്തിയ സുദീർഘമായ സംഭാഷണം ചോദ്യോത്തരരൂപത്തിൽ രേഖപ്പെടുത്തി കഥാപുരുഷൻ തന്റെ സ്വന്തം സന്ദർശനഫയലിൽ പ്രത്യേകം സൂക്ഷിച്ചിരുന്നതിൽനിന്നും ഏതാനും ഭാഗം ചുവടെ ചേർക്കുന്നു:

പരി. പിതാവ്:-താങ്കളുടെ റോമാസന്ദർശനം സന്തോഷപ്രദമായിരുന്നുവോ?

മാർ ഈവാ:-പരി. പിതാവേ, എന്റെ ജീവിതത്തിലെ ഏററവും ആനന്ദസംദായകമായ ദിവസങ്ങൾ ഇവിടെ കഴിച്ചുതാണെന്നു നിസ്സംശയം പറയാൻ സാധിക്കും. കേവലം ഒരു സുന്ദര സ്വപ്നം പോലെയാണു എനിക്കു ഇതനുഭവപ്പെട്ടിരിക്കുന്നത്. അത്രമാത്രം ആനന്ദകരമായിരുന്നു ഇവിടത്തെ എന്റെ ജീവിതം.

പരി. പിതാവ്:- അതെ, നല്ല സ്വപ്നങ്ങൾ ചിലപ്പോഴെല്ലാം യാഥാർത്ഥ്യങ്ങളായി പരിണമിക്കാറുണ്ടല്ലോ.

മാർ ഈവാ:- ഉവ്വ്; പരി. പിതാവേ, എന്റെ ജീവിതസ്വപ്നം എനിക്കു അനുഭവസിദ്ധമായിത്തീർന്നിരിക്കുന്നു. യേശുമിശിഹായുടെ സ്നേഹം റോമിൽ പ്രവൃത്തിരൂപത്തിൽ ഞാൻ കാണുകയും, ക്രൂശിതനായ യേശുവിന്റെ സചേതനചിത്രം ഇവിടെ ഞാൻ ദർശിക്കുകയും ചെയ്തിരിക്കുന്നു.

പരി. പിതാവ്:-അല്ല, ഭാവിയിലേക്കും താങ്കൾക്കു ചില സ്വപ്ന ങ്ങൾ ഉള്ളതായി തോന്നുന്നുണ്ടല്ലോ.

മാർ ഈവാ:-പരി. പിതാവേ, ഇൻഡ്യയെ മുഴുവനും യേശുമിശിഹായുടെ തൃച്ചേവടിയിലേക്കു ആനയിക്കണമെന്നുള്ളതു മാത്രമാണു എന്റെ സ്വപ്നവും അഭിലാഷവും.

പരി. പിതാവ്:-അതേ, ഇൻഡ്യയുടെ യഥാർത്ഥ രാജാവായ ക്രിസ്തുവിന്റെ തൃപ്പാദങ്ങളിലേക്കു തന്നെ.

മാർ ഈവാ:-കേരളത്തിൽ ആരംഭിച്ചരിക്കുന്ന പുനരൈക്യപ്രസ്ഥാനം അതിവിപുലമായ ഒരു സംഘടനയായി വളർന്നുവരുമെന്നാണു എന്റെ ബോദ്ധ്യം. പരി. പിതാവേ, ഇൻഡ്യ ക്രിസ്തീയമായിത്തീരുമെങ്കിൽ ആദ്ധ്യാത്മിക വിഷയങ്ങളിൽ അതു ഒരു രാജ്യത്തിന്റേയും പിന്നണിയിൽ ആയിത്തീരുന്നതല്ല. ഞങ്ങളുടെ മാതൃരാജ്യം വിശുദ്ധന്മാരുടെ ശോഭനമായ ഒരു വിളനിലമായിത്തീരുമെന്നാണു എന്റെ ദൃഢമായ വിശ്വാസം. മതങ്ങളോടു ഇൻഡ്യാക്കാർക്കു അത്രമാത്രം ബഹുമാനം ഉണ്ട്. അതിനാൽ അവിടെ സന്ന്യാസസമൂഹങ്ങൾ സ്ഥാപിക്കുന്നപക്ഷം ദൈവവിളികൾ ധാരാളം ഉണ്ടാകുന്നതാണ്.

പരി. പിതാവ്:-അതെ, ഇൻഡ്യാക്കാർ വളരെ മതതീക്ഷ്ണതയുള്ളവരാണെന്നു എനിക്കറിയാം. ആർഷഭാരതത്തിന്റെ മഹത്തായ ഒരു പുരാതന സംസ്ക്കാരം അവർക്കു സ്വന്തമായിട്ടുണ്ട്.

മാർ ഈവാ:-ഉവ്വ്; പരി. പിതാവേ, അവരെയും അവരുടെ സംസ്ക്കാരത്തെയും ജ്ഞാനസ്നാനപ്പെടുത്തണം. പ്രാചീന റോമാ സംസ്ക്കാരവും തർക്കശാസ്ത്രവും നാഗരികത്വവും സംസ്ക്കരിച്ചെടുത്തതുപോലെ ഞങ്ങളുടെ സംസ്ക്കാരത്തിനും നല്ലൊരു രൂപം ഉണ്ടാകേണ്ടിയിരിക്കുന്നു.

പരി. പിതാവ്:- പൗരസ്ത്യരാജ്യങ്ങളോടു നമുക്കു വളരെ പ്രതിപത്തിയും താല്പര്യവുമാണുള്ളത്. അവിടെ പ്രത്യേകിച്ചു ചൈനയിലും താങ്കളുടെ രാജ്യമായ ഇൻഡ്യയിലും പുതിയ പുതിയ സന്ന്യാസസമൂഹങ്ങൾ സ്ഥാപിക്കുന്നതായി കേൾക്കുമ്പോൾ നമുക്കു വളരെയധികം ആനന്ദമാണു ഉണ്ടാകുന്നത്.

മാർ ഈവാ:- ബോൾഷെവിസത്തെയും, നിരീശ്വരത്വത്തെയും ഇന്ത്യയിൽ ഇപ്പോൾ ഭയപ്പെടേണ്ടതായ ആവശ്യമില്ലെന്നാണു എനിക്കു

തോന്നുന്നത്. ഭാരതീയ ജനത ആദ്ധ്യാത്മികമായി അത്രമാത്രം പ്രബുദ്ധരാണ്. പക്ഷേ, ഞങ്ങളുടെ പുരാതനമായ ആചാരക്രമങ്ങൾ ജനങ്ങളെക്കൊണ്ടു ഉപേക്ഷിപ്പിക്കുക എന്നതു സുഗമമായ ഒരു കാര്യമല്ല.

പരി. പിതാവ്:- ബോൾഷെവിസം നിമിത്തമുള്ള അപകടത്തെപ്പറ്റി ഒരു വാക്കു പറയട്ടെ. എല്ലാവരും നല്ലതുപോലെ സൂക്ഷിച്ചിരിക്കേണ്ടതാണ്. അമിതമായ വിശ്വാസം പാടില്ല. റഷ്യൻ ജനതയെ നമുക്കു നേരിട്ടു പരിചയമുണ്ട്. അവർ എത്രമാത്രം മതചൈതന്യം ഉള്ളവരായിരുന്നുവെന്നു നാം കണ്ടറിഞ്ഞിട്ടുള്ളതാണ്. അവരുടെ ഭക്തിയും പ്രാർത്ഥനാശീലവും നമ്മെ വളരെയധികം ആകർഷിച്ചിട്ടുണ്ട്. അനേകം മണിക്കൂറുകൾ അവർ തുടർച്ചയായി പ്രാർത്ഥിക്കുന്നതു നാം തന്നെ നേരിട്ടു കണ്ടിട്ടുള്ളതാണ്. അവരുടെ പ്രാർത്ഥനയിലുള്ള സ്ഥിരത വാസ്തവത്തിൽ നമ്മെ പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുമുണ്ട്. ഇപ്രകാരമെല്ലാം ആയിരുന്നുവെങ്കിലും അവസാനം എന്താണു അവിടെ സംഭവിച്ചത്? അവരിൽ നിന്നുമല്ലേ നിരീശ്വരപരമായ പരിപാടികളോടും, ദൈവത്തിനെതിരായുള്ള സമരപ്രഖ്യാപനത്തോടും കൂടിയ ബോൾഷെവിസം പുറത്തുവന്നത്. ഇൻഡ്യയിലും നിങ്ങൾ മുൻകരുതലുള്ളവരായിരിക്കണം. എത്ര മതബോധമുള്ള ജനതയെ ആയാലും നിഷ്പ്രയാസം വഞ്ചിക്കുവാൻ കള്ളപ്രവാചകന്മാർക്കു സാധിക്കും. നാം മൂന്നുകൊല്ലാം റഷ്യയിൽ താമസിച്ചു. കാക്കസസ്സ് മുതൽ ബോൾട്ടിക്കു വരെയുള്ള സ്ഥലങ്ങളെല്ലാം നമുക്കു സുപരിചിതമാണ്. മുമ്പു സൂചിപ്പിച്ചതുപോലെ സാധുജനങ്ങളുടെ പ്രാർത്ഥനാസ്വഭാവത്തിൽ നാം അതിശയിച്ചുപോയിട്ടുണ്ട്. ഇപ്രകാരമെല്ലാം ആയിരുന്നുവെങ്കിലും ബോൾഷെവിസത്തെയാണുറഷ്യ നമുക്കു നല്കിയത്.

മാർ ഈവാ:-പരിശുദ്ധ പിതാവേ, ഭാരതീയർ കത്തോലിക്കാ മതത്തെയും അതിന്റെ വിവിധ പ്രവർത്തനങ്ങളെയും ബഹുമാനപൂർവ്വമാണു വീക്ഷിക്കുന്നത്. ഞങ്ങൾ ഭാരതീയരാകയാൽ ഞങ്ങളുടെ പ്രവർത്തനങ്ങൾ സംശയദൃഷ്ട്യാ വീക്ഷിക്കപ്പെടുന്നില്ല. ഞങ്ങളുടെ പുരോഹിതന്മാരെ പുനഃസംഘടിപ്പിക്കേണ്ടതും വേദശാസ്ത്ര നിപുണരാക്കിത്തീർക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

പരി. പിതാവ്:- മാർ തിയോഫിലോസിനു സൗഖ്യം തന്നെയോ?
മാർ ഈവാ:- അതെ, അദ്ദേഹം തന്റെ ജോലി തുടർന്നു നടത്തിക്കൊണ്ടിരിക്കുകയാണ്. ഇരുവരും ഒന്നിച്ചു ഇൻഡ്യ വിടുന്നതു പ്രയാസമാകയാലാണു അദ്ദേഹം എന്നോടൊന്നിച്ചു വരാതിരുന്നത്.

പരി. പിതാവ്:– അദ്ദേഹത്തിനും, അദ്ദേഹത്തിന്റെ എല്ലാ സംരംഭങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും ഹൃദയപൂർവ്വകമായ ആശിസ്സുകൾ നാം നല്കുന്നതായി പറയണം. അദ്ദേഹത്തോടും അദ്ദേഹത്തിന്റെ സംരംഭങ്ങളോടും വ്യക്തിപരമായ താല്പര്യം നമുക്കുണ്ടെന്നു അദ്ദേഹത്തെ അറിയിക്കണം.

താങ്കൾക്കു സുഖം തന്നെയോ? റോമിലെ കാലാവസ്ഥ താങ്കൾക്കും അനുകൂലമായിരുന്നോ?

മാർ ഈവാ:–അതേ പരി. പിതാവേ, ഇവിടെ എനിക്കു പരിപൂർണ്ണ സുഖം തന്നെയായിരുന്നു.

പരി. പിതാവ്:–ഇൻഡ്യയ്ക്കും നമ്മുടെ ദിവ്യനാഥനും വേണ്ടി മഹത്തായ ദിവ്യകാര്യങ്ങൾ ചെയ്യുന്നതിനായി താങ്കളുടെ ആരോഗ്യം പ്രത്യേകം സൂക്ഷിക്കണം.

മാർ ഈവാ:–പരി. പിതാവേ, നമ്മുടെ ദിവ്യരക്ഷകനെയും അവിടുത്തെ വികാരിയെയും സേവിക്കണമെന്ന ഒരൊറ്റ ആഗ്രഹമേ എനിക്കു ജീവിതത്തിൽ അവശേഷിച്ചിട്ടുള്ളൂ.

പരി. പിതാവ്:– കൊള്ളാം മകനേ, നാം തമ്മിൽ പിരിയുന്നതിനു മുമ്പ്.......

മാർ ഈവാ:–പരി. പിതാവേ, ഞാൻ അങ്ങയെ വീണ്ടും സന്ദർശിക്കണമെന്നു അഗ്രഹിക്കുന്നു. ആയതിനു അനുവദിക്കുമെന്നു വിശ്വസിക്കട്ടയോ?*

പരി. പിതാവ്:– മകനേ, താങ്കൾക്കു എപ്പോഴും സ്വാഗതം. താങ്കളെ സ്വീകരിക്കുന്നതിനു അതീവ സന്തോഷമേ നമുക്കുള്ളൂ. പ്രിയ മകനേ, വി. പൗലോസിന്റെ വാക്കുകളിൽ ഇപ്പോൾ നാം യാത്രപറയുന്നു. "എനിക്കുവേണ്ടി പ്രാർത്ഥിക്കുക. ഞാൻ നിങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാം. നാം രക്ഷിക്കപ്പെടുന്നതിനുവേണ്ടി പരസ്പരം നമുക്കു ദൈവത്തോടു അപേക്ഷിക്കാം."

*റോമിൽനിന്നും ഇംഗ്ലണ്ടിലും അയർലണ്ടിലും പോയശേഷം മടങ്ങിവരും വഴി മാർപ്പാപ്പാതിരുമേനിയെ വീണ്ടും സന്ദർശിക്കണമെന്നുള്ള ഉദ്ദേശ്യമായിരുന്നു കഥാപുരുഷനുണ്ടായിരുന്നത്. പക്ഷേ, വിവിധ കാരണങ്ങളാൽ അതു സാദ്ധ്യമായിത്തീരുകയുണ്ടായില്ല.

## അദ്ധ്യായം 41

# വിവിധരാജ്യസന്ദർശനങ്ങളും പ്രത്യാഗമനവും

മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ചശേഷം അയർലണ്ടിലേക്കാണു കഥാപുരുഷൻ യാത്ര പുറപ്പെട്ടത്. അയർലണ്ടിന്റെ തലസ്ഥാനമായ ഡബ്ലിനിൽവച്ചു നടത്തുന്ന അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിക്കണമെന്നുള്ളതായിരുന്നുവല്ലോ പാശ്ചാത്യപര്യടനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആഗ്രഹങ്ങളിൽ ഒന്ന്. ഈ സന്ദർശനത്തിൽ ദിവ്യകാരുണ്യകോൺഗ്രസ്സിനെപ്പറ്റി ഏതാനും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സ്

വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുനാഥനോടുള്ള സ്നേഹവും ഭക്തിയും കൃതജ്ഞതയും പ്രകടിപ്പിക്കുന്നതിനും അവിടത്തെ പരസ്യമായി ആരാധിക്കുന്നതിനുംവേണ്ടി ലോകത്തിന്റെ നാനാഭാഗത്തുനിന്നും ലക്ഷക്കണക്കിനു തീർത്ഥാടകർ ആഗതരായി രണ്ടോ മൂന്നോ ദിവസത്തേയ്ക്കു നടത്തപ്പെടുന്ന സമ്മേളനമാണു അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സ്. ഓരോ രൂപതയിലും ഓരോ രാജ്യത്തും വച്ചുള്ള പ്രാദേശിക ദിവ്യകാരുണ്യസമ്മേളനങ്ങൾ ആദിമുതൽ സഭയിൽ നിലവിലുണ്ടായിരുന്നു. എന്നാൽ ഭൂലോകമെങ്ങുനിന്നും ഭക്തജനങ്ങൾ വന്നു സംബന്ധിച്ചു വിശുദ്ധ കുർബാനയോടുള്ള ഭക്തപ്രകടനങ്ങൾ നടത്തുന്നതിനാവശ്യം വേണ്ട സൗകര്യങ്ങ

ളോടും സജ്ജീകരണങ്ങളോടും കൂടിയ അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സ് സമാരംഭിച്ചിട്ടു തൊണ്ണൂറു വർഷമേ ആയിട്ടുള്ളൂ. ഫ്രാൻസിലുള്ള ലില്ലേ പട്ടണത്തിൽവച്ചാണു 1881-ൽ പ്രഥമ സമ്മേളനം നടത്തപ്പെട്ടത്. ഫ്രാൻസ് സ്വദേശിനിയും ദിവ്യകാരുണ്യഭക്തയുമായിരുന്ന മാർത്തേ മരിയറ്റാവിസ്തർ എന്ന സാധുവായ ഒരു വനിതയാണു ഇതിലേക്കുള്ള ആഗ്രഹം ആദ്യമായി പ്രകടിപ്പിച്ചത്. വടക്കേ ഫ്രാൻസിലെ ഒരു വ്യവസായപ്രമുഖനായ ഫിലിബ്രട്ട് വ്രായൂ എന്ന ദേഹത്തോടാണു അവർ ഈ ആശയം ഉന്നയിച്ചത്. അദ്ദേഹം പതിമൂന്നാം ലെയോ മാർപ്പാപ്പായിൽ നിന്നു അനുവാദം സമ്പാദിക്കുകയും സേഗുറിലെ ഗാസ്റ്റൽ മെത്രാന്റെ സഹായത്തോടുകൂടി കോൺഗ്രസ്സിന്റെ പ്രഥമസമ്മേളനം ലില്ലേയിൽവച്ചു ആഘോഷപൂർവ്വം നടത്തുകയും ചെയ്തു. ഇതേത്തുടർന്നു ഇക്കഴിഞ്ഞ തൊണ്ണൂറു വർഷങ്ങൾക്കുള്ളിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി നാല്പതിൽപ്പരം ദിവ്യകാരുണ്യ കോൺഗ്രസ്സുകൾ നടത്തപ്പെട്ടിട്ടുണ്ട്.

## ഡബ്ളിൻ കോൺഗ്രസ്സിൽ

1932-ൽ അയർലണ്ടിലുള്ള ഡബ്ലിനിൽവച്ചു നടത്തപ്പെട്ട അഖിലലോക ദിവ്യകാരുണ്യകോൺഗ്രസ്സിന്റെ 31-ാം സമ്മേളനത്തിൽ സംബന്ധിക്കുന്നതിനുള്ള ഭാഗ്യമാണു കഥാപുരുഷനു സിദ്ധിച്ചത്. ഇതേപ്പറ്റി, ഇംഗ്ലീഷ് ഭാഷയിൽ "മാർ ഈവാനിയോസ് ചരിത്രം" രചിച്ച അയർലണ്ടു സ്വദേശിനിയായ മിസ്സ് ഗിബൻസ് പ്രസ്തുത ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ഇപ്രകാരമാണ്.

"ഡബ്ളിനിൽ മാർ ഈവാനിയോസ് ഈശോസന്ന്യാസസമൂഹ വൈദികരുടെ അതിഥിയായി റാതുഫർണർ എന്ന മന്ദിരത്തിലാണു താമസിച്ചുകൊണ്ടിരുന്നത്. ദിവ്യകാരുണ്യകോൺഗ്രസ്സിന്റെ അവസരത്തിൽ മലങ്കരറീത്തിലുള്ള ആഘോഷപൂർവ്വകമായ വി.കുർബാന പരസ്യമായി മാർ ഈവാനിയോസ് അർപ്പിച്ചതു പ്രസ്തുത വൈദികരുടെ ആത്മാർത്ഥമായ സഹായം മൂലമായിരുന്നു. ഇതിലേക്കുവേണ്ടി ഒരു ലത്തീൻദൈവാലയം തൽക്കാലത്തേക്കു പൗരസ്ത്യാരാധനയ്ക്കു ഉതകത്തക്ക വിധത്തിൽ അവർ രൂപാന്തരപ്പെടുത്തുകയും ഒരു പ്രത്യേക ഗായകസംഘത്തെ അതിനുവേണ്ടി ക്രമീകരിക്കുകയും ചെയ്തിരുന്നു. അവിടെവച്ചു നടന്ന ദിവ്യകർമ്മത്തിൽ സംബന്ധിച്ച പലരുമായി സംസാരിക്കുന്നതിനുള്ള അവസരം ഈ ഗ്രന്ഥകർത്രിക്കു ഈയിടെ ലഭിക്കുകയുണ്ടായി. അന്നത്തെ കുർബാനയെപ്പറ്റിയുള്ള സ്മരണ ഇന്നും അവ

രുടെ മനസ്സിൽ നിലകൊള്ളുന്നുണ്ട്. അതിന്റെ മാഹാത്മ്യത്തെപ്പറ്റി സ്തുത്യർഹമായി പ്രസ്താവിച്ചശേഷം "ഇത്രമാത്രം സമയം അതിനു വേണ്ടി എടുക്കാതിരുന്നാൽ കൊള്ളാമായിരുന്നു" എന്നു തെല്ലൊരു ദ്വേഗത്തോടുകൂടെ അവർ പറയുകയുണ്ടായി. പാശ്ചാത്യരെ അപേക്ഷിച്ചു പൗരസ്ത്യർ സമയത്തിന്റെ ദൈർഘ്യം ഒരു പ്രശ്നമായി പരിഗണിക്കാറില്ലല്ലോ. ഈശോസമൂഹവൈദികരുടെ സൗഹൃദ മനഃസ്ഥിതിയെ മാർ ഈവാനിയോസ് ആനന്ദവായ്പ്പോടുകൂടെയാണു അനുസ്മരിച്ചത്. കാരണം, പൗരസ്ത്യറീത്തുകളോടു പാശ്ചാത്യർക്കു അത്ര നല്ല കൂറില്ലായിരുന്ന അവസരത്തിലാണു അതിപുരാതനമായ ആ റീത്തിനെ പരസ്യമായി പ്രകടിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ അവർ അന്നു നടത്തുകയുണ്ടായത്".

(Mar Ivanios Page 74)

## കോൺഗ്രസ്സിനെപ്പറ്റിയുള്ള അഭിപ്രായം

ദിവ്യകാരുണ്യകോൺഗ്രസ്സിനെപ്പറ്റി ആർച്ചുബിഷപ്പിനുണ്ടായ മതിപ്പു എത്രമാത്രമെന്നു റോമിലെ പൗരസ്ത്യതിരുസംഘാദ്ധ്യക്ഷനായ മോൺസിഞ്ഞോർ ചിക്കോഞ്ഞാനിക്കു അയച്ച ഒരു കത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. പ്രസ്തുത കത്തിലെ ഒരുഭാഗം ഇപ്രകാരമാണ്.

"ദിവ്യകാരുണ്യകോൺഗ്രസ്സിനോടനുബന്ധിച്ചു പ്രസിദ്ധപ്പെടുത്തിയ ഒരു സുവനീർ അവിടുത്തേക്കു അയച്ചുകൊള്ളുന്നു. കോൺഗ്രസ്സ് ഏറ്റം വലിയ ഒരു വിജയമായിരുന്നു എന്നു പറയുന്നതിനു സാധിക്കും. പരിശുദ്ധപിതാവു അതിലെ നടപടികളെല്ലാം ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്നു എന്നും അവിടുന്നു നിയമിച്ചിരുന്ന പ്രതിനിധിയുമായി കൂടെക്കൂടെ സംസാരിച്ചുകൊണ്ടിരുന്നു എന്നുമുള്ള വാർത്ത ഇവിടെ സർവ്വത്ര പ്രചരിച്ചിരുന്നു. കോൺഗ്രസ്സിന്റെ വിജയത്തിനു ഇതും പ്രയോജകീഭവിക്കയുണ്ടായി. സമാപനദിവസത്തിൽ പരിശുദ്ധപിതാവിന്റെ സന്ദേശം പ്രതീക്ഷിച്ചുകൊണ്ടു ഇതിൽ സംബന്ധിച്ചിരുന്ന സകലരും കാത്തിരുന്നു. കോൺഗ്രസ്സ് പന്തലിൽവച്ചു അവസാനദിവസം നടന്ന ആഘോഷപൂർവ്വകമായ ദിവ്യബലിക്കുശേഷം പരിശുദ്ധപിതാവിന്റെ സന്ദേശവും, ആശീർവാദവും കോൺഗ്രസ്സിനു വിജയമകുടം ചൂടുകതന്നെചെയ്തു. ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള സകല വിശ്വാസികളും ഒന്നടങ്കം പരിശുദ്ധ കുർബാനയെ ആരാധിക്കുന്നതായും അവർക്കെല്ലാം ക്രിസ്തുവിന്റെ വികാരിയായ പരിശുദ്ധ

പിതാവു അപ്പസ്തോലികാശീർവാദം നൽകുന്നതായുമുള്ള ബോദ്ധ്യ മാണു എന്നതിൽ അനുഭവപ്പെട്ടത്. സ്വർഗ്ഗീയമായ ഒരു അനുഭൂതിയാണു ഇവയെല്ലാം എന്നിൽ ഉളവാക്കിത്തീർത്തത്. ദൈവനാമം മഹത്വപ്പെട്ട തായിരിക്കട്ടെ. പരിശുദ്ധപിതാവിനുവേണ്ടിയും അവിടുത്തെ നിയോഗ ങ്ങളെല്ലാം സാദ്ധ്യമായിത്തീരുന്നതിനുവേണ്ടിയും അനേകായിരങ്ങളുടെ പ്രാർത്ഥനകൾ സ്വർഗ്ഗത്തിലേക്കു ഉയർത്തപ്പെട്ടു. ഈ സന്ദർഭത്തിൽ പരിശുദ്ധപിതാവിനും, പൗരസ്ത്യതിരുസംഘത്തിനും, ഭിന്നിച്ചു നിൽക്കുന്ന ക്രൈസ്തവസഹോദരങ്ങളുടെ പുനരൈക്യത്തിനുംവേണ്ടി ഞാനും പ്രത്യേകം പ്രാർത്ഥിക്കുകയുണ്ടായി".

ദിവ്യകാരുണ്യകോൺഗ്രസ്സ് സമാപിച്ചശേഷം പത്രപ്രതിനിധിക ളുമായി കഥാപുരുഷൻ നടത്തിയ ഒരു അഭിമുഖ സംഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിച്ചു.

"കത്തോലിക്കാസഭയ്ക്കു ലോകമെങ്ങുമുള്ള ശക്തിയുടെയും, കെട്ടുറപ്പിന്റെയും ഏറ്റം മനോജ്ഞമായ ഒരു പ്രകടനമായിട്ടാണു ഡബ്ലി നിൽ വെച്ചു നടന്ന ദിവ്യകാരുണ്യകോൺഗ്രസിനെ ഞാൻ വീക്ഷിക്കു ന്നത്. തിരുസഭയുടെ സജീവവിശ്വാസത്തിന്റെ ഒരു പ്രത്യക്ഷ പ്രദർശ നമായി വി. കുർബാനയെ ഞാൻ കരുതുന്നു. കത്തോലിക്കരുടെ മാത്ര മല്ല, അകത്തോലിക്കരുടെ മുമ്പാകെയും ഇവിടെ വെച്ചു നടത്തപ്പെട്ട ആരാധന, വി. കുർബാനയുടെ വാഴ്വ്, കോൺഗ്രസ്സിന്റെ അവസാനദി വസം നടത്തപ്പെട്ട ഭക്തിനിർഭരമായ പ്രകടനങ്ങൾ എന്നിവ എന്റെ മന സ്സിൽനിന്നും ഒരുകാലത്തും മാഞ്ഞു പോകുന്നതല്ല. ഒക്കോണൽ പാല ത്തിൽ എത്തിച്ചേരുന്ന നാലുറോഡുകളിലുമായി ഒരു ലക്ഷത്തിൽപ്പരം ഭക്തജനങ്ങൾ കുരിശിന്റെ ആകൃതിയിൽ അണിനിരന്നു നിന്നു വിശുദ്ധ കുർബാനയോടുള്ള പരസ്യമായ ആരാധന പ്രകടിപ്പിച്ചു വളരെ ഉയർന്ന ഒരു ഫ്ളാറ്റു ഫോറത്തിലാണു ദിവ്യബലി അർപ്പിക്കുന്നതിനുള്ള അൾത്താര സ്ഥാപിച്ചിരുന്നത്. അവിടെവച്ചുതന്നെ പരിശുദ്ധകുർബ്ബാ നയുടെ വാഴ്വും പ്രതിനിധിവഴിയായുള്ള പരിശുദ്ധ പിതാവിന്റെ ആശീർവാദവും നൽകപ്പെട്ടു".

ഈ ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിച്ചശേഷമാണു സുപ്രസിദ്ധ ആഗ്ലേയ സാഹിത്യകാരനായ ജി.കെ. ചെസ്റ്റർട്ടനുമായി സംഭാഷണം നടത്തുന്നതിനുള്ള അവസരം മാർ ഈവാനിയോസിനു സിദ്ധിച്ചത്. ആ സന്ദർഭത്തെപ്പറ്റി ലണ്ടനിൽനിന്നു പുറപ്പെടുന്ന 'യൂണി വേഴ്സ്' പത്രത്തിൽ ആയിടയ്ക്കുതന്നെ ചെസ്റ്റർട്ടൻ എഴുതിയ വിവര

ണവും അതിന്റെ വിവർത്തനവും അടുത്ത അദ്ധ്യായത്തിൽ ചേർക്കുന്നതാണ്.

## ഇംഗ്ലണ്ടിൽ

ദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിച്ചശേഷം കഥാപുരുഷൻ ഇംഗ്ലണ്ടിലേക്കു യാത്ര പുറപ്പെട്ടു. ഇംഗ്ലണ്ടിൽ താമസിച്ചുകൊണ്ടിരുന്ന രണ്ടാഴ്ചയ്ക്കുള്ളിൽ അവിടെയുള്ള വിവിധസ്ഥാപനങ്ങളിൽ ഒട്ടനേകം പ്രസംഗങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി. ഒരു പാർലമെന്റു മെമ്പറും രാഷ്ട്രീയനേതാവും കത്തോലിക്കാപ്രമുഖനുമായിരുന്ന ഫിറ്റ്സാലൻ പ്രഭൂവിന്റെ അദ്ധ്യക്ഷതയിൽ നടന്ന വൻപിച്ച പ്രസംഗമഹായോഗത്തെ അഭിമുഖീകരിച്ചുകൊണ്ടു തന്റെ പരിവർത്തന കാരണങ്ങൾ വിശദീകരിച്ചു സുദീർഘമായ ഒരു പ്രസംഗം കഥാപുരുഷൻ നടത്തുകയുണ്ടായി. ഇതേ തുടർന്നു ഇംഗ്ലണ്ടിലെ പല രാഷ്ട്രീയ നേതാക്കന്മാർ, സഭാമേലദ്ധ്യക്ഷന്മാർ, അൽമായ പ്രമുഖന്മാർ എന്നിവരെയെല്ലാം സന്ദർശിക്കുന്നതിനും അവരുടെ പരിചയം സമ്പാദിക്കുന്നതിനും ആർച്ചുബിഷപ്പിനു സാധിച്ചു. അനന്തരം ബെക്കിംഗാം കൊട്ടാരത്തിൽവച്ചു ഇംഗ്ലണ്ടിലെ രാജാവും ഇൻഡ്യയുടെ ചക്രവർത്തിയുമായിരുന്ന ജോർജ്ജ് പഞ്ചമനെയും ചക്രവർത്തിനിയെയും സന്ദർശിച്ചു. അവിടെവച്ചു നടത്തിയ ഗാർഡൻ പാർട്ടിയിൽ സംബന്ധിക്കുകയും തദവസരത്തിൽ അവരുമായി ദീർഘനേരം സംഭാഷണം നടത്തുകയും ചെയ്തു. റോമിൽനിന്നും പരിശുദ്ധ പിതാവു കൊടുത്തയച്ചിരുന്ന സന്ദേശത്തിന്റെ പരിഭാഷയാണു താഴെ ചേർക്കുന്നത്.

"താങ്കളുടെ ഇംഗ്ലണ്ടു യാത്രയിൽ രാജാവിനെ സന്ദർശിക്കുമ്പോൾ ഇക്കഴിഞ്ഞ പ്രാവശ്യം അദ്ദേഹം നടത്തിയ റോമാസന്ദർശനം അതിയായ സന്തോഷത്തോടുകൂടെയാണു നാം ഇപ്പോഴും സ്മരിക്കുന്നതെന്നു എന്റെ നാമത്തിൽ അദ്ദേഹത്തോടു പറയണം. അദ്ദേഹത്തിന്റെ ആരോഗ്യത്തിനുവേണ്ടിയും ഇംഗ്ലണ്ടിനുവേണ്ടിയും അദ്ദേഹത്തിന്റെ കീഴിലുള്ള പ്രജകൾക്കുവേണ്ടിയും നാം നിരന്തരം പ്രാർത്ഥിക്കുന്നുണ്ടെന്നും അറിയിക്കണം. അദ്ദേഹത്തിന്റെ സന്ദർശനത്തിനു നാം കൃതജ്ഞത പ്രകടിപ്പിച്ച അവസരത്തിൽ "എന്റെ പ്രജകളിൽ ഒട്ടനേകം കത്തോലിക്കർ ഉള്ളതിനാൽ കത്തോലിക്കാസഭയുടെ മേലദ്ധ്യക്ഷനായ അവിടുത്തെ സന്ദർശിക്കുന്നത് എന്റെ ഒരു കടമകൂടിയാണെന്നു ഞാൻ മനസ്സിലാക്കുന്നു" അദ്ദേഹം പറഞ്ഞതു ഞാനിപ്പോഴും സ്മരിക്കുന്നുണ്ട്.

അതെ, അദ്ദേഹത്തിന്റെ സന്ദർശനം അതിയായ സന്തോഷമാണു എന്നിൽ ഉളവാക്കിത്തീർത്തത്. തന്നിമിത്തം അദ്ദേഹത്തിനും അദ്ദേഹം ഭരിക്കുന്ന രാജ്യത്തിന്റെ സമാധാനത്തിനും അഭിവൃദ്ധിക്കും വേണ്ടി സകല മംഗളാശംസകളും സന്തോഷപൂർവ്വം നാം നൽകികൊള്ളുന്നു."

ഈ സന്ദേശം വായിച്ച ഉടൻതന്നെ ഇതിനുവേണ്ടി തങ്ങൾക്കുള്ള അതിയായ സ്നേഹവും കൃതജ്ഞതയും പരിശുദ്ധ പിതാവിനെ അറിയിക്കുന്നതിനുള്ള ചുമതല ചക്രവർത്തിനിയും മാർ ഈവാനിയോസിനെ ഭരമേല്പിക്കുകയുണ്ടായി. ലണ്ടനിൽ വെച്ചു ആർച്ചുബിഷപ്പിന്റെ ബഹുമാനാർത്ഥം ഇൻഡ്യൻ അംബാസിഡർ നടത്തിയ ഒരു ഗാർഡൻ പാർട്ടിയിൽ ഭാരതീയരായ ഒട്ടനേകം ഉദ്യോഗസ്ഥന്മാർ സംബന്ധിക്കുകയും അനുമോദനപ്രസംഗങ്ങൾ നടത്തുകയും ചെയ്തു.

ഇംഗ്ലണ്ടിൽ മൂന്നാഴ്ചക്കാലം നടത്തിയ പര്യടനത്തിനു ശേഷം കഥാപുരുഷൻ ബൽജിയത്തിലേക്കു തിരിച്ചു. അവിടത്തെ ഒരുമാസക്കാലത്തെ പര്യടനത്തിനിടയിൽ നിരവധി പ്രസംഗങ്ങൾ നടത്തുകയും ഒട്ടനേകം രാജ്യതന്ത്രജ്ഞന്മാരെയും സഭാധികാരികളെയും സന്ദർശിക്കുകയും ചെയ്തു. അതിനും പുറമെ ബൽജിയത്തിലെ മഹാരാജാവിനെയും രാജ്ഞിയെയും സന്ദർശിച്ചു വിവിധ വിഷയങ്ങളെപ്പറ്റി സുദീർഘസമയം സംഭാഷണം നടത്തുകയുണ്ടായി. ഇൻഡ്യയിലെ ക്രൈസ്തവർ നടത്തിക്കൊണ്ടിരിക്കുന്ന പരോപകാരപ്രവർത്തനങ്ങളിലും വേദപ്രചാരജോലികളിലും രാജാവു അതിയായ ഔത്സുക്യവും സന്തോഷവും പ്രകടിപ്പിച്ചു.

## പരിഭ്രമജനകമായ കമ്പിവാർത്ത

ബൽജിയത്തിൽവച്ചു ലഭിച്ച ഒരു കമ്പിവാർത്ത ആർച്ചുബിഷപ്പിനു പരിഭ്രമത്തിനും ദുഃഖത്തിനും സംഭ്രമത്തിനും ഇടയാക്കിത്തീർത്തു. തന്റെ പാശ്ചാത്യപര്യടനവേളയിൽ അഡ്മിനിസ്ട്രേറ്റർ ആയി ഭരണം നടത്തുന്നതിനു നിയമിച്ചിരുന്ന വന്ദ്യശ്രീ പുലിക്കോട്ടു യൗസ്സേഫ് റമ്പാൻ അയച്ച ഒരു കമ്പിസന്ദേശമായിരുന്നു അത്. അതു ഇപ്രകാരമായിരുന്നു:

" Reliable information Trivandrum see given Carmalites. Pulikotu Joseph Ramban.

(പരിഭാഷ)

"വിശ്വസനീയമായ അറിവു ലഭിച്ചിരിക്കുന്നു. തിരുവനന്തപുരം രൂപതയ്ക്കുള്ള അനുവാദം കർമ്മലീത്താക്കാർക്കു നൽകിയിരിക്കുന്നു."

പുലിക്കോട്ടു ജോസഫ് റമ്പാൻ.

ഈ കമ്പിവാർത്ത ആർച്ചുബിഷപ്പിനെ ചിന്താവിഷ്ടനാക്കിത്തീർത്തു. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ചിന്താവീഥിയിൽകൂടെ താഴെ ചേർക്കുന്ന കാര്യങ്ങൾ ഒന്നിനു പുറകേ ഒന്നായി കടന്നുപൊയ്ക്കൊണ്ടിരുന്നു.

"തക്കതായ അറിവുകൂടാതെ ഇപ്രകാരമൊരു കമ്പിവാർത്ത പുലിക്കോട്ടു റമ്പാച്ചൻ ഒരുകാലത്തും അയയ്ക്കുന്നതല്ല. ഞാനിനിയും എന്താണു ചെയ്യേണ്ടത്? തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള അതിരൂപതയ്ക്കുവേണ്ടി അനുവാദം റോമിൽനിന്നും നൽകിക്കഴിഞ്ഞു എന്നു കത്തുകൾമൂലം ഞാൻ നാട്ടിലെല്ലാം അറിയിച്ചിട്ടുണ്ട്. ഇനി നാട്ടിലേക്കു മടങ്ങിപ്പോകുവാൻ എങ്ങനെ എനിക്കു സാധിക്കും? എന്റെ അനുയായികളായ വൈദികരുടെയും, അല്മായരുടെയും എന്നുമാത്രമല്ല, സുറിയാനിക്കാരായ എല്ലാ കത്തോലിക്കരുടെയും മുഖത്തു ലജ്ജയോടുകൂടിയല്ലാതെ ഇനിയും എങ്ങനെ നോക്കുന്നതിനു സാധിക്കും? തന്നെയുമല്ല, ഈ വിവരം അറിഞ്ഞ എതിരാളികൾ "ചെണ്ടകൊട്ടി" എന്നെ അധിക്ഷേപിക്കുകയും ചെയ്യും. കൈയിൽ കിട്ടിയ പക്ഷി പറന്നുപോയതുപോലെയുള്ള അനുഭവമാണു ഈ സന്ദർഭത്തിൽ എനിക്കുണ്ടായിരിക്കുന്നത്.

ഇതിനുവേണ്ടിയുള്ള അനുവാദം പരിശുദ്ധപിതാവു വാഗ്മുഖേന നേരിട്ടു എനിക്കു നൽകിയിട്ടുള്ളതാണ്. തിരുവനന്തപുരം അതിരൂപതയ്ക്കുള്ള ബൂളാ ഉടനെ അയച്ചുകൊള്ളാമെന്നു പൗരസ്ത്യതിരുസംഘത്തിലെ ഉദ്യോഗസ്ഥന്മാർ എന്നോടു നേരിട്ടു പറഞ്ഞിട്ടുള്ളതുമാണ്. തന്നെയുമല്ല, ഇതു സംബന്ധിച്ചുള്ള അപ്പസ്തോലിക ബൂളാ ഇൻഡ്യയുടെ ദലഗാദ് അപ്പസ്തോലിക്കായ്ക്കു ഇക്കഴിഞ്ഞ ജൂൺ 11-ാം തീയതി അയച്ചിരിക്കുന്നുഎന്നുള്ള മോൺ. ചിക്കോഞ്ഞാനിയുടെ കത്തു അയർലണ്ടിൽവച്ചു എനിക്കു ലഭിച്ചിരുന്നു. ഇതിനിടയിൽ സ്ഥാപിതതാല്പര്യക്കാരായ ആരോ റോമിൽ ചെലുത്തിയ സ്വാധീനശക്തിയുടെ ഫലമായി ദലഗാദ് അപ്പസ്തോലിക്കായ്ക്കു അയച്ച ബൂളാ റദ്ദ്ചെയ്യിപ്പിക്കുകയും തിരുവനന്തപുരം ലത്തീൻ രൂപതയ്ക്കുള്ള അനുവാദം കരസ്ഥമാക്കുകയും ചെയ്തതായിരിക്കാം. ഇനിയും ഞാൻ റോമി

ലേക്കു മടങ്ങിപ്പോയി പരിശുദ്ധ പിതാവിനോടുകേണപേക്ഷിച്ചാൽ ഇക്കാര്യം സാധിച്ചുകിട്ടിയേക്കാം. പക്ഷേ, “ Roma Iocuta est causa finita est”. (റോമാ പറഞ്ഞു. കേസ്സും തീർന്നു) എന്നാണല്ലോ പഴഞ്ചൊല്ല്. ആകയാൽ റോമിൽ ചെന്നാലും കാര്യം സാധിക്കുമെന്നു തോന്നുന്നില്ല. ഏതായാലും ഇതു സംബന്ധിച്ചുള്ള യഥാർത്ഥവിവരമറിയുന്നതിനു മോൺ. ചിക്കോഞ്ഞാനിക്കു എഴുത്തയയ്ക്കുക തന്നെ”.

## ആശ്വാസകരമായ മറുപടി

തിരുവനന്തപുരത്തുനിന്നു ലഭിച്ച കമ്പിവാർത്തയുടെ പരമാർത്ഥം ഉടനെ അറിയിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടുള്ള കത്തു മോൺ. ചിക്കോഞ്ഞാനിക്കു ഉടനെ അയയ്ക്കുകയുണ്ടായി. അതിലെ ഒരു ഭാഗം ഇപ്രകാരമായിരുന്നു.

തിരുവനന്തപുരത്തെ എന്റെ അഡ്മിനിസ്ട്രേറ്ററിൽ നിന്നും താഴെ ചേർക്കുന്ന ഒരു കമ്പിസന്ദേശം എനിക്കു ലഭിച്ചിരിക്കുന്നു. ഇതു സംബന്ധിച്ചു അദ്ദേഹത്തിനു ലഭിച്ച അറിവു അവാസ്തവമായിരിക്കാം. ഇതേപ്പറ്റിയുള്ള പൂർണ്ണവിവരം എന്നെ അറിയിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. 1932 ജൂൺ 11-ാം തീയതി വിശുദ്ധ തിരുസംഘത്തിൽനിന്നും ആർച്ചുബിഷപ്പായി എന്നെ നിയമിച്ചുകൊണ്ടുള്ള ഡ്രിക്രി ഇൻഡ്യയിലെ ദലഗാദ് അപ്പസ്തോലിക്കാ തിരുമേനിക്കു ഇതിനകം ലഭിച്ചു കാണുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇൻഡ്യയിൽ ഞാൻ മടങ്ങി ചെന്നാലുടൻ അതു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു”.

ഈ കത്തിനു മോൺ. ചിക്കോഞ്ഞാനിയുടെ മറുപടി ബൽജിയത്തിൽവച്ചുതന്നെ കഥാപുരുഷനു ലഭിച്ചു. അതിൽ ഇപ്രകാരമാണു രേഖപ്പെടുത്തിയിരുന്നത്:

“ That Telegram from Trivandrum is not to be considered. Your Grace is the Archbishop of Trivandrum as it is proved by the Apostolic Bulls sent to the Apostolic deligate, no doubt.....

(തിരുവന്തപുരത്തുനിന്നും ലഭിച്ച ആ കമ്പിവാർത്ത കാര്യമായി പരിഗണിക്കേണ്ടതില്ല. ഇവിടെനിന്നു അപ്പസ്തോലിക്കാ ദലഗാദിനു അയച്ചിട്ടുള്ള അപ്പസ്തോലിക്കു ബൂളാകളിൽനിന്നും തിരുമേനിതന്നെയാണു തിരുവനന്തപുരം ആർച്ചുബിഷപ്പ് എന്നു നിസ്സംശയം തെളിയുന്നുണ്ട്.)

ഈ മറുപടികത്തു ലഭിച്ചതിനോടുകൂടി കഥാപുരുഷൻ സന്തുഷ്ടചിത്തനായിത്തീരുകയും ഇൻഡ്യയിലേക്കു മടങ്ങുന്നതിനുവേണ്ട ഏർപ്പാടുകൾ നടത്തുകയും ചെയ്തു.

## വ്യോമയാത്രയിൽ

കഴിയുന്നത്രവേഗം തിരുവനന്തപുരത്തു എത്തി അതിരൂപതയുടെ ആസ്ഥാനം ഉറപ്പിക്കണമെന്നുള്ള ആഗ്രഹം നിമിത്തമായിരുന്നു കപ്പലിൽ യാത്ര തിരിക്കാതെ വിമാനമാർഗ്ഗം ഇൻഡ്യയിലേക്കു പുറപ്പെട്ടത്. തിരുവനന്തപുരത്തു എത്തിചേരുന്നതുവരെയുള്ള യാത്രാവിവരണം "Bethany Letter's" എന്ന മാസികയിൽ ആയിടയ്ക്കു പ്രസിദ്ധപ്പെടുത്തിയിരുന്നുതു ചുവടേ ചേർത്തുകൊള്ളുന്നു.

"മാർ ഈവാനിയോസ് തിരുമേനിയും സെക്രട്ടറിയും, ഫാദർ മെയ്തേർട്ട്സിന്റെ കൂടെ-ഇദ്ദേഹം A.D.F ന്റെ ഡയറക്ടർ ആണ്-ആഹൻസിൽനിന്നും ജർമ്മനിയിലുള്ള കോളോൺ എന്ന സ്ഥലത്തേക്കു തിരിച്ചു. കോളോണിൽനിന്നും നേരിട്ടു കറാച്ചിയിലേക്കു അദ്ദേഹം വിമാനത്തിൽ യാത്രപുറപ്പെട്ടു. 'പെല്ലിക്കൻ' എന്നു വിളിക്കപ്പെടുന്ന ഈ വിമാനം റോയൽഡച്ചു എയർവെയ്സിന്റെ വകയാണ്. വിമാനത്തിൽ പ്രധാന പൈലറ്റ് വി.ജി. ഹാൻഡോംഗിനെ കൂടാതെ മറ്റു രണ്ടു ഉദ്യോഗസ്ഥന്മാരും ഒരു വയർലസ് ഓപ്പറ്റേററും ഉണ്ടായിരുന്നു. ഇവരെല്ലാം ഏറ്റം വലിയ ഉപചാരത്തോടുകൂടിയാണു വർത്തിച്ചിരുന്നത്. വിമാനം ബുഡാപ്പെസ്റ്റ്, ആതൻസ്, കെയ്റോ, ബാഗ്ദാദ്, ബഹറിൻ, എന്നിവിടങ്ങളിൽകൂടി കടന്നുപോയി. ഇതിനിടയിൽ വിമാനത്തിൽ വെച്ചുതന്നെ അഭിവന്ദ്യ തിരുമേനിയും സെക്രട്ടറിയും ദിവ്യബലി അർപ്പിച്ചു. ദിവസവും ശരാശരി എട്ടു മണിക്കൂർ നേരം വിമാനം പറന്നുകൊണ്ടിരുന്നു. അങ്ങനെ അഞ്ചാം ദിവസം അവർ ഇൻഡ്യയിലെത്തി. കറാച്ചിയിലുള്ള ഈശോസഭാ വൈദികർ വന്ദ്യതിരുമേനിയെ സ്വീകരിച്ചു. അവിടെനിന്നും കപ്പലിലാണു ബോംബെയിലേക്കു പോയത്. ബോംബെ മെത്രാപ്പോലീത്താ ഡോ. ഡിലീമാ S.J. തിരുമേനി വളരെ ഹൃദ്യമായ ഒരു സ്വീകരണമാണു തിരുമേനിക്കു നൽകിയത്. ബോംബെയിൽ ഒരു ദിവസം ചെലവഴിച്ചശേഷം വന്ദ്യതിരുമേനി മദ്രാസിനു പോകുകയും അവിടെവച്ചു മദ്രാസ് ആർച്ചുബിഷപ്പിനെയും മൈലാപ്പൂർ മെത്രാനേയും സന്ദർശിക്കുകയും ചെയ്തു. മദ്രാസ്സിൽനിന്നും തന്റെ ഭക്ത്യാദരവുകൾ രേഖപ്പെടുത്തുന്നതിനായി അഭിവന്ദ്യതിരുമേനി അപ്പോസ്തോലിക്

ഡലിഗേറ്റു മോസ്റ്റ് റവ. പീറ്റർ കിയർക്കൽസ് തിരുമനസ്സിലെ പക്കലേക്കാണു പോയത്. ഡലിഗേറ്റ് തിരുമനസ്സുകൊണ്ടു വന്ദ്യപിതാവിനെ ഏറ്റം ഹാർദ്ദവമായി സ്വീകരിച്ചു. തന്റെ യൂറോപ്യൻ പര്യടനങ്ങളെ തിരുമേനി വിവരിച്ചതു കേൾക്കുന്നതിൽ ഡലിഗേറ്റ് തിരുമനസ്സുകൊണ്ടു വലിയ ഔത്സുക്യം കാണിച്ചു.''

(Bethany Letter)

ഡലിഗേറ്റ് അപ്പോസ്തോലിക്കയെ സന്ദർശിച്ചശേഷം നേരിട്ടു തിരുവനന്തപുരത്തേക്കു ആർച്ചുബിഷപ്പും സെക്രട്ടറിയും യാത്രപുറപ്പെട്ടു. യാത്രതിരിക്കുന്നതിനു മുമ്പു ബാംഗ്ളൂരിൽ വെച്ചു സ്വസഹോദരനായ മത്തായിപണിക്കർക്കു താഴെ ചേർക്കുന്ന ഒരുകത്തു അയച്ചുകൊടുത്തു.

Apostolic Delegation,
Bangalore,
ചൊവ്വാഴ്ച.

നമ്മുടെ വാത്സല്യഭാജനമായ മത്തായിച്ചന് വാഴ്വ്,

നാം ഇന്നു രാവിലെ എത്തി. നാളെ വൈകിട്ടു മദ്രാസ്സിലേക്കു മടങ്ങും. വ്യാഴവും വെള്ളിയും മദ്രാസ്സിൽ താമസിച്ചശേഷം ശനിയാഴ്ച മധുരയിൽ എത്തുന്നതും ഞായറാഴ്ച അവിടെ വിശുദ്ധ കുർബാന കഴിഞ്ഞശേഷം തിരുവനന്തപുരത്തേക്കു പുറപ്പെടുന്നതുമായിരിക്കും. അതിനാൽ കൊട്ടാരക്കര നീ നമ്മെ കാത്തിരിക്കേണ്ട ആവശ്യമില്ല. മധുരയിൽനിന്നും നേരിട്ടു തിരുവനന്തപുരത്തേക്കു വരുന്നതായിരിക്കും.

വിശേഷിച്ചു തിരുവനന്തപുരത്തു നമുക്കു പാർക്കാൻ വീടു വാടകയ്ക്കു എടുത്തിട്ടുള്ളതുകൊണ്ടു താമസിക്കാൻ സൗകര്യമാണ്. എന്നാൽ അതിനും പുറമെ ഒരു കാര്യംകൂടി സാധിച്ചാൽ നന്ന്. ഫാദർ യോശുവായും ആശ്രമസ്ഥരും താമസിക്കുന്ന ആ കെട്ടിടവും പറമ്പും കൂടി വിലയ്ക്കു കിട്ടുന്നതിനു മാർഗ്ഗമുണ്ടോ എന്നു നോക്കണം. നീ നേരിട്ടു ആലോചിക്കണ്ടാ. നമ്മുടെ മാനേജരാണു വീടു വാടകയ്ക്കു ഏർപ്പാടു ചെയ്തത്. അയാൾ ശ്രമിക്കട്ടെ. വലിയ വില ആകരുത്. നാം വരുന്നതിനു മുമ്പു ആലോചിച്ചാൽ നന്ന്.

ദലഗാദ് അപ്പസ്തോലിക്കാ തിരുമേനിക്കു വളരെ സന്തോഷം. കരുണയുള്ള ദൈവം നമ്മുടെകൂടെയുണ്ട്. അവിടുത്തേക്കു സ്ത്രോത്രം.

MAR IVANIOS.

ഈ കത്തനുസരിച്ചു തിരുവനന്തപുരത്തുള്ള ഡോ. മാനുവലിന്റെ കെട്ടിടം വിലയ്ക്കു വാങ്ങുവാൻ ശ്രമിച്ചുവെങ്കിലും അതു സാദ്ധ്യമാകാതിരുന്നതിനാൽ കനകക്കുന്നിനടുത്തുള്ള ഡോ. രാമൻതമ്പിയുടെ രണ്ടുനിലക്കെട്ടിടം പ്രതിമാസം എഴുപതു രൂപാ നൽകത്തക്കവിധം ആറു മാസത്തേക്കു വാടകയ്ക്കു എടുക്കുകയാണുണ്ടായത്.

## തിരുവനന്തപുരത്തെ സ്വീകരണം

1932 ഒക്ടോബർ 30-ാം തീയതി രാത്രി പത്തുമണിയോടു കൂടിയാണു ആർച്ചുബിഷപ്പും ഫാദർ മറ്റവും തീവണ്ടിയിൽ തിരുവനന്തപുരത്തു എത്തിച്ചേർന്നത്. താൻ തിരുവനന്തപുരത്തു എത്തുന്ന സമയം കമ്പിമുഖേന അഡ്മിനിസ്ട്രേറ്റർ പുലിക്കോട്ടു റമ്പാനെ അറിയിച്ചിരുന്നതുമൂലം ഒരു വമ്പിച്ച സ്വീകരണത്തിനുള്ള ഏർപ്പാടുകൾ അദ്ദേഹം മുൻകൂട്ടി ചെയ്തിരുന്നു. ആറു മാസത്തെ വിദേശപര്യടനാനന്തരം ആദ്യമായി തലസ്ഥാനനഗരിയിൽ എത്തിച്ചേരുന്ന ആർച്ചുബിഷപ്പിനെ യഥായോഗ്യം സ്വീകരിക്കുന്നതിനായി ക്രൈസ്തവരും അക്രൈസ്തവരുമടങ്ങിയ ഒരു വൻപിച്ച ജനസമൂഹം തിരുവനന്തപുരം റയിൽവേസ്റ്റേഷനിൽ തടിച്ചുകൂടിയിരുന്നു. ആ കൂട്ടത്തിൽ ബ. റമ്പാച്ചന്റെ ആപ്തമിത്രമായിരുന്ന മഹാകവി വള്ളത്തോളും പ്രത്യേകക്ഷണമനുസരിച്ചു അവിടെ സന്നിഹിതനായിരുന്നു. തീവണ്ടി എത്തിച്ചേരുന്നതിനു അല്പനിമിഷങ്ങൾക്കുമുമ്പു കത്തിജ്വലിച്ചുകൊണ്ടിരുന്ന ഇലക്ട്രിക്കു ബൾബുകൾ എങ്ങനെയോ പെട്ടെന്നു അണഞ്ഞുപോകാനിടയായി. തന്നിമിത്തം അവിടെങ്ങും അന്ധകാരത്തിലാണ്ടുപോയതിനാൽ എന്താണു ചെയ്യേണ്ടതെന്നറിയാതെ സകലരും വിഷമിച്ചു വശായി. ആർച്ചുബിഷപ്പിന്റെ എതിരാളികളായ ഏതോ കുബുദ്ധികളുടെ പ്രവർത്തനഫലമായിട്ടാണു ഇപ്രകാരം സംഭവിച്ചതെന്നുള്ള സംസാരവും അവിടെങ്ങും ഇതിനിടയിൽ പരന്നുകഴിഞ്ഞു. ഉടൻതന്നെ ഡസൻകണക്കിനു മെഴുകുതിരികൾ വാങ്ങി കത്തിച്ചു. പിടിച്ചുകൊണ്ടു ആർച്ചുബിഷപ്പിനെ സ്വീകരിക്കുവാൻ എല്ലാവരും സന്നദ്ധരായി നിലകൊണ്ടു. കൃത്യം പത്തുമണിക്കു എത്തിച്ചേർന്ന തീവണ്ടിക്കുള്ളിൽനിന്നും ആർച്ചുബിഷപ്പ് സുസ്മേരവദനനായി പുറത്തേക്കിറങ്ങുവാൻ ഭാവിച്ചതും ഇലക്ട്രിക് ലൈറ്റുകൾ പ്രകാശിക്കുവാൻ തുടങ്ങിയതും ഒരൊറ്റ നിമിഷത്തിനുള്ളിൽ സംഭവിച്ചു. ഇതിൽ ആശ്ചര്യഭരിതരായും തങ്ങളുടെ പിതാവിനെ ദർശിച്ചതിൽ സന്തോഷഭരിതരായും

ജനങ്ങൾ നിലകൊള്ളവേ, മഹാകവി വള്ളത്തോൾ വഞ്ചിപ്പാട്ടുരീതിയിൽ ഒരു നിമിഷകവിത ചൊല്ലിക്കൊണ്ടു ആർച്ചുബിഷപ്പിനെ ഹാരമണിയിച്ചു. കവിത ഇപ്രകാരമായിരുന്നു:

"അന്ധകാരമദ്ധ്യേ ഞങ്ങൾക്കാശ്വാസമേകുവാൻ വന്ന
പൊൻതാരമേ, ജയിച്ചാലും മേൽക്കുമേൽ ഭൂമൗ"

ഇതേ തുടർന്നു അനേകം കാറുകളുടെ അകമ്പടിയോടുകൂടി, പുതുതായി വാടകയ്ക്കെടുത്ത കെട്ടിടത്തിലേക്കു ആർച്ചുബിഷപ്പു എഴുന്നെള്ളുകയും, തന്റെ വിദേശപര്യടനത്തെപ്പറ്റി ഒരു ചെറിയ പ്രസംഗം നടത്തുകയും, മാർപ്പാപ്പായ്ക്കടുത്ത ആശീർവാദം അവിടെ സന്നിഹിതരായിരുന്നവർക്കെല്ലാം നൽകുകയും ചെയ്തു. ഇങ്ങനെ ആറുമാസത്തെ വിദേശപര്യടനം ഏറ്റം വിജയപ്രദമായി നടത്തിയ ശേഷം ഭാവിയിൽ തന്റെ ആസ്ഥാനമാക്കേണ്ട തിരുവനന്തപുരം പട്ടണത്തിൽ സന്തോഷഭരിതനായി മാർ ഈവാനിയോസ് എത്തിച്ചേർന്നു. അന്നു മഹാകവി നൽകിയ ആശംസ കഥാപുരുഷന്റെ ജീവിതാന്ത്യംവരെ അന്വർത്ഥമായിത്തീർന്നു എന്ന വസ്തുതയും ഇവിടെ ചിന്താർഹമത്രെ.

## അദ്ധ്യായം 42

# ജി. കെ. ചെസ്റ്റർട്ടന്റെ ദൃഷ്ടിയിൽ

ഡബ്ളിനിലെ അഖിലലോകദിവ്യകാരുണ്യകോൺഗ്രസ്സിൽ സംബന്ധിച്ചിരുന്ന അവസരത്തിൽ സുപ്രസിദ്ധ ആംഗ്ലേയസാഹിത്യകാരനായ ചെസ്റ്റർട്ടനുമായി സമ്പർക്കം പുലർത്തുന്നതിനു കഥാപുരുഷനു സാധിച്ച വിവരം കഴിഞ്ഞ അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരുന്നു. അഗാധപാണ്ഡിത്യം, മനശ്ശാസ്ത്രവൈദഗ്ദ്ധ്യം, ലോക പ്രശസ്തി എന്നീ വിവിധ നിലകളിൽ മാത്രമല്ല, അകത്തോലിക്കാസഭകളിൽനിന്നും കത്തോലിക്കാസഭയെ ആശ്ലേഷിച്ച മതചിന്തകരെന്ന നിലയിലും ഇവർ തമ്മിൽ അന്യാദൃശ്യമായ സാധാർമ്മ്യം ഉണ്ടായിരുന്നു. ചെസ്റ്റർട്ടൻ ആംഗ്ലിക്കൻസഭയിൽനിന്നും മാർ ഈവാനിയോസ് യാക്കോബായസഭയിൽ നിന്നും കത്തോലിക്കാസഭാപുനരൈക്യം പ്രാപിച്ചവരായിരുന്നുവല്ലോ. ചെസ്റ്റർട്ടന്റെ സഭാപരിവർത്തനം ഇംഗ്ലണ്ടിൽ വലുതായ കോളിളക്കം സൃഷ്ടിച്ചുവെങ്കിൽ കേരളത്തിൽ മാർ ഈവാനിയോസിന്റെ പുനരൈക്യവും വലുതായ കോളിളക്കം സൃഷ്ടിച്ചിരുന്നു. മനസ്സാക്ഷിയുടെ പ്രചോദനം ഒന്നു മാത്രമായിരുന്നു ഇരുവരുടെയും പരിവർത്തനത്തിനു നിദാനം. മാർ ഈവാനിയോസിന്റെ പുനരൈക്യത്തിനു നാലുവർഷം മുമ്പാണു ചെസ്റ്റർട്ടന്റെ പരിവർത്തനം നടന്നത്. ഇരുവരും തമ്മിലുള്ള സന്ദർശനം നടന്ന അവസരത്തിൽ ചെസ്റ്റർട്ടനു 58 വയസ്സും കഥാപുരുഷനു 50 വയസ്സും പ്രായമുണ്ടായിരുന്നു. നാലു വർഷത്തിനുശേഷം ചെസ്റ്റർട്ടൻ നിര്യാണമടയുകയും ചെയ്തു.

പ്രസ്തുത സന്ദർശനത്തിനുശേഷം ഡബ്ളിൻ ദിവ്യകാരുണ്യ കോൺഗ്രസ്സിനെപ്പറ്റി 'യൂണിവേഴ്സ്' പത്രത്തിൽ തുടർച്ചയായ ലേഖ

നങ്ങൾ ചെസ്റ്റർട്ടൻ എഴുതിക്കൊണ്ടിരുന്നു. ഇക്കൂട്ടത്തിൽ "People I saw in Dublin" എന്ന ശീർഷകത്തിൽ എഴുതിയിരുന്ന ലേഖനത്തിൽ മാർ ഈവാനിയോസുമായി നടത്തിയ സന്ദർശനം, അഭിമുഖസംഭാഷണം എന്നിവയെപ്പറ്റിയുള്ള ഒരു ചിത്രീകരണം നല്കിയിരുന്നു. മാർ ഈവാനിയോസിന്റെ ആകൃതിയും പ്രകൃതിയും സമ്യക്കായി വർണ്ണിച്ചുകൊണ്ടു മനഃശാസ്ത്രവിദഗ്ദ്ധനായ ചെസ്റ്റർട്ടൻ എഴുതിയിരുന്ന ഭാഗം എത്രമാത്രം രസാവഹമെന്നു പ്രസ്തുത ലേഖനത്തിൽനിന്നും വായനക്കാർക്കു ഗ്രഹിക്കാവുന്നതാണ്.

ഈ ലേഖനത്തിന്റെ വിവർത്തനം സുപ്രസിദ്ധ മലയാളസാഹിത്യകാരനായിരുന്ന ശ്രീമാൻ ഐ. സി. ചാക്കോ അവർകൾ അക്കാലത്തു തിരുവനന്തപുരത്തുനിന്നും മി. എം. എം. വർക്കിയുടെ പത്രാധിപത്യത്തിൽ പുറപ്പെട്ടുകൊണ്ടിരുന്ന 'ദാസൻ' പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു ഈ അദ്ധ്യായത്തിൽ ഉദ്ധരിക്കുന്നു. എന്നാൽ അതിനുമുൻപു ചെസ്റ്റർട്ടന്റെ ഒരു ചുരുങ്ങിയ ജീവചരിത്രവും അദ്ദേഹത്തിന്റെ ഭാഷാശൈലി ശരിക്കു ഗ്രഹിക്കുന്നതിനുവേണ്ടി യൂണിവേഴ്സിലെ മൂലഭാഷയിലുള്ള ലേഖനവും ഇവിടെ ചേർത്തുകൊള്ളുന്നു.

## ഗിൽബർട്ട് കെയിത്ത് ചെസ്റ്റർട്ടൻ

സുപ്രസിദ്ധ ആംഗ്ലേയസാഹിത്യകാരനും ചിന്തകനുമായ ജി. കെ. ചെസ്റ്റർട്ടൻ ഇംഗ്ലണ്ടിൽ കെഗ്സിംഗ്ടൺ എന്ന സ്ഥലത്തു 1871-ൽ ജനിച്ചു ഒരു പത്രലേഖകനായി സാഹിത്യരംഗത്തു പ്രവേശിച്ച അദ്ദേഹം നോവൽ, കവിത, നാടകം, ഉപന്യാസം എന്നിങ്ങനെ സാഹിത്യത്തിന്റെ വിവിധ തുറകളിൽ പ്രസിദ്ധിയാർജ്ജിച്ചു. ആധുനികജീവിതത്തെ സ്പർശിക്കുന്ന എല്ലാ വിഷയങ്ങളെപ്പറ്റിയും തന്റെ മുപ്പതിൽപ്പരം ഗ്രന്ഥങ്ങളിലും എണ്ണമറ്റ ലേഖനങ്ങളിലും അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്. രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവും താത്വികവും വിശ്വാസപരവുമായ എല്ലാ മേഖലകളിലും തന്റെ ചിന്ത അദ്ദേഹം പ്രതിഫലിപ്പിച്ചിട്ടുണ്ട്. സരസമായ ശൈലി, നർമ്മരസം തുളുമ്പുന്ന പ്രതിപാദനം, ഫലിതരസപ്രധാനമായ വാചകങ്ങൾ, ചിന്തോദ്ദീപകമായ തത്വശകലങ്ങൾ എന്നിവയെല്ലാം അദ്ദേഹത്തിന്റെ ലേഖനങ്ങളുടെയും കൃതികളുടെയും പ്രത്യേകതകളായിരുന്നു. ചെസ്റ്റർട്ടന്റെ ആശയങ്ങളെ അതിരൂക്ഷമായി വിമർശിച്ചിരുന്ന ബർണാഡു ഷാ പോലും "20-ാം നൂറ്റാണ്ടിലെ ഡോ. ജോൺസൺ" എന്നാണു വിശേഷിപ്പിച്ചിരുന്നത്.

## കത്തോലിക്കാസഭയിൽ

ഒരു ആംഗ്ലിക്കൻ സഭാംഗമായി ഭൂജാതനാവുകയും വളരുകയും ചെയ്ത ചെസ്റ്റർട്ടൻ 1922-ൽ തന്റെ 48-ാമത്തെ വയസ്സിൽ കത്തോലിക്കാസഭയെ ആശ്ലേഷിച്ചു. പ്രസിദ്ധ സാഹിത്യകാരന്മാരായ മോൺസിഞ്ഞോർ നോക്സ്, ഹില്ലറി ബല്ലക്ക്, ഫാദർ ഒക്കോണൽ എന്നിവരായിരുന്നു പ്രസ്തുത പരിവർത്തനത്തിനു ഇദ്ദേഹത്തിനു പ്രേരണ നൽകിയത്. ഇവരിൽ നിന്നും കത്തോലിക്കാസഭയുടെ വിശ്വാസവിഷയങ്ങളെപ്പറ്റി വേണ്ടവിധം പഠിക്കുന്നതിനു ചെസ്റ്റർട്ടനു സാധിച്ചു. 1920-ൽ വിശുദ്ധ നാടുകൾ സന്ദർശിച്ച അവസരത്തിൽ കത്തോലിക്കാസഭയിലേക്കു കൂടുതലായി ആകർഷിക്കപ്പെടുന്നതിനു ഇദ്ദേഹത്തിനു ഇടയായിത്തീർന്നു. ആംഗ്ലിക്കൻസഭയിൽ വലുതായ പ്രത്യാഘാതമാണു ചെസ്റ്റർട്ടന്റെ സഭാപരിവർത്തനം ഉളവാക്കിയത്. കത്തോലിക്കനായ ശേഷം വിശ്വാസവിഷയമായ നിരവധി ഗ്രന്ഥങ്ങൾ രചിച്ചു പ്രതിയോഗികളുടെ അധിക്ഷേപങ്ങളെ അദ്ദേഹം സധൈര്യം ഖണ്ഡിച്ചുകൊണ്ടിരുന്നു. ആധുനികലോകത്തിനു പറ്റിയ തകരാറ്, കത്തോലിക്കർക്കെതിരായ ആക്ഷേപങ്ങൾക്കു മറുപടി, ഫ്രാൻസിസ്സ് അസീസ്സി, സനാതന മനുഷ്യൻ, വി. തോമസ് അക്വിനാസ് എന്നീ സുപ്രസിദ്ധ കൃതികളെ ബർണ്ണാഡ് ഷാ പോലും മുക്തകണ്ഠം അഭിനന്ദിച്ചിട്ടുണ്ട്.

## ഒരുത്തമകത്തോലിക്കൻ

കത്തോലിക്കാസഭയെ ആശ്ലേഷിച്ച ശേഷം 1936-ൽ 62-ാം വയസ്സിൽ നിര്യാണമടയുന്നതുവരെ ഒരുത്തമകത്തോലിക്കനായി അദ്ദേഹം ജീവിതം നയിച്ചുകൊണ്ടിരുന്നു. തന്റെ ജീവിതാന്ത്യഘട്ടത്തിൽ എഴുതിയ "ആദ്ധ്യാത്മിക ഡയറി"യിൽ ഒരു സാഹിത്യകാരനോ വിമർശകനോ താത്വികനോ ആയിട്ടല്ല അദ്ദേഹം പ്രത്യക്ഷപ്പെടുന്നത്; പിന്നെയോ, ഒരുത്തമകത്തോലിക്കാവിശ്വാസിയായിട്ടാണ്. "കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സകലവും ഞാൻ വിശ്വസിക്കുന്നു" എന്നും "ഒരു കത്തോലിക്കനായി ജീവിക്കുവാൻ സാധിച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു; അന്ധവിശ്വാസമെന്നു നിങ്ങൾ പുച്ഛിച്ചു തള്ളുന്നതു അപ്പാടേ വിശ്വസിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു" എന്നിദ്യാതി വാക്യങ്ങളാണു അതിൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. 1936-ൽ അദ്ദേഹം നിര്യാണമടഞ്ഞപ്പോൾ ആ സുപ്രസിദ്ധ സാഹിത്യകാരന്റെ വേർപാടിൽ ലോകം മുഴുവൻ ദുഃഖിക്കുകയാണുണ്ടായത്. "സഭയ്ക്കു ഒരു വിശ്വാ

സസംരക്ഷകൻ നഷ്ടപ്പെട്ടിരിക്കുന്നു" എന്നത്ര 11-ാം പീയൂസ് മാർ പ്പാപ്പാ തിരുമേനി അയച്ച അനുശോചനസന്ദേശത്തിൽ രേഖപ്പെടുത്തി യിരുന്നത്.

നമ്മുടെ കഥാപുരുഷനെപ്പറ്റിയുള്ള ചെസ്റ്റർട്ടന്റെ തൂലികാചിത്രം മൂലഭാഷയിൽത്തന്നെ ചുവടേ ചേർത്തുകൊള്ളുന്നു.

## PEOPLE I SAW IN DUBLN

**(G.K. Chesterton)**

Another strange figure, and unfamiliar name, raises the point still more pointedly. Suppose an ordinary Englishman or for that matter an ordinary Irishman, were told that there was a Jacobite Priest in Dublin, his mind would instantly go back to Patrick Sarsfield and wars of Derry and Limerick, in the days when the Catholic Irish were Jacobites. He would think that the Jacobite Priest was perhaps a little too much concerned with the past. But it is a complaint often made about the Irish. And since the Northern Irish continue to remember the Boyne, there seems no reason why the Southern Irish should not continue to remember the Stuarts.

And then he would suddenly discover that a Jacobite does not mean a Jacobite. It means something enormously older, infinitely remote, something apparently quite alien from the other side of the world. It concerns the reconversion to Catholicism of an ancient Asiatic heresy, which wandered away and lost itself somewhere at the beginning of the Dark-Age; probably following the forgotten mysticism of the Monophysites.

The dignified Indian gentleman, who represented this far-off triumph in the Orient, had changed his neighbours by bringing them back in to the Roman Communion; but he had changed in nothing else. By the look of him, he might have walked that moment out of any Hindu temple covered with bulbous imagery or any Persian mosque scrawled with a fantastic script. He wore a sort tall turban for a mitre; his keen and vigilant face looked

browner and darker behind his grey luxuriant beard; his vestments were of a cut and pattern new to all the Western world.

At the fist careless glance, he might have been anything-the private chaplain of Genghis Khan or the High Priest of the cult of the Holy Monkey or the Scered Snake. For we in Europe are generally very vague about distinguishing one Asiatic dress or dignity from another. Only in his hand he carried something that was not the sign of the snake or the ape or any wild cult of the sort that had perhaps surrounded it for centuries; it was that strange sign that was once the shape of the Roman gibbet and still represented to him the divine paradox of Rome.

I began to feel quite creepy about the man with the turban and the cross; remembering that he was from the talismanic land of India looked like a Rajah and yet had the chrism of a Christian priest, I wondered if it was Prester John after all.

At that point Prester John disturbed my dream, by suddenly coming up to me and saying in excellent English that he read some article of mine in a newspaper. I soon discovered that his conversion of the Jacobites had been a highly intellcetual and even modern process; a part of a quite lively contemporary controversy now going on all over the world. And in spite of his reading the newspapers, may even my articles in the newspapers, he was exceedingly well read.

I felt a certain vague confusion and I still that I never thanked this distinguished prelate adequately for his remarkable courtesy and kindness; but there is something disproportionate in finding one's own trivial trade or tricks of the trade, amid the far-reaching revelations of such a trysting-place of all the tribes of men.

But it is typical of the intellectual unity of that religious world that this strange priest from the land of sunrise instantly tackled me about all sorts of immediate and important questions and so magnanimous as to ask me to be photographed with him on the

steps of the Vice Regal Lodge. I could imagine on reason for his selection; unless it were that we were in very different ways the most curious objects in that landscape; I had a vague idea that I might be acting as a sort mascot as if he were being photographed with the sacred White Elephant for a background.

But as I bowed myself away from his only too gracious conversation I admit I had another disturbing thought. I remembered that in Asia the presence of a half-wit or lunatic is regarded as lucky, or a protcetion against the evil powers. And though I cannot suppose a Catholic Bishop especially so intellectual a Bishop, to the subject to superstitions, the doubt did recur to me afterwards from time to time.

(From The Universe)

ശ്രീമാൻ ഐ.സി. ചാക്കോ അവർകൾ മലയാളഭാഷയിൽ ഇതു വിവർത്തനം ചെയ്തു "ദാസൻ" പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതാണു ഇനിയും ഉദ്ധരിക്കുന്നത്.

## ഡബ്ളിനിൽ ഞാൻ കണ്ട ജനങ്ങൾ

### ആമുഖം

മി.ജീ.കെ. ചെസ്റ്റർട്ടനെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ ഇംഗ്ലീഷ് ഭാഷയറിയാവുന്ന പരിഷ്കൃതന്മാരിൽ ആരെങ്കിലും ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. അദ്ദേഹം അത്രയ്ക്കു പ്രസിദ്ധനായ വിമർശകനും ഗ്രന്ഥകാരനുമാണ്. ഡബ്ലിനിൽ വച്ചു ഈയിടെ നടന്ന ദിവ്യകാരുണ്യ മഹാസഭയെക്കുറിച്ചു അദ്ദേഹം ചില ലേഖനങ്ങൾ ലണ്ടനിൽനിന്നു പുറപ്പെടുന്ന "യൂണിവേഴ്സ്" എന്ന പത്രത്തിൽ പ്രസിദ്ധം ചെയ്യുന്നുണ്ട്. അവയിൽ ഒന്നിൽ ആ മഹാസഭയുടെ സാർവ്വജാതികത്വത്തെ അദ്ദേഹം വിവരിക്കുന്നു. ഈ വർണ്ണനയിൽ അദ്ദേഹം പേരുപറയാതെ മാർ ഈവാനിയോസിനെയും ഉൾപ്പെടുത്തുന്നുണ്ട്. ആ ഭാഗം ഈ നാട്ടുകാർക്കു രസാവഹമായിരിക്കുമെന്നുള്ളതുകൊണ്ടു അതു ഞാനിവിടെ തർജ്ജിമചെയ്തു ചേർക്കുന്നു.

മി. ചെസ്റ്റർട്ടന്റെ കൃതികൾ തർജ്ജിമചെയ്യുന്നതു വിഷമമേറിയ ഒരു കാര്യമാണ്. അദ്ദേഹത്തിന്റെ ആശയങ്ങൾ ആഹ്ലാദപൂർവ്വം നൃത്തം

ചെയ്തുകൊണ്ടിരിക്കയാണോ എന്നു തോന്നും. അദ്ദേഹത്തിന്റെ പാണ്ഡിത്യം അനായാസങ്ങളും നർമ്മഗർഭങ്ങളുമായ സൂചനകളായിട്ടു അദ്ദേഹത്തിന്റെ കൃതികളിൽ പ്രവഹിക്കുന്നു. ഇങ്ങനെയുള്ള കൃതികൾ മലയാളത്തിലേക്കു തർജ്ജിമചെയ്താൽ തർജ്ജിമയ്ക്കു തന്മയത്വം വരുത്തുവാൻ പ്രയാസമാണ്. എങ്കിലും നമ്മുടെ ബഹുമാനപാത്രമായ ഒരു മഹാപുരുഷനെ ജഗൽപ്രസിദ്ധനായ പണ്ഡിതനും സാഹിത്യകാരനുമായ മറ്റൊരു മഹാപുരുഷൻ അവലോകനം ചെയ്യുന്നതു എങ്ങനെയാണെന്നു നമ്മുടെ നാട്ടുകാർ തന്മയത്വമില്ലാതെയെങ്കിലും ഗ്രഹിക്കണമെന്നുള്ള വാഞ്ഛകൊണ്ടു ഈ തർജ്ജിമയ്ക്കു ഞാൻ ഒരുമ്പെടുന്നു. ഈ നാട്ടുകാർക്കു ഗ്രഹിക്കുവാൻ പ്രയാസമായിരിക്കുമെന്നു തോന്നുന്ന സൂചനകൾക്കു ചെറിയ വ്യാഖ്യാനങ്ങൾ ചേർക്കുകയും ചെയ്യും.

## തർജ്ജിമ

"..........അപൂർവ്വമായ മറ്റൊരു രൂപം; അപരിചിതമായ സംജ്ഞയും ഈ അർത്ഥത്തെ അർത്ഥവത്തരമായി ഉൽക്ഷേപിക്കുന്നു. ഒരു ഇംഗ്ലീഷ്കാരനോട്, ഈ കാര്യത്തിൽ ഒരു സാധാരണ ഐറിഷ്കാരനോട് തന്നെ ആയിക്കൊള്ളാം, ഡബ്ലിനിൽ "ഒരു ജാക്കോബൈറ്റ് പുരോഹിതൻ(1)" ഉണ്ടെന്നു പറഞ്ഞു എന്നിരിക്കട്ടെ. അവന്റെ മനസ്സു ഉടനെ

(1) "ജാക്കോബൈറ്റ്" എന്നതിൽ അർത്ഥം ജാക്കോബിന്റെ അനുഗാമി എന്നാണ്. 17-ാം ശതാബ്ദത്തിൽ ഇംഗ്ലണ്ടിലെ ജയിംസ് ദ്വിതീയനും, വില്യം തൃതീയനും തമ്മിൽ നടന്ന യുദ്ധത്തിൽ ജയിംസിന്റെ കക്ഷിയിൽപ്പെട്ടവർക്കു "ജാക്കോബൈറ്റു"കാർ എന്നു പേരുണ്ടായി ജയിംസ് എന്ന പേരു ജാക്കോബ് എന്ന പേരും ഒന്നുതന്നെയാണല്ലോ. ഇംഗ്ലീഷ്കാർക്കും ഐറിഷ്കാർക്കും "ജാക്കോബൈറ്റ്" എന്നു കേട്ടാൽ "ജയിംസ് രാജാവിന്റെ കക്ഷി" എന്നു മാത്രമേ തോന്നുകയുള്ളൂ എന്നാണ് ചെസ്റ്റർട്ടൻ ദ്യോതിപ്പിക്കുന്നത്. കത്തോലിക്കർ മിക്കവാറും ജയിംസ് രാജാവിന്റെ കക്ഷികളായിരുന്നതിനാൽ അവർ ജാക്കോബൈറ്റുകാർ ആയിരുന്നു. എന്നാൽ മിക്കവാറും പ്രൊട്ടസ്റ്റന്റുകാരായ വടക്കേ ഐറിഷ്കാർ ജാക്കോബൈറ്റുകാർ അല്ലായിരുന്നു. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും തമ്മിൽ പണ്ടുണ്ടായ വഴക്കിനെ അനുസ്മരിപ്പിക്കുന്നതിനായി ഒരു പുരോഹിതൻ ജാക്കോബൈറ്റാണെന്നു പറഞ്ഞു നടക്കുന്നതായിരിക്കാമെന്നാണു ചെസ്റ്റർട്ടന്റെ ആശയം.

പാട്രിക്ക് സാർസ്ഫിൽഡിനെയും (2) (Patrick Sarsfiled) കത്തോലിക്കാ ഐറിഷ്കാർ ജാക്കോബൈറ്റ്കാർ ആയിരുന്ന കാലങ്ങളിൽ ഡെറിയിലും (Derry) ലെമെറിക്കിലും (Limerick) (3) നടന്ന യുദ്ധങ്ങളെയും പ്രത്യാഗമിക്കുന്നതായിരിക്കും. ഭൂതകാലത്തോടു വേണ്ടതിലധികം പ്രതിപത്തിയുള്ള ഒരാളായിരിക്കാം പക്ഷേ ഈ "ജാക്കോബൈറ്റ് പുരോഹിതൻ" എന്നു അവർ വിചാരിച്ചേക്കാം. എന്നാൽ ഇതു ഐറിഷ്കാരെക്കുറിച്ചു മിക്കപ്പോഴും ഉണ്ടാകാറുള്ള ഒരു പരാതിയാണ്. വടക്കേ ഐറിഷ്കാർ ബൊയിനെ (4) (Boyne) ഓർമ്മിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു തെക്കേ ഐറിഷ്കാർ സ്റ്റ്യുവാർട്ടുമാരെ (5) (Stuarts) ക്കുറിച്ചു ഓർമ്മിച്ചുകൊണ്ടിരിക്കരുതെന്നുള്ളതിനു കാരണം കാണുന്നില്ല.

ജാക്കോബൈറ്റിന്റെ അർത്ഥം "ജാക്കോബൈറ്റ്" എന്നല്ല എന്നു അവർ അപ്പോൾ പെട്ടെന്നു കണ്ടുപിടിക്കും. ഇതു അതിനെക്കാൾ നിസ്സീമമായി മുൻപുള്ളതും അനന്തമായി വിദൂരസ്ഥവും, ലോകത്തിന്റെ മറുവശത്തുനിന്നു വന്ന വിദേശീയവുമായ എന്തോ ഒന്നു ആകുന്നു. അന്ധയുഗങ്ങളുടെ ആദിയിൽ വിദൂരം പരിഭ്രമിച്ചു ഏകപ്രകൃതിവാദികളുടെ വിസ്മൃതമായ രഹസ്യം ആദ്ധ്യാത്മികത്വത്തെ പക്ഷേ അനുഗമിച്ചു എവിടെയോ അന്തർദ്ധാനംചെയ്ത ഏഷ്യയിലെ പുരാതനമായ ഒരു ഇടത്തുടിന്റെ കത്തോലിക്കാസഭയിലേക്കുള്ള പ്രത്യാവർത്തനത്തോടാണു ഇതിനു ബന്ധമുള്ളത്.

ഉദയദേശത്തിലെ വിദൂരമായ ഈ വിജയത്തിന്റെ പ്രാതിനിദ്ധ്യത്തെ വഹിക്കുന്ന ഗംഭീരാകൃതിയായ ഈ ഭാരതീയ പുരുഷൻ തന്റെ

---

(2) സാർസ്ഫീൽഡ് എന്നയാൾ ജയിംസിന്റെ കക്ഷിയിൽ ചേർന്നു ധീരമായി യുദ്ധം ചെയ്തിരുന്ന ഒരു ഐറിഷ്കാരാനായിരുന്നു.

(3) ഡെറിയും ലിമെറിക്കും അയർലണ്ടിലുള്ള രണ്ടു സ്ഥലങ്ങളാണ്.

(4) ബൊയിനിൽവച്ചുള്ള യുദ്ധത്തിൽ ജാക്കോബൈറ്റുകാർ തോറ്റുപോയി. ഇവർക്കു പറ്റിയ ഈ പരാജയത്തെക്കുറിച്ചു പ്രോട്ടസ്റ്റന്റുകാരായ വടക്കേ ഐറിഷ്കാർ അഭിമാനക്കാറുണ്ട്.

(5) ജയിംസ് രാജാവിന്റെ കുടുംബപ്പേരാണു സ്റ്റുവാർട്ടെന്നുള്ളത്. പ്രോട്ടസ്റ്റന്റുകാരായ വടക്കർ തങ്ങളുടെ പഴയ വിജയത്തെക്കുറിച്ച് ഇപ്പോഴും അഭിമാനിക്കുന്നുവെങ്കിൽ കത്തോലിക്കരായ തെക്കർ തങ്ങൾക്കു പറ്റിയ പരാജയത്തിൽ ഇപ്പോഴും വാശികാണിക്കുന്നതു സഹജമാണെന്നു ചെസ്റ്റർട്ടന്റെ ആശയം.

അയൽക്കാരെ റോമാ ഐക്യത്തിൽ കൊണ്ടുവന്നു അവരിൽ മാറ്റം വരുത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിനു മറ്റൊന്നിലും മാറ്റം വന്നിരുന്നില്ല. അദ്ദേഹത്തിന്റെ ഭാവം കണ്ടാൽ അദ്ദേഹം ആ ക്ഷണത്തിൽ ബൃഹത്പ്രതിമമായ ഒരു ഹിന്ദുക്ഷേത്രത്തിൽ നിന്നോ ദുർഗ്രഹലിഖിതങ്ങളാൽ അതിലിഖിതമായ ഒരു പാരസീകവിഹാരത്തിൽ നിന്നോ ഇറങ്ങിവരുകയാണെന്നു തോന്നും. അദ്ദേഹം മെത്രാന്മാരുടെ മുടിയുടെ സ്ഥാനത്തു പൊക്കംകൂടിയ ഒരു തലപ്പാവ് (6) ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധിമത്തും ജാഗ്രത്തുമായ മുഖം നരച്ചതും സമൃദ്ധമായ മീശയുടെ പുറകിൽ കവിശതരവും ശ്യാമതരവുമായി കാണപ്പെട്ടു. അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ പാശ്ചാത്യലോകത്തിലെല്ലാം നവീനമായ ഒരു തരത്തിലും ആകൃതിയിലുമുള്ളതായിരുന്നു.

സൂക്ഷിക്കാതെയുള്ള പ്രഥമദൃഷ്ടിയിൽ അദ്ദേഹം ആരെങ്കിലുമായിരിക്കാം; ജംഘിസ്ഖാന്റെ (7) പുരോഹിതനോ, ശ്രീവാനരത്തിന്റെയോ ശ്രീനാഗത്തിന്റെയോ ആരാധനയിലേ ഉത്തമ പുരോഹിതനോ ആയിരിക്കും. എന്തുകൊണ്ടെന്നാൽ, പാശ്ചാത്യരായ നാം ഒരു പൗരസ്ത്യവേഷത്തേയോ സ്ഥാനത്തെയോ മറ്റൊന്നിൽ നിന്നു വിവേചനം ചെയ്യുന്നതിൽ അവ്യക്തചിന്തകന്മാരാകുന്നു. പക്ഷേ, അദ്ദേഹം വാനരത്തിന്റെയോ, നാഗത്തിന്റെയോ, ഒരുവേള വളരെ ശതാബ്ദങ്ങളിൽ അതിനെ ആവരണം ചെയ്തിരുന്ന ഏതെങ്കിലും ആരാധനയുടെയോ ചിഹ്നമല്ലാത്ത ഏതോ ഒന്നിനെ കൈയിൽ ധരിച്ചിരുന്നു. അതു ഒരിക്കൽ റോമാക്കാരുടെ കഴുകുമരമായിരുന്നതിന്റെ ആകൃതിയും; എങ്കിലും അദ്ദേഹത്തിനു റോമായുടെ ദിവ്യമായ വൈപരീത്യത്തിന്റെ (8) നിർദ്ദേശകവുമായ ആ വിചിത്ര ചിഹ്നമായിരുന്നു.

---

(6) "തലപ്പാവ്" എന്നിവിടെ പറഞ്ഞിരിക്കുന്നതു മലങ്കര റീത്തിൽ മെത്രാൻ ധരിക്കുന്ന മുടിയെ ഉദ്ദേശിച്ചാണ്. ഇതു പാശ്ചാത്യമെത്രാന്മാരുടെ മുടിപോലെയല്ല എന്നാണു ചെസ്റ്റർട്ടന്റെ വിവക്ഷ.

(7) "ജംഘിസ്ഖാൻ" മെംഗോളിയായിലെ ഒരു ചക്രവർത്തിയായിരുന്നു. പാശ്ചാത്യന്മാർക്കു ദൂരദേശങ്ങളിലെ സംഗതികളെക്കുറിച്ചു വ്യക്തമായ ജ്ഞാനമൊന്നുമില്ല എന്നാണു ഈ വാചകത്തിൽ ചെസ്റ്റർട്ടൻ അർത്ഥമാക്കുന്നത്.

(8) മാർ ഈവാനിയോസ് കൈയിൽ ധരിച്ചിരുന്ന കുരിശിനെയാണല്ലോ ഈ വാക്യത്തിൽ ഉദ്ദേശിച്ചിരിക്കുന്നത്. കുരിശു ഒരുകാലത്തു റോമാരാജ്യക്കാർക്കു മരണത്തിന്റെ ലക്ഷണമായ കഴുകുമരമായിരുന്നു. ഇന്നു

തലപ്പാവും കുരിശും ധരിച്ച ആ മനുഷ്യനെ കണ്ടതിൽ എന്റെ മാംസത്തിൽ എന്തോ നുരക്കുന്നതുപോലെ എനിക്കു തോന്നി! അദ്ദേഹം ഐന്ദ്രജാലികഭ്രമിയായ ഇൻഡ്യയിൽനിന്നും വന്ന ഒരു ദേഹമായിരുന്നുവെന്നും, ഒരു (ഭാരതീയ) രാജാവിനെപ്പോലെ ഇരുന്നിരുന്നു എന്നും, എങ്കിലും ഒരു ക്രിസ്തീയപുരോഹിതന്റെ അഭിഷേകം അദ്ദേഹത്തിലുണ്ടെന്നും ഉള്ള ഓർമ്മയുണ്ടായതുകൊണ്ടു ഇതിന്റെയെല്ലാം ശേഷം അദ്ദേഹം പ്രെസ്റ്റർ ജോൺ (9) അല്ലേ എന്നു ഞാൻ ശങ്കിച്ചു.

ഈ ഘട്ടത്തിൽ "പ്രൊസ്റ്റർ ജോൺ" പെട്ടെന്നു എന്റെ പക്കൽ വന്നു അദ്ദേഹം എന്റെ ഏതോ ഒരു ലേഖനം ഒരു പത്രത്തിൽ വായിച്ചിട്ടുണ്ടെന്നു ഉത്കൃഷ്ടമായ ഇംഗ്ലീഷിൽ പറഞ്ഞു എന്റെ ദിവാസ്വപ്നത്തെ ഭേദിച്ചു. അദ്ദേഹം യാക്കോബായക്കാരെ മനസ്സുതിരിച്ചതു അത്യന്തം ആതിബൗദ്ധികവും, എങ്കിലും (10) ആധുനികവുമായ ഒരു മാർഗ്ഗത്തിലൂടെയാണെന്നു ഞാൻ ക്ഷണേന കണ്ടുപിടിച്ചു. ഇതു

---

ആ റോമാതന്നെ അതു രക്ഷയുടെ ചിഹ്നമായി സ്വീകരിച്ചരിക്കുന്നു. ഇതിനെയാണു ചെസ്റ്റർട്ടൻ "ദിവ്യമായ വൈപരീത്യം" എന്നു പറഞ്ഞിരിക്കുന്നത്.

(9) പണ്ട് ഒരു ക്രിസ്തീയ പുരോഹിതൻ ചില പൗരസ്ത്യരാജ്യങ്ങളിൽ രാജാവായി വാണിരുന്നു എന്നു പാശ്ചാത്യരുടെ ഇടയിൽ ഒരു ഐതിഹ്യമുണ്ട്. ഈ ആളിന്റെ പേരാണു "പ്രൊസ്റ്റർ ജോൺ" എന്നത്. പ്രെസ്റ്റർ എന്നു പറഞ്ഞാൽ പുരോഹിതൻ എന്നാണു അർത്ഥം. "ഈവാനിയോസ്" എന്ന പേരു "ജോൺ" എന്ന പേരിന്റെ രൂപാന്തരമാണല്ലോ. മാർ ഈവാനിയോസ് എന്ന സംജ്ഞയെ വ്യഞ്ജിപ്പിക്കുന്നതിനായിട്ടാണ്. പ്രെസ്റ്റർ ജോൺ എന്ന പേരു ചെസ്റ്റർട്ടൻ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. "പ്രെസ്റ്റർ ജോൺ..... എന്റെ പക്കൽ വന്നു" എന്നു മാർ ഈവാനിയോസിനെ ഉദ്ദേശിച്ചുകൊണ്ടു പിന്നീടു പറയുന്നതുകൊണ്ടു ഈ ഉദ്ദേശ്യം ചെസ്റ്റർട്ടനുണ്ടെന്നു എനിക്കു തോന്നുന്നു.

(10) ഇവിടെ "എങ്കിലും" എന്നു പറഞ്ഞിരിക്കുന്നതിൽ അഗാധമായ ഒരു അർത്ഥത്തെയാണു ചെസ്റ്റർട്ടൻ സ്ഫുരിപ്പിക്കുന്നത്. ഇക്കാലത്തെ പരിഷ്ക്കാരവും വിജ്ഞാനവും, യാന്ത്രികവും, ഭൗതികവുമാണെന്നു അദ്ദേഹം ദ്യോതിപ്പിക്കുന്നു. ഈ ആതീഭൗതിക കാലത്തു മാർ ഈവാനിയോസ് സ്വീകരിച്ച മാർഗ്ഗം ആതിബൗദ്ധികമാണെന്നു അദ്ദേഹം അർത്ഥമാക്കുന്നത്.

ഇപ്പോൾ ലോകമൊട്ടുക്കു സോത്സാഹം നടന്നുകൊണ്ടിരിക്കുന്ന ആധുനികമായ ഒരു വാദത്തിന്റെ ഒരു വാദവുമായിരുന്നു. അദ്ദേഹം വർത്തമാനപ്പത്രങ്ങളും, എന്നുമാത്രമല്ല, വർത്തമാനപ്പത്രങ്ങളിലുള്ള എന്റെ ലേഖനങ്ങൾപോലും (11) വായിക്കുന്ന ആളായിരുന്നിട്ടും, നല്ല പഠനമുള്ളവനായിരുന്നു.

വിശിഷ്ടനായ ഒരു പുരോഹിതനോടു അദ്ദേഹത്തിന്റെ ശ്രദ്ധേയമായ മര്യാദയ്ക്കും, ദയയ്ക്കും, വേണ്ടി പര്യാപ്തമായ കൃതജ്ഞതാപ്രകടനം ചെയ്തില്ല എന്നുള്ള ചിന്തയാൽ എനിക്കു അവ്യക്തമായ ഒരു പരിഭ്രമം തോന്നി. ഇപ്പോഴും തോന്നുകയും ചെയ്യുന്നു. എന്നാൽ സർവ്വമനുഷ്യകുലങ്ങളുടെയും ഇപ്രകാരമുള്ള ഒരു സമാഗമസ്ഥാനത്തിന്റെ ദുരഗാമികളായ ദ്യോതനകളുടെ ഇടയിൽ ഒരുവന്റെ തൊഴിലോ തൊഴിലിന്റെ കൗശലങ്ങളൊ കാണപ്പെടുന്നതിൽ അയോഗ്യമായ എന്തോ ഉണ്ടായിരിക്കുന്നതാണല്ലോ.

എന്നാൽ സൂര്യോദയത്തിന്റെ ദിക്കിൽ നിന്നും വന്ന ഈ അപൂർവ്വ പുരോഹിതൻ ആസന്നവും പ്രധാനവുമായ പലമാതിരി വിഷയങ്ങളെക്കുറിച്ചുള്ള സംസാരത്തിനു ഉടനെ എന്നെ വശപ്പെടുത്തിയതു ആ മതാത്മകമായ ലോകത്തിന്റെ (12) ദൃഷ്ടാന്തമാണ്; വൈസ്റോയിയുടെ വസതിയുടെ കല്പടികളിൽ നിന്ന് (13) അദ്ദേഹത്തിന്റെകൂടെ എന്റെയും

(11) വർത്തമാനപ്പത്രങ്ങൾ വഴി അറിവു സമ്പാദിക്കുന്ന ആളിനു അഗാധമായ പാണ്ഡിത്യമുണ്ടാകാൻ ഇടയില്ലെന്നാണു ചെസ്റ്റർട്ടന്റെ വിവക്ഷ. തന്റെ സ്വന്തം ലേഖനങ്ങളെക്കൂടെ ഉൾപ്പെടുത്തിയതു ഒരുവക നർമ്മവിനയമായിട്ടാണ്. മാർ ഈവാനിയോസിൽ പരസ്പരവിരുദ്ധങ്ങളായിരിക്കുന്ന പത്രപാരായണവും പാണ്ഡിത്യവുമുണ്ടെന്നു ദ്യോതിപ്പിക്കുന്നു.

(12) "മതാത്മകമായ ലോകം" എന്നു പറഞ്ഞിരിക്കുന്നതു ദിവ്യകാരുണ്യ മഹാസഭയെ ഉദ്ദേശിച്ചാണ്. ആ സഭ ബുദ്ധിപ്രേരിതമായ ഒരു സമ്മേളനമാണെന്നു അദ്ദേഹം അർത്ഥമാക്കുന്നു. ഈ വാസ്തവത്തെ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതു മാർ ഈവാനിയോസിൽ കണ്ട അഗാധജ്ഞാനമാണ്.

(13) മാർ ഈവാനിയോസും ചെസ്റ്റർട്ടനും, തമ്മിൽ കണ്ടതു ഗവർണ്ണരുടെ വിരുന്നുസൽക്കാരത്തിൽ വെച്ചായിരുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പടമെടുക്കാൻ പത്രപ്രതിനിധികൾ അടുത്തുകൂടുക പതിവാണല്ലോ.

ഫോട്ടോ എടുക്കണമെന്നു എന്നോടു ആവശ്യപ്പെടുമാറു അദ്ദേഹം മഹാമനസ്ക്കനായിരുന്നു. ഈ തിരഞ്ഞെടുപ്പിനു യാതൊരു കാരണവും എനിക്കു ഊഹിക്കുവാൻ പാടില്ലായിരുന്നു. ഞങ്ങൾ രണ്ടുപേരും ആ ഭൂവിതാനത്തിൽ അതിവ്യത്യസ്തങ്ങളായ പ്രകാരങ്ങളിൽ ഏറ്റവും കൗതുകകരങ്ങളായ (14) പദാർത്ഥങ്ങളായിരുന്നിരിക്കാമെന്നുള്ളതൊഴിച്ചു ഞാൻ ഒരുതരം കോലംപോലെ ഇരുന്നിരിക്കാം എന്നു അവ്യക്തമായ ഒരു വിചാരം എനിക്കുണ്ടായി. തിരുവെള്ളാനയെ പശ്ചാത്തലമാക്കി അദ്ദേഹത്തിന്റെ ഫോട്ടോ എടുത്താലെന്നപോലെ; എന്നാൽ അദ്ദേഹത്തിന്റെ ദയാമസൃണമായ സംഭാഷണത്തിൽനിന്നു നമസ്ക്കാരം ചെയ്തു പിൻമാറുമ്പോൾ എനിക്കു പരിഭ്രമകരമായ മറ്റൊരു വിചാരമുണ്ടായി എന്നു ഞാൻ സമ്മതിക്കുന്നു. അർദ്ധബുദ്ധിയുടേയോ ഭ്രാന്തിന്റേയോ സാന്നിദ്ധ്യം ഭാഗ്യോദർക്കമായിട്ടോ ദുർഭൂതങ്ങളിൽ നിന്നൊരു രക്ഷയായിട്ടോ ഏഷ്യയിൽ വിചാരിക്കപ്പെടാറുണ്ടെന്നു ഞാൻ ഓർമ്മിച്ചു. ഒരു കത്തോലിക്കാ മെത്രാൻ, പ്രത്യേകം ഇത്ര ആതിബൗദ്ധികനായ ഒരു മെത്രാൻ, മൂഢവിശ്വാസങ്ങൾക്കു അധീനനാണെന്നു ഞാൻ വിശ്വസിക്കരുതെങ്കിലും ഈ സംശയം പിന്നീടു കൂടെക്കൂടെ എന്നിൽ പ്രത്യാവർത്തിച്ചു (15)."

---

(14) "കൗതുകകരങ്ങളായ പദാർത്ഥങ്ങൾ". ചെസ്റ്റർട്ടൻ അസാധാരണമായി തടിച്ച ആളാണ്. മാർ ഈവാനിയോസിന്റെ വേഷവും അസാധാരണമാണ്. ഈ പ്രത്യേകതകളെ ഉദ്ദേശിച്ചാണു ഇങ്ങനെ പറഞ്ഞിരിക്കുന്നത്. തന്റെ വണ്ണത്തെ ഉദ്ദേശിച്ചാണ്. "കണ്ണുപറ്റാതിരിക്കുവാനുള്ള ഒരു കോലമായിരിക്കാം" താൻ എന്നു അദ്ദേഹം പറയുന്നത്. "തിരുവെള്ളാന" തന്റെ വണ്ണത്തെ ഉദ്ദേശിച്ചാണ്.

(15) ചെസ്റ്റർട്ടന്റെ ഫലിതം ഇവിടെ പരമകാഷ്ഠയെ പ്രാപിക്കുന്നു. കണ്ണുപറ്റാതിരിക്കാൻ ഒരു കോലമായിട്ടായിരിക്കാം തന്നെക്കൂടി ഫോട്ടോയിൽ ചേർത്തതെന്നു താൻ ആദ്യം ശങ്കിച്ചു. പുനർവിചാരത്തിൽ ഒരു മന്ദബുദ്ധിയോ ഭ്രാന്തനോ ആണെന്നു കണ്ടിട്ടായിരിക്കാം എന്നു ശങ്കിക്കുന്നു. മണ്ടന്മാരുടെ സാന്നിദ്ധ്യം ഭാഗ്യസൂചകമാണെന്നുള്ള മൂഢവിശ്വാസം മെത്രാനും പണ്ഡിതനുമായ മാർ ഈവാനിയോസിനു ഉണ്ടാകയില്ലെന്നു ബോദ്ധ്യമായിട്ടും തന്റെ ഈ ശങ്ക മാറുന്നില്ലന്നു അദ്ദേഹം നടിക്കുന്നു.

## അദ്ധ്യായം 43

# മലങ്കരസിറിയൻ ഹൈരാർക്കി

1932-ൽ പാശ്ചാത്യപര്യടനം നടത്തിയതിൽ മാർ ഈവാനിയോസിനുണ്ടായിരുന്ന പ്രധാനോദ്ദേശ്യം തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള മലങ്കരസിറിയൻ ഹൈരാർക്കിക്കു അവശ്യം വേണ്ട അനുവാദം റോമിൽ നിന്നും സമ്പാദിക്കുക എന്നതാണെന്നു കഴിഞ്ഞ ഒരദ്ധ്യായത്തിൽ പ്രസ്താവിച്ചിരുന്നുവല്ലോ. ഇതിനെതിരായുള്ള ചില പ്രവർത്തനങ്ങൾ അന്നു നടക്കുകയുണ്ടായെങ്കിലും ദൈവാനുഗ്രഹത്താൽ തന്റെ ഉദ്ദേശ്യം സാധിതപ്രായമായതിനു ശേഷം മടങ്ങി വരുന്നതിനുള്ള ഭാഗ്യമാണു കഥാപുരുഷനു സിദ്ധിച്ചത്. പ്രസ്തുത വൈദികസംസ്ഥാനത്തിന്റെ ഉൽഘാടനകർമ്മം 1933 മാർച്ച് 12-ാം തീയതി തിരുവനന്തപുരത്തുവച്ചു സാഘോഷം നിർവ്വഹിക്കപ്പെട്ടു. ഇതിനുവേണ്ടി നടന്ന ചടങ്ങുകളെപ്പറ്റിയുള്ള പൂർണ്ണവിവരം രേഖപ്പെടുത്തുന്നതിനു മുൻപു കത്തോലിക്കാസഭയിലെ ഭരണം സംബന്ധിച്ച ഏതാനും വസ്തുതകൾ ചുവടെ ചേർക്കുന്നതിനുദ്ദേശിക്കുന്നു.

### കത്തോലിക്കാസഭാഭരണഘടന

അഖിലലോകവ്യാപകമായ കത്തോലിക്കാസഭയിലെ അറുപതു കോടിയോളം വരുന്ന ജനങ്ങളുടെ ആദ്ധ്യാത്മികഭരണം സഭയുടെ പരമാധികാരിയായ മാർപ്പാപ്പാ തിരുമനസ്സിലെ കീഴിലുള്ള നാലരലക്ഷത്തിൽപ്പരം വൈദികരും, നാലായിരത്തോളം മെത്രാന്മാരും അടങ്ങിയ അധികാരഗണത്തിലാണു നിക്ഷിപ്തമായിരിക്കുന്നത്. ഇതിനുവേണ്ടി ലോകത്തിലുള്ള വിവിധ ഭൂഖണ്ഡങ്ങളെ രണ്ടായിരത്തിൽപരം രൂപതകളായി വിഭജിച്ചിരിക്കയാണ്. ഓരോ രൂപതയുടെയും അധികാരം

മെത്രാന്മാരും, രൂപതകളിലെ വിവിധ ഇടവകകളിലെ ഭരണം വൈദികരുമാണു നിർവ്വഹിക്കുന്നത്. ഇന്നു ലോകത്തിലുള്ള രണ്ടായിരത്തോളം രൂപതകളിൽ രണ്ടു ലക്ഷത്തോളം ഇടവകകൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. പല രൂപതകളടങ്ങിയതാണു വൈദികസംസ്ഥാനം. ഓരോവൈദികസംസ്ഥാനത്തിനും മെത്രാപ്പോലീത്തായെ പരിശുദ്ധസിംഹാസനം നിയമിച്ചിട്ടുണ്ട്. നമ്മുടെ മാതൃരാജ്യമായ ഇൻഡ്യയിൽ പന്ത്രണ്ടു വൈദികസംസ്ഥാനങ്ങളും, അവയിലെല്ലാംകൂടി എഴുപത്തഞ്ചു രൂപതകളും ഇപ്പോഴുണ്ട്. കേരളത്തിൽ നാലു വൈദികസംസ്ഥാനങ്ങളും (എറണാകുളം, വരാപ്പുഴ, ചങ്ങനാശ്ശേരി, തിരുവനന്തപുരം) പതിനാറു രൂപതകളുമാണു ഇപ്പോഴുള്ളത്. പരിശുദ്ധ പിതാവ് തന്റെ പ്രതിനിധിയായ ദലഗാദ് അപ്പോസ്തോലിക്കാ മുഖേന ഓരോ രാജ്യത്തുമുള്ള വൈദികസംസ്ഥാനങ്ങളുടെ പൊതുഭരണം നിർവ്വഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## കർദ്ദിനാളന്മാരെ അത്ഭുതപ്പെടുത്തിയ രംഗം

ആർച്ചുബിഷപ്പിന്റെ റോമാസന്ദർശനാവസരത്തിൽ വത്തിക്കാനിൽവച്ചു നടന്ന രസകരമായ ഒരു രംഗത്തിലേക്കു വായനക്കാരുടെ ശ്രദ്ധയെ അല്പനിമിഷത്തേക്കു ക്ഷണിച്ചുകൊള്ളുന്നു. മാർപ്പാപ്പാതിരുമേനിയുമായി കഥാപുരുഷൻ നടത്തിയ സന്ദർശനവേളയിൽ മലങ്കരസിറിയൻ ഹൈരാർക്കിക്കുള്ള അനുവാദം നേരിട്ടു പരിശുദ്ധ പിതാവു നൽകിയ വിവരം കഴിഞ്ഞ അദ്ധ്യായത്തിൽ പ്രതിപാദിച്ചിരുന്നുവല്ലോ. മാർപ്പാപ്പായെ സന്ദർശിച്ചശേഷം പൗരസ്ത്യതിരുസംഘത്തിന്റെ ആഫീസിലേക്കാണു ആർച്ചുബിഷപ്പു പോയത്. ഏതാനും കർദ്ദിനാളന്മാരും വൈദികരുമടങ്ങിയ ഉദ്യോഗസ്ഥന്മാർ തൽസമയം അവിടെ സന്നിഹിതരായിരുന്നു. തന്റെ പാശ്ചാത്യപര്യടനത്തിന്റെ പ്രധാനോദ്ദേശ്യങ്ങളിലൊന്നു തിരുവനന്തപുരം ആസ്ഥാനമാക്കിയുള്ള അതിരൂപതയും തിരുവല്ലാ ആസ്ഥാനമാക്കിയുള്ള രൂപതയും ഉൾക്കൊള്ളുന്ന പുതിയ ഹൈരാർക്കിക്കുള്ള അനുവാദം സമ്പാദിക്കുകയെന്നതാണെന്നു ആർച്ചുബിഷപ്പ് അവരോടു പറയുകയുണ്ടായി. ഇതു ശ്രവിച്ച കർദ്ദിനാളന്മാർ ഇപ്രകാരം പറയുകയുണ്ടായി. “ഒരു പുതിയ ഹൈരാർക്കിക്കുള്ള അനുവാദം പെട്ടെന്നു ലഭിക്കുക സാധ്യമല്ല. ഒന്നാമതു അതിനുവേണ്ടി രേഖാമൂലമുള്ള അപേക്ഷ ഇവിടെ സമർപ്പിക്കണം. ആ അപേക്ഷ സ്വീകരിക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതിനായി ഇന്ത്യയിലെ ദലഗാദ് അപ്പസ്തോലിക്കായ്ക്കു ഞങ്ങൾ അയച്ചുകൊടുക്കും. അദ്ദേഹം ചുറ്റുപാടുമുള്ള മെത്രാന്മാരോടു ഇതെപ്പറ്റിയുള്ള അഭി

പ്രായം ആരായുന്നതാണ്. അനുകൂലമായ അഭിപ്രായമാണു അവർ നൽകുന്നതെങ്കിൽ ദലഗാദ് അപ്പോസ്തോലിക്കാ തന്റെ ശുപാർശയോടുകൂടെ ആ അപേക്ഷ ഇങ്ങോട്ടു അയയ്ക്കും. അതിനെപ്പറ്റിയുള്ള ചർച്ചകൾ ഞങ്ങൾ ഇവിടെ നടത്തുകയും അനുവദനീയമെങ്കിൽ പരിശുദ്ധപിതാവിനു അതു സമർപ്പിക്കുകയും ചെയ്യും. അവസാനമായി പരിശുദ്ധപിതാവു അനുവാദം നൽകുന്നപക്ഷം അതു സംബന്ധിച്ചുള്ള ബൂളാഞ്ഞങ്ങൾ തയ്യാറാക്കുകയും അതു നടപ്പിൽ വരുത്തുന്നതിനായി ദലഗാദ് അപ്പോസ്തോലിക്കായ്ക്കു അയച്ചുകൊടുക്കുകയും ചെയ്യും. എന്നാൽ മാത്രമേ പുതിയ ഹൈരാർക്കികൾ കത്തോലിക്കാസഭയിൽ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ".

ഇതു സംബന്ധിച്ച നടപടികളെപ്പറ്റി കർദ്ദിനാളന്മാർ ഗൗരവപൂർവ്വം പ്രസ്താവിച്ച കാര്യങ്ങൾ ആർച്ചുബിഷപ്പ് ക്ഷമയോടും ശ്രദ്ധയോടും കൂടെ കേട്ടുകൊണ്ടിരുന്നു. അതിനുശേഷം പുഞ്ചിരിച്ചുകൊണ്ടു അദ്ദേഹം ഇപ്രകാരം പറഞ്ഞു: "നിങ്ങൾ പറയുന്നതെല്ലാം കാനോൻനിയമത്തിൽ നിന്നുമാണെന്നു ഞാൻ മനസ്സിലാക്കുന്നു. കത്തോലിക്കാസഭയിലെ കാനൻനിയമങ്ങൾ ഞാൻ ശരിക്കു പഠിച്ചിട്ടില്ല. ഇതു സംബന്ധിച്ചുള്ള സകല നടപടികളും നിയമാനുസരണംതന്നെ നിങ്ങൾ നടത്തിക്കൊള്ളണം. അതിൽ എനിക്കു യാതൊരു വിരോധവുമില്ല. പക്ഷേ, ഒരു കാര്യംമാത്രമേ എനിക്കു പറയുവാനുള്ളൂ. പരിശുദ്ധപിതാവു നേരിട്ടു ഇക്കാര്യം അനുവദിച്ചുകഴിഞ്ഞു".

മാർപ്പാപ്പാതിരുമേനി നേരിട്ടു അനുവാദം നൽകിക്കഴിഞ്ഞു എന്നു കേട്ടു കർദ്ദിനാളന്മാർ അത്ഭുതപ്പെട്ടു. പുതിയ ഹൈരാർക്കിക്കുള്ള അനുവാദം പരിശുദ്ധപിതാവു നേരിട്ടു നൽകുകയെന്നോ? കത്തോലിക്കാ ചരിത്രത്തിൽ ഇപ്രകാരമൊരു സംഭവം ഇതേവരെ ഉണ്ടായിട്ടില്ല. മാർ ഈവാനിയോസിനോടു 11-ാം പീയൂസ് മാർപ്പാപ്പാ തിരുമേനിക്കുണ്ടായിരുന്ന വ്യക്തിപരമായ സ്നേഹവും പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിയിലുള്ള ആകാംക്ഷയുമാണു ഇതിനു നിദാനമെന്നു അവർ പരസ്പരം പറഞ്ഞു.

അങ്ങനെ "Rome Moves Slowly" എന്ന ചൊല്ല് "Rome Moves suddenly എന്നു രൂപാന്തരപ്പെടുത്തുവാൻ മാർ ഈവാനിയോസിന്റെ വ്യക്തിമാഹാത്മ്യത്തിനു സാധിച്ചു. ഇതേത്തുടർന്നു മലങ്കര ഹൈരാർക്കിക്കും, തിരുവനന്തപുരം അതിരൂപതയ്ക്കും, തിരുവല്ലാ രൂപതയ്ക്കുമുള്ള ബൂളാകൾ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ

റോമിൽനിന്നും ഇൻഡ്യയിലെ ഡലിഗേറ്റ് അപ്പോസ്തോലിക്കായ്ക്കു അയച്ചുകൊടുക്കുകയാണുണ്ടായത്.

ഇതു സംബന്ധിച്ചു റോമിൽനിന്നും ലഭിച്ച ബൂളാകളുടെ മലയാള പരിഭാഷയാണു ചുവടേ ചേർക്കുന്നത്.

## മലങ്കര ഹൈരാർക്കി അനുവദിച്ചുകൊണ്ടുള്ള അപ്പസ്തോലിക ഘടന

ദൈവത്തിന്റെ ദാസന്മാരിൽ ദാസനായ
പീയൂസ് മെത്രാൻ
ശാശ്വതസ്മരണയ്ക്കുവേണ്ടി

പ്രഖ്യാതന്മാരായ രണ്ടു മലങ്കര സുറിയാനി വൈദികാദ്ധ്യക്ഷന്മാർ, മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മാർ തെയോഫിലോസ് മെത്രാനും ദൈവസഹായത്താൽ തങ്ങളുടെ ആട്ടിൻകൂട്ടത്തിലെ ഏതാനും വൈദികരോടും ഒട്ടനേകം ജനങ്ങളോടുംകൂടെ കത്തോലിക്കാസഭയാകുന്ന പരിശുദ്ധ മാതാവിന്റെ മടിയിലേക്കു പ്രവേശിച്ചപ്പോൾ ഇടയന്മാരിൽ പ്രധാനിയായ ക്രിസ്തുവിനു വിനീതപൂർവ്വകവും തീക്ഷ്ണതവുമായ കൃതജ്ഞതയെ നാം സമർപ്പിച്ചു. ഇവരുടെ മനസ്സിനെയും ഹൃദയത്തെയും പ്രകാശിപ്പിക്കുന്നതിനു തിരുവിഷ്ടമുണ്ടായ ഏറ്റം കൃപാലുവായ പ്രകാശങ്ങളുടെ പിതാവിനെ ഈ മെത്രാന്മാർ വിനയപൂർവ്വം അനുസരിച്ചതിനാലും ആ പ്രദേശത്തെ വിശ്വാസികളുടെ ഇടയിൽ ക്രിസ്തുവിന്റെ രാജ്യത്തിന്റെ വ്യാപ്തിയെ വർദ്ധിപ്പിക്കുന്നതിനു വേണ്ടി സകല മാർഗ്ഗങ്ങളിലുംകൂടെ ഉത്സാഹപൂർവ്വം ഇവർ പ്രയത്നിച്ചതു നിമിത്തവും നാം ഇവരെ ഹൃദയപൂർവ്വം അഭിനന്ദിക്കയും ചെയ്തു. ഈ വിശ്വാസികൾ കത്തോലിക്കാ ഐക്യത്തെ ആശ്ലേഷിച്ചിട്ടു ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അവരുടെ ആദ്ധ്യാത്മികോന്നമനത്തിനു മാർഗ്ഗമുണ്ടാക്കുന്നതിനു നാം ആഗ്രഹിച്ചതുകൊണ്ടു ഈ വർഷം ഫെബ്രുവരി പതിമൂന്നാം തീയതി ഈ മുദ്രയിൽ കീഴ് “മാഗ്നും നോബിസ്” എന്ന അപ്പസ്തോലിക ലേഖനം നാം പുറപ്പെടുവിച്ചു. അതനുസരിച്ചു മലബാർ ദേശത്തിന്റെ അതിർത്തികൾക്കുള്ളിൽ പമ്പാനദിയാൽ അന്യോന്യം വിഭജിക്കപ്പെട്ടതായ രണ്ടു രൂപതകളെ താല്ക്കാലികമായി നാം സ്ഥാപിക്കുകയും ഈ വന്ദ്യമെത്രാന്മാരെ അവയുടെ ചുമതലഭാരമേല്പിക്കുകയും ചെയ്തു. അന്ത്യോക്യൻറീത്തിൽപ്പെട്ടവ

രായ ഈ മലങ്കര സുറിയാനി വിശ്വാസികളുടെ സംഖ്യ ഭാഗ്യാതിരേക ത്താൽ സന്തോഷപ്രദമാംവിധം ദിനംപ്രതി വർദ്ധിക്കുകയും അല്പ കാലത്തിനുള്ളിൽ കർത്താവിന്റെ അനുഗ്രഹത്താൽ ഏതാനും ആയി രങ്ങളായിത്തീരുകയും ചെയ്തിരിക്കുന്നതിനാൽ മലബാർ പ്രദേശത്തു അന്ത്യോക്യൻ റീത്തിൽ ഒരു വൈദികസംസ്ഥാനം സ്ഥാപിച്ചു സഭാ കാര്യങ്ങൾ അവസരോചിതവും ശാശ്വതവുമായ വിധത്തിൽ ക്രമപ്പെ ടുത്തുന്നതു പ്രയോജനപ്രദമാണെന്നു നമുക്കു ബോദ്ധ്യമായിരിക്കുന്നു. തന്നിമിത്തം പ്രസ്തുത മെത്രാന്മാരുടെ ആവശ്യങ്ങളെ അനുവദിച്ചു കൊണ്ടും അതിശ്രേഷ്ഠങ്ങളായ പൗരസ്ത്യസഭകളോടുള്ള നമ്മുടെ സ്നേഹത്തിന്റെ ഒരു പുതിയ ലക്ഷ്യം പ്രദാനംചെയ്യുവാൻ ആഗ്രഹി ച്ചുകൊണ്ടും പൗരസ്ത്യ ഇന്ത്യയുടെ ദലഗാദ് അപ്പസ്തോലിക്കായും സലമീനായുടെ അവകാശിയും മെത്രാപ്പോലീത്തായുമായ നമ്മുടെ സഹോദരൻ ലെയോകിയെക്കാൾസിന്റെ അനുകൂലമായ അഭിപ്രാ യത്തെ മുൻകൂട്ടി അറിഞ്ഞതിന്റെ ശേഷം പൗരസ്ത്യസഭയുടെ തിരു സംഘത്തിൽ നിയമിതരായിരിക്കുന്ന പരിശുദ്ധ റോമാസഭയുടെ കർദ്ദി നാളന്മാരായ നമ്മുടെ വന്ദ്യസഹോദരന്മാരുടെ ഉപദേശത്താൽ ഈ സംഗതികൾ ആരെയെല്ലാം ബാധിക്കുമോ, അതല്ലാത്തപക്ഷം തങ്ങളെ ബാധിക്കുന്നതെന്നു ആരെല്ലാം വിചാരിക്കുന്നുവോ, അവരുടെ സമ്മതം ആവശ്യമുള്ളവിധം വാങ്ങിച്ചുകൊണ്ടും താഴെ ചേർക്കുന്ന കാര്യങ്ങൾ ആപ്പസ്തോലികമായ അധികാരത്തിന്റെ പൂർണ്ണതയിൽ നാം തീരുമാ നിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നു.

(1) മലബാർപ്രദേശത്തു പമ്പാനദിയുടെ വടക്കും തെക്കുമായി സ്ഥിതിചെയ്യുന്നതും മേൽ പ്രസ്താവിച്ചതുമായ രൂപതകളെ നിറുത്തൽ ചെയ്തശേഷം അവയുടെ അതിർത്തികൾക്കുള്ളിൽ അന്ത്യോക്യൻ റീത്തിൽപെട്ട മലങ്കര സുറിയാനിക്കാർക്കുവേണ്ടി നവീനവും വ്യക്ത വുമായ ഒരു വൈദികസംസ്ഥാനത്തെ നാം സ്ഥാപിക്കുന്നു. തിരുവന ന്തപുരം മെത്രാപ്പോലീത്താ സിംഹാസനമെന്നും തിരുവല്ലാ മെത്രാൻ സിംഹാസനമെന്നും രണ്ടു സിംഹാസനങ്ങൾ അതിൽ ഉണ്ടായിരിക്കു ന്നതാണ്.

(2) കൊല്ലം, കോട്ടാർ എന്നീ രൂപതകളുടെയും കൊച്ചി രൂപത യുടെ ദക്ഷിണഭാഗത്തിന്റേയും അതിർത്തികളോടുകൂടിയ തിരുവനന്ത പുരം അതിരൂപതയിൽ തിരുവനന്തപുരം, കൊട്ടാരക്കര, അടൂർ, പത്ത നംതിട്ട, മാവേലിക്കര, കായംകുളം, ചെങ്ങന്നൂർ എന്നീ ഡിസ്ട്രിക്റ്റു കൾ ഉണ്ടായിരിക്കുന്നതാണ്.

(3) തിരുവനന്തപുരം അതിരൂപതയുടെ സിംഹാസനത്തെ തിരുവനന്തപുരം പട്ടണത്തിൽ നാം സ്ഥാപിക്കുന്നു. ആ പട്ടണത്തിൽ നിന്നു അതിരൂപതയ്ക്കു അതിന്റെ നാമം സിദ്ധിക്കയും ചെയ്യുന്നു.

(4) തിരുവനന്തപുരം മെത്രാപ്പോലീത്തായുടെ ദൈവാലയത്തെ ഈ നവീനസഭാസംസ്ഥാനത്തിന്റെ മെത്രാപ്പോലിത്തൻ പള്ളിയായി നാം സ്ഥാപിക്കുന്നു. തന്മൂലം ആ ദൈവാലയത്തെ അതിന്റെ അതാതുകാലത്തെ മെത്രാപ്പോലീത്താന്മാർക്കു അന്തിയോക്യൻ സുറിയാനി സഭയുടെ സാധാരണ നിയമവും നിയമാനുസൃതമായ ആചാരങ്ങളും, അനുസരിച്ചുള്ള സകല അവകാശങ്ങളും, നിയമങ്ങളും, ബഹുമാനങ്ങളും അധികാരങ്ങളും നാം നല്കുന്നു. ഒന്നാമതായി വിശുദ്ധ സംഘത്തിലെ അപ്പസ്തോലികസിംഹാസനത്തിൽ നിന്നു അപേക്ഷിച്ചു വാങ്ങിയശേഷം അവരുടെ വൈദിക സംസ്ഥാനത്തിന്റെ അതൃത്തികൾക്കുള്ളിൽ വൈദികകർമ്മങ്ങളുടെ നിയമങ്ങളനുസരിച്ചു പാലിയം ധരിക്കുന്നതിനുള്ള അവകാശം അവിടുത്തെ മെത്രാപ്പോലീത്തന്മാർക്കു ഉണ്ടായിരിക്കുന്നതാണ്.

(5) വാരാപ്പുഴ, വിജയപുരം എന്നീ രൂപതകളുടെയും കൊച്ചിപ രൂപതയുടെ വടക്കേഭാഗത്തിന്റെയും അതൃത്തിക്കുള്ളിൽ അടങ്ങിയിരിക്കുന്ന തിരുവല്ലാ രൂപതയിൽ തിരുവല്ലാ, നിരണം, കോട്ടയം, മൂവാറ്റുപുഴ, കുന്നംകുളം എന്നീ ഡിസ്ട്രിക്റ്റുകൾ ഉണ്ടായിരിക്കുന്നതാണ്.*

(6) തിരുവല്ലാ മെത്രാന്റെ സിംഹാസനം തിരുവല്ലാ പട്ടണത്തിൽ നാം സ്ഥാപിക്കുന്നു. ആ പട്ടണത്തിൽനിന്നു രൂപതയ്ക്കു അതിന്റെ നാമം സിദ്ധിക്കയും ചെയ്യുന്നു.

(7) തിരുവല്ലായിലെ മെത്രാസനപ്പള്ളിക്കും അതിൽ അതാതുകാലം ഭരിക്കുന്ന മെത്രാന്മാർക്കും അന്ത്യോക്യൻ സുറിയാനിസഭയിലുള്ള സാധാരണ നിയമവും ന്യായമായ നടപ്പും അനുസരിച്ചുള്ള സകല അവകാശങ്ങളും, നിയമങ്ങളും, ബഹുമാനങ്ങളും, അധികാരങ്ങളും നാം നൽകുന്നു.

---

*പൗരസ്ത്യ തിരുസംഘത്തിന്റെ 14-2-1958ലെ 534-43-ാം ഡിക്രി പ്രകാരം തിരുവല്ലാ രൂപതാതൃത്തി വിപുലപ്പെടുത്തുകയും മലബാർ പ്രദേശവും അതിനോടു ചേർന്നുകിടക്കുന്ന മദ്രാസ് മൈസൂർ സംസ്ഥാനങ്ങളുടെ ഏതാനും ഭാഗങ്ങളുംകൂടി രൂപതയോടു യോജിപ്പിക്കുകയും ചെയ്തു എന്ന വസ്തുത ഇവിടെ പ്രത്യേകം സ്മരണീയമാണ്.

(8) തിരുവല്ലായിലെ മെത്രാസനപ്പള്ളിയെ തിരുവനന്തപുരം മെത്രാപ്പോലീത്താപ്പള്ളിയുടെ സഫ്രഗൻപള്ളിയായി നാം സ്ഥാപിക്കുന്നു. അവിടെ അതാതുകാലം ഭരിക്കുന്ന മെത്രാന്മാരെ തിരുവനന്തപുരം അതിമെത്രാന്റെ മെത്രാപ്പോലീത്തായ്ക്കടുത്ത അവകാശത്തിനു നാം അധീനരാക്കുകയും ചെയ്യുന്നു.

(9) തിരുവനന്തപുരം മെത്രാപ്പോലീത്തൻപ്പള്ളിയുടെയും അതിന്റെ അതാതുകാലത്തെ മെത്രാപ്പോലീത്തന്മാരുടെയും, തിരുവല്ലാ മെത്രാസനപ്പള്ളിയുടെയും അതിന്റെ അതാതുകാലത്തെ മെത്രാന്മാരുടെയും മേൽ മറ്റു മെത്രാപ്പോലീത്തൻപള്ളികളെയും അവയുടെ മെത്രാന്മാരെയും സംബന്ധിക്കുന്ന ഭാരങ്ങളും ചുമതലകളും നാം നിക്ഷേപിക്കുന്നു.

(10) തിരുവനന്തപുരത്തെയും, തിരുവല്ലായിലെയും വൈദികാദ്ധ്യക്ഷന്മാരുടെ സിംഹാസനങ്ങളിൽ ആദ്യത്തേതിനെ തിരുവനന്തപുരം പട്ടണത്തിൽ ദൈവമാതാവായ പരിശുദ്ധ കന്യകയുടെ നാമത്തിലും, രണ്ടാമത്തേതിനെ തിരുവല്ലാ നഗരത്തിൽ വി. യോഹന്നാൻ ശ്ലീഹായുടെ നാമത്തിലും സംസ്ഥാപിക്കുന്നു. തന്നിമിത്തം ഈ ദൈവാലയങ്ങൾക്കു ഇനിയും നിശ്ചയിക്കുന്നതുവരെ മറ്റു മെത്രാപ്പോലീത്തൻ പള്ളികൾക്കും മെത്രാസനപ്പള്ളികൾക്കുമുള്ള സകല അവകാശങ്ങളും നിയമങ്ങളും നാം നൽകിയിരിക്കുന്നു.

(11) മെത്രാപ്പോലീത്തായുടെയും മെത്രാന്റെയും നിത്യച്ചെലവിനുവേണ്ടി വിശ്വാസികൾ സാധാരണമായി ചെയ്യാറുള്ള ദാനങ്ങളും ഈ പള്ളികൾക്കു ഏതെങ്കിലും അവകാശപ്രകാരം സിദ്ധിക്കുന്ന വരവുകളും ജംഗമങ്ങളും നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

(12) തിരുവനന്തപുരത്തെയും തിരുവല്ലായിലെയും സഭകളുടെ ഭരണനിർവ്വഹണത്തെയും നിയമപ്രകാരം ആലോചനാസംഘത്തിന്റെ തെരഞ്ഞെടുപ്പിനെയും, സെമിനാരികൾ സ്ഥാപിക്കുന്നതിനെയും വൈദികരുടെയും വിശ്വാസികളുടെയും, അവകാശങ്ങൾ എന്നിവയെയും ഏവംവിധമുള്ളകാര്യങ്ങളെയും സംബന്ധിച്ചു പരിശുദ്ധ കാനോനിൽ എപ്രകാരം കല്പിക്കപ്പെടുന്നുവോ അപ്രകാരം ചെയ്തുകൊള്ളണമെന്നു നാം കല്പിച്ചിരിക്കുന്നു. പ്രധാനമായി വൈദികരെ സംബന്ധിച്ചിടത്തോളം മേൽ പ്രസ്താവിച്ച അതിരൂപതയുടെയും രൂപതയുടെയും സ്ഥാപനം നിർവ്വഹിക്കപ്പെടുമ്പോൾ വൈദികർ ഏതു രൂപ

തയുടെ അധികാരസീമയിൽ നിയമപ്രകാരം താമസിക്കുന്നുവോ ആ രൂപതയോടു ബന്ധപ്പെട്ടവരായി അവർ പരിഗണിക്കപ്പെടണമെന്നു നാം നിശ്ചയിക്കുന്നു.

(13) അവസാനമായി മേൽ പ്രസ്താവിച്ചിരിക്കുന്ന നിയമങ്ങളെ അതാതുകാലത്തെ സാഹചര്യങ്ങൾ അനുസരിച്ചു മാറ്റുന്നതിനും, അന്യഥാ തീരുമാനിക്കുന്നതിനും, കർത്താവിന്റെ നാമത്തിൽ ഉചിതമായി തോന്നുന്നവ അപ്പോഴെല്ലാം നിശ്ചയിക്കുന്നതിനുമുള്ള അധികാരം നമ്മിലും അപ്പോസ്തോലികസിംഹാസനത്തിലും നാം സംഗ്രഹിച്ചിരിക്കുന്നു.

ആയതുകൊണ്ടു കാര്യങ്ങളെല്ലാം ഇപ്രകാരം നിശ്ചയിച്ചതിനു ശേഷം നമ്മുടെ വന്ദ്യസഹോദരനും പൗരസ്ത്യഇൻഡ്യയുടെ ദലഗാദ് അപ്പോസ്തോലിക്കായുമായ ലെയോകിയർക്കൽസിനെ ഈ നിശ്ചയങ്ങളെല്ലാം നിർവ്വഹിക്കുന്നതിനു വേണ്ടി നാം നിയോഗിക്കുന്നു. ഇവയുടെ യഥാർത്ഥ നിർവ്വഹണത്തിൽ ഉണ്ടായേക്കാവുന്ന സകല തർക്കങ്ങളെയും തടയുന്നതിനു മാത്രമല്ല, സഭാസംബന്ധമായ ഉദ്യോഗത്തിലോ സ്ഥാനത്തിലോ നിയമിതനായിരിക്കുന്ന വേറൊരാളെ പ്രസ്തുത കാര്യത്തിനായി നിയോഗിക്കുന്നതിനും ആവശ്യവും ഉചിതവുമായ സകല അധികാരങ്ങളും നാം അദ്ദേഹത്തിനു നൽകുന്നു. യഥാർത്ഥ നിർവ്വഹണാർത്ഥം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ ഔദ്യോഗികമായ ഒരു റിപ്പോർട്ടു ഈ ലേഖനം കിട്ടി ആറു മാസത്തിനുള്ളിൽ പൗരസ്ത്യസഭയുടെ തിരുസിംഹാസനത്തിലേക്കു അയയ്ക്കുന്നതിനുള്ള ചുമതലയും നാം അദ്ദേഹത്തിൽ നിക്ഷേപിക്കുന്നു.

മേൽ പ്രസ്താവിച്ച സംഗതികളോടു ബന്ധമുള്ളവരോ ബന്ധമുണ്ടെന്നു വിചാരിക്കുന്നവരോ ആയ ആരെങ്കിലും സ്പഷ്ടവും പ്രത്യേകവുമായ പരിഗണന അർഹിക്കുന്നവരായിരുന്നാലും നാം അവരെ ശ്രദ്ധിച്ചില്ലെന്നാകിലും ഈ ലേഖനത്തെയും അതിൽ ഉള്ളടങ്ങിയിരിക്കുന്ന ഏതൊരു സംഗതിയെയും അപലപിക്കയോ നിഷേധിക്കുകയോ അസത്യത്തിന്റെയോ അപൂർണ്ണസത്യത്തിന്റെയോ അസാധുത്വത്തിന്റെയോ ഉദ്ദേശശുദ്ധിയുടെയോ വാസ്തവവും അവിചാരിതവുമായ മറ്റു യാതൊന്നിന്റെയോ ദോഷം ആരോപിച്ചു തർക്കിക്കയോ ചെയ്യരുതെന്നു നാം ആഗ്രഹിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നു. നമ്മുടെ യഥാർത്ഥ അറിവോടും പൂർണ്ണമായ അധികാരത്തോടും കൂടെയായിരുന്നാൽ എപ്രകാരമോ അപ്രകാരം തന്നെ ഇവ എക്കാലവും സാധു

വായിരിക്കുന്നതാണ്. ഇവ ആരെയെല്ലാം ബന്ധിപ്പിക്കുമോ അവരെല്ലാം ഇവ അനുസരിക്കേണ്ടതുമാണ്. മറിച്ചു ഏതെങ്കിലും അധികാരമുള്ള ആരെങ്കിലും അറിഞ്ഞോ അറിയാതെയോ ഇവയ്ക്കെതിരായി പ്രവർത്തിച്ചാൽ അതു പൂർണ്ണമായി അസാധുവും ഫലശൂന്യവും ആയിരിക്കും. അവസാനമായി ഈ ലേഖനത്തിന്റെ ഭാഗങ്ങൾ അച്ചടിക്കപ്പെട്ടവയും ഏതെങ്കിലും നോട്ടറി പബ്ളിക്കിന്റെ കൈയൊപ്പോ സഭാസംബന്ധമായ ഉദ്യോഗത്തിലോ പദവിയിലോ നിയമിതനായ ആരുടെയെങ്കിലും മുദ്രയോ ഉള്ളവയും ആയിരുന്നാൽ ഈ ലേഖനം ഇതിന്റെ മൂലത്തിൽത്തന്നെ പ്രദർശിക്കപ്പെട്ടാൽ ലഭിക്കുന്ന വിശ്വാസ്യത എപ്രകാരമോ അപ്രകാരം തന്നെ അതിനു ലഭിക്കേണ്ടതാണെന്നു നാം നിശ്ചയിക്കുന്നു. രൂപതാപരമോ, സംസ്ഥാനപരമോ, സാധാരണമോ, സാർവ്വത്രികമോ ആയ സൂനഹദോസുകളാൽ പ്രഖ്യാപിതങ്ങളായ നിയമങ്ങളോ നിശ്ചയങ്ങളോ നമ്മുടെ മുൻഗാമികളായ പാപ്പാമാരിൽ ആരുടെയെങ്കിലും തീരുമാനങ്ങളോ മറ്റേതെങ്കിലും സംഗതികളോ പ്രതികൂലമായിരുന്നാൽ തന്നെയും ഈ ലേഖനം സാധുവായിരിക്കുന്നതാണ്.

സ്ഥാപനത്തിന്റെയും, നിർവ്വഹണത്തിന്റെയും, പ്രദാനത്തിന്റെയും നിയമനത്തിന്റെയും, സംഹരണത്തിന്റെയും അനുക്രമണത്തിന്റെയും, നമ്മുടെ മനസ്സിന്റെയും, ലക്ഷ്യമായിരിക്കുന്ന ഈ നമ്മുടെ ലേഖനത്തെ ആരെങ്കിലും ലംഘിക്കുകയോ എതിർക്കുകയോ ചെയ്യാതെ ഇരിക്കട്ടെ. പ്രത്യുത ആരെങ്കിലും വിചാരശൂന്യമായി ഇതിനു തുനിയുന്നപക്ഷം സർവ്വശക്തനായ ദൈവത്തിന്റെയും അവിടുത്തെ അപ്പസ്തോലന്മാരായ ഭാഗ്യപ്പെട്ട പത്രോസിന്റെയും പൗലൂസിന്റെയും കോപം അവന്റെമേൽ വീഴുമെന്നു അവർ ധരിച്ചുകൊള്ളുകയും ചെയ്യട്ടെ.

ആയിരത്തിതൊള്ളായിരത്തി മുപ്പത്തിരണ്ടാംവർഷം ജൂൺമാസം പതിനൊന്നാംതീയതി വിശുദ്ധ ബർണബാസ് അപ്പസ്തോലന്റെ തിരുനാൾ ദിവസം നമ്മുടെ ഭരണത്തിന്റെ പതിനൊന്നാം വത്സരത്തിൽ റോമിൽ വി. പത്രോസിന്റെ ദൈവാലയത്തിൽ വെച്ചു പ്രഖ്യാപിക്കപ്പെട്ടത്.

ഫ്രാത്തർ ആൻദ്രേയാസ് കർദ്ദിനാൾ ഫൂവർത്ത്
വിശുദ്ധ റോമാസഭയുടെ ചാൻസലർ,
എ. കർദ്ദിനാൾ സിഞ്ചേറോ,
വി. കിഴക്കൻസഭയുടെ തിരുസംഘത്തിന്റെ സെക്രട്ടറി.

ജോസഫ് വിൽപെർത്ത്,

പ്രോട്ടോനോട്ടറി അപ്പസ്തോലിക്കാമാരുടെ സംഘത്തിന്റെ ഡീൻ
ഹെക്തർ കസ്തേലി
പ്രോട്ടോനോട്ടറി അപ്പസ്തോലിക്കാ (മുദ്ര )

## തിരുവനന്തപുരം മെത്രാപ്പോലീത്താ ആയി മാർ ഈവാനിയേസിനെ നിയമിച്ചുകൊണ്ടുള്ള ബൂളാ

# ദൈവത്തിന്റെ ഭൃത്യന്മാരുടെ ഭൃത്യനായ പീയൂസ് മെത്രാൻ

ഇതേവരെ ഫാസിയുടെ അവകാശിക അതിമെത്രാനായിരുന്ന ശേഷം തിരുവനന്തപുരം അതിമെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നമ്മുടെ വന്ദ്യസഹോദരൻ മാർ ഈവാനിയോസിനു ക്ഷേമവും അപ്പസ്തോലികമായ ആശീർവാദവും.

ദൈവികമായി നമ്മിൽ നിക്ഷിപ്തമായിരിക്കുന്നതും ക്രിസ്തീയലോകം മുഴുവന്റേയും അദ്ധ്യക്ഷപദത്തെ നമുക്കു പ്രദാനം ചെയ്യുന്നതുമായ പരമമായ അപ്പസ്തോലികത്വത്തിന്റെ കർത്തവ്യം ആട്ടിൻകൂട്ടത്തെ ആരോഗ്യകരമായി മേയിക്കുകയും, നയിക്കുകയും, ഭരിക്കുകയും ചെയ്യുന്നതിനു വേണ്ട അറിവും പ്രാപ്തിയുമുള്ള മെത്രാന്മാരെ സകല സഭകളിലും നിയമിക്കുന്ന കാര്യം ഗൗരവകരമായ താല്പര്യത്തോടുകൂടെ നിർവ്വഹിക്കേണ്ട ചുമതലയെ നമ്മിൽ അർപ്പിച്ചിരിക്കുന്നു. ആയതുകൊണ്ടു ഈ മുദ്രയിൻ കീഴിലുള്ള “ക്രിസ്തോപാസ്തോരും പ്രിൻചീപ്പി” എന്ന അപ്പസ്തോലിക ലേഖനപ്രകാരം മലബാർ ദേശത്തിൽ അന്ത്യോക്യൻറീത്തിലുള്ള മലങ്കര സുറിയാനിക്കാരായ വിശ്വാസികൾക്കായി ഒരു മെത്രാപ്പോലീത്തൻ സംസ്ഥാനമായി ഇന്നേദിവസം സ്ഥാപിച്ചിട്ടുള്ള തിരുവനന്തപുരം അതിരൂപതയുടെ ഉചിതനായ ഒരു മെത്രാനെ നൽകണമെന്നാഗ്രഹിച്ചുകൊണ്ടു ആത്മാവുകളുടെ നന്മക്കു വേണ്ടി ഇടയന്നടുത്ത ആ മഹാതീക്ഷ്ണതയോടുകൂടെ ആ വിശ്വാസികളുടെ ഇടയിൽ ഇതേവരെ വേലചെയ്തുകൊണ്ടിരുന്നവനായ അങ്ങയെ നമ്മുടെ വന്ദ്യസഹോദരന്മാരായ പരിശുദ്ധ റോമാസഭയുടെ കർദ്ദിനാളന്മാരുടെ ഉപദേശത്തോടുകൂടെയും അപ്പസ്തോലികമായ നമ്മുടെ അധികാരത്തിന്റെ പൂർണ്ണതയിലും മേല്പറഞ്ഞ തിരുവനന്തപുരം അതിരൂപതയ്ക്കായി നാം തിരഞ്ഞെടുക്കു

കയും അതിന്റെ മെത്രാപ്പോലീത്തായും ഇടയനുമായി നിയമിക്കുകയും അന്ത്യോക്യാ സുറിയാനിസഭയുടെ നിയമങ്ങളും ന്യായമായ ആചാരങ്ങളും അനുസരിച്ചു ഇടയന്നടുത്ത ഈ ഉദ്യോഗ്യത്തിൽ സംക്ഷിപ്തമായിരിക്കുന്ന സകല അവകാശങ്ങളോടും, നിയമങ്ങളോടും, ഭാരങ്ങളോടും, കടമകളോടും കൂടെ ആത്മികകാര്യങ്ങളിലും ലൗകികവിഷയങ്ങളിലും ആ സഭയെ സംരക്ഷിക്കുകയും, ഭരിക്കുകയും, നടത്തുകയും ചെയ്യുന്നതിനുള്ള അധികാരത്തെ അങ്ങയിൽ അർപ്പിക്കയും ചെയ്യുന്നു. ആയതിനാൽ മലബാർ ദേശത്തിൽ പമ്പാനദിയുടെ തെക്കുവശം, താമസിക്കുന്നവരായ അന്ത്യോക്യൻ റീത്തിലെ മലങ്കര സുറിയാനി വിശ്വാസികളുടെ രൂപതയോടുകൂടെ അങ്ങു ഇതുവരെ വഹിച്ചിരുന്ന സ്ഥാനം ഏതിൽ നിന്നോ, ഫാസിയുടെ ആ അതിമെത്രാസനത്തോടു അങ്ങേയ്ക്കുള്ള ബന്ധത്തിൽ നിന്നു നമ്മുടെ ആ പരമാധികാരം കൊണ്ടു തന്നെ അങ്ങയെ നാം വിടർത്തിയിരിക്കുന്നു. നിയമപ്രകാരം അനുസരിക്കപ്പെടേണ്ട മറ്റു കാര്യങ്ങളെല്ലാം നിർവ്വഹിച്ചതിന്റെ ശേഷം അങ്ങേയ്ക്കു നൽകിയിരിക്കുന്ന അതിരൂപതയുടെ ഭരണം ഏറ്റെടുക്കുന്നതിനു മുമ്പായി അപ്പസ്തോലിക സിംഹാസനത്തോടു സൗഹാർദ്ദത്തിലും സമ്പർക്കത്തിലും വർത്തിക്കുന്ന ഒരു മെത്രാന്റെ മുമ്പിൽ പൗരസ്ത്യർക്കു വിധിച്ചിട്ടുള്ള രൂപത്തിൽ അങ്ങു വിശ്വാസപ്രഖ്യാപനവും, പതിവായ വിശ്വസ്തതയുടെ സത്യവും ചെയ്യുകയും ആറുമാസത്തിനുള്ളിൽ ഇവയുടെ പ്രതികൾ അങ്ങെയുടെയും മേല്പറഞ്ഞ മെത്രാന്റെയും ഒപ്പുകളോടും മുദ്രകളോടും പൗരസ്ത്യസഭയുടെ തിരുസംഘത്തിലേക്കു അയയ്ക്കുകയും ചെയ്യണമെന്നു നാം ആഗ്രഹിക്കുകയും കല്പിക്കുകയും ചെയ്യുന്നു. ഇതിനായി അങ്ങു തിരഞ്ഞെടുക്കുന്ന മെത്രാനു നമ്മുടെയും റോമാസഭയുടെയും നാമത്തിൽ മേല്പറഞ്ഞ പ്രഖ്യാപനവും സത്യവും സ്വീകരിക്കുന്നതിനുള്ള അധികാരവും ശാസനയും ഈ ലേഖനത്താൽതന്നെ നാം നൽകിയിരിക്കുന്നു. വന്ദ്യ സഹോദരനായ തിരുവല്ലായിലെ മെത്രാനോടു നാം കർത്താവിൽ ഉപദേശിക്കുന്നതെന്തെന്നാൽ: അങ്ങെയും അദ്ദേഹവും തമ്മിലുള്ള സൗഹാർദ്ദം ആത്മാവുകളുടെ നന്മയ്ക്കായി സമൃദ്ധങ്ങളായ ഫലങ്ങളെ ഉളവാക്കുന്നതിനുവേണ്ടി അങ്ങെയുടെ സഫ്രഗൻ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം പരിശുദ്ധ കാനോനാകളനുസരിച്ചു അങ്ങെയുടെ നേരെ ബഹുമാനം കാണിക്കയും അങ്ങയെ അനുസരിക്കുകയും ചെയ്യേണ്ടതാകുന്നു. അങ്ങയുടെ അതിരൂപതയിലെ വൈദികരും ജനങ്ങളുമായ വത്സലഭാജനങ്ങളായ മക്കളെ നാം ഉപദേ

ശിക്കുകയും കടമയാൽ ബന്ധിക്കുകയും ചെയ്യുന്നതെന്തെന്നാൽ; അവർ പിതൃഭക്തിയുള്ള മക്കളായിരിക്കുന്നതുകൊണ്ടു അങ്ങെയും അങ്ങു ദയാലുവായ പിതാവായിരിക്കുന്നതുകൊണ്ടു അവരും, സന്തോഷിക്കുന്നതിനായിട്ടു അവർ അങ്ങെയോടു ബഹുമാനവും അനുസരണവും കാണിക്കേണ്ടതാകുന്നു. ഈ ലേഖനം കിട്ടിക്കഴിഞ്ഞാൽ ആദ്യം വരുന്ന കടമുള്ള തിരുനാൾ ദിവസത്തിൽ മെത്രാപ്പോലീത്തൻ പള്ളിയുടെ പ്രസംഗപീഠത്തിൽനിന്നു ഇതു പരസ്യമായി വായിക്കപ്പെടണമെന്നു നാം ആഗ്രഹിക്കുന്നു. കർത്താവിന്റെ വലതുകൈ സദയം സഹായിച്ചിട്ടു അങ്ങയുടെ നിരന്തരമായ ഇടയന്നടുത്ത പരിശ്രമത്താലും ഫലവത്തായ ഉത്സാഹത്താലും തിരുവനന്തപുരം സഭ ഫലപ്രദമായി ഭരിക്കപ്പെടുകയും ദിനംപ്രതി ആത്മീയകാര്യങ്ങളിലും ലൗകികകാര്യങ്ങളിലും മഹത്തരങ്ങളായ വർദ്ധനവുകളെ പ്രാപിക്കയും ചെയ്യുമെന്നും ആ നാട്ടിൽ പത്രോസിന്റെ സിംഹാസനത്തിൽ നിന്നും ഇപ്പോഴും അബദ്ധത്തിന്റെ അന്ധകാരത്തിൽപെട്ടു കിടക്കുന്ന അവിശ്വാസികൾ സുവിശേഷപ്രകാശത്താൽ പ്രകാശിക്കപ്പെടുമെന്നും നാം ഉറപ്പായി പ്രതീക്ഷിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

നമ്മുടെ ഭരണത്തിന്റെ പതിനൊന്നാം സംവത്സരത്തിൽ ആയിരത്തിതൊള്ളായിരത്തി മുപ്പത്തിരണ്ടാം ആണ്ടു ജൂൺ പതിനൊന്നാം തീയതി റോമ്മായിൽ വിശുദ്ധ പത്രോസിന്റെ ദൈവാലയത്തിൽ വെച്ചു നൽകപ്പെട്ടത്.

ഫ്രാത്തർ ആൻദ്രേയാസ് കർദ്ദിനാൾ ഫൂവർത്ത്
വിശുദ്ധ റോമാസഭയുടെ ചാൻസലർ.
ജോസഫ് വിൽപെർത്ത്
പ്രോട്ടോ നോട്ടറി അപ്പസ്തോലിക്കാമാരുടെ സംഘത്തിന്റെ ഡീൻ
ഹെക്തർ കസ്തോലി.
പ്രോട്ടോനോട്ടറി അപ്പസ്തോലിക്ക ( മുദ്ര).

മേലുദ്ധരിച്ച അപ്പസ്തോലിക ഘടനയുടെയും ബൂളായുടെയും ഉൽഘാടനകർമ്മം ദലഗാദ് അപ്പസ്തോലിക്കാ പ്രത്യേകം നിയോഗിച്ചിരുന്നതനുസരിച്ച്, 1933 മാർച്ച് 12-ാം തീയതി തിരുവനന്തപുരം സെന്റു മേരീസ് ദൈവാലയത്തിൽവച്ചു കൊല്ലം മെത്രാനായിരുന്ന ഡോക്ടർ ബൻസിഗർ തിരുമനസ്സുകൊണ്ടു സമംഗളം നിർവ്വഹിക്കയുണ്ടായി.

# അദ്ധ്യായം 44

# പ്രാരംഭകാലത്തെ പുനരൈക്യപുരോഗതി

നമ്മുടെ കഥാപുരുഷൻ സമാരംഭിച്ച പുനരൈക്യപ്രസ്ഥാനം പ്രാരംഭകാലം മുതലേ പ്രാതികൂല്യസാഹചര്യങ്ങളുടെയും ആന്തരികവൈഷമ്യങ്ങളുടെയും ഇടയിലൂടെയെങ്കിലും അത്ഭുതാവഹമായ അഭിവൃദ്ധിയാണു കൈവരിച്ചുകൊണ്ടിരുന്നത്. വൈദികർ അല്മായർ എന്നിവരുടെ സംഖ്യ മാത്രമല്ല, മിഷ്യൻ കേന്ദ്രങ്ങൾ, ഇടവകകൾ, ദൈവാലയങ്ങൾ, വിദ്യാലയങ്ങൾ വിവിധ സ്ഥാപനങ്ങൾ എന്നിവയുടെ സംഖ്യയും പ്രതിവർഷം വർദ്ധിച്ചുകൊണ്ടിരുന്നു. 1930–1934 വരെയുള്ള നാലു വർഷക്കാലത്തിനിടയിൽ ഈ പ്രസ്ഥാനത്തിനുണ്ടായ പുരോഗതി താഴെ ചേർക്കുന്ന സ്ഥിതിവിവരക്കണക്കിൽനിന്നും ഗ്രഹിക്കാവുന്നതാണ്.

| | 1930 സെപ്തം:20 | 1932 | 1934 |
|---|---|---|---|
| മെത്രാപ്പോലീത്താ | 1 | 1 | 1 |
| മെത്രാൻ | 1 | 1 | 1 |
| വൈദികർ | 1 | 43 | 54 |
| മിഷ്യൻകേന്ദ്രങ്ങൾ | 1 | 67 | 159 |
| അല്മായർ | 1 | 5850 | 183776 |

## പുനരൈക്യകാരണങ്ങൾ

അകത്തോലിക്കാസഭകളിൽ നിന്നും ഇത്ര ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയേറെ വൈദികരും അല്മായരും കത്തോലിക്കാപുനരൈക്യം പ്രാപിക്കുവാനുണ്ടായ കാരണങ്ങളെപ്പറ്റി അധിക്ഷേപസൂചകമായി പലരും അക്കാലത്തു പ്രസ്താവിക്കയുണ്ടായിട്ടുണ്ട്. പക്ഷേ, അവയെല്ലാം അടിസ്ഥാനരഹിതങ്ങളാണെന്നു സൂക്ഷ്മാന്വേഷകർക്കു ഗ്രഹിക്കുവാൻ സാധിച്ചിട്ടുമുണ്ട്. ഉദ്യോഗം കാംക്ഷിച്ചും, ധനംമോഹിച്ചും, സ്ഥാനബഹുമാനങ്ങൾ ആഗ്രഹിച്ചുകൊണ്ടും അപൂർവ്വം ചിലർ കത്തോലിക്കാസഭയെ ആശ്ലേഷിച്ചിട്ടുണ്ടായിരിക്കാം. പക്ഷേ, അവയൊന്നും ലഭിക്കാതെ വന്നപ്പോൾ വന്നതു പോലെ അവർ തിരികെപ്പോയിട്ടുമുണ്ട്. എന്നാൽ അനേകായിരങ്ങൾക്കു പുനരൈക്യപ്പെടുവാൻ അക്കാലത്തു പ്രേരകങ്ങളായി തീർന്നിട്ടുള്ള യഥാർത്ഥകാരണങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

### 1. ക്രൈസ്തവസഭൈക്യത്തിലുള്ള ആകാംക്ഷ

ഒട്ടനേകം അവാന്തരവിഭാഗങ്ങളായി ഭിന്നിച്ചു നിലകൊള്ളുന്നതു ക്രൈസ്തവസഭയുടെ ബാഹ്യവും ആഭ്യന്തരവുമായ പുരോഗതിക്കു വിഘാതമാണെന്നും, അതിനുള്ള ഏക പരിഹാരമാർഗ്ഗം കത്തോലിക്കാസഭയുമായുള്ള യോജിപ്പാണെന്നും, സഭാസ്ഥാപകനായ ക്രിസ്തുനാഥന്റെ തിരുവിഷ്ടം അതുതന്നെയാണെന്നുമുള്ള സുദൃഢമായ ബോദ്ധ്യമാണു കത്തോലിക്കാ പുനരൈക്യം പ്രാപിക്കുവാൻ അനേകർക്കു പ്രേരകമായിത്തീർന്ന പ്രഥമവും പ്രധാനവുമായ കാരണം.

### 2. കത്തോലിക്കാസഭയെപ്പറ്റിയുള്ള പഠനവും മതിപ്പും

കത്തോലിക്കാസഭയുടെ ചരിത്രം, വിശ്വാസസംഹിത, ഭരണഘടന, ആഗോളവ്യാപകത്വം, പരോപകാരപ്രവർത്തനങ്ങൾ, ഭക്തിമാർഗ്ഗങ്ങൾ എന്നിവയെപ്പറ്റിയുള്ള സമ്യക്കായ പഠനവും തൽഫലമായി പ്രസ്തുത സഭയോടുണ്ടായ അസാമാന്യമതിപ്പും സഭാപരിവർത്തനത്തിനു അനേകർക്കു സഹായകമായിത്തീർന്നിട്ടുണ്ട്.

### 3. മലങ്കരറീത്തിനോടുള്ള പ്രതിപത്തി

ചെറുപ്പം മുതൽ തന്നെ തങ്ങൾ പഠിച്ചും, പരിചയിച്ചും, പരിശീലിച്ചും വന്നിരുന്ന ആരാധനക്രമത്തിനും, ആചാരാനുഷ്ഠാനങ്ങൾക്കും,

റീത്തിനും കത്തോലിക്കാസഭയിൽ അംഗീകാരം ലഭിച്ചതു ഒട്ടനേകം വൈദികർക്കും ആയിരക്കണക്കിനു അല്മായർക്കും കത്തോലിക്കാ പുനരൈക്യത്തിനു പ്രേരണ നൽകുകയുണ്ടായി.

## 4. മാർ ഈവാനിയോസിന്റെ സ്വാധീനശക്തി

യാക്കോബായസഭയിൽ ആയിരുന്നപ്പോൾ മാർ ഈവാനിയോസിന്റെ ഉത്തമസുഹൃത്തുക്കളും അദ്ദേഹത്തോടു സ്നേഹവും ബഹുമാനവും പ്രദർശിപ്പിച്ചിരുന്നവരുമായ അനേകർ സഭാപരിവർത്തനത്തിലും അദ്ദേഹത്തിന്റെ അനുയായികളും സഹകാരികളുമായിത്തീരുകയാണു ഉണ്ടായത്. കഥാപുരുഷന്റെ അനിതരസാധാരണമായ വ്യക്തിപ്രഭാവവും, സംഭാഷണചാതുരിയും, നയതന്ത്രവും പുനരൈക്യപ്രവാഹത്തിന്റെ ശക്തിയെ ഒന്നിനൊന്നു വർദ്ധിപ്പിക്കുന്നതിനു ഇടയാക്കിത്തീർത്തു.

## 5. അകത്തോലിക്കാസഭകളിലെ കുഴപ്പങ്ങൾ

കേരളത്തിലെ യാക്കോബായസഭ "പാത്രിയർക്കീസ് കക്ഷി" എന്നും "മെത്രാൻകക്ഷി" എന്നുമുള്ള ഇരുവിഭാഗങ്ങളായി (1912) പിരിഞ്ഞതിനു ശേഷമുണ്ടായ കേസ്സുകളും വ്യവഹാരങ്ങളും തങ്ങളുടെ സമാധാനപരമായ ആദ്ധ്യാത്മികപുരോഗതിക്കു വിഘാതമാണെന്നുള്ള ബോദ്ധ്യവും സഭാപരിവർത്തനത്തിനു അനേകം യാക്കോബായ സഹോദരങ്ങൾക്കു പ്രേരകമായിത്തീർന്നു. അപ്രകാരം തന്നെ മാർത്തോമ്മാസഭയിലെ യാഥാസ്ഥിതികന്മാരും ഉല്പതിഷ്ണുക്കളും തമ്മിൽ വിശ്വാസവിഷയങ്ങളെപ്പറ്റി അക്കാലത്തു നടത്തിക്കൊണ്ടിരുന്ന സംഘട്ടനങ്ങളും മാർത്തോമ്മാസഭാംഗങ്ങളിൽ നിന്നുമുള്ള കത്തോലിക്കാ പുനരൈക്യത്തിനു പലർക്കും പ്രേരണ നൽകി. ഇങ്ങനെ യാക്കോബായസഭയിലെ ഭരണകുഴപ്പവും മാർത്തോമ്മാസഭയിലെ വിശ്വാസത്തർക്കങ്ങളും പുനരൈക്യപ്രസ്ഥാനത്തിൽ പ്രവേശിക്കുന്നതിനു അനേകർക്കു അക്കാലത്തു വഴി ഒരുക്കിക്കൊടുത്തു.

## 6. പഴയകൂർ കത്തോലിക്കരുടെ പ്രേഷിതചൈതന്യം

കൂനൻകുരിശു സത്യാനന്തരം മുന്നൂറുവർഷക്കാലമായി തങ്ങളിൽനിന്നും വേർപെട്ടു ജീവിതം നയിക്കുന്ന തങ്ങളുടെ സഹോദരങ്ങളെ മാതൃസഭയിലേക്കു ആനയിക്കുന്നതിനു കേരളത്തിലേ കത്തോ

ലിക്കർ നടത്തിക്കൊണ്ടിരുന്ന പരിശ്രമങ്ങൾ മാർ ഈവാനിയോസി ന്റെയും മാർ തിയോഫിലോസിന്റെയും പുനരൈക്യത്തോടുകൂടെ വിജ യമകുടം ചൂടുകയാണുണ്ടായത്. തന്നിമിത്തം ആഹ്ലാദചിത്തരായി ത്തീർന്ന അവർ പുനരൈക്യപ്രസ്ഥാനത്തെ നാനാവിധത്തിൽ സഹാ യിക്കുന്നതിനു സന്നദ്ധ പ്രകടിപ്പിച്ചു. കൽദായ സുറിയാനിക്കാരായ വൈദിക മേലദ്ധ്യക്ഷന്മാരും, വൈദികരും, അല്മായരും ഇക്കാര്യത്തിൽ അഹമഹമികയാ മുന്നിട്ടുനിന്നു പ്രവർത്തിച്ചു. അപ്രകാരംതന്നെ കേര ളത്തിലെ ലത്തീൻ കത്തോലിക്കരും ഇതിനുവേണ്ടി നിസ്വാർത്ഥമായ പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഇക്കൂട്ടത്തിൽ കേരളത്തിലെ കർമ്മലീത്താ വൈദികർ നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ വിസ്മരിക്കുക സാദ്ധ്യമല്ല. ഇവരുടെയെല്ലാം പ്രവർത്തനത്തിന്റെയും പ്രാർത്ഥനയു ടെയും ഫലമായി പുനരൈക്യപ്രസ്ഥാനത്തിൽ പ്രവേശിക്കുന്നതിനുള്ള ഭാഗ്യവും അനേകർക്കു സിദ്ധിച്ചു.

ആദ്യത്തെ നാലു വർഷത്തിനുള്ളിൽ പുനരൈക്യപ്രസ്ഥാനത്തി നുണ്ടായ അഭിവൃദ്ധിയുടെ ചരിത്രമാണു ഇനിയും വിവരിക്കുന്നത്.

## ബഥനി ആശ്രമവും കന്യാസ്ത്രീമഠവും

തിരുവനന്തപുരം അതിരൂപതോദ്ഘാടനം നടന്നശേഷം വെണ്ണി ക്കുളത്തുനിന്നും ബഥനിആശ്രമം തലസ്ഥാനനഗരിയിലേക്കു മാറ്റുന്ന തിനുവേണ്ടി നാലാഞ്ചിറയിൽ പന്ത്രണ്ടു ഏക്കർ സ്ഥലം കഥാപുരു ഷൻ വിലയ്ക്കു വാങ്ങി. അവിടെ ഏതാനും താല്ക്കാലിക കെട്ടിട ങ്ങൾ നിർമ്മിച്ചു 1933-ൽ വെണ്ണിക്കുളത്തുനിന്നും ആശ്രമസ്ഥരെ അവി ടേക്കു മാറ്റിത്താമസിപ്പിച്ചു. അതോടുകൂടെ സന്ന്യാസജീവിതം നയി ക്കുന്നതിനു വേണ്ട പഠനം ലഭിക്കുന്നതിനായി അനേകം യുവാക്കന്മാർ ആശ്രമത്തിൽ പ്രവേശിച്ചു തുടങ്ങി.

ബഥനി കന്യാസ്ത്രീമഠവും തിരുവനന്തപുരത്തു സ്ഥാപിക്കണ മെന്നുള്ള കഥാപുരുഷന്റെ ആഗ്രഹം 1936-ലാണു ഫലപ്രാപ്തിയിലെ ത്തിയത്. നാലാഞ്ചിറയിൽ വാങ്ങിയ എട്ടു ഏക്കർ സ്ഥലത്തു കെട്ടിടം നിർമ്മിച്ചു തിരുമൂലപുരം മഠത്തിൽനിന്നും ഏതാനും കന്യാസ്ത്രീകളെ അവിടേയ്ക്കു മാറ്റിത്താമസിപ്പിച്ചു. ഇതോടുകൂടെ സന്ന്യാസജീവിത ത്തിനു വേണ്ടി അനേകം യുവതികൾ അവിടെയും പ്രവേശിച്ചു. ഇങ്ങനെ "ക്രിസ്താനുകരണസന്ന്യാസസമൂഹ"വും "സന്ന്യാസിനീസ

മൂഹ"വും അഭിവൃദ്ധി പ്രാപിക്കുന്നതിനുവേണ്ട അടിസ്ഥാനം തിരുവ നന്തപുരത്തു കഥാപുരുഷൻ ഉറപ്പിക്കുകയും തൽഫലമായി ഇരുസ മൂഹങ്ങളും പുരോഗതിയിലേക്കു നീങ്ങുകയും ചെയ്തു.

## തിരുവല്ലാ മൈനർ സെമിനാരി

യാക്കോബായ-മാർത്തോമ്മാ സഭകളിൽനിന്നും പുനരൈക്യ പ്പെട്ട ഇടവകവൈദികരിൽ അപൂർവ്വം ചിലരൊഴിച്ചു മറ്റുള്ളവരെല്ലാം വിവാഹിതരായി കുടുംബജീവിതം നയിച്ചുകൊണ്ടിരുന്നവരായിരുന്നു. അവരുടെ സ്വാധീനശക്തിയും പ്രവർത്തനങ്ങളും നിമിത്തം പ്രാരംഭ കാലത്തു അനേകായിരങ്ങൾ പുനരൈക്യപ്പെടുന്നതിനും ഒട്ടനേകം ഇട വകകൾ രൂപവൽക്കരിക്കുന്നതിനും സാധിച്ചു എന്നുള്ളതു പുനരൈ ക്യപ്രസ്ഥാനചരിത്രത്തിൽ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തേണ്ടതാ ണ്. എന്നാൽ പുനരൈക്യപ്രസ്ഥാനം കൂടുതൽ കാര്യക്ഷമമാക്കുന്ന തിനും, പുനരൈക്യപ്പെട്ട കത്തോലിക്കർക്കു ആദ്ധ്യാത്മികജീവിത ത്തിൽ വേണ്ടത്ര മാർഗ്ഗനിർദ്ദേശം നൽകുന്നതിനും, പള്ളികളിൽ തന്നെ താമസിച്ചുകൊണ്ടു പ്രേഷിതവൃത്തി നടത്തുന്നതിനും അവിവാഹിത രായ വൈദികർ അവശ്യം വേണ്ടതാണെന്നുള്ള ബോദ്ധ്യം മൈനർ സെമിനാരി സ്ഥാപിക്കുന്നതിനു ആർച്ചുബിഷപ്പിനെ പ്രേരിപ്പിച്ചു.തൽഫ ലമായി "ഇൻഫന്റു ജീസസ്സ് മൈനർ സെമിനാരി" എന്ന പേരിൽ 1931-ൽ തിരുവല്ലാ പട്ടണമദ്ധ്യത്തിൽ ഒരു സെമിനാരി സ്ഥാപിക്കുകയുണ്ടായി. ചങ്ങനാശ്ശേരിരൂപതയിലെ മിഷ്യൻഡയറക്ടറായിരുന്ന റവ. ഫാ. ഡോമി നിക്കു തോട്ടാശ്ശേരിയുടെ അശ്രാന്തപരിശ്രമഫലമായി തിരുവല്ലായിൽ വാങ്ങിയ സ്ഥലവും അതിൽ നിർമ്മിച്ച കെട്ടിടവും ചങ്ങനാശ്ശേരി രൂപ താദ്ധ്യക്ഷൻ ഡോ. ജെയിംസ് കാളാശ്ശേരി തിരുമനസ്സുകൊണ്ടു സൗമ നസ്യത്തോടെ പുനരൈക്യപ്രസ്ഥാനത്തിനു നൽകി. അവിടെ മൈനർ സെമിനാരി ആരംഭിച്ചു. മാർ തിയോഫിലോസ് തിരുമേനിയുടെയും സെക്രട്ടറി റവ.ഫാദർ ഗീവറുഗീസ് O.L.C. യുടെയും നേതൃത്വത്തി ലായിരുന്നു പ്രസ്തുത സെമിനാരി പ്രവർത്തിച്ചത്.

ചങ്ങനാശ്ശേരിരൂപതയിലെ ഒരു പ്രമുഖവൈദികനും കോട്ടയം മൈനർ സെമിനാരി വൈസ് റെക്ടറുമായിരുന്ന റവ. ഫാദർ ജേക്കബ് വെള്ളരിങ്ങാട്ടിനെ (ഇപ്പോൾ മോൺസിഞ്ഞോർ) സെമിനാരിയുടെ റെക്ടറായും, റവ. ഫാദർ സിറിയക്ക് കൊട്ടാരത്തും കുഴിയെ വൈസ് റെക്ടറായും നിയമിച്ചു. പുനരൈക്യപ്പെട്ടവരിൽ നിന്നും വൈദികവി ദ്യാഭ്യാസാർത്ഥം പ്രാരംഭകാലത്തു അപൂർവ്വം ചിലരെ മാത്രമേ ലഭി

ച്ചിരുന്നുള്ളൂ. തന്നിമിത്തം പഴയകൂർ സുറിയാനിക്കാരിൽനിന്നും പുന രൈക്യപ്രവർത്തനത്തിനുവേണ്ടി ഭാവി ജീവിതം സമർപ്പിക്കുവാൻ സന്ന ദ്ധരായി വന്ന അനേകം യുവാക്കന്മാരെ വൈദികപരിശീലനാർത്ഥം സെമിനാരിയിൽ സ്വീകരിച്ചു.

## തിരുവനന്തപുരം മൈനർ സെമിനാരി

മലങ്കര ഹൈരാർക്കിയും തിരുവനന്തപുരം അതിരൂപതയും സ്ഥാപിതമായ ശേഷം തിരുവനന്തപുരത്തും മൈനർ സെമിനാരി സ്ഥാപിക്കണമെന്നുള്ള കഥാപുരുഷന്റെ ആഗ്രഹം 1934-ൽ നിറവേറു കയുണ്ടായി. 1934 ജൂൺ 21-ാം തീയതി "സെന്റ് അലോഷ്യസ് മൈനർ സെമിനാരി" എന്ന പേരിൽ പട്ടം പള്ളിയുടെ ഇരുവശത്തുമായി താൽക്കാലികമായുണ്ടാക്കിയ ചാർത്തുകളിൽ സെമിനാരി ഉൽഘാടനം ചെയ്യപ്പെട്ടു. വൈദികപഠനാർത്ഥം ഏതാനും യുവാക്കന്മാരെ അവി ടെയും സ്വീകരിച്ചു വേണ്ടവിധമുള്ള അഭ്യസനം നല്കിക്കൊണ്ടിരുന്നു. റവ. ഫാദർ മാത്യു പോത്തനാംമൂഴിയെ സെമിനാരിയുടെ പ്രഥമ റെക്ട റായും റവ.ഫാദർ മാത്യു ചേന്നാട്ടിനെ വൈസ് റെക്ടറായും നിയമി ച്ചു. ഫാദർ മാത്യു പോത്തനാംമൂഴി പിന്നീടു ആർച്ചുബിഷപ്പിന്റെ സെക്ര ട്ടറിയായും കോതമംഗലം രൂപതാദ്ധ്യക്ഷനായും ഉയർത്തപ്പെട്ടു എന്നു ള്ളതു ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമത്രേ. അങ്ങനെ തിരു വല്ലാ രൂപതയിലെയും തിരുവനന്തപുരം അതിരൂപതയിലെയും മൈനർ സെമിനാരികൾ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. അതിന്റെ ഫലം പിൽക്കാലത്തു പുനരൈക്യപ്രസ്ഥാനം ആസ്വദിക്കു കയും ചെയ്തു. രണ്ടു വർഷത്തെ മൈനർ സെമിനാരി പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ ആലുവാ, കാൻഡി, തിരുച്ചിറപ്പള്ളി, മാംഗ്ളൂർ, റോം എന്നിവിടങ്ങളിലെ മേജർസെമിനാരികളിൽ അയച്ചു ഉപരിപഠനം നടത്തിക്കുകയും അവരിൽ ബഹുഭൂരിപക്ഷവും വൈദി കപദവിയിലേക്കു ഉയർത്തപ്പെടുകയും ചെയ്തു. ഇന്നു തിരുവനന്ത പുരം അതിരൂപതയിലും, തിരുവല്ലാ രൂപതയിലുമായി പ്രേഷിതപ്ര വർത്തനം നടത്തികൊണ്ടിരിക്കുന്ന മുന്നൂറോളം ഇടവക വൈദികരിൽ ബഹുഭൂരിപക്ഷവും ഇപ്രകാരം സെമിനാരികളിൽനിന്നും വൈദിക വിദ്യാഭ്യസവും ആദ്ധ്യാത്മികപരിശീലനവും സിദ്ധിച്ചവരാണെന്നുള്ള വിവരം ഇവിടെ പ്രസ്താവ്യമത്രേ.

# പുനരൈക്യപ്പെട്ട വൈദികരും മിഷ്യൻ സ്ഥലങ്ങളും

പുനരൈക്യപ്രസ്ഥാനത്തിന്റെ ആദ്യത്തെ നാലുവർഷക്കാലത്തിനുള്ളിൽ കത്തോലിക്കാസഭയെ ആശ്ലേഷിച്ച വൈദികരുടെയും സമാരംഭിച്ച മിഷ്യൻസ്ഥലങ്ങളുടെയും പേരുകളാണു ചുവടേ ചേർക്കുന്നത്. “നാലുകൊല്ലത്തെ കത്തോലിക്കാപുനരൈക്യാഭിവൃദ്ധി” എന്ന ശീർഷകത്തിൽ വന്ദ്യ ശ്രി പുലിക്കോട്ട് ജോസഫ് റമ്പാൻ അക്കാലത്തു പ്രസിദ്ധംചെയ്ത ഒരു ലഘുലേഖയിൽനിന്നുമാണു ഈ പേരുകൾ ഇവിടെ ഉദ്ധരിക്കുന്നത്. അന്നു പുനരൈക്യം പ്രാപിച്ച വൈദികരിൽ ഏതാനും പേർ ഇതിനോടകം നിര്യാണമടഞ്ഞിട്ടുണ്ടെന്നുള്ള വസ്തുതയും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു കൊണ്ടു ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

## പ്രാരംഭകാലത്തു പുനരൈക്യപ്പെട്ട വൈദികർ

### തിരുവനന്തപുരം അതിരൂപത

വന്ദ്യ ദിവ്യശ്രീ ചേപ്പാട്ട് പീലിപ്പോസ് റമ്പാൻ

ദിവ്യശ്രീ പമ്പൂരേത്ത് ചാണ്ടപ്പിള്ള കത്തനാർ
” കിളന്നമണ്ണിൽ യാക്കോബ് കത്തനാർ
” കല്ലട മത്തായി കത്തനാർ
” പമ്പൂരേത്ത് അലക്സന്ത്രയോസ് കത്തനാർ
” പെരുമ്പ്രാൽ ഗീവറുഗീസ് കത്തനാർ
” പടിപ്പുരയ്ക്കൽ ഗീവറുഗീസ് കത്തനാർ
” ഇലഞ്ഞിലേത്ത് യാക്കോബ് കത്തനാർ
” പറമ്പിൽ തോമസ് കത്തനാർ
” ചേരാവള്ളിൽ മത്തായി കത്തനാർ
” മാങ്കാവിൽ ശമുവേൽ കത്തനാർ
” വിളയിൽ മത്തായി കത്തനാർ
” മുഞ്ഞിനാട്ടു മത്തായി കത്തനാർ

” പുത്തൻവീട്ടിൽ യാക്കോബ് കത്തനാർ

” കരിങ്ങാട്ടിൽ മത്തായി കത്തനാർ

” എഴിയത്ത് സക്കറിയാ കത്തനാർ

” പെരുമല തോമസ് കത്തനാർ

” വടക്കേക്കര തോമസ് കത്തനാർ

” മേലേതിൽ പീലിപ്പോസ് കത്തനാർ

” ചരുവിലേത്ത് ഗീവറുഗീസ് കത്തനാർ

” അമ്പനാട്ട് തോമസ് കത്തനാർ

” പുത്തൻപുരയ്ക്കൽ വറുഗീസ് കത്തനാർ

” കിളന്നമണ്ണിൽ ഗീവറുഗീസ് കത്തനാർ

” മണ്ണിക്കരോട്ടു ലൂക്കോസ് കത്തനാർ

” ചേരാവള്ളിൽ യോഹന്നാൻ കത്തനാർ

” കാരിച്ചാൽ തോമസ് കത്തനാർ

എന്നിവരെ കൂടാതെ ബഥനി ആശ്രമസ്ഥരായ

ദിവ്യശ്രീ ഫാദർ ജോഷ്വാ O.I.C.

” ” ജോൺ ”

” ” അബ്രഹാം ”

” ” ബർസ്ലീബാ ”

” ” ജോബ് ”

” ” സെറാഫ്യോൻ ”

## തിരുവല്ലാരൂപത

വന്ദ്യ ദിവ്യശ്രീ പുലിക്കോട്ട് യൗസേഫ് റമ്പാൻ

ദിവ്യശ്രീ ഫാദർ ഗീവറുഗീസ് O.I.C.

” ” കലയക്കാട്ടിൽ തോമസ് കത്തനാർ

” ” എൻ.വി. ഗീവറുഗീസ് കത്തനാർ

” ” മാരേട്ടു അബ്രഹാം കത്തനാർ

” ” എളവട്ട് പീലിപ്പോസ് കത്തനാർ

” ” ചെറിയമഠത്തിൽ അന്ത്രയോസ് കത്തനാർ

” ” എൻ.ജി. കുരിയാക്കോസ് കത്തനാർ

” ” പുരയ്ക്കൽ ഗീവറുഗീസ് കത്തനാർ

” ” തൈക്കടവിൽ ഗീവറുഗീസ് കത്തനാർ

” ” ചെറിയമഠത്തിൽ യാക്കോബ് കത്തനാർ

” ” അക്കരക്കളത്തിൽ സക്കറിയാ കത്തനാർ

” ” കോനാട്ടു അബ്രഹാം കത്തനാർ

” ” തോമ്പ്ര ഗീവറുഗീസ് കത്തനാർ

” ” തറയപ്പട്ടയ്ക്കൽ കുരിയാക്കോസ് കത്തനാർ

” ” രാമനാട്ട് പത്രോസ് കത്തനാർ

” ” കരിമ്പാലക്കുന്നിൽ സക്കറിയാ കത്തനാർ

” ” എഴുവത്തയ്കുളത്തു യാക്കോബ് കത്തനാർ

” ” വാക്കനാമ്പടത്തിൽ പീലിപ്പോസ് കത്തനാർ

” ” തേവർവേലിൽ ഗീവറുഗീസ് കത്തനാർ

” ” താമരച്ചാലിൽ പത്രോസ് കത്തനാർ

” ” തെക്കേക്കര പൗലൂസ് ശെമ്മാശൻ

# മിഷ്യൻ സ്ഥലങ്ങൾ

## തിരുവനന്തപുരം അതിരൂപത

| | | |
|---|---|---|
| പുത്തൻകാവ് | ഹരിപ്പാട് | മുട്ടം |
| ചെങ്ങന്നൂർ | കാർത്തികപ്പള്ളി | കാരിച്ചാൽ |
| കാരയ്ക്കാട് | പള്ളിപ്പാട് | രാമപുരം |
| ഉള്ളന്നൂർ | ചേപ്പാട് | ഏവൂർ |
| ചെന്നിത്തല | നങ്ങ്യാർകുളങ്ങര | ഈരേഴ |
| വാത്തികുളം | തുമ്പമൺ | നാഗർകോവിൽ |
| കറ്റാനം | ഓമല്ലൂർ | മെരുകുമ്മൽ |
| ഇലഞ്ഞിമേൽ | ചന്ദനപ്പള്ളി | കോട്ടകം |
| നരിയാപുരം | ഏഴങ്കുളം | കാഞ്ഞിരംപാറ |

മുള്ളനിക്കാട്
കൈപ്പട്ടൂർ
കുമ്പഴ
മുട്ടത്തുകോണം
നാരങ്ങാനം
ഇലംതൂർ
വടശ്ശേരിക്കര
വടക്കുപുറം
ആയൂർ
കുറത്തിയാട്
കടമ്മനിട്ട
പന്തളം
ഉളനാട്
കുട്ടമ്പേരൂർ
കൊല്ലകടവ്
പുതിയകാവ്
വാണാച്ചിറ
എടപ്പോൺ
കലയപുരം
പുത്തൂർ
അഞ്ചൽ
പാറക്കൂട്ടം
അടൂർ
പഴകുളം
കിഴക്കേത്തെരുവ്
തലവൂർ
തലച്ചിറ
നരിക്കല്ല്
നന്നുവക്കാട്
തുമ്പമൺവടക്കേക്കര
തട്ട
കോന്നി
മൈലപ്ര
പത്തനംതിട്ട
പട്ടം
തിരുവനന്തപുരം
റാന്നി തോട്ടമൺ
പരുമല
വാമനപുരം
ഇരുമ്പ
കാച്ചാണി
കണ്ടമൻകടവ്
മലയിൻകീഴ്
ചെട്ടിക്കുന്നം
കണ്ണമ്മൂല
ബാലരാമപുരം
അവണാകുഴി
പൂവ
നാലാഞ്ചിറ
കുളപ്പട
മിതകുമ്മൽ
മാങ്കോട്
പാലോട്
അലച്ചംകോട്
വട്ടത്തല
വെഞ്ഞാറമൂട്
ഉളിയാഴിത്തറ
ഉള്ളൂർ
വട്ടിയൂർക്കാവ്
കരകുളം
അഞ്ചാമട
നേമം
കാട്ടാക്കട
മുട്ടട
എരുത്താവൂർ
പോങ്ങുംമൂട്
അത്താണിമംഗലം
പാമ്പുകാല
മണ്ണന്തല
പാവോട്
വെള്ളനാട്
വെള്ളയമ്പലം
വിതുര
മാണിക്കൽ
ഉഴമല
വെള്ളായണി
മാർത്താണ്ഡം
കട്ടച്ചിവിള
കാവടിത്തല
അമ്പലത്തറ
കഴക്കൂട്ടം
അരശുപറമ്പ്

തിരുവല്ലാരൂപതയിൽ ആരംഭിച്ച മിഷ്യൻസ്ഥലങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു.

## തിരുവല്ലാരൂപത

| | | |
|---|---|---|
| തിരുവല്ലാ | കൂത്താട്ടുകുളം | കാരക്കൽ |
| കവിയൂർ | കുറുപ്പംപടി | കനകപ്പലം |
| പുല്ലാട് | പിറവം | ഒളശ്ശ |
| കടമാങ്കളം | ക്രാരേലി | കൊല്ലാട് |
| മല്ലപ്പള്ളി | തെള്ളിയൂർ | മൂവാറ്റുപുഴ |
| പായിപ്പാട് | മണ്ണുംതൊട്ടുവഴി | കരിവണ്ണൂർ |
| വെമ്പാല | മഴുക്കീറ് | പെരുമ്പാവൂർ |
| മാന്നാർ | കോലഞ്ചേരി | കുന്നുക്കുരുടി |
| നെടുംപുറം | തിരുമൂലപുരം | കോതമംഗലം |
| ചേന്ദങ്കരി | കോട്ടൂർ | അഞ്ചൽപെട്ടി |
| കോട്ടയം | കല്ലൂപ്പാറ | പുത്തൻകുരിശ് |
| മീനടം | തച്ചമത്ത് | കുന്നംകുളം |
| പുതുപ്പള്ളി | അയിരൂർ | വെണ്ണിക്കുളം |
| പുതുപ്പാടി | ഓതറ | പുളിക്കീഴ് |
| ഓണക്കൂർ | നിരണം | തിരുവംമണ്ടൂർ |
| രാമമംഗലം | വളഞ്ഞവട്ടം | |

## നാലാം വാർഷികസമ്മേളനം

കത്തോലിക്കാ പുനരൈക്യപ്രസ്ഥാനത്തിന്റെ നാലാം വാർഷികദിനം 1934 സെപ്റ്റംബർ 20-ാം തീയതി തിരുവല്ലാ ചെറുപുഷ്പഗിരിയിൽ പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ ഉൽഘാടനത്തോടുകൂടി നി.വ.ദി.മ. ശ്രീ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിലും, നി.വ.ദി. ശ്രീമാന്മാരായ മാർ ജയിംസ് കാളാശ്ശേരി തിരുമനസ്സിലെയും, മാർ തിയോഫിലോസ് തിരുമനസ്സിലെയും, അനേകം വൈദികരുടെയും, നിരവധി അൽമായക്കാരുടെയും സാന്നിദ്ധ്യത്തിലും ആഘോഷിക്കപ്പെട്ടു. പ്രസ്തുത മഹായോഗത്തിൽ വച്ചു

മലങ്കര സഭാചരിത്രം സംബന്ധിച്ചു വന്ദ്യ ദിവ്യശ്രീ പുലിക്കോട്ട് യൗസേഫ് റമ്പാൻ ചെയ്ത ശ്രദ്ധേയമായ പ്രസംഗത്തിലെ അവസാന ഭാഗമാണു താഴെ ചേർക്കുന്നത്.

## കേരള ക്രൈസ്തവസഭയിൽ ഭിന്നിപ്പിനുണ്ടായ കാരണം

മലങ്കരനസ്രാണികളുടെ നിഷ്ക്കപടമായ ഭക്തിയും ഉള്ളഴിഞ്ഞ സ്നേഹവും യഥായോഗ്യം അർഹിച്ചിരുന്ന കൽദായ സുറിയാനി മേല്പട്ടക്കാരോടു പോർത്തുഗീസുകാരായ വൈദികപരിഷയ്ക്കുണ്ടായ സംശയവും അനിഷ്ടവും തെറ്റിദ്ധാരണയുമാണു കൂനൻകുരിശുസത്യത്തിനും അങ്ങനെ പഴയകൂർ-പുത്തൻകൂർ വിഭജനത്തിനും നിദാനം എന്നു ഇവിടെ പ്രത്യേകം എടുത്തുപറയേണ്ടതായിട്ടുണ്ട്. നെസ്തോർ പാഷണ്ഡവിശ്വാസത്തിന്റെ കേളീരംഗം ബാബേൽ ആണെന്നു ഗ്രഹിച്ചിരുന്ന പോർത്തുഗീസു വൈദികരുടെ സുറിയാനിഭാഷാജ്ഞാന രാഹിത്യം കൽദായ സുറിയാനി വൈദികരെ പല പല സംശയങ്ങൾക്കും ഇടയാക്കിത്തീർത്തു. പൗരസ്ത്യാരാധനാസമ്പ്രദായങ്ങളും അവർക്കു അപരിചിതമായിരുന്നു. പോർത്തുഗീസുകാരുടെ ഈ തരത്തിലുള്ള അന്ധവിശ്വാസത്തിന്നടിസ്ഥാനമായ പ്രവൃത്തികൾ മലങ്കര നസ്രാണികളെ പ്രക്ഷുബ്ധരാക്കിത്തീർത്തു. സുറിയാനി ഭാഷയിൽ ആരാധന പാടില്ല, സുറിയാനി മെത്രാന്മാർ പാടില്ല എന്നിങ്ങനെയുണ്ടായ പോർത്തുഗീസുകാരുടെ മുറുകിപ്പിടുത്തം പ്രശാന്തപൂരിതമായ മലങ്കരസഭാതലത്തെ ഏതെല്ലാം തരത്തിൽ അലങ്കോലമാക്കിത്തീർത്തു എന്നതു വിവരിക്കുക എളുപ്പമല്ല. കൽദായ സുറിയാനി മെത്രാന്മാരെയും അവരുടെ പാർശ്വവർത്തികളെന്നു സംശയിക്കപ്പെട്ടിരുന്നവരെയും നെസ്തോറിയന്മാരാണെന്നു കണക്കാക്കികൊണ്ടു മഹറോൻ ചൊല്ലുക, അവരെ നാട്ടിൽ നിന്നും ഓടിക്കുക മുതലായി പോർത്തുഗീസുകാർ ചെയ്ത പീഡയിൽ മലങ്കരനസ്രാണികൾ ഒരു കൈയായി കൽദായപക്ഷം പിടിച്ചു പോർത്തുഗീസുകാരോടു എതിരിടുക തന്നെ ചെയ്തു. എന്നു തന്നയുമല്ല, പോർത്തൂഗീസുകാരുടെ ഈ വക ദുർന്നയത്തെപ്പറ്റിയും, സുറിയാനി മേല്പട്ടക്കാരെയല്ലാതെ മറ്റാരെയും തങ്ങൾക്കാവശ്യമില്ലെന്നുള്ളതിനെക്കുറിച്ചും അവർ റോമാ തിരുസിംഹാസനത്തിലേക്കു നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തു. പക്ഷേ, അതു വേണ്ടതുപോലെ ആകാതിരുന്നതിനാലോ, നിശ്ചിതമാർഗ്ഗത്തിലൂടെ വിടാതിരുന്നതിനാലോ ആയിരിക്കാം, അപ്പോൾ ഒരു ഫലമുണ്ടാ

യില്ല. ക്രിസ്ത്വാബ്ദം 1597–ൽ ഉണ്ടായ മലങ്കരയുടെ മാർ അബ്രഹാം മെത്രാന്റെ വിയോഗവും അതിനെതുടർന്നു 1599–ൽ ഉണ്ടായ ഗോവാ മെത്രാപ്പോലീത്താ ഡോക്ടർ മെനേസീസിന്റെ ആഗമനവും മലങ്കര സഭയെ എത്രയോ അഗാധമായ ഒരു കുഴിയിലേക്കു അധഃപതിപ്പിച്ചു വെന്നുള്ളതിനു ഉദയംപേരൂർ സുന്നഹദോസും അനന്തരഫലങ്ങളും പ്രത്യക്ഷലക്ഷ്യങ്ങളത്രേ. കുശാഗ്രബുദ്ധിയും പ്രവർത്തനശക്തനുമാ യിരുന്ന മെനേസീസ് മെത്രാപ്പോലീത്തായുടെ മതതീക്ഷ്ണത പ്രശം സനീയമാണെങ്കിലും പ്രവൃത്തിയിലുള്ള ധൃതഗതിയും പരഹൃദയജ്ഞാ നത്തിന്റെ അഭാവവും അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ നിഷ്പ്രഭമാ ക്കുകയല്ലയോ ഉണ്ടായതു എന്നു ന്യായമായി തോന്നാവുന്നതാണ്. മല ങ്കരസഭയുടെ മേല്പട്ടക്കാരനെന്നുള്ള നിലയിൽ കൊച്ചിയിലോളം വന്ന അഹത്തള്ളാബാവയെ "പോർത്തുഗീസുകാർ കരയ്ക്കിറക്കാതെ വെള്ളത്തിൽ മുക്കിക്കൊന്നു" എന്നു ആരോ പറഞ്ഞുണ്ടാക്കിയപ്പോ ഴേക്കും മലങ്കര നസ്രാണികൾക്കുണ്ടായ കോപവും അരിശവും ദണ്ഡവും അവരെക്കൊണ്ടു പോർത്തുഗീസുകാരുമായി സന്തതിയു ള്ളകാലത്തോളം വേഴ്ചയില്ലെന്നു സത്യംചെയ്യിച്ചതിൽ കൂടുതലായി ഒന്നും പ്രവർത്തിച്ചില്ലല്ലോ എന്നു നമുക്കു സമാധാനിക്കാം. (പ്രസ്തുത അഹത്തള്ളാബാവാ പിന്നീടു മറ്റൊരു സ്ഥലത്തു വെച്ചായിരുന്നു മര ണമടഞ്ഞതെന്നു പാശ്ചാത്യ ചരിത്രകാരന്മാർ ന്യായപൂർവ്വം സമർത്ഥി ച്ചിട്ടുണ്ട്.) പ്രസ്തുത സത്യത്തിൽ അന്നു മലങ്കരയുണ്ടായിരുന്ന മുക്കാലേ അരയ്ക്കാൽ നസ്രാണികളും സംബന്ധിച്ചിരുന്നുവെന്നും, പോർത്തുഗീസുകാരുടെ പാർശ്വവർത്തികളായ ദുർല്ലഭം ചിലർ മാത്രമേ ഒഴിഞ്ഞുനിന്നിരുന്നുള്ളൂവെന്നും ഇന്നുള്ള പഴയകൂർകാരുടെ പൂർവ്വി കരിൽ അധികംപേരും അതിൽ സംബന്ധിച്ചിരുന്നുവെന്നും ചരിത്രം സാക്ഷിക്കുന്നുണ്ട്.

## യാക്കോബായ ബന്ധം

കുനൻകുരിശു സത്യം മൂലം പോർത്തുഗീസുകാരെ നിരാകരിച്ച മലങ്കര നസ്രാണികൾ മേല്പട്ടക്കാരുടെ അഭാവം മൂലം എന്തുമാത്രം ക്ലേശിച്ചിരിക്കാമെന്നുള്ളതു നമുക്കു ഊഹിക്കാവുന്നതാണ്. യാതൊരു പൗരസ്ത്യകൽദായമെത്രാനെയും കരയ്ക്കിറക്കാതെ പോർത്തുഗീസു കാർ രാജശക്തിയുടെ പിൻതുണയോടുകൂടി ഭരണം നടത്തിത്തുടങ്ങി യപ്പോൾ മലങ്കര നസ്രാണികൾ ഒഴുഞ്ഞുമാറി സുറിയാനി മെത്രാന്മാരെ

ലഭിക്കുന്നതിനും സ്വർഗ്ഗത്തിൽ നിന്നും മെത്രാന്മാർ ഉണ്ടാകുന്നതിനും എന്താണു വഴി എന്നു ആലോചിപ്പാൻ തുടങ്ങി. ബാബേലിൽ നിന്നും സുറിയാനിമെത്രാന്മാരെ കിട്ടാൻ നിവൃത്തിയില്ലെങ്കിൽ പൗരസ്ത്യരായ ഏതെങ്കിലും സുറിയാനിമെത്രാന്മാരെ കിട്ടിയാലും മതിയായിരുന്നു എന്നു ആഗ്രഹിക്കത്തക്കവണ്ണം അവർ അത്ര വളരെ നിരാശരായിപ്പോയി. ഈ വിധത്തിൽ അന്നത്തെ മലങ്കരയുടെ അർക്കദിയാക്കോൻ നടത്തിയ കത്തിടപാടുകളുടെ ഫലമായി 1665-ൽ ഊർശ്ലേമിലെ യാക്കോബായ പാത്രിയർക്കീസായ മാർ ഗ്രിഗോറിയോസ് മലയാളത്തിൽ വന്നു ചേർന്നു. അക്കാലം മുതലാണു മലങ്കരയിൽ യാക്കോബായത്വത്തിന്റെ ഉത്ഭവമെന്നും ആ മാർ ഗ്രിഗോറിയോസ് പാത്രിയർക്കീസ് തന്നെയാണു അതിന്റെ ജനയിതാവു എന്നും പ്രത്യേകം സ്മരണീയമത്രേ. അദ്ദേഹത്തിന്റെ മുൻപു മലങ്കരയിൽ വന്നിട്ടുള്ള ചില പൗരസ്ത്യ മെത്രാന്മാർക്കു യാക്കോബായ വേഷം കൊടുപ്പാൻ യാക്കോബായത്വം കലർന്ന ഒന്നുരണ്ടു ചരിത്രകാരന്മാർ തുനിയുകയുണ്ടായിട്ടുണ്ടെങ്കിലും, അവരുടെ ആ ചിത്രീകരണം ഒരുതരത്തിലും തൃപ്തികരമായിട്ടില്ലെന്നുള്ളതു ഏതൊരുവനും ആ ചരിത്രദർശനത്തിൽ ബോദ്ധ്യപ്പെടുന്നതായിരിക്കും. ഈ പറഞ്ഞതിൽ നിന്നു 300 കൊല്ലത്തേതിൽ കൂടുതൽ പഴക്കം മലങ്കരയിൽ യാക്കോബായത്വത്തിനില്ലെന്നുള്ളതു സുവിശദം തന്നെ. എന്നുതന്നെയുമല്ല, "പുത്തൻകൂർ" എന്ന പേരിന്റെ ആഗമം നോക്കുമ്പോൾ, മാർ ഗ്രിഗോറിയോസ് കൊണ്ടുവന്ന കുർബാനതക്സാ പണ്ടു ഇവിടെ നടപ്പില്ലാതിരുന്നതും പുതിയതുമായിരുന്നതിനാൽ ആ തക്സായ്ക്കു കീഴ്‌വഴങ്ങിയവരെ ഉദ്ദേശിച്ചാണു അന്നു ആ പേരുണ്ടായതെന്നു സ്പഷ്ടമാകുന്ന സ്ഥിതിക്കും മലങ്കരയിലെ യാക്കോബായത്വത്തിനു 300 വയസ്സിൽ കൂടുതലില്ലെന്നു വ്യക്തമാകുന്നുണ്ട്.

പോർത്തുഗീസുകാരോടു മറുത്തു നിന്നിരുന്ന മലങ്കര നസ്രാണികളിൽ ഭൂരിപക്ഷം പേരും ഈ മാർ ഗ്രിഗോറിയോസിനെ ഹാർദ്ദമായി സ്വീകരിക്കയും സുറിയാനി മേല്പട്ടക്കാരനെ കിട്ടണമെന്നുള്ള ചിരപ്രാർത്ഥിതമായ ആഗ്രഹം സാദ്ധ്യമായതിൽ അത്യധികം സന്തോഷിക്കുകയും ചെയ്തു. ഇക്കാലത്തു പോർത്തുഗീസുകാരുടെ ശക്തിക്കും പ്രതാപത്തിനും ഇടിച്ചിൽ തട്ടിയിരുന്നതിനാലും, അവരുടെ ദുർന്നയത്തെ സംബന്ധിച്ചു റോമാ തിരുസിംഹാസനത്തിൽ ശരിയായ ബോദ്ധ്യം വരികയാലും, അവർക്കു ഇവിടെനിന്നു പോകുവാനും

തൽസ്ഥാനത്തു കർമ്മലീത്താ വൈദികർക്കു ഇവിടെ പ്രവേശനം ലഭിപ്പാനും ഇടയായിത്തീർന്നു. നെസ്തോറിയത്വം പോക്കാനെന്നവണ്ണം പോർത്തുഗീസുകാർ ചെയ്ത പ്രവൃത്തിയുടെ അനന്തരഫലമായി യാക്കോബായത്വത്തിന്നു ഇവിടെ വിഹാരസ്വാതന്ത്ര്യം ലഭിച്ചതായി കണ്ടപ്പോൾ കർമ്മലീത്താക്കാർ അതിനു പ്രതിവിധിയായി പകലോമറ്റം തറവാട്ടിലെ ചാണ്ടിക്കത്തനാരെ മെത്രാനായി അഭിഷേകം ചെയ്തു. സ്വദേശിയനായ ഒരാൾ മെത്രാനായിത്തീർന്നപ്പോൾ പുത്തൻകൂറിൽപ്പെട്ട പലരും പഴയകൂറിലേക്കുതന്നെ മടങ്ങാൻ തുടങ്ങിയതോടുകൂടി പുത്തൻകൂർപക്ഷം ക്രമേണ ശുഷ്ക്കിക്കുവാനും പഴയകൂർ പുഷ്ടിപ്പെടുവാനും സംഗതിയായിത്തീർന്നു.

യാക്കോബായ മേല്പട്ടക്കാരെ വരിച്ചുകൊണ്ടുണ്ടായ പുത്തൻകൂർ പക്ഷത്തിന്റെ ജീവിതഗതിക്കു പില്ക്കാലത്ത് എന്തെല്ലാം അനർത്ഥങ്ങളും തടസ്സങ്ങളും ഉണ്ടായി എന്നുള്ളതിന് അതിൽ ഓരോരോ കാലങ്ങളിൽ ഉണ്ടായിട്ടുള്ള വിപ്ലവങ്ങളും, ആഭ്യന്തരകലഹങ്ങളും, വിഭജനങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. പുത്തൻകൂർ കക്ഷിയിൽപ്പെട്ട പലരും പ്രോട്ടസ്റററന്റിലേക്ക് ഒഴുകിപ്പോയതും, "തൊഴിയൂർ സ്വതന്ത്രസഭ" എന്ന പേരിൽ ചിലർ ചേക്കുകയറിയതും, ഒരു പുത്തൻ മാർത്തോമ്മാസഭ മുളച്ചുപൊങ്ങിയതും എന്തെല്ലാം കാരണങ്ങളാൽ ആയിരുന്നുവെന്ന് ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ല."

തുടർന്ന് മലങ്കരയിൽ പുനരൈക്യപ്രസ്ഥാനം സമാരംഭിക്കുന്നതിനുണ്ടായ കാരണങ്ങളെയും നാലു വർഷത്തിനുള്ളിൽ അതിനുണ്ടായ ആശ്ചര്യാവഹമായ പുരോഗതിയെയും പറ്റി വന്ദ്യ റമ്പാച്ചൻ പ്രസംഗിക്കുകയും വിവിധങ്ങളായ ആദ്ധ്യാത്മികചടങ്ങുകളോടുകൂടെ നാലാം വാർഷികസമ്മേളനം സമാപിക്കുകയും ചെയ്തു.

# അദ്ധ്യായം 45

# ആർച്ചുബിഷപ്പും സർ സി.പി. രാമസ്വാമി അയ്യരും

തിരുവിതാംകൂർ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെ അവജ്ഞയ്ക്കും വിദ്വേഷത്തിനും പാത്രീഭവിക്കുമാറ് ഏതാണ്ട് പന്ത്രണ്ടു വർഷത്തോളം ശ്രീ ചിത്തിരതിരുന്നാൾ മഹാരാജാവിന്റെ ദിവാനായി ഭരണശകുടം നിയന്ത്രിച്ചുകൊണ്ടിരുന്ന സർ സി. പി. രാമസ്വാമി അയ്യരും കഥാപുരുഷനും തമ്മിലുള്ള ബന്ധം എപ്രകാരമായിരുന്നുവെന്നു തുടർന്നുള്ള ഏതാനും അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## ആർച്ചുബിഷപ്പിനോടു കാണിച്ച മര്യാദരാഹിത്യം

ശ്രീ ചിത്തിരതിരുന്നാൾ മഹാരാജാവിന്റെ ഉപദേഷ്ടാവ് എന്ന നിലയിൽ തിരുവിതാംകൂറിന്റെ തലസ്ഥാനനഗരിയിൽ സർ സി.പി. ആഗതനായത് 1934-ൽ ആയിരുന്നു. അന്ന് തിരുവിതാംകൂർ ദിവാനായിരുന്നത് സർ ഓസ്റ്റിനുമായിരുന്നു. അദ്ദേഹത്തിന്റെ ഭരണശേഷം സർ ഹബീബുള്ളാ മന്ത്രിപദത്തിൽ പ്രവേശിച്ചു. 1937-ൽ അദ്ദേഹം മന്ത്രിപദം ഉപേക്ഷിക്കുകയും തുടർന്ന് സർ സി. പി. ദിവാൻപദത്തിൽ ആരൂഢനാകുകയും ചെയ്തു. മലങ്കര സുറിയാനി ഹൈരാർക്കിക്കുള്ള അനുവാദം റോമാസിംഹാസനത്തിൽ നിന്നും സമ്പാദിച്ചശേഷം പാശ്ചാത്യ പര്യടനവും കഴിഞ്ഞ് മാർ ഈവാനിയോസ് തിരുവനന്തപുരത്ത് എത്തിച്ചേർന്നത് 1932 ഒക്ടോബർ മാസത്തിലായിരുന്നുവല്ലോ. അനന്തരം

ആറുമാസക്കാലം വെള്ളയമ്പലത്തുള്ള ഡോക്ടർ രാമൻതമ്പിയുടെ കെട്ടിടത്തിൽ താമസിക്കുകയും തുടർന്ന് പട്ടത്തു ശരവണക്കുന്നിലുള്ള കെട്ടിടത്തിലേക്ക് മാറുകയും ചെയ്തു.

ഈ സന്ദർഭത്തിലായിരുന്നു മഹാരാജാവിന്റെ ഉപദേഷ്ടാവായി സർ സി. പി. തലസ്ഥാനത്ത് എത്തിച്ചേർന്നത്. അദ്ദേഹത്തെ സന്ദർശി ക്കുന്നതിനും, പരിചയപ്പെടുന്നതിനും, പുതിയ ജോലിയിൽ വിജയ മാശംസിക്കുന്നതിനും വേണ്ടി ആർച്ചുബിഷപ്പ് പോകുകയും സുദീർഘ സമയം വിവിധവിഷയങ്ങളെപ്പറ്റി സംഭാഷണം നടത്തുകയും ചെയ്തു. തന്നെ സന്ദർശിക്കുവാൻ വരുകയും തനിക്ക് വിജയം ആശംസിക്കു കയും ചെയ്ത ആർച്ചുബിഷപ്പിന്റെ അരമനയിലെത്തി പ്രതിസന്ദർശനം നടത്തുവാനുള്ള സന്നദ്ധത സർ സി. പി. പ്രകടിപ്പിക്കുകയുണ്ടായില്ല. ഇപ്രകാരം സാമാന്യമര്യാദപോലും പ്രദർശിപ്പിക്കാതിരുന്ന സർ സി. പി.യെ ഇക്കാര്യം ഗ്രഹിപ്പിക്കുക മാത്രമല്ല, ഒരു പാഠം പഠിപ്പിക്കണ മെന്നുതന്നെ ആർച്ചുബിഷപ്പ് നിശ്ചയിച്ചു. അതിനു പറ്റിയ ഒരു സന്ദർഭം ആഗതമാവുകയും ചെയ്തു.

## പരസ്പരം പിണങ്ങിയ രംഗം

ദിവാൻ മിസ്റ്റർ ഓസ്റ്റിൻ ഉദ്യോഗത്തിൽ നിന്നു വിരമിച്ച് ഇംഗ്ല ണ്ടിലേക്ക് മടങ്ങുന്ന സന്ദർഭം. തന്റെ ആത്മമിത്രമായിരുന്ന ഓസ്റ്റിന് സമുചിതമായ ഒരു യാത്രയയപ്പ് നൽകണമെന്ന് ആർച്ചുബിഷപ്പ് നിശ്ച യിച്ചു. അതിനുവേണ്ടി തിരുവനന്തപുരത്തുള്ള എല്ലാ ഉദ്യോഗസ്ഥ ന്മാർക്കും പ്രമുഖ വ്യക്തികൾക്കും മുൻകൂട്ടി ക്ഷണക്കത്ത് അയച്ചു കൊടുത്തു. ശരവണക്കുന്നിൽവെച്ച് 1934 ഫെബ്രുവരി 5-ാം തീയതി വൈകിട്ടായിരുന്നു യാത്രയയപ്പുയോഗവും തേയില സൽക്കാരവും നടത്തുവാൻ ഉദ്ദേശിച്ചിരുന്നത്. സർ സി.പി.യ്ക്കുമാത്രം മുൻകൂട്ടി ക്ഷ ണക്കത്ത് അയയ്ക്കുകയുണ്ടായില്ല. എന്നാൽ അന്നു കൃത്യം മൂന്നര മണിയായപ്പോൾ ഒരു ഭൃത്യൻ മുഖേന സർ സി. പി.യ്ക്ക് ക്ഷണ പത്രിക സഹിതം ഒരു കത്തയച്ചുകൊടുത്തു. അതിന് സർ സി.പി. മറുപടിക്കത്തും ഉടനെ കൊടുത്തയയ്ക്കുകയുണ്ടായി. പ്രസ്തുത കത്തുകളും അവയുടെ മലയാളപരിഭാഷയും ചുവടെ ചേർത്തു കൊള്ളുന്നു.

## ആർച്ചുബിഷപ്പ് അയച്ച ക്ഷണക്കത്ത്

Most Rev. Dr. Mar Ivanios M.A., D.D 5th Feb: 1934
Archbishop of Trivandrum

To,

Sir. C.P. Ramaswamy Iyer K.C.I.E.
Legal and Constitutional Advisor to
His Highness the Maharaja,
Trivandrum.

Dear Sir C. Ramaswami Iyer,

Please pardon this delayed invitation owing to the fact that my invitations were mainly issued from my visitors book., I now observe that yours has been omitted. I sincerely trust that you will find it conveniant to accept my hospitality. I send this by express messenger for favour of reply.

I remain,
Your's sincerely,
Sd/-
Mar Ivanios

(പരിഭാഷ)

പ്രിയപ്പെട്ട സർ സി. പി. രാമസ്വാമി അയ്യർ,

ഈ ക്ഷണക്കത്ത് താമസിച്ചു അയയ്ക്കുവാൻ ഇടയായത് സദയം ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു. കാരണം, ഞാനയച്ച ക്ഷണക്കത്തുകളെല്ലാം എന്റെ സന്ദർശകഡയറിയിലുള്ള മേൽവിലാസങ്ങൾ നോക്കി ആയിരുന്നു. എന്നാൽ നിങ്ങളുടെ മേൽവിലാസം അതിൽ കണ്ടെത്തുവാൻ സാധിച്ചില്ല എന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. എന്റെ ആതിഥ്യം സ്വീകരിക്കുവാൻ അവിടന്നു സന്നദ്ധനാകുമെന്നു ആത്മാർത്ഥമായി ഞാൻ വിശ്വസിക്കുന്നു. അനുകൂലമായ മറുപടി ലഭിക്കുന്നതിനുവേണ്ടി ഒരു പ്രത്യേകദൂതൻ മുഖേന ഈ കത്ത് കൊടുത്തയയ്ക്കുന്നു.

എന്ന്,
താങ്കളുടെ വിശ്വസ്തൻ
മാർ ഈവാനിയോസ് (ഒപ്പ്)

തിരുവനന്തപുരം,
5 ഫെബ്രുവരി 1934

ഈ കത്തിനു സർ സി.പി. അയച്ചുകൊടുത്ത മറുപടിയാണ് ചുവടെ ചേർക്കുന്നത്:

Trivandrum,
5 th Feb. 1934

Sir C.P. Ramaswami Iyer has received the invitaion of the Most Rev. The Archbishop of Trivandurm at 3.40 p.m and there - fore regrets his inability to attend the function this evening espcially as he is presiding over a meeting at the Arts College at about the same time.

(പരിഭാഷ)

'തിരുവനന്തപുരത്തെ വന്ദ്യനായ ആർച്ചുബിഷപ്പിന്റെ ക്ഷണക്കത്ത് 3.40 pm ന് ആണ് സർ സി. പി. രാമസ്വാമി അയ്യർക്ക് ലഭിച്ചത്. തന്മൂലം ഇന്നു വൈകുന്നേരത്തെ ചടങ്ങിൽ സംബന്ധിക്കുവാൻ അദ്ദേഹത്തിനുസാധിക്കാത്തതിൽ ദുഃഖിക്കുന്നു. തന്നെയല്ല, ആ സമയത്ത് ആർട്ട്സ് കോളജിൽ വെച്ചു നടത്തുവാനിരിക്കുന്ന യോഗത്തിൽ അദ്ദേഹത്തിന് ആധ്യക്ഷം വഹിക്കേണ്ടതായിട്ടുമുണ്ട്.'

കേവലം ഒരു സെക്രട്ടറിയുടെ പേരോ ഒപ്പോ പോലും കൂടാതെയാണ് ഈ കത്ത് സർ സി. പി. അയച്ചുകൊടുത്തതെന്ന വസ്തുത വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. പ്രതിസന്ദർശനാർത്ഥം തന്റെ അരമനയിൽ സി. പി. വരാതിരുന്നതു നിമിത്തം അദ്ദേഹത്തെ ഒരു പാഠം പഠിപ്പിക്കണമെന്ന നിശ്ചയം പ്രസ്തുത കത്തു മൂലം പ്രയോഗത്തിൽ വരുത്തുകയായിരുന്നു കഥാപുരുഷൻ ചെയ്തത് എന്നതും വ്യക്തമാണല്ലോ.

സർ സി. പി. യൊഴിച്ച് തിരുവനന്തപുരത്തുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും യാത്രയയപ്പുയോഗത്തിലും തേയിലസല്ക്കാര ത്തിലും പങ്കെടുത്തിരുന്നു. പ്രസ്തുത യോഗത്തിൽ ആർച്ചുബിഷപ്പ് ചെയ്ത ശ്രദ്ധേയമായ പ്രസംഗത്തിന്റെ അവസാനഭാഗം മാത്രം ചുവടെ ചേർക്കുന്നു.

"നിയമപരമായ അധികാരത്തെ തകിടം മറിക്കുന്നതിനും മതത്തെ ഉന്മൂലനം ചെയ്യുന്നതിനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുസംഘടിതമായ പരിശ്രമങ്ങൾ വൻതോതിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു ദുർഘടകാലഘട്ടമാണിത്. ദൈവവിശ്വാസവും, രാജഭക്തിയും, നിയമപരമായ അധികാരവിധേയത്വവും ഒത്തുചേർന്നു പോകേണ്ട ഘടകങ്ങളാണ്. തന്മൂലം മതാനുഷ്ഠാനത്തിന് സകല പ്രോത്സാഹന

ങ്ങളും ഗവൺമെന്റ് ചെയ്തുകൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്ങനെ നൽകുന്ന ഏതു സഹായവും രാഷ്ട്രത്തിന്റെ നിലനില്പി നെയും സാമൂഹ്യവ്യവസ്ഥിതിയുടെ സംരക്ഷണത്തെയും പരിപോഷി പ്പിക്കുന്നതിനുള്ള വിജയപ്രദമായ പ്രവൃത്തികളായിരിക്കും.

അതുകൊണ്ട് ജീവിച്ചിരിക്കുന്നവർക്ക് ആരാധനസ്ഥലങ്ങൾ നിർമ്മിക്കുക, മരിച്ചവർക്കുവേണ്ടി ശ്മശാനങ്ങൾ സ്ഥാപിക്കുക ആദി യായവയ്ക്ക് ഇപ്പോൾ നിലവിലിരിക്കുന്ന നിയന്ത്രണം - പഴയ കാലത്തെ അവശതകളിൽ നിന്നും അവശേഷിച്ചിട്ടുള്ളവ കൂടി - തിരുവി താംകൂറിനെപ്പോലെയുള്ള പുരോഗമനപരമായ ഭരണം നടത്തുന്ന ഒരു രാജ്യത്തുനിന്നും നീക്കം ചെയ്യുമെന്ന് എനിക്ക് ബലമായ ഉറപ്പുണ്ട്."

യാത്രയയപ്പ് യോഗത്തിലേക്ക്, തന്നെ യഥായോഗ്യം ക്ഷണിച്ചു ബഹുമാനിക്കാതെ അവഹേളിച്ചുവെന്നതു മാത്രമല്ല, തിരുവിതാംകൂർ ഗവൺമെന്റ് അന്നു നടത്തിക്കൊണ്ടിരുന്ന മതപീഡനത്തെ സൂചിപ്പിച്ച് ആർച്ചുബിഷപ്പ് പ്രസംഗിച്ചതു സർ സി.പി.യുടെ ഔദ്ധത്യബുദ്ധിക്ക് സഹിക്കുക സാദ്ധ്യമായിരുന്നില്ല. തന്നിമിത്തം ആർച്ചുബിഷപ്പിനോട് പ്രതികാരം ചെയ്യണമെന്ന് സി. പി. നിശ്ചയിച്ചു. തലസ്ഥാനനഗരിയിൽ നിന്നും എങ്ങനെ എങ്കിലും അദ്ദേഹത്തെ ഓടിക്കണമെന്നതായിരുന്നു സി.പി.യുടെ ആദ്യത്തെ പ്ലാൻ.അതിനുവേണ്ടി അദ്ദേഹം നടത്തിയ കുത്സിതപരിശ്രമങ്ങളാണ് ഇനിയും ഓരോന്നായി വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നത്.

## നിർദ്ദാക്ഷിണ്യം നടത്തിയ കുടിയിറക്ക്

ശരവണക്കുന്നിൽ നിന്നും ആർച്ചുബിഷപ്പിനെ എങ്ങനെയെ ങ്കിലും കുടിയിറക്കണമെന്നതായിരുന്നു സർ സി.പിയുടെ ആദ്യത്തെ നിശ്ചയം. പ്രസ്തുത സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥ കമ്മാളജാതിയിൽപ്പെട്ട ഒരു വിധവയായിരുന്നു. അവരെ വിളിച്ചു വരുത്തി അവിടെ നിന്നും തൽക്ഷണം ഇറങ്ങുന്നതിനായി ആർച്ചു ബിഷപ്പിന് രജിസ്റ്റർ നോട്ടീസ് കൊടുക്കണമെന്ന് അവരോട് സി. പി. ആവശ്യപ്പെട്ടു. അതിനും പുറമേ ആ കെട്ടിടവും സ്ഥലവും ഗവൺമെന്റ് വക ഒരനാഥശാല നടത്തുവാൻ വേണ്ടി വിട്ടുകൊടുക്കണമെന്നും അവ രോട് ആവശ്യപ്പെട്ടു. സാധുവായ ആ വിധവയാകട്ടെ, മനസ്സില്ലാ മനസ്സോടെ അതു സമ്മതിക്കുകയും ചെയ്തു. ഒരു മാസത്തിനകം പ്രസ്തുത കെട്ടിടവും സ്ഥലവും ഒഴിഞ്ഞു കൊടുക്കണമെന്ന് ആർച്ചു ബിഷപ്പിന് അവർ രജിസ്റ്റർ നോട്ടീസ് നൽകി.

ഈ അവസരത്തിൽ മർക്കട മുഷ്ടിപിടിച്ച് അവിടെ താമസിക്കുക സാധ്യമല്ലെന്ന് ആർച്ചുബിഷപ്പിനു നിശ്ചയമുണ്ടായിരുന്നതിനാൽ യാതൊരുവിധ എതിർവാദത്തിനും മുതിരാതെ ഒരു മാസത്തിനു മുമ്പു തന്നെ കറ്റച്ചക്കോണത്തേ ഒരു മുഹമ്മദീയന്റെ വക പത്ത് ഏക്കർ സ്ഥലവും, അതിലുണ്ടായിരുന്ന ഏതാനും ചെറിയ കെട്ടിടങ്ങളും പതിനായിരം രൂപായ്ക്ക് വിലയ്ക്ക് വാങ്ങിച്ചു. അങ്ങനെ സങ്കടത്തോടുകൂടെയെങ്കിലും ധൈര്യത്തോടുകൂടെതന്നെ ശരവണക്കുന്നിൽ നിന്നും സകല സാമാനങ്ങളുമെടുപ്പിച്ചുകൊണ്ട് പരിവാരസമേതം കറ്റച്ചക്കോണത്തേക്കു കഥാപുരുഷൻ താമസം മാറ്റുകയും ചെയ്തു.

## സധീരനായ ആർച്ചുബിഷപ്പ്

ആർച്ചുബിഷപ്പിനെ കഴിയുംവിധം ഉപദ്രവിക്കുന്നതിനുള്ള ഉദ്യമം സി. പി. തുടർന്നുകൊണ്ടിരുന്നു. പുതുതായി വാങ്ങിയ സ്ഥലവും ഗവൺമെന്റിലേക്ക് എടുക്കുന്നതിനും, അങ്ങനെ അവിടെ നിന്നു കൂടെയും അദ്ദേഹത്തെ കുടിയിറക്കുന്നതിനും ഉദ്യോഗസ്ഥ വൃന്ദങ്ങൾക്ക് ആജ്ഞ നല്കി. ഇതേപ്പറ്റി അന്നു തിരുവനന്തപുരത്ത് താമസിച്ചിരുന്ന പത്രാധിപർ മി. എം. എം. വർക്കി എഴുതിയ ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു.

“തന്റെ അനുരഞ്ജനനയത്തിന് ആ കാട്ടുനീതി ഭരണക്കാരെ സുബോധവും കർത്തവ്യബോധവുമുള്ളവരാക്കിത്തീർക്കാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ അവരുടെ നേരേ തിരിഞ്ഞു നില്ക്കാൻ - അവരുടെ മർദ്ദനായുധങ്ങൾക്ക് തന്റെ വിരിമാറു കാണിച്ചുകൊടുക്കാൻ ആ പ്രേഷിതരാജൻ (മാർ ഈവാനിയോസ്) ഒരു നിമിഷനേരത്തേക്കു പോലും സംശയിച്ചു നിന്നില്ല. അത്തരം ചില സംഭവങ്ങൾ സ്മരിക്കുമ്പോൾ ഇന്നും ഞാൻ വികാരഭരിതനായിപ്പോവുകയാണ്.

തന്റെ താളത്തിനും കള്ളരാഷ്ട്രീയത്തിനും ജനങ്ങളുടെ നേരേ അഴിച്ചുവിട്ട മർദ്ദനങ്ങൾക്കും കൂട്ടുനില്ക്കുന്ന ഒരു അവസരസേവകനല്ല മാർ ഈവാനിയോസ് തിരുമേനി എന്നു മനസ്സിലാക്കിയപ്പോൾ ആ സർവ്വാധിപതിയുടെ വൈരാഗ്യം തിരുമേനിയുടെ നേരേ തിരിഞ്ഞു. കിടപ്പാടം പോലും ഇല്ലാതാക്കി തിരുവനന്തപുരത്തുനിന്നും അദ്ദേഹത്തെ ആക്ഷേപിച്ചു ഓടിക്കണമെന്നുതന്നെ അന്നത്തെ ആ കിരാത ഭരണകൂടം തീരുമാനിച്ചു. അതിലേക്ക് അവർ കണ്ടുപിടിച്ച എളുപ്പവഴി തിരുവനന്തപുരത്ത് തിരുമേനി ആസ്ഥാനമാക്കിത്താമസിച്ചിരുന്ന പുരയിടം അതൊരു “പൊതു ആവശ്യത്തിലേക്ക്” എന്നു പറഞ്ഞ് ഗവൺ

മെന്റിലേക്ക് പൊന്നും വിലയ്ക്ക് എടുക്കാൻ തീരുമാനിച്ചതാണ്. ഔദ്യോഗികരേഖകൾ ഇല്ലാതെയും റവന്യൂക്കാരെയും പോലീസു കാരെയും അയച്ചു ഭീഷണിപ്പെടുത്തുകയായിരുന്നു അന്നത്തെ നടപടി. തിരുമേനിയാകട്ടെ, ഇതെല്ലാം അർഹിക്കും വിധം പുച്ഛിച്ചു തള്ളി. അപ്പോഴാണ് ഒരു ദിവസം പതിവില്ലാത്ത വിധം അരമനയിലേക്ക് ഏതാനും പോലീസുകാരും പോലീസ് മേധാവികളും റവന്യൂക്കാരും പുരയിടത്തിൽ നിന്ന് എടുക്കേണ്ട ഭാഗം അളന്നു തിട്ടപ്പെടുത്തുവാൻ ചങ്ങലയും കോലും ലാത്തിയും തോക്കുമൊക്കെയായിക്കയറിച്ചെന്നത്. തിരുമേനിപോലും ഇത്രയ്ക്ക് കാട്ടാളത്തം പ്രതീക്ഷിച്ചിരുന്നില്ല.

ഈ സമയത്ത് മുറിയ്ക്കകത്ത് വിവിധജോലികളിൽ വ്യാപൃത നായിരുന്ന തിരുമേനി തന്റെ നേരേയുള്ള ഈ അക്രമണവാർത്ത അറിഞ്ഞ മാത്രയിൽ ഒരു കൊച്ചു ചൂരൽവടിയുമായി സർക്കാർ പട്ടാള ത്തിന്റെ നേരേ ചെന്ന് എല്ലാവരോടും പുറത്തുപൊയ്ക്കൊള്ളുവാൻ ദൃഢസ്വരത്തിൽ ആജ്ഞാപിച്ചു. അവരുടെ യാതൊരു സമാധാനവും ചെവിക്കൊള്ളാൻ തിരുമേനി കൂട്ടാക്കിയില്ല. തിരുമേനിയുടെ മന ക്കരുത്തും അതിലുപരിയായി ആജ്ഞാശക്തിയും അന്നത്തെ ആ കൂലി പ്പടയെ നിർജ്ജീവമാക്കി. മ്ലാനവദനരായി അവർ വന്ന വഴിയെ മടങ്ങുക തന്നെ ചെയ്തു. അവസാനത്തെ കോലവും ഗെയിറ്റിന് പുറത്തായതി നുശേഷമേ തിരുമേനി ചെന്നു നിന്നിടത്തുനിന്നു അരമനയിലേക്ക് മടങ്ങിപ്പോന്നുള്ളു.'' (ക്രൈസ്തവകാഹളം)

പ്രസ്തുത സ്ഥലത്തു നിന്നും ആർച്ചുബിഷപ്പിനെ കുടിയിറക്ക ണമെന്നു നിശ്ചയിച്ചുകൊണ്ട് ആ സ്ഥലം ഗവൺമെന്റിലേക്ക് എടുക്കുന്നതിനുള്ള ശ്രമം സി. പി. തുടർന്നു. ഈ സന്ദർഭത്തിൽ സർ സി. പി.യെ നേരിട്ട് ഗ്രഹിപ്പിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ദൂതൻ മുഖേന താഴെ ചേർക്കുംവിധം ആർച്ചുബിഷപ്പ് പറഞ്ഞയച്ചു. ''റോമിലെ മാർപ്പാപ്പാ അയച്ചു തന്ന പണം കൊണ്ടാണ് ഈ സ്ഥലം ഞാൻ വിലയ്ക്ക് വാങ്ങിയിട്ടുള്ളത്. ഇതു തിരുവിതാംകൂർ ഗവൺമെന്റിനു വേണമെന്നുണ്ടെങ്കിൽ മാർപ്പാപ്പായുടെ പ്രത്യക അനുവാദം വാങ്ങിയിരിക്കണം. അതു കൂടാതെ ഒരിക്കലും സാദ്ധ്യമല്ല.'' ഈ വിവരം അറിഞ്ഞ സർ സി. പി. തന്റെ പരിശ്രമത്തിൽ നിന്നും തൽക്ഷണം പിന്തിരിയുകയാണുണ്ടായത്. കാരണം, മാർപ്പാപ്പായുടെ അനുവാദം ഇതിനുവേണ്ടി ലഭിക്കുക എന്നത് ക്ഷിപ്രസാദ്ധ്യമല്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. തന്നെയുമല്ല, മാർപ്പാപ്പായുടെ അനുവാദം കൂടാതെ പ്രസ്തുത സ്ഥലം കവർന്നെടുക്കുന്ന പക്ഷം അതിന്റെ പ്രത്യാഘാതം

ഭയങ്കരമായിരിക്കുമെന്നും, ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിൽ മാർപ്പാപ്പായ്ക്കുള്ള സ്വാധീനശക്തി എത്രമാത്രമെന്നും സർ സി.പിയ്ക്ക് നല്ല ബോദ്ധ്യമുണ്ടായിരുന്നു. തന്നിമിത്തം പ്രസ്തുത ശ്രമത്തിൽ നിന്നും അദ്ദേഹം പിൻവലിയുകയാണ് ചെയ്തത്. എന്നാൽ വേറൊരു വിധത്തിൽ ആർച്ചുബിഷപ്പിനെ ഉപദ്രവിക്കുന്നതിനുള്ള സംരംഭത്തിൽ അദ്ദേഹം വ്യാപൃതനായി.

## നിരോധനങ്ങളും അറസ്റ്റുകളും

പുതുതായി ജന്മമെടുത്ത തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും ഒട്ടനേകം ദൈവാലയങ്ങളും ചാപ്പലുകളും സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. അപ്രകാരം തന്നെ പുനരൈക്യപ്പെട്ടവരുടെ മൃതശരീരങ്ങൾ മറവു ചെയ്യുവാൻ ശവക്കോട്ട കൾ ഓരോ മിഷ്യൻസ്ഥലത്തും ഒഴിച്ചുകൂടാത്ത ആവശ്യവുമായിരുന്നു. പക്ഷേ, ഇവയ്ക്കെല്ലാം ഗവൺമെന്റനുവാദം വാങ്ങിയിരിക്കണമെന്നുള്ള നിയമം സർ സി. പി. കർശനമാക്കിത്തീർത്തു. പരസ്യാരാധനയ്ക്കുള്ള ആലയങ്ങളും ശവസംസ്കാരത്തിനുള്ള സെമിത്തേരികളും ക്രൈസ്തവർക്ക് അവശ്യം വേണ്ടതാണെന്നതിനു സംശയമില്ലല്ലോ. കത്തോലിക്കാമതത്തെ ആശ്ലേഷിച്ചവരെല്ലാം ഈ സന്ദർഭത്തിൽ അതിയായ വിഷമിച്ചു വശായി. അതുമെന്യേ, പുനരൈക്യപ്പെടുവാൻ സന്നദ്ധത പ്രദർശിപ്പിച്ചിരുന്നവർ കൂടെയും ഈദൃശപ്രതിബന്ധം നിമിത്തം പിൻമാറുന്നതിനും ഇടയായിത്തീർന്നു. ഏവം വിധമുള്ള പരിതഃസ്ഥിതിയിൽ ആർച്ചുബിഷപ്പ് ഇതികർത്തവ്യതാമൂഢനായി ത്തീർന്നതിൽ തെല്ലും അത്ഭുതത്തിന് അവകാശമില്ലല്ലോ.

ദൈവാലയത്തിനും ശവക്കോട്ടയ്ക്കും വേണ്ടിയുള്ള അനുവാദ ത്തിന് അപേക്ഷകൾ അയച്ചാൽ സർ സി. പിയുടെ നിർദ്ദേശമനുസരിച്ച് അദ്ദേഹത്തിന്റെ കിങ്കരന്മാരായ ഉദ്യോഗസ്ഥദുഷ്പ്രഭുക്കൾ വിവിധ കാരണങ്ങൾ ഉന്നയിച്ച് അവയെല്ലാം നിഷേധിക്കുവാൻ തുടങ്ങി. ഒന്നെ ങ്കിൽ വേറൊരു മതക്കാരുടെയോ സഭക്കാരുടെയോ ആരാധനസ്ഥലം സമീപേ ഉണ്ട്. അല്ലാത്തപക്ഷം, ഒരു വിദ്യാലയമോ വ്യവസായ ശാലയോ ഉണ്ട്. അതുമല്ലെങ്കിൽ സ്ഥലവാസികൾ എതിർമനോഭാവം പ്രകടിപ്പിക്കുന്നു, അയൽവാസികൾക്ക് ഉപദ്രവകാരണമാണ് എന്നിത്യാ ദി കാരണങ്ങളായിരുന്നു അനുവാദത്തിനുള്ള അപേക്ഷ നിഷേധിക്കു വാൻ അവർ ഉന്നയിച്ചുകൊണ്ടിരുന്നത്. അനധികൃതമായി പരസ്യാരാ ധന (വിശുദ്ധകുർബാന) നടത്തി, ഗവൺമെന്റിന്റെ അനുവാദം ഇല്ലാത്ത

സ്ഥലങ്ങളിൽ ശവം മറവു ചെയ്തത് എന്നിത്യാദി കുറ്റങ്ങൾ ആരോപിച്ച് പല വൈദികരുടെയും അല്മായരുടെയും പേരിൽ കേസ്സെടുത്ത് അവരെ ശിക്ഷിക്കുകയുണ്ടായി. ഈസന്ദർഭത്തിൽ എതിരാളികളുടെ നാവിൽ നിന്നും പരിഹാസാഘോഷങ്ങൾ മുഴങ്ങുവാനും തുടങ്ങി. ഇവയെല്ലാം പുനരൈക്യപ്രണേതാവായ കഥാപുരുഷനെ ചിന്താഗ്രസ്തനാക്കുന്നതിനും വിഷമിപ്പിക്കുന്നതിനും ഇടയാക്കിത്തീർത്തു.

സി. പിയുടെ ഈ ദൃശനിരോധനങ്ങൾക്ക് എതിരായി ആർച്ചുബിഷപ്പ് ഒരു പ്രത്യേക കല്പന അച്ചടിച്ച് പ്രസിദ്ധം ചെയ്തു. പരസ്യാരാധനയ്ക്ക് മാത്രമേ ഗവൺമെന്റനുവാദം ആവശ്യമുള്ളുവെന്നും, പരസ്യാരാധന ഏവയെല്ലാമെന്നു നിശ്ചയിക്കുന്നതിനുള്ള അവകാശം മതാദ്ധ്യക്ഷന്മാർക്ക് മാത്രമാണെന്നും, വിശുദ്ധ മൂന്നുമ്മേൽ കുർബാന, പട്ടം കൊട ശുശ്രൂഷ, മൂറോൻ കൂദാശ (വെഞ്ചെരിപ്പ്) എന്നിവയാണ് പരസ്യാരാധന എന്നും, തന്നിമിത്തം വിശുദ്ധ കുർബാന പരസ്യാരാധാന അല്ലെന്നും പ്രസ്തുത കല്പനയിൽ വിശദമാക്കിയിരുന്നു. ഹൈന്ദവമതക്കാരും മറ്റും ശവശരീരങ്ങൾ മറവുചെയ്യുന്നത് തങ്ങളുടെ പുരയിടങ്ങളിലാണെന്നും അതിനു ഗവൺമെന്റനുവാദം ആവശ്യമില്ലാത്തതുപോലെ തന്റെ ഭരണത്തിൻകീഴിലുള്ള ജനങ്ങളുടെ മൃതശരീരങ്ങൾ ഏതു സ്ഥലത്തു വേണമെങ്കിലും സംസ്കരിക്കുന്നതിനുള്ള അനുവാദം നൽകുവാൻ തനിക്കധികാരമുണ്ടെന്നും മറ്റും പ്രസ്തുത കല്പനയിൽ വ്യക്തമാക്കിയിരുന്നു. പക്ഷേ സർ സി. പിയുടെ പ്രതികാരബുദ്ധിയിൽ നിന്നും നിരോധനാജ്ഞയിൽ നിന്നും രക്ഷപെടുവാൻ ഈദൃശന്യായങ്ങൾ ഒന്നുംതന്നെ പര്യാപ്തമായിത്തീർന്നില്ല. അങ്ങനെ ആർച്ചുബിഷപ്പിനെതിരായ യുദ്ധം സി. പി. തുടർന്നുകൊണ്ടിരുന്നു.

## ബ്രിട്ടീഷ് പാർലമെന്റ്

സ്ഥിതിഗതികൾ ഇപ്രകാരം മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്ന കാലയളവിൽ ബ്രിട്ടീഷ് പാർലമെന്റിന്റെ ഉപരിമണ്ഡലത്തിൽ ഇതു സംബന്ധിച്ചുള്ള ഒരു സംവാദം നടക്കുകയുണ്ടായി. പാർലമെന്റിലെ ഒരു പ്രമുഖാംഗമായ ഫിറ്റ്സാലൻപ്രഭുവാണ് ആദ്യമായി ചോദ്യമുന്നയിച്ചത്. "ഇൻഡ്യയിലെ ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിൽ ക്രൈസ്തവർക്ക് എതിരായി മതപീഡനം നടത്തുന്നു എന്നു കേൾക്കുന്നത് വാസ്തവമോ?" എന്നതായിരുന്നു ചോദ്യം. ഈ ചോദ്യത്തിനു മറുപടിയായി പാർലമെന്റദ്ധ്യക്ഷൻ ഇപ്രകാരം ഉത്തരം നൽകി: "ഇതേപ്പറ്റി ഈ ഗവൺമെന്റിനു യാതൊരറിവുമില്ല. ഉടൻതന്നെ വേണ്ട അന്വേഷണം നടത്തി സഭയെ അറിച്ചുകൊള്ളാം."

ചോദ്യകർത്താവായ ഫിറ്റിസാലൻ പ്രഭു ലണ്ടനിൽ വച്ചു മാർ ഈവാനിയോസുമായി പരിചയം സമ്പാദിച്ചിരുന്ന ഒരു രാഷ്ട്രീയ നേതാവായിരുന്നു. പാശ്ചാത്യപര്യടനവേളയിൽ മാർ ഈവാനിയോസ് ലണ്ടനിൽ എത്തിയപ്പോൾ അവിടെ വെച്ചു നടന്ന ഒരു വമ്പിച്ച അനുമോദനയോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചതും മാർ ഈവാനി യോസിനെപ്പറ്റി സ്തുത്യർഹമായി സംസാരിച്ചതും ഇദ്ദേഹമായിരുന്നു. എഴുത്തുകുത്തുകൾ മുഖേന ഇവരിരുവരും തുടർന്നു പരിചയബന്ധം പുലർത്തിപ്പോന്നുമിരുന്നു. തൻനിമിത്തം തിരുവിതാംകൂർ ഗവൺമെന്റിനെതിരായി ബ്രിട്ടീഷ് പാർലമെന്റിൽ ചോദ്യമുന്നയിപ്പിച്ചത് മാർ ഈവാനിയോസ് തന്നെയാണെന്നുള്ള വസ്തുത പരസ്യമായി ത്തീർന്നു. പാർലമെന്റിലെ അധോമണ്ഡലത്തിലെ അംഗമായ ആത്യുൾ പ്രഭ്വിയും ഇതേ ചോദ്യം തന്നെ വേറൊരവസരത്തിൽ പാർലമെന്റിൽ ഉന്നയിക്കുകയുണ്ടായി. നാട്ടുരാജ്യങ്ങളുടെ മേൽ അധീശശക്തിക്ക് അന്നുണ്ടായിരുന്ന അധികാരം എപ്രകാരമായിരുന്നു വെന്ന് അറിവുണ്ടായിരുന്ന സർ സി. പി.യെ കോപം കൊണ്ടും പരിഭ്രമംകൊണ്ടും കലിതുള്ളിക്കുന്നതിന് ഇവയെല്ലാം പര്യാപ്തമായി. തന്നിമിത്തം ആർച്ചുബിഷപ്പിനോടുള്ള വൈരാഗ്യം ഓരോദിവസം കഴിയുന്തോറും സി.പി. യിൽ വർദ്ധിച്ചുകൊണ്ടുമിരുന്നു.

ഇതേ തുടർന്നു തിരുവിതാംകൂറിലെ ക്രിസ്ത്യാനികളും, ഈഴ വരും, മുഹമ്മദീയരും യോജിച്ചു നിന്നുകൊണ്ട് സി.പി യ്ക്കെതിരായി നിവർത്തനപ്രസ്ഥാനസമരം ആരംഭിച്ചു. അതിന്റെ സൂത്രധാരത്വം വഹിച്ചത് മാർ ഈവാനിയോസാണെന്നുള്ള സത്യം പരസ്യമായി ത്തീർന്നു. "ആർച്ചുബിഷപ്പും രാഷ്ട്രീയവും" എന്ന അദ്ധ്യായത്തിൽ ഇതേപ്പറ്റി പ്രതിപാദിക്കുന്നതാണ്. ഈ അവസരത്തിൽ തിരുവിതാം കൂർ ഗവൺമെന്റിനെതിരായി ഇവിടുത്തെ ഒരു ആർച്ചുബിഷപ്പ് ഇൻഡ്യൻവൈസ്രോയിക്ക് ഒരു മെമ്മോറാണ്ഡം സമർപ്പിച്ചു എന്നും, വൈസ്രോയി തിരുവിതാംകൂർ ഗവൺമെന്റിനോടു സമാധാനം ആവശ്യപ്പെട്ടിരിക്കുന്നു എന്നും മറ്റുമുള്ള ഒരു വാർത്ത തിരുവിതാം കൂറിലെ ഹൈന്ദവ - ക്രൈസ്തവപത്രങ്ങൾ തമ്മിൽ ഒരു സംഘട്ടനത്തിനു കളമൊരുക്കിത്തീർത്തു. ഇതേപ്പറ്റി അടുത്ത അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതാണ്.

# അദ്ധ്യായം 46

# വൈസ്രോയി മെമ്മോറിയൽ പ്രക്ഷോഭണം

ആർച്ചുബിഷപ്പും സി.പി.യും തമ്മിൽ പിണങ്ങുന്നതിനുണ്ടായ വിവിധ കാരണങ്ങൾ കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ചിരുന്നുവല്ലോ. “അഗ്നിയിൽ എണ്ണ ഒഴിച്ചാലെന്നപോലെ” താദൃശ വിരോധാഗ്നി കത്തിക്കാളുന്നതിന് തുടർന്നുണ്ടായ വേറൊരു സംഭവവും കാരണമായിത്തീർന്നു. തിരുവിതാംകൂർ ഗവൺമെന്റ് ഇവിടുത്തെ ക്രൈസ്തവർക്കെതിരായി മതപീഢനം നടത്തുന്നുവെന്നും ഇവിടുത്തെ ഹൈന്ദവ ജനതയെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിക്കുന്നുവെന്നും ക്രിസ്ത്യാനികൾക്ക് ഈശ്വരാരാധന നടത്തുന്നിനു വേണ്ടിയുള്ള പുതിയ ദൈവാലയങ്ങൾക്കോ, പരേതരെ സംസ്കരിക്കുന്നതിന് അവശ്യം വേണ്ട സിമിത്തേരികൾക്കോ അനുവാദം നൽകുന്നില്ലെന്നും അപ്രകാരം അനുവാദമില്ലാത്ത ഇടങ്ങളിൽ ദിവ്യബലി അർപ്പിച്ചതിനും ശവംമറവുചെയ്തതിനും തന്റെ കീഴിലുള്ള വൈദികരെ പ്രോസിക്യൂട്ടു ചെയ്ത് ശിക്ഷിക്കുന്നുവെന്നും മറ്റും വിവരിച്ചുകൊണ്ടുള്ള ഒരു മെമ്മോറിയൽ ആർച്ചുബിഷപ്പ് ഇൻഡ്യൻ വൈസ്രോയിക്ക് അയച്ചുകൊടുത്തിരിക്കുന്നുവെന്നും അതേപ്പറ്റി തിരുവിതാംകൂർ ഗവൺമെന്റിനോടു സമാധാനം ആവശ്യപ്പെട്ടിരിക്കുന്നു എന്നും മറ്റുമുള്ള ഒരു വാർത്ത തിരുവിതാംകൂറിലെ ഏതാനും പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു. പ്രസ്തുത വാർത്ത ആദ്യമായി പ്രസിദ്ധപ്പെടുത്തിയതു തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ‘സമദർശി’ എന്ന പത്രത്തിലായിരുന്നു. അത് താഴെ ചേർക്കുന്നു.

"തിരുവിതാംകൂർ ഗവൺമെന്റ് ക്രിസ്ത്യാനികളെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനു ഹിന്ദുമിഷ്യനിലേക്ക് ധനസഹായം ചെയ്തുകൊണ്ടിരിക്കുന്നുവെന്നും മറ്റും ഇവിടത്തെ ഒരു ആർച്ചുബിഷപ്പ് (Arch Bishop) വൈസ്രോയിക്ക് അയച്ചിരുന്ന ഒരു മെമ്മോറിയൽ ഇൻഡ്യാഗവൺമെന്റ് അന്വേഷണാർത്ഥം ഇവിടെത്തെ പൊളിറ്റിക്കൽ ഏജന്റിന് അയച്ചുകൊടുത്തിരിക്കുന്നു. പൊളിറ്റിക്കൽ ഏജന്റ് താമസിയാതെ ഇതു സംബന്ധിച്ച് ഏതാനും ബിഷപ്പന്മാരെയും ക്രിസ്ത്യൻ പ്രധാനിമാരെയും വരുത്തി അവരുടെ സ്റ്റെയ്റ്റുമെന്റ് വാങ്ങിക്കുന്നതായിരിക്കും. ഗവൺമെന്റ് ഇതു സംബന്ധിച്ച് ഇൻഡ്യാഗവൺമെന്റിന് സമർപ്പിക്കുവാൻ ഒരു മെമ്മോറാണ്ഡം തയ്യാറാക്കി വരുന്നു."

(സമദർശി 1110 മീനം 20)

ഈ വാർത്തയുടെ പ്രസിദ്ധീകരണം തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നീ പട്ടണങ്ങളിൽ നിന്നും പുറപ്പെട്ടുകൊണ്ടിരുന്ന വിവിധ പത്രങ്ങൾ തമ്മിൽ ഒരു സംഘട്ടനത്തിനു കളമൊരുക്കുകയാണ് ചെയ്തത്. സമദർശി, സർവ്വീസ്, മലയാളി, മലയാളരാജ്യം എന്നീ പത്രങ്ങൾ ആർച്ചുബിഷപ്പിന് എതിരായും കോട്ടയം പത്രിക, കേരളകേസരി, മലയാളമനോരമ ആദിയായ പത്രങ്ങൾ ആർച്ചുബിഷപ്പിന് അനുകൂലമായുള്ള ലേഖനങ്ങളും മുഖ്യപ്രസംഗങ്ങളും പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി.

തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന "സർവ്വീസ്" പത്രം ആർച്ചുബിഷപ്പിനെ നഗ്നമായ ഭാഷയിൽ അധിക്ഷേപിച്ചുകൊണ്ടുള്ള ഒരു മുഖപ്രസംഗം എഴുതുകയുണ്ടായി. ആർച്ചുബിഷപ്പ് രാജദ്രോഹിയും രാജ്യദ്രോഹിയുമാണെന്നും തന്നിമിത്തം അദ്ദേഹത്തെ കഴിയുംവേഗം ജയിലിലടയ്ക്കണമെന്നും മറ്റുമാണ് പ്രസ്തുത പ്രസംഗത്തിൽ എഴുതിയിരുന്നത്. അതിലെ പ്രസക്തഭാഗംമാത്രം താഴെ ഉദ്ധരിക്കുന്നു.

"തിരുവിതാംകൂർ രാജാക്കന്മാരുടെ ഉദാരനയത്തെയും വിശിഷ്യാ, വിശാലമനസ്കനായ ചിത്തിരതിരുനാൾ മഹാരാജാവ് തിരുമനസ്സിലെ മഹനീയ നിഷ്പക്ഷബുദ്ധിയെയും വാത്സല്യത്തെയും വിസ്മരിച്ച് "നന്ദികേട്" എന്നതിനു പുറമേ "നിന്ദകൂടി" സ്വയം പ്രഖ്യാപനം ചെയ്ത്, പാലുകൊടുത്തു വളർത്തിയ പാമ്പ് രക്ഷിതാവിനെത്തന്നെ ചാടിവീണു ദംശിക്കാനൊരുമ്പെടുന്നതു പോലെ ഇപ്പോഴിതാ, ഒരു

ക്രിസ്ത്യൻ ആർച്ചുബിഷപ്പ് മഹാരാജാവു തിരുമനസ്സിലെപ്പേരിലും തിരുവിതാംകൂർ ഗവൺമെന്റിന്റെ പേരിലും നിരവധി കുറ്റങ്ങൾ ചുമത്തി വൈസ്രോയിക്ക് ഒരു മെമ്മോറിയൽ സമർപ്പിച്ചിരിക്കുന്നു! കൃതഘ്ന തയോ, രാജദ്രോഹമോ, ഹിന്ദുമതദ്രോഹമോ, ബുദ്ധിയില്ലായ്മയോ എന്താണീ പ്രവൃത്തിയിൽ മികച്ചുനിൽക്കുന്നതെന്നു പറയുവാൻ പ്രയാസം.....

ഗവൺമെന്റു സഹായത്തിൽ ജനിച്ച്, ഗവൺമെന്റ് സഹായ ത്തിൽ വളർന്ന് ഒരു നിലയിലെത്തിയിരിക്കുന്ന ഒരു കൂട്ടർ ഗവൺ മെന്റിന്റെ നേരേ തന്നെ ഒന്നുകൂടി ഇതാ ചാടിവീണിരിക്കുന്നു. ഈ അവസരത്തിലും ഗവൺമെന്റ് നിദ്രാഭാവമാണു കൈക്കൊള്ളുന്ന തെങ്കിൽ ഫലം ഭയങ്കരമായിരിക്കും. തിന്ന ചോറിനു നന്ദികാണിക്കാത്ത ഇക്കൂട്ടരുടെ മനോഭാവത്തെപ്പറ്റി വിചാരിച്ചു വിസ്മയിച്ചു സമയം കളഞ്ഞുകൊണ്ടു ഫലമില്ല. ഇവരുടെ ഭീഷണികളേയും ദുഷ്പ്രചരണ ങ്ങളേയും അടിച്ചമർത്തുവാൻ ഒരൊറ്റ നിമിഷംപോലും താമസിച്ചു കൂടാ....

ഇത്തരമൊരു മനോഭാവം ഇവരിൽ ഉണ്ടാകുവാനും, അതു ക്രമേണ വളർന്ന് അതിരു കടന്ന് ഇവിടത്തുകാരൻ ആർച്ചുബിഷപ്പ് മഹാരാജാവ് തിരുമനസ്സിലെപ്പേരിൽപ്പോലും കുറ്റങ്ങളാരോപിച്ച് രാജ്യദ്രോഹം കാണിക്കാൻ ധൈര്യപ്പെടുന്നതിനും കാരണം ഗവൺമെന്റിന്റെ അക്ഷന്തവ്യമായ അനാസ്ഥയും ഒടുങ്ങാത്ത ക്ഷമാ ശീലവും ആണെന്നാണു ഞങ്ങളുടെ അഭിപ്രായം. രാജ്യദ്രോഹപരമയ ദുഷ്പ്രചരണങ്ങൾക്ക് വേണ്ട എതിർമരുന്നു ക്ഷമയല്ല. തക്ക തന്റേട മാണ്. ഇത്തരം ദുഷ്പ്രവൃത്തികൾ അടിച്ചമർത്തുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്. ക്ഷമ ചിലപ്പോഴെല്ലാം നന്നു തന്നെയെങ്കിലും ദുഷ്ടന്മാർ അതിനെ ബലഹീനതയായേ വ്യാഖ്യാനിക്കുകയുള്ളു. "കഫത്തിനും ദുഷ്ടനും ഹാ, സദൃശ്യം പരമത്ഭുതം - മധുരം, കൊണ്ടു കോപിക്കും ക്രൂരംകൊണ്ടും ശമിച്ചിടും" എന്ന ശ്ലോകം അക്ഷരംപ്രതി ശരിയാണ്.

മഹാരാജാവ് തിരുമനസ്സിലെ പ്രശസ്തിക്കു കളങ്കം വരുത്തു വാനും തിരുമേനിയെപ്പറ്റി വെളിയിൽ അതൃപ്തിയും വെറുപ്പും ഉണ്ടാ ക്കുവാനും അനാവശ്യമായ ദൂഷ്യാരോപണങ്ങളിൽ വ്യാപൃതനാ യിരിക്കുന്ന ആർച്ചുബിഷപ്പിനെ ഒരു നല്ല പാഠം പഠിപ്പിക്കേണ്ടത് ഗവൺമെന്റിന്റെ കർത്തവ്യമാകുന്നു. രാജ്യദ്രോഹികളായ ഇത്തരം

വ്യക്തികൾ പ്രജകളുടെ ഇടയിലുണ്ടെന്നു കേൾക്കുന്നതുതന്നെ കർണ്ണാരുന്തദമായ ഒരു വാർത്തയാകുന്നു. രാജാവിനെതിരായി എഴുത്തുകുത്തു നടത്തി എന്നുള്ള ഏകകാരണത്താൽ ക്ഷത്രിയകുല ജാതനും, അന്നത്തെ മഹാരാജാവിന്റെ അടുത്ത ബന്ധുവുമായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിനെ ജയിലിൽ പാർപ്പിച്ച ഈ നാട്ടിൽ രാജാവിനും രാജ്യത്തിനും അവമതി നേരിട ത്തക്ക വിധത്തിലുള്ള ദുഷ്പ്രചരണത്തിലേർപ്പെട്ടിരിക്കുന്ന ഒരാർച്ചു ബിഷപ്പിനെ ഒരു നിമിഷംപോലും വെറുതെ വച്ചുകൊണ്ടിരിക്കത്ത ക്കതല്ല. അതിനുവേണ്ട ശിക്ഷകൾ ഉടനെ നൽകേണ്ടതാണ്. ഒരു കാലത്തും ഗവൺമെന്റ് ഇക്കാര്യത്തിൽ അലസഭാവം കൈക്കൊ ള്ളരുത്. ഇപ്പോൾത്തന്നെ ഏതാണ്ട് അനിയന്ത്രിതമായ അവസ്ഥയിലെ ത്തിയിരിക്കുന്ന ഇത്തരം ഉപജാപകസംഘങ്ങളെ അടിച്ചമർത്തി രാജ്യത്തുസമാധാനവും ശാന്തിയും പുനഃസ്ഥാപിക്കുവാൻ ഗവൺമെന്റി നോടും, ഇരമ്പിക്കയറി വരുന്ന ഹൈന്ദവമതദ്രോഹത്തെ യോജിപ്പോടും സംഘടനയോടുംകൂടി എതിർക്കുന്നതിനുവേണ്ട ശക്തി സമ്പാദിക്കാൻ ഹിന്ദുമതത്തോടും, പ്രത്യേകിച്ച് ബ്രാഹ്മണർ തുടങ്ങിയുള്ള സർവ്വ ഹിന്ദുക്കളോടും ഞങ്ങൾ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.''

സർവ്വീസ് 1110 മീനം 30

ഇതു സംബന്ധിച്ച് "മലയാളമനോരമ" എത്രയും മിതമായ ഭാഷയിൽ എഴുതിയിരുന്ന പത്രാധിപപ്രസംഗമാണ് ഇനിയും ഉദ്ധരിക്കുന്നത്.

## അനാശാസ്യമായ പ്രചരണവേലകൾ

തിരുവിതാംകൂറിലെ ഒരു കത്തോലിക്കാ ആർച്ചുബിഷപ്പ്, ഇന്ത്യാ വൈസ്രോയിയുടെ പേർക്ക് തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ ദൈവാലയസ്ഥാപനം സംബന്ധിച്ചും മറ്റും പലവിധത്തിലുള്ള അസ്വാതന്ത്ര്യതകൾ അനുഭവിച്ചുവരുന്നു എന്നു കാണിച്ച് ഒരു മെമ്മോറിയൽ അയച്ചിരിക്കുന്നതായി ചില സഹജീവികൾ മുഖേന ഒരു ശ്രുതി പരന്നിരിക്കുന്നു. ഇത് രാജ്യഭക്തിയില്ലായ്മയുടെ ഫല മാണെന്നും തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ ഇവിടുത്തെ രാജകുടുംബത്തിൽ നിന്നും പണ്ടേ അനുഭവിച്ചുവരുന്ന ആനു കൂല്യങ്ങളെപ്പറ്റിയുള്ള കൃതഘ്നതയാണെന്നും മറ്റും ക്രിസ്ത്യാനി കളുടെ മേൽ പൊതുവേ അപരാധാരോപണം ചെയ്യുവാൻ ചില

പത്രങ്ങൾ ബന്ധപ്പെടുന്നതായി കാണുന്നതുകൊണ്ട് ഇതേപ്പറ്റി ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താമെന്നുവെച്ചതാണ്.

തിരുവിതാംകൂറിൽ നിന്ന് ഒരു ആർച്ചുബിഷപ്പോ മറ്റാരെങ്കിലുമോ മേൽപ്പറഞ്ഞവിധം ഒരു മെമ്മോറിയൽ വൈസ്രോയിക്ക് അയച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിലും അതിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്താവിച്ചിരുന്നതെന്നും ഞങ്ങൾക്ക് യാതൊരറിവും കിട്ടിയിട്ടില്ല. അതെങ്ങനെയുമിരിക്കട്ടെ, ഈ നടപടിയെ പഴി പറഞ്ഞ് ക്രിസ്ത്യൻ സമുദായത്തിന്റെ രാജഭക്തിയെയോ രാജകുടുംബത്തിന്റെ നേർക്കുള്ള കൃതജ്ഞതയെയോ അപലപിക്കുവാൻ ഉദ്യമിക്കുന്നതിലടങ്ങിയിരിക്കുന്ന മനഃസ്ഥിതിയാണ് അത്യന്തം ആക്ഷേപാർഹമായി ഞങ്ങൾക്കു തോന്നുന്നത്. ഓരോ കാലത്ത് ഓരോ സമുദായത്തിലുൾപ്പെട്ട വ്യക്തികളും സംഘങ്ങളും അവരവരുടെ അവശതകളെപ്പറ്റി പ്രക്ഷോഭണം നടത്തിയിട്ടുള്ളതാണെന്നു പറയണമെന്നില്ലല്ലോ. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ മറ്റേതു സമുദായത്തേയും പോലെ തന്നെ രാജഭക്തി തികഞ്ഞവരാണെന്നു ചരിത്രം തെളിയിക്കുന്നു. രാജകീയ സൗജന്യങ്ങൾ പ്രജാസഞ്ചയത്തിൽപ്പെട്ട മറ്റു സമുദായങ്ങളെപ്പോലെ തന്നെ ക്രിസ്ത്യാനികളും ധാരാളം അനുഭവിച്ചിട്ടുണ്ട്. രാജകീയസൗജന്യങ്ങൾ പ്രജകൾക്ക് ഏവർക്കും സമുദായഭേദമെന്യേ അനുഭവയോഗ്യമായ ഒരു പദവിയാണ്. രാജസ്ഥാനം ഇവിടെയും എവിടെയും സമുദായോപാധികൾക്കുമീതേ നിഷ്പക്ഷമായി വർത്തിക്കുന്ന ഒരു മഹനീയശക്തിയാണല്ലോ. ക്രിസ്ത്യാനികൾക്ക് തിരുവിതാംകൂർ മഹാരാജാക്കന്മാരിൽ നിന്നും ലഭിച്ച സൗജന്യങ്ങൾകൊണ്ടാണ് ഇന്നാട്ടിലെ വിദ്യഭ്യാസപ്രചരണത്തിൽ ഇത്രമുന്നിട്ടു നിന്നു പ്രവർത്തിക്കുന്നതിന് തങ്ങൾക്ക് സാധിച്ചിട്ടുള്ളതെന്ന് അവർ അഭിമാനപൂർവ്വം അനുസ്മരിക്കുന്നു. ന്യായമായ സങ്കടമുണ്ടെങ്കിൽ അധീശഗവൺമെന്റിന്റെ അടുക്കൽ അത് അറിയിക്കുന്നത് രാജഭക്തിക്ക് ചേർന്നതല്ലെന്നു പറയുന്നതിലുള്ള യുക്തിയാണ് ദുർഗ്രഹമായിരിക്കുന്നത്. ഇങ്ങനെ ഒരു സംഭവം തിരുവിതാംകൂറിൽ കേട്ടുകേഴ്‌വി ഇല്ലാത്തതല്ലെന്ന് തിരുവിതാംകൂർ ചരിത്രം അറിയാവുന്നവരോടു പറയേണ്ട ആവശ്യമില്ല. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ സാമുദായികമായും രാഷ്ട്രീയമായും പല വിധത്തിലുള്ള അവശതകൾ അനുഭവിച്ചുവരുന്നുണ്ടെന്നുള്ളതും മറന്നിരിക്കാൻ നിവൃത്തിയില്ലാത്തവിധം ലോകപ്രസിദ്ധമായി ത്തീർന്നിരിക്കുന്ന ഒരു പരമാർത്ഥമാണ്. തിരുവിതാംകൂറിലെ മൂന്നു

പ്രധാന സമുദായങ്ങൾ ചേർന്ന് ഈ അടുത്തകാലത്ത് നടത്തിയ പ്രക്ഷോഭണംതന്നെ ഇതിനു മതിയായ തളിവാണ്. ദൈവാലയ സ്ഥാപനം സംബന്ധിച്ച് ഇന്നുക്രിസ്ത്യാനികൾ നിയമപരമായ പല വൈഷമ്യങ്ങൾ അനുഭവിച്ചുവരുന്നുണ്ടെന്നുള്ളതിന് ധാരാളം ഉദാഹരണങ്ങൾ പറയാനുണ്ട്. ആ സ്ഥിതിക്ക്, അഥവാ ഇവിടുത്തെ അസ്വതന്ത്രകളെപ്പറ്റി മേൽക്കോയ്മയെ അറിയിക്കാമെന്ന് ആരെങ്കിലും വിചാരിച്ചുപോയാൽ തന്നെ അതിൽ അസ്വാഭാവികമായി യാതൊന്നും ഉണ്ടെന്ന് വിചാരിച്ചിട്ടാവശ്യമില്ല. പ്രജാസഞ്ചയത്തിൽ ഏതെങ്കിലും വിഭാഗത്തിന് വാസ്തവത്തിൽ അസംതൃപ്തിക്കു കാരണമുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളെ ഉന്മൂലനം ചെയ്യുകയാണ് ബുദ്ധിപൂർവ്വകമായ രാജതന്ത്രം.

ഏതായാലും, ഈ കിംവദന്തിയെ അടിസ്ഥാനമാക്കി തിരുവിതാംകൂറിലെ സമുദായങ്ങൾ തമ്മിലുള്ള അസ്വാസ്ഥ്യം വർദ്ധിപ്പിക്കത്തക്ക പ്രചരണവേലകളിൽ നിന്ന് നമ്മുടെ പത്രങ്ങളും പൊതുജന നേതാക്കന്മാരും വിരമിക്കുന്നത് രാജ്യക്ഷേമത്തിനു പ്രയോജനകരമായിരിക്കുമെന്നു മാത്രമേ ഈ അവസരത്തിൽ ഞങ്ങൾക്ക് പറയാനുള്ളു.

(മലയാള മനോരമ, 1935 ഏപ്രിൽ 9)

കൊല്ലത്തുനിന്നും പ്രസിദ്ധപ്പെടുത്തുന്ന "മലയാളരാജ്യം" എഴുതിയ മുഖപ്രസംഗത്തിൽനിന്നും ഏതാനും ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

## പാതിരാപ്പുലമ്പൽ

തിരുവിതാംകൂർ പ്രജയായ ഒരു ആർച്ചുബിഷപ്പ്, തിരുവിതാംകൂർ മഹാരാജാവ് ക്രിസ്ത്യാനികളുടെ വിരോധിയാണെന്നും മറ്റും പല ആക്ഷേപങ്ങൾ എഴുതിയ ഒരു കത്ത് വൈസ്രോയിക്ക് അയച്ചതായും ആ കത്തിന്മേൽ ബ്രിട്ടീഷ് ഗവൺമെന്റ് ചില നടപടികൾ നടത്തി തുടങ്ങിയിരിക്കുന്നതായും ഒരു കിംവദന്തി നാടെങ്ങും പരന്നിരിക്കുന്നു. രാജഭക്തിയും, രാജ്യഭക്തിയുമുള്ള പ്രജകളുടെ ഹൃദയങ്ങളിൽ ഇത് പലേവിധ വികാരങ്ങളെ ഉളവാക്കിയിട്ടുണ്ട്. ചില പത്രങ്ങൾ, ഈ ആർച്ചുബിഷപ്പിനെപ്പറ്റി കേൾക്കുന്ന സംഗതി വാസ്തവമായാൽ രാജദ്രോഹകരമായ ഈ കൃത്യത്തിൽ ചട്ടപ്രകാരം നടപടി

നടത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. മി. കെ. എൻ. ചാക്കോ "മലയാളി"യിൽ 'തെറ്റിദ്ധരിക്കരുതേ' എന്നൊരു ലേഖനം ഈ വിഷയത്തെ പരാമർശിച്ച് എഴുതിയിട്ടുണ്ട്. കോട്ടയത്തെ "മലയാളമനോരമ" അനാശാസ്യമായ പ്രചരണവേലകൾ എന്ന അഭിധാനത്തിൽ ആർച്ചുബിഷപ്പിന്റെ കത്തിനെ പ്രതിഷേധിച്ച് എഴുതിയ പത്രങ്ങളുടെ നേരേ ചന്ദ്രഹാസമെടുത്തിട്ടുണ്ട്. മി. ചാക്കോയുടെ ലേഖനവും, മനോരമയുടെ മുഖപ്രസംഗവും വായിച്ചാൽ രണ്ടും ഒരേ ആത്മാവും ആശയമുള്ളവർ എഴുതിയതാണെന്നു തോന്നിപ്പോകും. കണ്ടത്തിൽ കുടുംബക്കാരുടെ വകയാണ് "മനോരമ." കണ്ടത്തിൽ ഒന്നോ അതിലധികമോ കെ.എൻ. ചാക്കോമാരുണ്ട്. അതെങ്ങനെയുമാവട്ടെ. "തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ രാഷ്ട്രീയമായും സാമുദായികമായും പല വിധത്തിലുള്ള അവശതകൾ അനുഭവിച്ചുവരുന്നുണ്ടെന്നുള്ളത് മറന്നിരിക്കാൻ നിവൃത്തി ഇല്ലാത്തവിധം ലോകപ്രസിദ്ധമായിത്തീർന്നിട്ടുള്ള ഒരു പരമാർത്ഥം ആണ്. ഇവിടുത്തെ അസ്വതന്ത്രതകളെപ്പറ്റി മേൽക്കോയ്മയെ അറിയിക്കാമെന്ന് ആരെങ്കിലും വിചാരിച്ചുപോയാൽത്തന്നെ അതിൽ അസ്വഭാവികമായതൊന്നും ഉണ്ടെന്നു വിചാരിച്ചിട്ടാവശ്യമില്ല." എന്നിങ്ങനെയാണ് മനോരമ പറയുന്നത്. ആർച്ചുബിഷപ്പ് എഴുതിയാലും ഇല്ലെങ്കിലും ശരി ഇങ്ങനെ ഒരെഴുത്ത് അയയ്ക്കുന്ന കാര്യത്തിൽ മനോരമയ്ക്ക് ബലമായ അനുകൂലാഭിപ്രായമുണ്ടെന്ന് ഈ പ്രസ്താവനയിൽ തെളിയുന്നു.

ഏതോ ആർച്ചുബിഷപ്പ് കത്തെഴുതി, എന്നാൽ ഗവൺമെന്റ് ഒരു ആർച്ചുബിഷപ്പിനു ചെയ്തിരിക്കുന്ന സഹായസഹകരണം എന്തെന്നു നോക്കുക. "നവഭാരതി" ഏപ്രിൽ നാലാം തീയതിയിലെ ലക്കത്തിൽ കോഴഞ്ചേരി ലേഖകൻ താഴെ വരുംവിധം എഴുതിയിരിക്കുന്നു:

"ചെറുകോൽ പകുതിയിൽ കാട്ടൂർ എന്ന സ്ഥലത്ത് വൃദ്ധനായ ഒരു യാക്കോബായ പട്ടക്കാരന്റെ ശവസംസ്കാരം സംബന്ധിച്ച് ഒന്നുരണ്ടാഴ്ചയായി പരിഭ്രമകരമായ ആലോചനകൾ നടന്നുവരികയായിരുന്നു. ടി പട്ടക്കാരന്റെ മക്കൾ റീത്തിൽ ചേർന്നതിനാൽ അദ്ദേഹത്തെ റീത്തുകാരുടെ സ്വാധീനത്തിൽ അടക്കം ചെയ്യണമെന്നും, റീത്തുകാർക്ക് അവിടെ ശവക്കോട്ട ഇല്ലാത്തതിനാൽ ഒരു ശവക്കോട്ടയുടെ പ്രാരംഭമായി ഗണിക്കാവുന്ന ആ ഉദ്യമം നിരോധിക്കപ്പെടേണ്ടതാണെന്നും രണ്ടു വാദങ്ങളായിരുന്നു തത്സംബന്ധമായി നടന്നത്. ഏതായാലും കഴിഞ്ഞ വെള്ളിയാഴ്ച രാത്രി അദ്ദേഹം പരലോക

പ്രാപ്തനാകുകയും തിരുവിതാംകൂർ ദിവാൻസർ  എം. ഹബീബുള്ളാ യുടെ ഉത്തരവനുസരിച്ച് പോലീസ് അകമ്പടിയോടുകൂടി റീത്തുകാരുടെ വകയായി പുത്തനായി പണിതുവരുന്ന ചെറുപുഷ്പവിലാസം ബംഗ്ലാവിനുള്ളിൽ ശനിയാഴ്ച അദ്ദേഹത്തെ സംസ്കരിക്കുകയും ചെയ്തിരിക്കുന്നു."

നോക്കുക! തിരുവിതാംകൂർ ദിവാൻ സർ ഹബീബുള്ളാ ആ ആർച്ചുബിഷപ്പിനു ചെയ്തിരിക്കുന്ന സഹായസഹകരണങ്ങൾ. ഈ സഹായങ്ങളെല്ലാം സർ ഹബീബുള്ളയാണു ചെയ്തത്. മഹാരാജാവ് തിരുമനസ്സുകൊണ്ടല്ലല്ലോ ചെയ്തിരിക്കുന്നതെന്ന് ആയിരിക്കും കെ.എൻ. ചാക്കോ പ്രഭൃതികൾ വാദിക്കുവാൻ പോകുന്നത്. ആ വക യുക്തിവാദങ്ങൾ കൂടി പുറപ്പെടുവിക്കുവാൻ നമ്മുടെ നാട്ടിൽ ആളുകളും പത്രങ്ങളും കണ്ടേക്കാം. കാലം 'കലിയുഗ'മെന്നു പഴവന്മാർ പറയുന്നതു ശരിയായിരിക്കും" (മലയാളരാജ്യം 1935 ഏപ്രിൽ14).

ഈ ആരോപണത്തെപ്പറ്റി നിഷ്പക്ഷനിലയിലുള്ള ഒരു മുഖപ്രസംഗം അന്നു തിരുവനന്തപുരത്തുനിന്നും പ്രസിദ്ധപ്പെടുത്തി ക്കൊണ്ടിരുന്ന "കേരള കേസരി" എന്ന പത്രം എഴുതിയിരുന്നു. അത് ഇപ്രകാരമായിരുന്നു:

## സമുദായവൈരം വർദ്ധിപ്പിക്കുന്ന ലേഖനങ്ങൾ

തിരുവിതാംകൂർ പ്രജയായ ഏതോ ഒരു കത്തോലിക്കാ ആർച്ചുബിഷപ്പ് ഇൻഡ്യൻ വൈസ്രോയിയുടെ പേർക്ക് ക്രിസ്ത്യാനി കൾക്ക് ദൈവാലയങ്ങൾ അനുവദിച്ചുകിട്ടുന്നതിന് ഈ സംസ്ഥാനത്ത് തടസ്സങ്ങൾ ഉണ്ടാകുന്നുണ്ടെന്നും മറ്റും കാണിച്ച് ഒരു മെമ്മോറിയൽ അയച്ചിരുന്നതായും അത് ഏ.ജി.ജി. മുഖാന്തരം തിരുവിതാംകൂർ ഡർബാറിലേക്ക് അയച്ചു കൊടുത്തിരിക്കുന്നതായും മറ്റുമുള്ള മുഖപ്രസംഗങ്ങൾ ചില സഹജീവികളിൽ കാണുകയുണ്ടായി. ക്രിസ്ത്യാനികൾ പൊതുവേ രാജഭക്തിയില്ലാത്തവരും, കൃതഘ്നരും ആണെന്നും, ക്രിസ്തീയനേതാക്കന്മാരും, ബിഷപ്പന്മാരും, ഇംഗ്ലണ്ടിലെ ചില രാജ്യതന്ത്രജ്ഞന്മാരും തിരുവിതാംകൂറിന്റെ യശസ്സിനെ മലിന പ്പെടുത്തുന്നതിന് ഒരു ഗൂഢമായ കൂട്ടുകെട്ടുണ്ടെന്നും അതു മനസ്സി ലാക്കി ഹിന്ദുക്കൾ കരുതിയിരിക്കേണ്ടതാണെന്നും മറ്റും പറഞ്ഞിരി ക്കുന്ന ഒരു വ്യക്തിയുടെ ലേഖനവും കാണുകയുണ്ടായി.

ഇതിന്റെ വാസ്തവത്തെപ്പറ്റി ഞങ്ങൾക്ക് യാതൊരറിവും ലഭിച്ചിട്ടില്ല. അതെങ്ങനെയായാലും, ക്രിസ്ത്യാനികളെ പൊതുവേ ശകാരിക്കുന്നതിനും അവരുടെ രാജഭക്തിയെ ആക്ഷേപിക്കുന്നതിനും ഇത് ഒരവസരമക്കിയിരിക്കുന്നത് വളരെ വിചിത്രമായിരിക്കുന്നു. തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സുകൊണ്ട് മറ്റുള്ളവരുടേതുപോലെ ക്രിസ്ത്യാനികളുടെയും രാജാവാണ്. തിരുവിതാംകൂർ സംസ്ഥാനം ഇതരജാതികളുടെ എന്നപോലെ ക്രിസ്ത്യാനികൾക്കും കൂടിയുള്ളതാണ്. ഇതിൽ ഒരു കൂട്ടർ മാറിനിന്നു മറ്റൊരു കൂട്ടരെ രാജഭക്തിയില്ലാത്തവരെന്നും കൃതഘ്നരെന്നും മറ്റും പറഞ്ഞിട്ടാവശ്യമില്ല. അവരവർക്കുള്ള അവശതകൾ നീങ്ങിക്കിട്ടുന്നതിനു പ്രക്ഷോഭിക്കുന്നത് രാജഭക്തി ശൂന്യതയെ വെളിവാക്കുന്നതായി ആരും ഇതുവരെ ഗണിച്ചിട്ടില്ല. ഓരോ കാലത്ത് ക്രിസ്ത്യേതരസമുദായങ്ങളും പ്രക്ഷോഭണങ്ങൾ നടത്തിയിട്ടുണ്ടെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. തിരുവിതാംകൂർ ക്രിസ്ത്യാനികൾ രാജഭക്തിയുള്ളവരല്ലെന്നും അവരെ വരത്തന്മാരെപ്പോലെ ഗണിക്കേണ്ടതാണെന്നും മറ്റും സൂചിപ്പിക്കുന്ന ലേഖനങ്ങൾ പൊതുവേ സമുദായവൈരം വർദ്ധിപ്പിക്കുന്നതിനും തിരുവിതാംകൂറിനെപ്പറ്റി ദുഷ്കേൾവികൾ ഉണ്ടാക്കുന്നതിനും മാത്രം പര്യാപ്തമായിരിക്കുന്നവയാണ്.

ദൈവാലയസ്ഥാപനം സംബന്ധിച്ചുള്ള അവശതകൾ നീങ്ങിക്കിട്ടുന്നതിലേക്ക് ഞങ്ങൾ തന്നെ ഒരു മുഖപ്രസംഗം എഴുതിയിരുന്നതായി ഓർക്കുന്നുണ്ട്. അത് ക്രിസ്ത്യേതരന്മാർക്ക് ഹൃദയവേദന ഉണ്ടാക്കുന്നതിന് കാരണമാകുമെന്നു ഞങ്ങൾക്ക് തോന്നുന്നില്ല. ഇതുപോലെ തന്നെ ഹിന്ദുമിഷ്യന് 10,000 രൂപാ സംഭാവന ലഭിച്ചതു ക്രിസ്ത്യാനികൾക്ക് അസഹ്യമായിട്ടുള്ളതായും അറിവില്ല. പരസ്പരം സൗഹാർദ്ദമായും സ്നേഹമായും പെരുമാറുന്നതിനുപകരം ഇതുപോലെയുള്ള പത്രപ്രസ്താവനകൾ സമുദായവൈരത്തെ വർദ്ധിപ്പിക്കുന്നതിനു മാത്രം ഉപകാരപ്പെടുന്നതാണ്. സർവ്വത്ര വന്ദ്യനായ ഒരു മതാദ്ധ്യക്ഷനെയും, സർവ്വലോകപൂജ്യനായ മഹാരാജാവ് തിരുമനസ്സിനെയും സ്പർശിക്കുന്ന ഈ വിഷയത്തിൽ തിരുവിതാംകൂറിലെ ഒരു വലിയ ജനവിഭാഗമായ ക്രിസ്ത്യാനികളെ അപഹസിക്കുന്നതിന് ക്രിസ്ത്യേതരന്മാർക്ക് ലൈസൻസില്ലെന്നുള്ള കാര്യം ഇവിടെ സൂചിപ്പിച്ചുകൊള്ളുന്നു. (കേരളകേസരി 1953 ഏപ്രിൽ 6)

## അടിസ്ഥാനരഹിതം

ഇക്കാര്യത്തെപ്പറ്റി ആർച്ചുബിഷപ്പ് നല്കിയ പ്രസ്താവന പത്രങ്ങളിൽ അക്കാലത്ത് പ്രസിദ്ധപ്പെടുത്തിയിരുന്നതാണ് ഇനിയും ഉദ്ധരിക്കുന്നത്.

"ഇവിടെയും എവിടെയും ഇന്നത്തെ സംഭാഷണവിഷയം വൈസ്രോയിക്ക് ഒരു സിറിയൻ കത്തോലിക്കാ ആർച്ചുബിഷപ്പ് മെമ്മോറിയൽ അയച്ചുവെന്നുള്ളതാണ്. ഈ കാര്യം ആദ്യം സൂചിപ്പിക്കുകയും, പിന്നീട് സംശയമായിട്ടു പ്രസ്താവിക്കുകയും, ഒടുവിൽ സ്ഥിരപ്പെടുത്തി വ്യാഖ്യാനങ്ങൾ ഉണ്ടാക്കുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. നായന്മാരുടെ ചില പത്രങ്ങളിൽ ഈ കേഴ്വിയെ അടിസ്ഥാനപ്പെടുത്തി ക്രിസ്ത്യാനികളുടെ കൃതഘ്നതയെപ്പറ്റി നീണ്ട ലേഖനങ്ങളും വിമർശനങ്ങളും കാണുന്നതിന് ഇടയായി. ഹിന്ദുമതപ്രചാരണത്തിനായി കഴിയുന്ന പരിശ്രമങ്ങൾ ചെയ്യേണ്ടതു തന്നെ. എന്നാൽ സമുദായവൈരം വർദ്ധിപ്പിക്കുന്ന ലേഖനങ്ങൾ മതപ്രചരണത്തിനു സഹായിക്കുന്നതല്ല. അവ രാജ്യാഭിവൃദ്ധിക്കു പ്രതിബദ്ധവുമാണ്. ഏ.ജി.ജി. മുഖാന്തിരം ഗവൺമെന്റിലേക്ക് വന്നിരുന്നതായി പറയുന്ന മെമ്മോറിയലിനെപ്പറ്റിയുള്ള പരമാർത്ഥം അറിയാനായി ഡോക്ടർ മാർ ഈവാനിയോസ് തിരുമേനിയെ ഞാൻ ഇന്നലെ സന്ദർശിക്കുകയുണ്ടായി.

തിരുവിതാംകൂറിലെ ചില പത്രങ്ങളിൽ ഇങ്ങനെ ഒരു വാർത്ത പ്രസിദ്ധപ്പെടുത്തിയതായി ചില സന്ദർശകന്മാരിൽ നിന്നും അറിയുവാൻ ഇടയായിയെന്നും ആർച്ചുബിഷപ്പ് സർക്കീട്ടിൽ ആയിരുന്നതിനാലും അവിടുത്തെ പേര് പ്രത്യക്ഷമായി പറഞ്ഞിട്ടില്ലെന്നു മനസ്സിലാക്കിയതിനാലും ഈ ദോഷാരോപണങ്ങളെപ്പറ്റി മൗനം ദീക്ഷിച്ചതാണെന്നും, അവിടുന്നു നേരിട്ടോ, അവിടുത്തെ അറിവോടുകൂടെയോ ആരുംതന്നെ ഈ വിധത്തിലുള്ള ഒരു മെമ്മോറിയൽ അയച്ചിട്ടില്ലെന്നുള്ളതു തീർച്ചയാണെന്നും, തെറ്റിദ്ധാരണ നീക്കാനായി ഈ വാർത്ത കേവലം അടിസ്ഥാനരഹിതമാണെന്ന പൊതുജനങ്ങളെ അറിയിക്കാൻ തന്റെ സെക്രട്ടറിയെ ചട്ടം കെട്ടുന്നതാണെന്നും, ഈ പ്രചരണവേല ആരുടെയോ ഒക്കെ കൃത്രിമബുദ്ധിയിൽ നിന്നും ഉളവായതാണെന്നും, ആർച്ചുബിഷപ്പ് പ്രസ്താവിക്കുകയുണ്ടായി.

(ആർച്ചുബിഷപ്പിനെ സന്ദർശിച്ച ഒരു പത്രപ്രതിനിധിയുടെ റിപ്പോർട്ട്)

## "വിദൂഷകന്റെ" പത്രാധിപലേഖനം

ഇതേ തുടർന്ന്, കൊല്ലത്തുനിന്നും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന "വിദൂഷകൻ മാസിക"യിൽ "ആർച്ചുബിഷപ്പോ ആർച്ചു ഡെവിളോ" എന്ന തലക്കെട്ടിൽ എഴുതിയിരുന്ന പത്രാധിപലേഖനമാണ് താഴെ ഉദ്ധരിക്കുന്നത്.

"ഏതാനും കൊല്ലക്കാലം കൽക്കട്ടായിലെ ഒരു കോളേജിൽ പ്രൊഫസറായിട്ടും, കുറേക്കാലം ഫാദർ ഗീവർഗ്ഗീസ് (എം.എ.) പുരോഹിതനായിട്ടും, വീണ്ടും കുറേക്കാലം വട്ടിപ്പണക്കേസ്സിലെ കക്ഷിവഴക്കിൽ ഒരു ഭാഗം പിടിച്ച് പോർ നടത്തിയ സവ്യസാച കളിലൊരാളായിട്ടും, പിന്നെ ഏറെക്കാലം തന്നെത്താൻ പാചകം ചെയ്താഹാരം കഴിക്കുന്ന ഹിന്ദു സന്ന്യാസിമാരുടെ വടിവിൽ "ബഥനി" ആശ്രമത്തിലെ ഋഷീശ്വരനായിട്ടും, ഇങ്ങനെ പലേ നിലകളിൽ തിരുവിതാംകൂറിന്റെ വടക്കേ ഡിവിഷനിൽ ധാരാളമായിട്ടും തെക്കൻ പ്രദേശങ്ങളിൽ ദുർല്ലഭമായിട്ടും അറിയപ്പെടുന്ന ആ ദിവ്യ പുരുഷനാണ് ഇപ്പോൾ "നിതാന്ത വന്ദ്യ ദിവ്യശ്രീമാൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്" എന്നു മലയാള പത്രങ്ങളിൽ നെടുനെടുങ്കൻ പരസ്യമായിത്തീർന്നിട്ടുള്ള ആ വിശിഷ്ട സംജ്ഞാനാമത്തിനുള്ളിൽ ഇതിനിടെ സ്ഥാനാരോഹണം ചെയ്തിരിക്കുന്ന ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്. നാട്ടു ക്രിസ്ത്യാനികളിലാർക്കുംതന്നെ വൈദികകോണിപ്പടിയിൽ ഇത്ര വളരെ അത്യുന്നതമായൊരു സ്ഥാനത്തെത്തുവാൻ ഇതേവരെ സാധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഇതേവരെയുള്ള ഇദ്ദേഹത്തിന്റെ സ്ഥാനവലിപ്പവും സ്ഥിതിമഹത്വവും നോക്കുമ്പോൾ ഇതിന്റെ ഒക്കെ "പതിനെട്ടാം പടി" കൂടി കയറി മാർപ്പാപ്പാസ്ഥാനമാകുന്ന കത്തോലിക്കാലോകത്തിലെ അത്യുന്നത പദവികൂടി കരസ്ഥമാക്കുവാൻ തക്ക ഭാഗ്യവും യോഗ്യതയുമുള്ള വല്ലവരും ഇപ്പോൾ കേരളത്തിൽ ഉണ്ടെങ്കിൽ അത് ഇദ്ദേഹം അല്ലാതെ മറ്റാരുമല്ലെന്ന് തീർച്ച പറയാവുന്നതാണ്. ഇത്ര വളരെ ബഹുമാന്യനും, വലിയൊരു വൈദിക വിദ്വൽശിരോമണിയുമായ ഈ മഹാപുരുഷൻ കേവലം വസ്തുതയ്ക്കും വാസ്തവത്തിനും വിരുദ്ധമായോ, തന്റെ സ്ഥിതിക്കും സ്ഥാനത്തിനും ഹാനികരമായോ എന്തെങ്കിലും പറയുമെന്നോ, എഴുതുമെന്നോ, പ്രവർത്തിക്കുമെന്നോ വിചാരിക്കുന്നത് ശുദ്ധമേ അബദ്ധവും

അടിസ്ഥാനരഹിതവുമാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. എന്നാൽ ഇവിടത്തെ വർത്തമാനപ്പത്രക്കാരിൽ ചിലർ ഇദ്ദേഹത്തിന്റെ പേരിൽ ചില ദോഷാരോപണങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നതു കണ്ട് ഞങ്ങൾ ഏറ്റവും അത്ഭുതപ്പെടുകയും ഏറ്റവും വ്യസനിക്കുകയും ചെയ്യുന്നു. നമ്മുടെ തിരുവിതാംകൂർ ഗവൺമെന്റ് ക്രിസ്ത്യാനികളുടെ ശത്രുവാണെന്നും അവർക്കീ രാജ്യത്തു ദേവാലയങ്ങൾ സ്ഥാപിക്കുന്നതിന് സമ്മതിക്കുന്നില്ലെന്നും മാത്രമല്ല, ക്രിസ്തുമതപ്രചാരണത്തിനും അഭിവൃദ്ധിക്കും തടസ്സം ചെയ്യുന്നുവെന്നും ക്രിസ്ത്യാനികളെ വേണ്ടുവോളം സർക്കാരുദ്യോഗം കൊടുത്തു പ്രോത്സാഹിപ്പിക്കുന്നില്ലെന്നും മറ്റുമുള്ള ഭയങ്കരപരാതികളടങ്ങിയ ഒരു ഭീമഹർജ്ജി ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് അവർകൾ വൈസ്രോയിക്കയച്ചിരുന്നതായും ആ മെമ്മോറിയൽ ഇപ്പോൾ ഇവിടുത്തെ പോളിറ്റിക്കൽ ഏജന്റിന്റെ പക്കൽ കിട്ടിയിരിക്കുന്നതായും കേൾക്കുന്നതിൽ എത്രമാത്രം പരമാർത്ഥമുണ്ടെന്നു ഞങ്ങളറിയുന്നില്ല. കേവലം വാസ്തവിരുദ്ധങ്ങളും അടിസ്ഥാനരഹിതവുമായ പച്ചക്കള്ളങ്ങളും കെട്ടുകഥകളും കൂട്ടിച്ചേർത്ത് കെട്ടിയുണ്ടാക്കി പ്രദർശിപ്പിക്കുവാനും, ഈവക ചെപ്പടിവിദ്യകളും, ഇന്ദ്രജാലങ്ങളുംകൊണ്ട് തിരുവിതാംകൂർ ഗവൺമെന്റിനെ ഉമ്മാക്കി കാണിക്കുവാനും, നമ്മുടെ ബഹുമാന്യനും മഹാവിദ്വാനുമായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകൾ സന്നദ്ധനാകുമെന്നു വിശ്വസിക്കുവാൻ ഞങ്ങൾക്ക് വിഷമമായിരിക്കുന്നു. ഏതായാലും മെമ്മോറിയലിനെപ്പറ്റിയുള്ള ഇവിടുത്തെ പോളിറ്റിക്കൽ ഏജന്റിന്റെ അന്വേഷണവും തെളിവെടുപ്പും പൂർത്തിയാകുമ്പോൾ മാത്രമേ അതിന്റെ കർത്തൃത്വം വഹിക്കുന്നത് യഥാർത്ഥത്തിൽ ആർച്ചുബിഷപ്പോ ആർച്ചുഡെവിളോ ആരാണെന്നു നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. ആകയാൽ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളും പ്രസ്തുത മെമ്മോറിയലിന്റെ കർത്താവായ ആർച്ചുഡെവിളും ഒരേ ഒരാളാണെന്നു നിസ്സംശയമായി തെളിയിക്കപ്പെടുന്നതുവരെ നമ്മുടെ വർത്തമാനപ്പത്രക്കാരിപ്പോൾ ചെണ്ടകൊട്ടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വൃത്താന്തങ്ങൾ അപ്പടി വിശ്വസിക്കുവാനോ മേല്പടി ആർച്ചുബിഷപ്പവർകളെ തെറ്റിദ്ധരിക്കുവാനോ വിദൂഷകൻ ഒരുക്കമല്ലെന്നുകൂടെ ഉച്ചത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.”

(വിദൂഷകൻ 1110 മീനം)

## ആർച്ചുബിഷപ്പ് എന്തു ചെയ്യും?

തിരുക്കൊച്ചിയിൽ പൊളിറ്റിക്കൽ ഏജന്റായിരുന്ന കേണൽ ഫീൽഡിനു ശേഷം പുതുതായി വന്നു ചാർജെടുത്ത കേണൽ ഗാർസ്റ്റിന്റെ പേർക്ക് ആർച്ചുബിഷപ്പ് എഴുതിയ കത്തിൽ താൻ ഈ കാര്യം സംബന്ധിച്ച് എന്താണ് പ്രവർത്തിച്ചതെന്നതിനെപ്പറ്റി സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കത്തിൽ ഇതേപ്പറ്റി എഴുതിയിരുന്ന ഭാഗത്തിന്റെ പരിഭാഷയാണ് താഴെ ചേർക്കുന്നത്.

തിരുവനന്തപുരം,
4 ഏപ്രിൽ 1935

പ്രിയപ്പെട്ട കേണൽ ഗാർസ്റ്റിൻ,

നിങ്ങൾ തിരുവനന്തപുരത്ത് സന്ദർശിക്കാനെത്തുമ്പോൾ തിരുവിതാംകൂറിലെ ഏതോ ഒരു ആർച്ചുബിഷപ്പ് ബ. വൈസ്രോയി അവർകൾക്ക് ഒരു മെമ്മോറിയൽ അയച്ചു എന്ന് കേൾക്കുന്നതിനിടയായേക്കും. തിരുവിതാംകൂർ ഗവൺമെന്റ് ക്രൈസ്തവദൈവാലയങ്ങൾക്കുള്ള അനുവാദപേക്ഷകൾ നിഷേധിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു മെമ്മോറിയലിനെപ്പറ്റി ആയിരിക്കും അത്. എന്റെ പേരു പറയാതെ തന്നെ ആ മെമ്മോറിയലിന്റെ കർത്താവ് ഞാൻ തന്നെയാണെന്ന് ചില പത്രങ്ങളിൽ കാണുകയുണ്ടായി. എന്നാൽ വൈസ്രോയിക്ക് ഒരു മെമ്മോറിയൽ അയയ്ക്കുന്നതിനെപ്പറ്റി ഞാൻ ഇതേവരെ ചിന്തിക്കുക പോലും ചെയ്തിട്ടില്ലെന്നതാണു പരമാർത്ഥം.

ഈ വിഷയത്തിൽ ഞാനെന്താണു ചെയ്തതെന്നു നിങ്ങൾ ഇതിനകം അറിഞ്ഞു കാണുമെന്നു വിശ്വസിക്കുന്നു. തിരുവനന്തപുരം അതിരൂപത പരി. മാർപ്പാപ്പാ തിരുമേനിയുടെ അനുമതിയോടുകൂടെ ഈ അടുത്തകാലത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ഈ അതിരൂപതയിലെ കത്തോലിക്കർ യാക്കോബായസഭയിൽ നിന്നും കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടവരും ഞായറാഴ്ചയാരാധ നയിൽ താല്പര്യം പ്രകടിപ്പിക്കുന്നവരുമാകയാൽ അവർക്ക് ദൈവാലയങ്ങൾ അത്യന്താപേക്ഷിതമാണ്. എന്നാൽ ദൈവാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭിക്കുന്നതിനുവേണ്ടി തിരുവിതാംകൂർ ഗവൺമെന്റിന്റെ പേർക്ക് ഞാൻ ഈ അടുത്ത കാലത്ത് അയച്ച ഇരുപത്തിയാറ് അപേക്ഷകളും നിരാകരിക്കപ്പെടുകയാണു ണ്ടായിട്ടുള്ളത്. അതിൽ

ഇരുപത് അപേക്ഷകൾ ഇക്കഴിഞ്ഞ പതിന്നാലു മാസങ്ങൾക്കുള്ളിൽ അയച്ചിട്ടുള്ളവയാണ്.

തിരുവിതാംകൂർ ചീഫ് സെക്രട്ടറിയായിരുന്ന ഡോ.കുഞ്ഞൻ പിള്ളയെ ഞാൻ നേരിട്ടു കാണുകയും നിഷേധിക്കപ്പെട്ട എല്ലാ അപേക്ഷകളുടെയും ലിസ്റ്റ് അദ്ദേഹത്തെ കാണിക്കുകയും ചെയ്തു. അതിനുംപുറമേ, തിരുവിതാംകൂർ ഭരണാധികാരിയായ ദിവാനെ ഞാൻ നേരിട്ടു സന്ദർശിച്ച് ഇവിടുത്തെ കത്തോലിക്കർ ദൈവാലയനിർമ്മാണം സംബന്ധിച്ച് അനുഭവിക്കുന്ന വൈഷമ്യങ്ങളെപ്പറ്റി വിശദീകരിച്ചു സംസാരിക്കുകയുമുണ്ടായി. ഈദൃശവൈഷമ്യങ്ങൾ അതിരൂപതയ്ക്കു മാത്രമല്ല, പിന്നെയോ തിരുവിതാംകൂറിലുള്ള എല്ലാ ക്രൈസ്തവർക്കും ബാധകമാണ്. നിഷേധിക്കപ്പെട്ട അപേക്ഷകളെപ്പറ്റി പുനഃപരിശോധന നടത്തണമെന്നുള്ള അഭ്യർത്ഥന അടങ്ങിയ കത്തും ഞാൻ ദിവാനു നൽകുകയുണ്ടായി. അതും കൂടാതെ എന്റെ സഹ്രഗനും തിരുവല്ലാ മെത്രാനുമായ മാർ തെയോഫിലോസിനെയും എന്റെ കീഴിലുള്ള രണ്ടു വൈദികരെയും പ്രോസിക്യൂട്ടു ചെയ്യുന്നതിനു ഗവൺമെന്റ് അയച്ചിട്ടുള്ള ഓർഡർ പിൻവലിക്കണമെന്ന് ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ ഇതു സംബന്ധിച്ചു യാതൊരു മറുപടിയും ചീഫ് സെക്രട്ടറിയിൽ നിന്നോ, ദിവാനിൽ നിന്നോ ലഭിക്കാതിരുന്നതിനാൽ ദിവാന്റെ പേർക്ക് ഒരു റിമൈൻഡർ ഞാൻ പിന്നീട് അയയ്ക്കുകയുണ്ടായി.

ഈ അടുത്തകാലത്ത് നിങ്ങളുടെ മുൻഗാമിയായ കേണൽ ഫീൽഡിനെ സന്ദർശിച്ച് അദ്ദേഹവുമായി ഞാൻ നടത്തിയ സംഭാഷണത്തിൽ ഈ കാര്യവും പരാമർശിക്കുകയുണ്ടായി. അതിനും പുറമേ, ദിവാന്റെ പേർക്ക് ഞാൻ അയച്ച കത്തുകളുടെ കോപ്പികൾ അദ്ദേഹത്തിനു നൽകുകയും ചെയ്തു. ക്രൈസ്തവർക്ക് ദൈവാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈഷമ്യങ്ങളെപ്പറ്റി മാത്രമേ പ്രസ്തുത കത്തിൽ രേഖപ്പെടുത്തിയിരുന്നുള്ളു. അല്ലാതെ യാതൊരു രാഷ്ട്രീയ പരാമർശങ്ങളും അതിൽ ഇല്ലായിരുന്നു. നിങ്ങൾക്കറിയാവുന്നതു പോലെ രാഷ്ട്രീയകാര്യങ്ങളിൽ നിന്ന് ഞാൻ വളരെ അകന്നാണ് ഇപ്പോൾ ജീവിക്കുന്നത്. ഞാൻ ദിവാനയച്ച കത്തുകളിൽ തിരുവിതാംകൂറിലെ രാജാക്കന്മാർ, പ്രത്യേകിച്ച് ഇപ്പോഴത്തെ മഹാരാജാവ് തിരുമനസ്സുകൊണ്ട് പ്രകടിപ്പിക്കുന്ന മതസഹിഷ്ണുതയെപ്പറ്റി സ്തുത്യർഹമായി പ്രതിപാദിച്ചിരുന്നു. ഇക്കാര്യം നിങ്ങളുമായി നടത്തിയ സംഭാഷണത്തിൽ ഞാൻ പ്രസ്താവിച്ചിരുന്നതുപോലെ

പ്രസ്തുത ഭരണത്തെപ്പറ്റി അതിയായ മതിപ്പാണ് ഇപ്പോഴും ഞങ്ങൾക്കുള്ളത്. അദ്ദേഹത്തിന്റെ ശ്രദ്ധയ്ക്കായി ഇതു സംബന്ധിച്ചുള്ള കാര്യങ്ങൾ സമർപ്പിച്ചെങ്കിൽ മാത്രമേ മതപരമായ ഈദൃശപരാതികൾക്ക് ഉടനടി പരിഹാരം കിട്ടുകയുള്ളു എന്നാണ് എന്റെ പരിപൂർണ്ണ വിശ്വാസം....."

എന്ന് നിങ്ങളുടെ ആത്മാർത്ഥത നിറഞ്ഞ
മാർ ഈവാനിയോസ്
(തിരുവനന്തപുരം മെത്രാപ്പോലീത്താ)

തിരുവിതാംകൂർ മഹാരാജാവിനോ, ദിവാനോ എതിരായി മാർ ഈവാനിയോസ് യാതൊരു മെമ്മോറിയലും ഇൻഡ്യാ വൈസ്രോയിക്ക് അയച്ചിട്ടില്ലെന്ന് ഈ കത്തിൽ നിന്നും വ്യക്തമാകുന്നുണ്ടല്ലോ. ഈ വിവരം പരസ്യമയാതോടുകൂടെ "ആർച്ചുബിഷപ്പ് രാജ്യദ്രോഹി ആണെന്നും അദ്ദേഹത്തെ ഉടനടി അറസ്റ്റ് ചെയ്ത് ശിക്ഷിക്കേണ്ടതാണെന്നും" മറ്റും മുഖപ്രസംഗങ്ങളും ലേഖനങ്ങളും എഴുതിയിരുന്ന പത്രാധിപന്മാരും ലേഖകന്മാരും മൗനാവലംബികളായിത്തീർന്നു.

# അദ്ധ്യായം 47

# സി. പി. യുടെ ഷഷ്ട്യബ്ദിപൂർത്തി ആഘോഷവും പ്രസംഗവും

പരസ്പരയുദ്ധം നടത്തിക്കൊണ്ടിരുന്ന രണ്ടു വ്യക്തികൾ ഒരേ സമയത്തു തലസ്ഥാനനഗരിയിൽ കഴിഞ്ഞുകൂടുക അസാദ്ധ്യമെന്ന നിലയിലേക്കാണ് സ്ഥിതിഗതികൾ നീങ്ങിക്കൊണ്ടിരുന്നത്. സർ സി.പി.യെ എങ്ങനെയെങ്കിലും തിരുവിതാംകൂറിൽ നിന്നും ഓടിക്കണമെന്ന് ആർച്ചുബിഷപ്പും, തിരുവനന്തപുരം പട്ടണത്തിൽ നിന്നും ആർച്ചുബിഷപ്പിനെ എങ്ങനെയെങ്കിലും പുറത്താക്കണമെന്ന് സർ സി. പി.യും നിശ്ചയിച്ചുകൊണ്ട് അതിനുവേണ്ടിയുള്ള പരിപാടികൾ ഇരുവരും തയ്യാറാക്കിക്കൊണ്ടിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടെ സി.പി. ഭരണം അസ്തമിപ്പിക്കുവാൻ ആർച്ചുബിഷപ്പ് നടത്തിയ പരിശ്രമങ്ങൾ മുൻ അദ്ധ്യായത്തിൽ വിവരിച്ചിരുന്നുവല്ലോ. അപ്രകാരം തന്നെ തലസ്ഥാനനഗരിയിൽ നിന്നും കഥാപുരുഷനെ ഓടിക്കുവാൻ വേണ്ടി, അദ്ദേഹം വാങ്ങിയിരുന്ന രണ്ടു സ്ഥലങ്ങളിൽ നിന്നു കുടിയിറക്കുവാൻ സി. പി. ചെയ്ത കുത്സിതശ്രമങ്ങളും അന്യത്ര പ്രതിപാദിച്ചിരുന്നുവല്ലോ. ഏവം വിധം പരസ്പരം ഭയന്നു രണ്ടു വ്യക്തികളും ജീവിച്ചുകൊണ്ടിരുന്ന സന്ദർഭത്തിലാണ്, സർ സി.പി.ഇപ്രകാരം പറയുകയുണ്ടായത്.: “എനിക്ക് തിരുവിതാംകൂറിൽ ആരെയെങ്കിലും ഭയമുണ്ടെങ്കിൽ അത് ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനെയാണ്. കാരണം, അത്രമാത്രം സാമർത്ഥ്യവും സ്വാധീനശക്തിയുമുള്ള ഒരു രാജ്യതന്ത്രജ്ഞനാണ് അദ്ദേഹം.”

## അനുരഞ്ജന പരിശ്രമം

ഈ സന്ദർഭത്തിന്റെ ഗൗരവം ശരിക്കു മനസ്സിലാക്കിയതിന്റെ ഫലമായി, ഇരുവരുടെയും അഭ്യുദയകാംക്ഷികളും നിസ്വാർത്ഥമതികളു മായ ഒട്ടനേകർ ഇവരെ തമ്മിൽ മൈത്രിയിൽ കൊണ്ടുവരുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുവാൻ തുടങ്ങി. അതിരൂപതയുടെ അഭിവൃദ്ധിയെ പരിഗണിച്ച് ദിവാനുമായി രമ്യതയിൽ കഴിച്ചുകൂട്ടുവാൻ ശ്രമിക്കണമെന്ന് അനേകം വൈദികരും അല്മായപ്രമുഖരും ആർച്ചുബിഷപ്പിനോട് അഭ്യർത്ഥിച്ചു, കേരളത്തിലെ ചില വൈദികമേല ദ്ധ്യക്ഷന്മാരും ഇക്കാര്യത്തിൽ ആർച്ചുബിഷപ്പിനെ ഗുണദോഷിക്കുക യുണ്ടായി. തൃശൂർ മെത്രാനായിരുന്ന ഡോ.ഫ്രാൻസിസ് വാഴപ്പിള്ളി തിരുമനസ്സുകൊണ്ട് ശ്രീമാൻ ഏ. പീലിപ്പോസ് ജഡ്ജി മുഖേന പറഞ്ഞയച്ചതിപ്രകാരമായിരുന്നു: "നിങ്ങൾ തിരുവനന്തപുരത്ത് ചെന്നാലുടനെ മാർ ഈവാനിയോസിനെ കണ്ടു പറയണം, നിലവിലിരിക്കുന്ന ഗവൺമെന്റുമായി രമ്യതയിൽ കഴിഞ്ഞുകൂടുവാൻ ശ്രമിക്കണമെന്ന്. ദിവാനുമായി പിണങ്ങി ജീവിച്ചാൽ ദോഷമല്ലാതെ യാതൊരു ഗുണവുമില്ല." മി.പീലിപ്പോസ് തിരുവനന്തപുരത്തെത്തി ഇതേവിധം തന്നെ ആർച്ചുബിഷപ്പിനോടു പറയുകയുണ്ടായി. ഇപ്രകാരം സി.പി.യുടെ ഗുണകാംക്ഷികളും കിങ്കരന്മാരുമായിരുന്ന പലരും, ആർച്ചുബിഷപ്പിനോടു പിണങ്ങാതെ കഴിച്ചുകൂട്ടണമെന്ന് അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. ഇങ്ങനെ ചിന്തകന്മാരും നിസ്വാർ ത്ഥരുമായ അനേകരുടെ അഭിപ്രായങ്ങളെയും അഭിലാഷങ്ങളെയും സമാദരിച്ച് അതിനുള്ള അവസരം പ്രതീക്ഷിച്ച് ഇരുവരും വർത്തിച്ചുകൊണ്ടിരുന്നു.

## ഷഷ്ട്യബ്ദ്യപൂർത്തിയാഘോഷം

ഈ സന്ദർഭത്തിലാണ് സർ സി. പി.യ്ക്കു അറുപത് വയസ്സ് പൂർത്തിയായത്. അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദ്യപൂർത്തി, സ്ഥാപിത താൽപര്യക്കാരും സിൽബന്ധികളുമായ അനേകരുടെ പരിശ്രമഫല മായി തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലുംവച്ച് ആഘോഷിക്ക പ്പെട്ടു. ജാതിമതവ്യത്യാസമെന്യേ പല സ്ഥലങ്ങളിലും അദ്ദേഹത്തെ ക്ഷണിച്ച് അനുമോദനയോഗങ്ങൾ കൂടുകയും ഹാരമണിയിക്കുകയും പ്രസംഗങ്ങൾ നടത്തുകയും മംഗളപത്രം സമർപ്പിക്കുകയും ചെയ്തു. ക്രൈസ്തവവിഭാഗങ്ങളിൽപ്പെട്ട കത്തോലിക്കരും പ്രത്യേകിച്ച്

സിറിയൻ കത്തോലിക്കരും മാർത്തോമ്മാ സഭാംഗങ്ങളും ഇതിൽ വൈമുഖ്യം പ്രകടിപ്പിച്ചു. സിറിയൻ കത്തോലിക്കരെക്കൊണ്ടും ഈ ആഘോഷങ്ങൾ നടത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇതിനിടയിൽ അണിയറയിൽ നടത്തപ്പെട്ടു. അന്നു തിരുവനന്തപുരത്തു താമസിച്ചു കൊണ്ടിരുന്ന ദേഹവും സർ സി. പി.യുടെ ഒരാത്മസുഹൃത്തുമായിരുന്ന ശ്രീ ജോസഫ് കുഞ്ഞുപടിയറയാണ് ഇക്കാര്യത്തിൽ മുൻകൈയെടുത്ത് പ്രവർത്തിച്ചത്. തിരുവന്തപുരത്തുണ്ടായിരുന്ന ഏതാനും സിറിയൻ കാത്തലിക്ക് പ്രമുഖന്മാർ അടങ്ങിയ ഒരു കമ്മറ്റി ഇതിനായി രൂപീകൃതമായി.

പട്ടത്തുള്ള ആർച്ചുബിഷപ്പിന്റെ അരമനാങ്കണത്തിൽവച്ച് ആഘോഷങ്ങൾ നടത്തത്തക്കവിധം അവർ നിശ്ചയിക്കുകയും വിവരം ആർച്ചുബിഷപ്പിനെ അറിയിക്കുകയും ചെയ്തു. ദിവാനുമായി മൈത്രി യിൽ കഴിച്ചുകൂട്ടുന്നതിനു പറ്റിയ ഒരു സന്ദർഭം പ്രതീക്ഷിച്ചുകൊണ്ടി രുന്ന കഥാപുരുഷൻ ഇതിനു സമ്മതവും നല്കി. അങ്ങനെ 1939 നവംബർ 15-ാം തീയതി സർ സി.പി.യ്ക്ക് ആഘോഷപൂർവ്വകമായ ഒരു സ്വീകരണവും തുടർന്ന് ആർച്ചുബിഷപ്പിന്റെ അരമനയുടെ അങ്കണത്തിൽവെച്ച് അനുമോദനയോഗവും നടത്തപ്പെട്ടു. യോഗത്തിൽ എറണാകുളം, തിരുവനന്തപുരം മെത്രാപ്പോലീത്തന്മാർ, ചങ്ങനാശ്ശേരി തിരുവനന്തപുരം മെത്രാന്മാർ, തിരുവല്ലാ അഡ്മിനിസ്ട്രേറ്ററായിരുന്ന മാർ സേവേറിയോസ്, മാർ ദിയസ്കോറോസ്, എന്നീ മെത്രാപ്പോലീത്താ മാർ, വികാരി ജനറാളന്മാർ, കേരളകർമ്മലീത്താ മൂന്നാംസഭയുടെ പ്രിയോർ ജനറാൾ, ഹൈക്കോടതി ജഡ്ജിമാർ, അഭിഭാഷകന്മാർ, പൗര പ്രമുഖന്മാർ എന്നിങ്ങനെ ആയിരക്കണക്കിനു ജനങ്ങൾ സംബന്ധിച്ചി രുന്നു. സ്വാഗതപ്രസംഗം അനുമോദനപ്രസംഗങ്ങൾ, മംഗളപത്ര സമർപ്പണം എന്നിവയ്ക്കുശേഷം സർ സി. പി. ചെയ്ത പണ്ഡിതോചി തമായ മറുപടി പ്രസംഗത്തിൽ കത്തോലിക്കാസഭയെയും പരി.പിതാ വിനെയും സഭാവിശുദ്ധന്മാരെയും പറ്റി സ്തുത്യർഹമായി പലതും പ്രസ്താവിക്കയുണ്ടായി. പ്രസ്തുത പ്രസംഗം ആയിടയ്ക്കു തന്നെ വത്തിക്കാൻ റേഡിയോ വിവിധ ഭാഷകളിലായി പ്രക്ഷേപണം ചെയ്തിരുന്നു.

അന്നത്തെ യോഗത്തിൽ സന്നിഹിതനായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഒരു പുതിയ ഹൈസ്കൂളിന്റെ ശിലാ സ്ഥാപനകർമ്മം നിർവ്വഹിക്കുകയുണ്ടായി. ഇപ്പോഴും പ്രശസ്തനില

യിൽ നടത്തപ്പെട്ടു പോരുന്ന പട്ടം സെന്റ് മേരീസ് ഹൈസ്കൂളത്രേ അത്. ഒരൊറ്റ ദിവസം കൊണ്ടുതന്നെ പ്രിപ്പയാററ്ററി ക്ലാസുമുതൽ ആറാംഫാറം വരെയുള്ള ഏഴുക്ലാസുകൾ ആരംഭിച്ച് പ്രസ്തുത സ്കൂൾ തിരുവിതാംകൂർ വിദ്യാഭ്യാസചരിത്രത്തിൽ ഒരു പുതിയ റിക്കാർഡ് സൃഷ്ടിക്കുകയുണ്ടായി എന്ന വസ്തുതയും ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ.

## വത്തിക്കാൻ പ്രക്ഷേപണം

ഇറ്റാലിയൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്, ജർമ്മൻ എന്നീ വിവിധ ഭാഷകളിൽ സർ സി.പി.യുടെ പ്രസംഗം പ്രക്ഷേപണം ചെയ്യുകയുണ്ടായി. ആർച്ചുബിഷപ്പിന്റെ അരമനയിൽ വച്ചു തിരുവിതാം കൂർ ദിവാനു നൽകിയ സ്വീകരണത്തെപ്പറ്റിയുള്ള ചുരുങ്ങിയ റിപ്പോർട്ട് ആദ്യമായി നൽകിയ ശേഷം തിരുവിതാംകൂർ സംസ്ഥാനവും സിംഹാസനവും തമ്മിലുള്ള ബന്ധത്തെപ്പറ്റി വത്തിക്കാൻ റേഡിയോ ഇപ്രകാരം പ്രസ്താവിച്ചു.

## ആമുഖം

“തിരുവിതാംകൂർ രാജകുടുംബവും പരിശുദ്ധ റോമ്മാസിംഹാ സനവും തമ്മിൽ സൗഹൃദബന്ധമാണ് എക്കാലവും പുലർത്തി ക്കൊണ്ടിരുന്നത് എന്ന വസ്തുത സുപ്രസിദ്ധമാണല്ലോ. ഈ അടുത്ത സമയത്ത് തിരുവിതാംകൂർ മഹാരാജാവും രാജകുടുംബത്തിലെ ഇതര അംഗങ്ങളും മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചതോടുകൂടെ ഈ ബന്ധം കൂടുതൽ ദൃഢതരമായിത്തീർന്നു. ദീർഘകാലമായി നിലനിന്നു പോന്ന ഈ ബന്ധം തലസ്ഥാന നഗരി തിരുവനന്തപുരം അതിരൂപത യുടെ ആസ്ഥാനമാക്കിയതോടുകൂടെയും മഹാരാജാവിന്റെ ഒരു പ്രജയെത്തന്നെ അവിടത്തെ പ്രഥമമെത്രാപ്പോലീത്താ ആയി പരിശുദ്ധ പിതാവ് നിയമിച്ചതോടുകൂടെയും അതീവസുദൃഢമാക്കിത്തീർത്തി ട്ടുണ്ട്.

കത്തോലിക്കാസഭ പരിശുദ്ധ പിതാവിന്റെ നിയന്ത്രണത്തിൻ കീഴിൽ ലോകസംസ്കാരത്തിന്റെ അഭംഗമായ നിലനില്പിനും, സാമൂഹ്യവ്യവസ്ഥിതിയുടെ പരിപാലനത്തിനും, യഥാർത്ഥ അധികാര സ്ഥാനത്തോടുള്ള അനുസരണത്തിലും എക്കാലവും നിലനിന്നു പോന്നിരുന്നു. മനുഷ്യരാശിയുടെ സാമൂഹികവും സാംസ്കാരിക വു മായ ഉദ്ധാരണത്തിനും സമൂഹത്തിന്റെ സമാധാനപരവും സൗഹാർദ്ദ

പരവുമായ നിലനില്പിനുംവേണ്ടി പാപ്പാ സിംഹാസനം ഇക്കഴിഞ്ഞ എല്ലാ ശതാബ്ദങ്ങളിലും മഹനീയമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഈ അടുത്ത സമയത്ത് തിരുവനന്തപുരവും പാപ്പാസിംഹാസനവും തമ്മിലുണ്ടായ ബന്ധം ആ രാജ്യത്തിന്റെ തുടർന്നുള്ള പുരോഗതിക്ക് നിദാനമായിത്തീരുമെന്നുള്ള ശുഭപ്രതീക്ഷ യ്ക്ക് വക നൽകുന്നുണ്ട്."

ഇപ്രകാരം പ്രാരംഭമായി പ്രസ്താവിച്ചുകൊണ്ടാണ് സർ സി. പി.യുടെ പ്രസംഗം വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്തത്. റോമ്മാസിംഹാസനത്തെയും, കത്തോലിക്കാസഭയെയും, വിശുദ്ധന്മാരെയും പറ്റി പണ്ഡിതവര്യനായ സർ സി.പി. ചെയ്ത പ്രസംഗഭാഗമാണ് താഴെ ചേർക്കുന്നത്.

## സർ സി. പി.യുടെ പ്രസംഗം

വന്ദ്യതിരുമേനിമാരേ, ബ. വൈദികരേ, മഹതീമഹാന്മാരേ,

".....നിങ്ങളുടെ സഭാചരിത്രത്തെ സഗാഢം പഠനം ചെയ്തിട്ടുള്ളവനും, അധികാരത്തോടുള്ള മനുഷ്യസഹജമായ ആദരാഭിവാഞ്ഛകളെയും ജീവിതമാർഗ്ഗദർശനത്തെയും ശരിയായി പുരോഗമിപ്പിച്ചു പോരുന്ന ഒരു സ്ഥാപനമെന്ന നിലയിൽ പാപ്പാസ്ഥാനത്തെ അത്യഗാധമായ അഭിനന്ദനാദരങ്ങളോടുകൂടെ വീക്ഷിക്കുന്ന ഒരുവനുമാണ് ഞാൻ. ഇതേ സമയംതന്നെ എന്റെ സ്വന്തമതത്തെ ഭക്തിപൂർവ്വം ഞാൻ പാലിച്ചു പോരുകയും ചെയ്യുന്നു. പ്രാചീനവും ആധുനികവുമായ ലോകത്തെ രൂപവത്കരിക്കുന്ന വിഷയത്തിൽ നിങ്ങളുടെ സഭയ്ക്കുള്ള നേട്ടങ്ങളെയെല്ലാം ബഹുമാനപുരസ്സരം പഠിക്കുകയെന്നത് ഒരു കർത്തവ്യമായി ഞാൻ സ്വീകരിച്ചു പോന്നിട്ടുണ്ട്. മനുഷ്യസംസ്കാരത്തിന് കത്തോലിക്കാസഭ ചെയ്തിട്ടുള്ള നിസ്തുലസേവനങ്ങളെപ്പറ്റി അറിവില്ലാത്ത എന്റെ സ്നേഹിതന്മാർക്ക് ആ സഭ സുസ്ഥിരതയ്ക്കും ശക്തിക്കും വിശ്വാസത്തിനും ഔദാര്യത്തിനും വേണ്ടി ഏതുവിധമാണ് നിലകൊണ്ടിട്ടുള്ളതെന്ന് അറിഞ്ഞുകൂടായിരിക്കാം.

പത്രോസെന്നു വിളിക്കപ്പെട്ട യോനായുടെ പുത്രനോടു, "പത്രോസേ, നീ പാറയാകുന്നു. ഈ പാറമേൽ എന്റെ സഭ ഞാൻ പണികഴിപ്പിക്കും" എന്നു സ്മരണാർഹമായ ഒരു സന്ദർഭത്തിൽ മഹാനായ രക്ഷകനാണ് അരുളിച്ചെയ്തത്. പത്രോസ് മേയിക്കുകയും പൗലോസ് ബലവത്താക്കുകയും ചെയ്ത സഭ മുറയ്ക്കു പ്രബലതരമായിത്തീർന്നുകൊണ്ട് അക്ഷയമായ ഊർജ്ജസ്വലതയോടു കൂടെ ഇന്നോളം തുടർന്നു പോന്നിരിക്കുന്നു.

അഭിവന്ദ്യ തിരുമേനിമാരെ,

മഹാരാജാവ് തിരുമനസ്സിലെ വത്തിക്കാൻ സന്ദർശനത്തെപ്പറ്റി നിങ്ങൾ പരാമർശിച്ചു. പേപ്പൽ സിംസാഹനത്തിൽ ആരൂഢനാകും മുമ്പുതന്നെ മാർപ്പാപ്പാ തിരുമേനിയെ അവിടുന്നു മെത്രാനായിരുന്ന കാലത്ത് അറിയുവാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. ആകയാൽ പ്രത്യേകമായ കടപ്പാടോടുകൂടെയും ആദരപൂർവ്വകവുമാണ് ഞാൻ തിരുമനസ്സിനെ സമീപിച്ചത്. തിരുമനസ്സുകൊണ്ട് ഞങ്ങളെ സ്വീകരിച്ചപ്പോൾ പ്രകടിപ്പിച്ച ദയാതിരേകവും, തിരുവിതാംകൂറിലെ തന്റെ ആദ്ധ്യാത്മികാനുയായികളുടെ കാര്യത്തിൽ അവിടുന്നു പ്രദർശിപ്പിച്ച അതിരറ്റ താല്പര്യവും സകല പ്രശംസയ്ക്കും അതീതമത്രേ. മഹാരാജാവുതിരുമേനിക്കോ തിരുമേനിയെ അനുഗമിച്ച വർക്കോ റോമിലേക്കുള്ള ചരിത്രപ്രസിദ്ധമായ ആ പര്യടനം- ചരിത്രപ്രസിദ്ധമായ കൂടിക്കാഴ്ച്ച - വിസ്മരിക്കുവാൻ സാദ്ധ്യമല്ല. കായികാദ്ധ്വാനസന്നദ്ധതയിൽ തിരുമനസ്സുകൊണ്ട് ഒരു മഹാനായിരുന്നു. എന്തെന്നാൽ, അവിടുന്ന് യൂറോപ്പിലെ പ്രസിദ്ധ പർവ്വതാരോഹകരിൽ ഒരുവനായിരുന്നു. മറ്റൊരു അർത്ഥത്തിലും തിരുമനസ്സുകൊണ്ട് ഒരു പർവ്വതാരോഹകനായിരുന്നു. മഹത്തരവും സുസ്ഥിരജനകവുമായ ഒരു വമ്പിച്ച സമ്പത്തായിരുന്നു അവിടുന്ന്.

പലേ വിപത്തുകളും നമ്മെ അഭിമുഖീകരിച്ചിട്ടുള്ള ഒരു കാലഘട്ടമാണിത്. ആധികാരധ്വംസനോദ്യമങ്ങളും ആദർശരൂപവൽക്കരണം സംബന്ധിച്ച പ്രശ്നങ്ങളും നമ്മെ അഭിമുഖീകരിച്ചിരിക്കുന്നു. പഴയ ആദർശങ്ങൾ തകരുകയും, ആക്രമണമനോഭാവം നിഷേധപരമായി സകലതിനെയും വിഴുങ്ങിക്കളയുകയും ചെയ്യുമെന്നുള്ള നില പ്രാപിച്ചു വരികയും ചെയ്യുന്ന ഒരു കാലമാണിത്.

ഭാവി നമുക്ക് അജ്ഞാതമാണ്. അതുകൊണ്ട് ഭരണതന്ത്രജ്ഞന്മാർ, ഭരണാധികാരികൾ, നാടുവാഴികൾ, സാധാരണജനങ്ങൾ എന്നിവരെല്ലാം ശാന്തരായി വർത്തിച്ചു ശരിയായുള്ളതിനുവേണ്ടി സമരം ചെയ്യുകയും, വിശ്വാസവും പരസ്നേഹവും സംരക്ഷിക്കുകയും ചെയ്തില്ലെങ്കിൽ ഫലം ഭയങ്കരമായിരിക്കും. കമ്മ്യൂണിസപ്രവാഹം തുടങ്ങി സമുദായത്തെ നശിപ്പിക്കുന്നതിനു സഹായിക്കുന്ന എല്ലാ സ്വാധീനശക്തികളെയും തടുത്തുനിർത്തുന്നതിനുള്ള പ്രതിരോധകോട്ടയെയും എല്ലാ സമുദായങ്ങളെയും വർഗ്ഗങ്ങളെയും തമ്മിൽ യോജിപ്പിക്കുന്നതും പരസ്നേഹത്തിലും സഹിഷ്ണുതയിലും അധിഷ്ഠിത

മായിരിക്കുന്നതുമായ സന്മനസ്സിനെയും അത്രേ നിങ്ങൾ പ്രതിനിധീകരിക്കുന്നത്. കൊരിന്ത്യക്കാർക്കുള്ള ഒന്നാമത്തെ ലേഖനം പന്ത്രണ്ടാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങളിൽ സെന്റ് പോൾ പരസ്നേഹത്തെപ്പറ്റി ഇങ്ങനെ പറയുന്നു: "ഞാൻ മനുഷ്യരുടെയും മാലാഖമാരുടെയും സകല ഭാഷകളിലും സംസാരിച്ചാലും എന്നിൽ സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ ആയിപ്പോകും. എന്നിൽ പ്രവാചകത്വം ഉണ്ടായിരിക്കുകയും സകലരഹസ്യങ്ങളും സകല ജ്ഞാനവും ഞാൻ ഗ്രഹിക്കുകയും ചെയ്താലും മലകളെ മാറ്റുവാൻ തക്കവണ്ണം വിശ്വാസം എന്നിലുണ്ടായാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമില്ല."

പരസ്നേഹചൈതന്യമായിരിക്കണം ഈ ലോകത്തിൽ നമ്മെ നയിക്കേണ്ടത്. അത് നാം പരിശീലിക്കേണ്ടത് ആവശ്യമത്രേ. വിശ്വാസപരമായും രാഷ്ട്രീയമായും ഭിന്നാഭിപ്രായം ഉൾക്കൊള്ളുന്നവരാണ് നാമെങ്കിലും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലും, മനുഷ്യനും ലോകത്തിലെ ഇതരജീവികളും തമ്മിലുള്ള ബന്ധത്തിലും പരസ്നേഹവും സഹിഷ്ണുതയും ആയിരിക്കണം നമ്മെ നയിക്കേണ്ടത്. ഈ പരസ്നേഹവും സഹിഷ്ണുതയും ഇല്ലാത്ത ലോകം അധിവാസയോഗ്യമല്ല. വിശ്വാസം, ശരണം എന്നിവയെ പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടു ത്തുന്നതിന് ഒരു സംഘടന അവശ്യം വേണ്ടതാണ്. ആ സംഘടന ശക്തവും സുസംഘടിതവും ഐക്യത്തിലേക്ക് നയിക്കുന്നതും ആ ഐക്യത്തിന്റെ ഫലമായി ശക്തിയിലേക്ക് നയിക്കുന്നതുമായിരിക്കണം. കത്തോലിക്കർ എങ്ങനെയെങ്കിലും ദൃഷ്ടാന്തീകരിക്കുന്നെങ്കിൽ സാഹോദര്യസംഘടനൈക്യം അത്രേ അത്.

കത്തോലിക്കരുടെ ചരിത്രം വിസ്മയകരമത്രേ. അതിന്റെ നേതാക്കന്മാർ അത്ഭുതപ്രവർത്തകരായിരുന്നു. മഹാന്മാരായ പാപ്പാമാരെപ്പറ്റി 3-ാം ഇന്നസെന്റ്, 3-ാം പോൾ, 13-ാം ലെയോ ആദിയായ പാപ്പാമാരെപ്പറ്റി ഞാൻ പരാമർശിക്കേണ്ടതില്ലല്ലോ. കത്തോലിക്കാ വിശ്വാസത്തെയും ആചാരങ്ങളെയും രൂപപ്പെടുത്തുന്ന തിൽ കാര്യമായ വിധം സഹായിച്ച രണ്ടോ മൂന്നോ പേരെ എങ്കിലും അനുസ്മരിക്കേണ്ടിയിരിക്കുന്നു. അത്തരത്തിലൊരാൾ വിശുദ്ധ ബനഡിക്ടത്രെ. സാമൂഹ്യസേവനാദർശവും, ദേഹാദ്ധ്വാനവും, പഠനത്തോടും ഭക്തിപരങ്ങളായ പ്രവർത്തനങ്ങളോടും സംയോജിപ്പിച്ച് സ്വയം

പരിത്യാഗത്തോടും കൂടി സാധുക്കളുടെയും അധഃസ്ഥിതരുടെയും ഇടയിൽ സേവനം അനുഷ്ഠിക്കുക എന്ന മഹനീയാദർശം അദ്ദേഹ മത്രേ ലോകത്തിൽ അവതരിപ്പിച്ചത്. മഹാപുനരുജ്ജീവന കർത്താവായ സെന്റ് ഫ്രാൻസിസ് അസ്സീസി സ്വന്തമായും സ്വന്തം ആശ്രമങ്ങൾ വഴിയായും ശിശുക്കളോടും മൃഗങ്ങൾ പുഷ്പങ്ങൾ ആദിയായവയോടും ഉള്ള വിപുലമായ സ്നേഹം മൂലം മറ്റൊരു തരം പ്രവർത്തനമാതൃകയെ ലോകത്തിനു നൽകി. അദ്ദേഹത്തിന്റെ സേവനങ്ങളുടെ മതപരമായ വശത്തിൽ നിന്നന്യമായ ഭാഗം തന്നെ ജീവകാരുണ്യപരമായി മഹത്തായ ഒന്നായിരുന്നു.

അടുത്തതായി സെന്റ് ഡോമിനിക്, ഇഗ്നേഷ്യസ് ലയോള എന്നീ സിദ്ധന്മാരെ നാം കാണുന്നു. കത്തോലിക്കാ സിദ്ധന്മാരെല്ലാം തന്നെ പഠനം, വിശ്വാസം, പരസ്നേഹം, സാമൂഹ്യസേവനം എന്നിവയുടെ പരമകാഷ്ഠയുടെ മൂർത്തീകരണങ്ങളായിരുന്നു. അതാണ് അവരുടെ ചരിത്രം. സെന്റ് പീറ്റർ, സെന്റ് പോൾ തുടങ്ങി സെന്റ് അഗസ്റ്റിൻ, ബനഡിക്ട്, ഫ്രാൻസിസ്, 3-ാം ഇന്നസെന്റ് പാപ്പാ, 13-ാം ലെയോ പാപ്പാ എന്നിവരടക്കം കർദ്ദിനാൾ ന്യൂമാൻ വരെയുള്ളവരുടെ പൂർവ്വമാതൃക മാത്രമല്ല നിങ്ങൾക്കുള്ളത്. ഇപ്പോൾ ജീവിക്കുന്നവരിലും അതേ ചൈതന്യം തന്നെയാണുള്ളത്. പേരുകൾ എടുത്തു പറയുന്നില്ല എന്നേയുള്ളൂ. നിങ്ങൾക്ക് നമസ്കാരം.''

## വിധിവൈഭവം

ശരവണക്കുന്നിലെ ഏതാനും ഏക്കർ സ്ഥലം അതിലു ണ്ടായിരുന്ന പല മുറികളോടുകൂടിയ കെട്ടിടവും വിലയ്ക്കുവാങ്ങി തന്റെ അരമന അവിടെ നിർമ്മിച്ച് അതിൽ താമസിക്കാമെന്ന പ്രതീക്ഷയോടു കൂടെയായിരുന്നു ഒന്നര വർഷക്കാലം നമ്മുടെ കഥാപുരുഷൻ അവിടെ താമസിച്ചുകൊണ്ടിരുന്നത്. ആ പ്രതീക്ഷാവല്ലരി പൂവണിയുവാൻ സർ സി. പി. യുടെ വൈര്യനിര്യാതനബുദ്ധി അനുവദിക്കുകയുണ്ടാ യില്ലെന്നും തന്നിമിത്തം ആർച്ചുബിഷപ്പും വൈദികരും പ്രസ്തുത കെട്ടിടത്തിൽ നിന്നും പുതുതായി വാങ്ങിയ സ്ഥലത്തേക്കും കെട്ടിടത്തി ലേക്കും മാറിത്താമസിക്കുകയുണ്ടായി എന്നും മറ്റുമുള്ള വിവരം മേൽ പ്രസ്താവിച്ചിരുന്നുവല്ലോ. വിധിയുടെ ഗതി എപ്രകാരമെന്നു ആരറിഞ്ഞു! മാർ ഈവാനിയോസിന്റെ പിൻഗാമിയായ മാർ ഗ്രീഗോറി യോസിന്റെ ആസ്ഥാനം ശരവണക്കുന്നുതന്നെ ആയിരിക്കണമെന്നതാ യിരുന്നു ദൈവനിശ്ചയം.

ആർച്ചുബിഷപ്പിനെ കുടിയിറക്കിയശേഷം ഗവൺമെന്റുവക ഏതാനും സ്ഥാപനങ്ങൾ സി.പി.യുടെ നിർദ്ദേശമനുസരിച്ച് ശരവണക്കുന്നിൽ ആരംഭിച്ചു. എങ്കിലും അവയെല്ലാം അവസാനം പരാജയത്തിൽ കലാശിക്കയാണുണ്ടായത്. അങ്ങനെ ആ കെട്ടിടവും സ്ഥലവും നിർജ്ജീവാവസ്ഥയിൽ കിടന്നിരുന്ന കാലഘട്ടത്തിൽ ഫ്രാൻസിൽ നിന്നും ഒരു കൂട്ടം സന്ന്യാസിനികൾ അവരുടെ വകയായ ഒരു സ്ഥാപനം കേരളത്തിൽ തുടങ്ങുന്നതിനുവേണ്ടി തിരുവനന്ത പുരത്ത് എത്തിച്ചേർന്നു. ശരവണക്കുന്നിലെ പഴയ കെട്ടിടവും നാലേക്കറോളം സ്ഥലവും അവർ വിലയ്ക്കുവാങ്ങി അവിടെ താമസം ആരംഭിച്ചു. അങ്ങനെ ഏതാനും വർഷക്കാലം അവിടെ താമസിച്ചു കൊണ്ടിരിക്കവേ, ഏതോ കാരണത്താൽ ആ സ്ഥാപനം അവർക്ക് ഉപേക്ഷിക്കേണ്ടതായി വന്നുകൂടി. അതോടുകൂടെ മാർ ഈവാനി യോസിന്റെ പിൻഗാമിയായ ആർച്ചുബിഷപ്പ് മാർ ഗ്രീഗോറിയോസിനു അതിരൂപതയ്ക്കായി ആ സ്ഥലവും കെട്ടിടവും ലഭിക്കുകയും ചെയ്തു. തുടർന്ന് മാർ ഗ്രിഗോറിയോസ് തിരുമേനി അതിമനോഹരമായ ഒരു കെട്ടിടം അവിടെ പണികഴിപ്പിക്കുകയും തന്റെ ആസ്ഥാനം 1969-ൽ അവിടേയ്ക്കു മാറ്റുകയും ചെയ്തു. അങ്ങനെ ഏതൊരു സ്ഥലത്തു നിന്നും മാർ ഈവാനിയോസ് സങ്കടത്തോടുകൂടി ഇറങ്ങേണ്ടിവന്നുവോ ആ സ്ഥലത്തുതന്നെ അദ്ദേഹത്തിന്റെ പിൻഗാമിക്ക് സന്തോഷപൂർവ്വം കയറി പ്രവേശിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചത് വിധിവൈഭവം കൊണ്ടെന്നല്ലാതെ എന്തു പറയേണ്ടു! അന്ന് മാർ ഈവാനിയോസ് താമസിച്ചുകൊണ്ടിരുന്ന അതേ കെട്ടിടത്തിൽത്തന്നെ ഇരുന്ന് അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥം രചിക്കുന്നതിനുള്ള ഭാഗ്യവും ഈ ഗ്രന്ഥകാരന് സിദ്ധിച്ചു എന്നതും വിധിവൈഭവം തന്നെ!

# അദ്ധ്യായം 48

# രണ്ടു മെത്രാപ്പോലീത്തന്മാരുടെ പുനരൈക്യം

മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികാദ്ധ്യക്ഷന്മാരെല്ലാവരുമൊന്നിച്ച് കത്തോലിക്കാപുനരൈക്യം പ്രാപിക്കുന്നതിനുവേണ്ടി കഥാപുരുഷൻ നടത്തിയ പരിശ്രമങ്ങൾ ഈ ഗ്രന്ഥത്തിന്റെ ഒന്നാംഭാഗത്തിൽ സവിസ്തരം പ്രതിപാദിച്ചിരുന്നുവല്ലോ. പ്രസ്തുത പരിശ്രമങ്ങൾ പരിപൂർണ്ണവിജയത്തിൽ എത്തിക്കാൻ സാധിക്കാതെപോയത് കഥാപുരുഷനിൽ അതിയായ മനോവിഷമം ഉളവാക്കിത്തീർത്തു. എങ്കിലും ഒട്ടനേകം വൈദികരെയും പതിനായിരക്കണക്കിനു ജനങ്ങളെയും കുറഞ്ഞൊരു കാലത്തിനുള്ളിൽ പുനരൈക്യപ്പെടുത്തുവാൻ സാധിച്ചത് അദ്ദേഹത്തെ സന്തുഷ്ടചിത്തനാക്കാതിരുന്നില്ല. തുടർന്ന് നടത്തിയ പരിശ്രമത്തിന്റെ ഫലമായി രണ്ടു അഭിവന്ദ്യതിരുമേനിമാരെ കത്തോലിക്കാസഭയിലേക്ക് കൊണ്ടുവരുന്നതിന് അദ്ദേഹത്തിനു സാധിച്ചു. ഓർത്തഡോക്സ് സഭയുടെ (മെത്രാൻകക്ഷി) നിരണം മെത്രാപ്പോലീത്താ ആയിരുന്ന മർ സേവേറിയോസിന്റെയും യാക്കോബായ (പാത്രിയർക്കീസുകക്ഷി) ക്നാനായ സഭയുടെ മെത്രാപ്പോലീത്താ ആയിരുന്ന മാർ ദിയസ്കോറോസിന്റെയും പരിവർത്തനമായിരുന്നു അത്. ഈ രണ്ടു മെത്രാപ്പോലീത്തന്മാരുടെ സംക്ഷിപ്ത ജീവചരിത്രവും പ്രവർത്തനങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്നത്.

# മാർ സേവേറിയോസ് മെത്രാപ്പോലീത്താ
# (ജീവചരിത്രം)

## ബാല്യവും വിദ്യാഭ്യാസവും

തിരുവല്ലാ താലൂക്കിൽ മല്ലപ്പള്ളിയിൽ വാളക്കുഴി എന്ന കുലീനകുടുംബത്തിൽ 1899 ഏപ്രിൽ 7-ാം തീയതി ഉമ്മൻ, അക്കമ്മ എന്നീ മാതാപിതാക്കന്മാരിൽ നിന്നും അദ്ദേഹം ഭൂജാതനായി. ജ്ഞാന സ്നാനാവസരത്തിൽ നൽകിയ പേര് ജോസഫ് എന്നായിരുന്നു വെങ്കിലും 'ഐപ്പച്ചൻ' എന്ന ഓമനപ്പേരിലായിരുന്നു ബാല്യംകാലം മുതൽ തന്നെ ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. പിതാവിന്റെ മുഖ രൂപത്തോടും മാതാവിന്റെ ശരീരദാർഢ്യത്തോടും കൂടിയ ഐപ്പച്ചനിൽ നിഃസ്വാർത്ഥത, നിഷ്ക്കളങ്കത, സഹോദരസ്നേഹം, സത്യസന്ധത ആദിയായ വിശിഷ്ടഗുണങ്ങൾ ബാല്യകാലം മുതൽത്തന്നെ വളർന്നുവന്നിരുന്നു.

പാതിയ്ക്കാട് ഇടവകവക എം.ഡി. സ്കൂളിലും, തുടർന്ന് സി.എം.എസ്. മിഡിൽസ്കൂളിലുമായി പ്രാഥമികവിദ്യാഭ്യാസം പൂർത്തി യാക്കി. ഇദ്ദേഹത്തിൽ വിളങ്ങിശോഭിച്ചിരുന്ന സ്വഭാവസംസ്കാരവും സാമർത്ഥ്യവും സേവനമനഃസ്ഥിതിയും നിമിത്തം ഇടവകക്കാരുടെ പ്രത്യേകതാല്പര്യമനുസരിച്ച് 1912 ഏപ്രിൽ 15-ാം തീയതി കോട്ടയത്ത് ചെറിയ പള്ളിയിൽവെച്ച് ശെമ്മാശുപട്ടം നൽകപ്പെട്ടു. അനന്തരം കോട്ടയം പഴയ സെമിനാരിയിൽ താമസിച്ചുകൊണ്ട് എം.ഡി. ഹൈസ്കൂളിൽ പഠനം തുടർന്നു. അന്ന് പ്രസ്തുത ഹൈസ്കൂളിന്റെ പ്രിൻസിപ്പാൾ ഫാ.പി.റ്റി.ഗീവർഗ്ഗീസും (മാർ ഈവാനിയോസ്) ഹെഡ്മാസ്റ്റർ മല്ലപ്പള്ളി സ്വദേശിയായ മിസ്റ്റർ കെ.വി.ചാക്കോയു മായിരുന്നു. പഴയ സെമിനാരിയിലെ താമസവും സ്വമാതൃമാതുലനായ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോടുകൂടിയുള്ള സഹവാസവും സഭാസംബന്ധമായ വിശ്വാസനടപടികളിൽ കൂടുതൽ വിജ്ഞാനവും താല്പര്യവും ലഭിക്കുന്നതിനു യൗസേഫ് ശെമ്മാശനു സഹായകരമായിത്തീർന്നു. എം.ഡി.സെമിനാരി പ്രിൻസിപ്പാൾ, ശെമ്മാശനോടു പ്രത്യേകം വാത്സല്യം പ്രകടിപ്പിക്കുകയും പഠനത്തിനും സൽസ്വഭാവത്തിനും പ്രത്യേകസമ്മാനങ്ങൾ നൽകുകയും ചെയ്തി രുന്നു.

## ഉപരിവിദ്യാഭ്യാസവും വൈദികാഭിഷേകവും

ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം ഉന്നതവിദ്യാഭ്യാസത്തിനായി തൃശ്ശിനാപ്പള്ളിയിൽ എസ്.പി.ജി.കോളേജിൽ പോയി രണ്ടുകൊല്ലം പഠനം നടത്തി. അനന്തരം അന്ന് സെറാംപൂർ കോളേജ് പ്രഫസറായിരുന്ന എം.ഏ.അച്ചന്റെ (മാർ ഈവാനിയോസ്) പ്രത്യേക നിർദ്ദേശമനുസരിച്ച് പ്രസ്തുത കോളേജിൽ പോയി ബി.ഏ.ബിരുദം സമ്പാദിച്ചു. എം.ഏ.അച്ചന്റെ കൂടെ അവിടെ താമസിച്ചുകൊണ്ടിരുന്ന കാലയളവിൽ വിശ്വാസസംബന്ധമായും ആദ്ധ്യാത്മികമായുള്ള പ്രചോദനങ്ങൾ ഇദ്ദേഹത്തിനു ലഭിച്ചു. ബി.ഏ.ബിരുദം സമ്പാദിച്ചശേഷം തിരുവല്ലാ എം.ജി. ഹൈസ്കൂളിൽ അദ്ധ്യാപകനായി ഏതാനും വർഷം ജോലി നോക്കുകയുണ്ടായി. 1929 ജനുവരി 8-ാം തീയതി പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു. തുടർന്ന് ഹൈസ്കൂൾ അദ്ധ്യാപകനും പാതിയ്ക്കാട്ടുപള്ളി വികാരിയുമായി സ്തുത്യർഹമായ നിലയിൽ ജോലി നിർവ്വഹിച്ചു.

1932 ഏപ്രിൽ 17-ാം തീയതി മലങ്കരയുടെ കാതോലിക്കാബാവാ തിരുമേനി യൗസേഫ് അച്ചനെ റമ്പാനായി അഭിഷേചിച്ചു. മെയ് 25-ാം തീയതി തിരുവല്ലാ ബഥനിപ്പള്ളിയിൽ വെച്ച് ജോസഫ് റമ്പാനെ മെത്രാനായി അദ്ദേഹം തന്നെ വാഴിച്ചു. അന്നു മുതൽ "യൗസേഫ് മാർ സേവേറിയോസ്" എന്ന പേരിലാണ് ഇദ്ദേഹം അറിയപ്പെട്ടിരുന്നത്. മെത്രാഭിഷേകാനന്തരം പരുമല സെമിനാരിയിൽ ആസ്ഥാനമുറപ്പിച്ചുകൊണ്ട് നിരണം ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്തായായി ഭരണം നിർവ്വഹിച്ചു. ഏവരുടെയും മുകത്കണ്ഠമായ പ്രശംസ ആർജ്ജിക്കുമാറ് സ്തുത്യർഹമാം വിധമാണ് നിരണം രൂപതയെ ഇദ്ദേഹം ഭരിച്ചുകൊണ്ടിരുന്നത്.

## കത്തോലിക്കാപുനരൈക്യം

ഇക്കാലയളവിൽ കത്തോലിക്കാസഭയ്ക്കെതിരായ പല പ്രവർത്തനങ്ങളും ഇദ്ദേഹം നടത്തിയിരുന്നു. പുനരൈക്യപ്രസ്ഥാനം വഴിയായി ഓർത്തഡോക്സ് സഭയിൽ നിന്ന് ആയിരക്കണക്കിനു ജനങ്ങൾ - അതും നിരണം രൂപതയിൽ നിന്നുതന്നെ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനിടയായത് ഇദ്ദേഹത്തെ വല്ലാതെ പരിഭ്രമിപ്പിക്കുകയും വിഷമിപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രവാഹത്തെ തടയുന്നതിനുവേണ്ടി ഒട്ടനേകം കോൺഫ്രൻസുകൾ രൂപതയുടെ പല ഭാഗങ്ങളിൽവെച്ച് ഇദ്ദേഹം നടത്തിച്ചു. പ്രസ്തുതയോഗങ്ങളിൽ

കത്തോലിക്കാസഭയ്ക്കെതിരായ പ്രസംഗങ്ങൾ പലരെക്കൊണ്ടും ചെയ്യിപ്പിച്ചു. ഇതിനും പുറമേ പല പ്രസംഗങ്ങളും തിരുമേനി തന്നെ ചെയ്യുകയുണ്ടായി. ഇതിനുവേണ്ടി ഒട്ടനേകം കത്തോലിക്കാപുസ്തകങ്ങൾ വായിച്ചുകൊണ്ടിരുന്നു. തൽഫലമായി പത്രോസാകുന്ന പാറമേൽ ക്രിസ്തു സ്ഥാപിച്ച സഭ കത്തോലിക്കാ സഭയാണെന്നുള്ള ബോദ്ധ്യം ഇദ്ദേഹത്തിൽ വന്നുചേർന്നു.

തന്റെ ജ്യേഷ്ഠസഹോദരനായ മിസ്റ്റർ വി.ഒ.വർഗ്ഗീസ് സത്യന്വേഷണഫലമായി വളരെ മുമ്പുതന്നെ കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകഴിഞ്ഞിരുന്നു. വന്ദ്യതിരുമേനിയെ കത്തോലിക്കാസഭയിലേക്കാകർഷിക്കുന്നതിനുവേണ്ടി മി.വർഗ്ഗീസ് പലപ്പോഴും പ്രേരണകൾ നൽകിക്കൊണ്ടാണിരുന്നത്. 1937 ഒക്ടോബർ 9-ാം തീയതി മി.വർഗ്ഗീസിന് തിരുമേനി അയച്ചുകൊടുത്ത ഒരു കത്തിൽ ഇപ്രകാരം എഴുതിയിരുന്നു. "ഞാൻ പ്രാർത്ഥനാപൂർവ്വം മുൻവിധി കൂടാതെ ചിന്തിക്കുകയാണെന്നു മാത്രമേ തൽക്കാലം പറയുവാനുള്ളു." ഇതേ തുടർന്ന് മാർ ഈവാനിയോസ് തിരുമേനിയുമായി രഹസ്യമായ ഒരു കൂടിക്കാഴ്ചയ്ക്ക് മി. വർഗ്ഗീസ് കളമൊരുക്കിക്കൊടുത്തു. അങ്ങനെ അവർ തമ്മിലുള്ള രഹസ്യകൂടിക്കാഴ്ച നടന്നു. തദവസരത്തിൽ സഭാ സംബന്ധമായ പല കാര്യങ്ങളെപ്പറ്റിയും തന്റെ പഴയ ഗുരു നാഥനും ആദ്ധ്യാത്മിക പിതാവുമായിരുന്ന മാർ ഈവാനിയോസ് തിരുമേനിയിൽ നിന്നും ഗ്രഹിക്കുവാനിടയായി. തൽഫലമായി പ്രതികൂലസാഹചര്യ ങ്ങളെ അവഗണിച്ചുകൊണ്ടും മനഃസാക്ഷിയുടെ പ്രേരണയെ സമാദരിച്ചുകൊണ്ടും കത്തോലിക്കാസഭയെ ആശ്ലേഷിക്കുകതന്നെ എന്ന് തിരുമേനി നിശ്ചയിച്ചു. അനന്തരം മാർ ഈവാനിയോസ് തിരുമേനിയുടെ നിർദ്ദേശാനുസരണം പരുമല സെമിനാരിയിൽ നിന്നും താഴെ ചേർക്കുന്ന അപേക്ഷ പരിശുദ്ധ പിതാവിന് അയച്ചുകൊടുക്കുകയുണ്ടായി.

## മാർപ്പാപ്പായ്ക്ക് അയച്ച കത്ത്

തിരുവിതാംകൂർ
31 - 10 - 1937

പരിശുദ്ധ പിതാവേ,

അവിടുത്തെ പരിശുദ്ധ സിംഹാസനത്തിൻ മുമ്പാകെ എനിക്കുള്ള ബഹുമാനാദരവുകൾ ഏറ്റം വിനയപൂർവ്വം ആദ്യമായി ഞാൻ പ്രകടിപ്പിച്ചുകൊള്ളുന്നു. മലങ്കരയിലുള്ള നിരണം അതിരൂപതയുടെ ഭരണം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഞാൻ യാക്കോബായ സഭയിലെ

ഒരു മെത്രാപ്പോലീത്തായാണ്. സ്നേഹനാഥനായ കർത്താവിന്റെ അനുഗ്രഹത്താൽ അപ്പോസ്തോലന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ പരിശുദ്ധ പിതാവിനോടുള്ള അനുസരണത്തിലും ഐക്യത്തിലും ജീവിക്കേണ്ടത് ദൈവത്തിന്റെ തിരുവിഷ്ടമാണെന്ന് എനിക്ക് ഇപ്പോൾ പരിപൂർണ്ണ ബോദ്ധ്യം വന്നിരിക്കുന്നു. തൻനിമിത്തം പരിശുദ്ധപിതാവ് എന്നെ കരുണാപൂർവ്വം സ്വീകരിക്കണമെന്ന് എത്രയും വിനയപൂർവ്വം അപേക്ഷിക്കുന്നു.

വിനയാന്വിതമായ ഈ അപേക്ഷ എന്റെ പ്രിയഗുരുഭൂതനും ഇപ്പോൾ തിരുവനന്തപുരം മെത്രാപ്പോലീത്തായുമായിരിക്കുന്ന മാർ ഈവാനിയോസ് തിരുമേനി മുഖാന്തിരം പരിശുദ്ധ പിതാവിന് അയച്ചുകൊള്ളുന്നു. പരിശുദ്ധ പിതാവിനോടുള്ള അനുസരണം മുഖാന്തിരം നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ആയുഷ്പര്യന്തം ശുശ്രൂഷിച്ചുകൊള്ളാമെന്ന് പരിശുദ്ധ പിതാവിന്റെ മുമ്പാകെ സാഷ്ടാംഗ പ്രണാമം ചെയ്തുകൊണ്ട് ഞാനിതാ ഉറപ്പ് നൽകിക്കൊള്ളുന്നു.

പരിശുദ്ധ പിതാവിന്റെ ആശീർവാദം അഭ്യർത്ഥിച്ചുകൊണ്ട് ക്രിസ്തുവിൽ അവിടുത്തെ വിനീതനും അനുസരണയുള്ളവനുമായ മകൻ,

(ഒപ്പ്)
മാർ സേവേറിയോസ്
(മെത്രാപ്പോലീത്താ)

പരുമലനിന്നും മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമേനിക്കും ഒരുകത്ത് അയച്ചുകൊടുക്കുകയുണ്ടായി. പ്രസ്തുത കത്താണ് താഴെ ചേർക്കുന്നത്.

## കാതോലിക്കാബാവായ്ക്ക് അയച്ച കത്ത്

നി. വ. ദി. മ. ശ്രീ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഗ്രഹിപ്പാൻ:-

യാക്കോബായ സഭയുടെയും അവിടുന്ന് ആദ്ധ്യക്ഷം വഹിക്കുന്ന ഓർത്തഡോക്സ് സഭയുടെയും ചരിത്രവും ഇപ്പോഴത്തെ സ്ഥിതിയും ഭാവിയും സംബന്ധിച്ച് നാം തമ്മിലും ശേഷം മേല്പട്ടക്കാരുടെ സാന്നിദ്ധ്യത്തിലും സംസാരിച്ചിട്ടുള്ളപ്പോഴെല്ലാം അവിടുന്ന് അത്യധികമായ നിരാശ പ്രത്യക്ഷപ്പെടുത്തുകയാണല്ലോ ഉണ്ടായിട്ടുള്ളത്.

അതിലെ കുഴപ്പങ്ങൾക്ക് ദൈവികമായ ഏകപരിഹാരമാർഗ്ഗം ക്രൈസ്തവസഭയുടെ കേന്ദ്രവും ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന പൊതുവായ അധികാരസ്ഥാനവുമാകുന്ന റോമ്മായിലെ വിശുദ്ധ പത്രോസ് ശ്ലീഹായുടെ സിംഹാസനത്തോട് പുനരൈക്യപ്പെടുകയാണെന്ന് എന്റെ മനസ്സിൽ തോന്നിയിട്ടുള്ള എന്റെ വിനീതമായ അഭിപ്രായം തിരുമനസ്സിലെ സന്നിധിയിൽ ഒന്നിലധികം പ്രാവശ്യം ഞാൻ അറിയിച്ചിട്ടുള്ളത് എന്റെ ഹൃദയത്തിന്റെ പരമാർത്ഥബോദ്ധ്യ ത്തിൽ നിന്നാകുന്നു. ദൈവകൃപയുടെ വ്യാപാരത്തിൽ ഈ ബോദ്ധ്യം ശക്തിപ്പെട്ടു വന്നിട്ടുള്ളതും എന്റെ മനസ്സാക്ഷി എന്നെ ശക്തിയായി ഹേമിച്ചിട്ടുള്ളതുമാകുന്നു. അങ്ങനെയുള്ള ദൈവനടത്തിപ്പിന്റെയും മനഃസാക്ഷി പ്രേരണയുടെയും, ഫലമായി ഞാൻ മാർപ്പാപ്പാ തിരുമനസ്സിലെ അധികാരത്തെയും ആ സിംഹാസനത്തോടുള്ള നിഷ്ക്കളങ്കമായ അനുസരണത്തിലുള്ള ജീവിതത്തെയും ആഗ്രഹിക്കുന്നതും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുവാൻ നിശ്ചയിച്ചിട്ടുള്ളതും ആകുന്നു. ഇപ്രകാരമുള്ള ദൈവപ്രേരണ എന്റെ മനഃസാക്ഷിയെ ഹേമിച്ചിരിക്കുന്ന നിലക്ക് മേലിൽ ഞാൻ ഓർത്തഡോക്സ് സഭയിൽപ്പെട്ട നിരണം മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിരിക്കുന്നത് വിഹിതമല്ലാത്തതിനാൽ ആ ചുമതല ഞാൻ ഉപേക്ഷിച്ചിരിക്കു ന്നതുമാകുന്നു.

ഇക്കാലത്ത് നിരീശ്വരത്വും മതമില്ലായ്മയും പൂർവ്വാധികം ശക്തി പ്രാപിച്ചുവരുന്നു. ഇവയോടെതിർത്ത് ദൈവവിശ്വാസം സർവ്വലോകത്തിലും നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന് കത്തോലിക്കാസഭയ്ക്കും മാർപ്പാപ്പായുടെ അപ്പസ്തോലിക സിംഹാസനത്തിനും മാത്രമേ കഴിവും പ്രാപ്തിയുമുള്ളു എന്നാണ് എനിക്ക് ബോദ്ധ്യമായിരിക്കുന്നത്. തിരുമനസ്സുകൊണ്ട് എന്റെ സ്നേഹബഹുമാനങ്ങൾക്ക് ധാരാളമായി പാത്രീഭവിച്ചിട്ടുള്ള ദേഹമാണ്. എന്റെ സഹോദരന്മാരായ മേല്പട്ടക്കാരേയും, ഇതേവരെ എന്റെ ഭരണത്തിലിരുന്നവരായ ബ.പട്ടക്കാരെയും, ജനങ്ങളെയും കുറിച്ച് എനിക്ക് അത്യധികമായ മനോവിചാരമുണ്ട്. ഞാൻ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതുകൊണ്ട് നിങ്ങളെല്ലാവരിൽ നിന്നും വേർപെടുകയാണെന്ന് ഞാൻ വിചാരിക്കുന്നില്ല. മനുഷ്യരുടെ ചിന്താഗതിയെ സത്യമാർഗ്ഗത്തിൽ നയിപ്പിക്കുന്നവനായ ദൈവം അവിടുത്തെയും എന്റെ മാന്യസഹോദരങ്ങളായ മറ്റു മേല്പട്ടക്കാരേയും അവിടുത്തോടുകൂടെയുള്ള സകല പട്ടക്കാരേയും ജനങ്ങളേയും ഭൂമിയിൽ കർത്താവേശുമിശി

ഹായുടെ യഥാർത്ഥ മുന്തിരിത്തോട്ടമാകുന്ന വിശുദ്ധ കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷനായി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്ന മാർപ്പാപ്പായുമായുള്ള സംസർഗ്ഗത്തിലേക്കും തിരുസിംഹാസനത്തിന്റെ അനുസരണത്തി ലേക്കും താമസംവിനാ വരുത്തുവാൻ സംഗതി ആക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ഇപ്പോൾ തിരുവനന്തപുരം ആർച്ചു ബിഷപ്പായിരിക്കുന്ന നി. വ. ദി. മ. ശ്രീ മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സു കൊണ്ട് 1930–ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിനു മുമ്പ് അദ്ദേഹത്തെപ്പറ്റി എത്ര ആഴമായും അകൈതവുമായുമുള്ള ഭക്തിബഹുമാനങ്ങളാണ് നമ്മുടെ സമുദായത്തിൽ എല്ലാവർക്കുമുണ്ടായിരുന്നത്. എന്നാൽ അദ്ദേഹം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടപ്പോൾ അദ്ദേഹത്തെ ആരും അനുഗമിക്കരുതെന്നുള്ള ഉദ്ദേശത്തോടുകൂടി കേവലം അസത്യമായും നീതിവിരുദ്ധമായും ദോഷാരോപണങ്ങൾ നമ്മുടെ പ്രധാനന്മാർ പറഞ്ഞുപരത്തിയത് എന്റെ ഹൃദയത്തെ അന്നും ഇന്നും വേദനപ്പെടുത്തിയിട്ടുള്ള ഒരു കാര്യമാണ്.

തിരുമനസ്സുകൊണ്ട് എന്നോടു കാണിച്ചിട്ടുള്ള എല്ലാ സ്നേഹവാത്സല്യങ്ങൾക്കും ഞാൻ എന്നാളും കൃതജ്ഞനായിരിക്കുന്നതാണ്. സഭാസംബന്ധമായി ഞാൻ തിരുമേനിയിൽ നിന്ന് വേർപെടുന്നുവെങ്കിലും വ്യക്തിപരമായി ഞാൻ തിരുമേനിയോട് എത്രയും അടുത്തിരിക്കുന്നു. ദൈവനടത്തിപ്പും മനസ്സാക്ഷിപ്രേരണയും കൊണ്ടല്ലെങ്കിൽ ഈ വേർപാടിന് ഒരുനാളും ഞാൻ തുനിയുകയില്ലായിരുന്നു എന്ന് തിരുമനസ്സിലേക്ക് ബോദ്ധ്യമുണ്ടെന്നാണ് എന്റെ വിശ്വാസം. ഞാൻ പ്രവേശിക്കുന്നതായ ഈ കപ്പലിലേക്ക് തിരുമേനിയും എന്റെ മാന്യസഹോദരങ്ങളായ മേല്പട്ടക്കാരും കേരളത്തിലുള്ള സകല അകത്തോലിക്കരും പ്രവേശിപ്പാൻ സംഗതിയായെങ്കിൽ ദൈവത്തിന് എത്ര മഹത്വവും നാമെല്ലാവർക്കും എത്ര ഭാഗ്യവുമായിരുന്നു. തിരുമനസ്സിലെയും അങ്ങേ ഭരണത്തിൻകീഴിലുള്ള സർവ്വരുടേയും ആത്മര ക്ഷയെ സംബന്ധിച്ച് അങ്ങേയ്ക്ക് വലിയ ചുമതല ഉള്ളതാണല്ലോ. ദൈവകൃപയുടെ വ്യാപാരത്തിൽ എന്റെ ഉത്തമമായ മനോബോദ്ധ്യം അനുസരിച്ച് ഞാൻ പ്രവർത്തിക്കുന്നതിൽ അവിടുത്തേക്കും എന്റെ സഹോദര മേല്പ്പട്ടക്കാർക്കും ജനങ്ങൾക്കും ഉണ്ടാകാവുന്ന ദുഃഖം കേവലം താൽക്കാലികമാണെന്നും സത്യമാർഗ്ഗമേതാണെന്ന് നിങ്ങൾക്ക് ബോദ്ധ്യപ്പെടുമ്പോൾ നിങ്ങളെല്ലാവരും ഞാൻ തെരഞ്ഞെടുത്തിട്ടുള്ള പന്ഥാ

വിൽക്കൂടെത്തന്നെ പുരോഗമിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്ന്, അവിടുത്തെ വിശ്വസ്ഥൻ
(ഒപ്പ്)
മാർ സേവേറിയോസ്
(മെത്രാപ്പോലീത്താ)

പരുമല,
31 - 10 - 1937

ഈ കത്തുകൾ എഴുതിയശേഷം, ഓർത്തഡോക്സു സഭയുടെ വകയായി, തന്റെ കൈവശം ഉണ്ടായിരുന്നവയെല്ലാം തന്റെ ആസ്ഥാനമായിരുന്ന പരുമല സെമിനാരിയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചശേഷം സ്വന്തമായ ഒരു കുർബാനപ്പെട്ടി മാത്രം എടുത്തുകൊണ്ട് തിരുവനന്തപുരത്തേയ്ക്ക് യാത്ര പുറപ്പെട്ടു. തുടർന്ന് 1937 നവംബർ 23-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ വിശ്വാസപ്രതിജ്ഞ ചെയ്തു കത്തോലിക്കാസഭയെ ആശ്ലേഷിച്ചു.

## തിരുവല്ലാരൂപതാഭരണം

ഇക്കാലഘട്ടത്തിൽ തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന മാർ തെയോഫിലോസ് തിരുമേനി അനാരോഗ്യംനിമിത്തം രൂപതാഭരണം നിർവ്വഹിക്കുന്നതിന് അശക്തനായിത്തീർന്നിരുന്നു. തൻനിമിത്തം ഒരു മെത്രാനുള്ള സകല അധികാരങ്ങളോടും കൂടെ തിരുവല്ലാരൂപതയുടെ "അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ" ആയി പരിശുദ്ധ സിംഹാസനം ഇദ്ദേഹത്തെ നിയമിച്ചു. 1938 നവംബർ 20-ാം തീയതി രൂപതാഭരണം കയ്യേറ്റു. 1950-ൽ രൂപതാമെത്രാനായി നിയമിക്കപ്പെട്ടു അങ്ങനെ പതിനാറു വർഷക്കാലത്തോളം തിരുവല്ലാ രൂപതാഭരണം സ്തുത്യർഹമാം വിധം തിരുമേനി നിർവ്വഹിക്കയുണ്ടായി. 1954 ഏപ്രിൽ 22-ാം തീയതി തന്റെ സഹായമെത്രാനായി മാർ അത്തനാസ്യോസ് തിരുമേനിയെ തിരുവല്ലായിൽവെച്ച് അഭിഷേകം ചെയ്തു. രൂപതാസംബന്ധമായ എല്ലാ കാര്യങ്ങളുടേയും നടത്തിപ്പിൽ മാർ ഈവാനിയോസ് തിരുമേനിയുടെ ആലോചനകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമാദരിച്ച് ഇദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. തൽഫലമായി തിരുവല്ലാ രൂപതയിൽ അനേകം ആരാധനാസ്ഥലങ്ങൾ, ഹൈസ്കൂളുകൾ, മിഡിൽ സ്കൂളുകൾ, പ്രാഥമികവിദ്യാലയങ്ങൾ, കന്യകാലയങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ഇദ്ദേഹത്തിനു സാധിച്ചു. അതിനുംപുറമേ ഒട്ടനേകം വൈദികരേയും പതിനായിരത്തോളം അല്മായരേയും കത്തോലിക്കാ

സഭയിലേക്ക് കൊണ്ടുവരുന്നതിനുമുള്ള ഭാഗ്യവും അദ്ദേഹത്തിനു സിദ്ധിച്ചു.

## ചരമവും കബറടക്കവും

1955 ജനുവരി 18-ാം തീയതി ചൊവ്വാഴ്ച രാത്രി 7.45ന് തിരുവല്ലാ മേരിഗിരി അരമനയിൽവെച്ച് 56-ാമത്തെ വയസ്സിൽ തിരുമേനി ദിവംഗതനായി. മിഷ്യൻ പ്രവർത്തനം സംബന്ധിച്ച് പാലക്കാടിന് പോയി മടങ്ങി അരമനയിൽ എത്തി ഒരു മണിക്കൂർ കഴിഞ്ഞപ്പോഴാണ് അപ്രതീക്ഷിതമായ ഈ അത്യാഹിതം സംഭവിച്ചത്. ഇടവക സന്ദർ ശനത്തിൽ ഏർപ്പെട്ടിരുന്ന മാർ ഗ്രിഗോറിയോസ് തിരുമേനി വിവര മറിഞ്ഞ് ബുധനാഴ്ച വെളുപ്പിന് 5.30ന് അരമനയിൽ എത്തി ദിവംഗത നായ വന്ദ്യ തിരുമേനിക്കുവേണ്ടി വി.കുർബാന അർപ്പിച്ചു. അനന്തരം ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. മാർത്തോമ്മാ മെത്രാപ്പോലീത്താ, നിരണം മെത്രാപ്പോലീത്താ, ആംഗ്ലിക്കൻ ബിഷപ്പ് ആദിയായ വൈദികമേലദ്ധ്യ ക്ഷന്മാരും, സമുദായപ്രമാണികൾ രാഷ്ട്രീയനേതാക്കന്മാർ തുടങ്ങിയ വരുൾപ്പെടെ അനേകായിരം ജനങ്ങളും വന്ദ്യതിരുമേനിക്ക് അന്തിമോപ ചാരങ്ങൾ നല്കി. ബുധനാഴ്ച വൈകിട്ട് തൂത്തുക്കുടി ബിഷപ്പ് തിരുമേനി തമിഴിൽ ഒരു ചരമപ്രസംഗം നടത്തുകയുണ്ടായി.

കബറടക്കശുശ്രൂഷ വ്യാഴാഴ്ച രാവിലെ 7 മണിക്ക് ആരംഭിച്ചു. തിരുവനന്തപുരം അതിരൂപതയുടെ മാർ ഗ്രിഗോറിയോസ് തിരുമേനിയും തിരുവല്ലായിലെ സഹായമെത്രാൻ മാർ അത്തനാസ്യോസ് തിരു മേനിയും വ.ദി.ശ്രീ ചേപ്പാട്ടു ഫിലിപ്പോസു റമ്പാനും കൂടി മൂന്നിന്മേൽ കുർബാന അർപ്പിച്ചു. അനന്തരം ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ ഡോ. മാത്യു കാവുകാട്ടു തിരുമേനി ചരമപ്രസംഗം നടത്തി. (പ്രസംഗം അന്യത്ര) തുടർന്നു നഗരികാണിക്കലും വിലാപയാത്രയും നടന്നു. അതിനുശേഷം കത്തീഡ്രലിൽ തിരിച്ചെത്തി. മദ്ബഹായ്ക്കകത്ത് വടക്കുഭാഗത്തായി സജ്ജീകരിച്ചിരുന്ന കബറിൽ തിരുമേനിയുടെ ദേഹം സംസ്കരിക്കപ്പെട്ടു.

കേരളത്തിലെ മിക്കവാറും എല്ലാ കത്തോലിക്കാ രൂപതകളി ലേയും ഭരണാധിപന്മാരായ തിരുമേനിമാരും ബ.വൈദികരും കന്യാ സ്ത്രീകളും വലിയ ഒരു ജനക്കൂട്ടവും വിലാപയാത്രയിലും കബറടക്ക ശുശ്രൂഷയിലും സംബന്ധിച്ചിരുന്നു.

## ചരമപ്രസംഗം

മാർ സേവേറിയോസ് തിരുമേനിയുടെ കബറടക്കാവസരത്തിൽ ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ടു തിരുമേനി ചെയ്ത ചരമപ്രസംഗത്തിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു.

“...... കാലം ചെയ്ത മാർ ഈവാനിയോസ് തിരുമേനിയുടെ ഒരു വത്സലശിഷ്യനായിരുന്നു മാർ സേവേറിയോസ് തിരുമേനി. തന്റെ ഗുരുവിനെപ്പറ്റി അദ്ദേഹത്തിന് വളരെ മതിപ്പും ബഹുമാനവും സ്നേഹവും ഉണ്ടായിരുന്നു. മാർ ഈവാനിയോസ് തിരുമേനി 1930-ൽ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടതിനു ശേഷം, തന്റെ വത്സല ശിഷ്യനും തന്നെ അനുഗമിക്കണമെന്ന് ആഗ്രഹിക്കുകയും അതിനു വേണ്ടി ഉപദേശിക്കുകയും ചെയ്തിരിക്കണം. പക്ഷേ, ഗുരുവിനോടുള്ള തന്റെ ബഹുമാനത്തിന്റെയോ, മതിപ്പിന്റെയോ, സ്നേഹത്തിന്റെയോ പേരിൽ ശരിയെന്ന് തനിക്ക് അന്നു ബോദ്ധ്യമായിരുന്ന നിലപാടിനെ ഉപേക്ഷിക്കുവാൻ അദ്ദേഹം തയ്യാറായില്ല. താൻ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന മാർ ഈവാനിയോസ് തിരുമേനി ആരംഭിച്ച പ്രസ്ഥാനത്തെ സർവ്വശക്തിയും പ്രയോഗിച്ച് പ്രതിരോധിക്കുവാൻ മാർ സേവേറിയോസ് മടിച്ചില്ല. പക്ഷേ, പ്രാർത്ഥനയുടെ അരൂപിയിൽ ദൈവം നല്കികൊണ്ടിരുന്ന വെളിച്ചത്തിൽ അദ്ദേഹം സഭാകാര്യങ്ങൾ പഠിച്ചുകൊണ്ടിരുന്നു. ഏഴു കൊല്ലത്തെ ആത്മാർത്ഥമായ അന്വേഷണം കൊണ്ടും പ്രാർത്ഥന കൊണ്ടും തനിക്ക് ബോദ്ധ്യം വന്നു തന്റെ അഭിവന്ദ്യ ഗുരു വെട്ടിത്തുറന്ന വഴിയിലൂടെതന്നെ പോകേണ്ടതാണെന്ന്. ഉറച്ച ഒരു നിശ്ചയമായിരുന്നു അത്. അതിൽ നിന്നും അദ്ദേഹത്തെ ഉലച്ചു മാറ്റുവാൻ ആർക്കും കഴിഞ്ഞില്ല. ആരോടുമുള്ള അതൃപ്തികൊണ്ടല്ല, അധികാരത്തിനു വേണ്ടിയുള്ള ആഗ്രഹംകൊണ്ടുമല്ല, ആത്മാർത്ഥമായ പഠനത്തിൽ നിന്നും പ്രാർത്ഥനയിൽ നിന്നുമുണ്ടായ അന്തഃകരണത്തിന്റെ അപ്രതിഹതമായ പ്രേരണ മൂലമാണ് താൻ ജനിച്ചു വളർന്ന സഭയേയും, തനിക്ക് പ്രിയംകരങ്ങളായ ചുറ്റുപാടുകളേയും ഉപേക്ഷിക്കുവാൻ അദ്ദേഹം ഉറച്ചത്. ഭൗമികമായി നോക്കുന്ന പക്ഷം, കഠിനയാതനകളിലേക്കുള്ള ഒരു കാൽവെയ്പായിരിക്കും. കണ്ണുനീരിൽകൂടെയുള്ള ഒരു പ്രയാണമായിരിക്കും അതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. പക്ഷേ, താൽക്കാലികമായി തന്നെ ആവരണം ചെയ്തിരുന്ന ആ കൂരിരുളിനപ്പുറത്തായി തന്നെ കാത്തിരിക്കുന്ന സനാതനസൗന്ദര്യത്തിന്റെ പൊൻകതിരുകൾ കാണുവാനുള്ള കണ്ണുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. എങ്ങനേയും അവിടെ

എത്തിച്ചേരണമെന്നുള്ള പ്രതിജ്ഞയും എത്തിച്ചേരുവാൻ കഴിയുമെന്നുള്ള പ്രത്യാശയും അദ്ദേഹത്തിന് ധൈര്യം നൽകി. ഈ പ്രത്യാശയിൽ പ്രതിബന്ധങ്ങളുടേയും പ്രലോഭനങ്ങളുടെയും മുമ്പിൽ അദ്ദേഹത്തിന്റെ ഹൃദയം ചഞ്ചലമായിരുന്നില്ല, സ്വരം ഇടറിയില്ല, പാദങ്ങൾ പതറിയില്ല. 1937 -ൽ അദ്ദേഹം കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു. ഒരു കൊല്ലത്തിനുശേഷം, കേവലം നാലഞ്ചു കൊല്ലത്തെ മാത്രം വളർച്ചയുണ്ടായിരുന്ന തിരുവല്ലാരൂപതാശിശുവിന്റെ പരിചരണം തെയോഫിലോസ് തിരുമേനിയിൽ നിന്നും അദ്ദേഹം ഏറ്റുവാങ്ങി. തനിക്ക് സഹജമായിരുന്ന ആത്മാർത്ഥതയോടും തീക്ഷ്ണതയോടുംകൂടെ രൂപതയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടി അദ്ദേഹം അക്ഷീണം അദ്ധ്വാനിച്ചു.

ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായി അദ്ദേഹം അദ്ധ്വാനിച്ചു. വിശ്രമിക്കാതെ അദ്ധ്വാനിച്ചു. അദ്ദേഹത്തിന്റെ അദ്ധ്വാനത്തെ ദൈവം അനുഗ്രഹിക്കുകയും ചെയ്തു. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നതുപോലെ വെറും വചനങ്ങളുടെ വശീകരണത്താലല്ല, പ്രത്യുത അരൂപിയുടെ ശക്തിയാലത്രേ അദ്ദേത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായത്......"

## മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ

യാക്കോബായ ക്നാനായസഭയുടെ (തെക്കുംഭാഗം) ഏകമെത്രാപ്പോലീത്താ ആയിരുന്ന മാർ ദിയസ്കോറോസ് തിരുമേനിയുടെ ചുരുങ്ങിയ ജീവചരിത്രവും പുനരൈക്യകാരണങ്ങളു മാണ് ഇനിയും ചേർക്കുന്നത്.

### ജീവചരിത്രം

കോട്ടയത്തിനടുത്തുള്ള ചിങ്ങവനത്തെ സുപ്രസിദ്ധമായ ഒറ്റത്തെക്കൽ കുടുംബത്തിൽ യാക്കോബായ ക്നാനായ സമുദായാംഗങ്ങളായ മാതാപിതാക്കന്മാരിൽ നിന്നും 1883-ൽ ഇദ്ദേഹം ഭൂജാതനായി. ഹൈസ്കൂൾ വിദ്യാഭ്യാസാനന്തരം 18-ാം വയസ്സിൽ യാക്കോബായ മെത്രാപ്പോലീത്താ മാർ ദിവന്ന്യാസോസിൽ നിന്ന് ശെമ്മാശുപട്ടവും 28-ാം വയസ്സിൽ മാർ സേവേറിയോസ് മെത്രാനിൽ നിന്ന് കശീശ്ശാപട്ടവും സ്വീകരിച്ചു. 1926-ൽ യറുശലേമിൽവെച്ച് യാക്കോബായ സഭയുടെ പരമാദ്ധ്യക്ഷനായ ഇഗ്നാത്തിയോസ് ഏലിയാസ് പാത്രിയർക്കീസ് ഇദ്ദേഹത്തെ ഇടവഴിക്കൽ മാർ

സേവേറിയോസ് മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി അഭിഷേചിച്ചു. 1927-ൽ മാർ സേവേറിയോസിന്റെ നിര്യാണശേഷം കേരള യാക്കോബായ ക്നാനായസഭയുടെ മെത്രാപ്പോലീത്തായായി ഭരണം ഏറ്റെടുത്തു. പത്തുവർഷക്കാലം ചിങ്ങവനം അരമനയിൽ താമസിച്ചുകൊണ്ട് ക്നാനായ വിഭാഗത്തന്റെ മെത്രാപ്പോലീത്തായായി സ്തുത്യർഹമായ ഭരണം ഇദ്ദേഹം നിർവ്വഹിച്ചു. തുടർന്ന് ഏതാനും വർഷക്കാലം നടത്തിയ സത്യാന്വേഷണത്തിന്റെ ഫലമായി കത്തോലിക്കാ പുനരൈക്യം പ്രാപിക്കുന്നതിന് നിശ്ചയം ചെയ്യുകയും അതിനുവേണ്ടി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു. അങ്ങനെ 1939 നവംബർ 12-ാം തീയതി തിരുവനന്തപുരത്തെത്തി മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ മുമ്പാകെ വിശ്വാസപ്രതിജ്ഞ ചെയ്ത് കത്തോലിക്കാസഭയോട് പുനരൈക്യപ്പെട്ടു. പിന്നീട് നാലുവർഷക്കാലം തിരുവല്ലായിൽ തിരുമൂലപുരത്തുള്ള കെട്ടിടത്തിൽ താമസിച്ചുകൊണ്ട് പ്രാർത്ഥനയിലും, ത്യാഗപ്രവൃത്തിയിലും രഹസ്യജീവിതം നയിച്ച് 1943 ഫെബ്രുവരി 21-ാം തീയതി 60-ാം വയസ്സിൽ നിര്യാണം പ്രാപിച്ചു. മാർ ഈവാനിയോസ്, മാർ സേവേറിയോസ് എന്നീ അഭിവന്ദ്യ തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിലും ഒട്ടനേകം വൈദികർ, കന്യാസ്ത്രീകൾ, അല്മായർ എന്നിവരുടെ സാന്നിദ്ധ്യത്തിലും തിരുമൂലപുരം ചാപ്പലിന് തൊട്ടടുത്ത് നിർമ്മിക്കപ്പെട്ട പ്രത്യേക കല്ലറയിൽ മൃതദേഹം കബറടക്കപ്പെട്ടു.

## പുനരൈക്യകാരണങ്ങൾ

കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ തനിക്ക് പ്രധാന പ്രേരണ നൽകിയത് പുനരൈക്യപ്രസ്ഥാനാരംഭത്തിനു വളരെ മുമ്പുതന്നെ കത്തോലിക്കാസഭയിൽ ചേർന്നിരുന്ന തന്റെ രണ്ടു സഹോദരന്മാരാണെന്ന് തിരുമേനി പലപ്പോഴും പറയുമായിരുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ വിശദീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സഹോദരൻ ശ്രീമാൻ ഒറ്റത്തൈക്കൽ കുട്ടപ്പൻ "സത്യദീപ"ത്തിൽ എഴുതിയിരുന്ന ലേഖനത്തിലെ ഏതാനും ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്.

## കത്തോലിക്കാ പുനരൈക്യം

"എന്റെ സഹോദരൻ തോമ്മാ മാർ ദിയസ്കോറോസ് തിരുമേനി നിഷ്കളങ്കനും, ദയാലുവും, ധർമ്മിഷ്ഠനുമായ ഒരു വ്യക്തിയെന്ന്

അദ്ദേഹത്തെ അറിഞ്ഞിട്ടുള്ളവരൊക്കെയും സമ്മതിക്കും. സത്യ സന്ധനും ശിശുപ്രകൃതക്കാരനുമായിരുന്നതുകൊണ്ട് വളരെ വേഗം അദ്ദേഹത്തെ കത്തോലിക്കാസഭയിൽ തിരികെ കൊണ്ടുവരാമെന്നു ഞങ്ങൾ - അദ്ദേഹത്തിന്റെ കനിഷ്ഠസോദരന്മാരായ ഞാനും ചെറി യാൻ വക്കീലും - പ്രത്യാശിച്ചു. ഒരിക്കൽ ഞങ്ങൾ ഇരുവരും അദ്ദേഹത്തെ സമീപിച്ച് ഇക്കാര്യം ഉണർത്തിച്ചു. ആ വാദപ്രതി വാദത്തിൽ യുക്തികൊണ്ടോ, തെളിവുകൊണ്ടോ, ചരിത്രാധാരം കൊണ്ടോ പറഞ്ഞു നില്ക്കൻ തിരുമേനിക്കു കഴിയാതെ വന്നു. ആ സമയം അദ്ദേഹം കോപിക്കുകയും ഇനിമേൽ സഭാകാര്യം സംബന്ധിച്ച് നിങ്ങളിരുവരും ഒരക്ഷരം നമ്മോടു മിണ്ടിക്കൂടാ എന്നു കർശനമായി തടയുകയും ചെയ്തു. ചെറിയാൻ വക്കീൽ ഉടനെ അദ്ദേഹത്തിന്റെ കാൽക്കൽ വീണു പൊട്ടിക്കരഞ്ഞുകൊണ്ട് "തിരുമേനി, അവിടുന്നു യഥാർത്ഥ വഴിയിൽ നിന്ന് അകലുകയാണല്ലോ. ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവിനു നാശം ഭവിക്കുന്നെങ്കിൽ എന്തുപകാരം!" എന്നു പറഞ്ഞു.

ആ രംഗം അങ്ങനെ അവസാനിച്ചു. മനോവേദനയോടെ ഞങ്ങൾ രണ്ടുപേരുംഅരമനയിൽ നിന്നും ഇറങ്ങിപ്പോന്നു. അതിൽപ്പിന്നെ സഭാസംബന്ധമായി ഞങ്ങൾ തിരുമേനിയുമായി സംസാരിച്ചിരുന്നില്ല...

ഒരു ദിവസം പതിവുപോലെ കത്തോലിക്കാ പള്ളിയിൽ വി.കുർബാനയിൽ സംബന്ധിച്ച് തിരിച്ചുവരവേ തിരുമേനി അരമനയിൽ നിന്നുകൊണ്ട് കൈകൊട്ടി എന്നെ വിളിച്ചു. ഞാൻ അടുത്തു ചെന്നു. "എനിക്ക് കുട്ടപ്പനുമായി സഭാസംബന്ധമായി കുറച്ചു സംസാരിക്കാനു ള്ളതുകൊണ്ട് അതു തീരുംമുമ്പേ ആരുവന്നാലും തട്ടിൻമുകളിലേക്ക് വിടരുത്" എന്ന് സെക്രട്ടറി അച്ചനോടു പറഞ്ഞു മുറിയിൽ കയറി വാതിലടച്ചു. "യാക്കോബായ സഭയിൽ നിന്നാൽ രക്ഷയ്ക്കു തടസ്സമുണ്ടോ?" തിരുമേനിയുടെ ആദ്യത്തെ ചോദ്യം. "ഉണ്ട് എന്ന പൂർണ്ണബോദ്ധ്യമാണ് തിരുമേനിയേയും സഹോദരന്മാരേയും ഉപേക്ഷിച്ച് കത്തോലിക്കാസഭയിൽ ചേരുവാനും പല പ്രയാസങ്ങ ളേയും എതിർപ്പുകളേയും നേരിടുവാനും എനിക്ക് പ്രചോദനമരുളി യത്" എന്ന് ഞാൻ മറുപടി പറഞ്ഞു. വീണ്ടും റീശുപാത്രിയർക്കീസു റോമിലെ മെത്രാനാണെന്നും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യംകൊണ്ട് യേശുക്രിസ്തു കത്തോലിക്കാസഭയെ അന്ത്യത്തോളം നയിക്കുമെന്നും, സഭയുടെ അതുല്യങ്ങളായ നാലു ഗുണങ്ങൾ വി.കത്തോലിക്കാ

സഭയിലേ കാണുന്നുള്ളുവെന്നു തുടങ്ങി വളരെ കാര്യങ്ങൾ ഞങ്ങൾ പറഞ്ഞു. തിരുമേനിയുടെ ഹൃദയസമാധാനം പോയി. ഭയവും ഞടുക്കവുമായി. കാരണം, എന്റെ വാദങ്ങൾ അദ്ദേഹത്തിന് സ്വീകാര്യമായി. "ഇനി എന്തുവന്നാലും വേണ്ടില്ല, കത്തോലിക്കാസഭയിൽ ചേരാൻ ഞാൻ സന്നദ്ധനായിരിക്കുന്നു." എന്ന് അദ്ദേഹം സമ്മതിച്ചു.

ഞാൻ ആനന്ദഭരിതനും കൃതാർത്ഥനുമായി പുറത്തിറങ്ങി. ചൂളപ്പറമ്പിൽ തിരുമേനിയേയും, മാർ ഈവാനിയോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാരെയും കണ്ട് ആലോചിച്ചു. സംഗതികൾ വിജയകരമായി പുരോഗമിച്ചു. അർദ്ധരാത്രി സമയം ഞാനും സഹോദരൻ ചെറിയാൻ വക്കീലും ഒരുമിച്ച് ചിങ്ങവനം അരമനയിലെത്തി. തിരുമേനി നേരത്തെ തയ്യാറായിരുന്നു. ഒരച്ചനും, വേലക്കാരൻ മിഖായേലും തിരുമേനിയോടൊന്നിച്ച് പുറപ്പെടാൻ ഒരുങ്ങി. ഞങ്ങൾ പുറത്തു കടന്ന് അരമന പൂട്ടി. ആ നിശയുടെ നിശബ്ദതയിൽ തരളചിത്തരായി, എന്നാൽ പ്രമോദഭരിതരായി ഞങ്ങൾ കത്തോലിക്കാപള്ളിയിലേക്ക് നടന്നു. തിരുവല്ലായിൽ നിന്നും ബഹു.ചിറ്റയ്ക്കാട്ടച്ചൻ കാറുമായി അവിടെ എത്തിയിരുന്നു. ബ.ഊരാളിലച്ചനും കരവട്ടച്ചനും ഞങ്ങളുംകൂടി അദ്ദേഹത്തെ തിരുവനന്തപുരത്തേയ്ക്ക് അയച്ചു. അങ്ങനെ 1939 നവംബർ 12-ാം തിയതി തിരുമേനി തിരുസഭയുമായി പുനരൈക്യപ്പെട്ടു. തിരുമേനിയുടെ നിർദ്ദേശാനുസരണം രഹസ്യമായി എന്റെ വീട്ടിൽ സൂക്ഷിച്ചിരുന്ന വടി, മുടി, സ്ലീബാ, പുസ്തകങ്ങൾ മുതലായവ യാക്കോബായ ട്രസ്റ്റികളെ വരുത്തി ലിസ്റ്റിൻപടിയും രസീതിൻപടിയും അവരെ തിരിച്ചേൽപ്പിക്കു കയും ചെയ്തു."

(സത്യദീപം 1956 മാർച്ച് 26)

## അദ്ധ്യായം 49

# വിദ്യാഭ്യാസപ്രവർത്തനങ്ങൾ

പ്രമുഖനായ ഒരു വിദ്യാഭ്യാസപ്രവർത്തകൻ, പരോപകാര തല്പരൻ, വിദ്യാസമ്പന്നൻ എന്നീ വിവിധ നിലകളിൽ ഈ രാജ്യത്തെ വിദ്യാഭ്യാസപുരോഗതിക്ക് വേണ്ടി ആർച്ചുബിഷപ്പ് നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ നിസ്സീമങ്ങളാണ്. മദ്രാസ് സർവ്വകലാശാലയിൽ നിന്നും സ്തുത്യർഹമാംവിധം 1907-ൽ എം.എ.ഡിഗ്രി സമ്പാദിച്ചശേഷം കോട്ടയം എം.ഡി.ഹൈസ്കൂൾ പ്രിൻസിപ്പാളായും, സെറാംപൂർ കോളേജ് പ്രൊഫസറായും ജോലി നോക്കിക്കൊണ്ടിരുന്ന അവസര ത്തിൽ അദ്ദേഹം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. വിദ്യാഭ്യാസവിഷയത്തെ പുരസ്കരിച്ച് അദ്ദേഹം നടത്തിയിട്ടുള്ള എഴുത്തുകുത്തുകളും പ്രസിദ്ധ പ്പെടുത്തിയിട്ടുള്ള ഇടയലേഖനങ്ങളും ചെയ്തിട്ടുള്ള പ്രസംഗങ്ങളും ആശയസംപുഷ്ടങ്ങളായിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലു മായി ഒട്ടനേകം പ്രൈമറിസ്കൂളുകളും ഹൈസ്കൂളുകളും കഥാപുരു ഷൻ സ്ഥാപിക്കുകയും വിജയകരമായി നടത്തുകയും ചെയ്തിട്ടുണ്ട്. അവയ്ക്കെല്ലാം ഉപരിയായി തിരുവനന്തപുരത്തെ “മാർ ഈവാനി യോസ് കോളേജ്” അദ്ദേഹത്തിന്റെ നിത്യസ്മാരകമായി നില കൊള്ളുന്നു. മദ്രാസിലെയും തിരുവിതാംകൂറിലെയും സർവ്വകലാ ശാലകളിൽ പൗരസ്ത്യഭാഷകളുടെ ചെയർമാനായി മരണപര്യന്തം ഇദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഏതാദൃശപ്രവർത്തനങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നതിനുമുമ്പ് യഥാർത്ഥവിദ്യാഭ്യാസം എന്തെ ന്നും അതു നിർവ്വഹിക്കുന്നതിനുള്ള ചുമതല ആർക്കെല്ലാമെന്നും സമഗ്രമായി പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നു.

## യഥാർത്ഥ വിദ്യാഭ്യാസം

മനുഷ്യന്റെ കായികവും മാനസികവും ആദ്ധ്യാത്മികവുമായ അന്തഃശക്തികളുടെ സമുചിതമായ വികസനമാണ് യഥാർത്ഥ വിദ്യാഭ്യാസം. മതത്തിനും രാഷ്ട്രത്തിനും തുല്യാവകാശമുള്ള ഒരു വിഷയമാണിത്. ഭാവിപൗരന്മാരുടെ ഭൗതികക്ഷേമം കൈവരുത്തുവാൻ രാഷ്ട്രത്തിനുള്ള അവകാശം ചോദ്യം ചെയ്യപ്പെടാവുന്നതല്ല. ഭാഷ, ചരിത്രം, ഭൂമിശാസ്ത്രം, കണക്ക് ആദിയായ വിഷയങ്ങൾ പഠിച്ച് മാന സികശിക്ഷണം കൈവരുത്തുകയും കായികവിദ്യാഭ്യാസം മൂലം ആരോഗ്യം പുലർത്തുകയും ചെയ്യാത്ത വ്യക്തികൾക്ക് രാഷ്ട്രത്തിലെ യഥാർത്ഥ പൗരന്മാരായി ജീവിതം നയിക്കുക സാദ്ധ്യമല്ല. അതിനാൽ രാഷ്ട്രീയാധികാരികൾ വിദ്യാഭ്യാസത്തെ കാര്യമായി പ്രോത്സാഹി പ്പിക്കുകയും ഉദാരമായി സഹായിക്കുകയും ശരിയാംവിധം നിയന്ത്രിക്കു കയും ചെയ്യേണ്ടതാണെന്നുള്ളതിനു സംശയമില്ല. പക്ഷേ, കേവലം ഭൗതികമല്ലാത്ത ആദ്ധ്യാത്മികമായ ഒരു ഭാഗം കൂടെ ഓരോ മനുഷ്യ നിലുമുണ്ട്. അതിനും ശിക്ഷണവും ബോധനവും അവശ്യം വേണ്ട താണ്. മതത്തിന്റെയും മതാധികാരികളുടെയും അപരിത്യാജ്യമായ ചുമ തലയാണ് അത്. ആ ചുമതലയുടെ നിർവ്വഹണം ശരിക്ക് നടത്തിയി ല്ലെങ്കിൽ ഗുരുതരമായ ഒരു കൃത്യവിലോപമായി പരിഗണി ക്കപ്പെടു ന്നതുമാണ്.

അവരവരുടെ മതത്തെ ബഹുമാനപൂർവ്വം പരിഗണിക്കുന്നവർക്ക് അവരുടെ കുട്ടികളുടെ മതബോധനത്തെ അവഗണിക്കുക സാദ്ധ്യമല്ല. ഗവൺമെന്റിൽ നിന്ന് നേരിട്ടു നടത്തുന്ന വിദ്യാലയങ്ങൾ മതേതര വിദ്യാലയങ്ങളായിരിക്കും. മതേതരരാഷ്ട്രങ്ങൾക്ക് അപ്രകാരമുള്ള വിദ്യാലയങ്ങൾ നടത്തുന്നതിനേ സാധിക്കുകയുള്ളു. വിദ്യാലയങ്ങൾ ദേശവൽക്കരിക്കണമെന്ന വാദത്തിന്റെ അർത്ഥം വിദ്യാഭ്യാസം മതേതര മാക്കിത്തീർക്കുക എന്നതാണ്. ആദർശപരമായ വിദ്യാഭ്യാസ നിർവ്വചന ത്തിൽ നിന്നും വ്യത്യസ്തമാണ് അത്. തന്മൂലം വിദ്യാലയങ്ങളുടെ ദേശവത്കരണവാദം വിദ്യാഭ്യാസവിചക്ഷണന്മാർക്ക് സ്വീകാര്യമല്ല.

## അസ്വീകാര്യമായ വിദ്യാഭ്യാസപരിഷ്കാരങ്ങൾ

പ്രൈവറ്റുസ്കൂൾ മാനേജ്മെന്റുകൾക്കെതിരായി വിദ്യാഭ്യാസ വിഷയമായി രണ്ടു പരിഷ്ക്കാരങ്ങൾ ആർച്ചുബിഷപ്പിന്റെ ആയുഷ് ക്കാലത്ത് ഗവൺമെന്റധികാരികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവ രണ്ടി

നേയും ആർച്ചുബിഷപ്പ് ശക്തിയുക്തം എതിർക്കുകയും അവസാനം വിജയം കൈവരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. സർ സി. പി. തിരുവിതാംകൂർ ദിവാനായിരുന്ന അവസരത്തിൽ ആവിർഭവിപ്പിച്ച പ്രൈമറി സ്കൂൾ ദേശവൽക്കരണപദ്ധതിയും ശ്രീ.പനമ്പള്ളി ഗോവിന്ദമേനോൻ തിരു-കൊച്ചി മുഖ്യമന്ത്രി ആയിരുന്നപ്പോൾ ആവിഷ്കരിച്ച സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസപദ്ധതിയുമായിരുന്നു അവ. ഇവയിൽ പനമ്പള്ളി പദ്ധതിയെപ്പറ്റി അന്യത്ര ചേർത്തിരിക്കുന്ന ഒരദ്ധ്യായത്തിൽ വിശദീകരിക്കുന്നതാകയാൽ സർ സി.പി.യുടെ പദ്ധതിയെപ്പറ്റി മാത്രം ഇവിടെ ചുരുക്കമായി പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നു.

## പ്രൈമറിസ്കൂൾ ദേശവത്കരണപദ്ധതി

തിരുവിതാംകൂറിലെ ക്രൈസ്തവർക്ക്, പ്രത്യേകിച്ച് കത്തോലിക്കർക്ക് വിദ്യാഭ്യാസരംഗത്ത് ഉണ്ടായിട്ടുള്ള അഭിവൃദ്ധിയെ തടയുന്നതിനുള്ള മാർഗ്ഗമായി സർ. സി. പി. കണ്ടുപിടിച്ച ഒരു പുതിയ പദ്ധതിയായിരുന്നു ഇത്. പ്രൈവറ്റ് മാനേജ്മെന്റിലുള്ള സകല സ്കൂളുകളും ഗവൺമെന്റധീനതയിൽ കൊണ്ടുവരുന്നതിനുള്ള പ്രാരംഭനടപടിയായി എല്ലാ പ്രൈമറിസ്കൂളുകളും ദേശസാത്കരിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അങ്ങനെ "ബാലികാബാലകന്മാർക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുക" എന്ന പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണഗുളികാപദ്ധതി അദ്ദേഹം തിരുവിതാംകൂറിൽ ആവിഷ്കരിച്ചു. ശ്രീമൂലം അസംബ്ലിയിലും ശ്രീ ചിത്തിരാസ്റ്റേറ്റു കൗൺസിലിലും ഈദൃശദേശവത്കരണപദ്ധതി അനേകരുടെ എതിർപ്പിനെ അവഗണിച്ചകൊണ്ട് പാസ്സാക്കിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു.

ഇതേ തുടർന്ന് വിവിധ മതസ്ഥരുടെ വകയായി തിരുവിതാംകൂറിലുണ്ടായിരുന്ന പല പ്രൈമറി സ്കൂളുകളും ഗവൺമെന്റ് നിർബന്ധപൂർവ്വം ഏറ്റെടുത്തു നടത്തുവാൻ തുടങ്ങി. പക്ഷേ, എന്തെല്ലാം സംഭവിച്ചാലും തങ്ങളുടെ സ്കൂളുകൾ ഒരു കാലത്തും ഗവൺമെന്റിനു വിട്ടുകൊടുക്കുകയില്ലെന്ന് തിരുവിതാംകൂറിലെ ക്രൈസ്തവർ, പ്രത്യേകിച്ച് കത്തോലിക്കർ ഒന്നടങ്കം ദൃഢവ്രതമെടുത്തു. തങ്ങളുടെ ബാലികാബാലകന്മാർക്ക് കത്തോലിക്കാ അന്തരീക്ഷത്തിൽ മതവിദ്യാഭ്യാസം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്നുള്ള വാദമായിരുന്നു ഈ വിഷയത്തിൽ ഏറ്റം പ്രധാനമായി ഉന്നയിക്കപ്പെട്ടത്. പക്ഷേ, പ്രസ്തുത വാദങ്ങളെല്ലാം പാടെ അവഗണിക്കപ്പെടുകയാണുണ്ടായത്.

പ്രൈമറിസ്കൂളുകളെല്ലാം ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒന്നിനു പുറകെ ഒന്നായി സർ സി. പി. ആരംഭിച്ചു. ഇതേ തുടർന്ന് തിരുവിതാംകൂറിൽ വിവിധസ്ഥലങ്ങളിലുള്ള ക്രൈസ്തവർ ഏകോപിച്ച് വമ്പിച്ച പ്രതിഷേധയോഗങ്ങൾ നടത്തുകയും, സർ സി. പി. യുടെ പദ്ധതിക്കെതിരായി പ്രമേയങ്ങൾ പാസ്സാക്കി മഹാരാജാവിനും ഇൻഡ്യയിലെ ബ്രിട്ടീഷ് ഗവൺമെന്റ് അധികാരികൾക്കും അയച്ചുകൊടുക്കുകയും ചെയ്തു. അതിനും പുറമേ, സ്വദേശത്തും വിദേശത്തുമുള്ള പത്രങ്ങളിൽ സർ സി.പി.ക്കെതിരായി മുഖപ്രസംഗങ്ങളും ലേഖനങ്ങളും പ്രത്യക്ഷപ്പെടുവാനും തുടങ്ങി.

ഈ സന്ദർഭത്തിൽ തിരുവിതാംകൂറിലെ ക്രൈസ്തവ മേലദ്ധ്യക്ഷന്മാർ കൽക്കട്ടാ ആംഗ്ലിക്കൻ ബിഷപ്പ് ഡോക്ടർ വെസ്റ്റ്കോട്ടിന്റെ അദ്ധ്യക്ഷതയിൽ കോട്ടയത്തുവച്ച് ഒരു പ്രതിഷേധയോഗം കൂടി, പ്രമേയങ്ങൾ പാസ്സാക്കി അധികാരസ്ഥാനത്തേക്ക് അയച്ചുകൊടുത്തു. പ്രസ്തുതയോഗത്തിൽ നമ്മുടെ കഥാപുരുഷൻ കാര്യമായ പങ്കുവഹിച്ചിരുന്നു. അതിനുംപുറമേ ഭാരതത്തിലുള്ള എല്ലാ കത്തോലിക്കാ മെത്രാപ്പോലീത്തന്മാരും മെത്രാന്മാരും ഇൻഡ്യൻ ഡലിഗേറ്റ് അപ്പസ്തോലിക് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ബാംഗ്ലൂരിൽവെച്ച് ഒരു യോഗം ചേർന്ന് സർ സി.പി.യുടെ പദ്ധതിക്കെതിരായി തിരുവിതാംകൂർ ഗവൺമെന്റിനു സമർപ്പിക്കുവാനായി ഒരു മെമ്മോറാണ്ടം തയ്യാറാക്കി. ഈ മെമ്മോറാണ്ടം മഹാരാജാവ് തിരുമനസ്സിലേക്ക് നൽകുവാൻ മാർ ഈവാനിയോസിനെയാണ് ചുമതലപ്പെടുത്തിയത്. സർ സി.പി.യുടെ അനിഷ്ടത്തെയോ വിരോധത്തെയോ തെല്ലും വകവയ്ക്കാതെ മഹാരാജാവിന് മാർ ഈവാനിയോസ് ഈ മെമ്മോറാണ്ടം നൽകുകയാണുണ്ടായത്. പ്രതിഷേധത്തിന്റെ ശക്തി വർദ്ധിച്ചുവരുന്നു എന്നു ബോദ്ധ്യമായപ്പോൾ ഗവൺമെന്റു ഗ്രാന്റ് നൽകാതെയുള്ള വിഭാഗീയസ്കൂളുകൾക്കുള്ള (Denominational schools) അനുവാദം നൽകുന്നതാണെന്നു സർ സി. പി. പരസ്യമായി പ്രഖ്യാപനം ചെയ്തു. പക്ഷേ, അതിനേയും ശക്തിയുക്തം ക്രൈസ്തവർ എതിർത്തുകൊണ്ടിരുന്നു.

### മാർ ഈവാനിയോസ് നൽകിയ കത്ത്

ഇൻഡ്യൻ മെത്രാന്മാരുടെ പേർക്കായി മഹാരാജാവിന് നൽകിയ കത്താണ് താഴെ ചേർക്കുന്നത്.

അതിമെത്രാസന അരമന,
തിരുവനന്തപുരം - 4
ഒക്ടോബർ 26, 1944

തിരുമുമ്പാകെ ബോധിപ്പാൻ,

ഇൻഡ്യയിലെ കത്തോലിക്കാമെത്രാന്മാരുടെ കോൺഫ്രൻസിന്റെ സ്റ്റാൻന്റിംഗ് കമ്മറ്റിയിലെ ഒരംഗമെന്ന നിലയിൽ ഇതോടൊന്നിച്ചയയ്ക്കുന്ന എഴുത്തുവഴി അവിടുത്തെ സമീപിക്കുന്നതിന് താഴെപ്പറയുന്ന സാഹചര്യങ്ങളാണ് ഞങ്ങളെ പ്രേരിപ്പിച്ചിട്ടുള്ളതെന്ന് തിരുമുമ്പാകെ ഉണർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

1. നിയമസഭയിലെ ഭൂരിപക്ഷം തിരുവിതാംകൂർ വിദ്യാഭ്യാസ പുനഃസംഘടനാകമ്മറ്റിയുടെ അംഗീകൃത പ്രാഥമിക വിദ്യാലയങ്ങളെപ്പറ്റിയുള്ള ശുപാർശയ്ക്കെതിരായി നിലകൊള്ളുന്നു. അവരുടെ ഈ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമെന്ന് അവർ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

2. ഗവൺമെന്റിന്റെ ഈ നിലപാട് പ്രാഥമികവിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള കത്തോലിക്കരുടെ മതപരവും സാമ്പത്തികവുമായ താല്പര്യങ്ങൾക്ക് തികച്ചും വിപരീതമായിട്ടുള്ളതാണ്.

3. സ്കൂളിൽവെച്ചോ ക്ലാസ് സമയത്തോ, പുറത്തോ, കത്തോലിക്കാ കുട്ടികൾക്ക് മതപഠനം നല്കുന്നതുകൊണ്ടു മാത്രം കത്തോലിക്കാ സ്കൂളുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ധനസഹായം നിരസിക്കപ്പെടുമോ എന്നതാണ് ഞങ്ങളുടെ ഏറ്റം വലിയ ഭീതി.

4. ഈ ഭയാശങ്കകളെ ഒഴിവാക്കുന്നതിനുവേണ്ടി തിരുവിതാംകൂറിൽ അധികാരമുള്ള മൂന്നു കത്തോലിക്കാമെത്രാപ്പോലീത്താമാർ അവരുടെ സ്വന്തം നിലയിലും മറ്റ് ഒമ്പത് കത്തോലിക്കാ മെത്രാന്മാർക്കുവേണ്ടിയും ഗവൺമെന്റിന് ഒരു മെമ്മോറാണ്ഡം സമർപ്പിച്ചിട്ടുണ്ട്.

5. ഭൂരിപക്ഷത്തിന്റെ അഭിപ്രായം എന്ന നിലയിൽ നിയമസഭയുടെ തീരുമാനത്തിന് ഗവൺമെന്റ് അമിതവും അനർഹവുമായ പ്രാധാന്യമാണ് കൊടുക്കുന്നത്. അതുകൊണ്ട് ഒരു ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങളെ കാര്യമായി സ്പർശിക്കുന്ന ഈ വിഷയത്തിൽ ഞങ്ങളുടെ അഭ്യർത്ഥന നിരാകരിക്കപ്പെട്ടിരിക്കയാണ്.

6. കത്തോലിക്കരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം

പരമപ്രാധാന്യം അർഹിക്കുന്നതാണ്. അതുകൊണ്ട് തിരുവിതാംകൂറിലെ മെത്രാന്മാർക്കൂടി പ്രാതിനിധ്യം ഉള്ള ഇൻഡ്യൻ മെത്രാന്മാരുടെ കോൺഫ്രൻസിന്റെ ബാംഗ്ലൂർ സമ്മേളനം ആ വിഷയം പരിഗണനയ്ക്ക് എടുത്തിരുന്നു. അവിടുത്തെ സന്മനസ്സിൽ ഉത്തമ വിശ്വാസം ഉള്ളതുകൊണ്ട് ഇതിനോടൊന്നിച്ചയയ്ക്കുന്ന എഴുത്തുവഴി അവിടുത്തെ വിവരം ഗ്രഹിപ്പിക്കുന്നതിന് തിരുവനന്തപുരം മെത്രാപ്പോലീത്തായായ എന്നെ ആ മീറ്റിംഗിന്റെ അദ്ധ്യക്ഷൻ ചുമതലപ്പെടുത്തിയിരിക്കയാണ്.

അവിടുത്തെ തിരുമുമ്പിൽ ആദരപൂർവ്വം ഞാൻ ഈ കത്ത് സമർപ്പിച്ചുകൊള്ളുന്നു.

ഭക്ത്യാദരവുകളോടെ,<br>
മാർ ഈവാനിയോസ് ഒപ്പ്<br>
തിരുവനന്തപുരം മെത്രാപ്പോലീത്താ

## സി.പി.യുടെ പ്രസംഗം

ഈദൃശപ്രവർത്തനങ്ങളെ ലവലേശം വകവെയ്ക്കാതെ താൻ ആവിഷ്കരിച്ച വിദ്യാഭ്യാസപദ്ധതി തിരുവനന്തപുരത്ത് വെച്ച് 1945 ജൂൺ 15-ാം തീയതി സർ സി.പി.പരസ്യമായി ഉൽഘാടനം ചെയ്തു. അന്നു ചെയ്ത പ്രസംഗത്തിലെ ഏതാനും ഭാഗമാണ് താഴെ ചേർക്കുന്നത്.

"എൽ.എം.എസ്, സാൽവേഷൻ ആർമി മുതലായ സംഘടനകളുടെ സഹകരണത്തോടുകൂടെ പ്രാഥമിക വിദ്യാഭ്യാസപദ്ധതി ഉൽഘാടനം ചെയ്യുവാൻ സാധിച്ചതിൽ എനിക്ക് പ്രത്യേക ചാരിതാർത്ഥ്യമുണ്ട്. കത്തോലിക്കരുടെ പ്രക്ഷോഭണം ഇന്നും തുടരുകയാണ്. "കാതലിക് ഹെറാൾഡി"ന്റെ പ്രതിനിധി എന്നെ സന്ദർശിക്കുകയുണ്ടായി. പല കത്തോലിക്കാനേതാക്കളെ ഞാൻ ഇന്നു കാണുകയും ചെയ്തു. കത്തോലിക്കർ തെറ്റായ മാർഗ്ഗത്തിൽ കൂടെയാണ് പ്രക്ഷോഭണം നടത്തുന്നതെന്ന് ഞാൻ അവരോട് പറഞ്ഞു. ഇംഗ്ലണ്ടിലും അമേരിക്കയിലും ഉള്ള പത്രങ്ങളിൽ എന്നെപ്പറ്റി ലേഖനങ്ങൾ എഴുതിക്കുക, വൈസ്രോയി, സ്റ്റേറ്റ് സെക്രട്ടറി മുതലായവരെ സമീപിക്കുക, മുതലായവയെല്ലാം അവർ ചെയ്തു. ഏതെങ്കിലും ഒത്തുതീർപ്പിന് അവർക്ക് സന്നദ്ധതയുമില്ല. "മദ്രാസ് മെയിൽ" പത്രം ഈ പ്രക്ഷോഭണത്തിനു വേണ്ടിത്തന്നെ നിൽക്കുകയാണ്. അതിന്റെ ഒരു പേജ് മുഴുവനും ഇതേപ്പറ്റിയുള്ള ലേഖനങ്ങൾക്കു വിനിയോഗിച്ചിട്ടുണ്ട്.

ബോംബെയിലും ചില പത്രങ്ങൾ വഴി പ്രചരണം നടത്തുന്നു. ഇതിനായി കമ്മ്യൂണിസ്റ്റ്കാരെയും രാഷ്ട്രീയകക്ഷികളെയും കൂട്ടു പിടിക്കുവാനും മടിക്കുന്നില്ല. ക്രിസ്ത്യാനികളുടെ പൊതുവായ പ്രക്ഷോഭണമെന്നു ഇതിനെ ചിത്രീകരിക്കുകയും ചെയ്യുന്നുണ്ട്.

മഹാരാജാവ് തിരുമനസ്സിലെ മുമ്പാകെ പൊതുജനമെമ്മോറിയൽ സമർപ്പിക്കുവാൻ അനുവാദം ആവശ്യപ്പെട്ടിരിക്കുന്നു. ബിഷപ്പന്മാരും മെമ്മോറിയൽ അയച്ചിരിക്കുന്നു. എന്നാൽ ഇങ്ങനെയുള്ള ഡപ്യൂട്ടേഷൻ തിരുമനസ്സുകൊണ്ട് സ്വീകരിക്കുന്നതല്ല. എന്റെ കത്തോലിക്കാ സ്നേഹിതന്മാരോടു ഞാൻ അഭ്യർത്ഥിക്കുന്നു. വ്യവസ്ഥാപിതമായ രീതിയിൽ ഗവൺമെന്റിനെ സമീപിക്കുക എന്ന്. പ്രാഥമിക വിദ്യാലയങ്ങൾ സംബന്ധിച്ച് എൽ.എം.എസ്സ്. കാർക്ക് ചില വ്യവസ്ഥകൾക്കു കീഴ്പ്പെടാൻ സാധിച്ചുവെങ്കിൽ എന്തുകൊണ്ട് കത്തോലിക്കർക്കും കൂടിയാലോചന നടത്തി തീരുമാനിക്കുവാൻ കഴിയുന്നില്ല എന്നാണ് ഞാൻ ചോദിക്കുന്നത്. ഭീഷണികൊണ്ട് ഗവൺമെന്റിന്റെ നയം മാറ്റാമെന്ന് വിചാരിക്കരുത്. ശരിയായ വിധത്തിലുള്ള സമീപനം കൊണ്ട് അവർക്ക് ഉദ്ദേശിക്കുന്നതിൽ കവിഞ്ഞുള്ള ഗുണമേ ഉണ്ടാകുകയുള്ളു. കത്തോലിക്കരുടെ ആവലാതികൾ എന്തെല്ലാമെന്ന് നേരായ മാർഗ്ഗത്തിൽകൂടെ അറിയിക്കട്ടെ. അല്ലാത്തപക്ഷം അവയെപ്പറ്റി ചെവിക്കൊള്ളുന്നതല്ല. ഒളിവിലും പരസ്യമായും എതിർക്കുകയെന്ന നയമാണു കത്തോലിക്കർ ഇതേവരെ സ്വീകരിച്ചിരുന്നത്. ദിവാൻജിയെ വ്യക്തിപരമായി എതിർക്കുകയും മാറ്റിക്കിട്ടുവാൻ വേണ്ടി ശ്രമം നടത്തുകയും ചെയ്തതുകൊണ്ട് പ്രയോജനമില്ലെന്ന് അവർ ഇനിയെങ്കിലും മനസ്സിലാക്കുമെന്ന് വിശ്വസിക്കുന്നു. ന്യായമായ മാർഗ്ഗത്തിൽകൂടെ ഗവൺമെന്റിനെ സമീപിക്കുവാൻ ഞാൻ എന്റെ കത്തോലിക്കാ സ്നേഹിതന്മാരോട് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

ഈ പ്രകടനങ്ങളുടെയെല്ലാം ലക്ഷ്യം ദിവാനെ പറഞ്ഞയക്കണമെന്നുള്ളതാണ്. എന്നാൽ ഇതുകൊണ്ടൊന്നും ദിവാൻ ഇവിടെ നിന്നും പോകുന്നതല്ല. കത്തോലിക്കരുടെ വാദം അവരുടെ കുട്ടികളുടെ വിദ്യാഭ്യാസച്ചുമതല അവരുടെ നിയന്ത്രണത്തിൽ വേണമെന്നതാണ്. അത് ഒരു അവകാശമായി അവർ കരുതുകയും ചെയ്യുന്നു. ലോകമൊട്ടുക്ക് ഇതിനുവേണ്ടി കത്തോലിക്കർ സമരം ചെയ്തുകൊണ്ടിരിക്കുന്നു.

സ്വന്തം വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ ഏതൊരു വിഭാഗ ത്തിനും സ്വാതന്ത്ര്യമുണ്ട്. ഇങ്ങനെയാണെങ്കിലും ഗവൺമെന്റ് പറയുന്നത്, പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ചുമതല ഗവൺമെന്റ് തന്നെ വഹിക്കണമെന്നാണ്. രാജ്യത്തെ സകല കുട്ടികളുടേയും വിദ്യാഭ്യാസം ചെയ്യിക്കുന്ന ചുമതല ഗവൺമെന്റ് ഏറ്റെടുക്കുന്നു. ഇങ്ങനെ സകല കുട്ടികളുടേയും വിദ്യാഭ്യാസച്ചുമതല ഗവൺമെന്റ് ഏറ്റെടുത്തു കഴിയുമ്പോൾ, വിഭാഗപരമായ സ്കൂളുകളുടെ ചെലവ് ഗവൺമെന്റ് വഹിക്കണമോ എന്ന പ്രശ്നം ഉദിക്കുന്നു. ഇവിടെ പ്രക്ഷോഭണക്കാരുടെ അവകാശവാദം എങ്ങെയായിരുന്നാലും അതേ പ്പറ്റി ആലോചിക്കണമെങ്കിൽ അവർ ഒത്തുതീർപ്പിന് സന്നദ്ധത പ്രദർശി പ്പിക്കണം. സ്കൂളുകളുടെ നടത്തിപ്പിനെപ്പറ്റിയേ തീരുമാനിക്കു വാനുള്ളു."

## കാളാശ്ശേരി തിരുമേനിയുടെ ഇടയലേഖനം

ഇതേ തുടർന്ന് സുപ്രസിദ്ധമായ ഒരു ഇടയലേഖനം ചങ്ങനാ ശ്ശേരി രൂപതാദ്ധ്യക്ഷനായിരുന്ന ഡോക്ടർ ജയിംസ് കാളാശ്ശേരി തിരു മനസ്സുകൊണ്ട് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പ്രാഥമിക വിദ്യാലയ ങ്ങൾ ദേശവൽക്കരിക്കുന്നതിനുള്ള ഗവൺമെന്റിന്റെ സംരംഭം നിരവധി അപകടങ്ങളിലേക്ക് രാജ്യത്തെ ചെന്നെത്തിക്കുമെന്നു അതിൽ വ്യക്ത മാക്കിയിരുന്നു. ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം, ഗുരുഹത്യ എന്നീ വിവിധദോഷങ്ങൾ ഇതുമൂലം സംഭവിക്കുമെന്നും പ്രസ്തുത ലേഖനത്തിൽ വിശദീകരണസഹിതം യുക്തിയുക്തം പ്രതിപാദിച്ചി രുന്നു. ഈ ഇടയലേഖനം സർ. സി. പിയെ രോഷാകുലനാക്കിത്തീ ർത്തു. ഇടയലേഖനം ഉടൻ പിൻവലിക്കണമെന്നു കാണിച്ചുകൊണ്ടുള്ള നോട്ടീസ്, കാളാശ്ശേരി തിരുമേനിക്ക് അയച്ചുകൊടുത്തു. അചഞ്ചല ചിത്തനായ തിരുമേനിയാകട്ടെ, പ്രസ്തുത ലേഖനം അക്ഷരംപ്രതി ശരിയാണെന്നും തൻനിമിത്തം ഒരു കാലത്തും അതു പിൻവലിക്കുന്നത ല്ലെന്നും കാണിച്ചുകൊണ്ടുള്ള കത്ത് നല്കുകയാണ് ചെയ്തത്.

ഇടയലേഖനം പിൻവലിക്കുന്നതല്ലെന്നുള്ള മറുപടിക്കത്ത് കിട്ടിയതോടുകൂടെ സർ സി.പി.കോപാക്രാന്തനായിത്തീർന്നു. തന്റെ ഉള്ളിൽ കുടികൊണ്ടിരുന്ന അഭിമാനബോധവും വൈരനിര്യാതന ബുദ്ധിയും സ്വേച്ഛാധിപത്യമനഃസ്ഥിതിയും ആളിക്കത്തുവാൻ തുടങ്ങി. കല്പനകൾ അനുസരിക്കാത്തവർ ആരായിരുന്നാലും ശരി, അവരെ അടിച്ചമർത്തി നല്ല പാഠം പഠിപ്പിക്കുന്നതിനു സ്വേച്ഛാധിപതികൾ

മുതിർന്നാൽ വികാരാവേശത്തിൻ മുമ്പാകെ ക്ഷമാശീലവും സഹനശക്തിയും വീണ്ടുവിചാരവും നിഷ്പ്രഭവമാവുക സ്വാഭാവിക മാണല്ലോ. സർ. സി.പിയിലും ഇപ്രകാരം തന്നെ സംഭവിച്ചു. കാളാശ്ശേരി തിരുമേനിയെ ഉടൻതന്നെ അറസ്റ്റ് ചെയ്ത് ജയിലിലടച്ച് ശിക്ഷിക്കു ന്നതിന് അദ്ദേഹം നിശ്ചയിച്ചുകഴിഞ്ഞു.

ഈ വിവരം അറിഞ്ഞതോടുകൂടെ ചങ്ങനാശ്ശേരി അരമനയുടെ അങ്കണത്തിലും റോഡിലും പരസഹസ്രം ആളുകൾ തടിച്ചുകൂടി. ജീവൻ പോകേണ്ടിവന്നാലും സി.പി.യുടെ കരങ്ങളിൽ തങ്ങളുടെ ആദ്ധ്യാത്മികപിതാവിനെ വിട്ടുകൊടുക്കുകയില്ലെന്ന് അവർ ശപഥം ചെയ്തു. "മലകളിളകിലും മഹാജനാനാം മനമിളകാ" എന്ന മട്ടിൽ കാളാശ്ശേരിതിരുമേനിയും നിലകൊണ്ടു. സ്ഥിതിഗതികളുടെ ഗൗരവം മനസ്സിലാക്കിയ സകലരും പരിഭ്രാന്തചിത്തരായിത്തീർന്നു. തിരുമേനി യെ അറസ്റ്റ് ചെയ്യുവാൻ സി.പി.യുടെ പോലീസ്സേന ചങ്ങനാശ്ശേരി യിൽ കാലുകുത്തിയാൽ എന്തെല്ലാമായിരിക്കും അവിടെ സംഭവിക്കുക! ലാത്തിച്ചാർജ്, അറസ്റ്റ്, വെടിവെയ്പ്, മരണം, അരമനാങ്കണ ത്തിലും റോഡിലും അനേകശതം കത്തോലിക്കരുടെ ചുടുരക്തം. ഏവം വിധ മുള്ള ഒരു ഭയങ്കരാവസ്ഥയിലേക്ക് സ്ഥിതിഗതികൾ നീങ്ങാതിരിക്കു ന്നതിനുവേണ്ടി കണ്ണുനീരോടുകൂടെ രാവും പകലും ഭക്തജനങ്ങൾ ദൈവമുമ്പാകെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

## ആർച്ചുബിഷപ്പിന്റെ മാദ്ധ്യസ്ഥം

ഇരുവരുടെയും മനഃസ്ഥിതി ശരിക്കറിവുണ്ടായിരുന്ന മാർ ഈവാ നിയോസും ഈ അവസരത്തിൽ ചിന്താധീനനായിത്തീർന്നു. ഈ ദുർഘടഘട്ടം ഒഴിവാക്കുവാൻ വേണ്ടി സർ സി.പി.യെ സമീപിച്ച് അദ്ദേഹത്തിന്റെ നിശ്ചയത്തിൽ നിന്നും വ്യതിചലിപ്പിക്കുവാൻ പരിശ്രമി ക്കുക എന്നുതന്നെ നിശ്ചയിച്ചു. ഉടൻ തന്നെ സി.പി.യെ നേരിട്ട് കാണു കയും സ്ഥിതിഗതികളുടെ ഗൗരവം അദ്ദേഹത്തെ ശരിക്കു മനസ്സി ലാക്കുകയും ചെയ്തു. അവർ തമ്മിൽ ദീർഘസമയം നടത്തിയ സംഭാ ഷണാവസരത്തിൽ ആർച്ചുബിഷപ്പ് പറഞ്ഞ കാര്യങ്ങളുടെ രത്നച്ചുരു ക്കമാണ് ഇവിടെ ചേർക്കുന്നത്.

"മെത്രാന്മാർ ദൈവത്തിന്റെ പ്രതിനിധികളാണ്. അവരുടെ അധികാരത്തിൻകീഴിൽ ധാരാളം ജനങ്ങളുണ്ടായിരിക്കും. അവർക്കായി ദൈവത്തിൽ നിന്നും പലവിധത്തിലുള്ള വെളിപാടുകൾ ഉണ്ടായേക്കാം.

കല്പനകളാലും ഇടയലേഖനങ്ങളാലും അവ തങ്ങളുടെ കീഴിലുള്ള ജനങ്ങളെ അവർ അറിയിക്കുകയും ചെയ്യും. അവയെ എല്ലാം ഗവൺമെന്റ് അധികാരികൾ കാര്യമായി പരിഗണിച്ച് നടപടികൾ എടുക്കുവാൻ തുടങ്ങിയാൽ വേറേ യാതൊരു ജോലിക്കും അവർക്കു സമയം കിട്ടുന്നതല്ല. തന്നെയുമല്ല, ചങ്ങനാശ്ശേരിയിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന സംഭവവികാസങ്ങൾ നിങ്ങൾ ശരിക്കു മനസ്സിലാക്കണം. കാളാശ്ശേരി തിരുമേനിയെ നിഷ്പ്രയാസം അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുക സാദ്ധ്യമല്ല. പോലീസുകാരും ജനങ്ങളും തമ്മിൽ ഒരു ഭയങ്കര സംഘട്ടനം അവിടെ നടക്കേണ്ടിവരും. അങ്ങനെയെങ്കിൽ എന്തെല്ലാം അവിടെ സംഭവിക്കുമെന്നുള്ളത് ഊഹിക്കുവാൻ പോലും പ്രയാസമാണ്. അഥവാ, അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കുവാൻ സാധിച്ചാൽ ത്തന്നെയും നിങ്ങളുടെയും തിരുവിതാംകൂർ ഗവൺമെന്റിന്റെയും പേര് ലോകമുമ്പാകെ വഷളായിത്തീരും. തിരുവിതാംകൂറിലെ ക്രൈസ്തവർ മാത്രമല്ല, ലോകമെങ്ങുമുള്ള ക്രൈസ്തവർ ഒന്നടങ്കം പ്രതിഷേധസ്വരം പുറപ്പെടുവിക്കും. ഒരു ക്രൈസ്തവഗവൺമെന്റായ ബ്രിട്ടീഷ് ഗവൺമെന്റുകൂടെയും ഇക്കാര്യത്തിൽ ഇടപെടുന്നതിനിടയായിത്തീർന്നേക്കും. ആകയാൽ വളരെ സൂക്ഷിച്ചും ചിന്തിച്ചും വേണം പ്രവർത്തിക്കുവാൻ. മൗനം അവലംബിക്കുകയാണ് എല്ലാംകൊണ്ടും നല്ലത്.''

ആർച്ചുബിഷപ്പിന്റെ സുചിന്തിതവും ബുദ്ധിപൂർവ്വകവുമായ ഈ ഉപദേശം സർ സി.പി.യെ ചിന്താധീനനാക്കിത്തീർത്തു. ''ആകട്ടെ, ആലോചിച്ചു പ്രവർത്തിക്കാം'' എന്ന മറുപടി അദ്ദേഹം നൽകുകയും ചെയ്തു. തുടർന്ന് നടത്തിയ ചിന്തയുടെയും ആലോചനയുടെയും ഫലമായി ഈ വിഷയത്തിൽ മുൻപോട്ടുവെച്ച കാൽ അദ്ദേഹം പിൻപോട്ടു വലിക്കുകയാണുണ്ടായത്. അങ്ങനെ അനേകായിരങ്ങളെ പരിഭ്രാന്തചിത്തരാക്കിത്തീർത്തതും ചങ്ങനാശ്ശേരിയിൽ വെച്ച് നടക്കുവാൻ സാദ്ധ്യത ഉണ്ടായിരുന്നതുമായ ആ ഭയങ്കര സംഘട്ടനത്തെപ്പറ്റിയുള്ള വിവരങ്ങൾ തിരുവിതാംകൂർ രാജ്യത്തിന്റെയും കേരള ക്രൈസ്തവസഭയുടെയും ചരിത്രത്തിന്റെ പുറങ്ങളിൽ നിന്നും വിമുക്തമായിത്തീരുകയും ചെയ്തു.

## വിവിധ സ്കൂളുകളുടെ സ്ഥാപനം

ആർച്ചുബിഷപ്പ് തന്റെ ഇരുപത്തിരണ്ട് വർഷക്കാലത്തെ അതിരൂപതാഭരണകാലയളവിൽ 78 പ്രൈമറിസ്കൂളുകൾ, 18 മിഡിൽസ്കൂളുകൾ, 15 ഹൈസ്കൂളുകൾ, 2 ട്രെയിനിംഗ് സ്കൂളുകൾ,

ഒരു കോളേജ് എന്നിവ സ്ഥാപിക്കുകയും സ്തുത്യർഹമായ നിലയിൽ അവ നടത്തുകയും ചെയ്തിട്ടുണ്ട്. ഇവയിൽ ഏതാനും സ്കൂളുകൾ തിരുവല്ലാരൂപതയിലാണെങ്കിലും അവയുടെ സ്ഥാപനത്തിലും നടത്തിപ്പിലും കഥാപുരുഷനാണ് പ്രധാന പങ്ക് വഹിച്ചിട്ടുള്ളത്. തിരുവല്ലാരൂപതാദ്ധ്യക്ഷന്മാരായിരുന്ന മാർ തെയോഫിലോസും മാർ സേവേറിയോസും വിദ്യാഭ്യാസപ്രവർത്തനവിഷയത്തിൽ കഥാപുരുഷന്റെ അഭിപ്രായത്തെയും ഉപദേശത്തെയും അക്ഷരംപ്രതി സ്വീകരിച്ചാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഓരോ സ്കൂളിനും അവശ്യംവേണ്ട സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ എന്നിവയ്ക്കായി പതിനായിരക്കണക്കിനു രൂപയാണ് വിനിയോഗിക്കേണ്ടിവന്നിട്ടുള്ളത്. കേവലം ഇല്ലായ്മയിൽ നിന്നുമാണ് ഇവയെല്ലാം ആർച്ചുബിഷപ്പ് കെട്ടി ഉയർത്തിയതെന്ന വസ്തുത സ്മരിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ പരസ്നേഹ ചൈതന്യത്തെയും, സേവനതല്പരതയെയും, വിദ്യാഭ്യാസതീക്ഷ്ണതയെയും, അവിശ്രമപരിശ്രമത്തെയും പറ്റി കൂടുതൽ മതിപ്പ് ഉളവാകുന്നത്.

കേരളത്തിലെ പല സമുദായനേതാക്കന്മാരും വിദ്യാഭ്യാസപ്രവർത്തകരും ഇതിനകം അനേകം സ്കൂളുകളും കോളേജുകളും സ്ഥാപിച്ചു നടത്തിയിട്ടുണ്ടെന്നുള്ള പരമാർത്ഥം വിസ്മരിച്ചുകൊണ്ടല്ല ഇത്രയും ഇവിടെ പ്രസ്താവിച്ചത്. പക്ഷേ, താദൃശപ്രവർത്തനങ്ങൾ അവർ നടത്തിയിട്ടുള്ളത് തദ്ദേശവാസികളുടെ നിർല്ലോഭമായ സഹായവും സംഭാവനയും നിഃസ്വാർത്ഥമായ സഹകരണവും കൊണ്ടുമാത്രമാണ്. എന്നാൽ ആർച്ചുബിഷപ്പിനാകട്ടെ, അപ്രകാരമുള്ള സഹായസഹകരണങ്ങൾ വേണ്ടവിധം ലഭിച്ചിട്ടില്ലെന്നു തന്നെയല്ല, പല സ്ഥലങ്ങളിൽ നിന്നും ശക്തിമത്തായ എതിർപ്പിനെ അദ്ദേഹം അഭിമുഖീകരിക്കേണ്ടിവന്നിട്ടുമുണ്ട്. എന്നിട്ടും വിദ്യാലയസ്ഥാപനവിഷയത്തിൽ അനന്യസാധാരണമായ വിജയമാണ് അദ്ദേഹം കൈവരിക്കുകയുണ്ടായത്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസതല്പരതയ്ക്കു മകുടോദാഹരണമായി ഇന്നു തലസ്ഥാനനഗരിയിൽ പരിലസിക്കുന്ന മാർ ഈവാനിയോസ് കോളജ് ആരംഭിക്കുന്നതിനു മുമ്പ് തന്നെ അതിനുവേണ്ട സ്ഥലം സമ്പാദിക്കുകയും അവശ്യംവേണ്ട ഇരുമ്പ് ഉപകരണങ്ങൾ അമേരിക്കയിൽ നിന്ന് കൊണ്ടുവരുകയും ചെയ്തു എന്നുള്ളതും ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ. പ്രസ്തുത കോളേജിനെപ്പറ്റിയുള്ള വിശദവിവരങ്ങൾ അടുത്ത ഒരദ്ധ്യായത്തിൽ ചേർക്കുന്നതാണ്.

# അദ്ധ്യായം 50
# അമേരിക്കൻ പര്യടനം

തന്റെ ആയുസ്സിൽ രണ്ടു പ്രാവശ്യം വിദേശപര്യടനം നടത്തുന്നതിനു നമ്മുടെ കഥാപുരുഷനു സാധിച്ചിട്ടുണ്ട്. ദൈവാനുഗ്രഹത്താൽ അവ രണ്ടും വിജയകരമാക്കുന്നതിനുള്ള ഭാഗ്യവും അദ്ദേഹത്തിനു സിദ്ധിച്ചു. 1932-ൽ നടത്തിയ യൂറോപ്യൻ പര്യടനം, മാർപ്പാപ്പാ സന്ദർശനം, ചക്രവർത്തി സന്ദർശനം എന്നിവയെപ്പറ്റി മുന്നദ്ധ്യായങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിരുന്നുവല്ലോ. ഒരു വർഷക്കാലം ദീർഘിച്ചതും നിരവധി സന്ദർശനങ്ങൾ നടത്തിയതുമായ അമേരിക്കൻ പര്യടനമായിരുന്നു രണ്ടാമത്തേത്. ആദ്യത്തെ പര്യടനെത്തെക്കാൾ സംഭവബഹുലവും കാലദൈർഘ്യം എടുത്തതുമായ ഒന്നായിരുന്നു ഈ പര്യടനം. അമേരിക്കൻ ഐക്യനാടുകൾ, ക്യാനഡാ, ആസ്ത്രേലിയാ എന്നീ രാജ്യങ്ങളിൽ കഥാപുരുഷൻ നടത്തിയ വിവിധ സന്ദർശനങ്ങൾ, ചെയ്ത പ്രസംഗങ്ങൾ, അഭിമുഖസംഭാഷണങ്ങൾ, പത്രപ്രസ്താവനകൾ എന്നിവയെല്ലാം സവിസ്തരം പ്രതിപാദിക്കുന്ന പക്ഷം ഇതുപോലെയുള്ള ഒരു വിപുലഗ്രന്ഥം തന്നെ പ്രസിദ്ധപ്പെടുത്തേണ്ടി വരുന്നതാണ്. തൻനിമിത്തം പ്രാധാന്യമർഹിക്കുന്ന ഏതാനും സംഭവങ്ങളും സന്ദർശനങ്ങളും മാത്രമേ ഈ അദ്ധ്യായത്തിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്നുള്ളു.

### യാത്രാരംഭം

തിരുവനന്തപുരത്തുനിന്നും ആരംഭിച്ച അമേരിക്കൻ പര്യടനത്തിൽ കഥാപുരുഷനുമൊന്നിച്ച് യാത്ര തിരിച്ച സെക്രട്ടറി ഫാദർ ജോസഫ് വടക്കേക്കുറ്റ് പര്യടനാരംഭത്തെപ്പറ്റി സരസമായി വിവരിച്ചു

കൊണ്ട് "കാഹളം വിശേഷാൽപ്രതി"യിൽ എഴുതിയിരുന്ന ഭാഗമാണ് ചുവടെ ഉദ്ധരിക്കുന്നത്.

"1947 മെയ് 26-ാം തീയതി. പട്ടത്ത് ആർച്ചുബിഷപ്സ് ഹൗസിൽ അന്നത്തേപ്പോലെ ഒരു ബഹളം ഞാൻ കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. തിരുവിതാംകൂറിന്റെ നാനാഭാഗത്തുനിന്നും അസംഖ്യം ആളുകൾ അവിടെ വന്നുകൂടിയിട്ടുണ്ട് അഭിവന്ദ്യ തിരുമേനിയെ യാത്ര അയയ്ക്കുവാൻ. മെത്രാന്മാർ, വൈദികർ, ശെമ്മാശന്മാർ ഇവർ ഒരു സംഘം; വക്കീലന്മാർ, കർഷകന്മാർ, അധ്യാപകന്മാർ എന്നിവർ വേറൊരു കൂട്ടം; ഉപദേശിമാർ, വിദ്യാർത്ഥികൾ, കൺട്രാക്ടറന്മാർ തുടങ്ങിയവർ മറ്റൊരു സംഘം. ഇവരുടെയെല്ലാം സംസാരബഹളം ഒരിടത്ത്; അമേരിക്കൻ യാത്രയ്ക്കുള്ള സാമാനങ്ങൾ സജ്ജീകരിക്കുന്ന ബഹളം വേറൊരിടത്ത്; വന്ദ്യതിരുമേനി തന്റെ അഭാവത്തിൽ കാര്യനിർവ്വഹണത്തിനു വേണ്ട നിർദ്ദേശങ്ങൾ അഡ്മിസ്ട്രേറ്റർ മുതൽ കൺട്രാക്ടറന്മാർ വരെയുള്ള എല്ലാവർക്കും നൽകുന്ന ബഹളം അന്യത്ര എന്തിന്, സർവ്വത്ര ബഹളം തന്നെ. ഇക്കൂട്ടത്തിൽ "എങ്ങനെ യെങ്കിലും മണി പന്ത്രണ്ടടിക്കണമേ" എന്നു പ്രാർത്ഥിച്ചുകൊണ്ട് ഞാനും.

അങ്ങനെ മണി പന്ത്രണ്ടടിച്ചു. വന്ദ്യപിതാവ് യാത്രയ്ക്ക് ഒരുങ്ങിക്കഴിഞ്ഞു. അരമന കപ്പേളയിൽ കയറി എല്ലാവരും പ്രാർത്ഥന നടത്തി. അനന്തരം പത്തു പന്ത്രണ്ടു കാറുകളിലായി എല്ലാവരും വിമാനത്താവളത്തിലേക്ക് പുറപ്പെട്ടു. വഴിയിൽ രണ്ടു നിരയായി പട്ടം ഇംഗ്ലീഷ് ഹൈസ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥിനീ വിദ്യാർത്ഥികളും കൂപ്പുകൈകളോടുകൂടി നിന്ന് തിരുമനസ്സിലെ ആശീർവാദം വാങ്ങിയതും അഭിവന്ദനം നൽകിയതുമായ കാഴ്ച ആരേയും പുളകം കൊള്ളിക്കുന്നതായിരുന്നു. കാറുകൾ മുമ്പോട്ടു വിട്ടു. പാളയം സെന്റ് മേരീസ് കത്തീഡ്രലിന്റെ മുമ്പിൽ കാറുകൾ നിറുത്തി. വന്ദ്യതിരുമേനിമാരും, വൈദികരും, അല്മായരും ദൈവാലയത്തിൽ പ്രവേശിച്ച് മുട്ടുകുത്തി അഭിവന്ദ്യ തിരുമേനിയുടെ യാത്ര ശുഭമായി പരിണമിക്കുന്നതിനുവേണ്ട അനുഗ്രഹങ്ങൾക്കായി ജഗദീശസന്നിധിയിൽ പ്രാർത്ഥിക്കുകയും, ആയതിലേക്ക് പ.ദൈവമാതാവിന്റെ സഹായം പ്രത്യേകം അപേക്ഷിക്കുകയും ചെയ്തു. എല്ലാവരും വീണ്ടും കാറിൽ കയറി. അങ്ങനെ 12.45ന് വിമാനത്താവളത്തിലെത്തിച്ചേർന്നു. അവിടേയും കൂടിയിട്ടുണ്ട് ഒട്ടനേകർ. ഉദ്യോഗസ്ഥന്മാർ, പൗരപ്രമാണികൾ, പത്രപ്രതിനിധികൾ. ഫോട്ടോകൾ പലതും എടുത്തു. യാത്രയ്ക്കുള്ള വിമാനം തയ്യാറായി

ക്കഴിഞ്ഞു. എല്ലാവരും മുട്ടുകുത്തി. വന്ദ്യതിരുമേനി എല്ലാവരേയും ആശീർവ്വദിച്ചു, എല്ലാവരോടും യാത്രയും പറഞ്ഞു. അങ്ങനെ കണ്ണി മയ്ക്കാതെ എല്ലാവരും നോക്കിനിൽക്കവേ കൃത്യം 1.10ന് വന്ദ്യതിരു മേനി മുമ്പേയും ഞാൻ പുറകേയും ആയി നടന്ന് വിമാനത്തി നുള്ളിലേക്ക് കയറി. എൻജിൻ സ്റ്റാർട്ടുചെയ്തു. ആ ആകാശയാനപത്രം മുമ്പോട്ടു നീങ്ങി, മേല്പോട്ടുയർന്നു, വടക്കോട്ടു പാഞ്ഞു. വെള്ളമണൽ വിരിച്ച തിരുവിതാംകൂറിന്റെ പടിഞ്ഞാറേ കടൽത്തീരത്തിനു മുകളിൽ കൂടെ വിമാനം പറന്നുകൊണ്ടിരുന്നു.''

(സത്യകാഹളം വിശേഷാൽപ്രതി)

## അമേരിക്കയിൽ

വിമാനമാർഗ്ഗേണ ബോംബെയിൽ എത്തി അവിടുത്തെ മെത്രാപ്പോലീത്താ തിരുമേനിയുടെ അതിഥിയായി നാലു ദിവസം താമസിച്ചു. അതിനുശേഷം ജൂൺ 5-ാം തീയതി Trans World Arlines വക ഒരു വിമാനത്തിൽ അമേരിക്കയിലേക്ക് പറന്നു. ഇടയ്ക്ക് ബഹറിൻ, ലിബിയാ, കെയിറോ, ട്യൂണിസ്, അൽജിയേഴ്സ്, മാഡ്രീസ്, ലിസ്ബൺ, സന്താമറിയ, ന്യൂഫൗണ്ട്ലാൻഡ്, ഫിലഡൽ-ഫിയാ എന്നീ രാജ്യ ങ്ങളിലെ വിമാനത്താവളങ്ങളിലിറങ്ങി ഏതാനും സമയം വിശ്രമിച്ച തിനുശേഷം വിമാനത്തിൽത്തന്നെ 50 മണിക്കൂർ സമയംകൊണ്ട് 8420 മൈൽ സഞ്ചരിച്ച് ന്യൂയോർക്കിൽ എത്തിച്ചേർന്നു. അവിടെ കർദ്ദിനാൾ സ്പെൽമാന്റെ അതിഥിയായി ഏതാനും ദിവസം താമസിച്ച്, പ്രധാന സ്ഥാപനങ്ങൾ സന്ദർശിച്ചതിനുശേഷം അവിടെ നിന്നും 800 മൈൽ ദൂരമുള്ള ക്യാനഡായുടെ തലസ്ഥാനമായ ഒട്ടാവയിലേക്ക് തീവണ്ടി യിൽ യാത്ര പുറപ്പെട്ടു. ഒട്ടാവയിലെ ദിവ്യകാരുണ്യ കോൺഗ്രസ്സ് ഭാരവാഹികൾ വന്ദ്യപിതാവിനെ സബഹുമാനം സ്വീകരിച്ച് പ്രധാനാ തിഥികളായിരുന്ന കർദ്ദിനാളന്മാരോടുകൂടെ അവിടത്തെ ഏറ്റം വലിയ ഹോട്ടലിൽ താമസിപ്പിച്ചു.

## ഒട്ടാവാ കോൺഗ്രസ്സ്

ക്യാനഡായിലുള്ളതിലേക്കും ഏറ്റം മനോഹരമായ പട്ടണവും കത്തോലിക്കരുടെ കേന്ദ്രവുമാണ് തലസ്ഥാനനഗരമായ ഒട്ടാവാ. ക്യാനഡായിലുള്ള രണ്ടുകോടി ജനങ്ങളിൽ നേർപകുതിയും കത്തോലി ക്കരാണ്. ബാക്കിയുള്ളവർ ആംഗ്ലിക്കൻ, പ്രെസ്ബിറ്റേറിയൻ, ബാപ്ടിസ്റ്റ്, ഐക്യസഭ എന്നീ വിവിധ പ്രോട്ടസ്റ്റന്റു സഭകളിൽ ഉൾപ്പെടുന്നു. ആകെ

പത്ത് അതിരൂപതകളും നാല്പത്തിയഞ്ചു രൂപതകളുമാണ് ക്യാനഡാ യിലുള്ളത്. എഴുപത്തെട്ടു മെത്രാന്മാർ ഈ രൂപതകളെ ഭരിച്ചുകൊണ്ടി രിക്കുന്നു.

1947–ജൂൺ 19–ാം തീയതി ആരംഭിച്ച ഒട്ടാവാ ദിവ്യകാരുണ്യ സമ്മേളനം മൂന്നു ദിവസക്കാലം നീണ്ടുനിന്നു. അവിടത്തെ ഒരുക്ക ങ്ങളും ആഘോഷപരിപാടികളും ക്രമീകരണങ്ങളും കഥാപുരുഷനെ അത്ഭുതപ്പെടുത്തുകയുണ്ടായി. അനേകം ഏക്കർ സ്ഥലം സമ്മേളന രംഗത്തിനായും താൽക്കാലികദൈവാലയത്തിനായും ഏതാനും മാസങ്ങൾക്കകം രൂപാന്തരപ്പെടുത്തിക്കഴിഞ്ഞിരുന്നു. മൂന്നു ദിവസവും ഇടമുറിയാതെ അവിടെ നടന്നുകൊണ്ടിരുന്ന ദിവ്യബലിയിൽ എഴുപത്തയ്യായിരം വിശ്വാസികൾ വീതം സംബന്ധിക്കുകയുണ്ടായത്രെ. വി.കുർബാന എഴുന്നള്ളിച്ചു നൽകുന്നതിനുവേണ്ടിമാത്രം എൺപത്തി നാലു വൈദികർ നിയോഗിക്കപ്പെട്ടിരുന്നു. സമാപനദിവസം വി.കുർ ബാന എഴുന്നള്ളിച്ചു നൽകുന്നതിനായിത്തന്നെ അഞ്ഞൂറിൽപ്പരം വൈദികർ വേണ്ടിവന്നു. ക്യാനഡായിലെ പ്രമുഖഗവൺമെന്റുദ്യോഗ സ്ഥന്മാരെല്ലാം പ്രസ്തുത സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. അമേരിക്കയിൽ നിന്നെന്നു മാത്രമല്ല, ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമായി അനേകായിരം തീർത്ഥാടകർ അതിൽ വന്നു സംബന്ധി ക്കുകയുണ്ടായി. കർദ്ദിനാളന്മാരായ സ്പെൽമാൻ, മൂണി, വിത്സെന്റി എന്നിവരും ശതക്കണക്കിനു മെത്രാന്മാരും സഹസ്രക്കണക്കിനു വൈദി കരും അവിടെ വന്നു ചേർന്നിരുന്നു. ഏതാണ്ടു മൂന്നു ലക്ഷത്തോളം വിശ്വാസികൾ അതിൽ പങ്കെടുത്തു. എൺപത്തഞ്ചു സ്പെഷ്യൽ തീവണ്ടികളിലായിരുന്നു തീർത്ഥാടകരെ അവിടെ കൊണ്ടുവന്നെത്തിച്ചു കൊണ്ടിരുന്നത്.

## കോൺഗ്രസിനെപ്പറ്റിയുള്ള അഭിപ്രായം

ഈ കോൺഗ്രസ്സിൽ ആദ്യന്തം സംബന്ധിച്ചശേഷം പ്രസ്തുത സമ്മേളനത്തെപ്പറ്റി തനിക്കുണ്ടായ വിവിധാനുഭവങ്ങൾ വിശദമായി രേഖപ്പെടുത്തി അന്ന് ഇന്ത്യയിലെ ഡലിഗേറ്റു അപ്പസ്തോലിക്കാ ആയിരുന്ന മോൺസിഞ്ഞോർ മാർട്ടിൻ ലൂക്കോസ് തിരുമേനിക്കു കഥാപുരുഷൻ അയച്ചുകൊടുത്ത കത്താണ് താഴെ ചേർക്കുന്നത്. പ്രസ്തുത കോൺഗ്രസ്സിനെപ്പറ്റി അദ്ദേഹത്തിനുണ്ടായ മതിപ്പ് എത്രമാത്രമെന്ന് ഈ കത്തിൽ നിന്നും വ്യക്തമാക്കുന്നുണ്ട്.

ക്യാനഡാ
6th July '47.

വന്ദ്യതിരുമേനി,

ന്യൂയോർക്കിൽ ഇറങ്ങിയ ശേഷം ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ സമയത്തുതന്നെ ഒട്ടാവയിൽ ഞങ്ങൾ എത്തിച്ചേർന്നു. അവിടത്തെ ക്രമീകരണങ്ങളെല്ലാം വളരെ കേമമായിരുന്നു. ഒട്ടാവയിലെ ഒന്നാംകിട ഹോട്ടലായ 'ചാട്ടേലോറിയറി'ൽ ഏതാനും കർദ്ദിനാളന്മാരുടേയും ബിഷപ്പന്മാരുടേയും കൂടെയാണ് എനിക്ക് താമസിക്കുവാൻ സൗകര്യം ഏർപ്പെടുത്തിയിരുന്നത്. ഒട്ടാവയിൽ തുറസ്സായ സ്ഥലത്ത് തൊണ്ണൂറ്റാറു മണിക്കൂർ സമയത്തേയ്ക്ക് തുടർച്ചയായി വി.കുർബാന അർപ്പിക്കപ്പെടുന്നുണ്ടായിരുന്നു. ടൊറാന്റോയിലെ കർദ്ദിനാൾ തിരുമേനിയായിരുന്നു പേപ്പൽ പ്രതിനിധി. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുമായി ആർച്ചുബിഷപ്പന്മാരുൾപ്പെടെ 154 മെത്രാന്മാരും 9 കർദ്ദിനാളന്മാരും അവിടെ സന്നിഹിതരായിരുന്നു. അനേകായിരം വൈദികരും മൂന്നുലക്ഷത്തിൽപ്പരം ജനങ്ങളും ആഘോഷത്തിൽ പങ്കുകൊണ്ടു. സമാധാനരാജ്ഞിയുടെ പീഠത്തിൽ തിരുമുൽക്കാഴ്ചയായി സമർപ്പിക്കപ്പെട്ട മാനവസമുദായങ്ങളിൽ നിന്ന് തീവ്രമായ ഭക്തിയും പ്രാർത്ഥനകളും ലോകസമാധാനാർത്ഥം സ്വർഗ്ഗത്തിലേക്കുയർന്നുകൊണ്ടിരുന്നു. ഒട്ടാവയിൽനിന്ന് ഇരുന്നൂറ്റി ഇരുപത്തിനാലു മൈൽ അകലെയുള്ള "കാപ്ഡേലാമഡെലീൻ" എന്ന സ്ഥലത്തെ സുപ്രസിദ്ധ പുണ്യസ്ഥലത്ത് നിന്ന് മാതാവിന്റെ ഒരു പ്രതിമ ഒട്ടാവയിലേക്ക് സംവഹിക്കപ്പെട്ടു. പലേ പള്ളികളും സ്ഥലങ്ങളും സന്ദർശിച്ചാണ് പ്രതിമ കടന്നുപോയത്. ആ പള്ളികളിലെല്ലാം ത്രിദിനാപേക്ഷ നടത്തുകയും ആയിരക്കണക്കിന് ആളുകൾ വി.കുർബാന സ്വീകരിക്കുകയും ചെയ്തു. ഒരു പള്ളിയിൽത്തന്നെ ഇരുപത്തയ്യായിരം പേർ വി.കുർബാന സ്വീകരിച്ചെന്നു ഒരു വൈദികൻ എന്നോടു പറയുകയുണ്ടായി ഈ വിധത്തിൽ ദിവ്യകാരുണ്യകോൺഗ്രസ്സ് തികച്ചും ഒരു ആദ്ധ്യാത്മികവിജയം തന്നെയായിരുന്നു. എന്നെ സംബന്ധിച്ച് അത് അവർണ്ണനീയമായ ഒരാദ്ധ്യാത്മികാനുഭവവും, ദൈവത്തോടും അവിടുത്തെ മാതാവിനോടുമുള്ള നിസ്തുലമായ ഒരു ഭക്തിപ്രകടനവുമായിരുന്നു. മലങ്കര റീത്തിലെ പ്രാർത്ഥനാക്രമത്തിൽ ദൈവമാതാവ് "രണ്ടാമത്തെ സ്വർഗ്ഗം" എന്ന അഭിധാനത്തിലാണ് അറിയപ്പെടുന്നത്. കർദ്ദിനാളന്മാരും, ബിഷപ്പന്മാരും മാതാവിന്റെ പ്രസ്തുത സംജ്ഞ കേട്ടപ്പോൾ അതിലെ ആശയത്തേയും, മനോഹാരിതയേയും ഇപ്രകാര

മുള്ള ഒരു പേരിനാൽ അറിയപ്പെടുന്നില്ല. മലങ്കര റീത്തിലെ കുർബാന എല്ലാവർക്കും വളരെ ഇഷ്ടപ്പെട്ടു.

ക്യാനഡായിലെ ഗവർണ്ണർ ജനറൽ അലക്സാണ്ടർ പ്രഭുവിനെ ഞാൻ സന്ദർശിച്ചു. അര മണിക്കൂറിലധികം ഞങ്ങൾ സംസാരിച്ചു. പ്രധാനമന്ത്രി മി.മക്കൻസിങ്ങിനേയും കണ്ട് നാല്പത്തിയഞ്ചു മിനിട്ടു സംസാരിക്കുകയുണ്ടായി. സെനറ്റുപ്രസിഡണ്ട്, പാർലിമെന്റ് സ്പീക്കർ, പാർലിമെന്റ് മെമ്പറന്മാർ, ക്യാനഡയിലെ പല വിദേശതന്ത്ര പ്രതിനിധികൾ എന്നിവരെയും ഞാൻ സന്ദർശിച്ചു. അവർക്കെല്ലാം ഇന്ത്യയെപ്പറ്റി വളരെ താല്പര്യമുള്ളതായി മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചു. ഏതാനും പാർലമെന്റ് മെമ്പറന്മാർ എന്നെ വീണ്ടും വന്നു കണ്ട് ഇന്ത്യയുടെ ആധുനികസ്ഥിതിയെപ്പറ്റി ചോദിച്ചു. ഇന്ത്യാ തീർച്ചയായും ബ്രിട്ടീഷ് കോമൺവെൽത്തിൽ തുടരുമെന്നും അങ്ങനെ ലോകത്തിന്റെ ശക്തികേന്ദ്രമായിത്തീരുമെന്നും ഞാൻ അവരോടു പറഞ്ഞു. ക്യാനഡായിലെ ചില പ്രധാനസ്ഥലങ്ങൾ സന്ദർശിച്ചശേഷം അടുത്തുതന്നെ ഐക്യനാടുകളിലേക്കു ഞാൻ പോകുന്നതാണ്.

എന്ന് അവിടുത്തെ വിശ്വസ്ഥൻ
മാർ ഈവാനിയോസ്
(ഒപ്പ്)

ക്യാനഡായിൽനിന്നും അമേരിക്കൻ ഐക്യനാടുകളിൽ മടങ്ങി എത്തിയശേഷം ആ രാജ്യത്തുള്ള നിരവധി സ്ഥാപനങ്ങളെയും ഒട്ട നേകം പ്രമുഖവ്യക്തികളെയും കഥാപുരുഷൻ സന്ദർശിക്കുകയു ണ്ടായി. അതേപ്പറ്റിയുള്ള വിശദവിവരങ്ങൾ രേഖപ്പെടുത്തുവാൻ സ്ഥലപരിമിതി അനുവദിക്കാത്തതിനാൽ ഏറ്റം പ്രാധാന്യം അർഹി ക്കുന്ന സന്ദർശനങ്ങളെപ്പറ്റി മാത്രം ഇവിടെ പ്രതിപാദിച്ചുകൊള്ളുന്നു.

## ഈ ബിഷപ്പ് ആര്? ഇദ്ദേഹം എവിടെ നിന്നും വരുന്നു?

ന്യൂയോർക്ക് പട്ടണത്തിലെ തെരുവീഥിയിൽക്കൂടെ ഒരു സ്നേഹി തനുമൊന്നിച്ച് ആർച്ചുബിഷപ്പ് കാറിൽ സഞ്ചരിച്ചുകൊണ്ടിരിക്ക യായിരുന്നു. വിശേഷവിധിയായ ചില അലങ്കാരങ്ങൾ അവിടെ കണ്ടതി നാൽ കാർ നിറുത്തിച്ച് പുറത്തിറങ്ങി അടുത്തു നിന്നവരോടു ആർച്ചു ബിഷപ്പ് ചോദിച്ചു: "എന്താണ് ഇവിടെ വിശേഷം?" അവർ മറുപടി നല്കി: "ഐറിഷ് പ്രസിഡന്റ് ഡീവലാറായ്ക്ക് ഈ നഗരത്തിൽ ഒരു സ്വീകരണമുണ്ടായിരുന്നു."

ആർച്ചുബിഷപ്പ് : അദ്ദേഹം ഇപ്പോൾ എവിടെയാണ്?

ഉത്തരം : (അടുത്ത് അനേകം നിലകളുള്ള ഒരു കെട്ടിടം ചൂണ്ടിക്കാണിച്ചുകൊണ്ട്) അവർ പറഞ്ഞു: "അതാ, ആ കാണുന്ന കെട്ടിടത്തിന്റെ മൂന്നാം നിലയിൽ അദ്ദേഹമുണ്ട്."

ആർച്ചുബിഷപ്പ് : "കൊള്ളാം, അദ്ദേഹത്തെ എനിക്ക് ഒന്നു കാണാൻ സാധിക്കുമോ?"

ഉത്തരം : "ഇപ്പോൾ സാധിക്കുമെന്നു തോന്നുന്നില്ല. ചൂടേറിയ പല രാഷ്ട്രീയ പ്രശ്നങ്ങളേയുംപറ്റി ഞങ്ങളുടെ നേതാക്കളുമായി അദ്ദേഹം ചർച്ച നടത്തിക്കൊണ്ടിരിക്കയാണ്."

"ഓ, അതു സാരമില്ല. നിങ്ങൾ ദയവുചെയ്ത് ഈ വിസിറ്റിംഗ് കാർഡ് അദ്ദേഹത്തിനു കൊടുത്താൽ മതി" എന്നു പറഞ്ഞുകൊണ്ട് ആർച്ചുബിഷപ്പ് പോക്കറ്റിൽ കൈയ്യിട്ട് Archbishop Mar Ivanios, Trivandrum, India എന്ന് അച്ചടിച്ചിട്ടുള്ള ഒരു വിസിറ്റിംഗ് കാർഡ് എടുത്ത് അവരുടെ കൈയ്യിൽ കൊടുത്തു. ആ കെട്ടിടത്തിന്റെ വാച്ചർ മുഖേന മുകളിലേക്ക് ആ കാർഡ് അവർ കൊടുത്തയച്ചു. ഉടനെ ഡീവലാറാ, തന്നെ വിളിക്കുമെന്ന് പ്രതീക്ഷിച്ച് ആർച്ചുബിഷപ്പ് റോഡരുകിൽത്തന്നെ നിലകൊണ്ടു.

നിമിഷങ്ങൾ അധികം കഴിഞ്ഞില്ല. ആ കെട്ടിടത്തിന്റെ മൂന്നാം നിലയിൽ നിന്നും ഡീവലാറാ താഴേയ്ക്ക് ഇറങ്ങിവന്നു. റോഡരുകിൽ നിന്നിരുന്ന ആർച്ചുബിഷപ്പിന്റെ മുമ്പിൽ മുട്ടുകുത്തി കൈ ചുംബിച്ചു. ഏതാനും മിനിട്ടു സമയം അവർ തമ്മിൽ കുശലപ്രശ്നം നടത്തി. അനന്തരം യാത്ര പറഞ്ഞു പോകയും ചെയ്തു. ആർച്ചുബിഷപ്പും തന്റെ യാത്ര തുടർന്നു. ഇക്കാഴ്ച കണ്ടു നിന്നവരെല്ലാം അത്ഭുതപൂർവ്വം പരസ്പരം ചോദിച്ചു: ഈ ബിഷപ്പ് ആര്? ഇദ്ദേഹം എവിടെ നിന്നും വരുന്നു?

## യു. എൻ. ഒ. സന്ദർശനം

ന്യൂയോർക്കിലുള്ള ഐക്യരാഷ്ട്രസംഘടനയുടെ ബ്രഹ്മാണ്ഡ കെട്ടിടങ്ങൾ സന്ദർശിച്ചശേഷം അവിടെ അന്നു നടന്നുകൊണ്ടിരുന്ന അസംബ്ലിരംഗം വീക്ഷിക്കുവാനായി അതു നടന്നുകൊണ്ടിരുന്ന ഹാളിലേക്ക് ആർച്ചുബിഷപ്പ് പോവുകയുണ്ടായി. ഈ സന്ദർശനം സംബന്ധിച്ചു വിവരങ്ങൾ വിശദമായി പ്രതിപാദിച്ചുകൊണ്ട്

അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ഫാദർ തോമസ്സ് നങ്ങച്ചിവീട്ടിൽ എം.എ., ഡി.ഡി. കേരളത്തിലേക്ക് അയച്ച കത്തിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

"യു. എൻ. ഒ.യിലെ ഇന്ത്യൻ ഡലിഗേഷന്റെ ക്ഷണം അനുസരിച്ച് തിരുമേനിയെ കൊണ്ടുപോകുവാൻ വന്നിരുന്ന ഡലിഗേഷൻ പ്രതിനിധി യോടൊന്നിച്ച് ഞാനും യു. എൻ. ഒ.യിലേക്ക് പോയിരുന്നു. തിരുമേനി അസംബ്ലിഹാളിലേക്ക് പ്രവേശിച്ചപ്പോൾ ചെക്കൊസ്ലോവാക്യാ പ്രശ്നം സംബന്ധിച്ച് Mr. Grarrykho (റഷ്യൻ) അമേരിക്കൻ, ബ്രിട്ടൻ മുതലായ പാശ്ചാത്യരാജ്യങ്ങളെ അതിനിശിതവും ആക്ഷേപകരവുമായ ഭാഷയിൽ വിമർശിക്കുകയായിരുന്നു. ഒരു അഞ്ചു മിനിട്ടുനേരത്തേക്ക് എല്ലാവരുടെയും ദൃഷ്ടികൾ വന്ദ്യതിരുമേനിയിലായിരുന്നു. അസംബ്ലി അവസാനിച്ചു പുറത്തേക്കു വന്നപ്പോൾ പത്രപ്രതിനിധികളെല്ലാം തിരുമേനിയുടെ ഫോട്ടോ എടുക്കുകയുണ്ടായി. തിരുമേനിയുടെ യു.എൻ.ഒ.സന്ദർശനം അമേരിക്കൻ യാത്ര മുതലായവയെപ്പറ്റി ഒരു പ്രസ്താവന അവർ ആവശ്യപ്പെടുകയും ചെയ്തു.

പ്രസ്താവ്യമായ മറ്റൊരു സംഗതി യു.എൻ.ഒ.യിൽവെച്ച് Common Wealth Relation's Minister Mr. Noel Baker, തിരുമേനി അമേരിക്ക യിൽ വന്ന വിവരം പത്രങ്ങളിൽ നിന്നറിഞ്ഞതുമുതൽ കാണുവാൻ കാത്തിരിക്കുകയായിരുന്നുവെന്ന് ഒരു സന്ദേശം കൊടുത്തയക്കുകയും, അതനുസരിച്ച് Mr. Noel Baker-നെ കാണുകയും ചെയ്തു. സന്ദർശനം നടന്നുകൊണ്ടിരുന്ന അവസരത്തിൽ പല ഫോട്ടോകളും എടുക്കുകയും അടുത്ത ദിവസത്തെ പത്രത്തിൽ അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മിസ്റ്റർ ബേക്കർ തിരുമേനിയെ ഇംഗ്ലണ്ടിലേക്ക് ക്ഷണിക്കു കയും ഇംഗ്ലണ്ടിൽ വരുമ്പോൾ അദ്ദേഹത്തിന്റെ അതിഥിയായിരിക്കണ മെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയും ചെയ്തു.

ഒന്നേമുക്കാൽകോടി വരിക്കാരുള്ള Daily News പത്രത്തിൽ തിരുമേനിയുടെ ചിത്രം ചേർത്തിട്ടുണ്ട്. ഒരു പ്രസ്താവനയുടെ തലക്കെട്ടായി കൊടുത്തിരിക്കുന്നത് "The Most Photographed Person of the Year" (ഈ വർഷത്തെ ഏറ്റവും കൂടുതൽ ഫോട്ടോയ്ക്ക് വിധേയനായ വ്യക്തി) എന്നായിരുന്നു. Life, Time മുതലായ പ്രധാന പ്പെട്ട പ്രസിദ്ധീകരണങ്ങളെല്ലാം തിരുമേനിയെപ്പറ്റിയുള്ള വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അനേകമാളുകളും "തിരുമേനിയെപ്പറ്റി പത്രങ്ങളിൽ നിന്നറിഞ്ഞിട്ടുണ്ട്. ഫോട്ടോ പത്രങ്ങളിൽ കണ്ടിട്ടുണ്ട്"

എന്ന മുഖവുരയോടുകൂടെ നേരിട്ടു പരിചയപ്പെടുന്നതു വളരെ സാധാരണയാണ്. “A very great man from India. The greatest missionary of the 20th centuary.” (ഇന്ത്യയിൽനിന്നുള്ള ഒരു വലിയ മനുഷ്യൻ. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റം വലിയ മിഷ്യനറി) എന്നീ അഭിസംബോധനകൾ വളരെ സാധാരണമായി കേൾക്കുന്നവയാണ്. ചിലർ പറയുന്നതു ഇപ്രകാരമാണ്: “1930-ൽ കത്തോലിക്കാലോകത്തെ മുഴുവൻ ആഹ്ലാദിപ്പിച്ച പുനരൈക്യപ്രസ്ഥാനത്തെപ്പറ്റി വായിച്ചപ്പോൾ ആ സംരംഭത്തിന്റെ ജീവനും നേതാവുമായ മഹാപുരുഷനെ കാണുവാനുള്ള ഭാഗ്യം ഈ ലോകത്തുവച്ചുണ്ടാകുമെന്നു ഞങ്ങൾ വിചാരിച്ചിരുന്നില്ല.”

## ഭാരതത്തിലെ സഭ

ഫാദർ നങ്ങച്ചിവീട്ടിലിന്റെ കത്തിൽ തുടർന്നു ഇപ്രകാരം പ്രസ്താവിച്ചിരുന്നു: “മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച ഭാരതത്തിലെ പുരാതനസഭയെപ്പറ്റി അമേരിക്കർ വളരെ അത്ഭുതത്തോടും ബഹുമാനത്തോടും കൂടെ ആണു കേൾക്കുന്നത്. ഈ അപ്പസ്തോലിക സഭയെപ്പറ്റിയുള്ള വിവരങ്ങൾ അറിയുവാൻ അതു സംബന്ധിച്ചുള്ള പുസ്തകങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ആളുകൾ അനവധിയാണ്. Msgr.Macarthy യുടെ പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു. “മാർ ഈവാനിയോസ് തിരുമേനി ക്രൈസ്തവസഭാചരിത്രത്തിൽ ഉൽക്കൃഷ്ടമായ ഒരു സ്ഥാനം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഉള്ളഴിഞ്ഞതും അതിരറ്റതുമായ ബഹുമാനാദരവുകളോടുകൂടെയാണ് ഞാൻ മലബാറിലെ അപ്പസ്തോലികസഭയെപ്പറ്റി പ്രസ്താവിക്കുന്നത്. നിസ്തുലവും അസൂയാർഹവുമായ ഒരു സ്ഥാനമാണ് അതിനുള്ളത്. മിശിഹായുടെ ശിഷ്യനായ വി.തോമ്മസാണ് അതിന്റെ സ്ഥാപകൻ. ലോകരക്ഷകനായ ക്രിസ്തുനാഥനും ദൈവമാതാവായ കന്യക മറിയവും സംസാരിച്ച ഭാഷയിൽത്തന്നെ കർമ്മങ്ങൾ നടത്തുവാനുള്ള ഭാഗ്യം അവർക്കു ലഭിച്ചിരിക്കുന്നു. അതേസമയംതന്നെ മതകർമ്മങ്ങളെ ജനങ്ങൾക്കു സജീവവും തങ്ങളുടെ ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനവും ആക്കിത്തീർക്കുവാൻ ഉപകരിക്കുന്ന മലയാളഭാഷയാണ് അവർ ഉപയോഗിക്കുന്നത്. മാതൃഭാഷ ഉപയോഗിക്കുവാനുള്ള ഭാഗ്യം നമുക്കിന്നും ഒരു വിദൂരസ്വപ്നമായിട്ടാണല്ലോ ഇരിക്കുന്നത്. ഉന്നതവും, പുരാതനവുമായ ഭാരതീയസംസ്കാരത്തെ ക്രിസ്തീയമാക്കിത്തീർക്കുവാൻ കഴിഞ്ഞ ഒരു ഉൽകൃഷ്ടപാരമ്പര്യമാണ് മലങ്കര സഭയ്ക്കുള്ളതെന്നു ഞാൻ

അറിയുന്നു. പുതിയനിയമം ശരിയായി മനസ്സിലാക്കണമെങ്കിൽ ക്രിസ്തു സംസാരിച്ച ഭാഷയിലേക്ക് നാം പ്രവേശിക്കേണ്ടിയിരിക്കുന്നു, അതിനുള്ള സൗകര്യം ഈ മലങ്കരസഭയ്ക്കുള്ളതുപോലെ മറ്റൊരു വിഭാഗത്തിനും ഇല്ല" എന്നിപ്രകാരമായിരുന്നു ഫാ.മക്കാർത്തി പ്രസംഗിച്ചത്..........."

## ട്രൂമാനുമായി നടന്ന കൂടിക്കാഴ്ച

അമേരിക്കൻ പ്രസിഡന്റ് ട്രൂമാനെയും വന്ദ്യതിരുമേനി സന്ദർശിച്ചു. ഫാ. എൻ. എ. തോമസച്ചനും അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നു. അമേരിക്കയുടെ ഇൻഡ്യൻ സ്ഥാനപതിയായ മിസ്റ്റർ ഗ്രാഡിയാണ് ഈ സന്ദർശനം ഏർപ്പാടു ചെയ്തത്. പലപ്പോഴും സംഭവിക്കാറുള്ളതുപോലെ വന്ദ്യതിരുമേനി തന്റെ സംഭാഷണചാതുരിയിൽ ട്രൂമാനെ അത്ഭുതസ്തബ്ധനാക്കിത്തീർത്തു. സാധാരണഗതിയിൽ കുശലപ്രശ്നങ്ങൾകൊണ്ട് അവസാനിക്കേണ്ടിയിരുന്ന സന്ദർശനം ഒരു മണിക്കൂർ നേരത്തേക്ക് ദീർഘിച്ചു. സർവ്വവും വിസ്മരിച്ചാലെന്നപോലെ ആ സംഭാഷണം അദ്ദേഹം സശ്രദ്ധം കേട്ടുകൊണ്ടിരുന്നു.

ഏതാനും വർഷങ്ങൾക്കുമുമ്പ് പുരാതന നാണയങ്ങളെക്കുറിച്ച് പണ്ഡിതോചിതമായ ഒരു പഠനം തിരുമേനി നടത്തിയിരുന്നു. അന്നത്തെ ഗവേഷണങ്ങളുടെ ഫലം മി.ട്രൂമാൻ, ആസഫ് ആലി തുടങ്ങി അവിടെ കൂടിയിരുന്ന എല്ലാവരുടെയും മുമ്പിൽ തിരുമേനി അവതരിപ്പിക്കുകയുണ്ടായി. അതിൽ ഒരു കാര്യം മാത്രം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. പുരാതനകാലം മുതൽത്തന്നെ കേരളത്തിലെ തുറമുഖങ്ങളും മെഡിറ്ററേനിയൻ രാജ്യങ്ങളുമായി വിപുലമായ തോതിലുള്ള നാവികഗതാഗതം നടപ്പിലായിരുന്നുവെന്ന് തെളിവുസഹിതം തിരുമേനി വ്യക്തമാക്കി. ഒന്നാമതായി ഈ തുറമുഖങ്ങളിൽ വന്നു ചേർന്നവർ ഫെനീഷ്യരായിരുന്നു. അവരെത്തുടർന്ന് സോളമന്റെ ഭരണകാലത്ത് യഹൂദന്മാരും വന്നുചേർന്നു. അന്നത്തെ ഒരു വിവരണത്തിൽ ഇങ്ങനെ കാണുന്നു: "അദ്ദേഹത്തിന് താർണീസ്സിലും ഹീരത്തിലും ഓരോ നാവികകേന്ദ്രങ്ങളുണ്ടായിരുന്നു. അവിടെ സ്വർണ്ണം, വെള്ളി, ദന്തം, കുരങ്ങുകൾ, മയിലുകൾ ഇവയെ കൊണ്ടുവന്നിരുന്നു." ഈ അപൂർവ്വവസ്തുക്കൾ കേരളത്തിൽ നിന്നായിരുന്നുവെന്ന് തിരുമേനി സമർത്ഥിച്ചു. അതിനും പുറമേ സോളമന്റെ ദൈവാലയത്തിൽ ഉപയോഗിച്ചിരുന്ന സ്വർണ്ണം മാവേലിക്കരയുടെ സമീപത്തു നിന്നും ലഭിച്ചതായിരുന്നു എന്നും തിരുമേനി പറഞ്ഞു. ആ സ്ഥലം കേരളത്തിന്റെ

കടൽത്തീരത്തുള്ള "പൂവാർ" എന്ന പ്രദേശമാണെന്നും വേദപുസ്തകത്തിൽ കാണുന്ന "ഓഫീർ" എന്ന സ്ഥലനാമം പൂവാർ തന്നെയാണെന്നും തിരുമേനി സമർത്ഥിക്കുകയുണ്ടായി. സോളമന്റെ നാവികർ ഈ സ്ഥലം ബി.സി. ആയിരത്തോടടുത്താണ് സന്ദർശിച്ചത്.

ജറുസലേം ദൈവാലയത്തിന്റെ വിശുദ്ധ സ്ഥലത്തെ അലങ്കരിച്ചിരുന്ന മുത്തുകൾ, ദന്തം, പട്ട് മുതലായവയെപ്പറ്റിയുള്ള കഥകൾ കൊണ്ട് വന്ദ്യ തിരുമേനി തന്റെ ആതിഥേയനെ രസിപ്പിച്ചുകൊണ്ടിരുന്നു. അവസാനം മനസ്സില്ലാമനസ്സോടെയാണവർ പിരിഞ്ഞത്.

(From the Bethany Letter)

## വിവിധ സന്ദർശനങ്ങൾ

അമേരിക്കയിലുള്ള ഏറ്റം വലിയ ഏതാനും സ്ഥാപനങ്ങളും കെട്ടിടങ്ങളും സന്ദർശിക്കുന്നിന് പ്രസ്തുത പര്യടനവേളയിൽ കഥാപുരുഷനു സാധിച്ചു. ഇവയെപ്പറ്റി അറിയുന്നതു വായനക്കാർക്കു രസാവഹമായിരിക്കുമെന്നു കരുതി ചുരുങ്ങിയ വിവരം ചുവടെ ചേർത്തുകൊള്ളുന്നു. അക്കാലത്ത് ഒന്നാംസ്ഥാനം അർഹിച്ചിരുന്ന ഇവയിൽ പലതും ഇന്ന് രണ്ടാം സ്ഥാനത്തേക്കോ മൂന്നാം സ്ഥാനത്തേക്കോ മാറ്റപ്പെട്ടിരിക്കയാണ്.

## I എമ്പയാർ സ്റ്റേറ്റു ബിൽഡിംഗ്

ലോകത്തിലെ ഏറ്റം ഉയരം കൂടിയ അപൂർവ്വം ചില കെട്ടിടങ്ങളിൽ ഒന്നും, 1350 അടി പൊക്കമുള്ളതും, 106 നിലകളോടുകൂടിയതുമായ ഒരു മഹാസൗധമാണിത്. ന്യൂയോർക്കിലുള്ള ഈ കെട്ടിടത്തിന്റെ പേര് "എമ്പയർ സ്റ്റേറ്റുബിൽഡിംഗ്" എന്നാണ്. പ്രസ്തുതസൗധം സന്ദർശിക്കുന്നതിനായി വന്ദ്യതിരുമേനിയെ അതിന്റെ ഉടമസ്ഥർ പ്രത്യേകം ക്ഷണിച്ചിരുന്നു. അതനുസരിച്ച് പ്രസ്തുത കെട്ടിടം അദ്ദേഹം സന്ദർശിച്ചു. അതിന്റെ ഉടമസ്ഥർ സബഹുമാനം അദ്ദേഹത്തെ അതിഥിയായി സ്വീകരിക്കുകയും അതിന്റെ നൂറ്റി ആറാമത്തെ നിലയിലേക്ക് ഇലക്ട്രിക്ക് ലിഫ്റ്റുവഴി കയറ്റിക്കൊണ്ടുപോവുകയും ചെയ്തു. ഒരു മിനിറ്റ് സമയംകൊണ്ടാണ് നൂറ്റിരണ്ടാമത്തെ നിലയിലെത്തിയത്. അവിടെ നിന്നു ദൂരദർശിനിയിൽക്കൂടെ ന്യൂയോർക്കു പട്ടണവും അതിന്റെ പരിസരങ്ങളും തിരുമേനി കണ്ടാനന്ദിച്ചു. ഈ നിലയുടെ അടിയിൽക്കൂടെയാണ് മേഘങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്. 106-ാമത്തെ നിലയിൽനിന്നു 85-ാമത്തെ നിലയിലേക്ക് ആർച്ചുബിഷപ്പ് ഇറങ്ങി

വന്നു. "National Catholic Welfare Association" "വാർ റിലീഫ് സർവ്വീസ് ഓഫീസ്" അവിടെയുണ്ടായിരുന്നു. 1944-ൽ ഒരു വിമാനം ഈ നിലയിൽ തട്ടി. തൽഫലമായി മൂന്നുനിലകൾക്കു കേടു സംഭവിക്കുകയും വിമാനത്തിലുണ്ടായിരുന്നവരും കെട്ടിടത്തിലുണ്ടായിരുന്ന ഏതാനും ആളുകളും തൽക്ഷണം മരിക്കുകയുമുണ്ടായത്രേ.

## II ഏറ്റം കൂടുതൽ കുട്ടികൾ

സന്താനങ്ങൾ കൂടുതലുള്ള അനേകം മാതാപിതാക്കന്മാരെ സന്ദർശിക്കുന്നതിന് അമേരിക്കൻ പര്യടനത്തിനിടയിൽ ആർച്ചു ബിഷപ്പിനു സാധിച്ചു. ഇരുപത്തേഴു കുട്ടികളുള്ള ഒരു പിതാവിനെയും മാതാവിനെയും ഈ കൂട്ടത്തിൽ കാണുന്നതിനുള്ള അവസരം സിദ്ധിച്ചു. അമേരിക്കയിൽ ശരാശരി 13 കുട്ടികൾ വീതമുള്ള അനേകം മാതാപിതാക്കന്മാർ ഉണ്ടത്രേ. ഒരു പ്രസവത്തിൽ അഞ്ചു പെൺകുട്ടികളുള്ളതും പഞ്ചശിശുക്കൾ (Quintuplets) എന്ന പേരിൽ അറിയപ്പെടുന്നവരുമായ ഡിയോണി കുഞ്ഞുങ്ങളെ ഒട്ടാവാ കോൺഗ്രസ്സിൽവെച്ച് സന്ദർശിക്കുന്നതിനും അവരുമായി സംഭാഷിക്കുന്നതിനും തിരുമേനിക്കു സാധിച്ചു. അന്നു പതിനേഴ് വയസ്സുവീതം പ്രായമുണ്ടായിരുന്ന ഈ കുട്ടികളുടെ പേരുകൾ സിസിലി, അനറ്റി, ജിയോണി, മരിയെ, എമിലി എന്നിവയാണ്, ഒലിവായും ഡിയോണിയുമാണ് ഇവരുടെ മാതാപിതാക്കൾ. ഇവർക്ക് മൂന്നു സഹോദരികളും നാലു സഹോദരന്മാരും വേറെ ഉണ്ട്. ഒട്ടാവാ കോൺഗ്രസ്സിൽ ഇവരെ കാണുന്നതിനുവേണ്ടി സഹസ്രക്കണക്കിനാളുകൾ തടിച്ചുകൂടി. കത്തോലിക്കരായ ഇവർ തങ്ങളുടെ ഗാനാലാപത്താൽ അവിടെ സന്നിഹിതരായിരുന്ന അനേകലക്ഷം പേരേ പുളകം കൊള്ളിച്ചു.

## III ഏറ്റം വലിയ മിഷ്യനറി സമൂഹം

ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് മിഷ്യനറിമാരെ അയച്ചുകൊണ്ടിരിക്കുന്ന വലിയ ഒരു മിഷ്യനറിസമൂഹമാണ് ന്യൂയോർക്കിൽ നിന്നും മുപ്പതു മൈൽ ദൂരമുള്ള മനോഹരമായ ഒരു സ്ഥലത്തു സ്ഥാപിച്ചിരിക്കുന്ന 'Mary Knol' സന്ന്യാസസമൂഹം. ഈ സമൂഹാംഗങ്ങളുടെ അതിഥിയായും കഥാപുരുഷൻ താമസിക്കുകയുണ്ടായി. 1911-ൽ ഫാദർ ജയിംസ് ആന്റണിയും ഫാദർ തോമസ് ഫ്രഡറിക്കും കൂടെയാണ് ഇതു സ്ഥാപിച്ചത്. ഈ സമൂഹത്തിൽ വൈദികർ, കന്യാസ്ത്രീകൾ, സഹോദരന്മാർ എന്നിങ്ങനെ മൂന്നുവിധ സമൂഹങ്ങളുണ്ട്.

ലോകത്തിന്റെ പല ഭാഗങ്ങളിലായി സ്കൂളുകളും ആശുപത്രികളും, അനാഥശാലകളും ഇവർ നടത്തിക്കൊണ്ടിരിക്കുന്നു.

## IV ഏറ്റം വലിയ ഹോട്ടൽ

ബ്രൂക്കാലറിലുള്ള ഏറ്റം വലിയ സെന്റ് ജോർജ്ജ് ഹോട്ടലിൽ വെച്ച് അഭിവന്ദ്യ തിരുമേനിക്കു ഒരു വിരുന്നു സൽക്കാരം വിവിധ ക്രൈസ്തവസഭാംഗങ്ങൾ യോജിച്ചുകൊണ്ട് നൽകുകയുണ്ടായി. പ്രസ്തുത സൽക്കാരത്തിൽ 750 അതിഥികൾ സംബന്ധിച്ചിരുന്നു. അവിടെവെച്ച് 'Catholic Near East Welfare Association' സെക്രട്ടറി മോൺസിഞ്ഞോർ സ്റ്റീഫൻ, ഡോക്ടർ ജോസഫ് ആദിയായ ഒട്ടനേകം പ്രമുഖന്മാർ തിരുമേനിയെ അനുമോദിച്ചു പ്രസംഗം നടത്തുകയുണ്ടായി. ലോകത്തിലെ ഏറ്റം വലിയ ഹോട്ടലാണിത്. വാടകയ്ക്കു കൊടുക്കുന്നതിനുവേണ്ടിത്തന്നെ 4500 മുറികൾ അതിനുണ്ടത്രേ. അതിനുംപുറമേ ബ്രഹ്മാണ്ഡമായ ഈ ഹോട്ടലിൽ ഒട്ടനേകം ഹാളുകളുമുണ്ട്.

## V ഏറ്റം വലിയ അതിരൂപത

കത്തോലിക്കാസഭയിലുള്ള ശതക്കണക്കിന് രൂപതകളിൽവെച്ച് ഏറ്റം വലിയതാണ് ന്യൂയോർക്ക് അതിരൂപത. അതിന്റെ മെത്രാപ്പോലീത്തായായിരുന്ന കർദ്ദിനാൾ സ്പെൽമാന്റെ അതിഥിയായി ഒട്ടനേകം ദിവസങ്ങൾ തിരുമേനി താമസിക്കുകയും ന്യൂയോർക്കിലുള്ള എല്ലാ പ്രധാനസ്ഥാപനങ്ങളും സന്ദർശിക്കുകയും ചെയ്തു. കർദ്ദിനാൾ സ്പെൽമാന്റെ കീഴിൽ ആറു സഹായമെത്രാന്മാരുണ്ട്. പ്രസ്തുത അതിരൂപതയിൽത്തന്നെ 7229 വൈദികരും 22597 കന്യാസ്ത്രീകളും 2222 സഹോദരന്മാരും 60 ലക്ഷത്തോളം വിശ്വാസികളുമുണ്ട്. 33 യൂണിവേഴ്സിറ്റികളും 6995 സ്കൂളുകളും 156 ഇതര പരോപകാര സ്ഥാപനങ്ങളും ഇവർ നടത്തുന്നുണ്ട്.

## L.L.D. ബിരുദലബ്ധി

അമേരിക്കൻ പര്യടനാവസരത്തിൽ സാൻഫ്രാൻസിസ്കോ സർവ്വകലാശാലാധികൃതർ എൽ.എൽ.ഡി. ബിരുദം കഥാപുരുഷന് നൽകുകയുണ്ടായി. അതു സംബന്ധിച്ചു നടന്ന മഹാസമ്മേളനത്തിൽ പ്രസ്തുത സർവ്വകലാശാലാപ്രിൻസിപ്പാൾ ചെയ്ത ബിരുദദാന പ്രസംഗത്തിലെ ഒരു ഭാഗമാണ് ചുവടേ ചേർക്കുന്നത്.

"ഇന്ത്യാ മഹാരാജ്യത്തിന്റെ വിശ്രുതനായ പുത്രനും, നമ്മുടെ കർത്താവിന്റെ അപ്പസ്തോലനായ വി.തോമ്മസിന്റെ സന്താനങ്ങളായ പുരാതനക്രൈസ്തവരുടെ പിൻമുറക്കാരനും, തന്റെ ജന്മഭൂമിയുടെ പ്രസിദ്ധമായ ദാർശനികവിജ്ഞാനം ആർജ്ജിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിയും, ജ്ഞാനസമ്പാദനത്തിൽ ഉൽസുകപ്രേമിയും, പൗരസ്ത്യപ്രകാശനാളവും, വിശ്വദീപത്തിന്റെ മാതൃകാനുഗാമിയും, പൗരാണികഹൈന്ദവക്ഷേത്രങ്ങളാൽ അലംകൃതവും പീതവർണ്ണമണിഞ്ഞതുമായ ഗംഗയുടെ ശാദ്വലപ്രദേശത്തുനിന്നും കപില വർണ്ണാംഗിതമായ ടൈബർ നദീതീരത്ത് കമനീയമായി പരിലസിക്കുന്ന പത്രോസിന്റെ കുംഭഗോപുരത്തിലേക്ക് വന്ന തീർത്ഥാടകനും, മദ്രാസ് സർവ്വകലാശാലയിൽ നിന്നും പ്രശസ്തമായി എം.എ.ബിരുദം സമ്പാദിച്ചശേഷം കൽക്കട്ടാ സർവ്വകലാശാലയിൽ ധനതത്വശാസ്ത്രവും അഖിലലോകഗുരുവായ ക്രിസ്തുനാഥന്റെ സംസാരഭാഷയായ സുറിയാനിയും പഠിപ്പിച്ച സമർത്ഥനായ കോളേജ് പ്രൊഫസ്സറും, ലോകരക്ഷകനായ ക്രിസ്തുവിനെ അനുകരിക്കുന്നതിനായി സ്വയം സമർപ്പിച്ചിരിക്കുന്ന ഒരു സന്ന്യാസസമൂഹത്തിന്റെ വിധാതാവും, ശ്രേഷ്ഠാധിപനും, ഉത്ഭവത്തിന്റെ പ്രാചീനവും അനശ്വരസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പായുടെ അംഗീകാരം സിദ്ധിച്ചതും ഏറ്റം അർവ്വാചീനവുമായ മലങ്കരറീത്തിന്റെ പരമാദ്ധ്യക്ഷനും, പാശ്ചാത്യപൗരസ്ത്യ ദേശങ്ങളെ സ്നേഹശൃംഖലയാൽ പരസ്പരം യോജിപ്പിച്ച അപ്പസ്തോലനും, സൂര്യതാപത്താൽ ആഭുതമായ രാജ്യത്തിലെ കവിശ്രേഷ്ഠനായ രവീന്ദ്രനാഥടാഗോറിന്റെ ഉത്തമസുഹൃത്തും, പാശ്ചാത്യരും പൗരസ്ത്യരുമായ പണ്ഡിതാഗ്രേസരന്മാരുമായിട്ടുണ്ടായ ആദ്ധ്യാത്മികവും ഭൗതികവുമായ സമ്പർക്കത്താലും പരിശീലനത്താലും സംസിദ്ധമായ സ്വഭാവവൈശിഷ്ട്യവും അനർഘമായ വിജ്ഞാനപാടവവും നിമിത്തം ക്രൈസ്തവസഭയുടെ അതിപുരാതനവും, സമുന്നതവുമായ നിലകളിൽ ദൈവത്തെയും മനുഷ്യകുലത്തെയും സേവിക്കുന്നതിന് ആളിക്കത്തുന്ന തീക്ഷ്ണതയേറിയ അഭിവാഞ്ഛയും അചഞ്ചലമായ മനഃസ്ഥൈര്യവുമുള്ള അഭിവന്ദ്യനും, ആർഷഭാരതത്തിന്റെ ചരിത്രരേഖകളിലും, ഈശോ സമൂഹാന്തരീക്ഷത്തിലും തിളങ്ങിവിളങ്ങുന്ന റോബർട്ട് ഡിനോബലിയുടെയും, ഫ്രാൻസിസ് സേവ്യറിന്റെയും മഹത്വങ്ങൾക്ക് ജന്മാവകാശിയും, മാതൃരാജ്യഭക്തനും, നലംതികഞ്ഞ പണ്ഡിതവര്യനും, സുപ്രസിദ്ധ പൗരസ്ത്യ ദാർശനികനും, ക്രൈസ്തവ തത്വശാസ്ത്രജ്ഞനും,

പ്രധാനാദ്ധ്യക്ഷനും, മഹാപുരോഹിതനും തിരുവനന്തപുരം മെത്രാപ്പോലീത്തായുമായ തിരുമേനി ഞങ്ങളിതാ, അങ്ങയെ സപ്രകർഷം അഭിവാദനം ചെയ്തുകൊള്ളുന്നു.

ക്രിസ്തുമതത്തിന്റെ അലൗകികലക്ഷ്യങ്ങളെ സഹാനുഭൂതിയോടെ സുഗ്രഹമാക്കിക്കൊടുക്കുന്ന വ്യാഖ്യാതാവും, മഹത്തങ്ങളായ രണ്ടു സംസ്കാരങ്ങൾ സമ്യക്കായി സമ്മേളിക്കുന്ന പൂജ്യനുമായ അങ്ങേക്ക് പൗരസ്ത്യരുടെ സ്വതസിദ്ധമായ വിജ്ഞാനദീപത്തിന്റെ അതീവമായ ബഹുമാനാദരവുകൾ സംയോജിപ്പിച്ചുകൊണ്ട്, 1933 മാർച്ച് 12-ാം തീയതി തിരുവനന്തപുരം ആർച്ചുബിഷപ്പായി ആരൂഢനാക്കിയ അവിസ്മരണീയമായ സുദിനത്തിൽ അത്യാഹ്ലാദപൂർവ്വം മൂന്നു പ്രാവശ്യം ആർത്തുവിളിച്ച "ഓക്സിയോസ്"- സാൻഫ്രാൻസിസ്കോ സർവ്വകലാശാലയും ഇതാ, സസന്തോഷം ആവർത്തിച്ചുകൊള്ളുന്നു. "ഓക്സിയോസ്" - സർവ്വഥാ യോഗ്യൻ, സാൻഫ്രാൻസിസ്കോ സർവ്വകശാലയുടെ പ്രസിഡണ്ടും ഭരണനിർവ്വാഹകസംഘവും കൂടിച്ചേർന്ന് കാലിഫോർണിയാ സംസ്ഥാനം നൽകിയിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട്, ഇൻഡ്യയിൽ തിരുവിതാംകൂർ സ്വദേശിയും, തിരുവനന്തപുരം മെത്രാപ്പോലീത്തായും, ക്രിസ്താനുകരണ സമൂഹാംഗവുമായ മാർ ഈവാനിയോസിന് "Doctor of Laws" ബിരുദവും, അതിന്റെ എല്ലാ അവകാശങ്ങളും, പ്രത്യേകമായ അധികാരങ്ങളും, അതിനനുയോജ്യമായ എല്ലാ ബഹുമാനങ്ങളും ഇതാ, നല്കികൊള്ളുന്നു.

കാലിഫോർണിയായിൽ സാൻഫ്രാൻസിസ്കോയിൽ വെച്ച്, ക്രിസ്ത്വാബ്ദം 1948-ാംമാണ്ട് സർവ്വകലാശാലയുടെ 93-ാം വാർഷിക ദിനത്തിൽ നല്കിയത്.

## ആസ്ത്രേലിയൻ പര്യടനം

അമേരിക്കൻ ഐക്യനാടുകളിലുള്ള മിക്കവാറും എല്ലാ സംസ്ഥാനങ്ങളും സന്ദർശിച്ചശേഷം റോം വഴി ഇന്ത്യയിലേക്ക് മടങ്ങുന്നതിനും, റോമിൽ വെച്ച് മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുന്നതിനും കഥാപുരുഷൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ ആസ്ത്രേലിയായിലെ മെൽബോൺ ആർച്ചുബിഷപ്പ് മാനിക്സിന്റെ പ്രത്യേക ക്ഷണമനുസരിച്ചും, കർദ്ദിനാൾ സ്പെൽമാന്റെ അഭിപ്രായമനുസരിച്ചും മെൽബോൺ അതിരൂപതയുടെ ശതവാർഷിക ചടങ്ങുകളിൽ പങ്കെടുക്കുന്നതിനായി ഐക്യനാടുകളിൽ നിന്ന് നേരിട്ട് ആസ്ത്രേലിയായിലേക്ക് പോകുന്നതിന് പിന്നീട് നിശ്ചയിക്കുകയാണുണ്ടായത്.

സാൻഫ്രാൻസീസ്കോ സർവ്വകലാശാലയിൽ നിന്നും ഡോക്ടർ ബിരുദം ലഭിച്ചശേഷം 1948 ഏപ്രിൽ 27-ാം തീയതി ആസ്ത്രേലിയായിലെ സിഡ്നി എന്ന സ്ഥലത്തേക്ക് കർദ്ദിനാൾ സ്പെൽമാൻ, മോൺസിഞ്ഞോർ ഫുൾട്ടൻഷീൻ, മോൺസിഞ്ഞോർ തോമസ് മക്മഹൻ എന്നിവരുമൊന്നിച്ച് വിമാനമാർഗ്ഗം യാത്ര പുറപ്പെട്ടു. 28-ാം തീയതി ഹൊണോലുലുവിലും, 29-ാം തീയതി (ബുധനാഴ്ച) ഫിജി ഐലൻഡിലെ സുവായിലും എത്തിച്ചേർന്നു. പിറ്റേദിവസം അവിടെനിന്നും സിഡ്നിയിലേക്കാണ് വിമാനത്തിൽ യാത്ര പുറപ്പെട്ടത്. യാത്രാമദ്ധ്യേ അന്തർദ്ദേശീയ സമയരേഖ International Date Line കടന്നാണ് പോകേണ്ടിവന്നത്. തൻനിമിത്തം ഒരു ദിവസം (വ്യാഴാഴ്ച) കഥാപുരുഷന് നഷ്ടപ്പെടേണ്ടിവന്നു. കാരണം, ബുധനാഴ്ച കഴിഞ്ഞ് പിറ്റേദിവസം സിഡ്നിയിലെത്തിയപ്പോൾ അവിടെ വെള്ളിയാഴ്ചയായിരുന്നു. അങ്ങനെ തന്റെ ജീവിതത്തിൽ ഒരു ദിവസം അറിയാതെതന്നെ നഷ്ടപ്പെടുത്തേണ്ടിവന്നുവെന്ന് കഥാപുരുഷൻ പിന്നീട് പലരോടും വ്യസനസമേതം പറയുകയുണ്ടായി.

## ശതവാർഷികാഘോഷം

മെൽബോണിൽ വമ്പിച്ച സ്വീകരണമാണ് നമ്മുടെ കഥാപുരുഷന് ലഭിച്ചത്. ആസ്ത്രേലിയൻ പത്രങ്ങളെല്ലാം അദ്ദേഹത്തെപ്പറ്റിയുള്ള വിവരങ്ങളും ഫോട്ടോകളും പ്രത്യേകപ്രാധാന്യം നല്കി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. മെൽബോണിൽ നടന്ന ചടങ്ങുകളെപ്പറ്റി ഇൻഡ്യൻ ഡലിഗേറ്റ് അപ്പസ്തോലിക്കായ്ക്ക് ആർച്ചുബിഷപ്പ് എഴുതി അയച്ച കത്തിൽ ഇപ്രകാരം എഴുതിയിരുന്നു.

അഭിവന്ദ്യ തിരുമേനീ,

മെൽബോൺ ആർച്ചുബിഷപ്പ് മാനിക്സിന്റെ ക്ഷണപ്രകാരം മെൽബോൺ കത്തോലിക്കാ അതിരൂപതയുടെ ശതവാർഷികാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി ഞാൻ യു.എസ്.എ.യിൽ നിന്നും ആസ്ത്രേലിയായിലേക്കു പോരുകയാണുണ്ടായത്. അധികം താമസിയാതെ ഞാൻ ഇൻഡ്യയിലേക്ക് മടങ്ങുവാനുദ്ദേശിക്കുന്നു.

ആഘോഷപരിപാടികൾ അഭൂതപൂർവ്വകമായ ഒരു വിജയം തന്നെയായിരുന്നു. അഭിവന്ദ്യ കർദ്ദിനാൾ സ്പെൽമാൻ തിരുമേനി പരിപാടികൾ തീരുന്നതുവരെ ഇവിടെ താമസിച്ചു. ഇന്നലെ രാത്രി കോൾഫീൽഡ് റെയ്സ് കോഴ്സിൽ നടത്തപ്പെട്ട വി.കുർബാനയുടെ വാഴ്വിൽ

ഒരു ലക്ഷത്തിൽപ്പരം കത്തോലിക്കർ പങ്കെടുക്കുകയുണ്ടായി. റെയ്സ്കോഴ്സിൽ സ്ഥലമില്ലാതെ വന്നതു നിമിത്തം ഇരുപതിനായിരത്തോളം കത്തോലിക്കർ നിരാശരായി മടങ്ങിപ്പോകേണ്ടിവന്നു എന്ന് പറയപ്പെടുന്നു. ആഘോഷപരിപാടികൾ ഒരാഴ്ചയിൽ കൂടുതൽ നീണ്ടു നിന്നു. ഇന്നലെ അതിന്റെ സമാപന ദിവസമായിരുന്നു.

കർദ്ദിനാൾ സ്പെൽമാൻ തിരുമേനി പ്രദർശനഹാളിൽ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. അതിൽ ഇരുപത്തയ്യായിരത്തിൽപ്പരം കത്തോലിക്കർ പങ്കെടുത്തു. സിഡ്നിയിലെ അത്യുന്നത കർദ്ദിനാൾ ഗിൽറോയി തിരുമേനി വിശുദ്ധ കുർബാനയോടനുബന്ധിച്ച് ഒരു പ്രസംഗം നടത്തി. ക്യാൻബറായിൽ വെച്ച് പ്രധാന മന്ത്രിയാണ് അഭിവന്ദ്യ തിരുമേനിയെ സൽക്കരിച്ചത്.

അയർലണ്ടിന്റെ മുൻപ്രധാനമന്ത്രിയായിരുന്ന മി.ഡിവലറാ ഇവിടെയുണ്ട്. അദ്ദേഹം ആഘോഷങ്ങളിൽ പങ്കുകൊള്ളുകയുണ്ടായി.'

മടക്കയാത്രയിൽ ആസ്ത്രേലിയായിൽ ഒന്നരമാസക്കാലത്തോളം താമസിച്ച് അവിടുത്തെ വിവിധ കത്തോലിക്കാകേന്ദ്രങ്ങളും സ്ഥാപനങ്ങളും കഥാപുരുഷൻ സന്ദർശിക്കുകയും നിരവധി പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. അതിനുശേഷം 1948 ജൂൺ 8-ാം തീയതി ഇന്ത്യയിലേക്ക് കപ്പലിൽ യാത്ര പുറപ്പെട്ടു. ഇതു സംബന്ധിച്ച് തന്റെ ആത്മസുഹൃത്തായ ശ്രീ.ആൽബർട്ട് ലൂയീസിന് അമേരിക്കയിലേക്കയച്ചുകൊടുത്ത ഒരു കത്തിൽ ഇപ്രകാരമാണു കാണുന്നത്:

"പടിഞ്ഞാറൻ ആസ്ത്രേലിയായിലെ പേർത്തിൽ നിന്നും ജൂൺ 8-ാം തീയതി 5 മണിക്ക് "സ്ത്രാത്ത് ഷെൻ" എന്ന കപ്പലിൽ ഞാൻ യാത്ര പുറപ്പെട്ടു. കപ്പലിൽ വെച്ചാണ് ഈ കത്തെഴുതുന്നത്. കപ്പലിലെ അത്താഴസദ്യ വിഭവബഹുലമായിരുന്നു. ഭയങ്കരമായ ഒരു കൊടുങ്കാറ്റ് തദവസരത്തിൽ സമുദ്രത്തിൽ ആഞ്ഞടിച്ചു. തൽഫലമായി പാത്രങ്ങളും ഭക്ഷണപദാർത്ഥങ്ങളുമെല്ലാം ദൂരേയ്ക്കു പറന്നുപോയി. ഏതാനും ആളുകൾ കാലുവഴുതി ഉരുണ്ടുവീഴുന്നതിനുമിടയായി. അങ്ങനെ എല്ലാ മുറികളിലും പലവിധ തമാശുകൾ നടക്കുകയുണ്ടായി. അടുത്ത പ്രഭാതത്തിൽ കപ്പലിൽ കുർബാന ചൊല്ലുന്നതിന് ഞാൻ വളരെ വിഷമിച്ചു. കാരണം, കപ്പൽ അങ്ങോട്ടും ഇങ്ങോട്ടും ആടിക്കൊണ്ടിരുന്നു. കാസാ ഉറപ്പിച്ചു പിടിച്ചുകൊണ്ട് ഒരു വിധത്തിൽ ആദ്യം അല്പം വെള്ളമൊഴിച്ച ശേഷം സ്ഥിതിഗതികൾ എങ്ങനെ ഇരിക്കുന്നു

എന്നറിയുവാൻ ഞാൻ കാത്തിരുന്നു. കാസാ അവിടെ ഉറച്ചിരുന്നു കൊള്ളുമെന്നു ബോദ്ധ്യമായപ്പോൾ വിശുദ്ധ കുർബാന ആരംഭിച്ചു. ഇത് ഏഴാം തീയതി ബുധനാഴ്ചയായിരുന്നു. അതിൽപ്പിന്നെ ഇന്ന് (വെള്ളിയാഴ്ച) വരെ ഞാൻ കുർബാന അർപ്പിച്ചു. എന്റെ സഹയാത്ര ക്കാരിൽ ഒരു കത്തോലിക്കാമെത്രാനും എട്ടു വൈദികരും അനേകം കത്തോലിക്കാ അല്മായരുമുണ്ടായിരുന്നു. എല്ലാവരും ഇംഗ്ലണ്ടിലേക്കും അയർലണ്ടിലേക്കും പോകുന്നവരായിരുന്നു.

## തലസ്ഥാനനഗരിയിൽ

അങ്ങനെ കപ്പലിൽ യാത്ര തുടർന്ന് ജൂൺ 15-ാം തീയതി സിലോണിലുള്ള കൊളംബ് തുറമുഖത്ത് എത്തിച്ചേർന്നു. അവിടെ നിന്നും കാൻഡി പേപ്പൽ സെമിനാരിയിലേക്കാണു പോയത്. അവിടെ രണ്ടു ദിവസം താമസിച്ചശേഷം വിമാനമാർഗ്ഗേണ മദ്രാസിലേക്കു യാത്ര പുറപ്പെട്ടു. അവിടെ ഒരാഴ്ചയോളം താമസിച്ചു. അനന്തരം വിമാനത്തിൽ ജൂൺ 24-ാം തീയതി തിരുവനന്തപുരത്തു എത്തിച്ചേർന്നു. അഭിവന്ദ്യ തിരുമേനിയെ സ്വീകരിക്കുന്നതിനായി ഒട്ടനേകം വൈദികരും കന്യാസ്ത്രീകളും അല്മായരും വിമാനത്താവളത്തിൽ സന്നിഹിതരായി രുന്നു. അവിടെ നിന്നും പാളയം സെന്റ് മേരീസ് കത്തീഡ്രലിലേക്ക് ആഘോഷപൂർവ്വം യാത്രയായി. വി.കുർബാനാർപ്പണാനന്തരം അവിടെ വെച്ചു ഒരു തേയിലസൽക്കാരം നടത്തപ്പെട്ടു. തുടർന്ന് പട്ടം അരമന യിൽ വമ്പിച്ച ആഘോഷപരിപാടികളോടുകൂടെ സ്വീകരിക്കപ്പെട്ടു. അനന്തരം അനുമോദനയോഗവും മംഗളപത്രസമർപ്പണവും നടത്ത പ്പെട്ടു.

അങ്ങനെ ഒരു വർഷം ദീർഘിച്ച രണ്ടാമത്തെ വിദേശപര്യടനവും ഏറ്റവും വിജയപ്രദമായിത്തന്നെ കഴിഞ്ഞു. തുടർന്ന് അതിരൂപതയുടെ ഭരണകാര്യങ്ങളിൽ അദ്ദേഹം വ്യാപൃതനാകുകയും ചെയ്തു.

## അദ്ധ്യായം 51

# അമേരിക്കയിൽ ചെയ്ത പ്രസംഗം

തന്റെ അമേരിക്കൻ പര്യടനാവസരത്തിൽ ഐക്യനാടുകളിലും ക്യാനഡായിലും വെച്ച് നിരവധി പ്രസംഗങ്ങൾ ആർച്ചുബിഷപ്പ് നടത്തിയിട്ടുണ്ട്. അമേരിക്കൻ പത്രങ്ങളിലും മാസികകളിലും വലിയ തലക്കെട്ടുകളോടുകൂടെ അവയെല്ലാം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശ്രോതാക്കളുടെ മുക്തകണ്ഠമായ പ്രശംസ ആർജ്ജിച്ചവയും, ആശയസംപുഷ്ടവും, വിജ്ഞാനപ്രദങ്ങളുമായ പ്രസ്തുത പ്രസംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത നാലെണ്ണംമാത്രം ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## ക്രൈസ്തവപുനരൈക്യവും ലോകസമാധാനവും

(ക്രൈസ്തവസഭകളുടെ പുനരൈക്യം ലക്ഷ്യമാക്കി വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുന്നാളുകളോടനുബന്ധിച്ച് പ്രതിവർഷം നടത്തിപ്പോരുന്ന "അഷ്ടദിനപ്രാർത്ഥനാവാരം" ഉദ്ഘാടനം ചെയ്തുകൊണ്ട് വാഷിംഗ്ടണിൽവച്ച് ആർച്ചുബിഷപ്പ് ചെയ്ത പ്രസംഗത്തിന്റെ പരിഭാഷയാണ് ചുവടേ ചേർക്കുന്നത്. ഈ പ്രസംഗം കൊളംബിയാ റേഡിയോ പ്രക്ഷേപണം ചെയ്തുവെന്നതും ഇവിടെ പ്രസ്താവ്യമത്രേ).

"അപ്പസ്തോലികവിശ്വാസം ഏറെക്കുറെയെങ്കിലും അവികലമായി പരിരക്ഷിച്ചുപോരുന്ന സഭകളെല്ലാം ശ്ലീഹന്മാരായ പത്രോസിന്റെയും പൗലോസിന്റെയും രക്തസാക്ഷിത്വം ഒരു ദിവസം തന്നെയാണ് ആഘോഷിക്കുന്നത്. സുവിശേഷപ്രചരണ തീക്ഷ്ണതയിൽ ആരെയും അതിശയിപ്പിക്കുന്ന ഈ അപ്പസ്തോലന്മാരിരുവരും ഒരൊറ്റ ദിവസമല്ല തങ്ങളുടെ രക്തം ചിന്തൽ മുഖേന സുവിശേഷത്തിന്റെ വാസ്തവിക

തയ്ക്ക് സാക്ഷ്യം നൽകിയതെന്നുള്ളത് ചരിത്രകാരന്മാർ പരക്കെ സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. തന്മൂലം ആരാധനയിൽ അവർ ഒരുമിച്ചു സ്മരിക്കപ്പെടുന്നതു ചരിത്രത്തിന്റെ ഒരു സന്നിപാതമെന്ന തിലുമുപരി പരിഗണിക്കപ്പെടേണ്ട ഏതോ ഒരു വിശ്വസ്തത അതിനുള്ള തുകൊണ്ടായിരിക്കണം. വിശുദ്ധ പത്രോസ് യഹൂദന്മാരുടെയും വി.പൗലോസ് പുറജാതികളുടെയും അപ്പസ്തോലന്മാരായിരുന്നു എന്നതത്രേ ഇതിനുള്ള കാരണം.

ഇവർ ഇരുവരേയും ഒന്നിച്ചു ബഹുമാനിക്കുന്നതു മുഖേന "ഒരു കർത്താവും, ഒരു വിശ്വാസവും, ഒരു മാമോദീസായും" മാത്രമേ ഉള്ളു വെന്ന സത്യം ക്രൈസ്തവസഭ നമ്മെ പ്രബോധിപ്പിക്കുന്നു. തന്നി മിത്തം വി.പത്രോസിന്റെയും വി.പൗലോസിന്റെയും തിരുന്നാൾ സഭ യുടെ സാർവ്വത്രികതയുടെയും കാതോലികത്വത്തിന്റെയും ഐക്യത്തി ന്റെയും തിരുന്നാളാണെന്ന് ന്യായപൂർവ്വം പ്രസ്താവിക്കു ന്നതിന് സാധിക്കും. ഏവംവിധമുള്ള ആശയങ്ങൾ മനസ്സിൽ വെച്ചുകൊണ്ടായി രിക്കണം സഭാപുനരൈക്യത്തിനു വേണ്ടിയുള്ള "അഷ്ടദിന പ്രാർ ത്ഥന" പ്രസ്ഥാനത്തിന്റെ പ്രണേതാക്കൾ ലത്തീൻ റീത്തിലെ പഞ്ചാംഗ പ്രകാരം വി.പത്രോസിന്റെ തിരുന്നാൾ തുടങ്ങി വി.പൗലോസിന്റെ മാനസാന്തരത്തിരുന്നാൾ വരെയുള്ള ദിവസങ്ങൾ നമ്മുടെ കർത്താ വിന്റെ വാക്കുകളിൽ "എല്ലാവരും ഒന്നാകേണ്ടതിന്" ദൈവത്തോടു തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുന്നതിനുള്ള അവസരമായി തെര ഞ്ഞെടുത്തിരിക്കുന്നത്.

## വിഭിന്ന ക്രൈസ്തവസഭകൾ

ലോകം മുഴുവന്റെയും മാനസാന്തരത്തിന് ഏറ്റം വലിയ പ്രതി ബദ്ധമായി ഇന്നു നിലകൊള്ളുന്നത് ക്രൈസ്തവലോകത്തിന്റെ ഭിന്നതകളും വിഭാഗങ്ങളുമാണെന്നുള്ളതിന് സംശയമില്ല. ഈ കാരണം കൊണ്ടുതന്നെയാണ് സഭകളുടെ ഐക്യത്തിനുവേണ്ടി സമാരംഭിച്ചിരി ക്കുന്ന ഈ പ്രസ്ഥാനം എല്ലാ വിശ്വാസികളെയും പൊതുപിതാവിന്റെ ഭരണത്തിൻ കീഴിലേക്ക് ആനയിക്കുന്നതിനുവേണ്ടി അതിന്റെ പ്രാരംഭം മുതൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. പാശ്ചാത്യയൂറോപ്പിലും അമേരിക്കൻ ഭൂഖണ്ഡത്തിലും ഇതിന്റെ അർത്ഥം എല്ലാ പ്രോട്ടസ്റ്റന്റു വിഭാഗങ്ങളെയും വി.പത്രോസിന്റെ പിൻഗാമിയാൽ ഭരിക്കപ്പെടുന്ന സഭയോടു യോജിപ്പിക്കുക എന്നതത്രേ. അപൂർവ്വം ചില വിഭാഗങ്ങൾ ഒഴികെ പ്രോട്ടസ്റ്റന്റുകാർ പൊതുവേ ക്രിസ്തീയസഭയുടെ വിശ്വാസ

ങ്ങൾ ഏറെക്കുറേ അംഗീകരിക്കുന്നുണ്ട്. പക്ഷേ, പൗരോഹിത്യം, ദിവ്യ ബലി, വിശുദ്ധകുർബാനയിലുള്ള ക്രിസ്തു സാന്നിദ്ധ്യം എന്നിവയി ലുള്ള വിശ്വാസം അവർ നഷ്ടപ്പെടുത്തിയിരിക്കുകയാണ്.

എന്നാൽ പൗരസ്ത്യസഭാവിഭാഗങ്ങളിൽപ്പെട്ട അനേകലക്ഷ ങ്ങളുടെ നില ഇപ്രകാരമല്ല. അപ്പസ്തോലികവിശ്വാസം പ്രസ്തുത വിഭാഗങ്ങളിൽ ഭൂരിഭാഗവും അഭംഗുരമായിത്തന്നെ ഇന്നും പരിരക്ഷിച്ചു പോരുന്നു. ശ്ലൈഹികപിൻതുടർച്ചയും പൗരോഹിത്യവും ദിവ്യബലിയും വി.കുർബാനയും അവർ അന്നും ഇന്നും സംരക്ഷിക്കുന്നുണ്ട്. കാതോ ലികമായ ഐക്യത്തിൽ വർത്തിക്കുന്ന തങ്ങളുടെ സഹോദരങ്ങൾക്കു ള്ളതുപോലെതന്നെ വിശുദ്ധ കൂദാശകൾ അവർക്കുമുണ്ട്. തന്മൂലം പൈശാചികങ്ങളായ നിരവധിമതപീഡന ങ്ങളെ അതിജീവിച്ച് ചില ക്രൈസ്തവവിഭാഗങ്ങൾ ഇന്നും നിലകൊള്ളുന്നതിൽ നാം അത്ഭുതപ്പെ ടേണ്ടതില്ല. ചില അകത്തോലിക്കാപൗരസ്ത്യ സഭകളുടെ ചരിത്രം കുറേയൊക്കെ ധൈര്യത്തിന്റെയും പതറാത്ത വിശ്വസ്തതയുടെയും ചരിത്രമാണ്. ബലം മുഖേനയോ, പ്രശംസ മൂലമോ, മർദ്ദനം കൊണ്ടോ ക്രിസ്തുവിനോടുള്ള വിശ്വസ്തതയെ നാമാവിശേഷമാക്കുന്നതിനു മുതിർന്നവരുടെ മുമ്പിൽ ക്രിസ്തുവിന്റെ പതാകയുറപ്പിച്ചുകൊണ്ട് ധൈര്യപൂർവ്വം അവർ നിലകൊള്ളുന്നു എന്നതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. മീൻപിടുത്തക്കാരായ പത്രോസിന്റെ പിൻഗാമികളായ റോമൻ മാർപ്പാപ്പാമാർ അവരോട് എക്കാലവും ഹൃദയപൂർവ്വകമായ സഹതാപം പ്രദർശിപ്പിച്ചിട്ടുള്ളതിൽ അത്ഭുതത്തിനവകാശമില്ല. ക്രിസ്തുവിനുവേണ്ടി നിരവധി ത്യാഗങ്ങൾ അവർ സഹിച്ചിട്ടുള്ളതു നിമിത്തമാണ് വിശുദ്ധ പത്രോസിന്റെ സിംഹാസനവുമായിട്ടുള്ള ഐക്യം സാധിക്കുന്നതിനാവശ്യമായ അനുഗ്രഹങ്ങളുടെ തികവിങ്ക ലേക്ക് അവരെ ആനയിക്കുന്നതിന് ഓരോ കാലയളവിലും മാർപ്പാപ്പാ മാർ അക്ഷീണം പരിശ്രമിച്ചിട്ടുള്ളത്.

## മലങ്കരയിലെ പുനരൈക്യം

അകത്തോലിക്കാപൗരസ്ത്യസഭകളുടെ നേർക്ക് റോമ്മാസിംഹാ സനം പ്രദർശിപ്പിക്കുന്ന അതീവതാല്പര്യത്തിനു ദൈവാനുഗ്രഹത്താൽ ഞാൻ തന്നെ അനുഭവസാക്ഷിയാണ്. നിങ്ങൾക്ക് അറിയാവുന്നതു പോലെ മലങ്കരയിലെ ഒരു അകത്തോലിക്കാസഭയുടെ അംഗമായിട്ടാണ് ഞാൻ ജനിക്കുകയും വളരുകയും ചെയ്തത്. ചരിത്രപരവും ഭൂമി ശാസ്ത്രപരവുമായ ചില സംഭവവികാസങ്ങളുടെ ഫലമായി ഇന്ത്യയിൽ

വിശുദ്ധ തോമ്മസ്സ് അപ്പസ്തോലൻ സ്ഥാപിച്ച സഭയിലെ ഒരു ഭാഗം കത്തോലിക്കാസഭയിൽനിന്നും പിരിഞ്ഞുപോയി. ഇങ്ങനെ പിരിഞ്ഞു പോയ വിഭാഗത്തിലാണ് ഞാൻ ജനിച്ചതും, വളർന്നതും, പഠിച്ചതും, വൈദികനായതും, ഒടുവിൽ വൈദികമേലദ്ധ്യക്ഷ സ്ഥാനത്തേക്ക് ഉയർ ത്തപ്പെട്ടതും. സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടി ഓരോ സന്ന്യാ സസമൂഹം ഞാൻ സ്ഥാപിച്ചു. സന്ന്യാസജീവിതം പുനഃ സ്ഥാപിക്കുന്ന തിനുവേണ്ടി പ്രസ്തുത സഭയിൽ ഞാൻ ഒരു ഉപകരണമായിത്തീർന്നു. ഞാൻ ഈ സന്ന്യാസസമൂഹങ്ങളിൽ ആരംഭകാലം മുതൽത്തന്നെ സഭകളുടെ ഐക്യത്തിനുവേണ്ടി അനുദിനം പ്രാർത്ഥനകൾ നടത്തി ക്കൊണ്ടിരുന്നു. താമസംവിനാ റോമാസിംഹാ സനവുമായുള്ള ഐക്യ ത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് പര്യന്വേഷണം ചെയ്യുന്നതിന് ആ സഭയിലെ മറ്റു തിരുമേനിമാർ എന്നെ ചുമതലപ്പെടുത്തി. എന്റെ ഈദൃശപരിശ്രമങ്ങൾക്കിടയിലാണ് പരിശുദ്ധ പിതാവ് വിഭിന്ന പൗരസ്ത്യസഭകളുടെ പുനരൈക്യത്തെ എത്രമാത്രം പൈതൃകമായ സ്നേഹതീവ്രതയോടെയാണു നോക്കിപ്പാർക്കുന്നതെന്ന് ആദ്യമായി അറിയുവാൻ ഇടയായത്. ഞങ്ങളിൽ ഏതാനും പേർ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടപ്പോൾ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് വ്യക്തിപരമായി എനിക്കൊരു കമ്പിസന്ദേശം അയച്ചുതന്നു. സ്വാഗതം, “വലിയ സ്വാഗതം” എന്നായിരുന്നു അത്. ഇന്ന് ഡിട്രോയിറ്റിലെ കർദ്ദിനാൾ ആർച്ചുബിഷപ്പായ അഭിവന്ദ്യ തിരുമേനി അന്ന് ഇന്ത്യയിലെ ദലഗാദ് അപ്പസ്തോലിക്കയായിരുന്നു. ഞങ്ങളുടെ പുനരൈക്യശ്രമ ങ്ങളുടെ സന്തോഷപ്രാപ്തിയിൽ കാര്യമായൊരു പങ്ക് അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. പല വിധത്തിൽ തിരുമനസ്സുകൊണ്ട് അതിനുവേണ്ടി ബുദ്ധിമുട്ടിയിട്ടുണ്ട്. പ്രത്യേകിച്ച് ഞങ്ങൾക്കുവേണ്ടി അദ്ദേഹം റോമിലേക്ക് ഒരു ദീർഘയാത്ര തന്നെ നടത്തുകയുണ്ടായി. ഇവയെല്ലാം അനുഭവിച്ചറിഞ്ഞിരിക്കെ - ഇവയെല്ലാം മനസ്സിൽ നിറഞ്ഞു കവിഞ്ഞിരിക്കെ - “തൊഴുത്തിനു പുറമേയുള്ള വേറേ ആടുകളെ” ക്കുറിച്ചും പരിശുദ്ധ സിംഹാസനത്തിലുള്ള പരമ്പരാഗതമായ താല്പര്യ ങ്ങളെക്കുറിച്ചും ഞങ്ങൾ ഇതിൽ ക്കൂടുതലായി എന്തു പറയേണ്ടു! പരിശുദ്ധ പിതാവിന്റെ അനുഗ്രഹം മൂലം മലങ്കര റീത്തിൽ ഉൾപ്പെട്ട ഞങ്ങൾ ഞങ്ങളുടെ പുരാതനമായ ആരാധനക്രമം അഭംഗുരമായി പരിപാലിച്ചുപോരുന്നു. പൂർവ്വികമായ ആചാരങ്ങളെയെല്ലാം പിൻതുട രുന്നു. പുരാതനവിശ്വാസത്തെ ഏറ്റുപറയുന്നു. “രണ്ടാം സ്വർഗ്ഗ”മെന്നു ഞങ്ങൾ അഭിസംബോധന ചെയ്യുന്ന ദൈവമാതാവിനെ വണങ്ങുകയും ചെയ്യുന്നു.

ലോകമെങ്ങുമുള്ള കത്തോലിക്കരോടു ചേർന്ന് ഞങ്ങൾ നില കൊള്ളുന്നു എന്നതല്ലാതെ വേറേ യാതൊരു മാറ്റവും ഞങ്ങൾ വരുത്തിയിട്ടില്ല. പലപല തലമുറകളായി ഞങ്ങൾ പാലിച്ചിരുന്ന ആചാര ങ്ങളെ കൈവെടിയേണ്ടതായൊരു പ്രശ്നവും ഉണ്ടായിട്ടുമില്ല, ഉണ്ടാകു ന്നുമില്ല. വിഭിന്നങ്ങളായ കത്തോലിക്കാപൗരസ്ത്യസഭകളോടു തിരു സിംഹാസനം തുടർച്ചയായി അനുഷ്ഠിക്കുന്ന നയവും ഇതുതന്നെ. പ്രസ്തുത സഭകളിൽ നിലവിലിരിക്കുന്ന ആചാരങ്ങളെ പരിരക്ഷിച്ചു കൊണ്ടു പോരുന്നതിൽ റോമാസിംഹാസനം എന്നും ഉത്സുകയാണ്. "ക്രിസ്തുവിന്റെ സഭ ലത്തീനല്ല, സ്ലാവല്ല, ഗ്രീക്കുമല്ല, പ്രത്യുത, കാതോലികമാണ്" എന്ന് പതിനഞ്ചാം ബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് പ്രസ്താവിച്ചിട്ടുള്ളത് വാസ്തവമാണ് റോമാ സഭയുടെ നയത്തിൽ സദാപി തെളിഞ്ഞു കാണുന്നുണ്ട്. ക്രിസ്തുവിന്റെ മണവാട്ടിയായ സഭ അവളുടെ ആരാധനക്രമങ്ങളിൽ വിവിധ വർണ്ണവിഭൂഷിതയാണ്. സങ്കീർത്തകന്റെ വാക്കുകളിൽ നാനാത്വത്തിൽ അവൾ വലയം ചെയ്യപ്പെട്ടിരിക്കുന്നു."

## ഭാരതമാനസാന്തരം

വിഭിന്നസഭാംഗങ്ങളായ അകത്തോലിക്കാപൗരസ്ത്യർ തങ്ങളുടെ വിശ്വാസം, പട്ടത്വം, കൂദൂശകൾ എന്നിവ എക്കാലത്തും കാത്തു സൂക്ഷി ച്ചുപോന്നതുകൊണ്ട് വി.പത്രോസിന്റെ സിംഹാസനവുമായുള്ള ഇവ രുടെ ഐക്യത്തെ ഏറ്റം പ്രധാനമായ ഒരു കാര്യമായി പരിശുദ്ധ പിതാവ് പരിഗണിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല. പ്രസ്തുത സഭയിലെ അംഗങ്ങൾ കത്തോലിക്കാസഭയുമായി ഐക്യപ്പെട്ടു കഴിഞ്ഞാൽ ക്രിസ്തുവിനെ അറിയാത്ത തങ്ങളുടെ അനേകലക്ഷം സഹോദരന്മാരെ സുവിശേഷവെളിച്ചത്തിലേക്ക് ആനയിക്കുവാൻ അവർക്ക് സാധിക്കു മെന്ന് പരിശുദ്ധ പിതാവിന് ഉത്തമബോദ്ധ്യമുണ്ട്. ഉദാഹരണമായി, ഞങ്ങളുടെ ഭാരതത്തെത്തന്നെ വീക്ഷിക്കുക. ലോകത്തിലെ ജനങ്ങ ളിൽ ആറിലൊന്ന് ആ വിസ്തൃത ഭൂവിഭാഗ ത്തലാണ് നിവസിക്കുന്നത്. ഭാരതത്തിലുള്ള പുരാതനക്രിസ്ത്യാനി കൾക്ക് തങ്ങളുടെ നാട്ടുകാരെ ക്രിസ്തീയവിശ്വാസത്തിലേക്ക് നയിക്കുന്നതിന് ദൈവാനുഗ്രഹത്താൽ സാധിക്കുമെന്നുള്ളതിനു സംശയമില്ല. അവരെല്ലാം ഭാരതീയർതന്നെ. അവരുടെ ക്രിസ്തീയ സംസ്കാരം ക്രിസ്തുവിന്റെ പ്രബോധനങ്ങ ളുടെയും ഇൻഡ്യയുടെ പുരാതനസംസ്കാരത്തിന്റെ നല്ല വശങ്ങളു ടേയും - തീർച്ചയായും നല്ല വശങ്ങൾ വളരെ ഉണ്ട് - സങ്കലനമത്രേ.

ക്രിസ്തുമതം വിദേശിയമല്ലെന്നുള്ളതിന്റെ സജീവ തെളിവുകളാണ് അവർ. ആന്തരികവും ഭൗതികവുമായ യൂറോപ്യൻസംസ്കാരത്തിന്റെ ഇറക്കുമതിയല്ല ക്രിസ്തുമതം. പിന്നെയോ, കലർപ്പില്ലാത്ത ഇൻഡ്യൻ സംസ്കാരത്തിന്റെ നല്ല വളക്കൂറുള്ള മണ്ണിൽ വേരൂന്നി വികസിച്ച് ലാലസിക്കുന്ന ഒരു മനോഹരപുഷ്പമാണ്. ഭാരതീയസംസ്കാര ത്തിന്റെ ഉടലിനു കോട്ടം തട്ടിക്കുകയോ അതിനെ നശിപ്പിക്കുയോ ചെയ്യുന്ന ഒന്നല്ല, പിന്നെയോ, അതിനെ പൂർണ്ണമാക്കുകയും അതിന്റെ മുഴുവൻ സാദ്ധ്യതകളെയും രൂപത്തിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒന്നത്രേ ക്രിസ്തുമതം.

കാതോലികത്വത്തിന്റെ ശരിയായ രൂപം എപ്പോഴും വിശുദ്ധ പത്രോസിന്റെ സിംഹാസനത്തോട് യോജിച്ചിരിക്കും. “സഭയോടൊന്നിച്ച് ചിന്തിക്കുക” എന്നതത്രേ ഒരു കത്തോലിക്കന്റെ മുദ്രാവാക്യം. തിരുസഭയെയും ക്രിസ്ത്യാനികളെ പൊതുവെയും ബാധിക്കുന്ന പ്രശ്ന ങ്ങളിലെന്നപോലെ സഭയുടെ ഐക്യത്തെ സംബന്ധിക്കുന്ന കാര്യ ങ്ങളിലും സഭാസന്താനങ്ങൾക്കു തിരുസിംഹാസനം മാർഗ്ഗ നിർദ്ദേശം നൽകികൊണ്ടിരിക്കുന്നുണ്ട്. ആദ്യമായിത്തന്നെ തങ്ങളുടെ ഭാഗത്ത് യാതൊരു കുറ്റവും കൂടാതെ തിരുസഭയിൽനിന്നും വേർപെട്ടു നില്ക്കു ന്ന എല്ലാ ക്രിസ്ത്യാനികളോടുമുള്ള സ്നേഹം നമ്മിൽ കത്തിജ്വലി ക്കണം. എല്ലാറ്റിനും ഉപരിയായി നമുക്ക് ക്രിസ്തീയസ്നേഹമാണ് ആവശ്യമായിരിക്കുന്നത്. ക്രിസ്തുവിൽ നാം എല്ലാവരെയും സ്നേഹിക്കുന്ന പക്ഷം - പ്രത്യേകിച്ച് അപൂർണ്ണമായിട്ടെങ്കിലും ക്രിസ്തുവിനെ അനുഗമിക്കുന്നവരെ കൂടുതൽ സ്നേഹിക്കുന്ന പക്ഷം - അവരെല്ലാവരും വിശ്വാസത്തിന്റെ ഭവനത്തിൽ പ്രവേശിക്കുന്ന ആ സുദിനം വേഗം വന്നണയുന്നതിനായി കഴിയുംവിധം നാമെല്ലാം പരിശ്രമിക്കും. കത്തോലിക്കാസഭയിൽനിന്നും വേർപെട്ടു നില്ക്കുന്ന ക്രിസ്തീയ സഹോദരങ്ങളെയും അവരുടെ പ്രത്യേക പ്രശ്നങ്ങളേയും പരിഹരിക്കുന്നതിനു നാം യത്നിക്കണം. സഭകളുടെ പുനരൈക്യ ത്തിനുവേണ്ടിമിഷ്യനറി പ്രവർത്തനത്തിന്റെ തികവിൽ നിലകൊള്ളുന്ന സംഘടനകളെ നാം സഹായിക്കണം. ഇവയൊന്നും സാദ്ധ്യമല്ലെങ്കിൽ സ്വർഗ്ഗവുമായി ഒരു പ്രാർത്ഥനാസമരം തന്നെ നാം നടത്തണം. നമ്മുടെ സ്വർഗ്ഗീയപിതാവിനോടും ദൈവമാതാവിനോടും വിശുദ്ധ പൗലോസി നോടും വിശുദ്ധ പത്രോസിനോടും വിനയപൂർവ്വം നാം അപേക്ഷി ക്കണം. “അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കു കൂടെയുമാകുന്നു ഞാൻ പ്രാർത്ഥിക്കുന്നത്. നാം

ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു തന്നെ" എന്നുള്ള ക്രിസ്തുനാഥന്റെ പ്രാർത്ഥന സഫലമാകുന്നതുവരെ നാം തീക്ഷ്ണതാപൂർവ്വം അപേക്ഷിക്കുകയും ചെയ്യണം."

## II

## "കാനഡാ എന്റെ ദൃഷ്ടിയിൽ"

(തന്റെ കാനഡാ സന്ദർശനാവസരത്തിൽ ഒരു വമ്പിച്ച സദസ്സിനെ അഭിമുഖീകരിച്ചുകൊണ്ട് ആർച്ചുബിഷപ്പ് ചെയ്ത പ്രസംഗമാണ് ഇനിയും ചേർക്കുന്നത്. കാനഡാ രാജ്യത്തെയും അവിടത്തെ കത്തോലിക്കാസഭയെയും പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന മതിപ്പ് ഇതിൽ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുണ്ട്).

അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി, ഫ്രാൻസിന്റെ ബഹുമാന്യ സ്ഥാനപതി അവർകളേ, ക്യൂബക്കിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അഭിവന്ദ്യ മോൺസിഞ്ഞോറന്മാരേ, ബഹുമാനപ്പെട്ട വൈദികരേ, മഹതീമഹാന്മാരേ,

ഈ ശുഭാവസരത്തിൽ ഏതാനും വാക്കുകൾ സംസാരിക്കുന്നതിനുവേണ്ടി എന്നെ ഇവിടെ ക്ഷണിച്ച മേയർ മി.റൂസ്സോയുടെ സ്നേഹാദരങ്ങളെ ഞാൻ അത്യന്തം അഭിനന്ദിക്കുന്നു. ഇൻഡ്യയിൽ നിന്നു നിങ്ങളുടെ ഈ പ്രിയപ്പെട്ട നാട്ടിൽ ഞാൻ എത്തിയിട്ട് മൂന്നാഴ്ച കഴിഞ്ഞതേയുള്ളൂ. "ദ്വിതീയ സ്വർഗ്ഗം" എന്ന അപരാഭിധാനത്താൽ ആരെ നാം വണങ്ങുന്നുവോ ആ ദിവ്യനാഥയോട് എനിക്കുള്ള നിഃസ്വാർത്ഥഭക്തി ഒന്നു മാത്രമാണ് ഒട്ടോവയിലെ ആർച്ചുബിഷപ്പ് തിരുമേനിയുടെ ക്ഷണം സ്വീകരിക്കുന്നതിനും ഇവിടെ വെച്ചു നടത്തുന്ന മരിയൻ കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനും എന്നെ പ്രേരിപ്പിച്ചത്. ഈ മരിയമഹാമഹത്തിന്റെ മധുരസ്മരണകളും കൊണ്ട് തിരിച്ചുപോകുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. കാനഡായിലെ കത്തോലിക്കർക്ക് "ദ്വിതീയ സ്വർഗ്ഗ"ത്തോടുള്ള അടിയുറച്ച ഭക്തി എനിക്ക് ഉണർവ്വും ഉത്തേജനവും നൽകിയിട്ടുണ്ട്. മാർപ്പാപ്പയുടെ സ്ഥാനപതി എന്ന നിലയിൽ 'റൊറോന്റോ' (Toronto) യിലെ അത്യുന്നത കർദ്ദിനാൾ തിരുമേനിക്ക് ഡൊമിനിയൻ ഗവൺമെന്റ് നൽകിയ ഹൃദ്യമായ അഭിവാദ്യവും, കനേഡിയൻ ഗവൺമെന്റിനെ പ്രതിനിധാനം ചെയ്തുകൊണ്ട് നിങ്ങളുട മുഖ്യമന്ത്രി മെക്കൻസിംഗ് അദ്ദേഹത്തിന് നൽകിയ ഹാർദ്ദവമായ അഭിനന്ദനങ്ങളും പരി.പിതാവിന്റെ നേരേ നിങ്ങൾക്കുള്ള സവിശേഷമായ ഭക്തിയാണ് വെളിപ്പെടുത്തുന്നത്. തന്മൂലം കാന

ഡായിലെ കത്തോലിക്കാസഭയും രാഷ്ട്രീയവും തമ്മിൽ പുലർത്തി കൊണ്ടുപോരുന്ന സൗഹൃദബന്ധത്തിന്റെ യഥാർത്ഥനില ഗ്രഹിക്കുവാൻ എനിക്കു സാധിച്ചു. ഈ മഹാരാജ്യത്തിലെ വിവിധ മതവിഭാഗ ക്കാരുടെ നേർക്ക് ഗവൺമെന്റിനുള്ള വിശാലമനോഭാവത്തെ ഏറെക്കുറെ കണ്ടു മനസ്സിലാക്കുന്നതിനും ഈ സന്ദർഭം എനിക്ക് ഉപകരിച്ചു. ഒട്ടാവാ, മൊൺഡ്രിൽ, ത്രിവേഴ്സ്, ഡീയർത്രിവേഴ്സ് തുടങ്ങി നിങ്ങളുടെ നാട്ടിലെ ഏതാനും നഗരങ്ങൾ ഇതിനകം ഞാൻ സന്ദർശിച്ചു കഴിഞ്ഞു. കാപ്ദെലാ മാഡലിൻ (Capdela Medeline) സന്ദർശനം ഒരു ആദ്ധ്യാത്മികോല്ലാസമായിട്ടാണ് എനിക്കനുഭവപ്പെട്ടത്. “ഷവനിശലേ ജലപാതം” എന്നെ ഹഠാദാകർഷിച്ചു. നിക്കോളെറ്റ് ഒരു സുന്ദര വസ്തുവാണെന്ന് തന്നെ പറയാം. ഉണർവോടും ഉത്സാഹത്തോടുംകൂടി മതചിന്തയുടെ നേരിയ മാർഗ്ഗത്തിലൂടെ മുന്നേറുന്ന ഗ്രാമീണ ജീവിതത്തിന്റെ സാമുദായികവും സാമ്പത്തികവുമായ വശങ്ങളെപ്പറ്റി ഈ സ്ഥലങ്ങളിൽ നിന്നുമാണ് ചിലതെല്ലാം ഞാൻ ഗ്രഹിച്ചത്.

കാനഡായിലെ ഗ്രാമീണജീവിതത്തെപ്പറ്റി തൊട്ടടുത്തറിയുന്നതിനുള്ള അവസരം എനിക്ക് ലഭിച്ചത് ഇന്നലെ മാത്രമാണ്. ഇന്നലെ ത്രിവേഴ്സിന്റെ മേയറായ മി.റൂസ്സോയും അദ്ദേഹത്തിന്റെ പത്നിയും കൂടി ‘നിക്കോളേറ്റിലു’ള്ള അവരുടെ കൃഷിത്തോട്ടത്തിലേക്ക് എന്നെ ക്ഷണിച്ചുകൊണ്ടുപോയി. സമീപത്തുള്ള ഏതാനും ഭവനങ്ങളും മറ്റു ചില കൃഷിസ്ഥലങ്ങളും ഞങ്ങൾ സന്ദർശിച്ചു. വാസ്തവത്തിൽ കാനഡയിലെ ഗ്രാമീണജീവിതത്തിന്റെ രാമണിയകതയും, കനേഡിയൻ ജനതയുടെ ആനന്ദവും അവിടെയാണ് ഞാൻ ദർശിച്ചത്. ലോകത്തിന്റെ നാനാവിധമായ പുനഃസംവിധാനകാര്യത്തിൽ ഒരു വലിയ ഭാഗം നിർവ്വഹിക്കുവാനുള്ള കഴിവ് കാനഡയ്ക്കുണ്ട്. ആദ്ധ്യാത്മകത്വത്തിലേക്കും ധാർമികനിഷ്ഠതയിലേക്കും മനുഷ്യരാശിയെ പുരോഗമിപ്പിക്കുന്നതോടൊപ്പം യഥാർത്ഥമായ മതവിശ്വാസത്തിൽ പദമൂന്നി നിന്നുകൊണ്ട് ആഗോളവ്യാപകമായ സാമ്പത്തിക സാമുദായികപ്രശ്നങ്ങൾക്ക് ഒരു പ്രതിവിധി നിർദ്ദേശിച്ചകൊടുക്കുവാനുള്ള പ്രാപ്തിയും കാനഡയ്ക്കുണ്ടെന്നുള്ളതിനു സംശയമില്ല. ഈ ലക്ഷ്യത്തിലേക്ക് നിങ്ങളെ നയിക്കുവാൻ തക്ക കരുത്തും കഴിവുമുള്ള രാഷ്ട്രീയനേതാക്കന്മാരും സഭാനേതാക്കന്മാരും നിങ്ങൾക്കുണ്ട്. മി.റൂസ്സോയുടെ ഗ്രാമീണവസതിയുടെ ഭിത്തിയിൽ മനോജ്ഞമായ ഒരു വാക്യം ഞാൻ കാണുകയുണ്ടായി. “എന്റെ രാജ്യവും എന്റെ പള്ളിയുമാണ് എന്റെ സ്നേഹവസ്തുക്കൾ” - ഈ ആപ്തവാക്യത്തിലടങ്ങിയിട്ടുള്ള

ആദർശത്തെ മുറുകെ പിടിച്ചുകൊണ്ട് മുന്നേറുന്ന ജനതയാണ് വാസ്തവത്തിൽ സ്വാതന്ത്ര്യത്തിന്റെയും ക്രിസ്തീയ സംസ്കാരത്തിന്റെയും വിത്തുകൾ ലോകത്തിൽ വിതയ്ക്കുന്നത്.

ഭീകരങ്ങളായ രണ്ടു ലോകമഹായുദ്ധങ്ങൾ കഴിഞ്ഞിരിക്കുന്നു. ആ മഹാസമരങ്ങളുടെ വിജയം ഒരു രാജ്യത്തിന്റെയോ, ഒരു ജനതയുടെയോ മാത്രം നേട്ടമായിട്ടല്ല പരിഗണിക്കേണ്ടത്. പിന്നെയോ, ക്രിസ്തീയ സംസ്കാരത്തിന്റെ നിലനില്പിനും മനുഷ്യരാശിയുടെ ക്രമപ്രവർദ്ധകമായ പുരോഗതിക്കും നിദാനമായ ഉന്നതാദർശങ്ങളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള സമരങ്ങളായിരുന്നു അവ. ഐക്യകക്ഷിയുടെ വിജയം അവരുടെ സ്വന്തം താല്പര്യങ്ങൾക്ക് മാത്രം പ്രയോജകീഭവിക്കേണ്ടതല്ല. ഉത്തമാദർശങ്ങൾക്കാണ് അതുമൂലം നേട്ടമുണ്ടാകേണ്ടത്. മാത്രമല്ല, അന്യന്റെ മേൽ ആധിപത്യം സ്ഥാപിക്കുവാനുള്ള ഒരു മാർഗ്ഗമായി അതിനെ സ്വീകരിക്കുവാനും പാടുള്ളതല്ല. ആ വിജയം മുഖേന ക്രിസ്തുനാഥൻ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്ത സത്യമതത്തെയും മനുഷ്യന്റെ കുടുംബഭദ്രതയെയും സാമൂഹ്യനീതിയെയും സംരക്ഷിക്കുന്നതിനും കടകവിരുദ്ധമായ ആദർശങ്ങളുടെ പിന്നാലെ പരക്കം പായുന്ന എല്ലാ ജനങ്ങളെയും നേരായ മാർഗ്ഗത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനും സാധിക്കുമെങ്കിൽ അതായിരിക്കും ഐക്യകക്ഷിയുടെ വിജയത്തിന്റെ വമ്പിച്ച നേട്ടം. നിങ്ങൾക്ക് നമസ്കാരം.''

# III

## കാനഡയോടു യാത്ര പറച്ചിൽ

(മരിയൻ കോൺഗ്രസ്സിൽ സംബന്ധിക്കാനെത്തിയ തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഈവാനിയോസ് ക്യൂബക്കിലെയും ഓന്റാരിയോയിലെയും പ്രധാനപ്പെട്ട സ്ഥലങ്ങൾ സന്ദർശിച്ചശേഷം ഈ രാജ്യത്തോട യാത്ര പറയുന്നതിന് ഒരു ദിവസം മുമ്പ് താഴെ കാണുന്ന സന്ദേശം ഞങ്ങൾക്കയച്ചുതന്നിരിക്കുന്നു എന്ന പ്രസ്താവനയോടുകൂടെ Catholic Record പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതിൽ നിന്നും ഒരു ഭാഗമാണ് ചുവടെ ചേർക്കുന്നത്).

''നിങ്ങളുടെ മഹാരാജ്യത്തോടു എനിക്കുള്ള ആത്മാർത്ഥമായ മതിപ്പും നിങ്ങളോടുകൂടെ ആയിരുന്നതിൽ എനിക്കുള്ള അത്യധികമായ സന്തോഷവും എല്ലായിടത്തും എനിക്കു ലഭിച്ച ഹൃദ്യമായ സ്വീകരണവും അഗാധമായ കൃതജ്ഞതയോടുകൂടെ കനേഡിയൻ ജനതയെ അറിയിക്കുന്നതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

നിങ്ങൾക്കറിയാവുന്നതുപോലെ ആർച്ചുബിഷപ്പ് വക്കോണിന്റെ ക്ഷണമനുസരിച്ച് മരിയൻ കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിന് ജൂൺമാസത്തിൽ ഞാൻ കാനഡായിലെത്തിച്ചേർന്നു. ഇൻഡ്യയിലെ റോമൻ കത്തോലിക്കാഹൈരാർക്കിയിലെ ഒരംഗമെന്ന നിലയിൽ സാർവ്വത്രികസമാധാനമെന്ന ഉന്നതമായ ലക്ഷ്യത്തിനുവേണ്ടി സമർപ്പിക്കപ്പെട്ടിരിക്കുന്ന അന്തർദേശീയ മഹാ കോൺഗ്രസ്സിൽ ഇൻഡ്യയിലെ കത്തോലിക്കാസഭയെയാണ് ഞാൻ പ്രതിനിധീകരിച്ചത്. ഈ മരിയൻ കോൺഗ്രസ്സ് എത്ര ശ്രമകരവും അതേസമയം എത്ര അത്ഭുതകരവുമായ വിജയമായി പരിണമിച്ചുവെന്ന് യാതൊരു സങ്കോചവും കൂടാതെ എനിക്ക് നിങ്ങളോടു പറയാൻ സാധിക്കും. "രണ്ടാംസ്വർഗ്ഗം" എന്ന അപരാഭിധാനത്തിൽ പൗരസ്ത്യരായ ഞങ്ങൾ ബഹുമാനിക്കുന്ന പ.കന്യകയുടെ ഒരു തീർത്ഥാടകനായി - ജൂൺമാസത്തിലെ ആ പരിശുദ്ധദിവസങ്ങളിൽ - കാനഡായിൽ നടന്ന ചരിത്രം സൃഷ്ടിച്ച സംഭവത്തിൽ ഭാഗഭാക്കാകുവാൻ എനിക്കു ലഭിച്ച അതുല്യഭാഗത്തെപ്പറ്റി നിങ്ങളോടു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

കാനഡായിലെ കത്തോലിക്കാസഭയുടെ കെട്ടുറപ്പും വിശ്വാസികൾക്ക് അവരുടെ മെത്രാന്മാരോടും വൈദികരോടുമുള്ള ഭക്തിയും എന്നെ ഹഠാദാകർഷിച്ചിരിക്കുന്നു. സഭയ്ക്കു നിങ്ങളുടെ രാഷ്ട്രീയ ജീവിതത്തിൽ സജീവവും ചലനാത്മകവുമായ സ്വാധീനം ചെലുത്തുവാൻ സാധിക്കുന്നുണ്ട്. ഇതു വീട്ടിലും നാട്ടിലുമുള്ള നിങ്ങളുടെ സാന്മാർഗ്ഗികപ്രശ്നങ്ങളുടെ നയത്തിൽ വളരെ സ്വാധീനം ചെലുത്താൻ പോരുന്നവയാണ്. ഇതു തീർച്ചയായും നിങ്ങളുടെ സാമൂഹിക ജീവിതത്തിനൊരു സുരക്ഷിതത്വവും നിങ്ങളുടെ സ്ഥാപനങ്ങൾക്കാകമാനം ഒരു കെട്ടുറപ്പുമാകുമെന്നതിന് സംശയമില്ല.

യേശുക്രിസ്തുവിന്റെ വികാരിയും വി.പത്രോസിന്റെ പിൻഗാമിയും ക്രൈസ്തവസഭയുടെ തലവനുമായ നമ്മുടെ പരി.പിതാവിന്റെ ധാർമ്മികാധിപത്യത്തെ വെല്ലുന്ന മറ്റേതെങ്കിലും സ്വരം ഇന്നു ലോകത്തിൽ മുഴങ്ങികേൾക്കുന്നുണ്ടോ? ഇല്ലെന്നുള്ളതിന് സംശയമില്ല. മനുഷ്യജീവിതത്തിന് അർത്ഥവും വിലയും കൊടുക്കുവാനും മാനുഷികനിയമങ്ങൾക്ക് അംഗീകാരവും മാനുഷികധർമ്മ സംഹിതയ്ക്ക് അന്തിമലക്ഷ്യവും നൽകുവാനുള്ള അധികാരം സത്യങ്ങളുടെ കാവൽപേടകമായ കത്തോലിക്കാസഭയ്ക്കല്ലാതെ ലോകത്തിൽ മറ്റേതു സ്ഥാപനത്തിന് അവകാശപ്പെടാൻ സാധിക്കും?

സത്യം, ധർമ്മം, നീതി ഇവയത്രേ ഇന്നത്തെ ലോകത്തിന് അത്യന്താപേക്ഷിതമായ ആവശ്യങ്ങൾ. സത്യമാണ് നമ്മെ സ്വതന്ത്രരാക്കുന്നത്. വിശ്വാസമാണ് നമ്മെ പൂർണ്ണരാക്കുന്നത്. നമ്മുടെ രാഷ്ട്രീയ വിജ്ഞാനീയം രൂപപ്പെടുത്തുകയും നവീകരിക്കപ്പെടുകയും ചെയ്യേണ്ടതാണ്. നമ്മുടെ ആഭ്യന്തരവും അന്താരാഷ്ട്രീയവുമായ നിയമസംഹിത മനുഷ്യമനസ്സുകളിലുള്ള ദൈവത്തിന്റെ നിത്യനിയമത്തിന്റെ പ്രതിബിംബമായ സ്വാഭാവികനിയമത്തിൽ അധിഷ്ഠിതമായിരിക്കണം. ആ നിത്യനിയമത്തോട് ജനങ്ങളും രാഷ്ട്രവും ഒരുപോലെ കടപ്പെട്ടിരിക്കുന്നു. അന്തർദ്ദേശീയനിയമം കൂടാതെ അന്താരാഷ്ട്രീയസമാധാനവും സുരക്ഷിതത്വവും സാദ്ധ്യമല്ല. നീതിയിൽ അധിഷ്ഠിതമല്ലാതെയുള്ള അന്തർദ്ദേശീയനിയമം പരിപാലിക്കുക സാദ്ധ്യവുമല്ല. ഇപ്രകാരമുള്ള രാഷ്ട്രങ്ങളുടെ നിലനില്പിനുവേണ്ടി അനുസ്യൂതം വാദിച്ചുകൊണ്ടിരിക്കുന്ന സംഘടനയാണ് കത്തോലിക്കാസഭ. സമാധാനസൗധം മറ്റൊന്നിലും ഒരിക്കലും കെട്ടിപ്പടുക്കുക സാദ്ധ്യവുമല്ല. സമാധാനത്തിനുവേണ്ടിയാണ് ഇന്ന് മനുഷ്യകുലം മുഴുവൻ ഉന്നംവയ്ക്കുന്നതും മുറവിളി കൂട്ടുന്നതും.

എന്റെ പ്രിയപ്പെട്ട ഇൻഡ്യൻ ജനതയെപ്പറ്റി പറയുന്ന പക്ഷം സാമ്പത്തികസ്വാതന്ത്ര്യവും സമാധാനവുമാണ് ഞങ്ങളുടെ ഇന്നത്തെ ദേശീയ ആവശ്യം. എത്ര ആകാംക്ഷയോടെയാണ് സർവ്വ രാഷ്ട്രങ്ങളുടെയും ദൃഷ്ടികൾ ഞങ്ങളുടെ നേരേ തിരിച്ചിരിക്കുന്നത് എന്ന് ഞങ്ങൾക്കറിയാം. വിപ്ലവച്ചൂളയിൽ കിടന്നു നീറുന്ന ഞങ്ങളുടെ രാജ്യത്തിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ഞങ്ങളുടെ ദേശീയനേതാക്കൾ നടത്തുന്ന പരിശ്രമങ്ങളെ വിവേകപൂർണ്ണമായ ലക്ഷ്യത്തിലെത്തിക്കുന്നതിന് എത്ര അഗാധമായ അനുകമ്പയോടെയാണ് കാനഡായിലെ ജനത താല്പര്യപ്പെടുന്നതെന്ന് ഞങ്ങൾക്കറിയാം. ലോകത്തിൽ സവിശേഷമായ ഒരു സ്ഥാനം കരസ്ഥമാക്കിയിരിക്കുന്ന നിങ്ങളുടെ ഈ മഹാരാജ്യം ബഹുവിധ പ്രശ്നങ്ങളിലൂടെ ഇതിനകം കടന്നുപോയിട്ടുണ്ട്. വിപ്ലവമോ മതസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ആഭ്യന്തരസമരമോ കൂടാതെ വിവിധവർഗ്ഗങ്ങളുടെ യോജിപ്പിനുവേണ്ടി നിങ്ങൾ കെട്ടിപ്പടുത്തിട്ടുള്ള ഭരണകൂടം ഒന്നാന്തരം മാതൃകയാണ് സകല രാഷ്ട്രങ്ങൾക്കും നൽകിയിരിക്കുന്നത്. ന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വം നൽകുന്നു എന്നതാണ് നിങ്ങളുടെ ഭരണഘടനയുടെ പ്രത്യേകത. ഇവിടെ രണ്ടു ജാതികളും, രണ്ടു മതങ്ങളും, രണ്ടു ഭാഷകളും, രണ്ടു സംസ്കാരങ്ങളും തോളോടു തോൾ ചേർന്ന് നിന്നുകൊണ്ട് നിങ്ങളുടെ ദേശീയ ജീവിതത്തെ പരിരക്ഷിക്കുകയും ധന്യമാക്കുകയും സംസ്കാ

രത്തെ വികസിപ്പിക്കുകയും, ദേശീയപുരോഗതിയെ കാര്യമായി സഹായിക്കുകയും ചെയ്യുന്ന കാഴ്ചയാണ് ഞാൻ ദർശിക്കുന്നത്.

നിങ്ങൾക്ക് നിങ്ങളുടെ തന്നെയായ വ്യത്യാസങ്ങളും കുറവുകളുമുണ്ടായിരുന്നുവെങ്കിലും നിങ്ങൾ വളർത്തിയെടുത്ത സംസ്കാരത്തെ സംരക്ഷിക്കുന്നതിനുവേണ്ടി രണ്ടു യുദ്ധങ്ങളിൽ നിങ്ങൾ ധീരധീരം പൊരുതുകയും ഭാവിയിലെ വെല്ലുവിളിയെയും അപകടങ്ങളെയും നേരിടാൻ വിവേകപൂർവ്വകവും ഉത്തേജ ജനകവുമായ നേതൃത്വത്തിൻകീഴിൽ നിങ്ങളൊന്നുചേർന്നു പടവെട്ടുകയും ഒറ്റക്കെട്ടായി മുന്നേറുകയും ചെയ്തു.

ഇൻഡ്യൻജനത ഇന്ന് വലിയ ഒരു പദ്ധതിയുമായി മുന്നോട്ടു വരുകയാണ്. ഞങ്ങൾ സ്വീകരിച്ച ഭരണഘടനാപരമായ ചിട്ടയിലും ചട്ടക്കൂട്ടിലും എന്നേക്കുമായി ഞങ്ങൾ സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുകയാണ്. പുറത്തു നിന്നുള്ള ഇടപെടൽ ഒന്നുംകൂടാതെ ഞങ്ങളുടേതായ ലക്ഷ്യങ്ങൾക്ക് രൂപം നൽകാൻ ഞങ്ങൾക്കിപ്പോൾ ശക്തിയുണ്ട്. ആ ശക്തി ഒരു വലിയ ഉത്തരവാദിത്വം ഞങ്ങളിലും ലോകം മുഴുവനിലുമുള്ള ഞങ്ങളുടെ സ്നേഹിതരിലും ഏല്പിച്ചിരിക്കുകയാണ്. ഞങ്ങളുടെ ഇപ്പോഴത്തെ വിഷമങ്ങളിൽ നിങ്ങളുടെ തുടർന്നുള്ള അനുകമ്പയും വീക്ഷണവും ഞങ്ങൾ അപേക്ഷിക്കുകയാണ്.

ഞങ്ങളിപ്പോൾ സ്വീകരിച്ചിരിക്കുന്ന വ്യവസ്ഥിതിയുടെ വിജയത്തിനുവേണ്ടി നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം. ആത്മവിശ്വാസത്തോടുകൂടെ ഒരു പുത്തൻ തലമുറയിലേക്ക് നമുക്ക് രംഗപ്രവേശം ചെയ്യാം. ഞങ്ങളുടെ രാജ്യത്തിന്റെ ആത്യന്തികമായ ഐക്യം നിലനിറുത്തുന്നതിനും സമാധാനനിരതമായ ഇതരരാജ്യങ്ങളുമായി സ്നേഹബന്ധം സ്ഥാപിക്കുന്നതിനും വിവിധ ജാതിമതസ്ഥരായ ജനങ്ങളുടെ പുരോഗതിയെ ത്വരിതപ്പെടുത്തുന്നതിനും ഇൻഡ്യൻപൗരന്മാരായ എല്ലാവരുടെയും മാനുഷികമഹത്വം സംരക്ഷിക്കുന്നതിനുംവേണ്ടി ഞങ്ങൾ അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കയാണ്.

നിങ്ങളുടെ മഹാരാജ്യത്തോടു യാത്ര പറയുന്നതിനുമുമ്പായി കാനഡായിലേക്ക് എന്റെ പ്രാർത്ഥനകൾ വാഗ്ദാനം ചെയ്യുകയും ഇൻഡ്യയിലെ എന്റെ മഹത്തായ മിഷ്യനുവേണ്ടി നിങ്ങളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.''

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

(Catholic Record 1947 Sept.23)

## IV

# മഹാത്മാഗാന്ധിയും ആധുനികലോകവും

“(സ്വതന്ത്രഭാരതത്തിന്റെ പിതാവ് എന്ന അപരാഭിധാനത്താൽ ലോക മെങ്ങും അറിയപ്പെട്ടിരുന്ന മഹാത്മാഗാന്ധി വധിക്കപ്പെട്ട ദിവസം ആർച്ചു ബിഷപ്പ് അമേരിക്കൻ പര്യടനത്തിലായിരുന്നു. മഹാത്മജിയുടെ ചരമത്തിൽ അനുശോചനം പ്രകടിപ്പിക്കുന്നതിനുവേണ്ടി ഫോർഡാം യൂണിവേഴ്സിറ്റിയിൽ നടത്തിയ വമ്പിച്ച യോഗത്തിൽ ആർച്ചുബിഷപ്പ് ഗാന്ധിജിയെപ്പറ്റി ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗമാണ് ചുവടെ ഉദ്ധരിക്കുന്നത്).

“മഹാത്മാഗാന്ധി വധിക്കപ്പെട്ട ദിവസം അമേരിക്കയിലെ സുപ്ര സിദ്ധ പത്രമായ ‘കോമൺവീൽ’ എഴുതിയ മുഖപ്രസംഗത്തിൽ ഇപ്ര കാരമാണ് പ്രസ്താവിച്ചിരുന്നത് “മഹാത്മാഗാന്ധി... നീണാൾ വാഴട്ടെ.”

ഇൻഡ്യയിലെ അതിമഹത്തായ പാരമ്പര്യത്തിലും സംസ്കാര ത്തിലും മികച്ചുനിന്നിരുന്ന മാതാപിതാക്കന്മാരിൽ നിന്നുമാണ് മഹാത്മാഗാന്ധി ഭൂജാതനാകുകയും വളർത്തപ്പെടുകയും ചെയ്തത്. മരണപര്യന്തം ഒരു ഹിന്ദുമതഭക്തനായി ജീവിതം നയിച്ച് അദ്ദേഹം ദിവംഗതനായി. പ്രകാശത്തെ (സത്യത്തെ) പിൻതുടരുന്നതിനുള്ള നിഷ്കളങ്കമായ ആഗ്രഹവും പരിശ്രമങ്ങളും അദ്ദേഹം ഒരിക്കൽ പ്രസ്താവിച്ചതുപോലെ, നിയന്ത്രിതജീവിതത്തിലെ എല്ലാ സാഹചര്യ ങ്ങളും അദ്ദേഹത്തെ ഒരു മഹാത്മാവാക്കിത്തീർത്തു. ഒരു വിദ്യാർത്ഥി എന്ന നിലയിൽ ഇംഗ്ലണ്ടിലും ഒരു അഭിഭാഷകനെന്ന നിലയിൽ തെക്കേ ആഫ്രിക്കയിലും നിരവധി അനുഭവങ്ങൾ അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. ഭാരതം മുഴുവൻ അദ്ദേഹം നടത്തിയ അക്രമരഹിതവും ആത്മവീര്യം നിറഞ്ഞതുമായ പ്രവർത്തനങ്ങൾ സമരത്തിന് അടിത്തറ പാകുകയും ഊർജ്ജസ്വലത നല്കുകയും ചെയ്തു. തെക്കേ ആഫ്രിക്കയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ പരസ്പരം എതിർത്തു കൊണ്ടിരുന്ന കക്ഷികളെ സംയോജിപ്പിക്കുവാൻ അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. അസത്യവും അനീതിപരവുമായ കാര്യങ്ങൾക്കുവേണ്ടി വാദിക്കുന്നതിന് അദ്ദേഹം ഒരിക്കലും സന്നദ്ധത പ്രകടിപ്പിച്ചിരുന്നില്ല. വർണ്ണവിവേചനത്തെയും സമൂഹത്തിൽ നടമാടിയിരുന്ന അനീതി യെയും ചെറുക്കുവാൻ അക്രമരാഹിത്യമാകുന്ന ആയുധമാണ് അദ്ദേഹം ഉപയോഗിച്ചത്. ഭാരതസ്വാതന്ത്ര്യസമരത്തിന് നേതൃത്വം നല്കുവാൻ ഇവയെല്ലാം അദ്ദേഹത്തിനു സഹായകമായിത്തീരുകയും ചെയ്തു. സത്യത്തിന്റെയും നീതിയുടെയും പരിണതഫലമായ സ്നേഹത്തിൽനിന്നും ഉടലെടുത്ത ശക്തിയിൽ - അതെ, ക്രിസ്തുമത

ത്തിന്റെ തത്വങ്ങളിൽ ത്തന്നെ അടിയുറച്ചുകൊണ്ട്, - ഭാരതജനതയിൽ ആദ്ധ്യാത്മികചലനം സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

യേശുക്രിസ്തു ഗിരിപ്രഭാഷണത്തിൽ ഇപ്രകാരം അരുൾചെയ്തതായി നാം വായിക്കുന്നുണ്ട്. "കണ്ണിനു പകരം കണ്ണും, പല്ലിനു പകരം പല്ലും" എന്നും കല്പിച്ചിരിക്കുന്നതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. ശത്രുക്കളോടു പ്രതികാരം ചെയ്യരുത്. വലത്തെ ചെകിട്ടത്തു ഒരുവൻ നിങ്ങളെ അടിക്കുന്നു എങ്കിൽ മറ്റേ ചെകിടുകൂടെ അവനു കാണിച്ചുകൊടുക്കണം."

വിശുദ്ധ വേദപുസ്തകം പതിവായി വായിക്കുന്നതിൽ ഗാന്ധിജി അതീവഔത്സുക്യം പ്രകടിപ്പിച്ചിരുന്നു. തന്നിമിത്തം ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കു വളരെയധികം സ്വാധീനശക്തി അദ്ദേഹത്തിൽ ചെലുത്തുവാൻ സാധിച്ചു. തിന്മയെ ക്ഷമാപൂർവ്വം സഹിക്കുന്നതിനും, ശത്രുക്കളെ ബലപ്രയോഗത്താലല്ല, പിന്നെയോ, സ്നേഹത്തിൽ നിന്നുടലെടുത്ത അക്രമരഹിതമായ പ്രവൃത്തികളാൽ എതിരിടുന്നതിനും അസാധാരണ ധൈര്യം ആവശ്യം വേണ്ടതാണ്. ക്രിസ്തു നാഥന്റെ പരിപാവനമായ ഈദൃശകല്പന മഹാത്മാഗാന്ധി സമ്യക്കായി ഗ്രഹിക്കുകയും സ്വജീവിതത്തിൽ മാത്രമല്ല, ഭാരതത്തിലെ സാമൂഹികവും, രാഷ്ട്രീയവുമായ എല്ലാ കാര്യങ്ങളിലും അതു പ്രാവർത്തികമാക്കിത്തീർക്കുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ അതിശ്രേഷ്ഠമായ ഈ പ്രബോധനത്തിൽ അടങ്ങിയിരിക്കുന്ന സത്യം ഗാന്ധിജി ശരിക്കു ഗ്രഹിച്ചു. ക്രിസ്തുമതത്തിന്റെ ഈ ഉന്നതമായ ആദർശത്തെ അനുഗമിക്കുവാൻ തനിക്കുള്ള സകലത്തെയും, അല്ല, തന്നെത്തന്നെയും സമർപ്പിക്കുവാനുള്ള പരിപൂർണ്ണസന്നദ്ധതയാണ് അദ്ദേഹം പ്രകടിപ്പിച്ചത്. താൻ ഗ്രഹിച്ചിരുന്നതുപോലെ ക്രിസ്തീയ പഠനങ്ങളെയും പ്രമാണങ്ങളെയും അദ്ദേഹം അനുഗമിച്ചു. നിഷ്കളങ്കനായ ഒരു ദൈവവിശ്വാസിയും സ്വമതത്തിൽ സുദൃഢം വിശ്വസിച്ചിരുന്ന ഒരുത്തമമതഭക്തനുമായിരുന്നു അദ്ദേഹം. എല്ലാ മതങ്ങളിലെയും പ്രബോധനങ്ങളുടെ അടിസ്ഥാനം ഒന്നാണെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. തന്മൂലം വിവിധ മതാവലംബികളായ അനേകായിരം ജനങ്ങൾ സംബന്ധിച്ചിരുന്ന പ്രാർത്ഥനായോഗങ്ങളിൽ അദ്ദേഹം സംബന്ധിക്കുകയും ഹിന്ദുക്കൾ, മുസ്ലീങ്ങൾ തുടങ്ങിയ വിവിധ മതസ്ഥരുടെ സമാന്തരങ്ങളായ പഠനങ്ങൾ ഉദ്ധരിച്ച് അവയെ തന്റെ ശ്രോതാക്കൾക്ക് മനസ്സിലാക്കികൊടുക്കുകയും ചെയ്തിരുന്നു. ഈ പഠനങ്ങൾ എല്ലാവരെക്കൊണ്ടും സ്വീകരിപ്പി

ക്കുന്നതിനും അങ്ങനെ ഭാരതജനതയിൽ പരിപൂർണ്ണമായ ഐക്യം കൈവരുത്തുന്നതിനും വേണ്ടിയായിരുന്നു അദ്ദേഹം മരണപര്യന്തം പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഉന്നതമായ ജീവിതാദർശങ്ങളെ പിൻ ചെല്ലുന്ന കാര്യത്തിൽ യേശുക്രിസ്തുവിന്റെ ജീവിതത്തോടും പ്രബോധനങ്ങളോടും അതിയായ ബഹുമാനം അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ ജീവിതത്തിന്റെ അവസാനകാലത്തുപോലും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി; ക്രിസ്തുമതത്തിന്റെ സ്വന്തമായ സ്വയപരിത്യാഗവും ഭക്താനുഷ്ഠാനങ്ങളും അവശ്യം അറിഞ്ഞിരിക്കേണ്ടവയാണെന്ന്. പരിശുദ്ധ പിതാവായ മാർപ്പാപ്പായെ അതീവ ബഹുമാനത്തോടുകൂടിയാണ് ഗാന്ധിജി വീക്ഷിക്കുന്നത്. മാർപ്പാപ്പായുടെ പ്രഖ്യാപനങ്ങളെ നിഷ്കളങ്കപൂർവ്വം അദ്ദേഹം സ്വീകരിച്ചിരുന്നു. എന്നാൽ മനുഷ്യകുലത്തിന്റെ ഏകരക്ഷകനായ ക്രിസ്തുവിനെ അംഗീകരിക്കുന്നതിനുള്ള കൃപാവരം ലഭിക്കുന്നതി നുമുമ്പ് അദ്ദേഹത്തിന് ഈലോകവാസം കൈ വെടിയേണ്ടിവന്നു.

സാമൂഹികവും രാഷ്ട്രീയവുമായി മഹാത്മാഗാന്ധി പഠിപ്പിച്ചിട്ടുള്ള സാർവ്വലൗകികസമാധാനവും അവികസിത രാജ്യങ്ങളുടെ അഭിവൃദ്ധിയും ക്രിസ്തുമതത്തിന്റെ പ്രബോധനങ്ങളിലും മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങളിലും പ്രസ്പഷ്ടമായി കാണാവുന്നതാണ്. മനുഷ്യർ തമ്മിലുള്ള ഇടപാടിലും വർഗ്ഗങ്ങൾ തമ്മിലുള്ള വർത്തനത്തിലും, സത്യം, നീതി, സ്നേഹം, സമാധാനം എന്നീ ഗുണങ്ങൾ അവശ്യം പരിപാലിക്കേണ്ടതാണെന്ന് അദ്ദേഹം ശക്തിയുക്തം ഉൽഘോഷിച്ചിരുന്നു. ഇതു നിമിത്തം മാത്രമേ മനുഷ്യകുലത്തിന്റെ രക്ഷ സുസാദ്ധ്യമായിത്തീരുകയുള്ളു. മരണകരമായ മുറിവേറ്റതിനുശേഷം മഹാത്മജി ആദ്യമായി ചെയ്ത പ്രവൃത്തി തന്നെ വെടിവച്ച ഘാതകനോടു ക്ഷമിക്കുന്നു എന്നതിന്റേയും പരാശക്തിയോടു പ്രാർത്ഥിക്കുന്നു എന്നതിന്റേയും അടയാളമായി കൈകൾ കൂപ്പുകയായിരുന്നു. എല്ലാ ജനതയോടും രാഷ്ട്രങ്ങളോടും ഓരോരുത്തനും അവനവന്റെ മനസാക്ഷിക്കനുസരണമായി ദൈവത്തിൽ ആശ്രയിച്ചു നിഷ്കളങ്കമായ ജീവിതം നയിക്കുന്നതിനുള്ള ഒരു ക്ഷണമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. കമ്മ്യൂണിസത്തെയും കുടുംബാസൂത്രണത്തെയും, സുഖലോലുപതയെയും ഭൗതികവാദത്തെയും അദ്ദേഹം ശക്തിയുക്തം എതിർത്തിരുന്നു. ഇൻഡ്യയെ ക്രമേണ ക്രിസ്തുവിങ്കലേക്കും ക്രിസ്തുവിന്റെ പഠനത്തിലേക്കും ആനയിക്കുന്നതിനുള്ള തയ്യാറെടുക്കലായിരുന്നു അദ്ദേഹത്തിന്റെ ജീവിതമെന്ന് നിസ്സംശയം പറയാം...."

# അദ്ധ്യായം 52
# മാർ ഈവാനിയോസ് കോളേജ്

ഉൽകൃഷ്ടനിലയിൽ നടത്തപ്പെടുന്ന ഒരു കോളേജ് കേരളത്തിൽ എവിടെയെങ്കിലും സ്ഥാപിക്കണമെന്ന അഭിനിവേശം നമ്മുടെ കഥാ പുരുഷനിൽ അനേകവർഷങ്ങൾക്കു മുമ്പുതന്നെ അങ്കുരിച്ചതാണ്. പ്രസ്തുത കോളേജിൽ അദ്ധ്യയനം നടത്തുന്നതിനുവേണ്ടി സമർത്ഥ രായ ഏതാനും വൈദികരെയും അല്മായരെയും ഉന്നത വിദ്യാഭ്യാസാ ർത്ഥം ഭാരതത്തിലെ പല കോളേജുകളിലേക്ക് കഥാപുരുഷൻ മുൻകൂർ അയയ്ക്കുകയും അവർക്കു വേണ്ട സഹായം നല്കുകയും ചെയ്തു. കോട്ടയം എം.ഡി.സെമിനാരി പ്രിൻസിപ്പളായിരുന്ന അവസരത്തിൽ പ്രസ്തുത സ്കൂളിനെ ഒരു കോളേജ് ആയി ഉയർത്തണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ യാക്കോബായ സഭയിലെ അന്നത്തെ സ്ഥിതിഗതികൾ അതിന് അനുകൂലമല്ലാതിരുന്നതിനാൽ അക്കാര്യം അന്ന് നടക്കുകയുണ്ടായില്ല. കത്തോലിക്കാസഭയിൽ ചേർന്ന ശേഷവും ഒരു കോളജ് സ്ഥാപിക്കണമെന്ന ആഗ്രഹം അദ്ദേഹത്തിൽ തുടർന്ന് പ്രവർത്തിച്ചുകൊണ്ടിരുന്നു. പക്ഷേ, പ്രാരംഭകാലത്തെ സാമ്പത്തിക വൈഷമ്യം നിമിത്തം അതും സാധ്യമായിത്തീർന്നില്ല. അങ്ങനെ പതിനഞ്ചു വർഷക്കാലത്തോളം തന്റെ ആഗ്രഹവല്ലരി പൂവണിയുന്നതി നുള്ള സാഹചര്യം പ്രതീക്ഷിച്ചു കാത്തിരിക്കേണ്ടിവന്നു. അവാസനം തിരുവനന്തപുരത്തുതന്നെ ഒരു കോളേജ് സ്ഥാപിക്കുവാൻ നിശ്ചയിച്ചു കൊണ്ട് അതിനുവേണ്ടിയുള്ള എഴുത്തുകുത്തുകളും പരിശ്രമങ്ങളും അദ്ദേഹം നടത്തിത്തുടങ്ങി. തൽഫലമായിട്ടാണ്, ഇന്ന് കേരളത്തിൽ പ്രശസ്തമായ നിലയിൽ എത്തിയിരിക്കുന്ന "മാർ ഈവാനിയോസ്

കോളേജ്" ജന്മമെടുത്തത്. അതിനുവേണ്ടി കഥാപുരുഷൻ നടത്തിയ പരിശ്രമങ്ങളാണ് ഇവിടെ ചേർക്കുന്നത്:

## സ്ഥലസമ്പാദനം

കോളേജ് വക കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, കളിസ്ഥലങ്ങൾ ആദിയായവയ്ക്കുവേണ്ടി വിസ്തൃതവും മനോഹരവുമായ ഒരു സ്ഥലം സമ്പാദിക്കുന്നതിനുള്ള പരിശ്രമങ്ങളാണ് ആദ്യമായി നടത്തിയത്. തിരുവനന്തപുരം പട്ടണത്തിനു സമീപം നാലാഞ്ചിറ ആശ്രമത്തിനടുത്തുള്ള ഏതാനും ഏക്കർ സ്ഥലം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പതിഞ്ഞു. റോമാനഗരിയെപ്പോലെ ഏഴു കുന്നുകൾ സ്ഥിതി ചെയ്യുന്നതും തരിശായി കിടന്നതുമായ പ്രസ്തുത സ്ഥലത്തിന്റെ ഉടമ ദേവകോട്ടയിലെ ഒരു ചെട്ടിയാരായിരുന്നു. അദ്ദേഹത്തോടു പ്രസ്തുത സ്ഥലം ആർച്ചുബിഷപ്പ് വിലയ്ക്കു വാങ്ങിച്ചു. തുടർന്ന് കോളേജിനുള്ള അപേക്ഷ അയയ്ക്കുകയും ചെയ്തു.

ഈ സന്ദർഭത്തിലായിരുന്നു തിരുവിതാംകൂറിലെ ശ്രീ ചിത്തിര തിരുന്നാൾ മഹാരാജാവിന്റെ ഭാഗിനേയൻ ശ്രീ അവിട്ടം തിരുന്നാൾ ശൈശവദശയിൽത്തന്നെ മരണമടഞ്ഞത്. അദ്ദേഹത്തിന്റെ സ്മാരകമായി തിരുവനന്തപുരത്ത് കുട്ടികൾക്കുവേണ്ടിയുള്ള ഒരാശുപത്രി സ്ഥാപിക്കണമെന്ന് രാജകുടംബാംഗങ്ങൾ നിശ്ചയിച്ചു. അതിനുപറ്റിയ ഒരു സ്ഥലം കണ്ടുപിടിക്കുന്നതിന് തിരക്കിട്ട ആലോചനയായി. നാലാഞ്ചിറയിൽ മാർ ഈവാനിയോസ് വാങ്ങിയ സ്ഥലം ചിലർ ചൂണ്ടിക്കാണിച്ചുകൊടുത്തു. രാജകുടുംബാംഗങ്ങൾ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും അവിട്ടം തിരുന്നാൾ ആശുപത്രിയ്ക്കുവേണ്ടി ആ സ്ഥലം എടുക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു. ഈ വിവരം എങ്ങനെയോ അറിഞ്ഞ ആർച്ചുബിഷപ്പ് ഉടൻതന്നെ ദിവാൻ സർ. സി.പി.യെനേരിട്ട് കണ്ട് പ്രസ്തുത സ്ഥലം ഗവൺമെന്റിലേക്ക് എടുക്കുന്നതല്ലെന്ന് സർ സി.പി.യിൽ നിന്നുള്ള ഉറപ്പും വാങ്ങിച്ചു. പക്ഷേ, ആ സ്ഥലം ഗവൺമെന്റ് എടുക്കുന്നതിന് ഏതാനും ഉദ്യോഗസ്ഥന്മാർ അവിടെ എത്തി സർവ്വേ നടത്തുകയുണ്ടായി. ഇതിനകം മാർ ഈവാനിയോസ് തന്റെ അരമന നാലാഞ്ചിറയിലുണ്ടായിരുന്ന ഒരു ചെറിയ കെട്ടിടത്തിലേക്ക് മാറ്റിക്കഴിഞ്ഞിരുന്നു. ഇതേ തുടർന്ന് ദിവാന്റെ പേർക്ക് ഒരു കത്തയച്ചുകൊടുത്തു. പ്രസ്തുത കത്തിന്റെ പരിഭാഷയാണ് താഴെ ചേർക്കുന്നത്.

Archbishop's House,
Trivandrum.
21 May 1945

**പ്രിയ സചിവോത്തമാ,**

ദേവകോട്ട ചെട്ടിയാരിൽ നിന്നും ഞാൻ വാങ്ങിയ സ്ഥലത്തെപ്പറ്റി എനിക്കുള്ള ആകാംക്ഷ ഞാൻ താങ്കളെ അറിയിച്ചിരുന്നുവല്ലോ? ആ സ്ഥലം ഏറ്റെടുക്കുവാൻ ഗവൺമെന്റിനുദ്ദേശ്യമില്ലെന്നും, അതു കൈവശമാക്കാനുള്ള ഇടപാടുകൾ പൂർത്തിയാക്കണമെന്നും കഴിഞ്ഞ വർഷം താങ്കൾ തന്ന ഉറപ്പിന്മേൽ, അതിന്റെ ഉടമസ്ഥർക്കു വില കൊടുത്തു സ്ഥലം വാങ്ങി ഞാൻ അവിടെ താമസം തുടങ്ങിയിരിക്കു കയാണ്. പട്ടം ഇംഗ്ലീഷ് മലയാളം ഹൈസ്കൂളുകളുടെ വളർച്ചയ്ക്ക് പട്ടത്തുള്ള മുഴുവൻ സ്ഥലവും ആവശ്യമുണ്ടെന്നും അതുകൊണ്ട് ഞാൻ അവിടെ നിന്നും താമസം മാറ്റുകയാണെന്നും കഴിഞ്ഞ വർഷം ഞാൻ താങ്കളെ അറിയിച്ചിരുന്നുവല്ലോ. നാലാഞ്ചിറ സ്ഥലം വാങ്ങിയത് ആർച്ച്ബിഷപ്പ്സ് ഹൗസ് പണിയിക്കുന്നതിനും അംഗീകാരത്തിനു വേണ്ടി അപേക്ഷിച്ചിട്ടുള്ള ഒരു കോളേജിന്റെ ആവശ്യത്തിനും വേണ്ടി യാണ്. ഈ പറഞ്ഞതിൽ രണ്ടാമത്തേത് താങ്കൾക്കും അറിവുള്ളതാ ണല്ലോ. നാലാഞ്ചിറയ്ക്കു ഞാൻ താമസം മാറ്റിക്കഴിഞ്ഞിരിക്കുന്നു. കാര്യങ്ങൾ ഇത്രയുമായിക്കഴിഞ്ഞപ്പോൾ, സർക്കാരിന്റെ അധികാരികൾ ഈ സ്ഥലം സർവ്വേ ചെയ്യുകയും പ്ലാനുകൾ നിർമ്മിക്കുകയും ചെയ്യുന്ന തായി അറിയുന്നത് എനിക്ക് ആശ്ചര്യകരമായിത്തോന്നുന്നു. സ്ഥലം കൈവശപ്പെടുത്തിക്കൊള്ളു വാനും മറ്റും താങ്കൾ നല്കിയ ഉറപ്പി ന്മേലാണ് പരിശുദ്ധ സിംഹാസനത്തിൽ നിന്നും അംഗീകാരം വാങ്ങി, ഞാൻ സ്ഥലം വാങ്ങിക്കുകയും കൈവശപ്പെടുത്തുകയും ചെയ്തിട്ടു ള്ളത്.

ഈ സ്ഥിതിയിൽ വസ്തു എന്റെ കൈയ്യിൽ നിന്നും വിടുവിക്കു കയാണെങ്കിൽ അതു സങ്കടകരമായിരിക്കും. അവിട്ടം തിരുന്നാൾ മഹാരാജാവിന്റെ ഓർമ്മ നിലനിർത്തുന്നതിന് അദ്ദേഹത്തിന്റെ നാമധേയത്തിൽ ശിശുക്കൾക്കു വേണ്ടിയുള്ള ആശുപത്രിക്കായി ഈ സ്ഥലം ഏറ്റെടുക്കുവാൻ പോകുന്നു എന്നുകേട്ടതിനാലാണ് ഇത്രയും കാര്യങ്ങൾ താങ്കളുടെ പരിഗണനയ്ക്കായി ഞാൻ സമർപ്പിക്കുന്നത്.

താങ്കൾ തന്നിട്ടുള്ള ഉറപ്പിലും ഉത്തേജനത്തിലും പ്രേരിതനായി ഇതുവരെ ചെയ്ത കാര്യങ്ങൾ എനിക്ക് മനോവിഷമത്തിനു കാരണ

മാകത്തക്കവിധം ഫലശൂന്യമായിപ്പോകാതിരിക്കുവാൻ വേണ്ടി താങ്കൾ കഴിവതു പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

എന്ന്, താങ്കളുടെ വിശ്വസ്തൻ,
മാർ ഈവാനിയോസ്, (ഒപ്പ്)

ഇതേ തുടർന്നു നടത്തിയ എഴുത്തുകുത്തുകളുടെയും സർ. സി.പിയുടെ ശുപാർശയുടെയും ഫലമായി നാലാംചിറയിൽ അവിട്ടം തിരുന്നാൾ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള ഗവൺമെന്റിന്റെ നിശ്ചയം ഉപേക്ഷിക്കുകയാണുണ്ടായത്.

## മെഡിക്കൽ കോളേജ് ആശുപത്രി

അനേകായിരം രോഗികൾക്കു പ്രതിദിനം ആശ്വാസം അരുളിക്കൊണ്ട് ഇന്ന് തിരുവനന്തപുരത്ത് ഉള്ളൂരിൽ വിരാജിക്കുന്ന അവിട്ടം തിരുന്നാൾ ആശുപത്രി, മെഡിക്കൽ കോളേജ്, മെഡിക്കൽ കോളജ് ആശുപത്രി എന്നീ സ്ഥാപനങ്ങൾ അവിടെ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഇത്തരുണത്തിൽ പ്രസ്താവ്യമത്രേ. തിരുവനന്തപുരത്ത് അവിട്ടംതിരുന്നാൾ ആശുപത്രി സ്ഥാപിക്കുന്നതിന് പറ്റിയ സ്ഥലം കുമാരപുരം അടുത്തുള്ള ഉള്ളൂരാണെന്ന് ആദ്യമായി സർ.സി.പിയെയും ഗവ.അധികാരികളെയും അറിയിച്ചത് നമ്മുടെ കഥാപുരുഷനായിരുന്നു. ഇതു സംബന്ധിച്ച് സർ സി.പി.ക്ക് അയച്ച കത്തിന്റെ പരിഭാഷയാണ് ചുവടെ ചേർക്കുന്നത്.

മെത്രാപ്പോലീത്തൻ അരമന
തിരുവനന്തപുരം
26 മാർച്ച് 1945

## പ്രിയ സചിവോത്തമാ,

ഉദ്ദേശം നൂറ് ഏക്കർ വിസ്തീർണ്ണമുള്ളതും, ഡ്രസ്സർ പൽപ്പുവിന്റെ വകയും, ഡ്രസ്സർ തോപ്പ് എന്നു പേരോടുകൂടിയതുമായ ഒരു സ്ഥലം ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ അതിന്റെ അവകാശി ഡോക്ടർ പൽപ്പുവിന്റെ പുത്രനായ പൊന്നുസ്വാമിപ്പിള്ളയാണ്. കുമാരപുരം കഞ്ഞിപ്പുര നിന്നും ഉദ്ദേശം നാലു ഫർലോംഗ് വടക്ക് സ്ഥിതി ചെയ്യുന്നതും വിലപിടിപ്പില്ലാത്ത ഏതാനും കെട്ടിടങ്ങളോടുകൂടിയതുമാണ് ഈ സ്ഥലം. കോർപ്പറേഷൻ അതിർത്തിക്കുള്ളിലുള്ള ഈ സ്ഥലത്ത് ധാരാളം ആളുകൾ നിവസിക്കുന്നുണ്ട്. ആൾവാസമില്ലാത്തതും പട്ടണത്തിൽ നിന്നും അകലെ

സ്ഥിതി ചെയ്യുന്നതുമായ സ്ഥലത്തേക്കാൾ കുട്ടികളുടെ ആശുപത്രിക്ക് പറ്റിയ സ്ഥലം ഇതാണ്. വെള്ളത്തിന്റെയും റോഡിന്റെയും സൗകര്യം ഇവിടെ ഉണ്ടെന്നു തന്നെയല്ല, റോഡിൽ നിന്നും അല്പം മാത്രം ഉയർന്ന സ്ഥലവുമാണ്. ഇതിനടുത്തുതന്നെ വെള്ളം ലഭിക്കുന്നതിനുള്ള പൈപ്പുകളും, വൈദ്യുതദീപത്തിനുള്ള കമ്പികളുമുണ്ട്. ആവശ്യ മെങ്കിൽ ചുറ്റുപാടുള്ള സ്ഥലങ്ങൾ കൂടെ കൈവശപ്പെടുത്തുന്നതിനും സാധിക്കുന്നതാണ്. മിക്കവാറും സമതലത്തോടു കൂടിയ ഒരു വസ്തുവുമാണ് ഇത്.

ആകയാൽ ഈ വസ്തുവിന്റെ കാര്യം താങ്കളുടെ ചിന്തയ്ക്ക് വിഷയീഭവിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതാപൂർവ്വം
മാർ ഈവാനിയോസ്
തിരുവനന്തപുരം ആർച്ചുബിഷപ്പ്

ഈ കത്തിലെ താല്പര്യം സർ സി.പി.രാജകുടുംബാംഗങ്ങളെ അറിയിക്കുകയും, അങ്ങനെ ആ സ്ഥലം ഗവൺമെന്റിലേക്കു വാങ്ങുകയും, അവിട്ടം തിരുന്നാൾ ആശുപത്രിയും അതേത്തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രി, മെഡിക്കൽ കോളേജ് ആദിയായ സ്ഥാപനങ്ങളും അവിടെ നിർമ്മിക്കുകയാണുമുണ്ടായത്.

## അനുവാദത്തിനുവേണ്ടി അയച്ച അപേക്ഷ

തിരുവനന്തപുരത്തു താൻ സ്ഥാപിക്കുവാൻ നിശ്ചയിച്ച കോള ജിന്റെ വിവിധോദ്ദേശ്യങ്ങളും പ്രവർത്തനപദ്ധതികളും വിവരിച്ചു കൊണ്ട് കോളേജിനുള്ള അനുവാദത്തിനായി ആർച്ചുബിഷപ്പ് അയച്ച അപേക്ഷയുടെ പരിഭാഷയാണ് ചുവടെ ചേർക്കുന്നത്.

പ്രോ.വൈസ് ചാൻസലർ അവർകൾക്ക്,

യൂണിവേഴ്സിറ്റി ഓഫ് ട്രാവൻകൂർ
തിരുവനന്തപുരം

സർ,

ഇക്കഴിഞ്ഞ മുപ്പത്തിയേഴു വർഷങ്ങളായി തിരുവിതാംകൂറിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ കാര്യമായ പങ്ക് ഞാൻ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നു. എന്റെ മേൽനോട്ടത്തിൽ എഴുപതു പ്രൈമറിസ്കൂളു കളിലായി ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ മൂവായിരത്തി

അറുനൂറു കുട്ടികൾ ഇപ്പോൾ പഠിക്കുന്നുണ്ട്. അഞ്ച് ഇംഗ്ലീഷ് ഹൈസ്കൂളുകളും ആറ് ഇംഗ്ലീഷ് മിഡിൽസ്കൂളുകളും രണ്ട് മലയാളം ഹൈസ്കൂളുകളും അഞ്ച് മലയാളം മിഡിൽസ്കൂളുകളും എന്റെ മാനേജ്മെന്റിൽ ഇപ്പോഴുണ്ട്. തിരുവിതാംകൂറിലെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഉള്ള എന്റെ ഭാഗഭാഗിത്വം ഉന്നതവിദ്യാഭ്യാസത്തിലേക്ക് കൂടെ വ്യാപിപ്പിക്കുവാനുള്ള സമയം ആസന്നമായിരിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു. ഇതിനുവേണ്ടി പട്ടത്തുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ ഒരു ഒന്നാംഗ്രേഡ് കോളേജായി ഉയർത്തുവാൻ ഞാനുദ്ദേശിക്കുന്നു. ഇപ്പോൾ നിലവിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമായ നിലയിലാണ് ഈ കോളേജ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഹൈസ്കൂൾ പാസ്സാകുന്ന വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കുറേപേർ മാത്രമേ യൂണിവേഴ്സിറ്റിയിൽ ഉന്നതവിദ്യാഭ്യാസം നടത്തുവാൻ പാടുള്ളുവെന്ന അഭിപ്രായം ഞാൻ പൂർണ്ണമായി സ്വീകരിക്കുന്നു. പക്ഷേ, ബാക്കിയുള്ളവർ അപൂർണ്ണമായ വിദ്യാഭ്യാസത്തോടുകൂടി പോകാതിരിക്കുന്നതിനു, ജീവിതത്തുറകളിലേക്ക് ഒരുക്കുന്നതായ ഉന്നതിവിദ്യാഭ്യാസത്തിന് അവർക്ക് സകല സൗകര്യങ്ങളും നൽകണമെന്നതാണ് എന്റെ അഭിപ്രായം.

എന്റെ ഹൈസ്കൂൾ ഉൾപ്പെടെ ഈ സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ നിന്നും വിജയികളാകുന്ന വിദ്യാർത്ഥികൾ വിദൂരസ്ഥലങ്ങളിൽ പോയി ആദായകരമായ ജോലികൾ അന്വേഷിക്കുവാൻ മടിക്കാത്ത സമൂഹത്തിൽപ്പെട്ടവരാകയാൽ ജീവിതവിജയം കൈവരിക്കുവാൻ സഹായിക്കുന്ന ഉന്നതവിദ്യാഭ്യാസത്തിൽ അവർക്ക് താല്പര്യം ഉണ്ടായിരിക്കും. ആകയാൽ കോളേജുകളിൽ ഇന്നുള്ള കോഴ്സ് വർദ്ധിപ്പിക്കാതെ തന്നെ ഇത്തരത്തിലുള്ള വിദ്യാർത്ഥികളുടെ നന്മയ്ക്കായി അവരുടെ കഴിവുകളുടെ വികസനത്തിനു പര്യാപ്തമായ വിഷയങ്ങൾ തെരഞ്ഞെടുക്കുവാൻ എനിക്കു സാധിക്കുന്നതാണ്. തിരുവിതാംകൂറിലെ ഇപ്പോഴത്തെ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് കൊമ്മേഴ്സ്യൽ ഡിഗ്രിക്ക് വേണ്ടിയുള്ള പരിശീലനം നല്കുന്നില്ല. അപ്രകാരമുള്ള ഒരു പുതിയ കോഴ്സും തുടങ്ങുന്നതുകൊണ്ട് ഒരു പതിയ പന്ഥാവ് വെട്ടിത്തുറക്കുകയായിരിക്കും ഞാൻ ചെയ്യുന്നത്. കൊമേഴ്സ്യൽ ഡിഗ്രിക്കുള്ള അടിസ്ഥാനം ചരിത്രം, സാമ്പത്തികശാസ്ത്രം, ഭൂമിശാസ്ത്രം ഇവയുടെ പഠനമാണ്. ഇൻഡ്യയിലും മറ്റും എവിടെയുമുള്ള യൂണിവേഴ്സിറ്റിയിലെ കൊമ്മേഴ്സ്യൽ കോഴ്സ് പരിശോധിച്ചാൽ ഇതു വ്യക്തമാകുന്നതാണ്. ഭൂമിശാസ്ത്രപരമായ പഠനം വാണിജ്യപരമായ

വിഷയങ്ങളിലേക്ക് സ്വാഭാവികമായി നയിക്കുന്നു. സാമ്പത്തികശാസ്ത്ര പഠനമാകട്ടെ, ജീവിതത്തിലെ പല പ്രായോഗികരംഗത്തേക്കും നയിക്കുന്നു. ചരിത്രപഠനം സാമൂഹ്യശാസ്ത്രത്തിലേക്കുള്ള ചവിട്ടുപടിയായിരിക്കും. യുവജനങ്ങളുടെ പ്രായോഗികവും ബുദ്ധിപരവുമായ മണ്ഡലങ്ങളിലേക്ക് നുഴഞ്ഞു കയറിക്കൊണ്ടിരിക്കുന്ന സാമുഹ്യവിരുദ്ധാശയങ്ങൾ വരുത്തിവെയ്ക്കുന്ന വിനാശങ്ങൾക്ക് പരിഹാരമായി ഞാൻ ഉദ്ദേശിക്കുന്നത് മനുഷ്യസമുദായത്തിന്റെ ചരിത്രത്തേയും സംഘടനയേയും ഉദ്ദ്യേശ്യങ്ങളേയും പറ്റി ചർച്ച ചെയ്യുന്ന സാമൂഹ്യ ശാസ്ത്രത്തെയാണ്.

സ്കൊളാസ്റ്റിക്ക് തത്വശാസ്ത്രവും പാശ്ചാത്യപൗരസ്ത്യ തത്വശാസ്ത്രവും മനഃശാസ്ത്രവും ചേർന്ന് സുറിയാനിക്കും ഹീബ്രുവിനും ഓരോ കോഴ്സ് തുടങ്ങുന്നതായാൽ എന്റെ അതിരൂപതയിൽപ്പെട്ടവർക്ക് ഈ കോളേജ് വേണ്ടവിധം പ്രയോജകീഭവിക്കുന്നതാണ്. സ്കൊളാസ്റ്റിക്ക് തത്വശാസ്ത്രത്തിനു തന്നെയുള്ള അദ്ധ്യക്ഷപീഠം ഇൻഡ്യയിലെ ഒരു യൂണിവേഴ്സിറ്റിയിലും ഇപ്പോഴില്ല. രാഷ്ട്രീയ രംഗത്തും സാന്മാർഗ്ഗികനിലവാരത്തിലും അതിനുള്ള പ്രാധാന്യം സുവിദിതമാണല്ലോ. അതിന്റെ പഠനം പ്രോൽസാഹിപ്പിക്കപ്പെടുന്ന പക്ഷം ഇൻഡ്യയിലെ ഇതര യൂണിവേഴ്സിറ്റികൾക്കില്ലാത്തതായ ഒരു സ്ഥാനം തിരുവിതാംകൂർ യൂണിവേഴ്സിറ്റിക്ക് ലഭിക്കുന്നതാണ്. ഞാൻ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന പുതിയ കോളേജിൽ ചരിത്രത്തിനും, സാമ്പത്തികശാസ്ത്രത്തിനും, കൊമ്മേഴ്സിനും, സഹകരണത്തിനും, സുറിയാനിക്കും ഹീബ്രുവിനും, സ്കൊളാസ്റ്റിക്ക് തത്വശാസ്ത്രത്തിനും ഇൻഡ്യൻ ഫിലോസഫിക്കും മനഃശാസ്ത്രത്തിനും സാമൂഹ്യ ശാസ്ത്രത്തിനുമുള്ള കോഴ്സുകൾ തുടങ്ങുന്നതാണ്. ഇവയുടെ അധ്യയനത്തിൽ ഗ്രേഡിനേയും സജ്ജീകരണത്തെയും സംബന്ധിക്കുന്ന വിഷയങ്ങളിൽ തിരുവിതാംകൂർ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തെ ഇപ്പോഴും ഭാവിയിലും ബാധിക്കുന്ന എല്ലാ നിയമങ്ങളും കൃത്യമായി അനുസരിക്കുപ്പെടുന്നതാണ്. മനുഷ്യജീവിതത്തെ കാര്യമായി ബാധിക്കുന്ന വിഷയങ്ങൾ പഠിപ്പിക്കുവാനുള്ള കോളേജ് തുടങ്ങുന്നതുകൊണ്ട് വസ്തുതകളുടെ ഭാഗികമായ പരിമിതിമൂലം ഉളവാകുന്ന ദോഷവശങ്ങളെ ദൂരീകരിക്കുവാനും സാധിക്കുന്നതാണ്.

മനോഹരദൃശ്യങ്ങളാൽ ചുറ്റപ്പെട്ട വിസ്തീർണ്ണമായ ഒരു വസ്തു തിരുവനന്തപുരത്ത് എനിക്കുണ്ട്. ജനനിബിഡമായ പട്ടണത്തിൽ സ്ഥലം ലഭിക്കുവാനുള്ള പ്രതിബന്ധങ്ങൾ കൂടാതെ തന്നെ കോളേ

ജിനുവേണ്ടി ഞാൻ തെരഞ്ഞെടുത്തിരിക്കുന്ന ഈ സ്ഥലത്തിനു പട്ടണത്തിന്റെ മദ്ധ്യത്തിലായിരുന്നാലുള്ള സകല ഗുണങ്ങളും ഉണ്ടായിരിക്കും. വിദ്യാർത്ഥികൾക്ക് ആവശ്യമായ താമസസൗകര്യങ്ങളും തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ ബാഹ്യ പ്രവർത്തനങ്ങളിൽ തൃപ്തികരമായ രീതിയിൽ പങ്കെടുക്കുന്നതിനുള്ള സാഹചര്യവും ഈ കോളേജിന് ഉണ്ടായിരിക്കുന്നതാണ്. കോളേജിന്റെ പണിക്കുവേണ്ടി ഒരു ലക്ഷം രൂപാ ബാങ്കിൽ നിക്ഷേപിക്കുവാൻ ഞാൻ സന്നദ്ധനാണെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

ആകയാൽ പട്ടത്തെ ഇംഗ്ലീഷ് ഹൈസ്കൂൾ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒന്നാംഗ്രേഡ് കോളേജായി ഉയർത്തുവാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

ആർച്ചുബിഷപ്പ്സ് ഹൗസ്, നിങ്ങളുടെ വിശ്വസ്ഥൻ,
പട്ടം, തിരുവനന്തപുരം തിരുവനന്തപുരം ആർച്ചുബിഷപ്പ്
22-4-1945 മാർ ഈവാനിയോസ് (ഒപ്പ്)

## കോളേജിനെപ്പറ്റിയുള്ള ഒരു വിവരണം

ഈ അപേക്ഷയനുസരിച്ച് വേണ്ട അന്വേഷണങ്ങൾക്കുശേഷം കോളേജിനുള്ള അനുവാദം സർവ്വകലാശാലയിൽ നിന്നും ആർച്ചുബിഷപ്പിനു ലഭിക്കുകയുണ്ടായി. അവശ്യം വേണ്ട കെട്ടിടങ്ങൾ പണികഴിപ്പിച്ച ശേഷം 1948 ജൂലൈ 27-ാം തീയതി കോളേജിന്റെ ഉത്ഘാടനകർമ്മം നിർവ്വഹിക്കപ്പെട്ടു. പ്രസ്തുത കോളേജിനെപ്പറ്റിയുള്ള ഒരു പത്രറിപ്പോർട്ടാണ് ചുവടെ ചേർക്കുന്നത്.

"കഴിഞ്ഞ രണ്ടു കൊല്ലമായി പ്രതീക്ഷിച്ചിരുന്ന പ്രസ്തുത കോളേജ് അടുത്ത ജൂലൈ മാസം ആരംഭിക്കുവാൻ അതിന്റെ അധികൃതർ തീരുമാനിച്ചിരിക്കുന്നു. തിരുവിതാംകൂർ - കൊച്ചി സംയോജനം നടപ്പിലാക്കുന്നതോടുകൂടി ഒരു കേരള സർവ്വകലാ ശാലയുടെ ആവിർഭാവവും ഉണ്ടാകുമെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്ക് വിദ്യാഭ്യാസവിഷയത്തിൽ ഏതു നിലയിലും മുന്നണിയിൽ നിൽക്കുന്ന ഈ രണ്ട് രാജ്യങ്ങളിലും, പുറമേയുള്ള സ്ഥാപനങ്ങളെ ആശ്രയിക്കാനിടയാക്കാതെ വിദ്യാർത്ഥികൾക്കു പ്രവേശനം നൽകുന്ന കോളേജുകൾ ധാരാളം ഉണ്ടാകേണ്ടത് ആവശ്യമാണ്. വിദ്യാർത്ഥികളുടെ ഗുണത്തെ ഉദ്ദേശിച്ച് നാടിന്റെ നാനാഭാഗങ്ങളിലും പല വിദ്യാലയങ്ങളും സ്ഥാപിച്ച് അവയുടെ കാര്യക്ഷമമായ നടത്തിപ്പിനു

വേണ്ടി അശ്രാന്തം പരിശ്രമിച്ചു വരുന്ന നിതാന്ത വന്ദ്യ ദിവ്യ ശ്രീ മാർ ഈവാനിയോസ് തിരുമേനിയുടെ നാമധേയത്തിൽ തിരുവനന്തപുരം നഗരപ്രാന്തത്തിലുള്ള നാലാഞ്ചിറ എന്ന സ്ഥലത്ത് ഉദയം ചെയ്യുന്ന പ്രസ്തുത കോളേജ് എല്ലാ വിധത്തിലും മാതൃകായോഗ്യമായി ശോഭിക്കുമെന്ന് ആശിക്കാവുന്ന താണ്. പാശ്ചാത്യരാജ്യങ്ങളിൽ പരിഷ്കൃതനഗരങ്ങൾ പലതും സന്ദർശിച്ച് അവിടെയുള്ള കലാശാല കളുടെ നടത്തിപ്പുകളും അദ്ധ്യാപനരീതികളും മറ്റും ശരിക്കു ഗ്രഹിച്ചി ട്ടുള്ള തിരുമേനിയുടെ ഉപദേശവും പ്രവർത്തനവും അനുസരിച്ച് നിർമ്മിക്കപ്പെടുന്ന ഈ സ്ഥാപനം യുവജനങ്ങളുടെ മാനസികവും കായികവുമായ അഭിവൃദ്ധിക്ക് സഹായകമായി തീരാതിരിക്കയില്ല.

പൊതുനിരത്തുകളിൽ കൂടെ സദാ സഞ്ചരിക്കാറുള്ള വാഹന ങ്ങളുടെയും മറ്റും ബാഹുല്യംകൊണ്ട് യുവതീയുവാക്കൾക്ക് ഉപദ്രവം നേരിടാത്ത വിധം നഗരത്തിൽ നിന്നും അകന്ന് അനേകം ഏക്കർ വിസ്തീർണ്ണമുള്ള സ്ഥലത്താണ് ഈ കോളേജ് കെട്ടിടം സ്ഥിതി ചെയ്യു ന്നത്. നയനമോഹനവും പ്രകൃതിരമണീയവുമായ ഈ കലാമന്ദിര ത്തിനു ചുറ്റുമുള്ള പ്രദേശം ഒരു റസിഡൻഷ്യൽ കോളജിന്റെ സകല സംവിധാനങ്ങൾക്കും പറ്റിയതാണ്. ഈ സ്ഥലം സന്ദർശിക്കുന്ന ഏതൊ രാൾക്കും ഓർമ്മ വരുന്നത് ശാന്തിനികേതനം, സബർമതി ആശ്രമം തുടങ്ങിയ വിശിഷ്ടവിദ്യാലയങ്ങളെപ്പറ്റി ആയിരിക്കും. വിദ്യാർത്ഥി കളുടെ ചിന്താശക്തി പരിപോഷിപ്പിക്കുന്നതിന് ഏറ്റം അനുകൂലമായ പരിതഃസ്ഥിതികൾ ഈ കോളേജിന് ഉണ്ടെന്നുള്ളത് പ്രത്യേകം സ്മരണീയമാണ്. വിദ്യാർത്ഥിഹൃദയങ്ങളിൽ സന്മാർഗ്ഗബോധവും ഈശ്വരവിശ്വാസവും വളർത്തുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഇത്രമാത്രം യോജിച്ച സ്ഥലം അപൂർവ്വമാണെന്നു ള്ളത് സമ്മതിച്ചേ തീരൂ. അമേരിക്കൻ കലാമന്ദിരങ്ങളായിരിക്കാം ഈ കോളജ് സ്ഥാപനത്തിനു തൽഭാരവാഹികൾക്കു മാതൃകയായിത്തീർന്നിട്ടുള്ളത്. പ്ലാൻ അനുസരിച്ചുള്ള കെട്ടിടങ്ങളും ഹോസ്റ്റലുകളും പൂർത്തിയാകുന്ന തോടുകൂടി കേരളത്തിലെ കോളേജുകളിൽ ഇതിന് എല്ലാ പ്രകാര ത്തിലും മാന്യമായ ഒരു സ്ഥാനം ലഭിക്കുമെന്നുള്ളതിൽ സംശയമില്ല. കോളജ് പ്രവേശനം ജൂണിയർ ഇന്റർമീഡിയറ്റ്, ജൂണിയർ ബി.ഏ.എന്നീ ക്ലാസുകളിൽ മാത്രമാണെന്നറിയുന്നു. ഭാരത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാൻ പര്യാപ്തമായ വിദ്യാർത്ഥി വൃന്ദത്തിന്റെ ഒരു പരിശീലനകേന്ദ്രമായി ദീർഘകാലം ശോഭിക്കുന്നതിന് ഈ കോളേജിന് ഭാഗ്യം ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.'' (ദീപിക 1948 ജൂൺ 12)

## ആധുനികസ്ഥിതി

തൽസ്ഥാപകന്റേയും നാമകരണന്റേയും പ്രശസ്തിയെ നില നിറുത്തിക്കൊണ്ട് ഇക്കഴിഞ്ഞ ഇരുപത്തിരണ്ട് വർഷങ്ങളായി മാർ ഈവാനിയോസ് കോളേജ് കേരളത്തിന്റെ തലസ്ഥാനനഗരിയിൽ നിലകൊള്ളുന്നു. സമർത്ഥരും പണ്ഡിതരുമായ മൂന്നു പ്രിൻസിപ്പാള ന്മാർ ഇതിനകം പ്രസ്തുത കോളേജിന്റെ ഭരണം സ്തുത്യർഹമായി നിർവ്വഹിച്ചുകഴിഞ്ഞിരിക്കുന്നു. റവ.ഫാദർ ബനഡിക്ട് ഒ.ഐ.സി., എം.എ. (ഇപ്പോൾ തിരുവനന്തപുരം ആർച്ചുബിഷപ്പ്) റവ. ഫാ. തോമസ് നങ്ങച്ചിവീട്ടിൽ എം.എ., റവ.ഫാ. ഫ്രാൻസിസ് കാളാശ്ശേരി എം.എ., (ഇപ്പോൾ മോൺസിഞ്ഞോർ) എന്നിവരായിരുന്നു പ്രസ്തുത പ്രിൻസിപ്പാളന്മാർ. ഇവരിൽ ഫാദർ ബനഡിക്ട് 1949 – 1951 വരെയുള്ള രണ്ടു വർഷക്കാലവും, ഫാദർ നങ്ങച്ചിവീട്ടിൽ 1951 – 1956 വരെയുള്ള അഞ്ചു വർഷങ്ങളും, ഫാദർ കാളാശ്ശേരി 1956 – 1961 വരെയുള്ള അഞ്ചു വർഷക്കാലവും കോളേജിന്റെ ഭരണം നിർവ്വഹിച്ചിരുന്നു. 1961 മുതൽ റവ.ഫാദർ ഗീവറുഗീസ് പണിക്കർ എം.എ. പ്രസ്തുത കൃത്യം നിർവ്വ ഹിച്ചുകൊണ്ടിരുന്നു. ഇദ്ദേഹത്തിന്റെ സമർത്ഥവും നയതന്ത്രപരവു മായ ഭരണംമൂലം ഈ കോളേജ് എല്ലാ നിലകളിലും പുരോഗമിച്ചു കൊണ്ടാണിരിക്കുന്നത്. നമ്മുടെ കഥാപുരുഷന്റെ കുടുംബാംഗമാണ് ഇദ്ദേഹമെന്നുള്ള വിവരവും ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ.

സുശിക്ഷിതരും പണ്ഡിതന്മാരുമായ ഇരുന്നൂറോളം അദ്ധ്യാപ കരും രണ്ടായിരത്തോളം അദ്ധ്യേതാക്കളും ഈ കോളേജിൽ ഇപ്പോ ഴുണ്ട്. കെമസ്ട്രി, സുവോളജി, ഇംഗ്ലീഷ് എന്നിങ്ങനെ മൂന്നു ബിരുദാന ന്തരകോഴ്സുകളും ഇവിടെയുണ്ട്. വിദ്യാർത്ഥികൾക്ക് കാര്യക്ഷമമാം വിധമുള്ള പരിശീലനം നൽകുന്നതിൽ സമർത്ഥരായ മൂന്നുവൈദി കരുടെ നേതൃത്വത്തിൻ കീഴിൽ അഞ്ഞൂറിൽപരം വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായി താമസിക്കുന്നതിനുള്ള സകല സജ്ജീകരണങ്ങ ളോടുംകൂടിയ മൂന്നുനിലകൾ വീതമുള്ള മൂന്നു ഹോസ്റ്റലുകളും ഇവിടെയുണ്ട്. പ്രതിവർഷമുള്ള പരീക്ഷകളിൽ പ്രശസ്തമായ വിജയ മാണ് ഈ കോളേജ് കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നത്. കായികമത്സര ങ്ങളിൽ പലതിലും ഈ കോളേജ് ഇതരകോളേജുകളെ മുന്നിട്ടുതന്നെ നിൽക്കുന്നു. ഇങ്ങനെ നമ്മുടെ കഥാപുരുഷൻ സ്ഥാപിച്ച കോളേജ് എല്ലാ നിലകളിലും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടി രിക്കുന്നുവെന്നതു അഭിമാനകരം തന്നെ.

## അദ്ധ്യായം 53

# ആർച്ചുബിഷപ്പും പനമ്പള്ളി പദ്ധതിയും

അമേരിക്കയിൽ നിന്നു കേരളത്തിൽ മടങ്ങി എത്തിയ ആർച്ചുബിഷപ്പിന്റെ മനസ്സിനേയും ശരീരത്തേയും ശക്തിയായി പീഡിപ്പിക്കുന്നതിനു ഇടയായ ഒരു "വിദ്യാഭ്യാസപരിഷ്കരണ പദ്ധതിയെ" പ്പറ്റിയാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നത്.

കേരളത്തിൽ സ്തുത്യർഹമാംവിധം വിദ്യാഭ്യാസസേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പ്രൈമറിസ്കൂളുകൾ മാനേജ്മെന്റുകൾക്കെതിരായി വിവിധ പദ്ധതികൾ ഓരോരോ കാലത്തു മാറി മാറി വന്നുകൊണ്ടിരുന്ന ഗവൺമെന്റുകൾ ആവിഷികരിച്ചിട്ടുണ്ട്. പക്ഷേ മാനേജ്മെന്റുകളുടെ ശക്തിമത്തായ എതിർപ്പുമൂലം അവയെല്ലാം പരാജയത്തെയാണ് അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ളത്. തന്നെയുമല്ല, അവ ആവിർഭവിപ്പിച്ച ഗവൺമെന്റുകൾ അല്പായസ്സുകളായിത്തീരുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഒരു രാഷ്ട്രീയാചാര്യനും പ്രമുഖചിന്തകനുമായിരുന്ന ശ്രീമാൻ കുമ്പളത്തു ശങ്കുപ്പിള്ള ഒരവസരത്തിൽ ഇപ്രകാരം പ്രസ്താവിക്കുകയുമുണ്ടായി; "കേരളത്തിലെ വിദ്യാഭ്യാസ പ്രശ്നം ഒരു ഇലക്രിട്ക് കമ്പിയാണ്. അതിന്മേൽ തൊട്ടിട്ടുള്ളവരെല്ലാം തന്നെ ഷോക്കുമൂലം തൽക്ഷണം മൃതിയടഞ്ഞിട്ടുണ്ട്." ശ്രീ കുമ്പളത്തിന്റെ പ്രസ്തുത പ്രസ്താവന അക്ഷരം പ്രതി ശരിയാണെന്ന് കേരളത്തിലെ കഴിഞ്ഞ കാലാനുഭവങ്ങൾ തെളിയിക്കുകയും ചെയ്യുന്നു.

സ്വകാര്യ ഏജൻസികൾക്ക് എതിരായി മൂന്നു വിദ്യാഭ്യാസപദ്ധതികളാണ് ഇതിനകം കേരളത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്.

തിരുവിതാംകൂർ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരുടെ "പ്രൈമറിസ്കൂൾ ദേശവൽക്കരണ പദ്ധതി"യായിരുന്നു ഇവയിൽ ആദ്യത്തേത്. തിരുകൊച്ചി വിദ്യാഭ്യാസമന്ത്രിയും പിന്നീട് കേന്ദ്രമന്ത്രിയുമായിരുന്ന ശ്രീ. പനമ്പള്ളി ഗോവിന്ദമേനോന്റെ സെക്കണ്ടറിസ്കൂൾ പരിഷ്ക്കരണപദ്ധതിയായിരുന്നു രണ്ടാമത്തേത്. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ. മുണ്ടശ്ശേരി ആവിഷ്കരിച്ച സ്കൂൾ പരിഷ്കരണപദ്ധതിയായിരുന്നു മൂന്നാമത്തേത്. ഈ മൂന്നുപദ്ധതികളിൽ ആദ്യത്തേത് രണ്ടും ആവിഷ്കരിക്കപ്പെട്ടത് നമ്മുടെ കഥാപുരുഷന്റെ ജീവിതകാലത്ത് തന്നെയായിരുന്നു. സർ സി.പി.യുടെ പദ്ധതിയും അതിനെതിരായി കഥാപുരുഷൻ നടത്തിയ പ്രവർത്തനങ്ങളും അവസാനം അതിനും അതിന്റെ കർത്താവിനും പറ്റിയ പരാജയവും ഈ ഗ്രന്ഥത്തിന്റെ 17-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. ശ്രീ. പനമ്പള്ളി ആവിഷ്ക്കരിച്ച പദ്ധതി എന്തായിരുന്നുവെന്നും അതിനെ എങ്ങനെയാണ് ആർച്ചുബിഷപ്പ് നേരിട്ടതെന്നും അതിന്റെ പര്യവസാനം എങ്ങനെയായിത്തീർന്നുവെന്നും ഈ അദ്ധ്യായത്തിൽ വിവരിക്കാനുദ്ദേശിക്കുന്നു.

## പനമ്പള്ളി പദ്ധതി

സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരെ അവരുടെ നിയമനവിഷയത്തിലും വേതനകാര്യത്തിലും സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പനമ്പള്ളി തന്റെ പദ്ധതി ആവിഷ്കരിച്ചത്. പ്രസ്തുത പദ്ധതിയിൽ ആറുകൂട്ടം കാര്യങ്ങളാണ് പ്രധാനമായി ഉൾക്കൊള്ളിച്ചിരുന്നത്.

1. പ്രൈവറ്റ് മാനേജ്മെന്റുകൾ സെക്കണ്ടറി സ്കൂളിലെ ഫീസ് പിരിവിന്റെ എൺപതു ശതമാനം ഗവൺമെന്റിൽ കെട്ടി വെയ്ക്കേണ്ടതാണ്.
2. പ്രസ്തുത സംഖ്യ മാനേജ്മെന്റുകൾ ഗവൺമെന്റിനു നൽകേണ്ട ഓഹരിയായി മാത്രം പരിഗണിക്കപ്പെടുന്നതാണ്.
3. ബാക്കിയുള്ള ഇരുപതു ശതമാനം സ്കൂൾ ആവശ്യത്തിലേക്കുവേണ്ടി മാനേജ്മെന്റുകൾ വിനിയോഗിക്കുകയും അതിന്റെ കണക്ക് ഗവൺമെന്റിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.
4. പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽ നിന്നും മാനേജ്മെന്റ് അദ്ധ്യാപകനിയമനം നടത്തേണ്ടതാണ്.

5. സാമുദായികപ്രാതിനിദ്ധ്യം അനുസരിച്ചുവേണം പ്രസ്തുത നിയമനം നടത്തുവാൻ

6. അധ്യാപകന്മാരുടെ പ്രതിമാസശമ്പളം ഗവൺമെന്റു നേരിട്ട് നൽകുന്നതാണ്.

ഈ പദ്ധതി പ്രസിദ്ധീകൃതമായതോടുകൂടെ ഗവൺമെന്റും മാനേജ്മെന്റുകളും തമ്മിൽ ഒരു വടംവലി ആരംഭിക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ ഉണ്ടായിരുന്ന ആറു കാര്യങ്ങളിൽ രണ്ടും, നാലും, അഞ്ചും വ്യവസ്ഥകളെ പ്രൈവറ്റ് സ്കൂൾ മാനേജ്മെന്റുകൾ പ്രത്യേകിച്ച് ക്രൈസ്തവമാനേജ്മെന്റുകൾ ശക്തിയുക്തം എതിർത്തു. ഈ എതിർപ്പിൽ പ്രധാന ഭാഗഭാഗിത്വം വഹിച്ചത് നമ്മുടെ കഥാപുരുഷ നായിരുന്നു. ഇതു സംബന്ധിച്ച് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളും തൽഫലമായി പനമ്പള്ളി പദ്ധതി പൂർണ്ണവിജയത്തിലെത്തിച്ചേരാതിരുന്നതും മറ്റുള്ള വിവരണങ്ങളാണ് സംക്ഷിപ്തമായി ഇവിടെ ചേർക്കുന്നത്.

## പത്രപ്രസ്താവന

ഈ പദ്ധതി പ്രസിദ്ധപ്പെടുത്തിയ ഉടൻതന്നെ തിരുവനന്തപുരം അരമനയിൽ വെച്ച് ഒരു പ്രസ്സ് കോൺഫ്രൻസ് ആർച്ചുബിഷപ്പ് വിളിച്ചുകൂട്ടുകയും താഴെ ചേർക്കുന്ന പ്രസ്താവന പത്രങ്ങൾക്ക് നൽകുകയും ചെയ്തു. അതിലെ ചില ഭാഗങ്ങൾ ഇപ്രകാരമായിരുന്നു:

സെക്കണ്ടറി വിദ്യാഭ്യാസവിഷയത്തിൽ പ്രൈവറ്റ് ഏജൻസികളെ സാരമായി ബാധിക്കുന്ന പദ്ധതി ഗവൺമെന്റ് ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്നു. ഇതു സർ. സി.പി. രാമസ്വാമി അയ്യരുടെ ഭരണകാലത്തുണ്ടായിരുന്നതിനേക്കാൾ ഗൗരവതരമായ ഒരു വിദ്യാഭ്യാസപ്രശ്നമായിത്തീർന്നിട്ടുണ്ട്. അന്നത്തെ ഗവൺമെന്റ് പ്രൈവറ്റ് പ്രൈമറി സ്കൂളുകളെല്ലാം സർക്കാരിലേക്ക് വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെടുകയും ചില മാനേജർമാർ അതിന് വഴിപ്പെടുകയും ചെയ്തു. മിക്ക ക്രിസ്ത്യൻ സമുദായങ്ങളും സ്കൂളുകൾ ഒന്നും തന്നെ സർക്കാരിലേക്ക് വിട്ടുകൊടുത്തില്ല. അന്ന് ആവിർഭവിച്ച കുഴഞ്ഞ പ്രശ്നത്തിന് ഇന്നുവരേയും ഒരു ശരിയായ പരിഹാരം ഉണ്ടാകാതെയും ഇരിക്കുന്നു. അപ്പോഴാണ് സെക്കണ്ടറിസ്കൂളുകളെ സംബന്ധിച്ച് ഒരു പുതിയ പദ്ധതി ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്നത്. ഈ പദ്ധതിയിൽ അദ്ധ്യാപകരുടെ അവശത പരിഹരിക്കുവാനുള്ള മാർഗ്ഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതു സ്തുത്യർഹമാണ്.

വിദ്യാഭ്യാസപ്രചരണത്തിൽ മാനേജർമാർക്കുള്ള മൗലികാവകാശത്തെ ഈ പദ്ധതി വിസ്മരിച്ചിരിക്കുന്നു. സ്കൂൾ നടത്തുന്ന കാര്യത്തിൽ മാനേജർമാരിൽ അല്പസ്വല്പമായി അവശേഷിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ ഇതു ഭഞ്ജിക്കുന്നു. പ്രൈവറ്റുസ്കൂളുകളുടെ മേൽ ഇപ്പോൾത്തന്നെ ഗവൺമെന്റിന് വളരെ നിയന്ത്രണങ്ങൾ ഉണ്ട്. ഗവൺമെന്റിൽനിന്നും യാതൊരു ഗ്രാന്റും വാങ്ങാതെയും അംഗീകാരം മാത്രം വാങ്ങിച്ചും മാനേജർമാർ നടത്തുന്ന സ്കൂളുകളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്ന കാര്യത്തിൽ മാനേജർമാരിൽ അവേശേഷിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ ഈ പദ്ധതി ഭഞ്ജിക്കുന്നു. അപ്രകാരമുള്ള മാനേജർമാർ നടത്തുന്ന സ്കൂളുകളിൽ അധ്യാപകരുടെ പരീക്ഷായോഗ്യതകൾ നിർണ്ണയിക്കുക, ലൈസൻസിനു നിർബന്ധിക്കുക, പാഠപുസ്തകങ്ങൾ നിശ്ചയിക്കുക, സമയവിവരപട്ടികകൾ നിർമ്മിക്കുക, സ്കൂൾ കെട്ടിടത്തിന്റെ സ്ഥാനവും പ്ലാനും അംഗീകാരത്തിനു വിധേയമാക്കുക, സ്കൂൾ ഉപകരണങ്ങൾ ഇന്ന വിധത്തിൽ വേണമെന്നു നിശ്ചയിക്കുക, കുട്ടികളിൽ നിന്നും പിരിച്ചെടുക്കേണ്ട ഫീസ് ഇതു മാത്രമേ ആകാവൂ എന്ന് ക്ലിപ്തപ്പെടുത്തുക, ഓരോ ക്ലാസ്സിലെയും വിദ്യാർത്ഥികളുടെ സംഖ്യ പരിമിതപ്പെടുത്തുക ആദിയായ നിയന്ത്രണങ്ങൾ ഇപ്പോൾ നിലവിലുള്ളതാണ്. ഇവയിൽ മിക്കതും സ്കൂളിന്റെ അഭിവൃദ്ധിക്കു സഹായകരവുമാണ്. എന്നാൽ പുതിയ പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്ന നൂതനനിയന്ത്രണം മാനേജർമാർക്കു അല്പമാത്രമായി അവശേഷിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ ഹനിക്കുകയും അവരുടെ അസ്തിത്വത്തെ അവഗണിക്കുകയും ചെയ്യുന്നില്ലേ എന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു.

ഈ പദ്ധതി ഇതേ രൂപത്തിൽ നടപ്പിലാക്കുന്നതു കൊണ്ടുണ്ടാകുന്ന കുഴപ്പങ്ങൾ അനവധിയാണ്. ഫീസ്പിരിവിന്റെ എൺപതു ശതമാനം സർക്കാർഖജനാവിൽ ഡിപ്പാർട്ടുമെന്റിന്റെ പേരിൽ അടയ്ക്കണമെന്നു ഗവൺമെന്റ് മാനേജർമാരോട് ആവശ്യപ്പെട്ടിരിക്കുന്നതിനും പുറമേ, സെപ്റ്റംബർ 25-ാം തീയതി വിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ ഫീസ് പിരിച്ചതിന്റെ എൺപതുശതമാനം സർക്കാർ ഓഹരിയാണെന്നു പ്രസ്താവിച്ചുകാണുന്നു. (Government’s share of the fee Collection) ഈ സർക്കുലർ കൊണ്ട് അനുമാനിക്കേണ്ടത് പ്രൈവറ്റ് സ്കൂളുകൾ ഗവൺമെന്റിന്റെ വകയാണെന്നും ഫീസുപിരിവിന്റെ സിംഹഭാഗവും സർക്കാരിന് അവകാശമുള്ളതാണെന്നും ആണല്ലോ. മാനേജർമാരെ ഹേമിച്ചു ഫീസ് പിരിവ് സർക്കാരിൽ ഒടുക്കിച്ചിട്ട്

അധ്യാപകശമ്പളം കൊടുക്കുന്ന ഒരു സമ്പ്രദായം യൂറോപ്പിലോ അമേരിക്കയിലോ ഇന്ത്യയുടെ ഇതരസംസ്ഥാനങ്ങളിലോ ഉള്ളതല്ല. പൗരന്റെ സ്വത്തുക്കൾ രാഷ്ട്രത്തിന്റേതാക്കുന്നതിന്റെ പ്രാരംഭമായി സ്ഥാപനത്തിന്റെ സ്വത്തുക്കൾ സർക്കാർവക ആക്കുകയാണ് ഈ പദ്ധതിയുടെ പുറകിൽ നിഴലിക്കുന്ന തത്വം. ദേശീകരണം പ്രസംഗിക്കുന്ന ഏതാനും ചില തീവ്രവാദികളെ ഇതൊരു പക്ഷേ തൃപ്തിപ്പെടുത്തിയേക്കാം. എന്നാൽ രാജ്യത്തിന്റെ വിദ്യാഭ്യാസപരമായ പുരോഗതിയെ ഇതു സാരമായി തടയും എന്നുള്ളത് അവിതർക്കിതമാണ്. കൂടാതെ ചിന്താശീലന്മാർക്ക് ദേശീകരണത്തിന്റെ അഭികാമ്യത ഇനിയും ബോദ്ധ്യപ്പെടേണ്ടി യുമിരിക്കുന്നു. ചില രാജ്യങ്ങളിൽ ഈ പ്രസ്ഥാനത്തിന്റെ പ്രയോഗം അവതാളത്തിൽ കലാശിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് നമുക്ക് ഒരു ഗുണപാഠമായിരിക്കട്ടെ...

അദ്ധ്യാപകന്മാരെ സഹായിക്കുകയും അവർക്കു ന്യായമായി ലഭിക്കേണ്ട ശമ്പളം കൊടുക്കുകയും ചെയ്യണമെന്നു മാത്രമേ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിക്ക് ഉദ്ദേശ്യമുള്ളുവെങ്കിൽ ഈ പദ്ധതിയുടെ ഗൗരവതരമായ ന്യൂനതകൾ പരിഹരിച്ച് അദ്ധ്യാപകശമ്പളം നിർദ്ദിഷ്ടക്രമത്തിൽ കൊടുക്കുന്നതിനു മാനേജർമാരെ സഹായിക്കുകയാണ് ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത്. അദ്ധ്യാപകശമ്പളത്തിനു കുറവു വരാതെയും മാനേജർമാരുടെ ന്യായമായ അവകാശങ്ങളെ സമാദരിച്ചും, ജനായത്തസിദ്ധാന്തത്തെ ബലി കഴിക്കാതെ തന്നെ ഈ പദ്ധതി തയ്യാറാക്കാവുന്നതാണ്.

അദ്ധ്യാപകരെയും ഹെഡ്മാസ്റ്റർമാരെയും നിയമിക്കുന്നതിനുള്ള അവകാശം നിർബാധമായി മാനേജ്മെന്റിനുണ്ടായിരിക്കേണ്ടതാണ്. സ്കൂളിന്റെ വ്യക്തിത്വവും ആദർശവും പാലിക്കുന്നതിന് ഈ സ്വാതന്ത്ര്യം അനുപേക്ഷണീയമാണ്. തിരുവനന്തപുരം അതിരൂപതയിൽ സെക്കണ്ടറിസ്കൂളുകൾ സ്ഥാപിച്ചു നടത്തുന്നതിലേക്കു കഴിഞ്ഞ ചുരുങ്ങിയ കാലത്തിനുള്ളിൽ ഒരു വലിയ തുക നാം ചെലവാക്കിയിട്ടുണ്ട്. യാതൊരു ലാഭേച്ഛയും കൂടാതെയാണ് ഇതു ചെയ്തത്. ഇതിനായി ഗവൺമെന്റിൽ നിന്നും ഗ്രാന്റാകട്ടെ പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ ആകട്ടെ നാം വാങ്ങിയിട്ടില്ല. ഈ പണം മുഴുവനും കത്തോലിക്കരായ വിദേശിയ ധർമ്മബുദ്ധികളിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. ഈ സ്കൂളുകൾ എല്ലാം കത്തോലിക്കാസഭയുടെ വകയുമാണ്. യഥാർത്ഥമായ വിദ്യാഭ്യാസാ ദർശനങ്ങൾക്കോ സ്കൂളുകളുടെ മേൽ കത്തോലിക്കാസഭയ്ക്കുള്ളതായ ഉടമസ്ഥാവകാശത്തിനോ ഹാനി

വരത്തക്ക വിധത്തിൽ ഈ പുതിയ പദ്ധതി അതേ പടി സ്വീകരിച്ചു സ്കൂൾ നടത്തണമെന്ന് നാം ഉദ്ദേശിക്കുന്നില്ല.''

മേൽച്ചേർത്ത പ്രസ്താവന പത്രങ്ങളിലെല്ലാം പ്രസിദ്ധീകൃതമായതോടുകൂടെ "പനമ്പള്ളി പദ്ധതി" സംബന്ധിച്ചുള്ള പ്രചണ്ഡമായ വിവാദവും തിരു-കൊച്ചിയിൽ ആരംഭിച്ചു. ആർച്ചുബിഷപ്പിന്റെ പ്രസ്താവനയെ പ്രതികൂലിച്ചും അനുകൂലിച്ചും കൊണ്ടുള്ള മുഖപ്രസംഗങ്ങളും ലേഖനങ്ങളും പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. പ്രസ്താവനക്കെതിരായി ശക്തിമത്തായ ഭാഷയിൽ "മലയാളി' പത്രം എഴുതിയ മുഖപ്രസംഗത്തിലെ ചില ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്.

## ആർച്ചുബിഷപ്പിന്റെ സമരപ്രഖ്യാപനം

ആർച്ചുബിഷപ്പിന്റെ പത്രപ്രസ്താവനയിലേ അവസാനഭാഗം ഉദ്ധരിച്ചുകൊണ്ട് പത്രാധിപപ്രസംഗം തുടരുന്നു. "ഒരു സമര പ്രഖ്യാപനമാണ്'' ഇത്. നിവർത്തനമോ, നിസ്സഹകരണമോ ഒന്നുമല്ല. സെക്കണ്ടറി വിദ്യാഭ്യാസം സംബന്ധിച്ച് ഗവൺമെന്റ് ഈയിടെ ആസൂത്രണം ചെയ്ത പദ്ധതിയുടെ നേർക്കുള്ള ഒരു വെല്ലുവിളി നടത്തുന്ന "നാം'' തിരുവനന്തപുരം ആർച്ചുബിഷപ്പ് നിതാന്തവന്ദ്യ ദിവ്യശ്രീ മാർ ഈവാനിയോസ് അല്ലാതെ മറ്റാരുമല്ല. അദ്ദേഹം പ്രസ്തുത പദ്ധതിയെപ്പറ്റി തിരുവനന്തപുരത്തുനിന്നും ഒക്ടോബർ രണ്ടാം തീയതി പുറപ്പെടുവിച്ച പ്രസ്താവന ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നല്ലോ. അതിന്റെ അന്തിമഭാഗമാണ് മേലുദ്ധരിച്ചത്.

മലയാളത്തിൽ ബഹുവചനപ്രത്യയമായി ഒരു "മാർ'' ഉണ്ട്. പക്ഷേ, അത് പദാന്ത്യത്തിലേ വരാറുള്ളു. ബഹുമാന്യ ബഹുവചനമായ നാം ഉപയോഗിക്കുന്ന ആർച്ചുബിഷപ്പിന്റെ പേരിനോടനുയോജിച്ച് വരുന്നതാണെങ്കിലും ഈ "മാർ'' അതുകൊണ്ട് ബഹുവചന പ്രത്യയമായി ഗണിക്കുവാൻ പാടില്ല. "മാർ'' എന്ന ഇംഗ്ലീഷ് പദത്തിന് "നശിപ്പിക്കുക'' "വിരൂപമാക്കിത്തീർക്കുക'' എന്നെല്ലാം അർത്ഥമുള്ള ഒരു ക്രിയാപദമുണ്ട്. മാർ ഈവാനിയോസിൽ കാണുന്ന "മാർ'' ഇംഗ്ലീഷ് പദമാണെങ്കിൽ അതിപ്പോൾ സാർത്ഥമായിട്ടുണ്ടെന്നു പറയാം. എന്തെന്നാൽ അദ്ദേഹത്തിന്റെ ആ നീണ്ട പ്രസ്താവന പുതിയ സെക്കണ്ടറി വിദ്യാഭ്യാസപദ്ധതിയെ നശിപ്പിക്കാനോ വിരൂപപ്പെടുത്താനോ ഉദ്ദേശിച്ചിട്ടുള്ളതാണ്. സർ സി. പി.യുടെ പ്രാഥമിക പദ്ധതിക്കെതിരായി വാളും മടിശ്ശീലയും എടുക്കുവാനുള്ള ചങ്ങനാശ്ശേരി ബിഷപ്പിന്റെ ഇടയ ലേഖനത്തെ "നാം'' അനുസ്മരിപ്പിക്കുന്നു.

“വിദ്യാഭ്യാസപ്രചരണത്തിൽ മാനേജരന്മാർക്കുള്ള മൗലികാവകാശത്തെ പാടെ വിസ്മരിപ്പിക്കുന്നതാകുന്നു ഈ പദ്ധതി എന്നാണ് ആർച്ചുബിഷപ്പ് ആദ്യമായി പറയുന്നത്. മാനേജർമാരുടെ മൗലികാവകാശം! വിദ്യഭ്യാസകാര്യങ്ങൾ പ്രസ്താവ്യ വിഷയങ്ങളാകുമ്പോൾ ഇൻഡ്യൻഭരണഘടനയിലെ വകുപ്പുകൾ ഉദ്ധരിക്കുന്നത് ഈയിടെ ഒരു പരിഷ്ക്കാരമായിത്തീർന്നിട്ടുണ്ട്. അതനുസരിച്ചാണോ ആർച്ചുബിഷപ്പും മാനേജർമാരുടെ മൗലികാവകാശത്തെപ്പറ്റി പരാമർശിക്കുന്നതെന്നറിഞ്ഞില്ല. മനുഷ്യനു സഹജമായുള്ള മൗലികാവകാശങ്ങളിൽ കവിഞ്ഞ് മാനേജർക്കോ ഹെഡ്മാസ്റ്റർക്കോ പ്യൂണിനോ തൂപ്പുകാരിക്കോ ഒക്കെ എന്തു മൗലികാവകാശമാണുള്ളതെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. അഥവാ, അധ്യാപകന്മാരെ പട്ടിണിയിട്ടു സ്വന്തം കീശ വീർപ്പിക്കുന്നതിൽ സ്കൂൾ മാനേജർമാർ ഇതേവരെ അനുഭവിച്ചു വന്ന ദുഃസ്വാതന്ത്ര്യമാണോ മൗലികാവകാശമായി വിവക്ഷിക്കപ്പെടുന്നത് എന്നുമറിഞ്ഞില്ല.

സ്കൂൾ നടത്തുന്ന കാര്യത്തിൽ മാനേജർമാർക്ക് ഇപ്പോൾത്തന്നെ സ്വാതന്ത്ര്യം അല്പസ്വല്പമായേ അവശേഷിക്കുന്നുള്ളു” വെന്നു ഒരു വ്യാകുലത ആ പ്രസ്താവനയിൽ നിഴലിക്കുന്നു. അധ്യാപകരുടെ പരീക്ഷായോഗ്യത നിർണ്ണയിക്കുക, ഫീസിന്റെ തുക തീർച്ചപ്പെടുത്തുക, ഓരോ ക്ലാസ്സിലും ഇരുത്തി പഠിപ്പിക്കാവുന്ന വിദ്യാർത്ഥികളുടെ സംഖ്യ ക്ലിപ്തപ്പെടുത്തുക ഇത്യാദി നിയന്ത്രണങ്ങൾ എല്ലാം തന്നെ മാനേജർമാരുടെ മൗലികാവകാശത്തിന് ബാധകങ്ങളാണെന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളതെന്നു തോന്നുന്നു. ഇവയൊന്നുമല്ലാതെ മാനേജർമാർ സർവ്വസ്വതന്ത്രരായിരിക്കേണ്ടതായിരുന്നു എന്നാണഭിപ്രായം. ഇന്ന് “അല്പസ്വല്പ”മായി അവശേഷിക്കുന്നത് ഇഷ്ടംപോലെ അധ്യാപകന്മാരെ നിയമിക്കാനും, അവർക്ക് എന്തെങ്കിലും ശമ്പളം കൊടുത്തിട്ട് അതിന്റെ ഇരട്ടിയും മൂന്നിരട്ടിയുമായ തുകയ്ക്ക് അക്വിറ്റൻസ് ഒപ്പിട്ടു വാങ്ങിക്കാനും അങ്ങനെ വിദ്യാലയ പ്രവർത്തനത്തെ ഒരു കച്ചവടമാക്കി അധഃപതിപ്പിക്കാനുമുള്ള മൗലികാവകാശം മാത്രമാണ്.

“അടി കൊള്ളാൻ ചെണ്ടയും, പണം പറ്റാൻ മാരാനും” ആയാൽ എത്ര സൗകര്യം! മാനേജർമാർ സ്കൂൾ നടത്തി ഇഷ്ടംപോലുള്ള അധ്യാപകന്മാരെയും നിയമിച്ച് ഫീസും പിരിച്ച് അന്തരീക്ഷകാര്യവും സ്വന്തമായ സാമ്പത്തികസ്ഥിതിയും പരിപോഷിപ്പിച്ചുകൊള്ളുകയും ഗവൺമെന്റ് അധ്യാപകരുടെ ശമ്പളം റെഡിക്കു മാസാമാസം

കൊടുത്തുകൊള്ളുകയും! ബഹുഭാര്യാത്വപ്രശ്നത്തെപ്പറ്റി അഭിപ്രായം ചോദിച്ചപ്പോൾ പണ്ടൊരാൾ പറഞ്ഞിട്ടുള്ളതായി കേട്ടിട്ടുള്ളതുപോലെ "ബഹുസഖം, ബഹുസുഖം." വിദ്യാപ്രചരണത്തിൽ മാനേജർമാർക്കുള്ള മൗലികാവകാശത്തിൽ ഇത്ര താല്പര്യമുള്ളവർ ആ പ്രചാരണത്തിൽ അവർക്ക് അവശ്യം വേണ്ടുന്ന അധ്യാപകന്മാരുടെ വയറു നിറച്ചുണ്ണുവാനുള്ള മൗലികാവകാശം കൂടെ ആദരിച്ചു അതിനുതകത്തക്ക ശമ്പളം കൊടുക്കാൻ എന്തുകൊണ്ടു തയ്യാറാകുന്നില്ല എന്നാണ് ഞങ്ങൾ ചോദിക്കുന്നത്. ഇഷ്ടംപോലെ വിദ്യാപ്രചരണം ഒരവകാശമാണെങ്കിൽ അതിനു വേണ്ട ചെലവു മുഴുവൻ ചെയ്യാനുള്ള ബാദ്ധ്യതയും അവർ സ്വീകരിക്കണം. അവകാശമെല്ലാം ഒരു കൂട്ടർക്കും ബാദ്ധ്യത ഗവൺമെന്റിനും, തദ്വാരാ പൊതുജനങ്ങൾക്കും എന്നു വരുന്നത് അനുവദിക്കാൻ നിവൃത്തിയുള്ള ഒരു പരിതസ്ഥിതിയല്ല. അത് എല്ലാപേരും ഓർക്കുന്നത് നന്ന്.

മാനേജർമാരുടെ അഹിതത്തിന്റെ പ്രധാനലക്ഷ്യം അദ്ധ്യാപക നിയമനത്തിൽ അവർക്കു നിയന്ത്രണം ഉണ്ടായിരിക്കണം എന്നു മാത്രമാണ്. "അദ്ധ്യാപകരെയും ഹെഡ്മാസ്റ്ററെയും നിയമിക്കുന്നതിനുള്ള അവകാശം മാനേജ്മെന്റിനാണുണ്ടായിരിക്കേ ണ്ടത്. സ്കൂളിന്റെ വ്യക്തിത്വവും ആദർശവും നിലനിറുത്തുന്നതിന് ഇത് അനുപേക്ഷണീയമാണ്" എന്ന് ആർച്ചുബിഷപ്പ് ചൂണ്ടിക്കാണിക്കുന്നു. ആ വ്യക്തിത്വത്തിലും ആദർശത്തിലും ആണ് സ്വജനപ്രീണനവും അന്തരീക്ഷസംരക്ഷണവും സ്വമതപ്രചാരവ്യഗ്രതയും നിഗൂഹനം ചെയ്തിരിക്കുന്നത്. അതിനായി ഇഷ്ടാനുസരണം നിയമിക്കുന്ന അധ്യാപകർക്ക് പോരാത്ത ശമ്പളം കൊടുക്കാൻ അവർ തയ്യാറുമല്ല. അതിനുവേണ്ട പണം പൊതുജനങ്ങൾ കൊടുക്കണമത്രേ! അതു നടപ്പുള്ള കാര്യമല്ലെന്ന് വിശദീകരിക്കുവാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. ഗവൺമെന്റ് ഇതിൽ ഒരുറച്ച നില പ്രദർശിപ്പിക്കേണ്ടതാണ് എന്നാണ് ഞങ്ങൾ ഉത്ബോധിപ്പിക്കുന്നത്.

ഗവൺമെന്റിൽ നിന്നും "ഗ്രാന്റ് ആകട്ടെ, പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ ആകട്ടെ വാങ്ങിയിട്ടില്ലെന്ന്" അഭിമാനിക്കുന്ന ആർച്ച്ബിഷപ്പ് തന്റെ വിദ്യാലയങ്ങൾ മേലാൽ നടത്തണമെന്നുദ്ദേശിക്കാത്തതെന്താണെന്നു മനസ്സിലാകുന്നില്ല. അവയിലെ അധ്യാപകന്മാർക്ക് പുതിയ തോതിലുള്ള ശമ്പളം കൊടുക്കാൻ അദ്ദേഹം ഗവൺമെന്റിനെ ആശ്രയിക്കുന്നില്ലെങ്കിൽ എന്തുകൊണ്ട് ആ സ്കൂളുകൾ തുടർന്ന് നടത്തിക്കൂടാ? ഇവിടെയാണ് യഥാർത്ഥ കാരണം

പുറത്താകുന്നത്. അദ്ധ്യാപകരുടെ നിയമനാദികളിൽ നിയന്ത്രണം പാടില്ല. അതാണ് ഈ പ്രക്ഷോഭണത്തിന്റെയെല്ലാം അടിയിലുള്ളത്. അതൊന്നാണ് പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ടതും.

(മലയാളി 1950, ഒക്ടോബർ 10)

## അപകടകരമായ ഒരു പദ്ധതി

പനമ്പള്ളി പദ്ധതിയെ എതിർത്തും ആർച്ചുബിഷപ്പിന്റെ പ്രസ്താവനയെ അനുകൂലിച്ചുംകൊണ്ട് "മദ്രാസ് മെയിൽ" പത്രം "A Dangerous Scheme" എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയ പത്രാധിപപ്രസംഗത്തിന്റെ മലയാളപരിഭാഷയാണ് ഇവിടെ ചേർക്കുന്നത്.

"ഈ നാട്ടിലെ വിദ്യാഭ്യാസരംഗത്ത് പൊന്തിവരുന്ന രാഷ്ട്ര സാൽക്കാരണമനോഭാവത്തിന്റെ ഒന്നാന്തരം ഒരുദാഹരണമാണ് സെക്കണ്ടറിസ്കൂളുകളുടെ മേൽ ഗവൺമെന്റു നിയന്ത്രണം മുറുക്കി ക്കൊണ്ടുള്ള തിരുവിതാംകൂർ - കൊച്ചി മന്ത്രിസഭയുടെ പുറപ്പാട്. അവിടുത്തെ വിദ്യാഭ്യാസമന്ത്രി ഉന്നയിച്ചിരിക്കുന്ന ചില നിർദ്ദേശങ്ങൾ സ്കൂൾ മാനേജ്മെന്റുകളെ ഉത്കണ്ഠാഭരിതരാക്കിയിരിക്കുന്നു. സ്കൂളിൽ പിരിയുന്ന ഫീസിന്റെ എൺപതുശതമാനം ഗവൺമെന്റു ട്രഷറിയിൽ അടയ്ക്കണമെന്നും അധ്യാപകന്മാർക്ക് ഗവൺമെന്റു ശമ്പളം കൊടുത്തുകൊള്ളാം എന്നുമാണ് പ്ലാൻ. അതുതന്നെയുമല്ല, സ്കൂളിലെ ഹെഡ്മാസ്റ്ററെയും അദ്ധ്യാപകരെയും ഗവൺമെന്റു തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽ നിന്ന് ഒരു സെലക്ഷൻ ബോർഡിന്റെ സഹായത്തോടുകൂടെ മാനേജർമാർ തിരഞ്ഞെടുത്തു നിയമിച്ചുകൊ ള്ളണം. ഈ പദ്ധതിയെ ശക്തിയായി എതിർത്തുകൊണ്ട് മാനേജർ മാരുടെ ഒരു ഡെപ്യൂട്ടേഷനും തിരുവനന്തപുരം ആർച്ചുബിഷപ്പും പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവനകളെ ഒരുവിധത്തിലും അക്രമമെന്നോ അതിശയോക്തിപരമെന്നോ ലേബലടിക്കുവാൻ സാദ്ധ്യമല്ല. കഴിഞ്ഞ കാലങ്ങളിൽ വിദ്യാഭ്യാസരംഗത്ത് അവർക്കുണ്ടാ യിട്ടുള്ള നേട്ടങ്ങളെയും ഭാവിയിൽ അവർ നേരിടേണ്ടുന്ന മഹത്തായ കർത്തവ്യങ്ങളെയും പറ്റി പൂർണ്ണബോദ്ധ്യത്തോടുകൂടെത്തന്നെയാണ് അവർ വാദിക്കുന്നത്.

തിരുവിതാംകൂർ - കൊച്ചി സംസ്ഥാനത്തെ വിദ്യാഭ്യാസ പുരോഗതിക്ക് മുഖ്യകാരണക്കാർ ക്രിസ്ത്യാനികളും മറ്റു പ്രൈവറ്റ്

ഏജൻസികളുമാണ്. അവരാണ് ഇന്ത്യയിലെ ഏറ്റവും വിദ്യാസമ്പന്നങ്ങളായ സ്റ്റേറ്റുകളെന്ന പദവിയിലേക്ക് തിരുവിതാം കൂറിനെയും കൊച്ചിയെയും ഉയർത്തിയത്. ഈ രണ്ടു സ്റ്റേറ്റുകളിലെയും ആധുനികവിദ്യാഭ്യാസത്തിന്റെ പ്രണേതാക്കൾ ക്രിസ്ത്യൻമിഷ്യനറിമാരാണ്. തിരുവിതാംകൂറിൽ ആദ്യമായി രണ്ട് ഇംഗ്ലീഷ് വിദ്യാലയങ്ങൾ ഒന്നു കോട്ടയത്തും ഒന്നു നാഗർകോവിലിലും സ്ഥാപിച്ചതു ക്രിസ്ത്യൻമിഷനറിമാരാണ്. അത് 1816-ാമാണ്ടിലായിരുന്നു. പിന്നീട് 18 സംവത്സരം കഴിഞ്ഞാണ് തിരുവിതാംകൂറിൽ സർക്കാർ വകയായി ഇംഗ്ലീഷ് സ്കൂൾ ഉണ്ടായിത്തുടങ്ങിയത്. നാടുവാഴികളുടെയും ഭരണകൂടത്തിന്റെയും സഹായത്തോടുകൂടെ മിഷ്യനറിമാരുടെ വിദ്യാലയങ്ങൾ അതിശീഘ്രം പുരോഗമിച്ചു. അന്ന് അവർക്ക് ലഭിച്ചിരുന്ന സ്വാതന്ത്ര്യം ആദർശ സമന്വിതമായ വിദ്യയും ജ്ഞാനവും വിതരണം ചെയ്യുന്നതിന് അവരെ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു....

പ്രൈവറ്റ് മാനേജ്മെന്റുസ്കൂളുകളുടെ പ്രവർത്തനം സർക്കാരിന് എത്രമാത്രം ഉപകാരപ്രദമാണെന്നുള്ളതിന് ഒരുദാഹരണമാണ് തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷനായ മാർ ഈവാനിയോസ് തന്റെ പ്രസ്താവനയിൽ ഇപ്രകാരം ചൂണ്ടിക്കാണിക്കുന്നു. "സ്കൂളുകൾ സ്ഥാപിച്ചു നടത്തിക്കൊണ്ടു പോകുന്നതിന് നാം വളരെ പണം ചെലവാക്കിയിട്ടുണ്ട്. യാതൊരു വിധ ലാഭേച്ഛയുമില്ലാത്ത ഈ സംരംഭത്തിൽ ഗവൺമെന്റ് ഗ്രാന്റോ പബ്ലിക് സംഭാവനയോ ആവശ്യപ്പെട്ടിട്ടില്ല. ആയതിന് ആവശ്യമായ പണം മുഴുവൻ അന്യരാജ്യങ്ങളിലുള്ള കത്തോലിക്കർ നല്കിയിട്ടുള്ളതാണ്."

എവിടെയും നല്ല സ്കൂളുകളുടെ ആവശ്യം കൂടിക്കൊണ്ടാണിരിക്കുന്നത്. വിദ്യാഭ്യാസം കൂടുതൽ വിസ്തൃതമായ തോതിൽ പ്രചരിപ്പിക്കുന്നതിന് പ്രൈവറ്റ് ഏജൻസികൾക്ക് നിർല്ലോഭമായ പ്രോത്സാഹനം ചെയ്യുകയാണ് വേണ്ടത്. സ്കൂൾ നടത്തുന്നതിന് അവർക്കുള്ള സ്വാത ന്ത്ര്യത്തെ അപഹരിക്കരുത്. എന്നാൽ പ്രൈവറ്റു മാനേജ്മെന്റുകളുടെ മേൽ ദുർവ്വഹങ്ങളായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് തിരു - കൊച്ചി മന്ത്രിസഭ ശ്രമിക്കുന്നത്. സർക്കാരിന്റെ ഇപ്പോഴത്തെ പദ്ധതി പ്രൈവറ്റ് വിദ്യാഭ്യാസ പ്രവർത്തന താല്പര്യത്തെ നിഹനിക്കുകയും ചെയ്യുന്നതാണ്. ഏകയോഗക്ഷേമമായി അനുസരണയിലും ആത്മാർത്ഥതയിലും ജോലി ചെയ്യുന്നതിന് തക്ക അദ്ധ്യാപികാദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തുകൊണ്ട് സുഗമവും കാര്യക്ഷമവുമായ രീതിയിൽ സ്കൂൾ നടത്തിക്കൊണ്ടു

പോകുന്നതിന് മാനേജ്മെന്റിനുണ്ടായ അവകാശവും സ്വാതന്ത്ര്യവും ഈ പദ്ധതി മൂലം ഇല്ലാതാകുന്നു.

"ഹെഡ്മാസ്റ്റർമാരെയും, അധ്യാപകരെയും നിയമിക്കുന്നതിന് മാനേജർമാർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കണം. തങ്ങളുടെ സ്കൂളുകളുടെ വ്യക്തിത്വവും ആദർശവും നിലനിർത്തിപ്പോരുന്നതിന് ഈ സ്വാതന്ത്ര്യം കൂടിയേ തീരൂ." എന്നിപ്രകാരമാണ് തിരുവനന്തപുരം മെത്രാപ്പോലീത്താ തുടർന്ന് പ്രസ്താവിക്കുന്നത്. തിരുമേനിയുടെ അഭിപ്രായം തന്നെയാണ് മറ്റുള്ള മാനേജർമാർക്കും ഉള്ളത്. സർക്കാർ അധികാരികളാൽ തിരഞ്ഞെടുക്കുന്ന അധ്യാപകർ തങ്ങളുടെ വിദ്യാലയങ്ങളുടെ പാരമ്പര്യവും ആദർശവും പാലിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതല്ല. അങ്ങനെയുള്ള അധ്യാപകർ തങ്ങളെ നിയമിച്ച ഗവൺമെന്റിനോടുള്ള കൂറുകൊണ്ട് അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ ആദർശങ്ങളെ പ്രചരിപ്പിക്കുവാനേ ശ്രമിക്കുകയുള്ളൂ. തങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപകരിൽ അച്ചടക്കം പരിപാലിക്കുവാൻ പോലും മാനേജർമാർക്കു സാധിക്കാതെ വരും. ഗവൺമെന്റിന്റെ വിദ്യാഭ്യാസനയമനുസരിച്ചുള്ള യോഗ്യതകളോടു കൂടിയ അധ്യാപകരെ മാനേജർമാർ നിയമിക്കുന്നിടത്തോളം കാലം പുറമേയുള്ള ഒരു ഉദ്യോഗസ്ഥനോ, ഒരു അർദ്ധ ഔദ്യോഗിക സമിതിയോ നല്കുന്ന ലിസ്റ്റനുസരിച്ച് എയിഡഡ് സ്കൂളുകളിലെ അധ്യാപകരെ നിയമിക്കണമെന്ന് ഗവൺമെന്റ് ശാഠ്യം പിടിക്കുന്നത് അനാവശ്യവും ഉപദ്രവകരവുമാകുന്നു. ഗവൺമെന്റ് ഗ്രാന്റു സ്കൂളുകൾക്കു കൊടുക്കുന്നതുകൊണ്ട് ഗവൺമെന്റ് നൽകുന്ന പട്ടികയിൽ നിന്നു മാത്രമേ അധ്യാപകരെ നിയമിക്കാവൂ എന്ന അവകാശവാദം സ്വീകാര്യമല്ല. കാരണം, ഗ്രാന്റ് ഇൻ എയ്ഡ് കോഡിൻ പ്രകാരം ഗവൺമെന്റിനു സ്കൂളുകളുടെ മേൽ വേണ്ടുവോളം നിയന്ത്രണമുണ്ട്. ഇപ്പോഴുള്ള റൂളുകൾ കാര്യക്ഷമമായി പാലിക്കപ്പെട്ടാൽ ഒരു സ്കൂളിലും ക്രമക്കേടുകൾ ഉണ്ടാവുകയില്ല.

(മദ്രാസ് മെയിൽ 1950 ഒക്ടോബർ 11)

## ആർച്ചുബിഷപ്പിന്റെ ഇടയലേഖനം

ഇതേ തുടർന്ന് തിരുവനന്തപുരം അതിരൂപതയിലുള്ള എല്ലാ പള്ളികളിലും വായിക്കുന്നതിനുവേണ്ടി കഥാപുരുഷൻ ഒരു ഇടയ ലേഖനം അയച്ചുകൊടുക്കുകയുണ്ടായി. അതിലെ ചില ഭാഗങ്ങളാണ് താഴെ ഉദ്ധരിക്കുന്നത്.

കർത്താവിൽ പ്രിയരേ,

നമ്മുടെ അതിരൂപതയിൽ വിദ്യാലയങ്ങൾ സ്ഥാപിച്ച് നമ്മുടെ സമുദായത്തിൽപ്പെട്ടവരും അല്ലാത്തവരുമായ ബാലികാബാലകന്മാർക്ക് വിദ്യാസമ്പാദനസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനു ശക്തിക്ക് അപ്പുറമായി നാം പരിശ്രമിച്ചുവരുകയാണെന്നുള്ള വിവരം നിങ്ങൾക്കേവർക്കും അറിവുള്ളതാണല്ലോ. നമ്മുടെ സഭയിൽപ്പെട്ട കുട്ടികൾക്ക് വിശ്വാസസംബന്ധമായ പരിജ്ഞാനവും എല്ലാ കുട്ടികൾക്കും സ്വഭാവ സംസ്കാരത്തിലും ആദർശപരമായ പൗരധർമ്മബോധനത്തിലും അധിഷ്ഠിതമായ സാമാന്യ വിദ്യാഭ്യാസവും ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്തിലാണ് ഈ വിദ്യാലയങ്ങൾ സ്ഥാപിച്ച് നടത്തിപ്പോരുന്നത്. "നിങ്ങൾ ഭൂമിയിലെല്ലായിടത്തും പോയി സർവ്വജനത്തെയും പഠിപ്പിക്കണ്"മെന്ന് നമ്മുടെ കർത്താവീശോമിശിഹാ സ്വർഗ്ഗാരോഹണവേളയിൽ നല്കിയിട്ടുള്ള ആജ്ഞ അനുസരിച്ചാണ് കത്തോലിക്കാസഭ ലോകമാസകലം വിദ്യാഭ്യാസപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നത്. സഭയുടെ ആദർശമനുസരിച്ചുതന്നെ വിദ്യാലയ പ്രവർത്തനം തുടർന്നുപോകുവാൻ വിഘ്നാതമുണ്ടാക്കുന്ന ഒരു പദ്ധതി പ്രൈവറ്റ് സെക്കണ്ടറി സ്കൂളുകൾ സംബന്ധിച്ച് ഇപ്പോഴത്തെ തിരുവിതാംകൂർ - കൊച്ചി ഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്നു....

വളരെ വൈകിയിട്ടെങ്കിലും ഗവൺമെന്റിനു ധർമ്മബോധമുണ്ടായി അദ്ധ്യാപകാവശതകൾ പരിഹരിക്കാൻ മുതിർന്നു കാണുന്നത് ചാരിതാർത്ഥ്യജനകമാണ്. എന്നാൽ ഇതിലേക്കു വേണ്ടി കൊണ്ടുവന്നിട്ടുള്ള നൂതനപദ്ധതി പ്രൈവറ്റു വിദ്യാലയങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനത്തിൽ കൈ കടത്തുന്നതിനുള്ള ഉപാധികൾ അടുങ്ങുന്നതാണെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. നിശ്ചിതസ്കെയിൽ അനുസരിച്ച് ശമ്പളം കൊടുക്കുവാൻ ഫീസ് പിരിവു കഴിഞ്ഞു വരുന്ന തുക ഓരോ സ്കൂളിനും ഗ്രാന്റ് നൽകുവാനുള്ള വ്യവസ്ഥ ഉണ്ടാക്കുകയാണ് സാധാരണഗതിയിൽ ഗവൺമെന്റ് ചെയ്യേണ്ടിയിരിക്കുന്നത്. അതിനു പകരം ഈ പദ്ധതി ആവശ്യപ്പെടുന്നത് സ്കൂൾഫീസ് സർക്കാരിനെ ഏല്പിക്കണമെന്നതാണ്. ഇപ്രകാരം ഒരു അസാധാരണചട്ടം ഈ സംസ്ഥാനത്ത് പ്രത്യേകമായി നടപ്പിലാക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ച മനോഭാവം നമുക്ക് ആശങ്കയും അത്ഭുതവും ഉളവാക്കുന്നു. അധ്യാപകാവശതകൾ പരിഹരിക്കുന്നതോടുകൂടെ പ്രൈവറ്റുവിദ്യാലയങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കത്തക്ക വ്യവസ്ഥകൾ കൂടെ ഈ പദ്ധതിയിൽ കൂട്ടിച്ചേർത്തിരിക്കുന്നു....

വിദ്യാലയബഹിഷ്ക്കരണത്തിന് ആഹ്വാനമുണ്ടായിരുന്നിട്ടും നമ്മുടെ മാനേജ്മെന്റിലുള്ള മിക്ക സ്കൂളുകളും അധ്യാപക സഹകരണംകൊണ്ട് നിർവിഘ്നം നടന്നുപോരുന്നു എന്നുള്ളത് നമുക്ക് ആശ്വാസകരമാണ്. ആ അദ്ധ്യാപകർ പ്രദർശിപ്പിച്ച ആത്മസംയമന ത്തോടുകൂടിയ ഉത്തരവാദിത്വബോധത്തെ നാം ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. രണ്ടുമൂന്നു സ്കൂളുകളിലെ അധ്യാപകർ വിദ്യാലയ ബഹിഷ്കരണനടപടിയിൽ പങ്കെടുക്കുകയുണ്ടായെന്നും തന്മൂലം ആ സ്കൂളുകളിൽ അദ്ധ്യയനംമുടങ്ങാൻ ഇടയായെന്നും നാം അറിയു ന്നുണ്ട്. അവിടെയും ചുമതലാബോധത്തോടുകൂടി വർത്തിച്ച അധ്യാ പകർ ഉണ്ടായിരുന്നു എന്നുള്ളത് നമുക്ക് വളരെ ചാരിതാർത്ഥ്യജനക മാണ്. ഈ പദ്ധതിയുടെ പരിണതഫലമെന്നോണം നമ്മുടെ പ്രിയപ്പെട്ട രണ്ടുമൂന്നു വിദ്യാലയങ്ങൾ പ്രവർത്തനരഹിതമായിത്തീർന്നിട്ടു ണ്ടെന്നും ഖേദപൂർവ്വം നാം പ്രസ്താവിക്കുന്നു.

ക്രിസ്തുവിൽ നാമെല്ലാവരും ഒരു കുടുംബമായിരിക്കുന്നതു പോലെ ക്രിസ്തീയവിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്ന മാനേജർ മാരും അധ്യാപകന്മാരും കുട്ടികളും ഏകയോഗമായി വർത്തിക്കുന്ന ധാർമ്മികബന്ധത്തിലാണ് ഇതേവരെ കഴിഞ്ഞിരുന്നത്. എന്നാൽ അടുത്ത കാലത്ത് ഇതിൽ നിന്നും ഭിന്നമായ ആദർശങ്ങൾ കടന്നുകൂടു കയും മാനേജർമാരിൽ നിന്നും അധ്യാപകർ അകറ്റപ്പെടുകയും മാനേജർമാർ അധ്യാപകരുടെ ശത്രുക്കളാണെന്നുള്ള ഭാവത്തിൽ ഒരു കൃത്രിമാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. വിദ്യാലയങ്ങൾക്ക് ഇതിലപ്പുറമായ ഒരധഃപതനം വരുത്തിവെക്കുവാനില്ല.

അധ്യാപകർക്ക് ഉടനടി ലഭിക്കാവുന്ന ചില ആനുകൂല്യങ്ങളെ പരിഗണിച്ച് കഴിവുള്ളിടത്തോളം ഗവൺമെന്റുമായി സഹകരിച്ചു പോകണമെന്നുള്ള ഉദ്ദേശ്യത്തിൽ തിരു-കൊച്ചി സംസ്ഥാനത്തിലെ വൈദികമേലദ്ധ്യക്ഷന്മാരുടെ പൂർണ്ണയോഗം നവംബർ 10- നു കൂടി ചില ഒത്തുതീർപ്പുവ്യവസ്ഥകൾ നിർദ്ദേശിച്ചു. എന്നാൽ വൈദിക മേലദ്ധ്യക്ഷന്മാരുടെ ഒത്തുതീർപ്പുനിർദ്ദേശം സ്വീകരിക്കാൻ ഗവൺ മെന്റു തയ്യാറായില്ലെന്നു വ്യക്തമാക്കുന്ന ഒരു മറുപടിയാണ് ബഹുമാന പ്പെട്ട മന്ത്രിയിൽ നിന്നും അറിയാൻ ഇടയായത്. അതുകൊണ്ട് ഈ പദ്ധതിയെ പൂർണ്ണമായിത്തന്നെ നിരാകരിക്കാതെ ഗത്യന്തരമില്ലെന്നു വന്നിരിക്കുന്നു. നമ്മുടെ സ്കൂളുകളുടെ ന്യായമായ അവകാശങ്ങൾ സാധിച്ചെങ്കിൽ മാത്രമേ സ്കൂളുകൾ നിലനില്ക്കുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുകയുള്ളു.

ഈ സന്ദർഭത്തിൽ നമ്മുടെ സ്നേഹഭാജനങ്ങളായ നിങ്ങളോട് നമുക്ക് ഉപദേശിക്കാനുള്ളത് തിരുസഭ ദൈവാലയങ്ങളെയും വിദ്യാലയങ്ങളെയും പരിപാവനസ്ഥാപനങ്ങളായി കരുതുന്നതു കൊണ്ടും തിരുസഭയുടെ ആദർശങ്ങൾക്ക് അനുസരണമായി വിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോകേണ്ടത് ആവശ്യമാകയാലും നമ്മുടെ വിദ്യാലയങ്ങളെ പരിരക്ഷിക്കേണ്ട ചുമതല തിരുസഭയുടെ ശരീരത്തിലെ അംഗങ്ങളായ നിങ്ങൾ ഓരോരുത്തർക്കും ഉണ്ടെന്നുള്ളതാണ്. ഈ പദ്ധതിയുടെ ദൂഷ്യഭാഗങ്ങൾ പരിഹരിച്ചു കിട്ടുന്നതിന് വ്യവസ്ഥാപിതമാർഗ്ഗങ്ങളിൽക്കൂടെ ഗവൺമെന്റിനെ സമീപിക്കുകയും പ്രൈവറ്റ് സ്കൂൾ അധ്യാപകർക്ക് പുതിയ സ്കെയിൽ അനുസരിച്ചുള്ള ശമ്പളമെങ്കിലും കൊടുക്കുന്നതിന് വേണ്ടിവരുന്ന ഗ്രാന്റ് ഓരോ സ്കൂളിനും നല്കുവാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുകയും ചെയ്യണം.

മനുഷ്യഹൃദയങ്ങളെ നിയന്ത്രിക്കുന്ന ദൈവത്തിന്റെ വ്യാപാരം ഭരണാധികാരികളിൽ ഉണ്ടാകുന്നതിനും നമ്മുടെ നില ശരിയാംവണ്ണം മനസ്സിലാക്കി നീതിപരവും അനുകമ്പാപൂർവ്വകവുമായ തീരുമാനത്തിൽ അവർ എത്തിച്ചേരുന്നതിനും ദൈവത്തിന്റെ പ്രത്യേകമായ സഹായം ഉണ്ടാകുവാൻ നിങ്ങൾ എല്ലാവരും, ഈ പ്രശ്നത്തിന് തീരുമാനം ഉണ്ടാകുന്നതുവരെ, എല്ലാ ദിവസവും വിനയത്തോടെ ദൈവത്തോടു പ്രാർത്ഥിക്കണമെന്ന് നാം ഗുണദോഷിക്കുന്നു.

ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരിലും ഉണ്ടായിരിക്കട്ടെ.

തിരുവനന്തപുരം                തിരുവനന്തപുരം ആർച്ചുബിഷപ്പ്
അതിമെത്രാസന അരമന                മാർ ഈവാനിയോസ്
1 - 12 - 1950

മേൽച്ചേർത്ത ഇടയലേഖനത്തെ അനുകൂലിച്ചും ആർച്ചുബിഷപ്പിനെ ഇക്കാര്യത്തിൽ സ്തുതിച്ചുകൊണ്ടും തിരുവനന്തപുരത്തുനിന്നും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന "കോൺഗ്രസ്സ് യുഗം" എന്ന പത്രം എഴുതിയിരുന്ന മുഖപ്രസംഗമാണ് ഇനിയും ഉദ്ധരിക്കുന്നത്.

"പുതിയ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതിയെ സംബന്ധിച്ച് തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി പുറപ്പെടുവിച്ച ഇടയലേഖനം അന്യത്ര പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിലേക്ക് ഞങ്ങൾ ഗവൺമെന്റിന്റെയും ജനങ്ങളുടെയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. "വളരെ വൈകിയിട്ടെങ്കിലും ഗവൺമെന്റിനു

ധർമ്മബോധമുണ്ടായി അദ്ധ്യാപകാവശതകൾ പരിഹരിക്കുവാൻ മുതിർന്നു കാണുന്നത് ചാരിതാർത്ഥ്യജനകമാണ്" എന്നു പ്രസ്താവിച്ചു കൊണ്ട് നിർദ്ദിഷ്ടപദ്ധതി പ്രൈവറ്റു വിദ്യാലയങ്ങളുടെ സുഗമമായ നടത്തിപ്പിനു ഹാനികരമായിരിക്കുമെന്നു ചൂണ്ടിക്കാണിക്കുകയും പദ്ധതിയിലെ ദൂഷ്യഭാഗങ്ങളെന്നു കരുതപ്പെടുന്നവ പരിഹരിക്കുന്ന തിനു വ്യവസ്ഥാപിത മാർഗ്ഗത്തിൽക്കൂടെ പരിശ്രമം നടത്തുവാൻ 'തിരുസഭ'യിലെ അംഗങ്ങളെ ആഹ്വാനം ചെയ്യുകയുമാണ് തിരുമേനി ചെയ്തിരിക്കുന്നത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് ഇന്നുവരെ പരിപൂർണ്ണമായ പിന്തുണ നല്കിക്കൊണ്ടിരിക്കുന്ന ഒരു വ്യക്തിയാണ് മാർ ഈവാനിയോസ് തിരുമേനി. വിദ്യാലയങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച് തികഞ്ഞ പ്രായോഗികപരിജ്ഞാനം സിദ്ധിച്ചിട്ടുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക് അർഹമായ പരിഗണന നല്കേണ്ട താണ്. പുതിയ പദ്ധതിയുടെ ഗുണദോഷങ്ങൾ എന്തുതന്നെ ആയിരു ന്നാലും ത്രികക്ഷിസമ്മേളനത്തിൽ അതിന്റെ വിശദവിവരങ്ങൾ നല്കാതെയാണ് മാനേജ്മെന്റ് പ്രതിനിധികളുടെ സമ്മതം നേടിയ തെന്ന ആരോപണം ഗവൺമെന്റുകക്ഷിയിൽപ്പെട്ട അംഗങ്ങളിൽ നിന്നു പോലും പുറപ്പെട്ടിട്ടുള്ളതാണ്. ഈ ഇടയലേഖനത്തിലും അതു സൂചിതമായിട്ടുണ്ട്. ഒരുപക്ഷേ, അനാശാസ്യമായ പല വാദപ്രതിവാദ ങ്ങൾക്കും സന്ദർഭം ഉണ്ടാക്കിയതും സൗകര്യം അനുവദിച്ചതും ആ ഒരു കാരണം തന്നെ ആയിരിക്കാം. സെക്കണ്ടറി വിദ്യാലയങ്ങൾ മുഴുവൻ ഏറ്റെടുത്ത് നടത്തത്തക്ക ധനസ്ഥിതി ഇന്നത്തെ ഗവൺ മെന്റിന് ഇല്ല. ആ സ്ഥിതിക്ക് പ്രൈവറ്റു വിദ്യാലയങ്ങൾ മുഖാന്തരം സംസ്ഥാനത്തെ വിദ്യാഭ്യാസപുരോഗതിക്ക് സാരമായ സംഭാവന ചെയ്തിട്ടുള്ള ഏജൻസികളെ നിരുത്സാഹപ്പെടുത്തുന്ന നടപടികൾ ബുദ്ധിപൂർവ്വകവും അഭിലഷണീയവുമായിരിക്കയില്ല. ആകയാൽ ഗവൺമെന്റു പ്രഖ്യാപനം ചെയ്തു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന പദ്ധതിയുടെ സാരാംശത്തിൽ നിന്നു വ്യതിചലിക്കാതെ വേണ്ട നീക്കുപോക്കുകൾ നടത്തുന്ന കാര്യം ഇനിയും ഗവൺമെന്റിനു ആലോചിച്ചു കൂടാത്തതല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം."

(കോൺഗ്രസ്സ് യുഗം 1136 - വൃശ്ചികം 26)

## നഷ്ടപ്പെട്ട സ്കൂളുകൾ

പനമ്പള്ളിപ്പദ്ധതി പരിപൂർണ്ണമായും നടപ്പിൽ വരുത്തണമെന്നു ശഠിച്ചുകൊണ്ട് ആർച്ചുബിഷപ്പിന്റെ മാനേജ്മെന്റിലുള്ള ഏതാനും

സ്കൂളുകളിലെ അദ്ധ്യാപകരും അവരോടനുകൂലിച്ച് അപൂർവ്വം വിദ്യാർത്ഥികളും പണിമുടക്കും പഠിപ്പുമുടക്കും ബഹളവും നടത്തുന്നതിനു സന്നദ്ധരായി. തന്റെ കീഴിലുള്ള സ്കൂളുകളെല്ലാം നഷ്ടപ്പെടേണ്ടി വന്നാലും "പനമ്പള്ളി പദ്ധതി" പൂർണ്ണമായി സമ്മതിച്ചു കൊടുക്കുകയില്ലെന്നുള്ള ദൃഢചിത്തതയോടു ആർച്ച്ബിഷപ്പും നിലകൊണ്ടു. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയം സ്ട്രൈക്കുനിമിത്തം ഏതാനും മാസത്തേക്ക് സ്കൂളുകൾ അടച്ചിടുകയുണ്ടായി. എങ്കിലും ഉദ്ദിഷ്ടഫലം സിദ്ധിക്കായ്കയാൽ തന്റെ മാനേജ്മെന്റിലുള്ള മൂന്ന് സ്കൂളുകൾ നിറുത്തൽ ചെയ്തിരിക്കുന്നു എന്നു കാണിച്ചുകൊണ്ട് ആർച്ചുബിഷപ്പ് ഗവൺമെന്റിലേക്ക് എഴുതി അയച്ചു. മാവേലിക്കരയ്ക്കു സമീപമുള്ള ഈരേഴ ഇംഗ്ലീഷ് മിഡിൽസ്കൂൾ, തിരുവനന്തപുരത്ത് നേമം മിഡിൽ സ്കൂൾ, തെക്കൻ തിരുവിതാംകൂറിലെ നെല്ലിമൂടു ഇംഗ്ലീഷ് ഹൈസ്കൂൾ എന്നിവയായിരുന്നു പ്രസ്തുത സ്കൂളുകൾ. തുടർന്ന് ഈരേഴ സ്കൂൾവക കെട്ടിടങ്ങളും സ്ഥലവും ഒരനാഥശാലയും മഠവും സ്ഥാപിക്കുന്നതിനു ബഥനി സന്ന്യാസിനീസമൂഹാംഗങ്ങളെ ആർച്ചുബിഷപ്പ് ഭരമേല്പിച്ചു. എന്നാൽ നേമം സ്കൂളും സ്ഥലവും വിലയ്ക്ക് വില്ക്കുകയാണ് ചെയ്തത്. നെല്ലിമൂടു ഹൈസ്കൂളാകട്ടെ, പനമ്പള്ളിഗവൺമെന്റിനുശേഷം വന്ന ഗവൺമെന്റിൽ നിന്നും ഒരു ഗേൾസ് ഹൈസ്കൂൾ നടത്തുന്നതിനുള്ള അനുവാദനം വാങ്ങി മാർത്താണ്ഡം "ഡോട്ടേഴ്സ് ഓഫ് മേരി" എന്ന സന്ന്യാസിനീസമൂഹത്തിനു നല്കുകയും ചെയ്തു.

## ഒത്തുതീർപ്പ് വ്യവസ്ഥകൾ

തിരു - കൊച്ചിയിൽ താൻ ആവിഷ്ക്കരിച്ച വിദ്യാഭ്യാസപദ്ധതിയിൽ നിന്നും അണുമാത്രം വ്യതിചലിക്കയില്ല എന്നു പല സ്ഥലങ്ങളിലും വച്ച് പനമ്പള്ളി പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ഈദൃശപ്രസ്താവനയെപ്പറ്റി "മലയാളമനോരമ"യിൽ ചേർത്തിരുന്നത് ഇപ്രകാരമായിരുന്നു.

"ഏതെല്ലാം ശക്തികൾ എതിർത്താലും ഇപ്പോൾ ആസൂത്രണം ചെയ്തിരിക്കുന്ന സെക്കണ്ടറിസ്കൂളുകൾ വിദ്യാഭ്യാസപദ്ധതി നടപ്പിൽ വരുത്തുകതന്നെ ചെയ്യുമെന്ന് മന്ത്രി ശ്രീ പനമ്പള്ളി ഗോവിന്ദ മേനോനുമായി നടത്തിയ അഭിമുഖസംഭാഷണമദ്ധ്യേ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന പദ്ധതിയിക്ക് പൊതുജനങ്ങളുടെ ആത്മാർത്ഥമായ പിന്തുണയുണ്ടെന്നു താൻ വിശ്വസിക്കുന്നതായും

ചില തല്പരകക്ഷികൾ മാത്രമാണ് ഈ പദ്ധതിയെ എതിർക്കുന്നതെന്ന് താൻ കരുതുന്നതായും അദ്ദേഹം പ്രസ്താവിച്ചു.''

(മലയാളമനോരമ 1950 ഒക്ടോബർ 11)

തുടർന്ന് പ്രൈവറ്റ്സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളും ഗവൺമെന്റ് പ്രതിനിധികളുമായി നടത്തിയ പല ഒത്തുതീർപ്പു പരിശ്രമങ്ങളും പരാജയത്തിൽ കലാശിക്കയാണുണ്ടായത്. അവസാനം തന്റെ പദ്ധതിയിലെ ചില വ്യവസ്ഥകൾ നീക്കം ചെയ്യുന്നതിന് ബുദ്ധിമാനായ ശ്രീ. പനമ്പള്ളി സമ്മതിക്കുക തന്നെ ചെയ്തു. ഫീസു പിരിവിൽ നിന്നും ഗവൺമെന്റിൽ കെട്ടിവയ്ക്കേണ്ട എൺപതു ശതമാനം മാനേജ്മെന്റ് ഗവൺമെന്റിനു നൽകുന്ന Share (ഓഹരി) ആയിട്ടല്ല, പിന്നെയോ Contribution (സംഭാവന) ആയി പരിഗണിക്കപ്പെടുന്നതാണ്. മാനേജ്മെന്റിന് അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനുള്ള പരിപൂർണ്ണമായ അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത നിയമനം സാമുദായികപ്രാതിനിധ്യം അനുസരിച്ചുവേണമെന്നില്ല. എന്നിങ്ങനെ മൂന്നു വ്യവസ്ഥകൾ സമ്മതിക്കുന്നതിനു പനമ്പള്ളി മന്ത്രി സന്നദ്ധത പ്രകടിപ്പിച്ചു. അങ്ങനെ നമ്മുടെ കഥാപുരുഷന്റെ ബുദ്ധികൂർമ്മതയും ദൃഢചിത്തതയും അവിശ്രമപരിശ്രമവും അവസാനം വിജയത്തിലെത്തിച്ചേരുകയും ചെയ്തു.

# അദ്ധ്യായം 54

# മൂന്നുസന്ന്യാസസമൂഹങ്ങൾ

## ഉത്ഭവവും ചരിത്രവും

തന്റെ ആയുഷ്ക്കാലത്ത് മൂന്നു സന്ന്യാസസമൂഹങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ പുരോഗതിക്കുവേണ്ടി കഴിയുന്നത്ര പ്രവർത്തിക്കുന്നതിനും നമ്മുടെ കഥാപുരുഷനു സാധിച്ചിട്ടുണ്ട്. പ്രസ്തുത സമൂഹങ്ങൾ ഓരോന്നിന്റെയും ഉത്ഭവം, വളർച്ച, ആധുനികസ്ഥിതി എന്നിവയെപ്പറ്റി ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നു. എന്നാൽ അതിനുമുമ്പ് കത്തോലിക്കാസഭയിലെ സന്ന്യാസ സമൂഹങ്ങളെപ്പറ്റി പൊതുവെയും അവയുടെ പ്രവർത്തനങ്ങളെപ്പറ്റി സമഗ്രമായും ചില കാര്യങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു.

### സന്ന്യാസസമൂഹങ്ങൾ

അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതത്രയങ്ങൾ പരിപാലിച്ചുകൊണ്ടും സ്വയവിശുദ്ധീകരണത്തിനു അവശ്യംവേണ്ട ആദ്ധ്യാത്മികമാർഗ്ഗങ്ങൾ സ്വീകരിച്ചുകൊണ്ടും പരോപകാരപ്രദങ്ങളായ നിരവധി സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചുകൊണ്ടും അനേകലക്ഷം സന്ന്യാസികളും സന്ന്യാസിനികളും ഇന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലുമായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. നിഃസ്വാർത്ഥവും അശ്രാന്തവും പരസ്നേഹപരവുമായ ഇവരുടെ സേവനങ്ങൾ ജാതിമതഭേദമെന്യേ ലോകത്തിലുള്ള സകലരുടെയും മുക്തകണ്ഠമായ

പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുണ്ട്; പാത്രീഭവിക്കുന്നുമുണ്ട്. ഈ സന്ന്യാസസമൂഹങ്ങൾ വൈദികർക്കുള്ള വിഭാഗം (Priest hood), സ്ത്രീകൾക്കുള്ള വിഭാഗം (Sisterhood), അവൈദികപുരുഷന്മാർക്കുള്ള വിഭാഗം (Brother hood) എന്നിങ്ങനെ മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും മനുഷ്യരാശിയുടെ ഉന്നമനവും ലക്ഷ്യമാക്കിയുള്ള വിവിധ പ്രവർത്തനങ്ങളിലത്രേ ഇവർ അനുദിനം വ്യാപൃതരായിരിക്കുന്നത്.

ക്രൈസ്തവസഭയുടെ ആദിമകാലത്ത് നിലവിലിരുന്ന സന്ന്യാസ ജീവിതാനുഷ്ഠാനത്തിലും ക്രമീകരണത്തിലും ജീവിതരീതികളിലും നിന്ന് കാര്യമായ ചില വ്യതിചലനങ്ങൾ പില്ക്കാലത്ത് നടപ്പിൽ വന്നിട്ടുണ്ട്. പ്രാർത്ഥനയിലും ധ്യാനത്തിലും തപശ്ചര്യയിലും മാത്രം നിമഗ്നരായി മരുഭൂമികളിലും ഗുഹകളിലും ഏകാന്തജീവിതം നയിച്ചിരുന്ന അനേകസഹസ്രം സന്ന്യാസികൾ ആദ്യകാലത്ത് സഭയിലുണ്ടായിരുന്നു. എന്നാൽ താദൃശസന്ന്യാസ ജീവിതം പ്രായോഗിക രംഗത്തു പരാജയമടഞ്ഞതുനിമിത്തം സന്ന്യാസികൾ സമൂഹമായി താമസിക്കുന്ന ഏർപ്പാട് പില്ക്കാലത്ത് നടപ്പിൽ വരുകയാണുണ്ടായത്. അപ്രകാരം തന്നെ ആശ്രമഭിത്തികൾക്കുള്ളിൽ മാത്രം ആയുഷ്പര്യന്ത്യം ജീവിതം നയിച്ചിരുന്ന ധ്യാനനിരതമായ സമൂഹങ്ങൾ (Contemplative Orders) ബഹുജനങ്ങളുടെ ഇടയിലേക്കു കടന്നു പ്രേഷിത വേലയും ഇതരസാമൂഹ്യപ്രവർത്തനങ്ങളും നടത്തുന്ന കർമ്മനിരതമായ സമൂഹങ്ങൾ (Active Orders) ആയി പിന്നീട് രൂപാന്തരം പ്രാപിക്കുകയും ചെയ്തിട്ടുണ്ട്. ധ്യാനനിരതമായ സമൂഹങ്ങൾ ഇപ്പോഴും കത്തോലിക്കാസഭയിൽ നിലവിലുണ്ടെങ്കിലും അവയുടെ സംഖ്യ അംഗുലീപരിമിതമാണെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

## സ്ഥിതിവിവരക്കണക്ക്

ലോകത്തിന്റെ നാനാഭാഗങ്ങളിലായി വേല ചെയ്തുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട കത്തോലിക്കാസന്ന്യാസമൂഹങ്ങളുടെ (പുരുഷവിഭാഗം) അംഗസംഖ്യയും അവർ ജോലി ചെയ്യുന്ന രാജ്യങ്ങളുടെയും സ്ഥാപനങ്ങളുടെയും ഏകദേശസംഖ്യയും ചുവടെ ചേർത്തുകൊള്ളുന്നു.

| സമൂഹത്തിന്റെ പേര് | വേല ചെയ്യുന്ന രാജ്യങ്ങൾ | നടത്തുന്ന സ്ഥാപനങ്ങൾ | അംഗസംഖ്യ |
|---|---|---|---|
| ഈശോസമൂഹം | 95 | 2239 | 35,919 |
| ഫ്രാൻസിസ്ക്കൻസ് | 80 | 2754 | 25,777 |
| സലേഷ്യൻസ് | 49 | 1390 | 22,624 |
| ഡോമിനിക്കൻസ് | 93 | 600 | 9,946 |
| റഡംപ്റ്ററിസ്റ്റ് | 64 | 728 | 9,052 |
| ദൈവവചനസമൂഹം | 34 | 171 | 5,748 |
| അഗസ്തീനിയൻസ് | 36 | 413 | 4,504 |
| പാഷനിസ്റ്റ് | 45 | 211 | 4,340 |

ഇവ കൂടാതെ ഒട്ടനേകം ചെറിയ സന്ന്യാസസമൂഹങ്ങളും പുരുഷ വിഭാഗത്തിൽത്തന്നെ കത്തോലിക്കാസഭയിലുണ്ട്. സന്ന്യാസിനീ സമൂഹങ്ങളാണെങ്കിൽ 2200-ൽപരവും. അവയിലെല്ലാം കൂടെ പതിനഞ്ചു ലക്ഷത്തോളം കന്യാസ്ത്രീകളും ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

താഴെ ചേർക്കുന്ന മൂന്നു സന്ന്യാസസമൂഹങ്ങളാണ് ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് സ്ഥാപിച്ചിട്ടുള്ളത്.

1. ക്രിസ്താനുകരണസന്ന്യാസസമൂഹം
   (Ordert of the Imitation of Christ O.I.C)
2. ക്രിസ്താനുകരണസന്ന്യാസിനീസമൂഹം
   (Sisterhood of the Imitaion of Christ S.I.C.)
3. മേരീമക്കൾ സന്ന്യാസിനീസമൂഹം
   (Sisterhood of the Daughters of Mary D.M)

ഇവ ഓരോന്നിന്റെയും ചുരുങ്ങിയ ചരിത്രം ചുവടേ ചേർത്തുകൊള്ളുന്നു.

# I

## ക്രിസ്താനുകരണസന്ന്യാസിസമൂഹം

ഫാദർ പി.റ്റി.ഗീവറുഗീസ് എന്ന പേരിൽ നമ്മുടെ കഥാപുരുഷൻ യാക്കോബായ സഭയിലെ ഒരു വൈദികനായിരുന്ന കാലയളവിലാണ്

(1919-ൽ) റാന്നിക്കടുത്ത പെരുന്നാട്ടിൽ ഈ സന്ന്യാസസമൂഹം സ്ഥാപിക്കയുണ്ടായത്. യാക്കോബായസഭയിൽ ഒരു വൈദികമിഷനറി സംഘടന രൂപവത്ക്കരിക്കണമെന്നുള്ള കഥാപുരുഷന്റെ ആഗ്രഹ പൂർത്തിക്കുവേണ്ടി സമർത്ഥരായ ഏതാനും യുവാക്കന്മാരെ തെരഞ്ഞെടുത്ത് സെറാംപൂർ കോളേജിലേക്ക് കൊണ്ടുപോകുകയും അവിടെ അവർക്കു വേണ്ടത്ര വിദ്യാഭ്യാസവും വൈദികപരിശീലനവും നല്കുകയും ചെയ്തു. പക്ഷേ, പ്രസ്തുത പരിശ്രമം പരാജയമടയുന്നു എന്നു ബോദ്ധ്യമായതിനാൽ ഒരു സന്ന്യാസസമൂഹം സ്ഥാപിക്കുവാൻ അദ്ദേഹം ഉദ്യുക്തനായിത്തീർന്നു ഇതിനുവേണ്ട പ്രചോദനം ആദ്യമായി നല്കിയത് സെറാംപൂരിലും പരിസരങ്ങളിലും അക്കാലത്ത് സുവിശേഷവേലയും ഇതരസാമൂഹ്യപ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരുന്ന ഓക്സുഫോർഡ് മിഷ്യൻ (പ്രോട്ടസ്റ്റന്റു ഹൈച്ചർച്ചു) ഫാദേഴ്സ് ആയിരുന്നു. പ്രസ്തുത വൈദികരിൽ ചിലരെ ആയിടയ്ക്കു തന്നെ കഥാപുരുഷൻ കേരളത്തിലേക്ക് ക്ഷണിക്കുകയും ഇവിടത്തെ പലേ ഇടവകകളിലും അവരെക്കൊണ്ടു പ്രസംഗിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ "സബർമതി ആശ്രമ"വും മഹാകവി രവീന്ദ്രനാഥടാഗോർ നടത്തിക്കൊണ്ടിരുന്ന "ശാന്തിനികേതന"വും പലവട്ടം സന്ദർശിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചതും സന്ന്യാസ സമൂഹ സ്ഥാപനത്തിനു കഥാപുരുഷനു പ്രേരകമായിരുന്നിട്ടുണ്ട്.

## സ്ഥാപനോദ്ദേശ്യങ്ങൾ

സന്ന്യാസസമൂഹത്തിൽപ്പെട്ട ഓരോ വ്യക്തിയുടെയും സ്വയവിശുദ്ധീകരണത്തിനു പുറമേ മൂന്ന് ഉദ്ദേശ്യങ്ങളായിരുന്നു ബഥനി സന്ന്യാസിസമൂഹസ്ഥാപനത്തിൽ കഥാപുരുഷനുണ്ടായിരുന്നത്.

### 1. യാക്കോബായസഭയിലെ ആദ്ധ്യാത്മികനവോത്ഥാനം

പാത്രിയർക്കീസുകക്ഷി, മെത്രാൻകക്ഷി എന്നിങ്ങനെയുള്ള രണ്ടു വിഭാഗങ്ങളായി പിരിഞ്ഞ് കേസ്സിലും വ്യവഹാരങ്ങളിലും അകപ്പെട്ട് ആഭ്യന്തരകുഴപ്പങ്ങളാൽ യാക്കോബായസഭ വിഷമിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. സഭാംഗങ്ങളുടെ ആദ്ധ്യാത്മികപുരോഗതിക്ക് ഈദൃശകുഴപ്പങ്ങൾ വിലങ്ങുതടിയായി നിലകൊണ്ടുമിരുന്നു. സന്ന്യാസസഭാരൂപവത്കരണം ഇതിനൊരു പരിഹാരമാർഗ്ഗമാക്കാമെന്നും തദ്വാരാ, ആദ്ധ്യാത്മികനിലയിൽ യാക്കോബായ സഭാംഗങ്ങളെ ഉയർത്തുവാൻ സാധിക്കുമെന്നും കഥാപുരുഷൻ പ്രത്യാശിച്ചു.

## 2. അക്രൈസ്തവരുടെ ഇടയിലെ സുവിശേഷവേല

വിജാതീയരുടെ ഇടയിൽ ക്രിസ്തുവിന്റെ സുവിശേഷം ഘോഷിക്കുന്നതിനും, തദ്വാരാ ക്രിസ്തുവിങ്കലേക്കും അവിടുത്തെ സഭയിലേക്കും അവരെ ആനയിക്കുന്നതിനും വിവാഹിതരായ വൈദികർക്കെന്നതിനെക്കാൾ കൂടുതൽ സമയവും സൗകര്യവും സാഹചര്യവും ലഭിക്കുന്നതു സന്ന്യാസവൈദികർക്കാണെന്ന് കഥാപുരുഷന് അറിയാമായിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലും കത്തോലിക്കാ സഭയിലെ സന്ന്യാസികൾ നിർവഹിച്ചുകൊണ്ടിരിക്കുന്ന സുവിശേഷ വേലയും അതിന്റെ ഫലപ്രാപ്തിയും എത്രമാത്രമെന്ന് കഥാപുരുഷൻ അക്കാലത്ത് ശരിക്ക് ഗ്രഹിച്ചിരുന്നു. തന്നിമിത്തം യാക്കോബായ സഭയിലും ഒരു സന്ന്യാസമൂഹം രൂപവത്കരിച്ചാൽ കേരളത്തിനകത്തും പുറത്തും വിജയപ്രദമായ സുവിശേഷഘോഷണം നടത്തുവാൻ സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

## 3. വിവിധതരത്തിലുള്ള സാമൂഹ്യപ്രവർത്തനങ്ങൾ

പരോപകാരപ്രദങ്ങളായ ഏതാനും സ്ഥാപനങ്ങൾ നിർമ്മിച്ച് അവ മുഖേന പൊതുജനങ്ങൾക്ക് പല വിധത്തിലുള്ള നന്മകൾ പ്രദാനം ചെയ്യുന്നതിനു സന്ന്യാസസമൂഹാംഗങ്ങളെ ഉപകരണമാക്കിത്തീർക്കണമെന്നു കഥാപുരുഷൻ ഉദ്ദേശിച്ചിരുന്നു. ആശുപത്രി, അനാഥശാല, വിദ്യാലയങ്ങൾ, അച്ചടിശാല എന്നിവയെല്ലമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ അന്ന് ഉദയം ചെയ്തിരുന്ന പദ്ധതികൾ. പക്ഷേ, ഏതാദൃശ പദ്ധതികളെല്ലാം അതേവിധം സാധിതപ്രായമാക്കുവാൻ യാക്കോബായ സഭയിലെ അന്നത്തെ സാഹചര്യം അനുകൂലമല്ലായിരുന്നു.

# ബഥനി, യാക്കോബായസഭയിൽ

ഈ സന്ന്യാസസമൂഹത്തിന്റെ ഉത്ഭവം, വളർച്ച, പ്രവർത്തനങ്ങൾ, കത്തോലിക്കാപുനരൈക്യം എന്നിവയെപ്പറ്റി ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗം 11-ഉം 12-ഉം അദ്ധ്യായങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ അവ ആവർത്തിക്കണമെന്നുദ്ദേശിക്കുന്നില്ല. യാക്കോ ബായസഭയുടെ നാനാമുഖങ്ങളായ അഭിവൃദ്ധിയും വിജാതീയരുടെ മാനസാന്തരവും ഈ സന്ന്യാസസമൂഹത്തെക്കൊണ്ടു തൽസ്ഥാപകൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും പലേ കാരണങ്ങളാലും അവ വേണ്ടവിധം പ്രായോഗികമാക്കുവാൻ സാധിക്കാതെപോയ വിവരവും പ്രസ്താവിച്ചിരുന്നുവല്ലോ. എങ്കിലും പലവിധ നന്മകളും അന്നു ബഥനി

സമൂഹത്തെക്കൊണ്ട് സാധിച്ചിട്ടുണ്ടെന്ന് ഇന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്ന ഒട്ടനേകർ യാക്കോബായസഭയിലുണ്ട്.

## കത്തോലിക്കാസഭയിൽ

ബഥനി സന്ന്യാസസമൂഹസ്ഥാപകനായ മാർ ഈവാനിയോസും അദ്ദേഹത്തെ അനുഗമിച്ച് പ്രസ്തുത സമൂഹാംഗങ്ങളായ മാർ തെയോഫിലോസ്, ഫാദർ ജോൺ, അലക്സാണ്ടർ ശെമ്മാശൻ എന്നിവരും 1930 സെപ്റ്റംബർ 20-നു കത്തോലിക്കാപുനരൈക്യം പ്രാപിച്ചതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഈ ഗ്രന്ഥത്തിന്റെ ഒന്നാംഭാഗം 31-ാം അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ടല്ലോ. തദനന്തരമുള്ള ഏതാനും വിവരങ്ങൾ ഈ രണ്ടാം ഭാഗത്തിന്റെ പ്രാരംഭാദ്ധ്യായങ്ങളിൽ നിന്നും വായനക്കാർക്ക് ഗ്രഹിക്കുവാൻ സാധിക്കും.

പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തെ പുരോഗതിക്കു വേണ്ടി ഈ സന്ന്യാസസമൂഹാംഗങ്ങൾ നിർവ്വഹിച്ചിട്ടുള്ള ജോലികളും സഹിച്ചിട്ടുള്ള ത്യാഗങ്ങളും അർപ്പിച്ചിട്ടുള്ള സേവനങ്ങളും കൃതജ്ഞതാപൂർവ്വം എക്കാലത്തും സ്മരിക്കപ്പെടേണ്ടവതന്നെയാണ്. ഏകരായി മിഷ്യൻസ്ഥലങ്ങളിൽ താമസിക്കുക, ദൈവാലയങ്ങൾ കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുക, അകത്തോലിക്കരെയും അക്രൈസ്തവരെയും കത്തോലിക്കാസഭയിലേക്ക് ആനയിക്കുക, വിശ്വാസവിഷയങ്ങളും ഭക്തിമാർഗ്ഗങ്ങളും അവരെ പഠിപ്പിക്കുക, എന്നിവയെല്ലാം ആശ്രമസ്ഥർ നിർവ്വഹിച്ചിട്ടുള്ളത് പുനരൈക്യ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽനിന്നും ഒരു കാലത്തും മാഞ്ഞു പോകുന്നതല്ല. പ്രസ്തുത സമൂഹത്തിന്റെ സ്ഥാപകനായ കഥാപുരുഷൻതന്നെ പില്കാലത്ത് ഒരു ഇടയലേഖനത്തിൽ ഇക്കാര്യം തുറന്നു പ്രതിപാദിച്ചിട്ടുണ്ട്. അതിലെ ഒരുഭാഗം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"ദൈവാനുഗ്രഹത്താൽ ഇന്ന് ഇത്രയും വളരുവാൻ ഇടയായ പുനരൈക്യപ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായിരുന്നത് ബഥനി ആശ്രമം ആയിരുന്നു എന്നുള്ളത് നാം ഏവരും കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണ്. ഈ പ്രസ്ഥാനത്തിനുവേണ്ടി ആശ്രമാംഗങ്ങൾ നമ്മോടുകൂടി നിഃസ്വാർത്ഥമായും പരിത്യാഗബുദ്ധിയോടും തീക്ഷ്ണതാപൂർവ്വം സഹകരിച്ചിട്ടുണ്ട്. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭദശയിലെ പ്രത്യേകസാഹചര്യങ്ങളിലും ആവശ്യങ്ങളിലും നമുക്കും ആശ്രമസ്ഥർക്കും നേരിടേണ്ടിവന്ന പ്രയാസങ്ങൾ മൂലം ആശ്രമത്തിലെ ജീവിതക്രമവും മുമ്പിലത്തെപ്പോലെ ഏകാഗ്രതയോടുകൂടെ

പരിപാലിച്ചുകൊണ്ടുപോകുന്നതിനും പുതുതായി ആളുകളെ സ്വീകരിച്ച് പരിശീലിപ്പിക്കുന്നതിനും അവസരം ലഭിച്ചില്ല." (ഇടയലേഖനം നവംബർ 1946)

## അംഗങ്ങളും പ്രവർത്തനവും

ഭുവനപ്രസിദ്ധരായ മൂന്നു വൈദികമേലദ്ധ്യക്ഷന്മാരെ (മാർ ഈവാനിയോസ്, മാർ തെയോഫിലോസ്, മാർ ഗ്രീഗോറിയോസ്) കത്തോലിക്കാസഭയ്ക്ക് പ്രദാനം ചെയ്യുന്നതിനുള്ള ഭാഗ്യം ഈ സമൂഹത്തിന് ഇതിനകം ലഭിച്ചിട്ടുണ്ട്. കേരളത്തിൽ ഒട്ടനേകം സ്ഥലങ്ങളിൽ ഈ സമൂഹത്തിലെ അംഗങ്ങൾ ഇപ്പോൾ മിഷ്യൻപ്രവർത്തനം വിജയപ്രദമായി നടത്തിക്കൊണ്ടിരിക്കുന്നു. ഇതിനും പുറമേ സാമൂഹ്യസേവനവും ആതുരസംരക്ഷണവും പല സ്ഥലങ്ങളിലും ഇവർ നിർവ്വഹിക്കുന്നുണ്ട്.

ഈ സമൂഹം ഇതഃപര്യന്തം നടത്തിക്കൊണ്ടിരുന്ന സ്തുത്യർഹങ്ങളായ സേവനങ്ങളുടെ അംഗീകാരം എന്ന നിലയിൽ ഭാഗ്യമോടെ വാഴുന്ന പോൾ ആറാമൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് 1966 ഏപ്രിൽ 14-ാം തീയതി ഈ സമൂഹത്തെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയുണ്ടായി. പ്രസ്തുത പദവിയുടെ പ്രധാനകർമ്മം 1966 മെയ് 31-ാം തീയതി പേപ്പൽ ഇന്റർന്യൂൺഷ്യോ അഭിവന്ദ്യ ജയിംസ് ആർ നോക്സ് തിരുമേനി തിരുവനന്തപുരത്തുവെച്ച് സാഘോഷം നിർവ്വഹിക്കുകയും ചെയ്തു.

ഈ സന്ന്യാസസമൂഹത്തിന്റെ ആധുനികസ്ഥിതിവിവരക്കണക്ക് ചുവടെ ചേർത്തുകൊള്ളുന്നു.

| | |
|---|---|
| ആശ്രമങ്ങൾ | 12 |
| വൈദികർ | 44 |
| ശെമ്മാശന്മാർ | 43 |
| സഹോദരങ്ങൾ | 12 |
| നവസന്ന്യാസികൾ | 14 |
| വൈദികാർത്ഥികൾ | 10 |
| മിഷ്യൻസ് | 60 |
| ഹെൽത്തുസെന്റർ | 3 |

# II

## ക്രിസ്താനുകരണസന്ന്യാസിനീസമൂഹം

"ഫാദർ പി.റ്റി. ഗീവറുഗീസ്" എന്ന പേരിൽ ആർച്ചുബിഷപ്പ് സെറാമ്പൂർ കോളേജ് പ്രൊഫസർ ആയിരുന്ന കാലയളവിൽ കിഴക്കൻ ബംഗാളിൽ ബാരിസോളിൽ വേലചെയ്തുകൊണ്ടിരുന്ന ഓക്സ്ഫോർഡ് മിഷ്യൻ സിസ്റ്റേഴ്സുമായി പരിചയപ്പെടുന്നതിനിടയായി. സ്വസമുദായത്തിൽ ഒരു സന്ന്യാസിനീസമൂഹം സ്ഥാപിക്കണമെന്നുള്ള തന്റെ ആഗ്രഹം പ്രസ്തുത സിസ്റ്റേഴ്സിനെ അദ്ദേഹം അറിയിക്കുകയും അതിനുവേണ്ട എല്ലാ സഹായസഹ കരണങ്ങളും ചെയ്തുകൊടുക്കാമെന്ന് അവർ സസന്തോഷം സമ്മതിക്കുകയും ചെയ്തു. അധികകാലതാമസമെന്യേ കേരളത്തിൽ നിന്നും ഏതാനും യുവതികളെ തെരഞ്ഞെടുത്ത് ബാരിസോളിലെ ഓക്സ്ഫോർഡ് സിസ്റ്റേഴ്സിന്റെ പരിശീലനത്തിനായി അയയ്ക്കുകയുണ്ടായി. അവിടുത്തെ മദർ എഡിത്ത് ഈ യുവതികളുടെ പരിശീലനത്തിൽ കാര്യമായ ശ്രദ്ധ പതിച്ചിരുന്നു. നാലു വർഷത്തെ പരിശീലനത്തിനുശേഷം (1915 - 1919) പ്രസ്തുത യുവതികൾ ഓക്സ്ഫോർഡ് സിസ്റ്റേഴ്സും ഒരുമിച്ചു കേരളത്തിലേക്ക് മടങ്ങി. തിരുവല്ലായ്ക്കു സമീപമുള്ള തിരമൂലപുരം ബാലികാമഠത്തിനടുത്തുള്ള ഒരു കെട്ടിടമാണ് തങ്ങളുടെ വാസസ്ഥലത്തിനായി ഇവർ തെരഞ്ഞെടുത്തത്. താമസിയാതെ തന്നെ ബാലികാമഠം ഹൈസ്കൂളിലെ ബോർഡിംഗുവിദ്യാർത്ഥിനികളുടെ ആദ്ധ്യാത്മികമേൽനോട്ടവും ഇവർ ഏറ്റെടുത്തു. ഇതിനും പുറമേ ആതുരശുശ്രൂഷയിലും ഇവർ വ്യാപൃതരായിരുന്നു.

### സമൂഹോദ്ഘാടനം

ക്രിസ്താബ്ദം 1925 മെയ് മാസത്തിലായിരുന്നുവല്ലോ ഫാദർ ഗീവറുഗീസ് "മാർ ഈവാനിയോസ്" എന്ന പേരിൽ മെത്രാനായി നിരണത്തുവെച്ച് അഭിഷിക്തനായത്. പ്രസ്തുതവർഷംതന്നെ തിരുമൂലപുരത്ത് ആസ്ഥാനം ഉറപ്പിച്ചിരുന്ന യുവതികളിൽ മൂന്നുപേർ സിസ്റ്റർ ശൈനാ, സിസ്റ്റർ ദബഹാ, സിസ്റ്റർ ദനഹാ എന്നീ പുതിയ പേരുകൾ സ്വീകരിക്കുകയും തിരുമേനിയുടെ സന്നിധിയിൽ വ്രതവാഗ്ദാനം നടത്തുകയും സന്ന്യാസവ്രതങ്ങൾ സ്വീകരിക്കുകയും ചെയ്തു. സിസ്റ്റർ ശൈനാ പുതിയ സന്ന്യാസിനീസമൂഹത്തിന്റെ ആദ്യത്തെ മദർ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ടു. "ക്രിസ്താനുകരണ സന്ന്യാസിനീ

സമൂഹം" എന്ന നാമധേയം പ്രസ്തുത സമൂഹത്തിന് സ്ഥാപകൻ തന്നെ നല്കുകയുണ്ടായി. വി.ബസേലിയോസിന്റെ നിയമാവലിയിൽ നിന്നും ക്രോഡീകരിച്ച ഒരു നിയമസംഹിതയും ഇവർക്കായി പ്രദാനം ചെയ്തു. അതോടുകൂടെ യാക്കോബായസഭയിൽ തത്ഃപര്യന്തം ഇല്ലാതിരുന്ന സന്ന്യാസിനീ സമൂഹം മാർ ഈവാനിയോസ് ഉൽഘാടനം ചെയ്തു. പ്രസ്തുതസമൂഹത്തിന്റെ ഉൽഭവത്തിനും പ്രാരംഭകാലത്തെ വളർച്ചയ്ക്കും കാര്യമായ പങ്ക് മദർ എഡ്ഡിത്ത്, സിസ്റ്റർ ഹെലൻ എന്നിവർ വഴി ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ.

തുടർന്ന് യാക്കോബായ സഭയിലായിരുന്ന അഞ്ചുവർഷക്കാലം ഈ സന്ന്യാസിനീസമൂഹത്തിന് കാര്യമായ അഭിവൃദ്ധി ഉണ്ടായിട്ടില്ലെന്നുള്ള പരമാർത്ഥം ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കത്തോലിക്കാസഭാപ്രവേശനത്തിനുശേഷം മാത്രമാണ് നവോന്മേഷത്തോടുകൂടെ ഈ സമൂഹം വളർച്ച പ്രാപിക്കുവാൻ തുടങ്ങിയത്.

## കത്തോലിക്കാസഭാപ്രവേശം

ഈ സമൂഹത്തിന്റെ സ്ഥാപകനായ മാർ ഈവാനിയോസും അനുയായികളും 1930-ൽ കത്തോലിക്കാപുനരൈക്യം പ്രാപിച്ച് ഏതാനും ദിവസങ്ങൾക്കുശേഷം അന്നുണ്ടായിരുന്ന പതിമൂന്ന് സന്ന്യാസിനികൾ ഒന്നടങ്കം കത്തോലിക്കാസഭയെ ആശ്ലേഷിക്കയുണ്ടായി. തങ്ങളുടെ സമൂഹസ്ഥാപകന്റെ മാതൃകയെ അനുകരിച്ചും, ഉപദേശത്തെ സ്വീകരിച്ചും, അന്തക്കരണത്തിന്റെ പ്രചോദനത്തെ സമാദരിച്ചുമായിരുന്നു ബാഹ്യദൃഷ്ടിയിൽ വിഷമകരമായിരുന്ന ഈ സംരംഭത്തിന് ഇവർ ഒന്നടങ്കം സന്നദ്ധരായത്. തന്നിമിത്തം സ്വബന്ധുമിത്രാദികളിൽനിന്നുപോലും നിരവധി പീഡകളും പരിഹാസങ്ങളും അക്കാലത്ത് ഇവർ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എങ്കിലും അവയെല്ലാം ക്രിസ്തുവിനും അവിടത്തെ സഭയ്ക്കുംവേണ്ടി അവർ ക്ഷമാപൂർവ്വം സഹിക്കുകയാണ് ചെയ്തത്.

1936-ൽ ഈ സന്ന്യാസിനീസമൂഹത്തിന്റെ കേന്ദ്രം തിരുമൂലപുരത്തുനിന്നും തിരുവനന്തപുരത്തേക്കു മാറ്റുകയുണ്ടായി. അനന്തരകാലഘട്ടത്തിൽ അത്ഭുതാവഹമായ അഭിവൃദ്ധിയാണ് ഈ സമൂഹത്തിന് കൈവന്നിട്ടുള്ളത്. ധാരാളം അർത്ഥിനികൾ സമൂഹത്തിൽ പ്രവേശിച്ചു. പല സ്ഥലങ്ങളിലും മഠങ്ങൾ സ്ഥാപിച്ചു. നിരവധി സാമൂഹ്യപ്രവർത്ത

ങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള സാഹചര്യവും സൗകര്യവും ഇവർക്ക് ലഭിച്ചു.

## ആധുനികസ്ഥിതി

വളരെ വിനീതമായ നിലയിൽ ദൈവസ്നേഹത്തിന്റെ ശക്തിയിൽ മാത്രം ആശ്രയിച്ചുകൊണ്ട് മനുഷ്യസമൂഹത്തിന് സേവനമനുഷ്ഠിക്കുന്നതിൽ ബഥനി സന്ന്യാസിനിമാർ ഇന്നു വ്യാപൃതരായിരിക്കുന്നു. ദൈവപരിപാലന നിമിത്തം സ്കൂളുകൾ, അനാഥമന്ദിരങ്ങൾ, ആശുപത്രികൾ, സാമൂഹ്യക്ഷേമകേന്ദ്രങ്ങൾ ആദിയായ വിവിധ സ്ഥാപനങ്ങൾ വഴി സേവനരംഗം വിപുലപ്പെടുത്തുവാൻ ഇവർക്കു സാധിച്ചിട്ടുണ്ട്. ഈ സമൂഹത്തിന്റെ സേവനത്തിന് അംഗീകാരമെന്ന നിലയിൽ 1956 ആഗസ്റ്റ് 6-ാം തീയതി പൗരസ്ത്യതിരുസംഘം പൊന്തിഫിക്കൽ പദവി നല്കി സമൂഹത്തെ അനുഗ്രഹിച്ചു.

*സമൂഹത്തിൽ ഇന്നത്തെ സ്ഥിതിവിവരക്കണക്കാണു ചുവടെ ചേർക്കുന്നത്.*

| | | | |
|---|---|---|---|
| സന്ന്യാസിനികൾ | 329 | അർത്ഥിനികൾ | 27 |
| മഠങ്ങൾ | 35 | ഹൈസ്കൂൾസ് | 6 |
| പ്രൈമറിസ്കൂൾസ് | 4 | നേഴ്സറി സ്കൂൾസ് | 14 |
| അനാഥശാലകൾ | 3 | ആശുപത്രികൾ | 2 |
| ഹോസ്റ്റലുകൾ (സ്ത്രീകൾക്ക്) | 4 | ബോർഡിംഗുകൾ | 13 |
| പ്രസ്സ് | 1 | (വിദ്യാർത്ഥിനികൾക്ക്) | |

# III
# മേരിമക്കൾ സന്ന്യാസിനീസമൂഹം

തിരുവനന്തപുരം ആസ്ഥാനമാക്കി മലങ്കര സിറിയൻ ഹൈരാർക്കിയും തിരുവനന്തപുരം അതിരൂപതയും സ്ഥാപിതമായതു ക്രിസ്ത്വാബ്ദം 1932-ൽ ആയിരുന്നുവല്ലോ. ഇതു സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ഈ ഗ്രന്ഥത്തിന്റെ (രണ്ടാംഭാഗം) 11-ാം അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. തിരുവിതാംകൂറിന്റെ തലസ്ഥാനമായ തിരുവനന്തപുരം ആസ്ഥാനമായിക്കഴിഞ്ഞപ്പോൾ അതുവരെ വടക്കൻപ്രദേശങ്ങളിൽ മാത്രം വ്യാപിച്ചിരുന്ന പുനരൈക്യ പ്രസ്ഥാനം തെക്കൻതിരുവിതാംകൂറിലേക്കും വ്യാപിപ്പിക്കണമെന്ന്

ആർച്ചുബിഷപ്പ് തീരുമാനിച്ചു. അന്ന് തിരുവനന്തപുരത്തിനു തെക്കും കന്യാകുമാരിക്ക് വടക്കും കിടക്കുന്ന ഭൂവിഭാഗമായിരുന്നു തെക്കൻ തിരുവിതാംകൂർ. ഈ പ്രദേശത്ത് നിവസിച്ചിരുന്നവരിൽ 90 ശതമാനവും അക്രൈസ്തവരായിരുന്നു. ബാക്കിയുള്ള 10 ശതമാനത്തിൽ 8% ലത്തീൻ കത്തോലിക്കരും 2% ലൂതറൻ മിഷ്യൻ, ലണ്ടൻ മിഷ്യൻ, സാൽവേഷൻ ആർമി എന്നീ പ്രോട്ടസ്റ്റന്റു വിഭാഗങ്ങളിൽപ്പെട്ടവരും ആയിരുന്നു. ആകയാൽ തെക്കൻ തിരുവിതാംകൂറിലുള്ള അക്രൈസ്ത വരുടെയും പ്രോട്ടസ്റ്റന്റുകാരുടെയും മാനസാന്തരത്തെ ലക്ഷ്യമാക്കി ഊർജ്ജിതമായി പ്രവർത്തിക്കുവാൻ തന്നെ കഥാപുരുഷൻ നിശ്ചയിച്ചു.

## തെക്കൻതിരുവിതാംകൂർ മിഷ്യൻ

ഏതുദ്ദേശ്യസാദ്ധ്യാർത്ഥം തെക്കൻതിരുവിതാംകൂറിൽ ഒട്ടനേകം സ്ഥലങ്ങളിൽ മിഷ്യൻകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവിടങ്ങളി ലെല്ലാം ഉപദേശിമാരെ നിയമിക്കുകയും അപൂർവ്വം ചില സ്ഥലങ്ങളിൽ വൈദികന്മാരെ താമസിപ്പിക്കുകയും ചെയ്തു. അവരുടെയെല്ലാം വേല യുടെ ഫലമായി സഹസ്രക്കണക്കിന് അക്രൈസ്തവരും ശതക്കണ ക്കിന് പ്രോട്ടസ്റ്റന്റുകാരും കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ തുടങ്ങി. ഇക്കാര്യത്തിൽ കഥാപുരുഷനെ സഹായിക്കുവാനായി കല്ദായസുറിയാനി റീത്തുകാരും മിഷ്യനറി പ്രവീണരും ത്യാഗ സമ്പന്നരുമായ ഏതാനും വൈദികന്മാർ തിരുവനന്തപുരത്തെത്തി പല സ്ഥലങ്ങളിലായി താമസിക്കുകയും ഫലപ്രദമാംവിധം സുവിശേഷ വേല നടത്തുകയും ചെയ്തു. റവ.ഫാദേഴ്സ് പോത്തനാംമൂഴി, സി.കെ. മറ്റം, പ്ലാത്തോട്ടം, ആറാംചേരി, ചേന്നാട്ട്, തോട്ടുങ്കൽ മണിയംകോട്, പൂവത്തുങ്കൽ, ടീലാർ എന്നിവരുടെയെല്ലാം പേരുകൾ ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ. ഇവയ്ക്കുപുറമേ കർമ്മലീത്താ സന്ന്യാസ വൈദികരും ഫ്രാൻസിസ്കൻ സഹോദരന്മാരും വന്നെത്തി പ്രവർത്തനം ആരംഭിച്ചു. ഇക്കൂട്ടത്തിൽ ഭരണങ്ങാനത്തിനടുത്തുള്ള പ്രവിത്താനം ഇടവകാംഗമായ റവ.ഫാദർ ജോസഫ് കുഴിഞ്ഞാലിയും ആഗതനായി മിഷ്യൻ വേലയിൽ നിമഗ്നനായി. ചങ്ങനാശ്ശേരി രൂപതയ്ക്കു വേണ്ടി 1933-ൽ വൈദികപട്ടം സ്വീകരിച്ച ഇദ്ദേഹം തിരുവനന്തപുരം അതിരൂപതയ്ക്കുവേണ്ടി സേവനം അർപ്പിച്ചുകൊണ്ട് 1934-ൽ തിരുവനന്തപുരത്ത് വന്നുചേർന്നു. മാർത്താണ്ഡം കേന്ദ്ര മാക്കി താമസിച്ച് അവിടെയും പരിസരങ്ങളിലും മിഷ്യൻവേല ചെയ്യുന്നതിനായി ഇദ്ദേഹത്തെ ആർച്ചുബിഷപ്പ് നിയോഗിച്ചു. നാലു

വർഷക്കാലംകൊണ്ട് മൂവായിരത്തോളം ആത്മാക്കളെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കുന്നതിന് ഫാദർ കുഴിഞ്ഞാലിക്ക് സാധിച്ചു. അതിനുംപുറമേ പല സ്ഥലങ്ങളിലും മിഷ്യൻകേന്ദ്രങ്ങൾ ആർച്ചു ബിഷപ്പിന്റെ ഉപദേശ ത്തോടും സഹായത്തോടും കൂടെ സ്ഥാപിക്കുന്ന തിനും ഇദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചു.

## സമൂഹസ്ഥാപനവും വളർച്ചയും

ഈ കാലഘട്ടത്തിലാണ് മിഷ്യൻപ്രവർത്തനത്തിൽ തന്നെ സഹായിക്കുന്നതിനു പറ്റിയ ഒരു സന്ന്യാസിനീസമൂഹത്തിന്റെ ആവശ്യ കത ഫാദർ കുഴിഞ്ഞാലിയുടെ മനസ്സിൽ ഉദയം ചെയ്തത്. മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ ഇതിന്റെ ആവശ്യകതയും അതിനുള്ള തന്റെ ആഗ്രഹവും അദ്ദേഹം സമർപ്പിക്കുകയും വിദൂര വിചക്ഷണനം ക്രാന്തദർശിയുമായ തിരുമേനി സസന്തോഷം അതിന് അനുവാദം നല്കുകയും ചെയ്തു. അതിനുവേണ്ടി ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പരിശ്രമിക്കുന്നതിന് ഫാദർ കുഴിഞ്ഞാലിയും സന്നദ്ധനായി. അദ്ദേഹത്തിന്റെ പരിശ്രമത്താൽ പാലാ സ്വദേശികളായ രണ്ടു യുവതികളും അതിരൂപതയിൽ കാട്ടൂർ ഇടവകയിൽപ്പെട്ട ഒരു യുവതിയും ഉൾപ്പെടെ മൂന്നുപേർ സന്ന്യാസിനീസമൂഹത്തിന്റെ പ്രഥമാംഗങ്ങളായിത്തീരുവാൻ സന്നദ്ധരായി മാർത്താണ്ഡത്ത് എത്തിച്ചേർന്നു. റവ.സിസ്റ്റർ മേരി, സിസ്റ്റർ ആഗ്നസ്, സിസ്റ്റർ തെരേസ എന്നിവരായിരുന്നു ഈ പ്രഥമാംഗങ്ങൾ 1938 മെയ് 8-ാം തീയതി റവ.ഫാദർ മാത്യു പുരയ്ക്കലിന്റെയും ഫാദർ കുഴിഞ്ഞാലിയുടെയും സഹകരണത്തോടു കൂടെ ആർച്ചുബിഷപ്പ് മാർത്താണ്ഡത്തെ മഠത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കുകയും അങ്ങനെ “മേരിമക്കൾ സന്ന്യാസിനീ സമൂഹ”ത്തിന്റെ ഉത്ഘാടനകർമ്മം നടത്തുകയും ചെയ്തു.

അനന്തരകാലഘട്ടത്തിൽ ധാരാളം യുവതികൾ, പ്രത്യേകിച്ച് പഴയകൂർ സുറിയാനി സമുദായത്തിൽ നിന്നും ഈ സമൂഹത്തിൽ ചേരു വാൻ ധൈര്യസമേതം മുമ്പോട്ടുവന്നു. അങ്ങനെ അംഗസംഖ്യ ഒന്നി നൊന്നു വർദ്ധിച്ചുകൊണ്ടിരുന്നു. സന്ന്യാസജീവിതത്തിന്റെ അടിസ്ഥാന തത്വങ്ങളും ജീവിതക്രമവും അനുസരിച്ച് ഇവരെ പരിശീലിപ്പിക്കുവാൻ ഒരു സന്ന്യാസിനി ആവശ്യമാകയാൽ ബഥനിയിൽ നിന്നും മദർ ബാസിമിനെ ആർച്ചുബിഷപ്പ് അതിലേക്കായി നിയോഗിച്ചു. അവർ

രണ്ടുവർഷം മാർത്താണ്ഡത്ത് താമസിച്ച് അർത്ഥിനികൾക്ക് വേണ്ട പഠനവും പരിശീലനവും നല്കിക്കൊണ്ടിരുന്നു. ഫ്രാൻസിസ്കൻ നിയമ സംഹിത സ്ഥലകാലങ്ങൾക്ക് അനുസൃതമായ ഏതാനും ഭേദഗതിക ളോടുകൂടെ ഈ സമൂഹത്തിന് തൽസ്ഥാപകൻ നല്കുകയുണ്ടായി. അതിനുംപുറമേ കൂടെക്കൂടെ അദ്ദേഹം മാർത്താണ്ഡം സന്ദർശിക്കു കയും സമൂഹാംഗങ്ങൾക്കുവേണ്ട ഉപദേശങ്ങളും, പ്രോത്സാഹന ങ്ങളും, സഹായങ്ങളും നല്കുകയും ചെയ്തുകൊണ്ടിരുന്നു. പ്രാരംഭ കാലത്ത് എല്ലാ കാര്യങ്ങളിലും ഇവർക്ക് താങ്ങും തണലുമായിരുന്നത് ഫാദർ കുഴിഞ്ഞാലിയായിരുന്നു എന്ന വസ്തുത ഈ സമൂഹത്തിന്റെ ചരിത്രത്തിൽ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്.

## വിവിധ പ്രവർത്തനങ്ങൾ

ബഥനി സന്ന്യാസിനീസമൂഹത്തെപ്പോലെതന്നെ മേരീമക്കൾ സമൂഹവും അതിവേഗം വളർച്ച പ്രാപിച്ചുകൊണ്ടിരുന്നു. മഠങ്ങൾ, വിദ്യാലയങ്ങൾ, ഇതര പരോപകാരസ്ഥാപനങ്ങൾ എന്നിവ പല സ്ഥലങ്ങളിലും നിർമ്മിച്ചു. അംഗസംഖ്യയിലും കാര്യമായ അഭിവൃദ്ധി ഇക്കാലത്ത് പ്രാപിച്ചുകൊണ്ടിരുന്നു. കന്യാസ്ത്രീകളിൽ പലരും ആതുരശുശ്രൂഷയ്ക്കുവേണ്ടി നേഴ്സുമാരാകുന്നതിനുതക്ക പരിശീ ലനം സമ്പാദിച്ചു. തെക്കൻ തിരുവിതാംകൂറിൽ മാത്രം ഒതുങ്ങിനിന്നി രുന്ന ഈ സമൂഹത്തിന്റെ ജോലിയുടെ വ്യാപ്തി കാലക്രമേണ തിരു വനന്തപുരത്തിനു വടക്കുള്ള പ്രദേശങ്ങളിലേക്കും വ്യാപിപ്പിച്ചു. അഞ്ചലിൽ സ്ഥാപിച്ചിട്ടുള്ളതും ഉത്കൃഷ്ടനിലയിൽ നടത്തപ്പെടുന്നതു മായ ആശുപത്രി ഈ സമൂഹത്തിന്റെ ആതുരസേവനത്തിന് മകുടോദാ ഹരണമായി ഇന്നു നിലകൊള്ളുന്നു.

സമൂഹാംഗങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന മിഷ്യൻവേല യാണ് ഇവയിലെല്ലാം പ്രശംസനീയമായി സകലരാലും പരിഗണിക്ക പ്പെടുന്നത്. മിഷ്യൻ ഇടവകകളിൽ ജോലി ചെയ്യുന്ന വൈദികന്മാരെ സഹായിക്കുക, അക്രൈസ്തവരുടെയും ക്രൈസ്തവരുടെയും ഭവനങ്ങൾ സന്ദർശിച്ച് വേണ്ട ഉപദേശങ്ങൾ നല്കുക, കത്തോലിക്കാ കുട്ടികളുടെ വേദപഠനം നിർവ്വഹിക്കുക, ക്രൈസ്തവർക്ക് അവശ്യം വേണ്ട വേദോപദേശം നല്കി അവരെ ജ്ഞാനാസ്നാനത്തിന് ഒരു ക്കുക, ആദ്ധ്യാത്മികമാർഗ്ഗാനുഷ്ഠാനത്തിന് അവർക്കുവേണ്ട പ്രേര ണയും പ്രോത്സാഹനവും നല്കുക എന്നിത്യാദി സ്തുത്യർഹങ്ങളായ

നിരവധി മിഷ്യൻപ്രവർത്തനങ്ങളാണ് ദൈവത്തെപ്രതിയും കത്തോലിക്കാ സഭയെ പ്രതിയും ഇവർ അനുദിനം നടത്തിക്കൊണ്ടിരിക്കുന്നത്.

## സ്ഥിതിവിവരക്കണക്ക്

ഈ സമൂഹത്തിന് ഇന്നുള്ള സ്ഥാപനങ്ങളുടേയും അംഗങ്ങളുടെയും സംഖ്യ അടങ്ങിയ സ്ഥിതിവിവരക്കണക്ക് ചുവടെ ചേർത്തുകൊള്ളുന്നു.

| | | | |
|---|---|---|---|
| സന്ന്യാസിനികൾ | 210 | അർത്ഥിനികൾ | 27 |
| മഠങ്ങൾ | 18 | ഹൈസ്കൂൾ | 1 |
| മിഡിൽ സ്കൂളുകൾ | 6 | നേഴ്സറിസ്കൂളുകൾ | 9 |
| ആശുപത്രികൾ | 4 | അനാഥശാല | 1 |
| ഹോസ്റ്റലുകൾ | 3 | മിഷ്യൻസ്റ്റേഷൻസ് | 84 |
| സാമൂഹ്യകേന്ദ്രങ്ങൾ (സ്ത്രീകൾക്ക്) | 7 | പ്രസ്സ് | 1 |

# അദ്ധ്യായം 55

# ആർച്ചുബിഷപ്പും രാഷ്ട്രീയവും

രാഷ്ട്രീയവിഷയങ്ങളുമായി എന്തു ബന്ധമാണ് നമ്മുടെ കഥാപുരുഷൻ പുലർത്തിയിരുന്നതെന്ന് ചുരുക്കമായി ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത വിഷയത്തിൽ ഒരു വൈദികാദ്ധ്യക്ഷന് അനുയോജ്യമല്ലാത്തവിധമുള്ള പ്രവർത്തനങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ടെന്നുള്ള ആരോപണം പലരും പലപ്പോഴും ഉന്നയിക്കുകയുണ്ടായിട്ടുണ്ട്. പക്ഷേ, കത്തോലിക്കാസഭാസിദ്ധാന്തങ്ങൾക്കെതിരായോ, സ്വന്തം താല്പര്യങ്ങൾ ഉന്നം വച്ചുകൊണ്ടോ ആർച്ചുബിഷപ്പ് യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രത്തിലെ ഓരോ കാലഘട്ടത്തെപ്പറ്റിയും ശരിക്ക് പഠിച്ചിട്ടുള്ളവർക്ക് ബോദ്ധ്യമാകുന്നതാണ്. അക്കാര്യത്തെപ്പറ്റി വിശദീകരിക്കുന്നതിനുമുമ്പ് കത്തോലിക്കാസഭയും രാഷ്ട്രവും തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധത്തിന്റെ മാനദണ്ഡത്തെപ്പറ്റി അല്പമായി ഇവിടെ പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നു.

## സഭയും രാഷ്ട്രവും

ദൈവത്തിനുള്ളതു ദൈവത്തിനും കൈസറിനുള്ളതു കൈസറിനും നല്കണമെന്നത്രേ സഭാസ്ഥാപകനായ ക്രിസ്തുനാഥൻ തന്റെ അനുയായികളോട് ആജ്ഞാപിച്ചിട്ടുള്ളത്. അവിടുത്തെ പ്രതിനിധിയും സാർവ്വത്രിക ക്രൈസ്തവസഭയുടെ പരമാധികാരിയുമായ മാർപ്പാപ്പാ തിരുമേനിയും, അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാപ്പോലീത്തന്മാരും മെത്രാന്മാരും, വൈദികരും തങ്ങൾ ഏതു രാഷ്ട്രത്തിലെ പൗരന്മാരാണോ ആ രാജ്യത്തെ ഭരണാധികാരികളോടു ബഹമാനപൂർവ്വം വർത്തിക്കണമെന്നും, അവരെ അനുസരിച്ചു ജീവിക്കണ

മെന്നും സഭാംഗങ്ങളായ അല്മായരെ എക്കാലവും ഉദ്ബോധിപ്പിച്ചു കൊണ്ടാണിരുന്നിട്ടുള്ളത്. സഭയും രാഷ്ട്രവും മനുഷ്യരാശിയുടെ നില നിൽപ്പിനും, പുരോഗമനത്തിനും അത്യന്താപേക്ഷിതമായ രണ്ടു ദൃശ്യസംഘടനകളാകയാൽ അവ പരസ്പരം സഹകരിച്ചും സഹായി ച്ചും പ്രവർത്തിക്കണമെന്നതിനു സംശയമില്ല. രാഷ്ട്രം സഭാകാര്യങ്ങ ളിലും സഭ രാഷ്ട്രീയകാര്യങ്ങളിലും നിശ്ചിതപരിധിവിട്ട് കൈകടത്തു വാൻ പരിശ്രമിച്ചപ്പോഴെല്ലാം പരസ്പരസംഘട്ടനങ്ങളും വിപ്ലവങ്ങളും കുഴപ്പങ്ങളും ഉണ്ടായിട്ടുള്ളതായി ലോകചരിത്രത്തിലും സഭാചരിത്ര ത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. സഭയുടെ ആദിമയുഗങ്ങളിൽ രാഷ്ട്രം സഭയുടെ മേലും, മദ്ധ്യയുഗങ്ങളിൽ സഭ രാഷ്ട്രത്തിന്മേലും ചില അധി കാരപ്രയോഗങ്ങൾക്ക് മുതിർന്നിട്ടുണ്ടെന്നുള്ളത് ചരിത്രവസ്തുതയാണ്. പക്ഷേ, അവ്വിധത്തിലുണ്ടായ അമിതമായ കൈകടത്തൽ വരുത്തിയ സംഘട്ടനങ്ങളിൽ നിന്നുമുണ്ടായ അനുഭവബോദ്ധ്യം നിമിത്തം തുടർ ന്നുള്ള കാലഘട്ടങ്ങളിൽ സഭയും രാഷ്ട്രവും അതാതിനുള്ള അധി കാരാവകാശങ്ങൾ പ്രയോഗിച്ചുകൊണ്ടും നിശ്ചിതപരിധിയിൽ നില നിന്നുകൊണ്ടും സമാന്തരരേഖയിൽക്കൂടെയെന്നോണം മുമ്പോട്ടു നീങ്ങുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഈ നിലപാടിനു വിരുദ്ധ മായി റഷ്യ, ചൈന, കിഴക്കൻ യൂറോപ്പിലെ ചില രാജ്യങ്ങൾ എന്നിവ ഏതാനും വർഷങ്ങളായി പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരി ക്കുന്നുണ്ട്.

ഈദൃശസംഘട്ടനത്തിൽ ഏത് ജയിക്കും ഏത് പരാജയമടയും എന്നത് ഇക്കഴിഞ്ഞ രണ്ടായിരം വർഷക്കാലത്തെ ലോകചരിത്രം ശരി ക്കു പഠിച്ചിട്ടുള്ളവർക്ക് പ്രവചനവരം കൂടാതെ തന്നെ പ്രവചിക്കുവാൻ സാധിക്കും. ലോകത്തിൽ ഇതഃപര്യന്തം ആവിർഭവിച്ചിട്ടുള്ള നിരവധി രാഷ്ട്രങ്ങളുടെ ഉദയവും അസ്തമയവും, ഉയർച്ചയും താഴ്ചയും, അഭിവൃദ്ധിയും അധഃപതനവും നേരിട്ടു ദർശിച്ചിട്ടുള്ള കത്തോലിക്കാ സഭയകാട്ടെ, "നരകകവാടങ്ങൾ പ്രബലപ്പെടാതെ" ലോകാവസാനം വരെ നിലനില്ക്കുകതന്നെ ചെയ്യും. സഭയ്ക്കെതിരായി ദീർഘവർഷ ങ്ങൾ പോരാടിയ ശേഷം പരാജിതനായ ഇറ്റലിയിലെ സ്വേച്ഛാധിപതി സിഞ്ഞോർ മുസ്സലീനി സ്വാനുഭവത്തിൽനിന്നും പ്രസ്താവിച്ച ഒരു വാക്യശകലം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. "സഭയും രാഷ്ട്രവും തമ്മിൽ പോരാടിയാൽ അവസാനം സഭയേ ജയിക്കൂ എന്ന് എനിക്ക് അനുഭവത്തിൽ ബോദ്ധ്യപ്പെട്ടിരിക്കുന്നു."

## വൈദികരും രാഷ്ട്രീയവും

രാഷ്ട്രീയമണ്ഡലത്തിൽനിന്നും ആധ്യാത്മികാധികാരികൾ കഴിയുന്നത്ര അകന്നു ജീവിക്കുകയാണ് വേണ്ടതെന്നും ചില മെത്രാന്മാരും വൈദികരും രാഷ്ട്രീയവിഷയത്തിൽ കൈകടത്തുന്നത് ഒരിക്കലും അഭിലഷണീയമല്ലെന്നുമുള്ള അഭിപ്രായം നിഷ്കളങ്കരും രാഷ്ട്രീയചിന്തകന്മാരെന്ന് അഭിമാനിക്കാവുന്നവരുമായ പലരും പലപ്പോഴും പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. ഈ വിഷയത്തെപ്പറ്റിയുള്ള കത്തോലിക്കാസഭയുടെ സിദ്ധാന്തം ശരിക്കു മനസ്സിലാകാത്തതു മൂലമാണ് ഇപ്രകാരമുള്ള അഭിപ്രായരൂപവത്കരണത്തിന് അവർ സന്നദ്ധരാകുന്നതെന്നു പറയേണ്ടിയിരിക്കുന്നു.

## ത്രിവിധ രാഷ്ട്രീയം

മൂന്നുവിധത്തിലുള്ള രാഷ്ട്രീയപ്രവർത്തനങ്ങൾ ഇന്നു നടത്തപ്പെടുന്നുണ്ട്.

1. സജീവരാഷ്ട്രീയം, 2. കക്ഷിരാഷ്ട്രീയം, 3. ആദർശരാഷ്ട്രീയം

സജീവരാഷ്ട്രീയം:-

രാഷ്ട്രീയ കാര്യങ്ങൾക്കുവേണ്ടി മുഴുവൻ സമയവും വിനിയോഗിക്കുക, തങ്ങളുടെ ആദ്ധ്യാത്മികജോലിക്ക് വിഘ്നം വരത്തക്കവിധം ഗവൺമെന്റുദ്യോഗം സ്വീകരിക്കുക, ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയിൽ ചേർന്ന് സദാപി പ്രവർത്തിക്കുക എന്നിവയെല്ലാമാണ് സജീവ രാഷ്ട്രീയം. ദൈവവും സഭയും തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന അജഗണങ്ങളുടെ അദ്ധ്യാത്മിക കൃത്യനിർവ്വഹണത്തിൽ വ്യാപൃതരാകേണ്ട വൈദികർ ഏവംവിധമുള്ള സജീവരാഷ്ട്രീയത്തിൽ പങ്കെടുക്കുക ഒരു കാലത്തും ആശാസ്യമല്ലെന്നുള്ളതിനു സംശയമില്ല.

കക്ഷിരാഷ്ട്രീയം:-

ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയിലെ അംഗമായി ചേരുക, ആ കക്ഷിയുടെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുക. ഇതര കക്ഷികളെ ഭത്സിച്ചുകൊണ്ട് എഴുതുകയും പ്രസംഗിക്കുകയും ചെയ്യുക എന്നിത്യാദി പ്രവർത്തനങ്ങളാണ് കക്ഷിരാഷ്ട്രീയം. തങ്ങളുടെ ഭരണത്തിൻ കീഴിലുള്ള വിശ്വാസികൾ വിവിധ കക്ഷികളിലെ അംഗങ്ങളായിരിക്കുമ്പോൾ ഈവിധ രാഷ്ട്രീയപ്രവർത്തനങ്ങളിൽ വൈദികർ ഉൾപ്പെടുന്നതുമൂലം ജനങ്ങളുടെ ഇടയിൽ ഉതപ്പും കലഹങ്ങളും ഉണ്ടാകുകയും

വൈദികവിദ്വേഷത്തിനും, തദ്വാരാ മതവിശ്വാസരാഹിത്യത്തിനും കളമൊരുക്കുന്നതിന് ഇടനൽകുകയും ചെയ്യുന്നതാണ്. തൻനിമിത്തം കക്ഷിരാഷ്ട്രീയത്തിൽ നിന്നും വൈദികർ അകന്നു ജീവിക്കേണ്ടതാണ്.

ആദർശരാഷ്ട്രീയം:-

രാഷ്ട്രത്തിലെ വോട്ടവകാശമുള്ള പൗരനെന്ന നിലയിൽ സ്വാഭി പ്രായമനുസരിച്ച് ഏതെങ്കിലും ജനാധിപത്യകക്ഷിക്ക് വോട്ടുചെയ്യുക, രാഷ്ട്രത്തിലുള്ള വിവിധ കക്ഷികളിൽ കൂടുതൽ ജനാധിപത്യപരമായ കക്ഷി ഏതെന്നുള്ള അഭിപ്രായം തുറന്നു പറയുക, ദൈവത്തിനും മതത്തിനും എതിരായുള്ള കക്ഷികളുടെ നിർമ്മാർജ്ജനത്തിനുവേണ്ടി കഴിയുംവിധം പരിശ്രമിക്കുക എന്നിവയെല്ലാമാണ് ആദർശരാഷ്ട്രീയം.

## വൈദികരുടെ കർത്തവ്യം

ഇവയിൽ സജീവരാഷ്ട്രീയത്തിലും കക്ഷിരാഷ്ട്രീയത്തിലും ഉൾപ്പെടാതെതന്നെ ആദർശരാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നതിനു വൈദികരെ സഭ അനുവദിക്കുന്നുണ്ട്. അതുകൊണ്ട് ഏതാദൃശ രാഷ്ട്രീയ പ്രവർത്തനം വൈദികാദ്ധ്യക്ഷന്മാരും വൈദികരും നിർവ്വഹി ക്കാവുന്നതും രാജ്യത്തിന്റെയും സഭയുടെയും നന്മയെ ലക്ഷ്യമാക്കി അത് നിർവ്വഹിക്കേണ്ടതുമാണ്.

ദൈവത്തെയും മതത്തെയും സംബന്ധിച്ച വിഷയങ്ങളിൽ അതാ യത് ഈശ്വരാരധന, മതപ്രചരണം, ജനനനിയന്ത്രണം, വിവാഹ മോചനം എന്നിത്യാദി വിഷയങ്ങളെപ്പറ്റിയുള്ള സഭയുടെ സിദ്ധാന്ത ങ്ങൾക്കും പഠനങ്ങൾക്കും എതിരായി ഏതെങ്കിലും ഒരു രാഷ്ട്രീയ കക്ഷിയോ ഭരണാധികാരിയോ പ്രവർത്തിക്കുന്ന പക്ഷം വൈദികർ സർവ്വശക്തിയുമുപയോഗിച്ച് സധൈര്യം അതിനെ ചെറുക്കേണ്ടതാണ്. കത്തോലിക്കാസഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം എപ്രകാരമായി രിക്കണമെന്നുള്ള പഠനത്തിന്റെ അഭാവം നിമിത്തമാണ് ഈ വിഷയ ത്തിൽ വൈദികാദ്ധ്യക്ഷന്മാരുടെയും വൈദികരുടെയും മേൽ കുറ്റാ രോപണങ്ങൾ ചുമത്തുന്നതിനു ചിലർ സന്നദ്ധത പ്രകടിപ്പിക്കുന്നതെ ന്നുള്ളതിനു സംശയമില്ല.

ഒരു രാഷ്ട്രീയചിന്തകനും സ്വരാജ്യസ്നേഹിയുമെന്ന നിലയിൽ കഥാപുരുഷന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമായിരുന്നുവെന്നതിന് ഉദാഹരണമായി ചില സംഭവങ്ങൾ ഈ അദ്ധ്യായത്തിൽ ചേർക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സജീവ

രാഷ്ട്രീയത്തിലോ കക്ഷിരാഷ്ട്രീയത്തിലോ ഇടപെടാതെയും, എന്നാൽ അതേ സമയം ദൈവനാമമഹത്വവും സഭയുടെ പുകഴ്ചയും ലക്ഷ്യമാക്കിയും, മാതൃരാജ്യത്തിന്റെ അഭിവൃദ്ധിയെ മുൻനിറുത്തിയും രാഷ്ട്രീയാധികാരികളുടെ ശ്രദ്ധയെ തിരിച്ചുവിടുന്നതിൽ അദ്ദേഹം നിർവ്വഹിച്ചിട്ടുള്ള സ്തുത്യർഹമായ സേവനങ്ങൾ ഇതിൽ നിന്നു ഗ്രഹിക്കാവുന്നതാണ്.

## ആർച്ചുബിഷപ്പിന്റെ രാജഭക്തി

കഥാപുരുഷനു തിരുവിതാംകൂർ രാജാവിനോടും രാജകുടുംബത്തോടും ഉണ്ടായിരുന്ന ബഹുമാനവും ഭക്തിയും എപ്രകാരമെന്നു തിരുവനന്തപുരത്തുവെച്ച് ഒരു വമ്പിച്ച സദസ്സിന്റെ മുമ്പാകെ ചെയ്ത പ്രസംഗം വ്യക്തമാക്കുന്നു. അതിൽ നിന്നും ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു.

“തിരുവിതാംകൂർ മഹാരാജാവ് തിരുമനസ്സിനോട് ഞങ്ങൾക്കുള്ള അടിയുറച്ച ഭക്തിയും ആത്മാർത്ഥമായ ബഹുമാനവും പ്രകടിപ്പിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിച്ചുകൊള്ളട്ടെ. ഒരു കത്തോലിക്കന് രാജഭക്തി അവന്റെ മതപരമായ ഒരു കടമതന്നെയാണ്. “ദൈവത്തെ ഭയപ്പെടുകയും രാജാവിനെ ബഹുമാനിക്കുകയും ചെയ്യുക എന്ന്” വി. പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നത് ക്രൈസ്തവർ തങ്ങളുടെ ജീവിതസ്വഭാവമായിത്തന്നെ സ്വീകരിച്ചിരിക്കുന്നു. ഞങ്ങളുടെ ഭരണകർത്താക്കളെ സൽപഥത്തിൽക്കൂടി നിയന്ത്രിക്കുന്നതിനും സംരക്ഷിക്കുന്നതിനുംവേണ്ടി സർവ്വശക്തന്റെ സന്നിധിയിലേക്ക് ഞങ്ങൾ ദിനംപ്രതി പ്രാർത്ഥനകൾ ഉയർത്തുന്നുണ്ട്. തിരുവിതാംകൂറിലെ സുറിയാനി കത്തോലിക്കരായ ഞങ്ങൾക്ക് അനിഷേദ്ധ്യമായ രാജഭക്തിയും വിശ്വസ്തതാപൂർവ്വകമായ സേവനത്തിന് ഇരുപത് ശതവർഷക്കാലത്തെ ഇടമുറിയാത്ത പാരമ്പര്യവുമാണുള്ളത്. ക്രൈസ്തവചരിത്രത്തിന്റെ ആദിമശതകങ്ങളിൽ തന്നെ ഈ പുരാതന സമൂഹത്തിന് ഭരണകർത്താക്കളിൽ നിന്നും ലഭിച്ചിട്ടുള്ളതും നിരവധി പദവികൾ പ്രദാനം ചെയ്തിട്ടുള്ളതുമായ ചെമ്പുപട്ടയങ്ങൾ അക്കാലം മുതൽ ഞങ്ങളോട് അവർക്കുണ്ടായിരുന്ന സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പ്രത്യക്ഷലക്ഷ്യങ്ങളത്രേ. ഈ സമൂഹം നടത്തിയിട്ടുള്ള നിസ്വാർത്ഥസേവനത്തിന് ഈ രാജ്യത്തെ ഭരണകർത്താക്കൾ നൽകിയിട്ടുള്ള അസംഖ്യം സംഭാവനകൾ, നിരവധി ചരിത്രസംഭവങ്ങൾ മുഖേന ഉദ്ധരിക്കാൻ കഴിയുന്നതാണ്.”

പണ്ഡിതന്മാരുടെ രാജാവും രാജാക്കന്മാരിൽ പണ്ഡിതനും ആയിരുന്ന ഭാഗ്യസ്മരണയ്ക്കർഹനായ വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ട് ഞങ്ങളുടെ സമൂഹത്തെപ്പറ്റി നടത്തിയ പ്രശംസാപൂർവ്വകവും പ്രോത്സാഹജനകവുമായ പ്രസ്താവന ഈ സന്ദർഭത്തിൽ സ്മരണീയമത്രേ. "സംതൃപ്തിയുടെയും സമാധാനത്തിന്റെയും രാജഭക്തിയുടെയും മാതൃകയോടും പ്രശംസാർഹമായ ചരിത്ര സാഹിത്യത്തോടുംകൂടിയ അതിപുരാതനമായ ഒരു സമുദായമാണ് നിങ്ങളുടേത്. ഈ പുരാതനരാജ്യം സന്ദർശിക്കുന്നതിനായി പരശുരാമൻ ഇവിടെ ആഗതനാകുന്ന പക്ഷം നിങ്ങളെ വെല്ലത്തക്ക രാജഭക്തിയോടും സാന്മാർഗ്ഗികസ്ഥിരതയോടുംകൂടിയ വേറൊരു സമുദായത്തെ കണ്ടെത്തുവാൻ സാദ്ധ്യമല്ല." അർത്ഥസമ്പുഷ്ടമായ ഈ വചനങ്ങൾ ഞങ്ങളുടെ കഴിഞ്ഞ കാലത്തെപ്പറ്റി ശരിക്കു ഗ്രഹിക്കുന്നതിനും അഭിമാനിക്കുന്നതിനും ഞങ്ങളെ സഹായിക്കുന്നുണ്ട്. ഇക്കഴിഞ്ഞ കാലയളവിൽ ഈ രാജ്യത്തെ മഹാരാജാക്കന്മാർ മതസഹിഷ്ണുതയോടും, കരുണാമസൃണതയോടുംകൂടെ ക്രൈസ്തവസഭയുടെ അഭിവൃദ്ധിക്കുവേണ്ടി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സന്തോഷത്തോടും കൃതജ്ഞതയോടുംകൂടി പ്രസ്താവിക്കേണ്ടത് ഈയവസരത്തിൽ എന്റെ കർത്തവ്യമായി ഞാൻ കരുതുന്നു. ഈദൃശമായ കാരുണ്യവും പ്രോത്സാഹനവും അത്രേ രാജ്യത്തിന്റെ ബാഹ്യവും ആഭ്യന്തരവുമായ പുരോഗതിക്കുവേണ്ടി ഞങ്ങൾക്കു പ്രേരണ നല്കുന്നത്. തങ്ങളുടെ ഭരണത്തിൻ കീഴിലുള്ള കത്തോലിക്കാജനസഞ്ചയത്തോടുള്ള അതീവ വാത്സല്യത്തിന്റെ ലക്ഷണമായിട്ടത്രേ ഇവിടുത്തെ മഹാരാജാവ് തിരുമനസ്സുകൊണ്ട് അവിടുത്തെ മാതാവായ ജൂണിയർ മഹാറാണിയുമൊരുമിച്ച് ഈ അടുത്ത കാലത്ത് നടത്തിയ യൂറോപ്യൻ പര്യടനസമയത്ത് റോമിലെഴുന്നെള്ളി പരിശുദ്ധ പിതാവായ മാർപ്പാപ്പാതിരുമേനിയെ സന്ദർശിച്ചത്. സാർവ്വത്രികക്രൈസ്തവസഭയുടെ പരമാധികാരിയും, ഇൻഡ്യാ സാമ്രാജ്യത്തിലുള്ളതിലേറെ ജനസംഖ്യയോടുകൂടിയതുമായ ഏറ്റവും വലിയ ക്രൈസ്തവസമൂഹത്തിന്റെ ഭരണാധികാരിയും മഹാരാജാവുതിരുമേനിയും തമ്മിൽ നടത്തിയ അഭിമുഖ സംഭാഷണ വിവരങ്ങൾ അതീവസന്തോഷത്തിന്റെയും കൃതജ്ഞതയുടെയും വികാരത്തള്ളലോടെയാണ് പത്രങ്ങളിൽ നിന്നും ഞങ്ങൾ വായിച്ചറിഞ്ഞത്. ഈ സന്ദർഭത്തിൽ മഹാരാജാവു തിരുമേനിയോട് ഞങ്ങൾക്കുള്ള അനിഷേധ്യമായ ഭക്തിയെയും സ്നേഹത്തെയും ഞങ്ങളുടെ സഭയോടും സമുദായത്തോടും തിരുമനസ്സുകൊണ്ട് പ്രദർശിപ്പിച്ചിട്ടുള്ള സ്നേഹ

ത്തോട് ഞങ്ങൾക്കുള്ള ഹൃദയപൂർവ്വകമായ കൃതജ്ഞതയെയും സബഹുമാനം പ്രകടിപ്പിച്ചുകൊള്ളുന്നു."

ആർച്ചുബിഷപ്പ് തന്റെ ജീവിതകാലം മുഴുവൻ തിരുവിതാംകൂർ രാജകുടുംബവുമായി വ്യക്തിപരമായ സ്നേഹബന്ധം പുലർത്തി പ്പോന്നിരുന്നു. തന്നിമിത്തമത്രേ, ആർച്ചുബിഷപ്പിന്റെ നിര്യാണവാർത്ത അറിഞ്ഞയുടനെ ശ്രീചിത്തിര തിരുന്നാൾ തിരുമേനി, "മാർ ഈവാനി യോസിന്റെ നിര്യാണം എനിക്കു വ്യക്തിപരമായും രാജകുടുംബത്തിന് പൊതുവായും ഒരു തീരാനഷ്ടം തന്നെയാണ് എന്നു സങ്കടത്തോടു കൂടി പ്രസ്താവിക്കയുണ്ടായത്."

## രാഷ്ട്രീയമണ്ഡലത്തിൽ

തനി രാഷ്ട്രീയ വിഷയങ്ങളിൽ ഒരിക്കലും ആർച്ചുബിഷപ്പ് ഇട പെട്ടിരുന്നില്ല. എന്നാൽ താദൃശവിഷയങ്ങളെപ്പറ്റി അഭിപ്രായം പുറപ്പെടുവിക്കുന്നതിലും ആദർശങ്ങൾ പ്രഖ്യാപിക്കുന്നതിലും നിർദ്ദേശങ്ങൾ നല്കുന്നതിലും അദ്ദേഹം വിമുഖനായിരുന്നിട്ടുമില്ല. തിരുവിതാംകൂറിലെ ഒരു സുപ്രസിദ്ധ രാഷ്ട്രീയപ്രവർത്തകനും "ദീപിക" പത്രാധിപരുമായിരുന്ന ശ്രീമാൻ എൻ. വി. ജോസഫ് B.A.B.L കഥാപുരുഷനെപ്പറ്റി ദീപികയിൽ എഴുതിയിരുന്ന ഒരു ലേഖനത്തിൽ ഇപ്രകാരം കാണുന്നു.

"കാലം ചെയ്ത മാർ ഈവാനിയോസ് തിരുമേനി ഒരു അസാ മാന്യ ബുദ്ധിമാനായിരുന്നു എന്ന് അദ്ദേഹത്തോട് ഇടപെടാൻ അവസരം ലഭിച്ചിട്ടുള്ള ആരും സമ്മതിക്കുമല്ലോ. ജീവിതം വൈദിക വൃത്തിയായി അർപ്പിക്കപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന്റെ ഈ മഹാബുദ്ധിയുടെ പ്രകാശനം മതകാര്യങ്ങളിലും സഭാകാര്യങ്ങളിലു മാണ് നമുക്ക് കൂടുതൽ അനുഭവപ്പെട്ടിട്ടുള്ളത്. എങ്കിലും ഒരു സർവ്വകലാവല്ലഭത്വത്തിനുള്ള കഴിവുകൾ തിരുമേനിക്ക് ജന്മസിദ്ധമായി രുന്നു. തനി രാഷ്ട്രീയമായ കാര്യങ്ങളിൽ തിരുമേനി തലയിട്ടിരുന്നില്ല. എങ്കിലും രാഷ്ട്രീയപ്രവർത്തകരുമായി സംഭാഷണത്തിൽ ഏർപ്പെടാൻ അദ്ദേഹം വൈമുഖ്യം കാണിച്ചിരുന്നുമില്ല. നിവർത്തനപ്രസ്ഥാനത്തിന്റെ ആരംഭഘട്ടത്തിൽ ഒരിക്കൽ തിരുവനന്തപുരത്തുവച്ച് തിരുമേനിയുമായി പ്രസ്തുത സംരംഭത്തെപ്പറ്റി യദൃച്ഛയാ സംഭാഷണത്തിൽപ്പെടുവാൻ എനിക്കു സംഗതി വന്നു. ആ സംഭാഷണത്തിന്റെ ഫലമായിട്ടാണ് ആ പ്രസ്ഥാനം "Abstention Movement" എന്ന് ഇംഗ്ലീഷിലും "നിവർത്തനപ്രസ്ഥാനം" എന്നു മലയാളത്തിലും നാമകരണം

ചെയ്യപ്പെടുവാൻ ഇടയായത്. ഈ വസ്തുത അറിവുള്ളവർ അന്നും ഇന്നും വളരെയുണ്ടെന്ന് ഞാൻ കരുതുന്നില്ല. എന്തുകൊണ്ടെന്നാൽ തിരുമേനിയുടെ നാമധേയം ഇത്രമാത്രം പോലും ഈ പ്രസ്ഥാനത്തോടു ഘടിപ്പിക്കുന്നത് അക്കാലസ്ഥിതികൾക്ക് കേവലം അവിവേകമായി പ്രസ്തുതഭാരവാഹികൾ കരുതിയിരിക്കണം...

തിരുവിതാംകൂറിൽ ഗവൺമെന്റിനെതിരായി പോരാട്ടം നടത്തിക്കൊണ്ടിരുന്ന നിവർത്തന പ്രസ്ഥാനത്തിന്റെ ആവിർഭാവ കാലത്ത് അതിന്റെ നിലനില്പിനും വിജയത്തിനുംവേണ്ടി ആർച്ചു ബിഷപ്പ് എന്തെല്ലാമാണു പ്രവർത്തിച്ചതെന്ന് തന്റെ ലേഖനത്തിൽ മിസ്റ്റർ ജോസഫ് തുടർന്ന് പ്രസ്താവിച്ചിരിക്കുന്നു. അതിലെ ഒരു ഭാഗമാണു താഴെ ചേർക്കുന്നത്.

“എൽ.എം.എസ്സ്. ഹോളിൽ യോഗം ചേരുന്നതിനു രണ്ടു ദിവസം മുമ്പ് ഒരു വൈകുന്നേരം ഞാൻ സംഗതിവശാൽ തിരുമേനിയെ കാണാൻ പോയി. തിരുമേനി അന്നു താമസിച്ചിരുന്നത് പട്ടത്ത് ശരവണസ്വാമിയുടെ വകയായ കെട്ടിടത്തിലാണെന്നാണ് എന്റെ ഓർമ്മ. അന്നു തിരുമേനിയുമായി പരിചയം ഉണ്ടെന്നു പോലും പറയത്തക്ക അടുപ്പം എനിക്കില്ലായിരുന്നു. ഞാൻ ചെന്നപ്പോൾ സാഹിത്യതിലകൻ ഷെവലിയർ സി.കെ.മറ്റം തിരുമേനിയുടെകൂടെ ഉണ്ടായിരുന്നു എന്നാണു തോന്നുന്നത്. ക്രമേണ സംഭാഷണവിഷയം അന്നത്തെ രാഷ്ട്രീയ പ്രസ്ഥാനത്തിലേക്ക് തിരിഞ്ഞു. 1933 ജനുവരി 9-ാം തീയതി ദിവാൻജിയുടെ അടുക്കൽ പോയ ഡെപ്യുട്ടേഷനെ നയിച്ചത് ഞാനായിരുന്നു. അക്കാലങ്ങളിൽ ഈ വിഷയത്തെ പുരസ്കരിച്ചുള്ള ന്യായങ്ങളും സ്ഥിതിവിവരക്കണക്കുകളുമെല്ലാം എനിക്ക് ഏതാണ്ടു മനഃപാഠമായിരുന്നു. “ഈ പ്രസ്ഥാനം എങ്ങനെ വിജയിപ്പിക്കണമെന്നാണ് മി.ജോസഫ് വിചാരിക്കുന്നത്?” എന്ന് തിരുമേനി ചോദിച്ചു. “അവസാനഘട്ടത്തിൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഇടപെടൽകൊണ്ട്,” എന്ന് ഞാൻ മറുപടി പറഞ്ഞു. മഹാത്മാഗാന്ധിയുടെയും ഇൻഡ്യൻ നാഷണ‍ൽ കോൺഗ്രസിന്റെയും ഇന്നത്തെ ടെക്നിക്ക് ആണല്ലോ നിസ്സഹകരണം, നിയമലംഘനം, ബോയിക്കോട്ട് മുതലായവ; ആ പേരുകൾ തന്നെ ബ്രിട്ടീഷ് ഗവൺമെന്റിന് വെറുപ്പുള്ളവയല്ലയോ? എന്നായിരുന്നു പിന്നത്തെ ചോദ്യം “രാജാധികാരം ക്ഷയിപ്പിക്കണമെന്ന് നിങ്ങൾക്ക് വാദമുണ്ടോ? അതോ, നിയമസഭാപ്രാതിനിധ്യവാദമേ നിങ്ങൾക്കുള്ളോ?” എന്നു തിരുമേനി ചോദിച്ചു. നിയമസഭാപ്രാതിനിത്യ

വാദമേ ഈ പ്രസ്ഥാനത്തിന്റെ ജീവൽപ്രസ്ഥാനമായി ഇപ്പോഴുള്ളു എന്നു ഞാൻ മറുപടി പറഞ്ഞു. നിങ്ങളുടെ രാജഭക്തിയെപ്പറ്റി ബ്രിട്ടീഷ് ഗവൺമെന്റ് ശങ്കിക്കുമോ? എന്നായിരുന്നു അടുത്ത ചോദ്യം. സുദൃഢമായ ചില അഭിപ്രായങ്ങൾ ഇതു സംബന്ധിച്ചു തിരുമേനിക്കുണ്ടെന്ന് സംഭാഷണത്തിൽ നിന്നും ഞാൻ ഊഹിക്കാതിരുന്നില്ല. തിരുമേനിയും ഞാനുമായി അടുത്തു പരിചയം ഇല്ലായിരുന്നു. അതിനാൽ തന്റെ അഭിപ്രായങ്ങൾ തുറന്നു പറയുന്നില്ലെന്നും എനിക്കു തോന്നി. ഞങ്ങളുടെ പ്രസ്ഥാനം അപ്പോൾ തന്നെ ഗവൺമെന്റിന്റെയും, രാജകൊട്ടാരത്തിന്റെയും അപ്രീതിക്കു പാത്രമായിത്തീർന്നിരുന്നു. സംഭാഷണവും കഴിഞ്ഞ് രാത്രി ഞാൻ പാളയത്തേക്ക് നടന്നുപോന്നു. ഈ സംഭാഷണം എന്റെ ചിന്തയെ ശക്തിയായി ഉദ്ദീപിപ്പിച്ചു. രണ്ടു കാര്യങ്ങളിലേക്ക് എന്റെ ചിന്ത തിരിഞ്ഞു. "നിസ്സഹകരണം" എന്ന പേര് ഉപേക്ഷിക്കണം. എൽ.എം.എസ്സ്. ഹാളിലെ യോഗം രാജഭക്തി പ്രമേയത്തോടുകൂടി ആരംഭിക്കണം എന്ന അഭിപ്രായത്തിൽ ഞാൻ എത്തിച്ചേർന്നു. അന്നുരാത്രി തന്നെ ഞാൻ മി.ഐ.സി. ചാക്കോയെ കണ്ടു. ഇക്കാര്യങ്ങളെപ്പറ്റി സവിസ്തരം ചർച്ച ചെയ്തു. പിറ്റേ ദിവസം വൈകുന്നേരം മി.ഈ.ജെ. ജോണിന്റെ വസതിയിൽ ഞങ്ങൾ കൂടിയപ്പോൾ പേരിന്റെ വിഷയം ഞാൻ എടുത്തിട്ടു. പ്രസ്ഥാനം "Abstention Movement" എന്ന പേരിൽ മേലിൽ അറിയപ്പെടണമെന്ന് തീരുമാനിച്ചു. "പ്രസ്തുത പേരാകട്ടെ" എന്നു പറഞ്ഞത് ജോൺ വക്കീൽ അവർകളാണെന്നാണ് എന്റെ ഓർമ്മ. പിറ്റേദിവസം ഞാൻ മി.ഐ.സി.യുടെ വീട്ടിലെത്തി മലയാളപദം വേണമെന്നായി. മി.ചാക്കോ.ഇംഗ്ലീഷ് സംസ്കൃതനിഘണ്ഡുവും മറ്റും എടുത്തു നോക്കിക്കൊണ്ടു "നിവർത്തനം" എന്നായിക്കളയാം എന്നും പറഞ്ഞു. എൽ. എം. എസ്സ് യോഗത്തിലെ നിയമസഭാനിസ്സകരണ പ്രമേയത്തിൽ Abstain എന്ന പദമാണ് ഉപയോഗിച്ചത്. അതിനുശേഷം "നിവർത്തനം" "ഗാന്ധിയൻ നിസഹകരണം" എന്നിവ തമ്മിലുള്ള ആന്തരിക വ്യത്യാസങ്ങളെ വിശദമാക്കി ഞാൻ പത്രങ്ങളിൽ പ്രസിദ്ധം ചെയ്തു. അങ്ങനെയാണ് നിവർത്തനപദത്തിന് നമ്മുടെ രാഷ്ട്രീയചരിത്രത്തിലും ഭാഷയിലും ഇന്നുള്ള പ്രതിഷ്ഠ ലഭിച്ചത്.

എൽ.എം.എസ്സ്.യോഗത്തിലെ ആ രാജഭക്തി പ്രമേയത്തിന് വിലയില്ലാതെ പോയില്ല. നിവർത്തന പ്രസ്ഥാനം ഏറെക്കുറെ പൂർണ്ണവിജയത്തിലാണല്ലോ അവസാനിച്ചത്. അതിന് മുമ്പ് ഇലക്ഷനിൽ ഒരൊറ്റ സീറ്റുപോലും പൊതുനിയോജകമണ്ഡലത്തിൽ

നിന്നും ലഭിച്ചിട്ടില്ലാത്ത ഈഴവർക്കും മുസ്ലീങ്ങൾക്കും, ജനസംഖ്യാനുപാതികമുള്ള സീറ്റു സംവരണം നിവർത്തനം മൂലം ലഭിച്ചു. നായന്മാർക്കും സുറിയാനിക്രിസ്ത്യാനികൾക്കും മുൻകാലങ്ങളെ അപേക്ഷിച്ച് താരതമ്യേന നിയമസഭാപ്രാതിനിധ്യം കുറയുകയും ചെയ്തു. അങ്ങനെ അവസാനിപ്പിച്ചത് ദിവാൻ സർ. ഹബിബുള്ളായും, പൊളിറ്റിക്കൽ ഏജന്റ് കേണൽ ഗാഴ്സ്റ്റിനും കൂടിയായിരുന്നു. കേണൽ ഗാഴ്സ്റ്റിനും ഞാനുമായിട്ട് വളരെ സംഭാഷണങ്ങൾ ഇത് സംബന്ധിച്ച് നടത്തിയിട്ടുണ്ട്. നിവർത്തനപദത്തിന്റെയും രാജഭക്തിപ്രമേയത്തിന്റെയും മറ്റും വില എത്രമാത്രമായിരുന്നു എന്ന് അന്നെല്ലാം എനിക്ക് വേണ്ടപോലെ മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിന് നിവർത്തന പ്രസ്ഥാനം സാക്ഷാൽ കടപ്പെട്ടിരിക്കുന്നത് മാർ ഈവാനിയോസ് തിരുമേനിയുടെ രാഷ്ട്രീയമർമ്മജ്ഞതയോടാണ്.''

## സഭയ്ക്കും രാഷ്ട്രത്തിനുംവേണ്ടി

ഭാരതം സ്വതന്ത്രമായിത്തീരുകയും 'ഇൻഡ്യാ' 'പാക്കിസ്ഥാൻ' എന്നീ രണ്ടു രാജ്യങ്ങളായി വിഭജിക്കപ്പെടുകയും ചെയ്ത അവസരത്തിൽ ആർച്ചുബിഷപ്പ് അമേരിക്കൻ പര്യടനത്തിലായിരുന്നു. സ്വതന്ത്രമായിത്തീർന്ന ഇൻഡ്യയും പാക്കിസ്ഥാനും വത്തിക്കാനിലേക്ക് പ്രതിനിധികളെ അയയ്ക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയുള്ള ബോദ്ധ്യം നിമിത്തം അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ന്യൂയോർക്കിൽ വെച്ച് അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. പ്രസ്തുത പരിശ്രമങ്ങളെ വിവരിച്ചുകൊണ്ട് ഇൻഡ്യൻ ഡലിഗേറ്റ് അപ്പസ്തോലിക്കാതിരുമേനിക്ക് ന്യൂയോർക്കിൽ നിന്നും ബാംഗ്ലൂരിലേക്ക് അയച്ചുകൊടുത്ത കത്തിൽനിന്നും ഏതാനും ഭാഗങ്ങളാണ് ചുവടെ ചേർക്കുന്നത്.

വന്ദ്യതിരുമേനി,

റഷ്യയിലെ ഇൻഡ്യൻ അംബാസിഡറായ മിസ്സസ് വിജയലക്ഷ്മി പണ്ഡിറ്റ്, യു.എൻ.ഒ.യിൽ ഇൻഡ്യയെ പ്രതിനിധീകരിക്കുന്നതിനായി മോസ്ക്കോയിൽനിന്നും ഇവിടെ (ന്യൂയോർക്ക്) വന്നിരുന്നു. വിവിധ മതസ്ഥരും വിവിധ രാഷ്ട്രീയ നേതാക്കന്മാരുമായി സമീപപൂർവ്വ ദേശങ്ങളിലും മദ്ധ്യപൂർവ്വദേശങ്ങളിലും നിന്നു ന്യൂയോർക്കിൽ വന്നിട്ടുള്ള ചില പ്രമുഖന്മാർ ഈ സന്ദർഭത്തിൽ അംബാസിഡറുടെ ബഹുമാനാർത്ഥം ഒരു വിരുന്നുസൽക്കാരം നടത്തുകയുണ്ടായി. അതിലേക്ക് എന്നെയും പ്രത്യേകം ക്ഷണിച്ചിരുന്നു. മിസ്സസ് വിജയലക്ഷ്മി പണ്ഡിറ്റിനെ വളരെ കൊല്ലങ്ങൾക്കുമുമ്പുതന്നെ

എനിക്ക് പരിചയമുണ്ടായിരുന്നതു നിമിത്തം അവരോടു ദീർഘസമയം സംസാരിക്കുന്നതിന് എനിക്ക് ആ സന്ദർഭത്തിൽ സാധിച്ചു.

വത്തിക്കാനിലേക്ക് അക്രൈസ്തവരാജ്യങ്ങളിൽ പലതും തങ്ങളുടെ പ്രതിനിധികളെ അയച്ചിട്ടുണ്ടെന്നും, അമേരിക്കൻ പ്രസിഡണ്ടു ട്രൂമാനും സ്വന്തം പ്രതിനിധിയെ അവിടെ നിയമിച്ചിട്ടുണ്ടെന്നും, എന്നാൽ അതേസമയം, 1947 ആഗസ്റ്റ് 15-ാം തീയതി സ്വതന്ത്രമായ ഇൻഡ്യാ യാതൊന്നും ചെയ്യുവാൻ ഇതുവരെ മുമ്പോട്ടുവന്നിട്ടില്ലെന്നുമുള്ള യാഥാർത്ഥ്യം ഞാൻ അവരുടെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. ഇതിനു മറുപടിയായി എന്റെ നിർദ്ദേശത്തെയും അഭിപ്രായത്തെയും അവർ സുദൃഢം പിൻതാങ്ങുന്നുണ്ടെന്നും ഇതേപ്പറ്റി ഉടൻതന്നെ ഇൻഡ്യാഗവൺമെന്റിന് എഴുതി അയയ്ക്കുന്നതാണെന്നും അവർ പറയുകയുണ്ടായി.

ഇൻഡ്യയുടെ പ്രധാനമന്ത്രിയായ മിസ്റ്റർ നെഹ്റു അവരുടെ സഹോദരനാണ്. കാനഡായിൽ വെച്ച് ഞാൻ അദ്ദേഹത്തിന് ഏതാനും കത്തുകളയയ്ക്കുകയുണ്ടായി. അതിലൊന്നിലും തന്നെ ഇൻഡ്യയിൽ നിന്നും വത്തിക്കാനിലേക്ക് അംബാസിഡറെ നിയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സൂചിപ്പിക്കുകയുണ്ടായില്ല. ഇക്കാര്യം മിസ്സിസ് വിജയലക്ഷ്മി പണ്ഡിറ്റ് മുഖേന നിയമാനുസൃതമാം വിധം അറിയിക്കുകയാണ് ഉത്തമമെന്നുള്ളതാണ് എന്റെ അഭിപ്രായം. അതിനു തക്കതായ കാരണവും എനിക്കുണ്ട്. അവർ ഒരു ഹൈന്ദവമതസ്ഥയാണ്. മോസ്കോയിലെ ഇൻഡ്യൻ അംബാസിഡറും അതേസമയം യു.എൻ.ഒ.യിലെ ഇൻഡ്യൻ പ്രതിനിധികളുടെ നേതാവുമാണ്. അതുകൊണ്ട് അവർതന്നെ നേരിട്ട് മിസ്റ്റർ നെഹ്റുവിന് എഴുതുന്നതായിരിക്കും കൂടുതൽ പ്രയോജനപ്രദം.

ഇപ്പോൾ ന്യൂയോർക്കിൽ താമസിച്ചുകൊണ്ടിരിക്കുന്ന പാക്കിസ്ഥാന്റെ യു.എൻ.ഒ.യിലേക്കുള്ള രണ്ടു പ്രതിനിധികളോടും വത്തിക്കാനിലേക്കു പാക്കിസ്ഥാനും പ്രതിനിധിയെ അയയ്ക്കണമെന്ന് ഒരു ഇൻഡ്യൻ പൗരനെന്ന നിലയിൽ നിയമപരിധി ലംഘിക്കാതെ തന്നെ പറയുവാൻ ഞാനുദ്ദേശിക്കുന്നു. ഒരു മുസ്ലീം രാജ്യമെന്ന നിലയിൽ ഇതരപൗരസ്ത്യ മുസ്ലീം രാജ്യങ്ങളുടെ വിദേശനയം തന്നെയാണ് നിരവധി കാര്യങ്ങളിൽ പാക്കിസ്ഥാനും സ്വീകരിച്ചിട്ടുള്ളത്. ആകയാൽ ഇക്കാര്യത്തിലും അനുകൂലമായി പാക്കിസ്ഥാൻ പ്രവർത്തിക്കുമെന്ന് എനിക്ക് ദൃഢമായ വിശ്വാസമുണ്ട്.

ഇൻഡ്യയും പാക്കിസ്ഥാനും സമീപഭാവിയിൽ ഇതിനുവേണ്ടി ഉദ്യമിക്കുന്ന ഘട്ടത്തിൽ പ്രസ്തുത സംരംഭത്തിന്റെ സാഹചര്യം അവിടുത്തെ മനസ്സിൽ ഉണ്ടായിരിക്കേണ്ടത് ഏറ്റം അത്യന്താപേക്ഷിത മാകയാലാണ് ഞാൻ ഇതേപ്പറ്റി ഇപ്രകാരം തിരുമേനിക്ക് എഴുതി അയയ്ക്കുന്നത്......

ആർച്ചുബിഷപ്പിന്റെ പരിശ്രമഫലമായി അധികകാലതാമസ മെന്യേ ഇൻഡ്യയിൽ നിന്നും പാക്കിസ്ഥാനിൽനിന്നും വത്തിക്കാനി ലേക്ക് പ്രതിനിധികളെ അയയ്ക്കുകയുണ്ടായി എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രേ.

## ഇൻഡ്യ കോമൺവെൽത്തിൽ

കോമൺ വെൽത്തിൽ ഉൾപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ ഇൻഡ്യയും ഉൾപ്പെടേണ്ടത് അത്യന്താപേക്ഷിതമാണെന്നുള്ള ബോദ്ധ്യം നിമിത്തം അതിനുവേണ്ടി ഇൻഡ്യ സന്നദ്ധത പ്രകടിപ്പിക്കണമെന്നുള്ള അഭിപ്രായം കഥാപുരുഷൻ പലപ്പോഴും അമേരിക്കയിൽ വെച്ചു പ്രകടിപ്പിച്ചിട്ടുണ്ട്. ഇതേപ്പറ്റി ഇൻഡ്യൻഡലിഗേറ്റ് അപ്പസ്തോലി ക്കായ്ക്ക് കാനഡായിൽനിന്നും അയച്ചിട്ടുള്ള ഒരെഴുത്തിൽ ഇപ്രകാരം കാണുന്നു.

.......1947 ആഗസ്റ്റ് 15-ാം തീയതി ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിച്ചതിനുമുമ്പ് ബ്രിട്ടീഷ് പാർലമെന്റിൽ ഇൻഡ്യക്കും സ്വാതന്ത്ര്യം നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വിവാദം നടന്നുകൊണ്ടിരുന്ന അവസരത്തിൽ ഇൻഡ്യയും ക്യാനഡായും തമ്മിൽ കൂടുതൽ അറിയുന്നതിനും അടുക്കുന്നതിനും ഇടയായിത്തീർന്നു. ബ്രിട്ടീഷ് കോമൺവെൽത്തിൽ ഇന്ത്യ ഉൾപ്പെടണമോ അതോ, അതിൽനിന്നും പുറത്തുനിലകൊള്ളണമോ എന്ന് ഒരു വർഷത്തിനകം നിശ്ചയിക്കുന്ന തിനുള്ള അവകാശം ഇൻഡ്യക്കുണ്ട്. ക്യാനാഡായും, ആസ്ട്രേലി യായും, അയർലണ്ടും, തെക്കേ അമേരിക്കയും തമ്മിൽ സൗഹാർദ്ദം പുലർത്തിക്കൊണ്ട് ഭാവിയിൽ ഇൻഡ്യയും ബ്രിട്ടീഷ് കോമൺവെൽ ത്തിൽ ഒരംഗമായി ചേരുന്നത് അഭിലഷണീയവും അത്യന്താപേക്ഷി തവും ആണെന്നത്രേ എന്റെ അഭിപ്രായം. ബ്രിട്ടീഷ് കോമൺവെൽ ത്തിൽ നിന്നും ഇൻഡ്യ പുറത്തു നില്ക്കുകയാണെങ്കിൽ നിശ്ചയമായും കമ്മ്യൂണിസ്റ്റ് റഷ്യയുമായി സമ്പർക്കം പുലർത്തുന്നതിനുള്ള സാദ്ധ്യത യുണ്ട്. റഷ്യയാണെങ്കിൽ ഇപ്പോൾ മദ്ധ്യേഷ്യയിലും ഇൻഡ്യയുടെ

വടക്കുപടിഞ്ഞാറൻ അതിർത്തികളിലും കമ്മ്യൂണിസ്റ്റ് പ്രചരണം ശക്തിമത്തായി നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഇൻഡ്യയും റഷ്യയുമായുള്ള ആ സഖ്യത്തിലേക്ക് ചൈനകൂടി പ്രവേശിക്കുകയാണെങ്കിൽ കത്തോലിക്കാസഭയുടെ അഭിലാഷങ്ങളും ആവശ്യങ്ങളും അവകാശങ്ങളും ഇൻഡ്യയിൽ അവഗണിക്കപ്പെടുവാനുള്ള സാദ്ധ്യതയുണ്ട്. അപ്രകാരമുള്ള ഒരു വലിയ അപകടസന്ധിയിലേക്ക് ഇൻഡ്യ നീങ്ങുകയായിരിക്കും അതിന്റെ ദുരന്തഫലം. കോമൺവെൽത്തുമായുള്ള സമ്പർക്കം തുടർന്നുകൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഒരു ബോദ്ധ്യം നമ്മുടെ രാഷ്ട്രീയ നേതാക്കന്മാരിൽ ഉളവാക്കുവാൻ രാഷ്ട്രീയകാര്യത്തിൽ ഒട്ടുംതന്നെ കൈകടത്താതെ ഞാൻ കഴിയുന്നത്ര പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.''

താമസിയാതെ തന്നെ ഇൻഡ്യ ബ്രിട്ടീഷ് കോമൺവെൽത്തിൽ ചേരുകയും ചെയ്തു.

## കമ്മ്യൂണിസത്തെപ്പറ്റി

തിരുവനന്തപുരത്തുവെച്ചു നടന്ന ഒരു മഹായോഗത്തിൽ കമ്മ്യൂണിസത്തിന്റെ വിനാശഫലങ്ങളെ പുരസ്കരിച്ച് കഥാപുരുഷൻ ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗമാണ് താഴെ ചേർക്കുന്നത്-

''ഇന്ന് രാഷ്ട്രങ്ങളുടെയും സമുദായങ്ങളുടെയും നിലനില്പിനും പുരോഗതിക്കും വലിയ വിഘ്നമായിത്തീർന്നിരിക്കുന്നത് നിരീശ്വരപരമായ കമ്മ്യൂണിസത്തിന്റെ പ്രചാരമാണ്. ഈ വിപ്ലവാദർശങ്ങളുടെ നശീകരണഫലങ്ങൾ സർവ്വരാജ്യങ്ങളെയും ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അർദ്ധപക്വമായ ആശയങ്ങളും അനാശാസ്യഗീതങ്ങളും നമ്മുടെ അന്തരീക്ഷത്തിന്റെ ശാന്തതയെ നശിപ്പിക്കുന്നതിനും സമുദായസ്ഥിതിയുടെയും നാം പരിപാവനമായി ഗണിക്കുന്ന സർവ്വതത്വങ്ങളുടെയും അസ്ഥിവാരത്തെ ഇളക്കുന്നതിനും ശ്രമിച്ചുവരുന്ന വ്യവസ്ഥാപിതാധികാരത്തോടുള്ള മത്സരമാണ് ഇന്നത്തെ മനോഭാവം. മതത്തിന്റെയും രാഷ്ട്രത്തിന്റെയും ഈ വലിയ ശത്രുവിനോട് കത്തോലിക്കാസഭ അനുസ്യൂതം എതിരിട്ടുകൊണ്ടിരിക്കുന്നു. ഈ നശീകരണപ്രസ്ഥാനത്തിന്റെ പുരോഗതിയെ തടയുന്നതിന് ഈ സന്ദർഭത്തിൽ രാഷ്ട്രത്തിന്റെ സഹായസഹകരണമുണ്ടാകുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ദൈവാധികാരം കൂടാതെ മനഃസാക്ഷിയുടെ പ്രേരണകൾക്ക് സ്ഥാനമില്ലെന്നുള്ളത് ഒരിക്കലും വിസ്മരിക്കരുത്. ധാർമ്മികനിയമത്തിന്റെ അഭാവത്തിൽ ജനതയും

കുടുംബങ്ങളും സംസ്ക്കാരവും എല്ലാം നശിക്കാതെ നിവൃത്തിയില്ല. തന്മൂലം മതത്തെയും രാഷ്ട്രത്തെയും മതത്തിന്റെ യഥാർത്ഥസൗഭാഗ്യത്തെയും ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തെ നേരിടേണ്ടത് ദൈവത്തിലും ആത്മികവും ധാർമ്മികവും ആയ അധികാരത്തിലും വിശ്വസിക്കുന്ന സർവ്വരുടെയും കടമയാണ്. അനേകം യുഗങ്ങളിലെ അനുഭവജ്ഞാനവും, കാലനികഷത്താൽ പരിശോധിതമായ തത്വാവലിയും സംസിദ്ധമായിട്ടുള്ള കത്തോലിക്കാസഭ, മാർപ്പാപ്പായുടെ നിർദ്ദേശാനുസരണം നിരീശ്വരപരമായ ഈ കമ്മ്യൂണിസത്തെ പ്രതിരോധിക്കുന്നതിനും, സുസ്ഥിരമായ ഭരണകൂടത്തിന്റെ നിലനില്പിനും, അപരിത്യാജമായ വ്യവസ്ഥാപിതാധികാരത്തോടുള്ള ആദരവിന്റെ സംരക്ഷണയ്ക്കുവേണ്ടി അതിന്റെ ധാർമ്മികശക്തി മുഴുവൻ പ്രയോഗിക്കുന്നതാണ്."

ഏവംവിധം സജീവരാഷ്ട്രീയത്തിലോ കക്ഷിരാഷ്ട്രീയത്തിലോ ഇടപെടാതെ ഒരു ക്രൈസ്തവമേലദ്ധ്യക്ഷന് അനുയോജ്യമാംവിധം ആദർശരാഷ്ട്രീയത്തിൽ അതും ദൈവമഹത്വത്തെയും സഭയുടെ ഉന്നമനത്തെയും ലക്ഷ്യമാക്കി ഇടപെടുക മാത്രമേ ആർച്ചുബിഷപ്പ് ചെയ്തിട്ടുള്ളുവെന്ന് മേലുദ്ധരിച്ച പ്രസംഗങ്ങളിൽ നിന്നും എഴുത്തുകുത്തുകളിൽ നിന്നും വ്യക്തമാകുന്നതാണ്.

## അദ്ധ്യായം 56

# ചിന്താർഹങ്ങളായ ഏതാനും ഫലിതോക്തികൾ

സ്വതവേ ഗൗരവപ്രകൃതിയായിരുന്നുവെങ്കിലും ആരെയും പൊട്ടിച്ചിരിപ്പിക്കുന്ന സന്ദർഭോചിതമായ ഫലിതങ്ങൾ പ്രയോഗിക്കുന്നതിൽ അതീവസമർത്ഥനായിരുന്നു ആർച്ചുബിഷപ്പ്. "മഹാന്മാരുടെ ഇടയിലെ ഫലിതസമ്രാട്ട് എന്ന് അമേരിക്കയിൽ ഒരു ഗ്രന്ഥകാരനായ ഗ്യാരസ്പി കഥാപുരുഷനെപ്പറ്റി ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. കേവലം ചിരിപ്പിക്കുന്നതിനുവേണ്ടി മാത്രമല്ല, പിന്നെയോ ശ്രോതാക്കൾ ചിന്തിക്കുകയും പ്രയോജനമെടുക്കുകയും ചെയ്യുന്നതിനു പര്യാപ്തമായ ഫലിതങ്ങളായിരുന്നു അദ്ദേഹത്തിൽ നിന്നും പുറപ്പെട്ടിട്ടുള്ളത്. അവയിൽ ചിലത് ചുവടേ ചേർത്തുകൊള്ളുന്നു.

*          *          *          *

കത്തോലിക്കാസഭാ പുനരൈക്യത്തിൽ ആർച്ചുബിഷപ്പിനെ അനുമോദിക്കുന്നതിനുവേണ്ടി ചങ്ങനാശ്ശേരിയിൽ വച്ച് ഒരു വമ്പിച്ച യോഗം കാളാശ്ശേരി തിരുമേനിയുടെ അദ്ധ്യക്ഷതയിൽ 1930-ൽ നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷൻ തിരുമേനി ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു. "കത്തോലിക്കാസഭാ പുനരൈക്യം പ്രാപിച്ച ഈ വന്ദ്യതിരുമേനിയോടും അനുയായികളോടും ഞങ്ങൾക്കുള്ള സ്നേഹവും ബഹുമാനവും ഈ സന്ദർഭത്തിൽ പ്രകടിപ്പിച്ചുകൊള്ളുന്നു. സ്നേഹിക്കുകയും ബഹുമാനിക്കുകയും മാത്രമല്ല ഇവർക്കു വേണ്ട സഹായങ്ങളും നാം ചെയ്തുകൊടുക്കണം. അവരും പലവിധത്തിൽ നമ്മെ സഹായിക്കും."

മറുപടി പ്രസംഗത്തിൽ മാർ ഈവാനിയോസ് ഇപ്രകാരം പ്രസ്താവിച്ചു: "വന്ദ്യതിരുമേനി പറഞ്ഞതനുസരിച്ച് ഞങ്ങൾ പ്രവർത്തിച്ചുകൊള്ളാം. പരസ്പരസ്നേഹവും സഹായവും പ്രായോഗികമായി നമുക്കു കാണിച്ചുകൊടുക്കാം. മേലാൽ വന്ദ്യതിരുമേനിക്കുള്ളതെല്ലാം ഞങ്ങളുടേതും ഞങ്ങൾക്കുള്ളതെല്ലാം തിരുമേനിയുടേതും ആയിരിക്കും."

അർത്ഥസംപുഷ്ടി നിറഞ്ഞ ഈ ഫലിതോക്തി കേട്ട് ശ്രോതാക്കളെല്ലാം കൈകൊട്ടിച്ചിരിച്ചു. എന്നാൽ കാളാശ്ശേരി തിരുമേനിയാകട്ടെ, അതു സാദ്ധ്യമല്ലെന്നുള്ള അർത്ഥത്തിൽ കണ്ണടച്ചു തല കുലുക്കി.

*　　　*　　　*　　　*

യൂറോപ്യൻ പര്യടനവേളയിൽ അനേകം സുഹൃത്തുക്കളുടെ സാന്നിദ്ധ്യത്തിൽ ആർച്ചുബിഷപ്പ് ഇപ്രകാരം പ്രസ്താവിച്ചു: "പാശ്ചാത്യരായ നിങ്ങൾ അമ്മയെ കൊന്നു ഭക്ഷിക്കുന്നവരാണ്. എന്നാൽ ഞങ്ങളാകട്ടെ, അപ്രകാരം ചെയ്യുന്നവരല്ല." ശ്രോതാക്കൾ അത്ഭുതപ്പെട്ടു. "എന്താണിദ്ദേഹം പറയുന്നത്? ഞങ്ങൾ കൊലപാതകം ചെയ്യുന്നവരെന്നോ? ഞങ്ങൾ അമ്മയുടെ മാംസം ഭക്ഷിക്കുന്ന നരഭോജികളെന്നോ?" ആർച്ചുബിഷപ്പ് പറഞ്ഞു. "ഞാൻ തെളിയിക്കാം. നമുക്ക് രണ്ടമ്മമാരുണ്ട്. ഒന്നാമത്തേത് നമ്മെ പ്രസവിച്ച അമ്മ. രണ്ടാമത്തേതു നമുക്ക് പാലു തരുന്ന അമ്മ. ഇതിൽ രണ്ടാമത്തെ അമ്മയേ, അതേ, പശുവിനെയാണ് നിങ്ങൾ കൊന്നുഭക്ഷിക്കുന്നത്." ശ്രോതാക്കൾക്ക് പുഞ്ചിരിയോടുകൂടെ ഈ പരമാർത്ഥം സമ്മതിക്കേണ്ടി വന്നു.

ഗോമാംസവർജ്ജകരായ ഭാരതത്തിലെ ഹൈന്ദവരെ അനുകരിച്ചായിരുന്നു ഗോമാംസം മാത്രമല്ല, സകലവിധ മാംസവും വർജ്ജിച്ചുകൊണ്ടുള്ള നിയമം ബഥനി സന്ന്യാസസമൂഹത്തിന് കഥാപുരുഷൻ നല്കിയത്.

*　　　*　　　*　　　*

തിരുവനന്തപുരം അരമനയിൽ താമസിച്ച് മിഷൻവേല ചെയ്തുകൊണ്ടിരുന്ന ഒരു വൈദികനോട് ഒരിക്കൽ ആർച്ചുബിഷപ്പു പറഞ്ഞു: "നാളെ അച്ചൻ (ഇന്ന) മിഷനിൽ പോയി വിശുദ്ധ കുർബാന ചൊല്ലണം." പോകാമെന്നു വൈദികൻ സമ്മതിച്ചു. എങ്കിലും വഴിയുടെ

ദൈർഘ്യമോർത്ത് പിറ്റേദിവസം അവിടെ പോകുകയുണ്ടായില്ല. ഈ വിവരം ആർച്ചുബിഷപ്പ് എങ്ങനെയോ രഹസ്യമായി അറിഞ്ഞു. അന്നു സന്ധ്യയ്ക്ക് നടക്കാനിറങ്ങിയപ്പോൾ വഴിയിൽ വെച്ചു ആ വൈദികനെ അദ്ദേഹം കണ്ടു. നിശ്ചയമായും ആർച്ചുബിഷപ്പ് തന്നെ ശാസിക്കുമെന്നോർത്ത് വൈദികൻ വിഷമിച്ചു.

ആർച്ചുബിഷപ്പ് : അച്ചൻ ഇന്നു മിഷനു പോയില്ലേ?

വൈദികൻ : പോയില്ല പിതാവേ

ആർച്ചുബിഷപ്പ് : എന്തായിരുന്നു കാരണം?

വൈദികൻ : ഒരു ചെറിയ ജലദോഷവും പനിയും പിടിച്ചു

ആർച്ചുബിഷപ്പ് : നന്നായിപ്പോയി അച്ചൻ പോകാതിരുന്നത്. അച്ചൻ പോയി പനി കൂടിയിരുന്നുവെങ്കിൽ ഞങ്ങളെല്ലാം വിഷമിക്കേണ്ടി വരുമായിരുന്നു. കൊള്ളാം, പോയി ഡോക്ടറെ കണ്ടു മരുന്നു വാങ്ങി കുടിച്ചു കുറേ ദിവസം വിശ്രമിക്കണം."

തന്നെ ശാസിക്കുമെന്നു ഭയപ്പെട്ടിരുന്ന ആ വൈദികൻ ഈ വിധ ആശ്വാസവചനങ്ങൾ കേട്ടു സന്തോഷിച്ചു. പിന്നീടൊരിക്കലും ആർച്ചുബിഷപ്പിന്റെ കല്പനക്കെതിരായി പ്രസ്തുത വൈദികൻ പ്രവർത്തിക്കുകയുണ്ടായിട്ടില്ല.

*    *    *    *

ഈ ഗ്രന്ഥകർത്താവിനുണ്ടായ ഒന്നുരണ്ട് അനുഭവങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു. ഒരു പള്ളിയുടെ ആവശ്യാർത്ഥം കുറേ പണം വാങ്ങിക്കുന്നതിനായി ഞാൻ തിരുവനന്തപുരത്തെത്തി. മനഃശാസ്ത്ര വിദഗ്ദ്ധനായ തിരുമേനി എന്നെ കണ്ടയുടൻ തന്നെ നിശ്ചയിച്ചു, പണം ചോദിക്കുവാൻ ഞാൻ ചെന്നിരിക്കയാണെന്ന്. അദ്ദേഹം പറഞ്ഞു: "അച്ചാ, പണമില്ലാതെ ഞാനിപ്പോൾ വിഷമിക്കുകയാണ്. വലിയ സംഖ്യ കടത്തിലുമായിത്തീർന്നിരിക്കുന്നു. എന്തുചെയ്യേണ്ടു." ഞാൻ പറഞ്ഞു: "പിതാവേ, അതിനൊരു മാർഗ്ഗം ഞാൻ പറയാം. അവിടെയും ഇവിടെയുമായി പല സ്ഥലങ്ങൾ പിതാവ് വാങ്ങിച്ചിട്ടുണ്ട്. (ഇന്ന) സ്ഥലത്ത് വാങ്ങിച്ചതു വെറുതെ കിടക്കുന്നു. അവിടെ ഇതേവരെ ആരും ചേർന്നിട്ടില്ല. ഇനിയും ആരും ചേരുന്ന ലക്ഷണവുമില്ല. ആ സ്ഥലവും കെട്ടിടവും വിറ്റാൽ കുറഞ്ഞപക്ഷം പതിനായിരം രൂപയെങ്കിലും ഇപ്പോൾ കിട്ടും. കടം കുറേ വീട്ടുകയും ചെയ്യാമല്ലോ."

ഇതുകേട്ടു ചിരിച്ചുകൊണ്ട് ആർച്ചുബിഷപ്പ് പറയുകയാണ്. അച്ചൻ ഉടൻതന്നെ അവിടെവരെ പോയി ആ സ്ഥലത്തിനു ചുറ്റുപാടു മുള്ള പുരയിടങ്ങൾ അതിന്റെ ഉടമസ്ഥർ വില്ക്കുവാൻ തയ്യാറാണോ എന്നന്വേഷിച്ചു മടങ്ങിവന്നു എന്നെ അറിയിക്കണം. കടം കൂടിയാലും തരക്കേടില്ല. അതും കൂടെ വാങ്ങിക്കേണ്ടത് മിഷന്റെ ഭാവിക്ക് അത്യാവശ്യമാണ്.

ഞാൻ അത്ഭുതപ്പെട്ടു. ആർച്ചുബിഷപ്പിന്റെ ദീർഘദൃഷ്ടി! എന്റെ ഹ്രസ്വദൃഷ്ടി!

*　　　*　　　*　　　*

വേറൊരു ദിവസം എന്നെ കണ്ടയുടൻ അദ്ദേഹം പറഞ്ഞു: അച്ചാ, എവിടെ നിന്നെങ്കിലും കുറേ പണം കടമെടുക്കുവാൻ സാധിക്കുമോ? ഞാനിപ്പോൾ ഒരു വലിയ സംഖ്യ കടത്തിലാണ്. ഉടൻ തന്നെ കൊടുത്തു വീട്ടേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഞാൻ പറഞ്ഞു: പിതാവേ, ഇതു കേട്ടിട്ട് എനിക്ക് വിഷമം തോന്നുന്നു.

ആർച്ചുബിഷപ്പ് : എന്താണ് വിഷമിക്കാൻ?

ഞാൻ : പിതാവ് ഒരു മനുഷ്യനാണ്. അതിരൂപതയെ ഒരു വലിയ സംഖ്യ കടത്തിലാഴ്ത്തിയ ശേഷം പിതാവിന് പെട്ടെന്ന് എന്തെങ്കിലും സംഭവിച്ചാൽ അതിരൂപതയുടെ ഭാവി എന്തായിരിക്കും? മിഷനെല്ലാം കുഴപ്പത്തിലായിത്തീരും. ഞങ്ങളെല്ലാം പട്ടിണി കിടക്കേണ്ടി വരുകയും ചെയ്യും.

ആർച്ചുബിഷപ്പ് : എടോ, അതോർത്തു നിങ്ങളാരും വിഷമിക്കേണ്ടാ. നമ്മളെല്ലാം കത്തോലിക്കാസഭയിലല്ലേ? സഭ നോക്കിക്കൊള്ളും. ഞാൻ മരിച്ചാൽ വേറൊരാൾ വരും. കടമുണ്ടെങ്കിൽ സഭ വീട്ടിക്കൊള്ളും.

കത്തോലിക്കാസഭയെപ്പറ്റി അദ്ദേഹത്തിനുള്ള മതിപ്പ്! സഭയുടെ പ്രവർത്തനങ്ങളപ്പറ്റിയുള്ള സുദൃഢവിശ്വാസം! സഭയുടെ ബലിഷ്ഠമായ ഹസ്തങ്ങളെപ്പറ്റിയുള്ള സുദൃഢമായ ഉറപ്പ്!! ഇവയെല്ലാം ഓർത്ത് ഞാൻ അഭിമാനപുളകിതനായി.

*　　　*　　　*　　　*

അമേരിക്കൻ പര്യടനാവസരത്തിൽ ഒട്ടനേകർ പങ്കെടുത്തിരുന്ന ഒരു വിരുന്നുസൽക്കാരത്തിൽ ആർച്ചുബിഷപ്പ് സംബന്ധിക്കുകയായിരുന്നു. സംഭാഷണത്തിനിടയിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: “ഭാരതീയരായ ഞങ്ങൾ അമേരിക്കക്കാരായ നിങ്ങളേക്കാൾ വൃത്തിയുള്ളവരാണ്.” അവർ അത്ഭുതപൂർവ്വം പറഞ്ഞു, “അല്ല, നിങ്ങൾ പൊതുവേ വൃത്തിയില്ലാത്തവരെന്നാണല്ലോ ഞങ്ങൾ കേട്ടിട്ടുള്ളത്.” ആർച്ചുബിഷപ്പ് – “അങ്ങനെയല്ല, നിങ്ങൾ സദ്യയ്ക്ക് ഉപയോഗിക്കുന്ന പാത്രങ്ങൾ വീണ്ടും ഉപയോഗിക്കുന്നുണ്ടല്ലോ. എന്നാൽ ഞങ്ങളാകട്ടെ, ഒരിക്കൽ ഉപയോഗിച്ച പാത്രം പിന്നീട് ഉപയോഗിക്കുകയില്ല.” അവർ ചോദിച്ചു: “അപ്പോൾ വൃത്തിയിൽ മാത്രമല്ല, സാമ്പത്തികസ്ഥിതിയിലും നിങ്ങൾ ഞങ്ങളെക്കാൾ മികച്ചവരാണെന്നോ.” ആർച്ചുബിഷപ്പ് ചിരിച്ചുകൊണ്ടു പറഞ്ഞു: ഞങ്ങൾ വാഴയിലയിലാണ് ഭക്ഷണം കഴിക്കാറുള്ളത്.

അവർക്കു കാര്യം മനസ്സിലായി. എല്ലാവരും പൊട്ടിച്ചിരിക്കയും ചെയ്തു.

*　　　*　　　*　　　*

അമേരിക്കയിലെ സംസ്ഥാനങ്ങളുടെ സംഖ്യ അനുസരിച്ചു പ്രസിഡണ്ടു ട്രൂമാനു സമ്മാനിക്കുന്നതിനായി നാല്പത്തിയെട്ടു വെള്ളച്ചക്രങ്ങൾ (തിരുവിതാംകൂറിലുണ്ടായിരന്ന ഏറ്റം ചെറിയ നാണയം) ആർച്ചുബിഷപ്പ് കൊണ്ടുപോയിരുന്നു. ട്രൂമാനുമായി നടന്ന സന്ദർശനവേളയിൽ ഈ സമ്മാനം അദ്ദേഹത്തിനു നൽകുകയുണ്ടായി. ട്രൂമാൻ അതുകണ്ടു അത്ഭുതപ്പെട്ടു ചോദിച്ചു: “ഇത്ര ചെറിയ നാണയങ്ങൾ നിങ്ങൾ എങ്ങനെ സൂക്ഷിക്കും?” ആർച്ചുബിഷപ്പ് പറഞ്ഞു: “കള്ളന്മാരിൽനിന്നും സംരക്ഷിക്കുന്നതിനു വേണ്ടിത്തന്നെയാണ് ഞങ്ങൾ ഇത്ര ചെറിയ നാണയങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഞങ്ങളുടെ ആളുകൾ കണ്ണിനകത്തിട്ടുപോലും ഇതു സൂക്ഷിക്കും.” ട്രൂമാൻ – “അതെങ്ങനെ സാധിക്കും?” “കാണിച്ചതരാം” എന്നു പറഞ്ഞുകൊണ്ട് ആർച്ചുബിഷപ്പ് അതിൽനിന്നും ഒരു നാണയമെടുത്ത് തന്റെ കൺപോളകൾ തുറന്ന് അതിനകത്തിട്ടു കണ്ണടച്ചുപിടിച്ചുകൊണ്ട് പറഞ്ഞു, “ഇങ്ങനെയാണ് ഞങ്ങൾ സൂക്ഷിക്കുന്നത്.” ട്രൂമാനും കൂടെ ഉണ്ടായിരുന്നവരും ഈ സംസാരം കേട്ടും ഈ കാഴ്ച കണ്ടും അത്ഭുതപ്പെട്ടു.

*　　　*　　　*　　　*

വിലപിടിപ്പുള്ള ഒരു പുസ്തകം വാങ്ങുന്നതിനുവേണ്ടി വാഷിംഗ്ടണിലെ ഒരു ബുക്ക് ഷോപ്പിൽ നമ്മുടെ കഥാപുരുഷൻ ചെന്നു കയറി. അവിടത്തെ വില്പനക്കാരിയായ മദാമ്മയ്ക്ക് ആർച്ചു ബിഷപ്പിന്റെ വേഷവും ഭാവവും അത്ര രസിച്ചില്ല. ഉപചാരപൂർവ്വം അദ്ദേഹത്തെ സ്വീകരിച്ചില്ലെന്നു മാത്രമല്ല, ആ വേഷത്തിൽ നോക്കിക്കൊണ്ട് പുച്ഛരസത്തിൽ ആ മദാമ്മ പറയുകയാണ്: "ക്രിസ്തു രണ്ടാമത് ഇപ്പോൾ എഴുന്നെള്ളിയാൽ പോലും ഇതുപോലെയുള്ള വേഷത്തിൽ വരുകയില്ല. ആർച്ചുബിഷപ്പ് ഇതിനു തക്കതായ മറുപടി തന്നെ നല്കി. "ഇതോ, ഇതുപോലെയോ ഉള്ള വേഷത്തിൽ കർത്താവ് വന്നേക്കാം. പക്ഷേ, വന്നാൽ ഒന്നാമതായി ചെയ്യുന്നതു നിങ്ങളെപ്പോ ലെയുള്ള കച്ചവടക്കാരെ ചമ്മട്ടിവാറുകൊണ്ട് അടിച്ചു പുറത്താക്കുകയായിരിക്കും."

ഇതുകേട്ട് അഹങ്കാരിയായ ആ മദാമ്മ നിരുക്തകണ്ഠയായി. ആർച്ചുബിഷപ്പ് സ്ഥലംവിടുകയും ചെയ്തു.

*     *     *     *

ഒരിടവകയിലെ നേതൃമ്മാന്യൻ ഈ ഇടവകയിലെ വികാരിയെപ്പറ്റി ധാരാളം കുറ്റങ്ങൾ ആർച്ചുബിഷപ്പിനോട് ഒരിക്കൽ പറയുകയുണ്ടായി. അവയെല്ലാം ശ്രദ്ധയോടും ക്ഷമയോടുംകൂടി കേട്ടശേഷം അവസാനം ആർച്ചുബിഷപ്പ് അയാളോട് ഇപ്രകാരം പറഞ്ഞു: "കൊള്ളാം, ഞാൻ ഇനിയും ഒരു പുതിയ സെമിനാരി ആരംഭിക്കുവാൻ തുടങ്ങുകയാണ്. സ്വർഗ്ഗത്തിൽനിന്നും കുറേ മാലാഖക്കുഞ്ഞുങ്ങളെ അവിടെ കൊണ്ടു വന്ന് പഠിപ്പിച്ചു പട്ടം കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്."

ചിന്താർഹവും അർത്ഥഗർഭവുമായ ഈ വാക്കുകൾ കേട്ട കുറ്റാരോപണവിദഗ്ദ്ധനായ ആ മാന്യൻ തുടർന്ന് ഒരക്ഷരംപോലും തന്റെ വികാരിയെപ്പറ്റി സംസാരിക്കുവാൻ ധൈര്യപ്പെടാതെ വേറെ ചില കാര്യങ്ങൾ പറഞ്ഞശേഷം കൈമുത്തി സ്ഥലം വിടുകയും ചെയ്തു.

ലോകത്തിലുള്ള മനുഷ്യരായ മാതാപിതാക്കളുടെ സന്താനങ്ങളാണ് വൈദികരെന്നും, മനുഷ്യസഹജമായ തെറ്റുകുറ്റങ്ങൾ അവരിലും വന്നുകൂടാവുന്നതാണെന്നും, ക്ഷമയോടും അനുകമ്പ യോടുംകൂടെ അവയെ വീക്ഷിക്കേണ്ടതാണെന്നുമത്രേ ആർച്ചുബിഷപ്പ് പറഞ്ഞതിന്റെ വ്യംഗ്യാർത്ഥം.

*     *     *     *

ഏതോ കുറ്റം നിമിത്തം അരമനയിലെ ഒരു വേലക്കാരനെ ആർച്ചുബിഷപ്പ് ശാസിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ സന്ദർഭത്തിൽ മാനേജർ കിളീലേത്തു ചാക്കോ മുറിയിൽ കയറിച്ചെന്നു. മാനേജരെ കണ്ടയുടൻ ആർച്ചുബിഷപ്പ് പറഞ്ഞു. “എടോ, മാനേജരേ ഇവന്റെ തലയിൽ സാധനമൊന്നുമില്ലെടോ.”

മാനേജർ : അതുകൊണ്ടല്ല്യോ,പിതാവേ അവൻ ഇവിടെ വേലക്കാരനായി നിൽക്കുന്നത്.

ആർച്ചുബിഷപ്പ് : അതെന്താടോ, അങ്ങനെ പറയാൻ കാരണം?

മാനേജർ : ഇവന്റെ തലയിൽ സാധനമുണ്ടായിരുന്നുവെങ്കിൽ നമ്മുടെ കെ.സി. മാമ്മൻ മാപ്പിളയേപ്പോലെ പത്രം നടത്തുന്നതിനോ, ഇലഞ്ഞിക്കൽ ജോൺ വക്കീലിനെപ്പോലെ കോടതിയിൽ കേസ് വാദിക്കുന്നതിനോ ഇവൻ പോകുമായിരുന്നല്ലോ.

ആർച്ചുബിഷപ്പ് : അതു പരമാർത്ഥമാണെടോ, അതുകൊണ്ടല്ല്യോ ഇവനെ വിടാതെ ഇവിടെ നിർത്തിയിരിക്കുന്നത്.

വേലക്കാരിൽ ഉണ്ടാകാവുന്ന ബലഹീനതയുടെ യഥാർത്ഥകാരണം ശരിക്കും മനസ്സിലാക്കി തദനുസരണം അവരോടു പ്രവർത്തിക്കേണ്ടതാണെന്നുള്ള പ്രായോഗികതത്വമത്രേ ഈ സംഭാഷണത്തിൽ നിന്നും പഠിക്കാവുന്നതും പഠിക്കേണ്ടതും.

*   *   *   *

ആർച്ചുബിഷപ്പ് പറഞ്ഞതല്ലെങ്കിലും ആർച്ചുബിഷപ്പിനോടു വന്ദ്യശ്രീ പുലിക്കോട്ടു ജോസഫ് റമ്പാൻ പറഞ്ഞ ഒരു സംഭവകഥയാണ് ഇനിയും ചേർക്കുന്നത്. റവ.ഫാദർ സി. കെ. മറ്റം എഴുതിയ ‘സ്മരണാകിരണങ്ങൾ’ എന്ന ഗ്രന്ഥത്തിൽ നിന്നുമാണ് ഇത് ഇവിടെ ഉദ്ധരിക്കുന്നത്. സഹൃദയരുടെ സന്മനസ്സിനെ ചൂഷണം ചെയ്യുന്നവർക്ക് ഉണ്ടാകാവുന്ന അനുഭവത്തിന് ഉത്തമോദാഹരണമാണ് ഈ സംഭവകഥ.

“പുലിക്കോട്ട് റമ്പാച്ചനെ കൂടാതെ അന്നു തിരുവനന്തപുരം അതിരൂപതയിൽ അധികമൊന്നം നടന്നിട്ടില്ല. അദ്ദേഹമായിരുന്നു എല്ലാറ്റിന്റെയും ഉത്തേജനവും ജീവനാഡിയും. തിരുമനസ്സിലേക്ക് റമ്പാച്ചനെ വലിയ കാര്യവുമായിരുന്നു. അതുകൊണ്ടോ എന്തോ നിങ്ങൾ പിരിയാക്കൂട്ടാണല്ലോ” എന്നു പറഞ്ഞ് ഞങ്ങളെ പലപ്പോഴും

തിരുമനസ്സുകൊണ്ട് കളിയക്കുമായിരുന്നു, ഒന്നിച്ച് ഞങ്ങളെ കാണു മ്പോഴൊക്കെയും.

റമ്പാച്ചൻ ഒരു നല്ല സഖാവായിരുന്നു പലരുടേയും. പുനരൈക്യ പ്പെട്ട അച്ചന്മാർ കൂടെക്കൂടെ അരമനയിൽ വരിക പതിവാണ്. അപ്പോൾ എല്ലാവരുടെയും കണ്ണിലുണ്ണി റമ്പാച്ചനല്ലാതെ മറ്റാരുമല്ല. ആരുമാരു മറിയാതെ വൈദികസംഘങ്ങളിൽ നെടുനായകത്വം റമ്പാച്ചനിൽ ചെന്നു ചേരും. സ്വതേ വിനീതനായ റമ്പാച്ചൻ മാത്രം അതറിയുകയു മില്ല. മാർ ഈവാനിയോസ് തിരുമനസ്സുകൊണ്ട് രാപകലില്ലാതെ ജോലി ചെയ്യാൻ പര്യാപ്തനായ ഒരു അനിതരസാധാരണനാണ്. തിരുമേനി യുടെ ജോലി ഭാരം ദുർഭരമെന്നു തോന്നുന്ന വേളകളിൽ റമ്പാച്ചന്റെ അടുത്തുവന്ന് “റമ്പാച്ചാ, നേരംപോക്കു വല്ലതുമുണ്ടോ” എന്നു കല്പിച്ചു ചോദിക്കും. അരമനയിലുള്ള മറ്റ് അച്ചന്മാരേയും വിളിക്കും കൂട്ടിന്. റമ്പാച്ചൻ ഫലിത രസം വഴിഞ്ഞൊഴുകുന്ന കഥകൾ പറഞ്ഞ് എല്ലാവരേയും രസിപ്പിക്കും. തിരുമനസ്സുകൊണ്ട് വിശ്രമസൗഖ്യവും നവോന്മേഷവും പ്രാപിച്ച് സന്തുഷ്ടമനസ്കനായി മടങ്ങുകയും ചെയ്യും. ഇങ്ങനെ പലപ്പോഴും റമ്പാച്ചന്റെ നേരമ്പോക്കുകൾ എല്ലാ വരേയും രസിപ്പിച്ചിരുന്നു. ഒരവസരത്തിൽ രസകരമായ ഒരു സംഭവ കഥ ആമുഖത്തോടുകൂടെ റമ്പാച്ചൻ പറഞ്ഞത് ഇപ്രകാരമായിരുന്നു:

“പെണ്ണുകെട്ടിന് ഫ്രതിഫലം വാങ്ങുന്ന വിഷയത്തിൽ വൈദികർ ഭിന്നാഭിപ്രായക്കാരായി കാണപ്പെട്ടിട്ടുണ്ട്. എന്റെ ആത്മമിത്രമായ ഒരു അച്ചൻ ഒരു കൊച്ചുകാശുപോലും പ്രതിഫലം വാങ്ങുകയില്ല. സൗജന്യമായി ചെയ്തുകൊടുക്കേണ്ട ഒരു കർമ്മമാണ് വിവാഹമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഈ അഭിപ്രായത്തോട് എനിക്ക് യോജിപ്പാൻ നിർവ്വാഹമില്ല. പ്രതിഫലം വാങ്ങാതിരിക്കുന്നത് ലോകമര്യാദപ്രകാരം തെറ്റാണെന്നാണ് എന്റെ പക്ഷം. വിവാഹം എത്രയോ ആഹ്ലാദകരമായ ഒന്നാണ്! വധൂവരന്മാരുടെ കാര്യമോ പറയേണ്ടതായിട്ടില്ല. അവർ സസന്തോഷം സമ്മാനിക്കുന്ന ഒന്നിനെ ഒരു വൈദികൻ തിരസ്ക്കരിക്കു മ്പോൾ പ്രസ്തുത സന്ദർഭത്തിൽ അദ്ദേഹം അവരുടെ മനസ്സിനെ വ്രണപ്പെടുത്തുകയായിരിക്കും; ഇല്ലയോ? സന്തോഷിക്കുന്ന വരെ ദുഃഖിപ്പിക്കുന്ന പ്രവൃത്തി അനുകരണീയമല്ല.

എന്റെ ചങ്ങാതിയായ ഒരു വൈദികൻ ഉണ്ട്. വരൻ കൈ മടക്കി ക്കാണിക്കുമ്പോൾ അത് ഉത്തരക്ഷണം വാങ്ങും. പക്ഷേ, അത് പോക്ക റ്റിൽ ഇടാതെ തൽക്ഷണം തന്നെ ആ വധുവിന് കൊടുക്കുകയാണ്

അദ്ദേഹത്തിന്റെ പതിവ്. അദ്ദേഹത്തിന്റെ മസ്ക്യാമ്മ (ഭാര്യ)ക്ക് ഇതിൽ ഒട്ടും തൃപ്തിതോന്നിയില്ല. എല്ലാ അച്ചന്മാരും പെണ്ണു കെട്ടിനുള്ള പ്രതിഫലം വാങ്ങി മസ്ക്യാമ്മമാരെ ഏല്പിക്കാറുള്ളപ്പോൾ തന്റെ ഭർത്താവ് അസാധാരണമായ വിധം പ്രവർത്തിക്കുന്നതിൽ അവർക്ക് ഒരു പോരായ്മയും തോന്നി. മസ്ക്യാമ്മയുടെ ഈയൊരു ആവലാതി എത്രനാൾ കേട്ടുകൊണ്ടിരിക്കും? "ഇന്നു മുതൽ അത് നിനക്ക് തന്നേക്കാം." എന്ന് അച്ചൻ മസ്ക്യാമ്മയോടു പറഞ്ഞു.

പിറ്റേദിവസം വധൂവരന്മാരായിരിക്കേണ്ട രണ്ടുപേർ അച്ചന്റെ മാനസാന്തരത്തെപ്പറ്റി ഒന്നും അറിഞ്ഞില്ല. അവർ തമ്മിൽ ഇങ്ങനെ ഒരു സല്ലാപം നടന്നു.

വധു : അച്ചന് നാളെ എന്തുകൊടുക്കാൻ നിശ്ചയിച്ചിട്ടുണ്ട്?

വരൻ : അച്ചന് കൊടുക്കേണ്ടത് എന്തെന്ന് നീ എന്നോടു പറയണമോ?

വധു : എന്നാൽ പറയേണ്ടാ; വായടച്ചു പൂട്ടിക്കൊള്ളൂ. നാളെ കാണാമല്ലോ എനിക്ക് ആ കനകക്കട്ട എന്താണെന്ന്.

വരൻ : 10 രൂപാ പോരേ?

വധു : അത് കിട്ടീട്ടെനിക്കെന്തിനാണ് ഒരു പൂജ്യംകൂടി ചേർക്കുമെങ്കിൽ ഞാൻ....

വരൻ : എന്നാൽ അങ്ങനെതന്നെ...

പിറ്റേന്ന് കല്യാണം മുറപോലെ ഭംഗിയായി അച്ചൻ നടത്തിക്കൊടുത്തു. വരൻ നീട്ടിയ സംഖ്യ (100 രൂപാ) കൈയ്യിൽ വാങ്ങിയിട്ട് അച്ചൻ ഇങ്ങനെ പറഞ്ഞു. "മാന്യരായ എന്റെ ഇടവകക്കാർ ക്ഷമിക്കണം. പഴയ പതിവിനെ ഭേദപ്പെടുത്തുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. മറ്റുള്ള അച്ചന്മാർ ചെയ്യുന്നതുപോലെ പോലെ ഇപ്പോൾ ഈ വരൻ നല്കിയ ദക്ഷിണ ഞാൻ എന്റെ മസ്ക്യാമ്മയ്ക്ക് കൊടുക്കുന്നതാണ്."

വരന്റെ മുഖം ഒരു പച്ചച്ചിരിയാൽ വിളറി. വധുവിന്റെ മുഖം കരുവാളിച്ചു. അച്ചൻ അതിൽ അപരാധിയാണോ? വധൂവരന്മാരോ അവരും കുറ്റക്കാരല്ല."

## അദ്ധ്യായം 57

# ആർച്ചുബിഷപ്പിന്റെ വ്യക്തിപ്രഭാവം

രാഷ്ട്രീയം, സാമുദായികം, മതപരം ആദിയായ ഏതൊരു മേഖലയിലും നേതൃസ്ഥാനം അലങ്കരിക്കുന്നവർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ഗുണലക്ഷണങ്ങൾ ഏവയെല്ലാമായിരിക്കണമെന്ന് ഈ അടുത്ത കാലത്ത് ഒരു ചിന്തകൻ പത്രങ്ങളിൽ എഴുതിയിരുന്നു. അവയാണ് ചുവടേ ചേർക്കുന്നത്.

1. അനുഭവപരിജ്ഞാനത്തിലും ആദ്ധ്യാത്മികസിദ്ധികളിലും പടുത്തുയർത്തിയിട്ടുള്ള സുദൃഢമായ ആത്മവിശ്വാസം.
2. വിശ്രമരഹിതമായി പ്രവർത്തിക്കുന്നതിനുള്ള മനഃസ്ഥിതിയും പ്രവർത്തനവൈദ്ഗ്ദ്ധ്യവും.
3. അനിതരസാധാരണമായ നിരീക്ഷണപാടവവും ഭാവനാശക്തിയും ഊർജ്ജസ്വലതയും
4. യുക്തിക്കനുസൃതമായി നിശ്ചയം ചെയ്യുന്നതിനുള്ള അസ്സാമാന്യമായ തന്റേടം.
5. പ്രതിബന്ധങ്ങളെ സധൈര്യം തരണം ചെയ്യുന്നതിനും തന്റെ പ്രവർത്തനങ്ങളോരോന്നും വിജയത്തിലെത്തിക്കുന്നതിനുമുള്ള ദൃഢനിശ്ചയം.
6. സ്വാനുയായികളിലും അവരുടെ പ്രശ്നങ്ങളിലുമുള്ള സജീവതാല്പര്യം.
7. മനഃസാക്ഷിയുടെ പ്രചോദനമനുസരിച്ച് സമുന്നതമായ വിധത്തിലുള്ള സന്മാർഗ്ഗികനിലവാരം.

8. ആരെയും ആകർഷിക്കത്തക്ക വശീകരണശക്തിയോടുകൂടിയ വ്യക്തിവിലാസം.

9. തനിക്കു വിധേയരായിട്ടുള്ളവരിലും അവരുടെ പ്രവർത്തനോദ്ദേശ്യങ്ങളിലുമുള്ള സുദൃഢമായ വിശ്വാസം.

10. എല്ലാറ്റിലുമുപരി കറയറ്റ നേതാവാകുവാനുള്ള ആന്തരികാഭിനിവേശം.

മേലുദ്ധരിച്ച പത്തു ഗുണലക്ഷണങ്ങളും ഒത്തിണങ്ങിയ വ്യക്തിവിലാസമായിരുന്നു നമ്മുടെ കഥാപുരുഷനിൽ കുടികൊണ്ടിരുന്നത് എന്നു നിസ്സംശയം പ്രസ്താവിക്കുവാൻ സാധിക്കും. തന്നിമിത്തമായിരുന്നു ഒരു യഥാർത്ഥനേതാവ് എന്ന സ്ഥാനത്ത് എത്തിച്ചേരുവാൻ അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചത്. ഏവംവിധമുള്ള ഒരു നേതൃസ്ഥാനം അലങ്കരിക്കുവാൻ നമ്മുടെ കഥാപുരുഷന് ഇടയാക്കിയ കാരണങ്ങൾ ഓരോന്നും വിസ്തരിച്ചു പ്രതിപാദിക്കുവാൻ ഈ ഗ്രന്ഥത്തിന്റെ സ്ഥലപരിമിതി അനുവദിക്കുന്നില്ലാത്തതിനാൽ അദ്ദേഹത്തെപ്പറ്റി ചിന്തകന്മാരും പ്രഗത്ഭന്മാരുമായ മഹാന്മാർ ഓരോ കാലത്തും എഴുതിയിട്ടുള്ളവയിൽ നിന്നും ഏതാനും ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് തൃപ്തിയടയുന്നതിനു മാത്രമാണ് ഞാൻ ഇവിടെ മുതിരുന്നത്.

## ആദ്ധ്യാത്മിക മണ്ഡലത്തിൽ

ഈ ഗ്രന്ഥകർത്താവിന്റെ പിതൃസഹോദരപുത്രനും മാർത്തോമ്മാസഭയിലെ ഒരു പ്രമുഖവ്യക്തിയുമായിരുന്ന ഇഞ്ചയ്ക്കലോടിൽ ശ്രീമാൻ ഏബ്രഹാം വക്കീൽ ഒരു സന്ദർഭത്തിൽ ആർച്ചുബിഷപ്പിനെപ്പറ്റി ഇപ്രകാരം പറയുകയുണ്ടായി. “മാർ ഈവാനിയോസ് ഇംഗ്ലണ്ടിലായിരുന്നു ജനിച്ചിരുന്നതെങ്കിൽ അവിടുത്തെ പ്രധാനമന്ത്രിയായിത്തീരുമായിരുന്നു.” വിവിധ വിഷയങ്ങളെപ്പറ്റി ആർച്ചുബിഷപ്പുമായി ഏതാനും സമയം സംസാരിക്കുവാൻ ഇടയായതിന്റെ ഫലമായിട്ടാണ് ഇപ്രകാരമുള്ള അഭിപ്രായം അദ്ദേഹം പുറപ്പെടുവിച്ചത്.

ചെറുപ്പം മുതലേ തനിക്കുണ്ടായിരുന്ന വിപുലമായ കഴിവുകൾ ഭൗതികമണ്ഡലത്തിലേക്കു തിരിച്ചു വിട്ടിരുന്നുവെങ്കിൽ പ്രസ്തുത മേഖലയിൽ അത്യുന്നതമായ സ്ഥാനത്തെത്തിച്ചേരുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. പക്ഷേ, അതിലേക്കല്ല അദ്ദേഹം തന്റെ ശ്രദ്ധ പതിക്കുകയും കഴിവുകൾ വിനിയോഗിക്കുകയും ചെയ്തത്.

ബാല്യകാലം മതുലേ ആദ്ധ്യാത്മികകാര്യങ്ങളിൽ തനിക്കുണ്ടായിരുന്ന താല്പര്യം ആ മണ്ഡലത്തിൽത്തന്നെ ആയുഷ്പര്യന്തം പ്രവർത്തിക്കുവാൻ അദ്ദേഹത്തിനു പ്രേരണയും ഉത്തേജനവും നല്കി. തൻനിമിത്തം പ്രസ്തുത മണ്ഡലത്തിൽ അദ്ദേഹം പ്രശോഭിക്കുകയും വിജയമകുടം ചൂടുകയും ചെയ്തു.

താൻ ജനിച്ചു വളർന്ന യാക്കോബായസഭയിൽ ഇരുപത്തിരണ്ടു വർഷക്കാലം നിസ്വാർത്ഥവും നിസ്തന്ദ്രവുമായ പ്രവർത്തനം അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. അതേത്തുടർന്ന്, ഏതൊരു സഭയിൽ മനഃസാക്ഷിയുടെ പ്രചോദനം അദ്ദേഹത്തെ കൊണ്ടുചെന്നെത്തി ച്ചുവോ ആ സഭയിലും- കത്തോലിക്കാസഭയിൽ - അത്രയും വർഷക്കാലം അദ്ദേഹം പ്രവർത്തനം നടത്തി. ദൈവമഹത്വവും ആത്മാക്കളുടെ രക്ഷയും മാത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ആയുഷ്പര്യന്തം അദ്ദേഹം പ്രവർത്തിക്കുകയും ചെയ്തു.

## യാക്കോബായസഭയിൽ

ശെമ്മാശൻ, വൈദികൻ, ബഥനി ആശ്രമശ്രേഷ്ഠൻ, മെത്രാപ്പോലീത്താ എന്നീ വിവിധ നിലകളിൽ യാക്കോബായ സഭയിൽ അദ്ദേഹം നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ഈ ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗത്തിൽ സവിസ്തരം പ്രതിപാദിച്ചിരുന്നുവല്ലോ. പ്രസ്തുത പരിശ്രമങ്ങളെ എത്രമാത്രം സ്തുത്യർഹമായ നിലയിലാണ് യാക്കോബായ സഭാംഗങ്ങൾ അന്നു പരിഗണിച്ചിരുന്നതെന്ന് അക്കാലത്ത് അദ്ദേഹത്തിന് നല്കിയ ഒരു മംഗളപത്രം തെളിയിക്കുന്നു. മെത്രാഭിഷേകനാന്തരം അദ്ദേഹത്തെ അനുമോദിക്കുന്നതിനുവേണ്ടി 1925-ൽ മാവേലിക്കര വെച്ചു നടന്ന ഒരു മഹായോഗത്തിൽ അവിടുത്തെ യാക്കോബായസഭാംഗങ്ങൾ സമർപ്പിച്ച മംഗളപത്രമാണു ചുവടേ ഉദ്ധരിക്കുന്നത്.

വന്ദ്യപിതാവേ,

“തിരുവിതാംകൂർ രാജ്യത്തിന് ഉത്തമന്മാരായ പല മഹാരാജാക്കന്മാരെയും ഉൽകൃഷ്ടകളായ മഹാറാണിമാരെയും സംഭാവന ചെയ്തും, രാജ്യശ്രീയെ പുലർത്തുന്ന ഭരണതന്ത്രജ്ഞന്മാരെയും, ചിത്രനിർമ്മാണകരെയും, വിദ്യാവിശാരദന്മാരെയും ജനിപ്പിച്ചും വഞ്ചിരാജ്യത്തിന്റെ പോഷകപാത്രമായി മാവേലിനാടു നിലനിന്നു വരുന്നതു

പോലെതന്നെ, മലങ്കര ഇടവക പല സന്ദർഭങ്ങളിലും, നിദാനമായി ഭവിക്കുകയും, ജനസംഖ്യ, വിദ്യാഭ്യാസം, സമുദായതല്പരത, പൊതു കാര്യപ്രവൃത്തി, സർവ്വോപരി സമുദായസൗധത്തിന്റെ അസ്ഥിവാരമായ ഐക്യശീലം എന്നിത്യാദികളിൽ ഇന്നും ഈ സംസ്ഥാന ഇടവകയിൽ മാവേലിക്കര ഒരു അത്യുത്തമമായ സ്ഥാനത്തെ പ്രാപിച്ചു നിലനിർത്തു കയും ചെയ്തുവരുന്നുണ്ട് എന്നുള്ളതിനു സംശയമില്ല. മത്സരകാർ മേഘങ്ങളും വ്യവഹാരങ്ങളുംകൊണ്ട് അലങ്കോലമായിരിക്കുന്ന സുറി യാനി സഭാരംഗത്തിൽ പ്രശാന്തമായ ഒരു അന്തരീക്ഷത്തെയും അധി കാരസ്ഥാനങ്ങൾക്കും ആത്മീയാദ്ധ്യക്ഷന്മാർക്കും സുഖപ്രദമായ ഒരു ജീവിതരീതിയെയും പാലിച്ചുപോരുന്നതിന്, ദൈവകാരുണ്യത്താൽ ഈ ഇടവകയ്ക്ക് സാധിച്ചുവരുന്നു എന്നുള്ളത് ഒരു ഉത്തമലക്ഷണമാ ണല്ലോ. ഇങ്ങനെയെല്ലാമിരുന്നിട്ടും മലങ്കരസഭയിലെ ഒരു എപ്പിസ്കോ പ്പായുടെ മാതൃസ്ഥാനം വഹിക്കുന്നതിന് ഈ ഭാഗ്യവതിയായ മാതാ വിനു സംഗതിയായത് ഇപ്പോൾ മാത്രമാണ്. അതിനാൽ തിരുമനസ്സിലെ എപ്പിസ്കോപ്പാ സ്ഥാനപ്രാപ്തി എല്ലാ വിധത്തിലും ഈ ഇടവകയെ സംബന്ധിച്ചിടത്തോളം രത്നഖചിതമായ അതിന്റെ കിരീടത്തിൽ ഒരു അമൂല്യവൈരക്കല്ലിന്റെ പ്രതിഷ്ഠാപനമാകയാൽ തിരുമേനി നിമിത്തം ഈ ഇടവകയ്ക്കുണ്ടായിരിക്കുന്ന മഹത്വത്തെ ഓർത്തിട്ട് അടിയങ്ങൾ പരമാർത്ഥമായി സന്തോഷിക്കുകയും, ഇതിനു കാരണമാക്കിയ ദൈവത്തെ ആത്മാർത്ഥമായി മഹത്വപ്പെടുത്തുകയും, തിരുമേയനിയെ ഹൃദയപൂർവ്വമായി അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു.

ശൈശവകാലം മുതൽ തിരുമേനിയുമായി പരിചയപ്പെടുവാൻ സംഗതിയായിട്ടുള്ള അടിയങ്ങൾ അവിടുത്തെ അതുല്യമായ ബുദ്ധി സാമർത്ഥ്യവും, നിഷ്ക്കളങ്കമായ ദൈവഭക്തിയും, ശ്രേഷ്ഠമായ സമുദായബോധവും കണ്ടിട്ട് ഉത്കൃഷ്ടമായ ഏതോ ഒരു സ്ഥാന ത്തേയ്ക്കു ദൈവത്താൽ വേർതിരിക്കപ്പെട്ടിട്ടുള്ള ആളാണ് അവിടുന്നു എന്ന് വളരെക്കാലം മുമ്പുതന്നെ വിചാരിച്ചിട്ടുള്ളതാകുന്നു. കുശാഗ്ര ബുദ്ധിയായിരുന്ന പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് മെത്രാ പ്പോലീത്താ തിരുമനസ്സിലെയും, അതുല്യബുദ്ധിമാനായ ഇപ്പോഴത്തെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും സ്നേഹവിശ്വാസാദികൾക്ക് അവിടുന്ന് പാത്രീഭൂതനായിത്തീർന്നതും, മലയാളത്തെ വൈദികരുടെ കൂട്ടത്തിൽ ഇദംപ്രഥമമായി അവിടുന്ന് എം.എ. ബിരുദം സമ്പാദിച്ചതും, സമുദായത്തിലെ പ്രധാനവിദ്യാലയ

ത്തിന്റെ ഭരണമേധാവിത്വം സ്വീകരിച്ച് സ്തുത്യർഹമായ വിധത്തിൽ അതിനെ അവിടുന്ന് ഭരിച്ചതും, മലങ്കര സുറിയാനിസഭയോടു പല പാശ്ചാത്യമഹാന്മാർക്കും മഹൽസ്ഥാപനങ്ങൾക്കും അനുഭാവവും ഭക്തിയുമുണ്ടാകുവാൻ അവിടുന്ന് സംഗതിയാക്കിയതും, അവരിൽ ചിലരുടെ നിർബന്ധപൂർവ്വമായ അപേക്ഷ അനുസരിച്ച് അവിടുന്ന് സെറാംപൂർ കോളേജിൽ പോയി ഏതാനും കാലം പ്രൊഫസർ ആയി ജോലി ചെയ്തതും, മലയാളത്തുകാരായ അനേകം വിദ്യാർത്ഥികൾ സെറാംപൂർ, കല്ക്കത്താ മുതലായ കോളേജുകളിൽ ചെന്നു ചേർന്ന് പഠിക്കുന്നതിന് അവിടുന്ന് വഴി തെളിച്ചതും, മലങ്കര സുറിയാനി സഭയിലെ അംഗങ്ങളും അല്ലാത്തവരുമായ പല വൈദികരും ബി.ഏ., ബി.ഡി., എം.ഏ. മുതലായ ഡിഗ്രികൾ സമ്പാദിക്കുന്നതിന് അവിടുന്ന് സംഗതിയാക്കിയതും, അനന്തരം ഉൽകൃഷ്ടമായ സമുദായസേവന മാണ് എല്ലാറ്റിനെയുംകാൾ ഭാഗ്യകരവും ശ്രേഷ്ഠവുമായ ജീവിത പ്രസ്ഥാനമെന്ന് ദീർഘകാലത്തെ ചിന്തനത്തിന്റെയും പരിചയത്തി ന്റെയും ഫലമായി തീർച്ചപ്പെടുത്തിക്കൊണ്ട് അവിടുന്ന് മടങ്ങിപ്പോ ന്നതും ഇവിടെ വന്നശേഷം മലങ്കര ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുമാറ് ബഥനിപ്രസ്ഥാനത്തിൽ അവിടുന്ന് പ്രവേശി ച്ചതും മറ്റുമായി അവിടുത്തെ ജീവിതവീഥിയിലെ വിവിധരംഗങ്ങളെ അടിയങ്ങൾ സൂക്ഷ്മാവലോകനം ചെയ്തുകൊണ്ടി രിക്കുകയായി രുന്നു.

മനുഷ്യഹൃദയങ്ങളെ അധീനപ്പെടുത്തി ശുദ്ധമാക്കുന്നതിനും, ശ്രേഷ്ഠജീവിതത്തിലേക്ക് ആനയിക്കുന്നതിനും, സർവ്വവിധ രാജകീ യാധികാരങ്ങളെയുംകാൾ കൂടുതൽ ശക്തിയുള്ളത് സാക്ഷാത്തായ സ്നേഹത്തിനാണെന്നും സ്നേഹം എന്നുവെച്ചാൽ സേവനവും അതിനുവേണ്ടിയുള്ള ത്യാഗവും മാത്രമാണെന്നും ലോകത്തിനു വെളിപ്പെടുത്തിക്കാണിച്ച മഹനീയ മഹാത്മാവായ ശ്രീയേശുനാഥന്റെ ശ്രേഷ്ഠോപദേശത്തെ പ്രത്യക്ഷപ്പെടുത്തി പരദൃഷ്ടിയിൽ കൊണ്ടു വരുന്നതിനുതകുന്ന സ്ഥാപനങ്ങളുടെ അഭാവം മലങ്കര സുറിയാനി സഭയുടെ ശോഭയ്ക്കും വളർച്ചയ്ക്കും അനല്പമായ മ്ലാനതയെയും തടസ്സത്തെയും ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. ത്യാഗം, സേവനം എന്നീ രണ്ടു ചിറകിന്മേൽ പറക്കുന്ന ബഥനി ആശ്രമം ഈ ന്യൂനതയെ പരി ഹരിക്കുന്നതിന് പര്യാപ്തമായിത്തീരുമെന്നുള്ള നിലയിൽ മാത്രമല്ല, കേരളത്തിലെ ഒരു ത്യാഗിവര്യൻ എന്ന നിലയിൽക്കൂടിയും കിരീടങ്ങ

ളെയും ചെങ്കോലുകളെയുംകാൾ കൂടുതലായി ദിഷ്ടാവിന്റെ പാത്ര ത്തെയും സേവകന്റെ വടിയെയും ആധുനികലോകം ആദരിക്കുന്നു എന്നുള്ളതിനു മതിയായ ലക്ഷ്യവും ആകുന്നു. അതിനാൽ ത്യാഗോ പദോശത്തിന്റെ ആചാര്യനും സുറിയാനി സമുദായത്തിലെ അതി പുരാതനമായ ആശ്രമപ്രസ്ഥാനങ്ങളുടെ ഉദ്ധാരകനും ആയി ലോകാരം ഭത്തിൽ പ്രവേശിച്ചിരിക്കുന്ന തിരുമനസ്സിലെ ശ്രമങ്ങൾക്ക് സർവ്വ വിജയങ്ങളും അടിയങ്ങൾ ആശംസിക്കുകയും ആത്മാർത്ഥമായ സഹകരണത്തെ അടിയങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു....

അവിടുത്തെ അപ്പസ്തോലികപ്രാർത്ഥനകളും ആശീർവാദ ങ്ങളും ഉണ്ടാകണമെന്ന് അടിയങ്ങൾ അപേക്ഷിക്കുകയും, തിരു മേനിക്കും, തിരുമനസ്സിലെ നേതൃത്വത്തിൽ ആരംഭിക്കപ്പെട്ടിരിക്കുന്ന സർവ്വ നല്ല വേലകൾക്കും സർവ്വ വിജയങ്ങളും നൽകണമെന്ന് അടിയ ങ്ങൾ സർവ്വശക്തനോടു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് വിധവ യുടെ രണ്ടു കാശിനു സമാനമായ അടിയങ്ങളുടെ ഈ പണക്കിഴിയും അപാരമായ അടിയങ്ങളുടെ ഭക്തിബഹുമാനങ്ങളുടെ ചിഹ്നമായി അടിയങ്ങളുടെ ഈ മംഗളപത്രവും തിരുമുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു.

എന്ന് അവിടുത്തെ ആത്മീയമക്കളായ മാവേലിക്കരയിലെ മലങ്കര സിറിയൻ ക്രിസ്ത്യൻ സംഘാംഗങ്ങൾ.

പുതിയ കാവ് - മാവേലിക്കര,
12 ജൂൺ 1925

## ത്യാഗധീരൻ

ആർച്ചുബിഷപ്പിനെപ്പറ്റി “സത്യസഭാകാഹളം വിശേഷാൽ പ്രതി” യിൽ റവ.ഫാ.ജേക്കബ് ഞായല്ലൂർ എഴുതിയിരുന്ന ലേഖനത്തിലെ ഒരു ഭാഗമാണ് ഇനിയും ചേർക്കുന്നത്.

മനുഷ്യരിൽ പലരും പരിതോവസ്ഥകളുടെ ഫലങ്ങളാണെന്നു ള്ളത് കറയറ്റ പരമാർത്ഥമാണ്. എന്നാൽ പരിതോവസ്ഥകളെ വാർ ത്തെടുക്കാനും ആ വാർത്തെടുത്ത സ്ഥിതിഗതികളുമായി മുമ്പോട്ടു പോകുവാനുള്ള ചങ്കുറപ്പ് അപൂർവ്വം ചിലർക്കേയുള്ളൂ. തന്മൂലമാണ് മഹാന്മാരെ ചിലർ രണ്ട് വകുപ്പിൽ ഉൾപ്പെടുത്തുന്നത്. പരിതഃസ്ഥിതി

കൾ മൂലം മഹത്വം ലഭിച്ചവരും പരിതഃസ്ഥിതികൾ നിർമ്മിച്ചു മഹത്വം സമ്പാദിച്ചവരും.

എന്നാൽ മാർ ഈവാനിയോസ് തിരുമേനി മുൻപറഞ്ഞ രീതിയിലുള്ള മഹാന്മാരുടെ ഗണത്തിൽപ്പെടുമെന്നു തോന്നുന്നില്ല. ചുറ്റുപാടുകൾ അദ്ദേഹത്തെയും അദ്ദേഹം ചുറ്റുപാടുകളെയും നിർമ്മിച്ചിട്ടുണ്ട്. നിങ്ങളുടെയും എന്റെയും ചുറ്റുപാടുകൾ പോലുള്ളവയല്ല അവ. യാക്കോബായസഭയുടെ ഉത്തുംഗനിലകളിലിരുന്നവരുമായാണ് അദ്ദേഹം നന്നേ ചെറുപ്പത്തിലേ ഇടപെട്ടത്. സമുദായത്തിന്റെ ഇളകിമറിഞ്ഞ സംഭവകല്ലോലങ്ങളുടെ വരവും പോക്കുമെല്ലാം സസൂക്ഷ്മം നോക്കിക്കാണാൻ ഉതകുന്നൊരു ചുറ്റുപാട്, കെട്ടഴിഞ്ഞ പുസ്തകം പോലെ വ്യവസ്ഥിതിയില്ലാതെ മുമ്പോട്ടു ഇഴഞ്ഞുപോയ ഒരു സമുദായത്തിന്റെ നിലപാട്, മുടക്കിന്റെയും കേസ്സിന്റെയും വളഞ്ഞുപുളഞ്ഞുള്ള പോക്കുകളിൽ നിന്നും ഉദ്ഭൂതമായ ഒരന്തരീക്ഷം ഇവയൊക്കെയാണ് അദ്ദേഹം ചെറുപ്പത്തിൽ കണ്ടത്. കാലം മുമ്പോട്ടു പോയി. അദ്ദേഹം ചുറ്റുപാടുകളെ നിർമ്മിച്ചു തുടങ്ങി. സ്വസമുദായത്തിന്റെ ദയനീയ സ്ഥിതിയിൽ നിന്ന് അതിനെ സമുദ്ധരിക്കുന്നതിനു മുമ്പോട്ടിറങ്ങിയ ഒരു കർമ്മധീരൻ, - ത്യാഗത്തിന്റെ കാന്തിപ്രസരവുമായി ചുറ്റി നടക്കുന്ന ആശ്രമാദ്ധ്യക്ഷൻ - ഇങ്ങനെ നാം അദ്ദേഹത്തെ പല രംഗങ്ങളിലും കാണുന്നു. പിന്നീടോ? ലക്ഷക്കണക്കിനുള്ള ആളുകളുടെ അപ്രീതിയോ എതിർപ്പോ ഒന്നും നോക്കാതെ സത്യത്തെ സമാശ്ലേഷിച്ച് പുനരൈക്യ പ്രസ്ഥാനവുമായി പുറപ്പെട്ട ത്യാഗധീരനെയാണ് നാം കാണുന്നത്.

അകത്തോലിക്കരായിത്തന്നെ മൺമറഞ്ഞ അനേകലക്ഷം ആളുകൾ ആകാംക്ഷഭരിതരായി നോക്കിപ്പാർത്ത മഹാസംഭവത്തിനു രൂപം നല്കിയവനാണു തിരുമേനി. മലങ്കരസഭാചരിത്രത്തിലെ ചില ദുർഭഗസംഭവങ്ങൾക്കുശേഷം എത്ര ധീരന്മാർ രാവും പകലും ഒരുപോലെ പരിശ്രമിച്ചതാണു പുനരൈക്യപ്രസ്ഥാനത്തിനുവേണ്ടി. എന്നിട്ടും മലങ്കസഭ ഈവാനിയോസ് തിരുമേനിക്കുവേണ്ടി കാത്തിരിക്കേണ്ടിവന്നു.

നിങ്ങൾ ഒന്നാലോചിച്ചുനോക്കൂ. ഒരു സമുദായത്തിലെ അന്നത്തെ ഉന്നതബിരുദധാരി, സമുദായത്തിലെ ബഹുമാനാദരങ്ങൾ ആർജ്ജിച്ച ദേഹം, സമുദായത്തെ ആദ്ധ്യാത്മിക പ്രബുദ്ധതയിലേക്ക് നയിച്ച യോഗിവര്യൻ, ത്യാഗത്തിന്റെ മോഹനാന്തരീക്ഷത്തിലേക്ക്

അനേകരെ ആനയിച്ച ആദ്ധ്യാത്മികഗുരു – ഈ നിലകളിലെല്ലാം പേരും പെരുമയും കൈവന്ന ഒരു വ്യക്തി ജനിച്ചുവളർന്ന ഒരു സമുദായത്തെ ഉപേക്ഷിച്ച് വേറൊരു സഭാമണ്ഡലത്തിലേക്കു പ്രവേശിക്കുക. അതും അനേകരെ തന്റെ പിന്നാലെ നയിച്ചുകൊണ്ട്!! ചിലരതിനെ വഞ്ചന, സമുദായസ്നേഹമില്ലായ്മ, കൃതഘ്നത എന്നൊക്കെ വിളിച്ച് ഇല്ലാത്ത ബഹളം ഉണ്ടാക്കുന്ന അവസ്ഥയാണതെന്നോർക്കണം. അതു മാത്രമോ? സ്വന്തം ജീവൻപോലും അലച്ചലച്ചണഞ്ഞ അപകടങ്ങളിൽ ചെന്നു വീഴുക! എത്രപേർ ധൈര്യപ്പെടും, ഇങ്ങനെയൊരു സ്ഥിതിയെ വെല്ലുവിളിക്കുവാൻ? മാർ ഈവാനിയോസ് തിരുമേനി അതിനെ സുധീരം വെല്ലുവിളിച്ചു. എന്നിട്ടും തിരുമേനിയിതാ, വിജയ വൈജയന്തിയുമായി മുമ്പോട്ടു മുമ്പോട്ടുതന്നെ പോകുന്നു.

ഇക്കാരണങ്ങളാലാണ് അദ്ദേഹത്തെ "ത്യാഗധീരനെ"ന്നു നാം വിളിക്കുക. ആ ചങ്കുറപ്പ്, വിഷമങ്ങളുടെ നടുവിൽ നട്ടെല്ലു നിവർത്തി നടക്കുന്നതിനുള്ള ആ കൂസലില്ലായ്മ, പരിഭവങ്ങളെയും, പരിതഃ സ്ഥിതികളെയും പരിഗണിക്കാതിരിക്കുന്നതിനുള്ള ആ തന്റേടം; നാം വിസ്മയിച്ചു നിന്നുപോകും, അവയൊക്കെ സസൂക്ഷ്മം നോക്കി ക്കണ്ടാൽ.

തിരുമേനിയെ കൂടുതൽ കൂടുതൽ പഠിക്കുംതോറും മനഃശാസ്ത്ര പരമായ നിരവധി പുതിയ പ്രശ്നങ്ങൾ നിങ്ങളെ നേരിടാതിരിക്കയില്ല. പലരും പറഞ്ഞു കേട്ടിട്ടുണ്ട്, "ഞങ്ങൾ ഈവാനിയോസ് തിരുമേനിയെ നല്ലവണ്ണം അറിയും" എന്ന്. എനിക്കവരോടു വലിയ സഹതാപമാണു തോന്നിയിട്ടുള്ളത്. പാവങ്ങൾ! പച്ചപ്പാവങ്ങൾ!! പണ്ടു കുറേ അന്ധന്മാർ കൂടി ഒരാനയെ തപ്പിനോക്കിയശേഷം പറഞ്ഞ അഭിപ്രായങ്ങൾപോലെ മാത്രമേ അവരുടെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടതുള്ളു.

തിരുമനസ്സിലെ ചില നയങ്ങളെ നിങ്ങൾ അനുകൂലിക്കുകയില്ലാ യിരിക്കാം. എങ്കിലും അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുക നിങ്ങൾക്കു സാദ്ധ്യമോ? മതപരമായ കാര്യങ്ങളിൽ അദ്ദേഹ ത്തിൽനിന്ന് അകന്നുനില്ക്കുന്നവർപോലും ആ വ്യക്തിമാഹാത്മ്യത്തെ ചോദ്യം ചെയ്യുകയില്ല. തിരുമേനി മഹാനായ ഒരു വ്യക്തിയാണ്. വ്യക്തിത്വമുള്ള ഒരു മഹാനുമാണ്. മഹാത്മാവേ, വിജയിച്ചാലും." (സത്യസഭാകാഹളം വിശേഷാൽപ്രതി).

## കൂപ്പുകൈ

അമേരിക്കയിൽനിന്നും ആർച്ചുബിഷപ്പ് മടങ്ങി എത്തിയപ്പോൾ തിരുവനന്തപുരത്തുവെച്ചു നടന്ന ഒരു അനുമോദനയോഗത്തിൽ പ്രസിദ്ധ സാഹിത്യകാരനും കവിയുമായ ഇടയാറൻമുള ശ്രീമാൻ കെ.എം. വറുഗീസ് ബി.ഏ, എൽ.റ്റി. എഴുതി വായിച്ച ഒരു കവിത (കേകരീതി)യിലെ ഏതാനും വരികൾ താഴെ ചേർക്കുന്നു.

"ഹേമതാരക സ്ലീബാമണ്ഡിതം, മസനപ്സാ-
പൂണുന്നോരുത്തമാംഗം നീകാമരമണീയം
ബുദ്ധിതൻ പ്രകർഷത്തെക്കാണിക്കും നെറ്റിത്തടം
പൃഥ്വിയെ വെന്നീടുന്നോരോമനപ്പുരികങ്ങൾ
നിർഭയത്വത്തെക്കാട്ടും നാസിക - കാണുന്നോർതൻ
ഹൃത്തടം കവരുന്ന ദീപ്രകോമളാക്ഷികൾ
വശ്യമാം മൃദുസ്മേരം വിരിയുമധരങ്ങ-
ളദ്ധ്യാത്മമയൂഖാളി പോലവേ നീളും ശ്മശ്രു
ചെന്നാടയെങ്ങും സരപ്പൊളിയായ് പരിചൊടു
തുന്നിച്ചേർത്തിണക്കിന ശുഭ്രമാം നൽക്കുപ്പായം
വലത്തുകൈയിൽ മിന്നും കാഞ്ചന സ്ലീബാ - മറ്റേ
ക്കരത്തിൽ നാഗപ്പത്തിയേന്തിയോരംശദണ്ഡും.

പശ്ചിമരാജ്യത്തുള്ളോർ മുമ്പെങ്ങാൻ കേട്ടിട്ടുണ്ടാം
നസ്രാണി സിംഹങ്ങൾ തൻ പ്രതാപപ്പൊലിമകൾ;
ഇന്നവയെല്ലാമവർ കണ്ടറിഞ്ഞല്ലോ സർവ്വാ-
നന്ദന ഗുണാകര, ഭവദ്ദർശനവശാൽ
അങ്ങയിൽ കണ്ടാർ സ്പെൽമാൻ തുടങ്ങും മനീഷിക-
ളൈക്യത്തിൻ സന്ദേശത്തെ - ജീവിതവിശുദ്ധിയെ
അത്യന്തം യശസ്വിയാം കർദ്ദിനാൾ ന്യൂമാനെ - യാ-
സിദ്ധന്മാർക്കണിമുത്താം ഫ്രാൻസിസ് സേവ്യരേയുമേ
സുരീന്ദ്ര മൗലേ! ഭവൽ പ്രസംഗാമൃതാബ്ധിയിൽ
നീരാടാതവിടത്തിലാരുള്ളു മനുഷ്യനായ്
ഏതൊരു ഭദ്രാസന വേദിയുണ്ടവിടത്തെ
പാദപാംസുക്കളേറ്റു സംപൂതമായിടാതെ
ആരുടെയാത്മാവിന്നു ശാന്തിയും വിശുദ്ധിയും
പൂരിച്ചില്ലവിടുന്നു കുർബാനയർപ്പിച്ചപ്പോൾ
ആരുടെ മുഴങ്കാൽകൾ മടങ്ങിയില്ലാ പരം -

ആചാര്യശിഖാമണേ! നിന്തിരുവടി മുമ്പിൽ
മാനിച്ചിതമ്മേരിക്കയങ്ങയെ, ബിരുദത്താൽ;
മാന്യമായാഘോഷിച്ചു സൽക്കാരോത്സവങ്ങളാൽ

സാഗരപ്പരപ്പിലും വാനത്തിൻ വിരിവിലും
ശോകലേശമാർന്നീടാതങ്ങയെക്കാത്തോരീശൻ
ഭാവൽക്കലക്ഷ്യങ്ങളെയൊക്കെയും സാധിക്കുവാ-
നേകട്ടേയവിടേക്കുമേൽക്കുമേൽ സുമംഗളം!

## ജൂബിലിയാശംസാപ്രസംഗം

കഥാപുരുഷന്റെ മെത്രാഭിഷേകരജതജൂബിലിയാഘോഷങ്ങൾ അതിരൂപതയുടെ പല ഭാഗങ്ങളിലും വെച്ചു (1950-ൽ) നടത്തപ്പെടുക യുണ്ടായി. ഇക്കൂട്ടത്തിൽ ദേവികുളത്തുവെച്ചു നടന്ന ഒരു അനുമോദന യോഗത്തിൽ എറണാകുളം അതിരൂപതാദ്ധ്യക്ഷനായിരുന്ന മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമനസ്സുകൊണ്ട് ചെയ്ത പ്രസംഗത്തിലെ ഏതാനും ഭാഗങ്ങളാണ് ചുവടേ ചേർക്കുന്നത്.

അഭിവന്ദ്യ തിരുമേനിമാരേ, വൈദികരേ, മാന്യരേ,

"മാർ ഈവാനിയോസു തിരുമേനിയുടെ മെത്രാഭിഷേക രജത ജൂബിലി, തിരുവനന്തപുരം അതിരൂപതയുടെ നാനാഭാഗങ്ങളിൽ ആഡംബരപൂർവ്വം ആഘോഷിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ദേവികുളത്തു വസിക്കുന്ന നമ്മൾ ആരും അറിയാത്ത വിധം ആ മംഗള ദിനം കടന്നുപോകുവാൻ അനുവദിക്കുന്നത് ഉചിതമല്ലെന്നു കരുതി യാണ് ഇവിടുത്തെ പൗരപ്രമുഖന്മാരെയും തൽക്കാലം ഇവിടെ വസി ക്കുന്ന വൈദികരെയും വിജയപുരം രൂപതയുടെ അഡ്മിനിസ്ട്രേറ്ററായ ഡോക്ടർ ബൊനവെന്തൂര തിരുമേനിയേയും ഈ തേയില സൽക്കാര ത്തിൽ ക്ഷണിച്ചത്. ജൂബിലേറിയനായ തിരുമേനിയോട് സ്വല്പം പരിചയമുള്ളവരെല്ലാം സമ്മതിക്കും ഈ രജതജൂബിലി ഇത്ര ലഘു വായ തോതിൽ ആഘോഷിച്ചാൽ പോരെന്ന്. ആരുടെ ജൂബിലിയാണ് നാം ആഘോഷിക്കുന്നതെന്ന് ലോകം അറിഞ്ഞിരുന്നെങ്കിൽ കത്തോലി ക്കരും അകത്തോലിക്കരുമായ മഹാരഥന്മാർ - അമേരിക്കൻ പ്രസിഡ ന്റായ ട്രൂമാൻ മുതൽ ഏറ്റവും ചെറിയ ഒരു പ്യൂൺവരെയുള്ള സകല ആളുകളും ഇവിടെ തിങ്ങിക്കൂടുമെന്നാണ് നമ്മുടെ വിശ്വാസം.

അറുപത്തെട്ടു കൊല്ലം മുമ്പ് ഭൂജാതനായ വന്ദ്യ തിരുമേനി ഒരു വിദ്യാർത്ഥി ആയിരിക്കവേതന്നെ സഹപാഠികളുടെ ഇടയിൽ ഒരു

നക്ഷത്രം പോലെ ശോഭിച്ചു. പി.ടി.ഗീവർഗീസ് ശെമ്മാശൻ എം. ഏ. അവർകളുടെ പാണ്ഡിത്യം യാക്കോബായ സഭാമണ്ഡലത്തിലെന്നല്ല, ഇതരമതസ്ഥരുടെ ഇടയിലും പ്രസിദ്ധമായിരുന്നു. പുരോഹിതനായി ഉയർന്നതിനുശേഷം വൈദികവിദ്യാർത്ഥികളുടെ ഗുരുവെന്ന നിലയിലും സെറാംപൂർ കോളേജിലെ ഒരു പ്രൊഫസർ എന്ന നിലയിലും അസൂയാവഹമായ പ്രശസ്തി പി.റ്റി.ഗീവറുഗീസ് കത്തനാർ സമ്പാദിച്ചു. കൽക്കട്ടായിലായിരുന്നപ്പോൾ ഒന്നാംതരം സർട്ടിഫിക്കറ്റു കളില്ലാത്തവർക്കുപോലും ഇദ്ദേഹം ശുപാർശ ചെയ്തിരുന്ന ക്ലാസിൽ തന്നെ പ്രവേശനം നൽകിയിരുന്നുവെന്നു പറയുമ്പോൾ ഗ്രഹിക്കാം പി.റ്റി.ഗീവർഗീസ് കത്തനാർക്ക് അന്നുണ്ടായിരുന്ന സ്ഥാനമെന്താ ണെന്ന്. ഈദൃശമായ പാണ്ഡിത്യവും സ്വഭാവികമായ ദൈവഭക്തിയു മാണ് പി.റ്റി. ഗീവർഗീസ് കത്തനാർ അവറുകളെ ഇരുപത്തഞ്ചു കൊല്ലത്തിനുമുമ്പ് മെത്രാൻ പദത്തിന് യോഗ്യനാക്കിതീർത്തത്. അന്നാണ് പി.റ്റി. ഗീവർഗീസ് എന്ന പേരു മാറ്റി "മാർ ഈവാനിയോസ്" എന്ന നാമത്തിൽ മെത്രാൻ സ്ഥാനാഭിഷേകം നടന്നത്. ദൈവരാജ്യ ത്തിലേ രാജകുമാരന്മാരാണ് മെത്രാന്മാർ. ആദ്ധ്യാത്മികരംഗത്ത് അനിതരസാധാരണമായ അധികാരങ്ങളാണ് മെത്രാന്മാർക്കുള്ളത്. ആ മഹനീയസ്ഥാനത്തേക്ക് മാർ ഈവാനിയോസ് തിരുമേനി ആരോ ഹണം ചെയ്തതിന്റെ 25-ാം വാർഷികമഹാമഹമാണ് ഇന്നത്തെ രജത ജൂബിലി. ഉൽകൃഷ്ടമായ മെത്രാൻസ്ഥാനത്തെ ഉൽകൃഷ്ടമാംവിധം അലങ്കരിച്ചു എന്നുള്ളതും ഈ ജൂബിലിയുടെ മാറ്റു കൂട്ടുന്നുണ്ട്.

ഉദ്ദേശം മുന്നൂറുകൊല്ലങ്ങൾക്ക് മുമ്പുവരെ സുറിയാനി ക്രിസ്ത്യാ നികൾ ഒന്നായിരുന്നു. ഏകയോഗക്ഷേമമായി എല്ലാവരും കഴിഞ്ഞു പോന്നു. പോർത്തുഗീസ് ഭരണകാലത്താണ് ഭിന്നിപ്പ് ആരംഭിച്ചത്. തന്മൂലം കത്തോലിക്കരായ ഞങ്ങൾക്ക് - ഏകസത്യമതം കത്തോ ലിക്കാമതമാണെന്ന് വിശ്വസിക്കുന്ന ഞങ്ങൾക്ക് - തിരുമേനി ആരംഭിച്ച പുനരൈക്യപ്രസ്ഥാനം വഴി യാക്കോബായക്കാർ തങ്ങളുടെ സഭയെ വിട്ട് കത്തോലിക്കാസഭയിലേക്ക് ധാരാളമായി പ്രവേശിക്കുവാൻ തുടങ്ങിയത് എത്രയും ആഹ്ലാദപൂർവ്വകമായ സംഭവമാണ്. ക്രിസ്താനു കരണ സന്ന്യാസസഭയുടെ (Order of the Imitation of Christ) സ്ഥാപകനെന്ന നിലയിൽ ക്രിസ്തുനാഥനെ കൂടുതൽ താല്പര്യ ത്തോടെ അനുകരിക്കാൻ തുടങ്ങിയപ്പോഴാണ് ഈ മഹാകാര്യം സാദ്ധ്യമായതെന്ന് അറിയുന്നതും ആശ്വാസജനകമാണ്. യാക്കോബായ സഭയിലെ ഒരു വീരസിംഹമായി വിരാജിച്ചിരുന്ന വട്ടശ്ശേരിൽ മാർ

ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ വലംകൈയ്യായിനിന്ന് അസൂയാവഹമായ പ്രശസ്തി സമ്പാദിച്ചിരുന്ന ഒരു മെത്രാപ്പോലീത്താ, ഭാവി ഏതുപ്രകാരമായിരിക്കുമെന്ന് യാതൊരു ആലോചനയും കൂടാതെയാണ് കത്തോലിക്കാസഭയിലേക്ക് പ്രവേശിച്ചത്. പുനരൈക്യപ്പെട്ടപ്പോൾ യാക്കോബായ സഭയിലെ സകല അവകാശാധികാരങ്ങളും വെടിഞ്ഞ് വെറും കൈയ്യായി കത്തോലിക്കാസഭയിലേക്ക് പ്രവേശിച്ചപ്പോൾ തിരുമേനിയുടെ സ്ഥിതി എന്തായിരുന്നു? ഭരണാധികാരം കിട്ടുമോ, ആരെങ്കിലും തന്നെ അനുഗമിക്കുമോ, കത്തോലിക്കർ തന്നെ വീക്ഷിക്കുന്നത് എങ്ങനെയായിരിക്കും ഇത്യാദി പല ചോദ്യചിഹ്നങ്ങൾ തിരുമേനിയുടെ മുമ്പിൽ നിലകൊണ്ടു. ജൂബിലി പ്രമാണിച്ച് പരിശുദ്ധ പിതാവ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ മാർ ഈവാനിയോസ് തിരുമേനിക്ക് അയച്ച സ്വഹസ്തലിഖിതത്തിൽ മാർ ഈവാനിയോസ് തിരുമേനി പുനരൈക്യത്തിന് മുമ്പും പിമ്പും അനുഭവിക്കേണ്ടിവന്ന വിഷമങ്ങൾ, അനുസ്മരിച്ചുകൊണ്ടാണ് ജൂബിലി മംഗളങ്ങൾ ആശംസിച്ചിരിക്കുന്നത്.

1932-ൽ രൂപമെടുത്ത അതിരൂപതാശിശുവിന്റെ ബാലാരിഷ്ടതകൾ ഏറെക്കുറെ നീങ്ങിക്കഴിഞ്ഞു. എഴുപതിനായിരത്തോളം വരുന്ന ഒരു ആട്ടിൻകൂട്ടം ഇന്ന് അദ്ദേഹത്തിനുണ്ട്. അനേകം സ്കൂളുകളും, അവയ്ക്കു മകുടം ചാർത്തുന്ന ഒരു കോളേജും അതിരൂപതയെ അലങ്കരിക്കുന്നു. പല പള്ളികളും, മിഷ്യൻ സ്റ്റേഷനുകളും അതിരൂപതയുടെ അസൂയാവഹമായ അഭിവൃദ്ധിക്ക് അനിഷേദ്ധ്യമായ ലക്ഷ്യങ്ങളാണ്. പൗരസ്ത്യതിരുസംഘത്തിന്റെ സെക്രട്ടറി, അത്യുന്നതകർദ്ദിനാൾ തിസരാന്റ് തിരുമനസ്സുകൊണ്ട് അയച്ചിട്ടുള്ള അനുമോദനലേഖനത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ത്യാഗശീലവും വിപദിധൈര്യവും ദൈവഭക്തിയും പ്രത്യേകം പ്രശംസിച്ചിരിക്കുന്നു. ട്രൂമാൻ, ജവഹർലാൽ നെഹ്റു തുടങ്ങി വിദേശത്തും ഇന്ത്യയിലുമുള്ള മഹാരഥന്മാരുടെ ഇടയിൽ കൂസൽ കൂടാതെ അദ്ദേഹത്തിന് പ്രവേശിക്കുവാൻ കഴിയും. മഹാന്മാരുടെ കൂട്ടത്തിൽ ബഹുമാന്യമായ ഒരു സ്ഥാനം അദ്ദേഹത്തിന് കിട്ടിയിട്ടുണ്ട്. അമേരിക്കക്കാർതന്നെ അദ്ദേഹത്തിനു എൽ.എൽ.ഡി.ബിരുദം നൽകി. അഖിലലോകവ്യാപക മായ അദ്ദേഹത്തിന്റെ ദേശസഞ്ചാരം വഴി ഇന്ത്യയുടെ വില അന്യരാജ്യത്തിൽ അല്പം കൂടിയിട്ടുണ്ട്. പൗരത്വം ലഭിക്കാതെ കാനഡായിൽ വലഞ്ഞിരുന്ന ഇന്ത്യാക്കാർക്ക് ആ സ്ഥാനം വാങ്ങിക്കൊടുക്കുവാൻ മാർ ഈവാനിയോസ് തിരുമേനിക്ക് സാധിച്ചു. ഈദൃശങ്ങളായ പല

നേട്ടങ്ങൾ പരിഗണിക്കുമ്പോഴാണ് ഇദ്ദേഹത്തിന്റെ വശീകരണ ശക്തിയും കാര്യക്ഷമതയും സുതാരം വ്യക്തമാകുന്നത്. ജാതിമത ഭേദമെന്യേ ഇദ്ദേഹത്തെ സമീപിക്കുന്ന എല്ലാവരെയും ആവുംവിധം സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുവാൻ ഇദ്ദേഹം എപ്പോഴും തയ്യാറാണ്. ഈദൃശനായ ഒരു ജൂബിലേറിയന്റെ തിരുസഭാ പ്രവേശനത്തിൽ സ്വാഗതമരുളുവാൻ ഭാഗ്യം ലഭിച്ച എനിക്ക് ഈ ജൂബിലി മഹാമഹവും ഇപ്രകാരമെങ്കിലും ആഘോഷിക്കുവാൻ സാധിച്ചതിൽ ആഹ്ലാദമുണ്ട്. ആർക്കുവേണ്ടി തിരുമേനി ജീവിതമഹാ ത്യാഗങ്ങൾ അനുഷ്ഠിച്ചുവോ ആ പരമകാരുണികനായ സർവ്വേശ്വരൻ ഇഹത്തിലും പരത്തിലും തിരുമേനിയുടെ സർവ്വസ്വവും ആയിരിക്കട്ടെ! ദൈവത്തിനും മനുഷ്യനുമായി സമാരംഭിച്ചിരിക്കുന്ന സമസ്തപ്രസ്ഥാനങ്ങളും ഉപര്യുപരി അഭിവൃദ്ധി പ്രാപിക്കുന്നതിന് തിരുമേനിക്ക് ദീർഘായുസ്സും ശരീരശക്തിയും ആവശ്യമായ മറ്റ് സഹായങ്ങളും ലഭിക്കുമാറാകട്ടെ!”

## അദ്ധ്യായം 58

# രോഗശയ്യയിൽ

അരോഗദൃഢഗാത്രനും സൈനികനുമായിരുന്ന മാവേലിക്കര മല്ലിട്ടിപ്പണിക്കരുടെ സന്താനപരമ്പരയിൽപ്പെട്ടവരാകയാൽ പണിക്കർ കുടുംബാംഗങ്ങൾ പൊതുവേ ശാരീരികാരോഗ്യത്തിൽ ആരെയും വെല്ലുന്നവരായിരുന്നു. മാർ ഈവാനിയോസിന്റെ പിതാവും മാതാവും സഹോദരസഹോദരികളും അരോഗദൃഢഗാത്രരുമായിരുന്നു. പിതാവായ തോമ്മാപ്പണിക്കർ 94-ാം വയസ്സിലും മാതാവായ അന്നമ്മ 73-ാം വയസ്സിലുമാണ് നിര്യാതരായത്. ബാല്യപ്രായം മുതൽത്തന്നെ ആരോഗ്യമുള്ളവനായിട്ടാണ് നമ്മുടെ കഥാനായകനും വളർന്നുവന്നത്. ശെമ്മാശനായിരുന്നപ്പോഴോ വൈദികനായി എം.ഡി.സെമിനാരി പ്രിൻസിപ്പാളായിരുന്നപ്പോഴോ കാര്യമായ യാതൊരു രോഗവും അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. എന്നാൽ സെറാംപൂർ കോളേജിലെ പ്രൊഫസറായി ജോലി നോക്കിക്കൊണ്ടിരുന്ന കാലയളവിൽ വാതരോഗബാധിതനായിത്തീരുകയുണ്ടായി. സെറാംപൂരിൽ കാലാവസ്ഥയോ അവിടുത്തെ ഭക്ഷണരീതിയോ അവിശ്രമമായ പരിശ്രമമോ ഏതെങ്കിലുമായിരുന്നിരിക്കാം അതിനുണ്ടായ കാരണം. അക്കാലത്തും പിൽക്കാലത്തും അദ്ദേഹത്തിന്റെ ആത്മസുഹൃത്തായിരുന്ന ശ്രീമാൻ എ.പീലിപ്പോസ് ജഡ്ജി പ്രസ്തുത രോഗവിവരത്തെയും ചികിത്സയെയും പറ്റി തന്റെ “ആത്മകഥ”യിൽ രേഖപ്പെടുത്തയിരിക്കുന്നത് ഇപ്രകാരമാണ്.

### വാതരോഗബാധിതൻ

“സെറാംപൂരിൽനിന്നും 1917-ൽ കഠിനരോഗിയായിട്ടാണ് മാർ ഈവാനിയോസ് (അന്ന് ഫാദർ പി.റ്റി ഗീവർഗീസ്) കോട്ടയത്ത് വന്നു

ചേർന്നത്. അദ്ദേഹത്തിന്റെ ആയുസിനെപ്പറ്റി സംശയം തോന്നത്തക്ക നിലയിലായിരുന്നു രോഗത്തിന്റ കാഠിന്യം. അക്കാലത്ത് ഞാൻ താമസിച്ചിരുന്ന കോട്ടയത്തുള്ള വീട്ടിൽ അദ്ദേഹത്തെ താമസിപ്പിച്ച് ഏതാനും ആഴ്ചകൾ ശുശ്രൂഷിക്കുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചു. സംസാരിക്കുന്നതിനുള്ള ശക്തിപോലും അന്ന് അദ്ദേഹത്തിനില്ലായിരുന്നു. ഡോക്ടർ നിശ്ചയിച്ച ലഘുഭക്ഷണങ്ങൾ മാത്രമേ അദ്ദേഹത്തിന് കഴിക്കാമായിരുന്നുള്ളു. പൂർണ്ണവിശ്രമ മായിരുന്നു ഡോക്ടർ നിശ്ചയിച്ചത്. മറ്റാരും അദ്ദേഹത്തോടു സംസാരിക്കുവാൻ അനുവദിച്ചിരുന്നില്ല. ചില സമയത്ത് ഞാൻ തന്നെ അദ്ദേഹത്തിന്റെ സമീപത്തിൽ ചെന്നിരുന്നു രോഗകാര്യങ്ങൾ ചോദിക്കുമായിരുന്നു. ആ സമയത്തും ബഥനി സ്ഥാപനത്തെപ്പറ്റിയാണ് അദ്ദേഹം സംസാരിച്ചത്. 'ദൈവമേ! എന്തൊരു മനഃശക്തിയാണ് അദ്ദേഹത്തിന് നീ കൊടുത്തിരുന്നത്. സ്വന്തം ജീവനെയും ആരോഗ്യ ത്തെയും വിസ്മരിച്ചുകൊണ്ട്, ദൈവമഹത്വത്തിനായി ചെയ്യുവാനുള്ള കാര്യങ്ങൾ മാത്രം ആലോചിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക...'

കുറേ മാസങ്ങളിലെ ചികിത്സയുടെ ഫലമായി അദ്ദേഹത്തിന്റെ രോഗം കുറെ കുറഞ്ഞു. എന്നാൽ അതിനുശേഷവും ആണ്ടുതോറും പിഴിച്ചിൽ കഴിക്കണമെന്ന് വൈദ്യവിധിയനുസരിച്ച് ഏതാനും ആണ്ടു കളിൽ ക്രമമായി പിഴിച്ചിൽ കഴിച്ചു. കോട്ടയത്തു ഒരു വീടെടുത്ത് വടശ്ശേരിക്കര ബഥനിയിൽനിന്നും കോട്ടയത്തുവന്നു താമസിച്ചാണ് പിഴിച്ചിൽ നടത്തിക്കൊണ്ടിരുന്നത്. തൊണ്ണൂറുദിവസത്തെ ആകെപ്പാടെ യുള്ള പഥ്യമുണ്ടെങ്കിലും ആദ്യത്തെ ഏതാനും ദിവസങ്ങൾ കഴി ഞ്ഞാൽ അദ്ദേഹത്തിനു മറ്റുള്ളവരെ കാണാനും കുറെ സംസാരിക്കു വാനും അനുവാദമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉന്മേഷത്തിനും ഞങ്ങളുടെ സന്തോഷത്തിനും അതിരില്ലായിരുന്നു. അന്നു കോട്ടയത്തു താമസിച്ചിരുന്ന ഞാനും പരേതനായ മിസ്റ്റർ കെ.വി.ചാക്കോയും പല പ്പോഴും അദ്ദേഹത്തെ സന്ദർശിച്ച് ഓരോ കാര്യങ്ങൾ സംസാരിക്കു മായിരുന്നു. ബഹുമാനപ്പെട്ട പാറേട്ടച്ചനും (ഇപ്പോൾ യാക്കോബായ സഭയിലെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ) ആഴ്ചയിൽ ഏതാനും ദിവസങ്ങൾ അദ്ദേഹത്തെ സന്ദർശിക്കുവാൻ പുതുപ്പള്ളിൽ നിന്നും വന്നു സഭാസംബന്ധമായ ഞങ്ങളുടെ വർത്തമാനത്തിൽ ഞങ്ങളോട് അനുഭാവപൂർവ്വം സഹകരിച്ചിരുന്നു."

(ആത്മകഥ.... പുറം 83)

അന്നു ബാധിച്ച വാതരോഗം നിമിത്തം കഥാപുരുഷൻ നിര്യാണം പ്രാപിച്ചിരുന്നുവെങ്കിൽ കേരളക്രൈസ്തവസഭയുടെ സാമുദായികവും, രാഷ്ട്രീയവും, വിദ്യാഭ്യാസപരവും, സർവ്വോപരി ആദ്ധ്യാത്മികവുമായ പുരോഗതിക്കുവേണ്ടി അനേകവർഷക്കാലം നിഃസ്വാർത്ഥം പ്രവർത്തിക്കേണ്ട ഒരു മഹാപുരുഷൻ എന്നന്നേക്കുമായി നമുക്കു നഷ്ടപ്പെടുമായിരുന്നു. പക്ഷേ, സർവ്വശക്തനും സർവ്വജ്ഞനുമായ ദൈവം അതിനനുവദിക്കയുണ്ടായില്ല. കാരണം, അവിടുന്നു തിരഞ്ഞെടുത്ത ഒരു മഹദ്വ്യക്തിയായിരുന്നു മാർ ഈവാനിയോസ്.

## അമേരിക്കൻ പര്യടനവേളയിൽ

1932-ൽ നടത്തിയ യൂറോപ്യൻ പര്യടനാവസരത്തിൽ അവിടുത്തെ അതികഠിനമായ തണുപ്പോ പ്രതിദിനം നടത്തിക്കൊണ്ടിരുന്ന അവിശ്രമ ജോലിയോ നിമിത്തം കാര്യമായ എന്തെങ്കിലും രോഗം കഥാപുരുഷനെ ബാധിക്കുകയുണ്ടായില്ല. എങ്കിലും യാത്രാക്ഷീണം ഹേതുവായി ബൽജിയത്തിൽ ഏതാനും ആഴ്ചക്കാലം വിശ്രമിച്ചതായി അദ്ദേഹത്തി ന്റെ എഴുത്തുകളിൽ കാണുന്നുണ്ട്. അമേരിക്കൻ പര്യടനവേളയിലാണ് രോഗം കാര്യമായി അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടത്. അന്ന് ഇന്ത്യൻ ഡലിഗേറ്റ് അപ്പസ്തോലിക്കാ ആയിരുന്ന മാർട്ടിൻ ലൂക്കാസ് തിരു മേനിക്ക് അയച്ച രണ്ടു കത്തുകളിൽ നിന്നും ഈ വസ്തുത തെളിയു ന്നുണ്ട്. 1947 നവംബർ 10-ാം തീയതി അയച്ച ഒരു കത്തിൽ ഇപ്രകാര മാണ് കാണുന്നത്.

“ഏതാനും ദിവസങ്ങൾ പ്രോവിഡൻസ് ആസ്പത്രിയിൽ താമസിച്ച് ചികിൽസ നടത്തുവാൻ വേണ്ട ഏർപ്പാടുകൾ കർദ്ദിനാൾ മൂണി തിരുമനസ്സുകൊണ്ട് എനിക്ക് ചെയ്തുതന്നു. ഡോക്ടർ ഫോർമാൻ ക്ലാർക്ക് എന്നെ പരിശോധിക്കുകയും എക്സറേ എടുക്കുകയും ചെയ്തു. തൽഫലമായി ഭക്ഷണരീതി, വിശ്രമം എന്നിവയെപ്പറ്റിയും ചില നിർദ്ദേശങ്ങൾ അദ്ദേഹം നൽകുകയുണ്ടായി. അവ തുടർന്ന് അനുഷ്ഠിക്കേണ്ടതായിട്ടുണ്ട്. പ്രായത്തിനനുസരിച്ച് ഞാൻ ആരോഗ്യവാനാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എല്ലാ ദിവസവും എട്ടു മണിക്കൂർ ഉറങ്ങണമെന്നും ചില വ്യായാമങ്ങൾ നടത്തണമെന്നും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഭക്ഷണം കഴിക്കണമെന്നും ഉപദേശിക്കുകയുണ്ടായി. കുറച്ചുനാൾ കൂടെ ദൈവത്തിനിഷ്ടമാകുമെങ്കിൽ അവിടത്തെ സേവിക്കുവാൻ കഴിയുമെന്ന് ആ പരിശോധന മുഖേന അറിയുവാൻ സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്.”

ഇതേത്തുടർന്ന് 1948 ജനുവരി 24-ാം തീയതി ഡലിഗേറ്റിനയച്ച വേറൊരെഴുത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

“ഡിട്രോയിറ്റിലും ചിക്കാഗോയിലും താമസിച്ചതിനിടയ്ക്ക് അഞ്ചാഴ്ചകൾ എനിക്ക് ആശുപത്രിയിൽ കഴിച്ചു കൂട്ടേണ്ടതായി വന്നു. അത് കൂടാതെ രണ്ടുമാസം മാത്രമേ ഞാൻ ഐക്യനാടുകളിൽ താമസിച്ചുള്ളു. ഈ രാജ്യത്തുനിന്നും ഇൻഡ്യയിലേക്ക് തിരിക്കുന്നതിനു മുമ്പ് എന്റെ ആരോഗ്യസ്ഥിതിയെപ്പറ്റി ചില നിർദ്ദേശങ്ങൾ നല്കുവാൻ അലക്സിയൻ ബ്രദേഴ്സ് വക ആശുപത്രിയിലെ ഡോക്ടറന്മാർക്ക് എന്നെ ഒന്നുകൂടി കാണണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. ന്യൂയോർക്കിൽനിന്നും അലക്സിയൻ ബ്രദേഴ്സ് ഹോസ്പിറ്റലിലേക്ക് ഉടനെ പോകുവാൻ ഞാനുദ്ദേശിക്കുന്നു. അവിടെ നിന്നും സാൻഫ്രാൻസിസ്കോയിലേക്കും പിന്നീട് ഇൻഡ്യയിലേക്കും മടങ്ങണമെന്നാണ് ഞാൻ കരുതുന്നത്.”

ചിക്കാഗോ ആശുപത്രിയിൽ എത്തിയശേഷം 1948 ഏപ്രിൽ 10-ാം തീയതി ഇപ്രകാരമാണ് എഴുതുകയുണ്ടായത്.

“ഈ കഴിഞ്ഞ ശനിയാഴ്ച കർദ്ദിനാൾ സ്പെൽമാനോടു യാത്ര പറഞ്ഞശേഷം വൈദ്യപരിശോധനയ്ക്കായി ഇപ്പോൾ ഞാൻ അലക്സിയൻ ബ്രദേഴ്സ് വക ആശുപത്രയിൽ എത്തിയിരിക്കുകയാണ്. രണ്ടു മാസങ്ങൾക്ക് മുമ്പ് എനിക്ക് നല്ല സുഖമില്ലാതെ വരുകയും ഈ ആശുപത്രിയിൽ ഏതാനും വാരക്കാലം കിടക്കേണ്ടി വരികയും ചെയ്തു. അമേരിക്കാ വിട്ട് ഇൻഡ്യയിലേക്ക് മടങ്ങുന്നതിനു മുമ്പായി എനിക്ക് വൈദ്യപരിശോധന നടത്തേണ്ടത് ആവശ്യമാണെന്ന് ഇവിടെയുള്ള ഡോക്ടറന്മാർ അന്നു പറഞ്ഞതനുസരിച്ചാണ് ഞാൻ ഇപ്പോൾ ഇവിടെ എത്തിയിരിക്കുന്നത്.”

## തിരുവനന്തപുരം അരമനയിൽ

അമേരിക്കൻ - ആസ്ട്രേലിയൻ പര്യടനം വിജയപ്രദമായി നിർവ്വഹിച്ചശേഷം 1948 ജൂൺമാസത്തിലായിരുന്നുവല്ലോ കഥാപുരുഷൻ തിരുവനന്തപുരത്തു മടങ്ങിയെത്തിയത്. അക്കാലം മുതൽ തന്റെ ആരോഗ്യത്തിന് എന്തോ കാര്യമായ കുഴപ്പം പറ്റിയിട്ടുണ്ടെന്ന് പലപ്പോഴും പലരോടും അദ്ദേഹം പറയുകയുണ്ടായിട്ടുണ്ട്. അന്നു 67 വയസ്സ് പൂർത്തിയായിരുന്നുവെങ്കിലും പ്രായാധിക്യം നിമിത്തമുള്ള അനാരോഗ്യമല്ല അതെന്നു സ്പഷ്ടമായിരുന്നു. പഴയതുപോലെയുള്ള

വാതരോഗത്തിന്റെ ലക്ഷണവുമല്ലായിരുന്നു അത്. പര്യടനാനന്തരം പല പള്ളികളിലേക്കും ആഘോഷപൂർവ്വം തന്നെ സ്വീകരിക്കുവാൻ പലരും ക്ഷണിച്ചിരുന്നുവെങ്കിലും അവയെല്ലാം അദ്ദേഹം കൃതജ്ഞതാപൂർവ്വം ഉപേക്ഷിക്കുകയാണ് ചെയ്തത്. എന്നാൽ അത്യാവശ്യകാര്യങ്ങൾക്കു വേണ്ടി യാത്ര ചെയ്യേണ്ടതായും വന്നുകൂടി. ഒരു വർഷത്തോളം അതിരൂപതയിൽ ഇല്ലാതിരുന്നതു നിമിത്തം ഏതാനും മാസത്തേയ്ക്ക് ഭാരിച്ച ജോലികളും അദ്ദേഹത്തിനു നിർവ്വഹിക്കുവാനുണ്ടായിരുന്നു. അതിനിടയിലാണ് പനമ്പള്ളിപ്പദ്ധതി തിരു - കൊച്ചിയിൽ ആവിർഭവിച്ചത്. അതിനെതിരായി അനേക മാസക്കാലം വിശ്രമരഹിതനായി ശക്തിയായ സമരം നടത്തേണ്ടതായും വന്നുകൂടി. ഇതേപ്പറ്റി മുന്നൊരദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. തന്റെ പരിശ്രമം വിജയപ്രദമായിത്തീർന്നു എന്നതിൽ ചാരിതാർത്ഥ്യമടയുവാൻ സാധിച്ചുവെങ്കിലും അനാരോഗ്യം ഒന്നിനൊന്നു വർദ്ധിച്ചു വന്നതേയുള്ളു.

## ദേവികുളത്തെ വിശ്രമം

പുറമേ കാണത്തക്കവിധമുള്ള അനാരോഗ്യലക്ഷണങ്ങളൊന്നും അദ്ദേഹത്തിന് അന്നുണ്ടായിരുന്നില്ല. തന്നിമിത്തം അതേപ്പറ്റി ആരും അത്ര കാര്യമായി ഗണിച്ചുമില്ല. എങ്കിലും പലരും ഉപദേശിച്ചതനുസരിച്ച് ഒരുമാസക്കാലം ദേവികുളത്തുപോയി വിശ്രമിക്കുകയുണ്ടായി. അതുകൊണ്ടും കാര്യമായ പ്രയോജനമൊന്നും സിദ്ധിച്ചില്ല. ദേവികുളത്ത് അദ്ദേഹത്തോടൊന്നിച്ച് താമസിച്ചുകൊണ്ടിരുന്ന ഫാദർ സെറാഫിയോൻ ഒ.ഐ.സി. അവിടത്തെ വിശ്രമത്തെപ്പറ്റി ഇപ്രകാം രേഖപ്പെടുത്തിയിരിക്കുന്നു.

“1952 മദ്ധ്യവേനലവധിക്കാലത്ത് വിശ്രമത്തിനായി ദേവികുളത്തുള്ള കെട്ടിടത്തിലേക്ക് വന്ദ്യപിതാവ് പോകുകയുണ്ടായി. അവിടെ താമസിച്ചിരുന്ന കാലയളവിൽ വിശ്രമത്തിനായി എന്നെയും ക്ഷണിച്ചിരുന്നു. വിശുദ്ധ കുർബാന എഴുന്നള്ളിച്ചു വെക്കുന്നതിനുള്ള സക്രാരി അവിടെ ഇല്ലാതിരുന്നതിനാൽ അതുകൂടി കൊണ്ടുചെല്ലണമെന്ന് എന്റെ പേർക്ക് എഴുതിയിരുന്നതിനാൽ അതുംകൊണ്ടാണ് ഞാൻ ദേവികുളത്തേക്ക് പോയത്.

വന്ദ്യപിതാവിന്റെ കാലത്തുതന്നെ തിരുവനന്തപുരത്തു പുതുതായി ഒരു അരമനയും കത്തീഡ്രലും പണിയണമെന്ന് ഉദ്ദേശ്യമുണ്ടായിരുന്നില്ല. അതേപ്പറ്റി അദ്ദേഹം ഇപ്രകാരം പറയുമായിരുന്നു. 'വലിയ കെട്ടിടങ്ങൾ ഇപ്പോൾ പണിയുന്നതിന് ആരെക്കൊണ്ടു സാധിക്കും?

പുതിയ സ്ഥാപനങ്ങളും മിഷൻസ്ഥലങ്ങളും ഉണ്ടാക്കേണ്ടതാണ് ഇപ്പോഴത്തെ ആവശ്യം. ഇത് ഇപ്പോൾ സാധിച്ചില്ലെങ്കിൽ പിന്നീട് സാധിക്കാതെയും വരും. മനുഷ്യരെ എല്ലാവരെയും ഒരുപോലെ തൃപ്തിപ്പെടുത്തി കാര്യങ്ങൾ ചെയ്യുവാൻ പോയാൽ ഒന്നും നടക്കുകയില്ല. പണം മുൻകൂട്ടിയുണ്ടാക്കി ഒരു കാര്യം ചെയ്യുവാൻ ഉദ്ദേശിച്ചാൽ അത് നടക്കുകയുമില്ല.

കത്തീഡ്രൽ പണിയുന്ന കാര്യത്തിൽ വന്ദ്യപിതാവിനുദ്ദേശമില്ലായിരുന്നുവെങ്കിലും തന്റെ മരണം അടുത്തുവരുന്നുവെന്നു ബോദ്ധ്യമായതിനാൽ ഒരു കബറിടം മുൻകൂട്ടി ഉണ്ടാക്കണമെന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നു. കത്തീഡ്രൽ പണി ഉടനേ ആരംഭിക്കണമെന്നും അതിന്റെ മദ്ബഹായുടെ കീഴിൽ തന്റെ കബറിടം ഉണ്ടാക്കണമെന്നും താൻ ഇനിയും തിരുവനന്തപുരത്തെത്തി യാലുടൻതന്നെ അതിന്റെ ശിലാസ്ഥാപനകർമ്മം നടത്തണമെന്നും, ദേവികുളത്തുവെച്ചു എന്നോടു പറയുകയുണ്ടായി. അതനുസരിച്ചാണ് ദേവികുളത്തുനിന്നു വന്നയുടൻതന്നെ കബറിടത്തിന്റെയും കത്തീഡ്രലിന്റെയും പണി ആരംഭിച്ചത്.

## തിരുവനന്തപുരത്തെ മെഡിക്കൽ പരിശോധന

1952 ജൂൺ മാസത്തിലാണ് ദേവികുളത്തുനിന്നും കഥാപുരുഷൻ തിരുവനന്തപുരത്തെത്തിച്ചേർന്നത്. ആ സന്ദർഭത്തിൽ പുറമേ കാണത്തക്കവിധം തന്നെ ഒരു തടിപ്പ് ഉദരത്തിനു മുകളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. താൽക്കാലികചികിത്സകൾ അതിനു പ്രതിവിധിയായി നടത്തിയെങ്കിലും ആ തടിപ്പ് ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടിരുന്നു. ഉടൻതന്നെ, മെഡിക്കൽ കോളജ് സൂപ്രണ്ടായിരുന്ന ഡോക്ടർ കേശവൻനായരെക്കൊണ്ടു പരിശോധന നടത്തിച്ചു. അദ്ദേഹം സമർത്ഥമായ രീതിയിൽ പരിശോധന നടത്തിയെങ്കിലും രോഗം എന്തെന്നു കണ്ടുപിടിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഇതിനിടയിൽ ശാരീരികക്ഷീണം വർദ്ധിച്ചു. ദഹനക്കുറവ്, ഭക്ഷണകാര്യ ത്തിൽ അനാസക്തി എന്നിവ കൂടുതലായി അനുഭവപ്പെട്ടു. വന്ദ്യപിതാവിന്റെ കാര്യമാകയാൽ പരീക്ഷണാർത്ഥം ചികിത്സ നടത്തുന്നതിനോ ഓപ്പറേഷൻ ചെയ്യുന്നതിനോ തിരുവനന്തപുരത്തെ ഡോക്ടറന്മാർക്കു ധൈര്യമുണ്ടായില്ല. കേരളത്തിനു പുറമേയുള്ള വലിയ ആശുപത്രിയിൽ എവിടെയെങ്കിലും കൊണ്ടുപോയി പരിശോധനയും ചികിത്സയും നടത്തുന്നതാണ് നല്ലതെന്ന് ഡോക്ടറന്മാർ അഭിപ്രായപ്പെട്ടു.

മദ്രാസിലെ സമർത്ഥനായ ഡോക്ടർ മസിലാമണിയെക്കൊണ്ടു പരിശോധിപ്പിക്കുവാൻ പോകുന്നതു നന്നായിരിക്കുമെന്നുള്ള എല്ലാവരുടെയും അഭിപ്രായമനുസരിച്ച് മദ്രാസിലേക്കു പോകുവാൻ നിശ്ചയിച്ചു.

## പതിനാറു ഡോക്ടറന്മാർ നടത്തിയ ശസ്ത്രക്രിയ

1952 ജൂലൈ ആദ്യവാരത്തിലാണ് മദ്രാസിലേക്കു കാറിൽ യാത്ര തിരിച്ചത്. റവ.ഫാദർ ഫ്രാൻസിസ് സാലസ്, ഫാദർ ഫിലിപ്പു പന്തോളിൽ എന്നിവരും കഥാപുരുഷനെ അനുഗമിച്ചിരുന്നു. അവിടെ വെച്ച് ഡോക്ടർ മസിലാമണി ആദിയായ മദ്രാസിലെ വിദഗ്ദ്ധന്മാരായ ഏതാനും ഡോക്ടറന്മാർ ശ്രദ്ധാപൂർവ്വം പരിശോധന നടത്തി. വന്ദ്യപിതാവിന്റെ ഉദരത്തിനകത്ത് എന്തോ കാര്യമായ കുഴപ്പമുണ്ടെന്നും എക്സ്റേ മുഖേന അതു കണ്ടുപിടിക്കുക സാദ്ധ്യമല്ലെന്നും തന്മൂലം ഒരു ശസ്ത്രക്രിയ നടത്തേണ്ടി വരുമെന്നും അവർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. അതനുസരിച്ച് ജൂലൈ 7-ാം തീയതി രാവിലെ ശസ്ത്രക്രിയ നടത്തുകയെന്നുതന്നെ തീരുമാനിച്ചു. ഡോക്ടർ പണ്ടാലയുടെ വക ആശുപത്രിയോടനു ബന്ധിച്ച് ഡോക്ടർ വിശ്വനാഥൻ നടത്തുന്ന സൗകര്യപ്രദമായ ഒരു കെട്ടിടത്തിൽ താമസിച്ചു. ശസ്ത്രക്രിയയുടെ ദിവസം മുൻകൂട്ടി കമ്പിമൂലം അറിയിച്ചിരുന്നതനുസരിച്ച് തിരുവല്ലായിൽ നിന്നും മാർ സേവേറിയോസ് തിരുമേനിയും തിരുവനന്തപുരത്തുനിന്നു ഫാദർ സെറാഫിയോനും മദ്രാസിൽ വന്നു ചേർന്നിരുന്നു.

ഡോക്ടറന്മാരായ മസിലാമണി, വിശ്വനാഥൻ, മിസ്സസ് മസിലാമണി, കലേക്കാട്ടിൽ അനിയൻകുഞ്ഞ്, മിസ്സസ് അനിയൻകുഞ്ഞ് ആദിയായ പതിനാറ് ഡോക്ടറന്മാർ ആയിരുന്നു ഓപ്പറേഷൻ തിയേറ്ററിൽ തദവസരത്തിലുണ്ടായിരുന്നത്. യാതൊരു അപകടവും കൂടാതെ ഓപ്പറേഷൻ നടന്നുവെങ്കിലും അതുകൊണ്ടും പ്രയോജനം കൈവരുത്തുവാൻ സാധിച്ചില്ല. എങ്കിലും യഥാർത്ഥരോഗമെന്തെന്നു കണ്ടുപിടിക്കുവാൻ ഡോക്ടറന്മാർക്ക് സാധിച്ചു. “കരളിന്റെ മുകൾഭാഗം മുഴുവൻ ചെറിയ ചെറിയ കുരുക്കൾകൊണ്ടു നിറഞ്ഞിരിക്കുന്നു. ശരീരത്തിലെ പ്രധാനപ്പെട്ട അവയവമാകയാൽ അവിടെ ശസ്ത്രക്രിയ നടത്തുന്നതിനോ, അവ നീക്കം ചെയ്യുന്നതിനോ, പെട്ടെന്ന് സുഖപ്പെടുത്തുന്നതിനോ സാദ്ധ്യമല്ല” എന്ന് അവർ ഒന്നടങ്കം അഭിപ്രായപ്പെട്ടു. താൽക്കാലിക ചികിത്സ മാത്രമേ ഇതിനു സാധ്യമാകയുള്ളൂ എന്നായിരുന്നു അവരുടെ അഭിപ്രായം.

ഓപ്പറേഷനെ തുടർന്ന് വന്ദ്യപിതാവിനെ ബാധിച്ച അതികഠിന മായ പനി ഡോക്ടറന്മാരെപ്പോലും സംഭ്രാന്തചിത്തരാക്കിത്തീർത്തു. രണ്ടുമൂന്നു ദിവസത്തെ സമർത്ഥമായ ചികിത്സനിമിത്തം അതും ഭേദപ്പെട്ടു. തുടർന്ന് മൂന്നാഴ്ചക്കാലം കൂടെ മദ്രാസിൽ താമസിച്ച് ചികിത്സ നടത്തുകയും വിശ്രമിക്കുകയും ചെയ്തു. മദ്രാസിലെ അന്നത്തെ ചൂട് അസഹനീയമായിരുന്നതിനാൽ നല്ല കാലാവസ്ഥയുള്ള ബാംഗ്ലൂരിൽ പോയി വിശ്രമിക്കുകയാണ് നല്ലതെന്നുള്ള പലരുടെയും അഭിപ്രായമനുസരിച്ച് ബാംഗ്ലൂരിലേക്ക് പോകുവാൻ നിശ്ചയിച്ചു.

## ബാംഗ്ലൂർ സെന്റ് മാർത്താസ് ആശുപത്രിയിൽ

ജൂലൈ അവസാനത്തിൽ കാറിൽ ബാംഗ്ലൂരിലേക്ക് ഫാദർ സാലസ്, ഫാദർ സെറാഫിയോൻ എന്നിവരൊന്നിച്ച് യാത്ര തിരിച്ചു. യാത്രയിൽ ശരീരക്ഷീണം കാര്യമായി അനുഭവപ്പെട്ടതിനാൽ വഴിമദ്ധ്യേ യുള്ള ഒരു ഫ്രാൻസിസ്കൻ ആശ്രമത്തിൽ കയറി ഏതാനും മണിക്കൂറു കൾ വിശ്രമിക്കുകയുണ്ടായി. ക്ഷീണം തീർന്നപ്പോൾ വീണ്ടും യാത്ര തുടർന്ന് ബാംഗ്ലൂർ സെന്റ് മാർത്താസ് ആശുപത്രിയിൽ എത്തിച്ചേർന്നു. അവിടെ വന്ദ്യപിതാവിനുവേണ്ടി സജ്ജമാക്കിയിരു ന്നതും രണ്ടാമത്തെ നിലയിലുള്ളതുമായ ഒരു മുറിയിലേക്ക് നാല് ആളുകൾ കൂടി വന്ദ്യ പിതാവിനെ എടുത്തുകൊണ്ടുപോവുകയുമാണുണ്ടായത്. അവിടെ താമസിച്ചുകൊണ്ടിരുന്നപ്പോഴും ശാരീരികക്ഷീണം ശക്തിയായി അനുഭവപ്പെട്ടുകൊണ്ടിരുന്നു. രോഗസ്ഥിതിയെപ്പറ്റി അവിടുത്തെ ഡോക്ടറന്മാർക്ക് കാര്യമായ യാതൊന്നും അറിയുവാൻ പാടില്ലായിരു ന്നതിനാൽ മദ്രാസിൽനിന്നും ഡോക്ടർ മസിലാമണിയെ കമ്പിയടിച്ച് വരുത്തേണ്ടിവന്നു. അദ്ദേഹം വീണ്ടും പരിശോധന നടത്തി വേണ്ട മരുന്നുകളെല്ലാം നിർദ്ദേശിച്ചുവെങ്കിലും അതുമൂലവും കാര്യമായ ഫലമൊന്നുമുണ്ടായില്ല. മരണത്തിനു ഇനിയും അധിക കാലം താമസമില്ലെന്ന് എല്ലാവർക്കും അഭിപ്രായമുണ്ടായതിനാൽ കഴിയും വേഗം നാട്ടിലേക്കുതന്നെ മടങ്ങണമെന്ന് നിശ്ചയിച്ചു. ഈ വിവരം മാർ സേവേറിയോസ് തിരുമേനിയെ മുൻകൂട്ടി അറിയിച്ചിരുന്നതിനാൽ അദ്ദേഹവും ബാംഗ്ലൂരിൽ വന്നുചേർന്നു.

## തിരുവനന്തപുരം ബഥനി ആശ്രമത്തിൽ

1952 ആഗസ്റ്റ് പത്താം തീയതി ഫാദർ സാലസ്, സെറാഫിയോൻ എന്നിവരൊന്നിച്ച് വിമാനത്തിൽ അഭിവന്ദ്യ തിരുമേനി തിരുവനന്തപുര

ത്തേക്ക് യാത്ര പുറപ്പെട്ടു. ബാംഗ്ലൂരിലേയും കൊച്ചിയിലേയും വിമാന ത്താവളത്തിൽ വൈദികരും അയ്മേനികളുമായ ധാരാളം ആളുകൾ വന്ദ്യപിതാവിനെ കാണുന്നതിനും സന്നിഹിതരായിരുന്നു. അപ്രകാരം തന്നെ തിരുവനന്തപുരത്തെ വിമാനത്താവളത്തിലും വൈദികർ, കന്യാസ്ത്രീകൾ, അല്മായ പ്രമുഖന്മാർ ആദിയായ ഒട്ടനേകം ജനങ്ങൾ സന്നിഹിതരായിരുന്നു. വിമാനത്തിൽ നിന്നും വന്ദ്യപിതാവിനെ എടുത്തുകൊണ്ട് ആംബുലൻസ് വണ്ടിയിൽ കിടത്തി നാലാഞ്ചിറ ബഥനി ആശ്രമത്തിൽ കൊണ്ടുവന്ന് അവിടെ പ്രത്യേകം സജ്ജമാക്കി യിരുന്ന മുറിയിൽ താമസിപ്പിച്ചു. വന്ദ്യപിതാവിനെ പ്രത്യേകം ശുശ്രൂഷിക്കുന്നതിനുവേണ്ടി ബഥനി ആശ്രമസ്ഥനായ ഫാദർ കോശി ഒ.ഐ.സിയെ നിയോഗിക്കുകയും ചെയ്തു. തിരുവനന്തപുരത്തെ പല ഡോക്ടറന്മാരും വിശിഷ്യ, വന്ദ്യപിതാവിന്റെ പിതൃസഹോദരനായ ഡോക്ടർ പി.റ്റി. ചാക്കോയും കൂടെക്കൂടെ ആശ്രമത്തിൽ വന്ന് പിതാ വിനെ പരിശോധിക്കുകയും അവശ്യം വേണ്ട ചികിത്സ നടത്തുകയും ചെയ്തു. അതിനും പുറമേ മദ്രാസിൽ നിന്നും ഡോക്ടർ മസിലാ മണിയും വന്ന് വേണ്ട നിർദ്ദേശങ്ങൾ നല്കികൊണ്ടിരുന്നു.

## ഇടയലേഖനം

തന്റെ അന്ത്യകാലഘട്ടം അടുത്തുവെന്ന ബോദ്ധ്യം നിമിത്തം ബഥനി ആശ്രമത്തിൽ എത്തിച്ചേർന്ന ഉടൻതന്നെ തിരുവനന്തപുരം അതിരൂപതയിലുള്ള വിശ്വാസികൾക്കായി ഒരു ഇടയലേഖനം, വന്ദ്യപിതാവ് ഓഗസ്റ്റ് 15-ാം തീയതി അയച്ചുകൊടുത്തു. അത് ഇപ്രകാരമായിരുന്നു.

## കർത്താവിൽ പ്രിയരേ,

നമ്മുടെ അമേരിക്കൻ യാത്ര കഴിഞ്ഞു നാം മടങ്ങിയെത്തിയ ശേഷം, നമ്മുടെ ആരോഗ്യം കുറഞ്ഞുവരുന്നതായി ബോദ്ധ്യമായി, എങ്കിലും ഒഴിച്ചുവയ്ക്കുവാൻ നിർവ്വാഹമില്ലാതിരുന്ന അതിരൂപതയുടെ പല കാര്യങ്ങളിലും വിശ്രമമില്ലാതെ തുടർന്ന് ജോലി ചെയ്യേണ്ടതായി വരുകയാൽ ആരോഗ്യം വീണ്ടെടുക്കാൻ വേണ്ടതു ചെയ്യുവാൻ നമുക്കു സാധിച്ചില്ല. നമ്മുടെ അഭിവന്ദ്യ സഹോദരന്മരായ തിരുമേനിമാരുടെയും ഡോക്ടറന്മാരുടെയും നിർബന്ധം നിമിത്തം നാം ആവശ്യമായ ചികിത്സയ്ക്കായി മദ്രാസിൽ പോയി, അവിടെ വെച്ചു അതിവിദ ഗ്ദ്ധന്മാരായ ഡോക്ടറന്മാർ ശസ്ത്രക്രിയ നടത്തി അതു വിജയപ്രദവു

മായി. അവിടുത്തെ കാലാവസ്ഥ നമുക്ക് അനുകൂലമല്ലാതിരുന്നതുകൊണ്ട് ബാംഗ്ലൂരിൽ സെന്റ് മാർത്താസ് ഹോസ്പിറ്റലിൽ എത്തി ഏതാനും നാൾ വിശ്രമിച്ചു. നമ്മുടെ വാത്സല്യമക്കളായ നിങ്ങളുടെ മദ്ധ്യേ എത്തണമെന്നുള്ള അഭിവാഞ്ഛയാൽ നാം കഴിഞ്ഞ ഞായറാഴ്ച തിരുവനന്തപുരത്തു എത്തി നാലാഞ്ചിറ ബഥനി ആശ്രമത്തിൽ താമസിക്കുന്നു. രോഗം ശമിച്ച് ആരോഗ്യം വീണ്ടെടുക്കുന്നതിന് ഏതാനും നാളുകൾ പൂർണ്ണവിശ്രമത്തിൽ ഇനിയും കഴിച്ചുകൂട്ടണമെന്ന് ഡോക്ടറന്മാർ നിർദ്ദേശിച്ചിട്ടുണ്ട്.

ബലഹീനനായ നമുക്കുവേണ്ടി നിങ്ങൾ ഏവരും തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുന്നു എന്നു നാം അറിയുന്നു. നിങ്ങളുടെ മുട്ടിപ്പായ പ്രാർത്ഥന നമുക്കും അതിരൂപതയ്ക്കും അനുഗ്രഹപ്രദമാകുമെന്നും നമുക്കുവേണ്ട ആരോഗ്യം കാരുണ്യവാനായ ദൈവം നൽകുമെന്നും നാം വിശ്വസിക്കുന്നു.

ദൈവമായ കർത്താവിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരിലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയതു ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

തിരുവനന്തപുരം — മാർ ഈവാനിയോസ്
ബഥനി ആശ്രമം — ആർച്ചുബിഷപ്പ്
1952 ആഗസ്റ്റ് 15

## കന്തീലാ ശുശ്രൂഷ

ശരീരക്ഷീണം അതിയായി വർദ്ധിച്ചുവന്നതിനാലും അധികാല താമസമെന്യേ ഈ കാലയവനികയ്ക്കുള്ളിൽ മറയേണ്ടിവരുമെന്ന് നിശ്ചയമുണ്ടായിരുന്നതിനാലും മെത്രാന്മാർക്കും വൈദികർക്കും നൽകപ്പെടുന്നതും "കന്തീലാശുശ്രൂഷ" എന്ന പേരിൽ അറിയപ്പെടുന്നതുമായ തൈലലേപനകൂദാശ വന്ദ്യപിതാവിനു നൽകണമെന്ന് എല്ലാവരും കൂടെ നിശ്ചയിച്ചു. വന്ദ്യപിതാവിന്റെ ഉപദേശകനും ആത്മസുഹൃത്തു മായിരുന്ന മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയെ വിവരം മുൻകൂട്ടി അറിയിച്ചതിനാൽ അദ്ദേഹവും തത്സമയം ആശ്രമത്തിലെത്തിച്ചേർന്നു. സെപ്റ്റംബർ രണ്ടാംതീയതി മാർ സേവേറിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും കോട്ടയം, തൂത്തുക്കുടി എന്നീ രൂപതാ മെത്രാന്മാരുടെ സഹകരണ

ത്തിലും ഒട്ടനേകം വൈദികരുടെയും കന്യാ സ്ത്രീകളുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിലും സുമാർ രണ്ടര മണിക്കൂർ ദീർഘിക്കുന്ന കന്തീലാശുശ്രൂഷ നടത്തപ്പെട്ടു. തദവസരത്തിൽ തിരുക്കൊച്ചി മുഖ്യമന്ത്രി ശ്രീ. ഏ.ജെ.ജോൺ, ശ്രീ. ആർ.വി.തോമസ്, ജസ്റ്റീസ് ജോസഫ് തളിയത്ത്, ഡോ.ജേക്കബ് തളിയത്ത് ആദിയായി തിരുവനന്തപുരത്തുണ്ടായിരുന്ന എല്ലാ കത്തോലിക്കാപ്രമുഖന്മാരും സന്നിഹിതരായിരുന്നു. ശുശ്രൂഷയുടെ അവസരം മുഴുവൻ സുബോധത്തോടും ഭക്തിനിർഭരമായ നിലയോടും കൂടെ വന്ദ്യപിതാവ് കിടക്കയിൽ കിടക്കുകയും പ്രാർത്ഥനകൾ ശ്രദ്ധാപൂർവ്വം ഏറ്റുചൊല്ലുകയും കൂദാശ ഭക്തിപൂർവ്വം സ്വീകരിക്കുകയും ചെയ്തു.

തുടർന്ന് രണ്ടാഴ്ചക്കാലം ആശ്രമത്തിൽ ചികിത്സയിലും വിശ്രമത്തിലും വന്ദ്യപിതാവ് കഴിച്ചുകൂട്ടി. അനന്തരം, ഏതൊരു കെട്ടിടം താൻ തന്നെ പണി കഴിപ്പിക്കുകയും ഇരുപതു വർഷക്കാലം എവിടെ താമസിക്കുകയും ചെയ്തുവോ ആ കെട്ടിടത്തിലേക്ക് അതെ, അരമനയിലേക്കുതന്നെ പോകണമെന്ന് വന്ദ്യപിതാവ് നിർദ്ദേശിച്ചതനുസരിച്ച് ആശ്രമത്തിൽ നിന്നും അരമനയിലേക്ക് കൊണ്ടുപോവുകയുണ്ടായി.

## പട്ടം അരമനയിൽ

അരമനയിൽ എത്തിച്ചേർന്നശേഷം ഉണ്ടായ രോഗാവസ്ഥയെപ്പറ്റി സത്യസഭാകാഹളം മാസികയിൽ ഇപ്രകാരം റിപ്പോർട്ടുചെയ്തു കാണുന്നു.

"വന്ദ്യപിതാവിന്റെ താമസം ഈ സെപ്റ്റംബർ മാസം 14-ാം തീയതി മുതൽ പട്ടത്തുള്ള അതിമെത്രാസന അരമനയിലേക്കു മാറ്റിയിരിക്കുന്നു. ഡോക്ടർ മസിലാമണി മദ്രാസിൽ നിന്നു ഇടയ്ക്കിടെ വന്ന് തിരുമേനിയെ സന്ദർശിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഡോക്ടർ തളിയത്ത്, ഡോക്ടർ പി.റ്റി. ചാക്കോ മുതലായവർ കൂടി ആലോചിച്ച് തിരുമേനിയുടെ ആരോഗ്യം അഭിവൃദ്ധിപ്പെടുത്തുവാൻ വേണ്ട ചികിത്സാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും 15-ാം തീയതി തിങ്കളാഴ്ച തിരുമനസ്സിലെ ശരീരത്തിൽ കുറേ രക്തം കുത്തിവെയ്ക്കുകയും ചെയ്തു.* വിദഗ്ദ്ധമായ വൈദ്യോപദേശവും ആധുനികവും സമർത്ഥവുമായ ചികിത്സയും തിരുമനസ്സിലേക്കു ലഭിക്കുന്നുണ്ട്. രോഗത്താൽ

* മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ റവ.ഫാദർ ജോസ് മാത്യുവിന്റെ ശരീരത്തിൽ നിന്നും ആവശ്യം വേണ്ട രക്തം എടുത്താണ് കുത്തിവയ്പ് നടത്തിയത്.

ക്ഷീണിതനെങ്കിലും സർവ്വഥാ പ്രസന്നവദനനായിട്ടാണ് കാണപ്പെടുന്നത്. തിരുമേനിയുടെ അനാരോഗ്യം ക്രമേണ ഭേദമായിക്കൊണ്ടിരിക്കുന്നു. സത്യവിശ്വാസികളേവരും പ്രാർത്ഥിക്കുമാറാകണം."

ഇതേ തുടർന്ന് ജനുവരി ലക്കം കാഹളത്തിൽ ഇപ്രകാരം ചേർത്തിരുന്നു.

"വലിയ തിരുമേനിയുടെ അനാരോഗ്യം ക്രമേണ ഭേദമായി വരുന്നു. ചികിത്സയുടെ ആവശ്യവും ഡോക്ടർമാരുടെ ദിനംപ്രതിയുള്ള മേൽനോട്ടവും ഇനി ആവശ്യമില്ലാതായിത്തീർന്നിരിക്കുന്നതിനാൽ ഈ വർഷാവസാനത്തോടുകൂടെ ഡോക്ടർമാരുടെ ദിനംപ്രതിയുള്ള പരിശോധന അവസാനിപ്പിച്ചിരിക്കുന്നു."

## സഹായമെത്രാഭിഷേകം

തന്റെ മരണശേഷം തിരുവനന്തപുരം അതിരൂപതയുടെ ഭരണം ആരെയാണ് ഭരമേൽപ്പിക്കേണ്ടത് അഥവാ, തന്റെ പിൻഗാമി ആരായിരിക്കണമെന്ന കാര്യം രോഗശയ്യയിലാകുന്നതിനു പല വർഷങ്ങൾക്കു മുമ്പുതന്നെ ആർച്ചുബിഷപ്പ് ചിന്തിച്ച് നിശ്ചയിച്ചിരുന്നതാണ്. അമേരിക്കൻ പര്യടനത്തിലായിരുന്ന അവസരത്തിൽ (1947 നവംബർ 18-ാം തീയതി) ഇന്ത്യൻ ഡലിഗേറ്റ് അപ്പസ്തോലിക്കാ തിരുമേനിക്ക് അയച്ചുകൊടുത്ത ഒരു കത്ത് ഈ വസ്തുത തെളിയിക്കുന്നുണ്ട്. സഹായമെത്രാഭിഷേകത്തിന് ആറു വർഷങ്ങൾക്കുമുമ്പാണ് പ്രസ്തുത കത്തെഴുതിയതെന്നുള്ള വിവരം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. അതിലെ ഒരു ഭാഗമാണ് ചുവടെ ചേർക്കുന്നത്:

"അമേരിക്കയിൽ നിന്നും ഞാൻ റോമിലേക്ക് പുറപ്പെടുന്നതിനു മുമ്പ് ഇവിടെ വരണമെന്ന് കാണിച്ച് ഫാദർ ബനഡിക്ട് ഒ.ഐ.സി.യുടെ പേർക്ക് ഇന്ത്യയിലേക്ക് ഞാൻ എഴുതി അയച്ചിട്ടുണ്ട്. കാൻഡിയിൽ പേപ്പൽ സെമിനാരിയിലെ പഠനത്തിനുശേഷം അദ്ദേഹം ഇപ്പോൾ തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളേജിൽ ധനതത്വശാസ്ത്രം എം.എ. ഡിഗ്രിക്കുവേണ്ടി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലേക്ക് മടങ്ങുന്നതിനുമുമ്പ് റോമിൽ ചെന്ന് പരിശുദ്ധ പിതാവിനെ കണ്ട് ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കണമെന്നു നമുക്കാഗ്രഹമുണ്ട്. നമ്മുടെ കൂടെ ഫാദർ ബനഡിക്ടിനെയും റോമിലേക്ക് കൊണ്ടുപോകുന്നതിന്റെ ഉദ്ദേശ്യം റോമ്മായാത്ര അദ്ദേത്തിനു പ്രയോജനപ്പെടുമെന്നുള്ള നമ്മുടെ ബോദ്ധ്യമാണ്. തന്നെയുമല്ല, തിരുവനന്ത

പുരം അതിരൂപതയിൽ ഉള്ള വൈദികരിൽ ഏറ്റം യോഗ്യനായ ഒരാ ളെന്ന നിലയിൽ പരിശുദ്ധ പിതാവിനും കർദ്ദിനാളിനും അദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യാമല്ലോ. ഭാവി വീക്ഷണ ത്തോടുകൂടിയാണ് ഇപ്രകാരം ചെയ്യുവാൻ ഞാനുദ്ദേശിക്കുന്നത്.

അമേരിക്കയിൽ നിന്നും ആസ്ത്രേലിയായിലേക്കു പോകേണ്ടി വന്നതുകൊണ്ട് പരിശുദ്ധ പിതാവിനെ കാണുന്നതിനുവേണ്ടി റോമിലേക്കു പോകുവാൻ സാധിക്കാതെ വന്നതു നിമിത്തം അമേരിക്കയിലേക്കു ചെല്ലണ്ടാ എന്നു ഫാദർ ബനഡിക്ടിനു പിന്നീട് എഴുതി അയയ്ക്കുകയാണുണ്ടായത്. ആസ്ത്രേലിയായിൽ നിന്നും ഇന്ത്യയിൽ എത്തിയശേഷം നടത്തിയ എഴുത്തുകുത്തുകളുടെ ഫലമായി ഫാദർ ബനഡിക്ടിനെ സഹായമെത്രാനായും അനന്തര പിൻഗാമിയായും അഭിഷേചനം നടത്തുന്നതിനുള്ള അനുവാദപത്രിക അഥവാ ബൂളാ റോമിൽനിന്നും ഡലിഗേറ്റ് അപ്പസ്തോലിക്കാ മുഖേന രോഗശയ്യയിൽവച്ചു കഥാപുരുഷനു ലഭിക്കുകയുണ്ടായി. രോഗം നിമിത്തമുള്ള ശരീരക്ഷീണം നന്നേ ഉണ്ടായിരുന്നുവെങ്കിലും സ്വന്തകരങ്ങൾ കൊണ്ടുതന്നെ മെത്രാഭിഷേകകർമ്മം നടത്തുന്നതിന് അദ്ദേഹം നിശ്ചയിച്ചു. സുദീർഘമായ പ്രസ്തുതകർമ്മം നടത്തുന്നതിന് ശാരീരികാരോഗ്യം അനുവദിക്കയില്ലെന്ന് പലരും ഉപദേശരൂപേണ പറയുകയുണ്ടായെങ്കിലും സ്വതസിദ്ധമായ ആത്മധൈര്യം അതിനുള്ള പ്രചോദനം അദ്ദേഹത്തിന് നൽകി.

അങ്ങനെ 1953 ജനുവരി 29-ാം തീയതി പട്ടം മെത്രാപ്പോലീത്തൻ അരമനയോടു ചേർന്നു പുതുതായി പണുതുകൊണ്ടിരുന്ന കത്തീഡ്ര ലിന്റെ തറയിൽ രണ്ടു നിലയിൽ കെട്ടി അലങ്കരിച്ചിരുന്ന കമനീയമായ പന്തലിൽവച്ചു മെത്രാഭിഷേകകർമ്മം സമംഗളം നടത്തപ്പെട്ടു. "ബനഡിക്ട് മാർ ഗ്രിഗോറിയോസ്" എന്ന പേരിൽ റവ.ഫാദർ ബനഡിക്ട് എം.എ., ഒ.ഐ.സി.യെ മെത്രാനായി അഭിഷേചിച്ചു. വിവിധ റീത്തുകളിലെ രൂപതകളിൽപ്പെട്ട മെത്രാന്മാർ, ശതക്കണക്കിനു വൈദികർ, കന്യാസ്ത്രീകൾ, സഹസ്രക്കണക്കിനു അല്മായർ എന്നിവർ പ്രസ്തുത ചടങ്ങിൽ ആദ്യന്തം സംബന്ധിച്ചിരുന്നു. കഥാപുരുഷൻ സമർപ്പിച്ച ആഘോഷപൂർവ്വകമായ ദിവ്യബലിയോട നുബന്ധിച്ചായിരുന്നു പ്രസ്തുത കർമ്മം നടത്തപ്പെട്ടത്. തിരുവല്ലാ രൂപതയുടെ മാർ സേവേറിയോസ് മെത്രാപ്പോലീത്താ തിരുമേനിയും കോട്ടയം രൂപതയുടെ സഹായമെത്രാൻ ഡോക്ടർ തോമസ് തറയിൽ

തിരുമേനിയും സഹകാർമികത്വം വഹിച്ചു. സുമാർ രണ്ടര മണിക്കൂർ ദീർഘിച്ച മെത്രാനാഭിഷേകകർമ്മം അരോഗദൃഢ ഗാത്രനെപ്പോലെ ആർച്ചുബിഷപ്പ് നിർവഹിക്കുകയാണുണ്ടായത്.

## കഷ്ടാനുഭവയാഴ്ചയിലെ പീഡാസഹനം

മാർച്ചുമാസത്തോടുകൂടെ രോഗം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിച്ചേർന്നു. ആരോഗ്യനില ആശങ്കാവഹമായിത്തീർന്നു. കഷ്ടാനുഭവ ആഴ്ചയുടെ പ്രാരംഭദിവസം തിരുമേനി അബോധാവസ്ഥയിലെത്തിച്ചേരുകയാണുണ്ടായത്. ആ ആഴ്ചയിൽത്തന്നെ തിരുമേനി ലോകത്തോടു യാത്ര പറയുമെന്ന് എല്ലാവരും നിശ്ചയിച്ചു കഴിഞ്ഞിരുന്നു. അന്നത്തെ രോഗനിലയെപ്പറ്റി അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ഫാദർ സി.റ്റി. കുരുവിള ഇപ്രകാരമാണ് എഴുതിയിരിക്കുന്നത്.

“ഞാനിവിടെ വന്നുചേർന്നപ്പോൾ വന്ദ്യപിതാവ് ബോധമില്ലാതെ കിടക്കുകയായിരുന്നു. ഇടവിട്ട് ദീർഘശ്വാസം വിടുന്നുണ്ടായിരുന്നു. സംസാരിക്കുവാൻ അശേഷം നിവൃത്തിയില്ലായിരുന്നു. ഞാൻ കിടക്കയിൽ അടുത്തിരുന്നു. കൊച്ചുപിതാവും അരമനയിലെ ബ.അച്ചന്മാരും പ്രത്യേകനോട്ടക്കാരനായ ബഹുമാനപ്പെട്ട കോശി ഒ.ഐ.സി.അച്ചനും അടുത്തുതന്നെ ഉണ്ടായിരുന്നു. ഉള്ളിൽ അല്പം ബോധമുണ്ടെന്നു അവയവങ്ങളുടെ ചലനം കൊണ്ടുതോന്നുമ്പോൾ ഞങ്ങൾ പ്രാർത്ഥന ചൊല്ലിക്കൊടുക്കുകയും കുരിശുരൂപം മുത്തിക്കു കയും ചെയ്തു. ഈദൃശ അബോധാവസ്ഥയിൽ ഒരാഴ്ചയോളം തിരു മേനി കിടക്കുകയുണ്ടായി. എപ്പോൾ മരിക്കുമെന്ന് നിശ്ചയമില്ലാതിരു ന്നതിനാൽ ദുഃഖവെള്ളിയാഴ്ച ഞങ്ങളാരും തന്നെ ശുശ്രൂഷകൾക്കു പള്ളിയിൽ പോയില്ല.

ഇതിനിടയ്ക്ക് പുതുതായി ഇൻഡ്യയിലേക്ക് വന്ന ഇന്റർനുൺഷ്യോ ഡോക്ടർ മാർട്ടിൻ ലൂക്കോസ് തിരുമേനി വന്ദ്യപിതാവിന്റെ ആലസ്യമറിഞ്ഞ് ഉടൻതന്നെ തിരുവനന്തപുരത്ത് എത്തിച്ചേർന്നു. അദ്ദേഹം വന്നുകണ്ടിട്ട് ഒന്നും തന്നെ അദ്ദേഹത്തോടു സംസാരിക്കുവാൻ പിതാവിനു സാധിച്ചില്ല. പിറ്റേ ദിവസം ഞാൻ അടുത്തിരുന്നു ശുശ്രൂഷിച്ചുകൊണ്ടിരുന്നപ്പോൾ പിതാവ് പെട്ടെന്ന് കണ്ണുതുറന്ന് സംസാരിക്കുവാൻ തുടങ്ങി. ഞാൻ കൊച്ചുപിതാവിനെ ഉടൻ വിളിച്ചു. എല്ലാവരും വന്നുചേർന്നു. എന്തൊരു സന്തോഷമായിരുന്നു ആ അവസരത്തിൽ ഞങ്ങൾക്ക്! പിതാവ് മരണത്തിൽ നിന്നും

ഉയിർത്തെഴുന്നേറ്റ ഒരനുഭവമാണ് ഞങ്ങൾക്കുണ്ടായത്. ഉടനെ ഇന്റർനുൺഷ്യോ തിരുമേനിയേയും ഞങ്ങൾ വിളിച്ചു. അദ്ദേഹത്തിന്റെ വരവിനെപ്പറ്റി കൊച്ചുപിതാവ് പറഞ്ഞപ്പോൾ അദ്ദേഹത്തെ നോക്കി ഇംഗ്ലീഷിൽ 'Welcome A Big Welcome' എന്ന് ഒന്നുരണ്ടു പ്രാവശ്യം പതുക്കെപ്പതുക്കെ പറഞ്ഞു. 1932-ൽ വന്ദ്യപിതാവിനെ ആദ്യമായി കണ്ട പ്പോൾ 11-ാം പീയുസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് അരുളിച്ചെയ്ത് സ്വാഗതാശംസയും ഇതുതന്നെയായിരുന്നു. ഇന്റർനുൺഷ്യോ തിരു മേനി അടുത്തിരുന്നു കുറേനേരം സ്നേഹപൂർവ്വം സംസാരിച്ചു. പിതാവ് എന്തോ പറഞ്ഞുവെങ്കിലും വാക്കുകൾ സ്ഫുടങ്ങളല്ലായിരുന്നു.

അതിനുശേഷം ഇടയ്ക്കിടെ കണ്ണടച്ചു കിടക്കുമായിരുന്നു. ഈ അവസരത്തിൽ ഞാൻ സുകൃതജപം ചൊല്ലിക്കൊടുക്കുന്നില്ലായിരുന്നു. അപ്പോൾ ഞാൻ ഉറങ്ങുകയാണെന്നു വിചാരിച്ച് പിതാവ് എന്നോടു പറഞ്ഞു. "ഞാൻ കണ്ണടച്ചിരുന്നാലും ജപങ്ങൾ ചൊല്ലിക്കൊണ്ടിരി ക്കണം." ഇടയ്ക്കിടയ്ക്ക് പിതാവ് പ്രാർത്ഥനകൾ ഏറ്റുചൊല്ലി ക്കൊണ്ടിരുന്നു. ഉദ്ദേശം പത്തു ദിവസത്തോളം ഈദൃശ്യാവസ്ഥയിൽ കഴിഞ്ഞുകൂടി.

ഇന്റർനുൺഷ്യോ തിരുമനസ്സുകൊണ്ട് ഒരാഴ്ചയോളം അരമനയിൽ താമസിച്ചശേഷം ഡൽഹിയിലേക്ക് മടങ്ങുവാൻ പരിപാടിയിട്ടു. പോകുന്നതിനുമുമ്പ് വന്ദ്യപിതാവിനെ രോഗക്കിടക്കയിൽ സന്ദർശിക്കുകയും പ്രാർത്ഥന ചൊല്ലിക്കൊടുക്കുകയും അവസാനം മാർപ്പാപ്പായ്ക്കടുത്ത ആശീർവാദം നല്കുകയും ചെയ്തു. അപ്പോൾ സുബോധത്തോടുകൂടിത്തന്നെ പിതാവു പറഞ്ഞു. 'What a great previlage' (എന്തൊരു വലിയ ഭാഗ്യം) ഇതു കേട്ടുകൊണ്ട് ഇന്റർ നുൺഷ്യോ തിരുമനസ്സുകൊണ്ട് പിതാവിന്റെ ചെവിയിൽ പതുക്കെപ്പറഞ്ഞു, 'Your Grace deserve it' (തിരുമേനി അതർഹിക്കുന്നു). അതേ, അദ്ദേഹം പറഞ്ഞത് അക്ഷരംപ്രതി പരമാർത്ഥം തന്നെ."

## അദ്ധ്യായം 59

# രോഗാവസരത്തിലെ ചില സംഭാഷണശകലങ്ങൾ

രോഗശയ്യിൽ കിടന്നിരുന്ന അവസരത്തിൽ കഥാപുരുഷന്റെ നാവിൽ നിന്നും പുറപ്പെട്ട എല്ലാ വാകൃങ്ങളും അദ്ദേഹത്തിന്റെ ധിഷണാവിലാസത്തിനും ദീർഘദൃഷ്ടിക്കും, ആദ്ധ്യാത്മികാനുഭവത്തിനും അനുകമ്പാമസൃണതയ്ക്കും, മിഷൻ തീക്ഷ്ണതയ്ക്കും മകുടോദാഹരണങ്ങളാണ്. അപ്രകാരമുള്ള ഏതാനും സംഭാഷണ ശകലങ്ങളാണ് ചുവടെ ചേർക്കുന്നത്.

## I

ഓപ്പറേഷനെ തുടർന്നുണ്ടായ വേദനയനുഭവിച്ചുകൊണ്ടു മദ്രാസ് ആശുപത്രിയിൽ കിടന്നിരുന്ന അവസരത്തിൽ കേരളീയരായ ഏതാനും വൈദികർ അദ്ദേഹത്തെ കാണുവാൻ അവിടെ ചെന്നുചേർന്നു. അവരെ കണ്ടയുടനെ പുഞ്ചിരിതൂകി ഒരു മലയാളപദ്യം ചൊല്ലിയാണ് അവർക്ക് അദ്ദേഹം സ്വാഗതം നൽകിയത്. പ്രസ്തുതപദ്യം ഇപ്രകാരമായിരുന്നു.

വീണിതല്ലേ കിടക്കുന്നൂ ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!
നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ

എത്ര അർത്ഥവത്തും സന്ദർഭോചിതവുമാണ് ഈ പദ്യമെന്നു വായനക്കാർ ചിന്തിച്ചാലും!

## II

കഥാപുരുഷൻ മദ്രാസ് ആശുപത്രിയിൽ കിടന്നിരുന്ന അവസരത്തിലായിരുന്നു കേരള കത്തോലിക്കർ തങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ കേരളാഗമനത്തിന്റെ 19-ാം ശതാബ്ദപൂർത്തി എറണാകുളത്തു വെച്ചാഘോഷിക്കുവാനുള്ള ആലോചനകളും എഴുത്തുകുത്തുകളും നടത്തിയത്. പ്രസ്തുത ആഘോഷം ഉദ്ഘാടനം ചെയ്യുന്നതിനായി മാർപ്പാപ്പാ തിരുമനസ്സിലെ പ്രതിനിധിയായി കർദ്ദിനാൾ ടിസ്സറന്റ് തിരുമനസ്സുകൊണ്ട് വന്നെത്തുവാൻ നിശ്ചയം ചെയ്തിരുന്നു. എന്നാൽ മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്നും, തൻനിമിത്തം അദ്ദേഹത്തിന്റെ ആഗമനജൂബിലി കൊണ്ടാടുന്നത് അപ്രസക്തമാണെന്നും കേരളത്തിലെ ഏതാനും ആളുകൾ ഇതിനെതിരാണെന്നും മറ്റും കാണിച്ചുകൊണ്ട് ആരോ ചിലർ അയച്ചതിന്റെ ഫലമായി കർദ്ദിനാൾ തന്റെ പരിപാടി പിന്നീട് റദ്ദു ചെയ്യുകയാണുണ്ടായത്. ഈ വിവരം രോഗശയ്യയിൽ കിടന്നിരുന്ന കഥാപുരുഷനെ മാർ സേവേറിയോസ് തിരുമേനി സങ്കടസമേതം അറിയിക്കുകയുണ്ടായി. തൽക്ഷണം രോഗത്തിന്റെ വേദന അദ്ദേഹം മറന്നു. സമുദായസ്നേഹാഗ്നി കത്തിജ്വലിച്ചു; ചരിത്രവിജ്ഞാനം സ്മരണാവീഥിയിലെത്തി, മുഖം ഗൗരവപൂർണ്ണമായി, ഉച്ചത്തിൽ ഇപ്രകാരം പറഞ്ഞു; "ആരുപറഞ്ഞു മാർത്തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടില്ലെന്ന്? ചരിത്രം അവർ കണ്ടിട്ടുണ്ടോ? ഇതിനെല്ലാം നല്ല ചുട്ട മറുപടി റോമിലേക്ക് അയച്ചുകൊടുക്കുവാൻ കേരളത്തിൽ ആരുമില്ലെന്നോ?"

വിശുദ്ധ തോമ്മാശ്ലീഹാ കേരളത്തിൽ ആഗതനായെന്നും അദ്ദേഹത്തിന്റെ സന്താനങ്ങളാണ് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളെന്നും വിവരിച്ചുകൊണ്ട് പുസ്തകങ്ങളെഴുതുകയും നിരവധി പ്രസംഗങ്ങൾ നടത്തുകയും ചെയ്തിട്ടുള്ള ഒരു വിജ്ഞാനപടുവായിരുന്നുവല്ലോ കഥാപുരുഷൻ.

## III

രോഗിയായിരുന്ന കഥാപുരുഷനെയുംകൊണ്ട് വിമാനമാർഗ്ഗേണ ബാംഗ്ലൂരിൽ നിന്നും തിരുവനന്തപുരത്തേക്ക് യാത്ര പുറപ്പെടുന്നതിനു വേണ്ടി മാർ സേവേറിയോസ് തിരുമേനി വേണ്ട ഒരുക്കങ്ങളെല്ലാം മുൻകൂട്ടി സജ്ജീകരിച്ചിരുന്നു. അതിനുവേണ്ട തീയതിയും നിശ്ചയിച്ചി

രുന്നു. പക്ഷേ, ഈ വിവരം കഥാപുരുഷനെ അറിയിച്ചപ്പോൾ അദ്ദേഹം പറയുകയാണ്, “വേണ്ടാ, മാർ സേവേറിയോസ് നമ്മോടൊന്നിച്ച് വിമാനത്തിൽ പോരേണ്ടാ. വിമാനത്തിന് എന്തെങ്കിലും അപകടം സംഭവിച്ചാൽ മലങ്കര സുറിയാനി ഹൈരാർക്കി അനാഥമായിത്തീരും. പട്ടം കൊടുക്കുവാൻ പോലും ഇതരറീത്തിലെ മെത്രാന്മാരെ അഭയം പ്രാപിക്കേണ്ടതായി വരും. അങ്ങനെ അകത്തോലിക്കർ പണ്ടു പറഞ്ഞതെല്ലാം പരമാർത്ഥമായിത്തീരുകയും ചെയ്യും. അതുകൊണ്ട് സേവേറിയോസ് തിരുമേനി തീവണ്ടിമാർഗ്ഗം തിരുവനന്തപുരത്തിനു വന്നാൽ മതി.”

കഥാപുരുഷൻ ഇപ്രകാരം നിർബന്ധപൂർവ്വം പറഞ്ഞതു നിമിത്തമായിരുന്നു ബാംഗ്ലൂരിൽ നിന്നും വിമാനത്തിൽ വരാതെ തീവണ്ടിയിൽ മാർ സേവേറിയോസ് തിരുവനന്തപുരത്തു എത്തിച്ചേർന്നത്. ഹാ! എന്തൊരു ദീർഘദൃഷ്ടി! മലങ്കര ഹൈരാർക്കിയുടെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും അഭിവൃദ്ധിയിലുള്ള താൽപ്പര്യം എത്രമാത്രം?!

## IV

രോഗക്കിടക്കയിൽ കിടന്നിരുന്ന അവസരത്തിൽ പലപ്പോഴും മാർ ഗ്രിഗോറിയോസ് തിരുമേനിയെ വിളിച്ച് തിരുവനന്തപുരം അതി രൂപതയ്ക്കും പുനരൈക്യപ്രസ്ഥാനത്തിനും അവശ്യം വേണ്ട പല കാര്യങ്ങളും രഹസ്യമായി പറഞ്ഞുകൊടുക്കുമായിരുന്നു. ഒരവസരത്തിൽ ഇപ്രകാരം പറയുകയുണ്ടായി: “മരണാനന്തരം സ്വർഗ്ഗത്തിലെത്തിയ ശേഷം എന്റെ അകത്തോലിക്കാസഹോദരങ്ങളുടെ പുനരൈക്യത്തിനു വേണ്ടി ദൈവസന്നിധിയിൽ ഞാൻ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കും.”

അതേ, ആ വന്ദ്യപിതാവിന്റെ പ്രാർത്ഥനയുടെ ഫലം പുനരൈക്യ പ്രസ്ഥാനത്തിൽ ഉൾപ്പെട്ടു നില്ക്കുന്നവരെല്ലാം ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുന്നു.

## V

തിരുവനന്തപുരം അരമനയിൽ രോഗാതുരനായിരുന്ന അവസരത്തിൽ പല ദിവസങ്ങളിലും നാലുമണിക്കു കാറ്റു കൊള്ളുവാനായി കോളേജിലേക്ക് കഥാപുരുഷനെ കൊണ്ടുപോകുക പതിവായിരുന്നു. അവിടെ കോളേജ് അങ്കണത്തിൽ കസേരയിൽ ഇരിക്കുമ്പോഴും മറ്റുള്ളവരുടെ തോളിൽ പിടിച്ചുകൊണ്ട് മന്ദംമന്ദം നടക്കുമ്പോഴും പൂർവ്വകാലസ്മരണകൾ അദ്ദേഹം അയവിറക്കി ക്കൊണ്ടിരുന്നു.

ഒരവസരത്തിൽ ബ്രഹ്മാണ്ഡമായ കോളേജ് കെട്ടിട ങ്ങളും ഹോസ്റ്റലു കളും അവ സ്ഥിതിചെയ്തിരുന്ന അനേകം ഏക്കർ സ്ഥലവും വീക്ഷി ച്ചും പുനരൈക്യപ്രസ്ഥാനത്തിന്റെ വിസ്മയാവഹ മായ അഭിവൃദ്ധി യെപ്പറ്റി സ്മരിച്ചുകൊണ്ടും അദ്ദേഹം പറയുകയാണ്: "ബഥനി മെത്രാൻ ചിരട്ടയുമെടുത്തുകൊണ്ട് വഴിനീളെ നടക്കേണ്ടിവരും എന്ന് നമ്മെപ്പറ്റി അന്നു പലരും പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്നത്തേ സ്ഥിതിയോ? സാധുക്കൾ! അവർക്കു കത്തോലിക്കാ സഭയെപ്പറ്റിയോ പുനരൈക്യ പ്രസ്ഥാനത്തെപ്പറ്റിയോ എന്തറിയാം? അവർ വെറും ഭൗതികവാദികൾ (Materialists) ആണ്."

ഇരുപതു വർഷങ്ങൾക്കുള്ളിൽ എത്രയോ ലക്ഷം രൂപാ വിലപിടിപ്പുള്ള സ്ഥലങ്ങൾ, സ്ഥാപനങ്ങൾ, പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, പരോപകാരമന്ദിരങ്ങൾ എന്നിവ പുനരൈക്യപ്രസ്ഥാനത്തിനു വേണ്ടി സമ്പാദിക്കുവാൻ അഭിവന്ദ്യ തിരുമേനിക്ക് സാധിച്ചു. അങ്ങനെ തന്റെ എതിരാളികളെ അത്ഭുതഭരിതരാക്കിത്തീർക്കുന്നതിനും സാധിച്ചു.

## VI

രോഗക്കിടക്കയിൽ തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന വൈദികർ കൂടെക്കൂടെ പ്രാർത്ഥന ചൊല്ലിക്കൊടുക്കണമെന്ന് കഥാപുരുഷനു നിർബന്ധമുണ്ടായിരുന്നു. അവർ എന്തെങ്കിലും തെറ്റായി ചൊല്ലിയാൽ ഉടൻതന്നെ അദ്ദേഹം തിരുത്തിക്കൊടുക്കുകയും ചെയ്യുമായിരുന്നു. ഒരി ക്കൽ ഫാദർ സി.റ്റി. കുരുവിള ഇപ്രകാരമുള്ള ഒരു പ്രാർത്ഥന ചൊല്ലി ക്കൊടുക്കുകയുണ്ടായി: "എന്റെ ഈശോയെ, എന്റെ മുഴുഹൃദയ ത്തോടുകൂടെ നിന്നെ ഞാൻ സ്നേഹിക്കുന്നു." അതുകേട്ട് കിടക്കയിൽ കിടന്നിരുന്ന കഥാപുരുഷൻ പറഞ്ഞു: "അങ്ങനെയല്ല ചൊല്ലിത്തരേ ണ്ടത്. 'എന്റെ ഈശോയെ, എന്റെ പൂർണ്ണഹൃദയം ഞാൻ നിനക്കു തരുന്നു. നിന്റെ സ്നേഹം എനിക്കു നീ തരുക' എന്നുവേണം ചൊല്ലു വാൻ."

ബഥനി ആശ്രമത്തിൽ കന്തീലാശുശ്രൂഷ നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ മാർ സേവേറിയോസ് തിരുമേനി കൂദാശ ക്രമത്തിലുള്ള പ്രകാരം ഇപ്രകാരം ചൊല്ലുകയുണ്ടായി. "ദൈവമേ, ഇവന്റെ ആത്മാ വിന്റെ മേൽ കരുണ തോന്നണേ." തൽക്ഷണം കഥാപുരുഷൻ അതു തിരുത്തിക്കൊടുത്തു. "ഇദ്ദേഹത്തിന്റെ ആത്മാവിന്റെ മേൽ എന്നു

വേണം ചൊല്ലുവാൻ.'' പിതാവിന്റെ ആഗ്രഹമനുസരിച്ച് മാർ സേവേറിയോസ് തിരുമേനി പ്രാർത്ഥന തിരുത്തി ചൊല്ലുകയും ചെയ്തു.

## VII

തന്റെ ശരീരം കബറടക്കുന്നതിനുള്ള കല്ലറ കഴിയുംവേഗം പണിയണമെന്നും, അത് കത്തീഡ്രൽ പള്ളിയുടെ താഴെ കിഴക്കുവശത്തായിരിക്കണമെന്നും കഥാപുരുഷൻ മുൻകൂട്ടി നിർദ്ദേശിച്ചിരുന്നു. എന്നാൽ ആ പണി പൂർത്തിയാക്കുവാൻ അല്പം കാലതാമസം നേരിടുന്നുവെന്നറിഞ്ഞുകൊണ്ട് അദ്ദേഹം പറയുകയാണ്: ''നിലാവ് ഉദിക്കുന്നതുവരെ പന്നി കാത്തുനില്ക്കുകയില്ല. ഉടൻതന്നെ കബറിടപ്പണി പൂർത്തിയാക്കണം.'' അതനുസരിച്ച് കല്ലറപ്പണി ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരുന്നു. എന്നാൽ കത്തീഡ്രലിന്റെ കിഴക്കേ അറ്റത്തുള്ള സാക്രിസ്റ്റിയുടെ കീഴിലായിരുന്നു അതു പണിതുകൊണ്ടിരുന്നത്. ഇതറിഞ്ഞ കഥാപുരുഷൻ കല്പിച്ചു: ''അവിടെയല്ല അതു പണിയേണ്ടത്, ഉടൻ പൊളിച്ചുമാറ്റണം. മദ്ബാഹായുടെ താഴെ പ്രധാന അൾത്താരയുടെ കീഴിൽ വേണം അതു പണിയുവാൻ'' അവ്വിധം തന്നെ പ്രധാന അൾത്താരയുടെ കീഴിൽ കബറിടം പണിയുകയും ചെയ്തു.

പൂർത്തിയാക്കിയ കബറിടം സന്ദർശിക്കുവാനായി പ്രസ്തുത സ്ഥലത്തേക്ക് മാനേജർ ചാക്കോയുടെ തോളിൽ പിടിച്ചുകൊണ്ട് കഥാപുരുഷൻ പയ്യെ നടന്നുചെന്നു. തന്റെ ഭൗതികശരീരം ലോകാവസാനം വരെ സ്ഥിതി ചെയ്യേണ്ട ആ കല്ലറകണ്ട് അല്പനേരം ധ്യാനനിരതനായി അദ്ദേഹം നിലകൊണ്ടു. അവസാനം ഇപ്രകാരം പറഞ്ഞു.

''ഓ, എന്റെ വിശ്രമത്തിനുള്ള ചെറിയ ഭവനമേ! നിന്നിൽ ഞാൻ സമാധാനത്തോടുകൂടെ നിദ്ര കൊള്ളട്ടെ! നിന്നിൽ നിന്നും ഞാൻ നിത്യാനന്ദത്തോടുകൂടെ ഉണരുകയും ചെയ്യട്ടെ!''

ക്രിസ്തീയ പ്രത്യാശയുടെയും പ്രാർത്ഥനയുടെയും സാക്ഷാൽ അരൂപിയത്രേ ഇവിടെ പ്രത്യക്ഷമായി അദ്ദേഹം പ്രകടിപ്പിച്ചത്.

## VIII

ബഥനി ആശ്രമത്തിൽ രോഗംമൂലമുള്ള തീവ്രവേദന അനുഭവച്ചുകൊണ്ടിരുന്നപ്പോഴെല്ലാം പൂർവകാലസംഭവങ്ങൾ അദ്ദേഹത്തിന്റെ സ്മരണയിൽ ഓരോന്നായി വന്നുകൊണ്ടിരുന്നു. ഒരവസരത്തിൽ കുറേനേരം ചിന്തിച്ചശേഷം പശ്ചാത്താപവിവശനായി

അദ്ദേഹം പറഞ്ഞു: “എന്റെ ജീവിതത്തിൽ നിരവധി തെറ്റുകൾ ഞാൻ പ്രവർത്തിച്ചു പോയിട്ടുണ്ട്. സ്നേഹമേറിയ ദൈവം അവയെല്ലാം എന്നോട് ക്ഷമിക്കുമെന്നെനിക്കുറപ്പുണ്ട്. കാരണം, നല്ല ഉദ്ദേശ്യത്തോടു കൂടെ മാത്രമേ  ഞാൻ അവയെല്ലാം പ്രവർത്തിച്ചിട്ടുള്ളൂ.”

ഇതേത്തുടർന്ന് ഏതോ കാര്യത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: “എനിക്കിപ്പോഴും നല്ല ബോദ്ധ്യമുണ്ട്, എന്റെ പ്രവൃത്തികൾ നീതിപൂർവ്വകമായിരുന്നു. പക്ഷേ, അവ സ്നേഹപൂർവ്വക മായിരുന്നില്ല. അതേപ്പറ്റി ഞാനിപ്പോഴും ദുഃഖിക്കുന്നു.”

# IX

അടുത്തുനിന്നു തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ഫാദർ കോശി യോട് ആർച്ചുബിഷപ്പ് പറഞ്ഞു. “എന്റെ ജീവിതാഭിലാഷങ്ങളെല്ലാം സ്നേഹമേറിയ ദൈവം നിറവേറ്റിത്തന്നിട്ടുണ്ട്. ഇനിയും അവസാന മായി രണ്ട് ആഗ്രഹങ്ങൾ കൂടെ എനിക്കുണ്ട്. പണുതുകൊണ്ടിരിക്കുന്ന കത്തീഡ്രലിൽ ഒരു കുർബാന അർപ്പിക്കണം. എന്റെ കൈകൊണ്ട് ഒരു സഹായമെത്രാനെ വാഴിക്കണം. ഈ രണ്ട് അഭിലാഷങ്ങളും അതേവിധം തന്നെ സർവ്വശക്തനായ ദൈവം അദ്ദേഹത്തിനു നിറവേറ്റി കൊടുത്തു. രോഗക്കിടക്കയിൽ ആയിരുന്നുവെങ്കിലും അരോഗദൃഢ ഗാത്രനെപ്പോലെ എഴുന്നേല്ക്കുന്നതിനും പണിതുകൊണ്ടിരുന്ന കത്തീഡ്രലിൽ ആഘോഷപൂർവ്വം ദിവ്യബലി സമർപ്പിക്കുന്നതിനും തദവസരത്തിൽ സഹായമെത്രാനായി അഭിഷേചിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. രോഗാതുരനായിരിക്കവേ ഇപ്രകാരം നിർവ്വഹിച്ചത് ആരിലും അത്ഭുതം ഉളവാക്കിത്തീർക്കത്തക്ക സംഭവ മായിരുന്നു. ജീവിതകാലം മുഴുവൻ അദ്ദേഹത്തെ അനുഗ്രഹിച്ച ദൈവം ജീവിതസായാഹ്നത്തിലും അദ്ദേഹത്തെ ഇക്കാര്യത്തിൽ അനുഗ്രഹി ക്കുകതന്നെ ചെയ്തു.

# X

രോഗക്കട്ടിലിനു സമീപേ വലത്തുവശത്തായി ഒരു കുരിശുരൂപം വെയ്ക്കണമെന്നുള്ള അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് ഒരു തൂങ്ങപ്പെട്ട രൂപം വെയ്ക്കപ്പെട്ടിരുന്നു. തന്മൂലം നമ്മുടെ കർത്താവ് ക്രൂശിക്കപ്പെട്ടപ്പോൾ അനുഭവിച്ച പാടുപീഡയെപ്പറ്റി കൂടുതലായി ചിന്തിക്കുന്നതിനും പ്രയോജനം കൈവരുത്തുന്നതിനും അദ്ദേഹത്തിനു സാധിച്ചു. എന്നാൽ ഒരു ക്രൂശിതരൂപം കൊണ്ടു മാത്രം അദ്ദേഹം

തൃപ്തനായില്ല. തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്നവരോട് അദ്ദേഹം പറഞ്ഞു: "വലത്തുവശം തിരിഞ്ഞുകിടക്കുമ്പോൾ മാത്രമേ ക്രൂശിതരൂപം കാണുവാൻ എനിക്കു സാധിക്കുന്നുള്ളൂ. ഇടതുവശം തിരിഞ്ഞു കിടക്കുമ്പോൾ രൂപം കാണുവാൻ സാധിക്കുന്നില്ല. ആകയാൽ മറുവശത്തു കൂടെ ഒരു രൂപം നിങ്ങൾ വെയ്ക്കണം." വന്ദ്യപിതാവിന്റെ കല്പന അനുസരിച്ച് ഇടത്തുവശത്തു വേറൊരു ക്രൂശിതരൂപം വെയ്ക്കപ്പെട്ടു. അങ്ങനെ രോഗാവസരത്തിൽ എപ്പോഴും കർത്താവിന്റെ പീഡാനുഭവത്തിൽ ആത്മനാ പങ്കെടുക്കുന്നതിനുള്ള അതുല്യഭാഗ്യം അദ്ദേഹത്തിനു സിദ്ധിച്ചു.

## XI

അഭിവന്ദ്യ പിതാവിനെ കാണുന്നതിനും ആശീർവാദം പ്രാപിക്കുന്നതിനുമായി പന്തളം മിഷ്യനിൽനിന്നും ഈ ഗ്രന്ഥകർത്താവ് അരമനയിലെത്തി. അദ്ദേഹത്തിന്റെ നിര്യാണത്തിന് ഏതാണ്ട് ഒരു മാസം മുമ്പായിരുന്നു അത്. ഞാൻ കൈ മുത്തി കുശലപ്രശ്നങ്ങൾക്കു ശേഷം ഒരു പുതിയ പുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന വിവരം അദ്ദേഹത്തോടു പറഞ്ഞു. ഉടനെ അദ്ദേഹം പറയുകയാണ്: "കൊള്ളാം ഞാനും ഒരു സംഭാവന നല്കാം." അടുത്തു നിന്നിരുന്ന മാർ ഗ്രിഗോറിയോസ് തിരുമേനിയോട് അദ്ദേഹം പറഞ്ഞു: "കൊച്ചു തിരുമേനി, ഒരു ഇരുനൂറ്റിയൻപതു രൂപാ അച്ചനു സംഭാവനയായി കൊടുക്കണം." ഞാൻ അത്ഭുതപ്പെട്ടു. സന്തോഷക്കണ്ണുനീർ പൊഴിച്ചു. രോഗക്കിടക്കയിൽ കിടന്നുപോലും അദ്ദേഹം പ്രകടിപ്പിച്ച മഹാമനസ്കത! പ്രദർശിപ്പിച്ച പ്രോത്സാഹനമനഃസ്ഥിതി!! ഞാൻ മുട്ടുകുത്തി. ഈ ലോകത്തിൽ അവസാനമായി അദ്ദേഹത്തിൽ നിന്നുമുള്ള ആശീർവാദം പ്രാപിച്ചു. കൈമുത്തി, യാത്ര പറഞ്ഞു പിരിഞ്ഞു. പിന്നീട് ഞാൻ കണ്ടത് അംശവസ്ത്ര വിഭൂഷിതനായി തിരുവനന്തപുരം പാളയം സെന്റ് മേരീസ് ദൈവാലയ മദ്ബഹായ്ക്കടുത്ത് അംശവടിയും പിടിച്ചു രാജോചിതമാം വിധം കസേരയിൽ ഉപവിഷ്ഠമാക്കിയിരുന്ന ആ സ്നേഹം നിറഞ്ഞ പിതാവിന്റെ മൃതശരീരത്തെ - അതെ, പൈങ്കിളി പറന്നുപോയ ആ പഞ്ജരത്തെ - ആണ്.

# അദ്ധ്യായം 60

# ചരമവും കബറടക്കവും

ദൈവത്തിനും സഭയ്ക്കുംവേണ്ടി എഴുപത്തിരണ്ടു വർഷക്കാലം നിഃസ്വാർത്ഥ സേവനം അനുഷ്ഠിച്ചശേഷം ലോകത്തോടും അതിലുള്ള സകലത്തോടും യാത്ര പറഞ്ഞു കടന്നുപോയ കഥാപുരുഷന്റെ അന്തിമനിമിഷങ്ങളിലേക്കാണ് ഇനി നമുക്ക് പ്രവേശിക്കുവാനുള്ളത്. വേദനിക്കുന്ന മനസ്സോടും, തുടിക്കുന്ന ഹൃദയത്തോടും, വിറയ്ക്കുന്ന കരങ്ങളോടും കൂടെയാണ് ഈ അദ്ധ്യായത്തിലെ ഓരോ വാക്യവും ഇവിടെ രേഖപ്പെടുത്തുന്നത്. പക്ഷേ, ഈ അദ്ധ്യായം കൂടാതെ ഈ ഗ്രന്ഥമോ ജീവചരിത്രമോ അപൂർണ്ണമായിത്തീരുന്നതല്ലല്ലോ.

## മനുഷ്യനും മരണവും

ലോകത്തിൽ മനുഷ്യനായി ജനിക്കുന്നവൻ ആരായിരുന്നാലും ശരി, മരണംവഴിയായി ഇവിടെ നിന്നും അവൻ കടന്നുപോകണമെന്നുള്ളത് ദൈവനിശ്ചയമാണ്. ഈ നിശ്ചയത്തെ ലംഘിക്കുവാൻ യാതൊരു മനുഷ്യനും ഇതേവരെ സാധിച്ചിട്ടില്ല; ഇനിയും സാധിക്കുന്നതുമല്ല. അത്രമാത്രം അഭേദ്യമായ ബന്ധമാണ് മനുഷ്യനും മരണവും തമ്മിലുള്ളത്. എങ്കിലും മരണത്തിന്റെ സമയവും സ്ഥലവും വിധവും മനുഷ്യനിൽ നിന്നും ദൈവം മറച്ചുവെച്ചിരിക്കുകയാണ്. എപ്പോഴും, എവിടെയും, എവ്വിധവും മരിക്കുവാൻ മനുഷ്യൻ സന്നദ്ധനായിരിക്കണമെന്നതിനുവേണ്ടി ആയിരിക്കാം ഇപ്രകാരം സുനിശ്ചിതത്വവും അനിശ്ചിതത്വവും മരണവുമായി ദൈവം കൂട്ടിച്ചേർത്തിരിക്കുന്നത്.

മനുഷ്യനു ലോകത്തിൽ ലഭിക്കാവുന്നതിലേക്കും പരമമായ ഭാഗ്യം ഒരു നല്ല മരണമാണെന്നുള്ള വസ്തുത സർവ്വജാതിമതസ്ഥരും

ഒരുപോലെ സമ്മതിക്കുന്നുണ്ട്. പക്ഷേ, അപകടമരണം ദുർമ്മരണവും സ്വാഭാവികമരണം സന്മരണവുമെന്നാണ് സാധാരണ കരുതപ്പെടാറുള്ളത്. എന്നാൽ ഏതു വിധമുള്ള മരണമായാലും ശരി, ദൈവത്തിന്റെ കൃപാവരത്തോടും ഭാവിജീവിതത്തിലുള്ള പ്രത്യാശയോടുംകൂടി മരിക്കുന്നത് ആധ്യാത്മികദൃഷ്ട്യാ സന്മരണമായിത്തന്നെ പരിഗണിക്കപ്പെടേണ്ടതാണ്. ദൈവസ്നേഹത്തിൽ ജീവിതകാലം മുഴുവൻ പ്രവർത്തിച്ചവർക്ക് ഇങ്ങനെയുള്ള മരണം കാരുണ്യവാനായ ദൈവം നിശ്ചയമായും നൽകുകതന്നെ ചെയ്യും. ഇപ്രകാരമുള്ള ഒരു മരണമാണ് നമ്മുടെ കഥാപുരുഷനു ലഭിക്കുവാൻ ഭാഗ്യം സിദ്ധിച്ചത്. തന്റെ ജീവിതകാലം മുഴുവൻ ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടി നിഃസ്വാർത്ഥമായും നിസ്തന്ദ്രമായും പരിശ്രമിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന് അർഹമായ ഭാഗ്യം സർവ്വേശ്വരൻ നൽകി.

## മരണത്തിനുവേണ്ടിയുള്ള ഒരുക്കങ്ങൾ

ഒരു വർഷക്കാലത്തോളം രോഗശയ്യയിൽ കിടക്കുവാൻ ഇടയായതു നിമിത്തം മരണത്തിനുള്ള ഒരുക്കങ്ങൾ വേണ്ടവിധം ചെയ്യുന്നതിനുള്ള സൗകര്യം അദ്ദേഹത്തിനു ലഭിച്ചു. മരണദൂതനെ സസന്തോഷം സ്വാഗതം ചെയ്തുകൊണ്ടാണ് ആയുഷ്ക്കാലഘട്ടം മുഴുവൻ അദ്ദേഹം വിനിയോഗിച്ചത്. ആദ്ധ്യാത്മികവിഷയങ്ങളിൽ കൂടുതൽ തീക്ഷ്ണത പ്രകടിപ്പിക്കുവാൻ ലഭിച്ച താദൃശസന്ദർഭം അദ്ദേഹം ശരിക്കും വിനിയോഗിച്ചു. പീഡാസഹനം, പ്രാർത്ഥന, പാപനിവേദനം, കുർബാനാനുഭവം എന്നിത്യാദി ഭക്തകൃത്യങ്ങളിൽ അദ്ദേഹം കൂടുതൽ താല്പര്യം പ്രകടിപ്പിച്ചു. തന്റെ കുമ്പസാരം പ്രതിവാരം കേൾക്കുന്നതിനും ആത്മീയോപദേശങ്ങൾ നല്കുന്നതിനും വേണ്ടി അടുത്ത ലത്തീൻ ഇടവകവികാരിയും യൂറോപ്യൻ വൈദികനുമായിരുന്ന ഫാദർ ഫ്രാൻസിസിനെ മുൻകൂട്ടി ഏർപ്പാടു ചെയ്തിരുന്നു. തന്മൂലം ആഴ്ചതോറും അദ്ദേഹം അരമനയിൽ വരുകയും ഒരു മണിക്കൂർ ആത്മീയോപദേശങ്ങൾ നല്കുകയും തുടർന്നു പാപനിവേദനം കേൾക്കുകയും ചെയ്തുകൊണ്ടിരുന്നു. രോഗക്കിടക്കയിൽ തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്നവർ ഓരോ ദിവസവുമുള്ള യാമപ്രാർത്ഥന ഉച്ചത്തിൽ ചൊല്ലിക്കൊടുക്കണമെന്ന് അദ്ദേഹം പ്രത്യേകം നിഷ്ക്കർഷിച്ചിരുന്നു. താൻ അബോധാവസ്ഥയിലായിരുന്നാൽ പോലും പ്രാർത്ഥനകൾ ചൊല്ലിക്കൊടുക്കണമെന്ന് അദ്ദേഹം പ്രത്യേകം നിഷ്കർഷിച്ചിരുന്നു. പ്രാർത്ഥന ഏറ്റുചൊല്ലുന്നതിലും കൂടുതൽ തീക്ഷ്ണത പ്രകടിപ്പിച്ചു.

1953 മാർച്ചുമാസത്തിനുശേഷം മൂന്നു മാസക്കാലത്തോളം അതികഠിനമായ ശാരീരികവേദനയാണ് അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നത്. കരളിലെ രോഗം മൂലം രക്തനിറം കലർന്ന ജലം കരളിൽ നിന്നും ഒഴുകി വന്നത് ഉദരത്തിൽ കെട്ടി നിന്നതു നിമിത്തം പ്രസ്തുത ജലം കൂടെക്കൂടെ ഡോക്ടറന്മാർ എടുത്ത് മാറ്റേണ്ടി വന്നു. സംസാരശക്തി അല്പാല്പം ക്ഷയിച്ചുതുടങ്ങി. എങ്കിലും അത്യാവശ്യമുള്ള കാര്യങ്ങൾ സാവധാനം മറ്റുള്ളവരെ പറഞ്ഞു മനസ്സിലാക്കിക്കൊണ്ടിരുന്നു.

## സന്ദർശകരും ശുശ്രൂഷകരും

രോഗക്കിടക്കയിൽ അദ്ദേഹത്തെ സന്ദർശിക്കുന്നതിനുവേണ്ടി കേരളത്തിന്റെ നാനാഭാഗത്തു നിന്നും വിവിധ ജാതിമതസ്ഥരായ ഒട്ടനേകർ പ്രതിദിനമെന്നോണം അരമനയിൽ വന്നുകൊണ്ടിരുന്നു. വൈദികാദ്ധ്യക്ഷന്മാർ, വൈദികർ, കന്യാസ്ത്രീകൾ, അല്മായർ എന്നിവർ ശതക്കണക്കിനാണ് അരമനയിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നത്. കേരളത്തിലെ കത്തോലിക്കാ അകത്തോലിക്കാ മേലദ്ധ്യക്ഷന്മാരെല്ലാം കഥാപുരുഷനെ സന്ദർശിച്ച് പ്രത്യേകം പ്രാർത്ഥിച്ചു. എറണാകുളത്തുവെച്ചു നടന്ന ജൂബിലി ആഘോഷങ്ങൾ ഉത്ഘാടനം ചെയ്യുന്നതിന് മാർപ്പാപ്പായുടെ പ്രതിനിധിയായി വന്നിരുന്ന ആസ്ത്രേലിയൻ കർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ട് അരമനയിലെത്തി കഥാപുരുഷനെ സന്ദർശിച്ച് വേണ്ട ഉപദേശങ്ങളും ആശീർവ്വാദവും നൽകി. ഇൻഡ്യയുടെ ഡലിഗേറ്റ് അപ്പസ്തോലിക്കാ ആയിരുന്ന കേർക്കിൽസ് തിരുമേനി തന്റെ പരിപാടികളെല്ലാം റദ്ദ് ചെയ്തശേഷം അരമനയിൽ എത്തി ഒരാഴ്ച താമസിച്ചു രോഗിയെ ശുശ്രൂഷിക്കുന്നതിൽ താൽപ്പര്യം പ്രകടിപ്പിക്കുകയും അവസാനാശീർവാദം നല്കുകയും ചെയ്തു.

കഥാപുരുഷനു രോഗശയ്യയിൽ വേണ്ടവിധം ശുശ്രൂഷ നല്കുന്നതിന് ഒട്ടനേകം വൈദികരും അല്മായരും അഹമഹമികയാ സന്നദ്ധത പ്രകടിപ്പിക്കുകയും അവർക്കെല്ലാം അതിനുള്ള ഭാഗ്യം സിദ്ധിക്കുകയും ചെയ്തു. അവർ ഓരോരുത്തരുടേയും പേരുകൾ ഇവിടെ ചേർക്കുന്നതിനു സ്ഥലപരിമിതി അനുവദിക്കാത്തതു നിമിത്തം ഞാൻ അതിനു മുതിരുന്നില്ല. എങ്കിലും ഏതാനും വ്യക്തികളുടെ പേരുകൾ ഇവിടെ ചേർക്കുവാൻ ഒരു ചരിത്രകാരൻ എന്ന നിലയിൽ ഒരു ലേഖിതാവ് നിർബന്ധിതനായിത്തീർന്നിരിക്കുന്നു.

മാർ ഗ്രിഗോറിയോസ് തിരുമേനി, മോൺ.പീലിപ്പോസ് റമ്പാൻ, മോൺ.സി.റ്റി. കുരുവിള, റവ.ഫാദേഴ്സ് ഫ്രാൻസിസ് സാലസ് സി.എം.ഐ., ഫിലിപ്പ് പന്തോളി, സെറാഫിയോൻ ഒ.ഐ.സി., കോശി ഒ.ഐ.സി. എന്നിവരും, അല്മായരായ ശ്രീ കിളീലേത്തു ചാക്കോ, മത്തായി മലഞ്ചരുവിൽ, ഡ്രൈവർ ഗീവറുഗീസ്, ജി.ചാക്കോ, കെ.വി. തോമസ് എന്നിവരും ഇക്കൂട്ടത്തിൽ കൃതജ്ഞതയെ അർഹിക്കുന്നു. മരണപര്യന്തം കഥാപുരുഷന്റെ വിശ്വസ്ത പരിചാരകനും, വൈദികരും അല്മായരുമായ സകലർക്കും പ്രിയംകരനുമായിരുന്ന "ചാക്കോച്ചേട്ടന്റെ" നാമം ഇവിടെ പ്രത്യേകം സ്മരണീയമത്രേ.

## അന്ത്യസന്ദേശം

ജീവിതകാലഘട്ടം അവസാനിക്കാറായി എന്നു ബോദ്ധ്യമായപ്പോൾ തന്റെ വത്സലഭാജനങ്ങളും പുനരൈക്യപ്രസ്ഥാനത്തിൽ ഉൾപ്പെട്ടു നില്ക്കുന്നവരുമായ എല്ലാവർക്കുമായി ഒരു സന്ദേശം നല്കുന്നതിന് അദ്ദേഹം നിശ്ചയിച്ചു. തദനുസരണം സുദീർഘമായ ഒരു അന്ത്യസന്ദേശം അവിടുന്ന് എല്ലാ പള്ളികൾക്കും അയച്ചു കൊടുക്കുകയുണ്ടായി. മൂന്നു ഭാഗങ്ങളായി തിരിച്ചിരുന്ന അതിന്റെ ആദ്യഭാഗത്തിൽ കേരളത്തിൽ പുനരൈക്യപ്രസ്ഥാനം ആരംഭിക്കുവാൻ തന്നെ പ്രേരിപ്പിച്ച കാരണങ്ങളും അതിനു വേണ്ടി താൻ നിർവ്വഹിച്ച പ്രവർത്തനങ്ങളും അതിന്റെ അന്നത്തെ സ്ഥിതിയും സമ്യക്കായി വിശദീകരിച്ചിരുന്നു. രണ്ടാം ഭാഗത്തിൽ പ്രസ്തുത പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് തന്നെ നിഃസ്വാർത്ഥമായി സഹായിച്ച എല്ലാവരോടും ഹൃദയപൂർവ്വകമായ കൃതജ്ഞത പ്രകടിപ്പിച്ചിരുന്നു. മൂന്നാം ഭാഗത്തിലാകട്ടെ, പ്രസ്തുത പ്രസ്ഥാനത്തിൽ ഉൾപ്പെട്ടു നില്ക്കുന്ന എല്ലാവർക്കും നല്കുവാനുള്ള അന്ത്യോപദേശവും ചേർത്തിരുന്നു. ആ ഭാഗം മാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

**കർത്താവിൽ പ്രിയരേ,**

"നമ്മുടെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവുമായി കഴിഞ്ഞുവരുന്ന കേരളത്തിലെ അകത്തോലിക്കാ സഹോദരങ്ങളെപ്പറ്റി അതിയായ ഖേദം നമ്മുടെ ഹൃദയത്തിൽ ഈ സന്ദർഭത്തിലും ഉളവാകുന്നു. അവരുടെ പുനരൈക്യം സാധിച്ചു കാണുവാൻ നാം തീവ്രമായി അഭിലഷിച്ചു, അക്ഷീണം പരിശ്രമിച്ചു, നിരന്തരം പ്രാർത്ഥിച്ചു. എന്നാൽ അതിന്റെ പൂർത്തീകരണം കാണുവാൻ നമുക്ക് ഭാഗ്യം സിദ്ധിച്ചില്ല. ആസന്നഭാവിയിൽ നമ്മുടെ

അഭിലാഷം സാധിത പ്രായമായിത്തീരുമെന്ന് നാം ആശാപൂർവ്വം വിശ്വസിക്കുകയും അതിനുവേണ്ടി നമ്മുടെ കർത്താവിനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കർത്താവിൽ പ്രിയരേ, "നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല" എന്ന് പരിശുദ്ധാരൂപി അരുളിച്ചെയ്യുന്നതിനാൽ നാമും വ്യത്യസ്ഥനല്ലല്ലോ. ഇക്കഴിഞ്ഞ ജീവിതകാലത്തിൽ നിങ്ങളിൽ ആരെയെങ്കിലും നാം സങ്കടപ്പെടുത്തുകയോ വിഷമിപ്പിക്കുകയോ ചെയ്തുപോയിട്ടുണ്ടെങ്കിൽ നിങ്ങൾ നമ്മോടു നമ്മുടെ രക്ഷകനെ ഓർത്ത് ക്ഷമിക്കണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം അപേക്ഷിക്കുന്നു. അപ്രകാരം തന്നെ നമ്മോടും ആരെങ്കിലും അറിഞ്ഞോ അറിയാതെയോ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അവയെല്ലാം സ്നേഹമേറിയ ദൈവത്തിന്റെ നാമത്തിൽ നാമും വിസ്മരിക്കയും ക്ഷമിക്കയും ചെയ്യുന്നു.

നമ്മുടെ വത്സലമക്കളേ, "ഓരോരുത്തരും അന്യോന്യം പ്രാർത്ഥിക്കുവിൻ, എനിക്കുവേണ്ടിയും പ്രാർത്ഥിക്കുവിൻ" എന്ന ശ്ലീഹായുടെ പ്രബോധനമാണ് നാം ഇപ്പോൾ നിങ്ങൾക്ക് നല്കുന്നത്. ഈ രോഗത്താൽ നാം കടന്നുപോകയോ, അഥവാ, രോഗവിമുക്തനാകുകയോ ചെയ്താലും നിങ്ങളുടെ പ്രാർത്ഥനകൾ നമുക്ക് അമൂല്യമായ അഭയസ്ഥാനവും നിധിയുമായിരിക്കുമെന്ന് നാം കരുതുന്നു. "ഞാനോ നിവേദ്യമായി ഒഴിക്കപ്പെടുവാൻ പോകുന്നു. ഞാനഴിഞ്ഞുപോകേണ്ട സമയം അടുത്തു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു; ഇനിയും നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു; ആയതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നല്കും" എന്ന് വി.പൗലോസ് ശ്ലീഹാ പറഞ്ഞിട്ടുള്ളത് ബലഹീനനായ നമുക്ക് നമ്മുടെ അന്തിമനിമിഷത്തിൽ ആശ്വാസപ്രദമാകുവാൻ നിങ്ങൾ നമുക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കുവിൻ. പ്രിയമുള്ളവരേ, നീതിയുടെ ആ കിരീടം പ്രാപിക്കുവാൻ നമുക്കെല്ലാവർക്കും പരിശ്രമിക്കാം.

നിങ്ങൾ കത്തോലിക്കരായിത്തീർന്നിരിക്കുന്നതിൽ അഭിമാനം കൊള്ളുവിൻ. നിങ്ങളുടെ ജീവിതവിശുദ്ധിയും സന്മാതൃകകളും അകത്തോലിക്കർക്ക് മാർഗ്ഗദീപമായി ഭവിക്കട്ടെ. നമ്മുടെ സ്നേഹനാഥനായ മിശിഹായെ നിങ്ങളിൽ നിങ്ങൾ പ്രതിബിംബിപ്പിക്കുവിൻ. ഓരോരുത്തനും ഓരോ മിശിഹായായി രൂപാന്തരപ്പെടുവാൻ അഹമഹമികയാ പരിശ്രമിക്കുവിൻ. മാതാപിതാക്കന്മാർ തങ്ങളുടെ വത്സലസന്താനങ്ങളെ

മിശിഹായ്ക്കുവേണ്ടി വളർത്തുന്നതിൽ ഉത്സുകരായി വർത്തിക്കട്ടെ. തങ്ങളുടെ ഓമനസന്താനങ്ങളുടെ ശാരീരികവളർച്ചയെക്കാൾ മിശിഹായിലുള്ള അവരുടെ ആത്മീയവളർച്ചയെ - വരപ്രസാദജീവിതത്തെ - മാതാപിതാക്കൾ വിലമതിച്ചു പ്രവർത്തിക്കട്ടെ. പ്രിയ മക്കളേ, നിങ്ങളുടെ കുടുംബങ്ങൾ ഓരോന്നും നസ്രേത്തിലെ തിരുക്കുടുംബം പോലെ വരപ്രസാദത്തിന്റെയും, സമാധാനത്തിന്റെയും, ഐശ്വര്യത്തിന്റെയും അലംഘനീയ വാസസ്ഥലമായിരിക്കട്ടെ. മിശിഹാരാജൻ നിങ്ങളുടെ ഹൃദയങ്ങളിലും ഭവനങ്ങളിലും എന്നും വാഴുമാറാകട്ടെ!

അവസാനമായി നമ്മുടെ വിശ്വാസികളായ എല്ലാവരെയും നാം ഓർക്കുകയും ഏവർക്കുമായി നമ്മുടെ പൈതൃകാനുഗ്രഹങ്ങളെ അരുമരക്ഷകന്റെ അനുഗ്രഹവചസ്സോടുകൂടി നാം നല്കുകയും ചെയ്യുന്നു.

“എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, നിങ്ങൾ വന്ന് അകത്തു പ്രവേശിച്ച് ലോകാരംഭത്തിനു മുമ്പായി നിങ്ങൾക്കായി ഒരുക്കിവെയ്ക്കപ്പെട്ടിരിക്കുന്നതും കണ്ണു കണ്ടിട്ടില്ലാത്തതും ഹൃദയം സങ്കൽപ്പിച്ചിട്ടില്ലാത്തതുമായ നിത്യസൗഭാഗ്യം അനുഭവിച്ചു കൊള്ളുവിൻ.” എന്ന സന്തോഷപ്രദവും ആശ്വാസദായകവുമായ ആ മനോഹരശബ്ദം കേൾക്കുവാൻ നമുക്കും, നിങ്ങൾക്കും, നമ്മുടെ പരേതരേവർക്കും സർവ്വശക്തനായ ദൈവം സംഗതിയാക്കട്ടെ!

ദൈവമായ മ്ശീഹാതമ്പുരാന്റെ അദൃശ്യമായ വലത്തുകൈ ബലഹീനനും പാപിയുമായി നമ്മുടെ കൈയ്യോടുകൂടെ നിങ്ങളുടെ മേൽ നീട്ടി നിങ്ങളേയും നിങ്ങളുടെ പ്രിയ കുടംബങ്ങളേയും നിങ്ങളുടെ സകല പ്രയത്നങ്ങളേയും അനുഗ്രഹിക്കട്ടെ!

ആയത് ദൈവമാതാവായ വി.കന്യകാമറിയാമിന്റെയും, ഇൻഡ്യയുടെ കാവൽക്കാരനായ മാർത്തോമ്മാശ്ലീഹായുടെയും, നമ്മുടെ നാമകാരണനായ സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസിന്റെയും, എല്ലാ വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ - ആമ്മീൻ.

അതിമെത്രാസന അരമന,
പട്ടം, തിരുവനന്തപുരം

തിരുവനന്തപുരം
മെത്രാപ്പോലീത്താ

**മാർ ഈവാനിയോസ് +**

## അന്ത്യവിനാഴികയും മരണവും

ജൂലൈമാസം ആരംഭിച്ചതോടുകൂടി ആലസ്യം ഒന്നിനൊന്നായി വർദ്ധിച്ചുതുടങ്ങി. കിടക്കയിൽ നിന്ന് എഴുന്നേറ്റ് ഇരിക്കുവാൻ കൂടെ അശക്തമാകുമാറ് ശരീരക്ഷീണം അനുഭവപ്പെട്ടു. മരണത്തിന് ഇനി അധികതാമസമില്ലെന്ന് എല്ലാവരും നിശ്ചയിച്ചുകഴിഞ്ഞു. അതിയായ ശാരീരികവേദന ഉണ്ടായിരുന്നുവെങ്കിലും ക്ഷമയോടുകൂടി അതു സഹിക്കുന്നു എന്ന വിധം മുഖം പ്രസന്നമായും പ്രശാന്തമായും കാണപ്പെട്ടു. കൂടെക്കൂടെ ദാഹം ഉണ്ടായിക്കൊണ്ടിരുന്നതിനാൽ വെള്ളം ചേർത്ത പാൽ കുറേശ്ശേയായി അടുക്കലടുക്കൽ കൊടുത്തുകൊണ്ടിരുന്നു. മരുന്നുകൾ യാതൊന്നും ശരീരത്തിൽ ഫലിക്കുന്ന ലക്ഷണം കണ്ടില്ല. അങ്ങനെ രണ്ടാഴ്ചകൾ കൂടി മുമ്പോട്ടു നീങ്ങി.

ജൂലൈ 15-ാം തീയതി കർമ്മലമാതാവിന്റെ തിരുന്നാളിന്റെ തലേ ദിവസം സന്ധ്യയായതോടുകൂടെ രോഗനില അതിയായി വർദ്ധിച്ചു. മരണലക്ഷണങ്ങൾ ദൃശ്യമായി. ഉടൻ തന്നെ മാർ സേവേറിയോസ്, മാർ ഗ്രിഗോറിയോസ് എന്നീ തിരുമേനിമാർ അനേകം വൈദികരുടെയും അല്മായരുടെയും സാന്നിദ്ധ്യത്തിൽ പ്രത്യേക പ്രാർത്ഥന നടത്തുകയുണ്ടായി. പത്തു മണിയായതോടുകൂടെ രോഗനില ആശങ്കാജനകമായി ത്തീർന്നു. എല്ലാവരും നിർനിന്നിമേഷരായി - “ഈശോ മറിയം യൗസേപ്പേ, എന്റെ ആത്മാവിനു സഹായകമായിരിക്കണമേ” എന്ന മരണസമയത്തെ പ്രാർത്ഥന ഉച്ചത്തിൽ ചൊല്ലിക്കൊണ്ടിരിക്കവേ കൃത്യം പതിനൊന്നു മണിക്കു തല ഒരു വശത്തേക്കു ചായിക്കുകയും അതോടുകൂടെ പരമപിതാവിന്റെ കരങ്ങളിൽ തന്റെ ആത്മാവിനെ അദ്ദേഹം ഭരമേല്പിക്കുകയും ചെയ്തു.

നശ്വരമായ ആ ശരീരത്തിൽ നിന്നും അനശ്വരമായ ആത്മാവു ലോകത്തോടും അതിലുള്ള സകലത്തോടും അന്ത്യയാത്ര പറഞ്ഞു പരലോകത്തിലേക്ക് പറന്നുപോയി. അതോടുകൂടെ ഭാരതക്രൈസ്തവ സഭാന്തരീക്ഷത്തിൽ അരശതാബ്ദത്തോളം ഉജ്ജ്വലിച്ചു പ്രകാശിച്ചുകൊണ്ടിരുന്ന ആ ദീപനാളം പൊലിഞ്ഞു. ഇൻഡ്യയിൽ മാത്രമല്ല, യൂറോപ്പിലും അമേരിക്കയിലും ആസ്ത്രേലിയായിലും കീർത്തിധാവള്യം പരത്തിയ ആ “നസ്രാണി സിംഹം,” ആ “ഭാരതന്യൂമാൻ” എന്നന്നേക്കുമായി കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

സഭയുടെയും, സമുദായത്തിന്റെയും, രാഷ്ട്രത്തിന്റെയും പുരോഗതിക്കുവേണ്ടി അശ്രാന്തപരിശ്രമം നടത്തിക്കൊണ്ടിരുന്ന ആ

സഭൈക്യകാംക്ഷി, പുനരൈക്യപ്രണേതാവ്, പ്രേഷിതവീരൻ, വിദ്യാഭ്യാസധുരന്ധരൻ, പരസ്നേഹതല്പരൻ ഇങ്ങിനി വരാതവണ്ണം ഈ ലോകത്തിൽ നിന്നും കടന്നുപോയി! എപ്പോഴും പ്രവർത്തന നിരതമായിരുന്ന ആ ശരീരം നിർജ്ജീവമായി; നീലിമകലർന്നിരുന്ന ആ നയനങ്ങൾ താനേ അടഞ്ഞു. ആരേയും ഹഠാദാകർഷിക്കത്തക്ക വാഗ്വിലാസം തുളുമ്പിയിരുന്ന ആ നാവ് സ്തംഭിച്ചു. കാഞ്ചനസ്ലീബാ ഉയർത്തി അനേകായിരങ്ങളെ ദൈവനാമത്തിൽ ആശീർവദിച്ചിരുന്ന ആ കരങ്ങൾ നിശ്ചലമായി. ദൈവനാമമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി സ്വജീവൻ ഉഴിഞ്ഞുവച്ചിരുന്ന ആ പാവനചരിതന്റെ പവിത്രാത്മാവ് പരലോകം പ്രാപിച്ചു. അങ്ങനെ തന്റെ അനുയായികളും സുഹൃത്തുക്കളുമായ അനേകായിരങ്ങളെ കദനാഗ്നിയിൽ ആഴ്ത്തിക്കൊണ്ട് ആ വൈദികമേലദ്ധ്യക്ഷൻ - ആർച്ചുബിഷപ്പു മാർ ഈവാനിയോസ് - നിത്യസമ്മാനത്തിനായി അനശ്വര ലോകത്തിലേക്കു ആനയിക്കപ്പെട്ടു.

വന്ദ്യതിരുമേനിയുടെ ചരമാനന്തരം ആത്മശാന്തിക്കുവേണ്ടിയുള്ള ശുശ്രൂഷകൾ നടത്തുകയും, തുടർന്നു മെത്രാപ്പോലീത്തായ്ക്കടുത്ത സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച് പൗരസ്ത്യസഭകളുടെ പാരമ്പര്യമനുസരിച്ച് മൃതദേഹം ഒരു കസേരയിൽ ഉപവിഷ്ടമാക്കുകയും ചെയ്തു. രാത്രിയിൽ തന്നെ അരമനയിൽ നിന്നും ശരീരം പാളയം സെന്റ് മേരീസ് ദൈവാലയത്തിലേക്ക് സംവഹിക്കപ്പെട്ടു. അവിടെ മദ്ബഹായ്ക്കകത്ത് ഏവർക്കും ദർശിക്കത്തക്കവിധം പടിഞ്ഞാറേക്ക് അഭിമുഖമായി ശരീരം വെച്ച് രാത്രി മുഴുവൻ തുടർച്ചയായി പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരുന്നു. പിറ്റേ ദിവസത്തെ പ്രഭാതപത്രത്തിൽ നിന്നും ഈ വാർത്ത ഗ്രഹിച്ചതോടുകൂടെ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വൈദികരും കന്യാസ്ത്രീകളും അത്മായരും ശതക്കണക്കിനു തിരുവനന്തപുരത്തേയ്ക്ക് പ്രവഹിക്കുവാൻ തുടങ്ങി. അവരെല്ലാം വന്ദ്യപിതാവിന്റെ മൃതശരീരം കണ്ട് ദുഃഖനിമഗ്നരായിത്തീരുകയും ആത്മശാന്തിക്കുവേണ്ടി കണ്ണുനീരോടുകൂടെ ജഗദീശസന്നിധിയിൽ പ്രാർത്ഥിക്കുകയും ചെയ്തു. അതുമന്യേ, അന്നുപകലും രാത്രിയിലും തുടർച്ചയായി വിവിധ റീത്തുകളിലുള്ള ശുശ്രൂഷകൾ അവിടെ നടന്നുകൊണ്ടുമിരുന്നു.

## കബറടക്കശുശ്രൂഷ

ജൂലൈ 17-ാം തീയതി വ്യാഴാഴ്ച അതിരാവിലെതന്നെ സെന്റ് മേരീസ് പള്ളിക്കകം സ്ത്രീകളെയും കുട്ടികളെയും കൊണ്ട്

നിറഞ്ഞുകവിഞ്ഞു. ആയിരക്കണക്കിനു ജനങ്ങൾ മൃതദേഹം ഒരു നോക്കു കാണുന്നതിനായി പള്ളിയങ്കണത്തിലും റോഡിലുമായി നില യുറപ്പിച്ചിരുന്നു. ഉച്ചഭാഷിണി ഘടിപ്പിച്ചിരുന്നതിനാൽ ദൈവാലയത്തി നുള്ളിൽ അപ്പഴപ്പോൾ നടന്നുകൊണ്ടിരുന്ന എല്ലാ കർമ്മങ്ങളും മൈക്കു മുഖേന ജനസഞ്ചയത്തിനറിയുവാൻ സാധിച്ചു. പതിനായിരക്കണ ക്കിനു പുറത്തു തടിച്ചുകൂടിയിരുന്നവരുടെ കൂട്ടത്തിൽ എല്ലാ ജാതിമത വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെട്ടിരുന്നു. സന്ദർഭത്തിന്റെ പാവനത യെയും ശുശ്രൂഷയുടെ മാഹാത്മ്യത്തെയും ശരിക്കും മനസ്സിലാക്കി അവരെല്ലാം നിശബ്ദരായി തിരുക്കർമ്മാദികളിൽ സംബന്ധിച്ചു. ശുശ്രൂഷയുടെ ഓരോ ഘട്ടത്തിലും ജനകണ്ഠങ്ങളിൽ നിന്നുമുള്ള ഗദ്ഗദസ്വരം മുഴങ്ങി കേൾക്കാമായിരുന്നു.

## പ്രാരംഭചടങ്ങുകൾ

രാവിലെ കൃത്യം ആറുമണിക്ക് പാലാ മെത്രാൻ മാർ സെബാ സ്റ്റ്യൻ വയലിൽ തിരുമേനിയുടെ പൊന്തിഫിക്കൽ കുർബാനയോടു കൂടെ ചടങ്ങുകൾ ആരംഭിച്ചു. കുർബാനയ്ക്കുശേഷം മാർ സേവേറി യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാന കാർമ്മികത്വ ത്തിലും, മാർ ഗ്രിഗോറിയോസ് തിരുമേനി, വന്ദ്യശ്രീ പീലിപ്പോസ് റമ്പാൻ എന്നിവരുടെ സഹകാർമ്മികത്വത്തിലും മൂന്നുമ്മേൽ കുർബാന അർപ്പിക്കപ്പെട്ടു. ഒട്ടനേകം വൈദികരും കന്യാസ്ത്രീകളും ജനങ്ങളും ഇതിൽ സംബന്ധിച്ചിരുന്നു. തുടർന്ന് ചങ്ങനാശ്ശേരി മെത്രാൻ ഡോക്ടർ മാത്യു കാവുകാട്ടു തിരുമേനി ദിവംഗതനായ കഥാപുരുഷൻ സഭയ്ക്കും സമുദായത്തിനും സർവ്വോപരി ദൈവമഹത്വത്തിനുംവേണ്ടി അനുഷ്ഠിച്ചിട്ടുള്ള മഹനീയസേവനങ്ങൾ വിശദീകരിച്ചും അവിടുത്തെ ജീവിതലക്ഷ്യം പൂർത്തിയാക്കി സാർവ്വത്രികമാക്കുന്നതിനുള്ള ആവശ്യകതയെ ചൂണ്ടിക്കാണിച്ചും ആശയനിർഭരമായ ഒരു പ്രസംഗം ചെയ്തു. (പ്രസംഗം അന്യത്ര ചേർത്തിട്ടുണ്ട്).

ഇതിനുശേഷം നഗരം കാണിക്കൽ ശുശ്രൂഷ എന്ന ചടങ്ങാണു നിർവ്വഹിക്കപ്പെട്ടത്. അവിടെ കൂടിയിരുന്ന വിവിധമതസ്ഥരായ ജനാ വലിയെ ഈ കർമ്മം അത്യന്തം ആകർഷിക്കയുണ്ടായി. നാടിനോടും നഗരത്തോടും ദൈവാലയത്തോടും ജനങ്ങളോടും അന്ത്യയാത്ര പറയുന്ന ഹൃദയാവർജ്ജകമായ ചടങ്ങായിരുന്നു അത്. സ്ഥാനാഭിഷേ കക്കസേരയിൽ ഉപവിഷ്ടനായിരിക്കുന്ന വിധം തന്നെ തിരുമേനിയെ എടുത്ത് മദ്ബഹായിലും ദൈവാലയമദ്ധ്യത്തിലും വെച്ച് അവസാന

യാത്ര ചോദിക്കുന്ന രംഗവുമായിരുന്നു അത്. തുടർന്ന് തിരുമനസ്സിലെ മൃതശരീരം ആ നിലയിൽത്തന്നെ, മേൽക്കട്ടിയോടുകൂടെ സംവിധാനം ചെയ്ത രഥത്തിലേക്ക് ആനയിച്ചു. അതോടുകൂടെ "നഗരമേ, നഗരവാസികളേ, നിങ്ങൾ സമാധാനത്തോടു കൂടെ വസിക്കുവിൻ" എന്ന അന്ത്യയാത്രാവചസ്സുകൾ പ്രധാനകാർമ്മികൻ ഉച്ചരിച്ചു. ദുഃഖ സംപൂർണ്ണമായ ആ ആശംസാവചസ്സുകൾ ഉച്ചഭാഷിണിയിൽക്കൂടെ നാലുപാടും മുഴങ്ങി.

ഈ ചടങ്ങുകളിൽ വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ ജോസഫ് അട്ടിപ്പേറ്റി, തിരുവനന്തപുരം (ലത്തീൻ), കോട്ടയം, കോട്ടാർ, കൊല്ലം, വിജയപുരം, ആലപ്പുഴ, കൊച്ചി തൃശൂർ, പാലാ, ചങ്ങനാശ്ശേരി, തിരുവല്ല, തിരുവനന്തപുരം (അതിരൂപത) എന്നീ രൂപതാതിരൂപത കളിലെ വൈദികമേലദ്ധ്യക്ഷന്മാരും എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രതിനിധിയായി മോൺസിഞ്ഞോർ മാത്യു പോത്തനാംമൂഴിയും, കർമ്മലീത്താസഭയുടെ പ്രിയോർജനറലും പ്രത്യേകം സംബന്ധിച്ചിരുന്നു.

## വിലാപയാത്ര

കൃത്യം പത്തരമണിക്ക് സെന്റ് മേരീസ് ദൈവാലയത്തിൽ നിന്നും പട്ടം കത്തീഡ്രലിലേക്ക് മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര ആരംഭിച്ചു. ഇതിലേക്കായി ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി എന്നീ പള്ളികളിൽ നിന്നുമായി നാലു സ്വർണ്ണക്കുരിശു കൾ, പന്ത്രണ്ടു വെള്ളിക്കുരിശുകൾ, ഇരുനൂറിൽപ്പരം മുത്തുക്കുടകൾ, ഒട്ടനേകം കറുത്ത കൊടികൾ എന്നിവ മുൻകൂട്ടി കൊണ്ടുവന്നിരുന്നു. സ്റ്റേറ്റ് പോലീസ് ബാന്റ് ശോകഗാനം ആലപിച്ചുകൊണ്ടിരിക്കവേ വിലാപയാത്ര മന്ദം മന്ദം മുൻപോട്ടു നീങ്ങി. ബാലികാബാലകന്മാർ, കന്യാസ്ത്രീകൾ, സ്ത്രീജനങ്ങൾ, മാർ ഈവാനിയോസ് കോളേജ് അധ്യാപകാധ്യേതാക്കൾ, കത്തോലിക്കാപ്രവർത്തനസംഘാംഗങ്ങൾ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ, ശെമ്മാശന്മാർ, വൈദികർ, മിഷനറി മാർ, സന്ന്യാസസമൂഹാംഗങ്ങൾ മുതലായവർ യഥാക്രമം അണിനിരന്നി രുന്നു. ഇവരുടെ പിൻപിൽ മൃതദേഹം വഹിക്കുന്ന രഥം, തുടർന്നു മാർ ഈവാനിയോസ് തിരുമേനി ഉപയോഗിച്ചിരുന്ന കാർ, അതിന്റെ പിന്നിൽ കാറുകളിലായി മെത്രാന്മാർ എന്നിങ്ങനെയായിരുന്നു വിലാപയാത്രയുടെ ക്രമീകരണം. രഥത്തിൽ വരാപ്പുഴ മെത്രാപ്പോ ലീത്താ തിരുമേനിയും മൃതദേഹത്തിന്റെ ഇരുവശങ്ങളിലുമായി മാർ

സേവേറിയോസ് മെത്രാപ്പോലീത്താ, മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, പ്രമുഖ വൈദികർ എന്നിവരും ഉപവിഷ്ടരായി രുന്നു. രഥത്തിന്റെ നാലുവശങ്ങളിലും അനേകമനേകം കുസുമോപ ഹാരങ്ങൾ അർപ്പിക്കപ്പെട്ടു. ഉച്ചഭാഷിണിയിലൂടെ നടത്തിയ പ്രാർത്ഥ നകളും പ്രാർത്ഥനാഗാനങ്ങളും തലസ്ഥാനനഗരിയിലെങ്ങും മുഴങ്ങി കേൾക്കപ്പെട്ടു. പതിനായിരത്തിൽപ്പരം ആളുകൾ ജാതിമതഭേദമെന്യേ ഘോഷയാത്രയിൽ പങ്കെടുത്തിരുന്നു. ടൗൺഹാൾ ചുറ്റി മെയിൻ റോഡിൽകൂടെ, എൽ.എം.എസ് ജംക്ഷൻവഴി, എൻജിനീയറിംഗ് കോളേജ് റോഡ് കടന്നാണ് പട്ടത്തേക്ക് വിലാപയാത്ര നീങ്ങിയത്. തങ്ങളുടെ അഭിവന്ദ്യ പിതാവിന്റെ മൃതദേഹം ഒരുനോക്കു കാണുന്നതി നുവേണ്ടി സഹസ്രക്കണക്കിനു ആളുകൾ റോഡിന്റെ ഇരുവശങ്ങളിലും തടിച്ചുകൂടിയിരുന്നു. ഇതുപോലെയുള്ള ഒരു ശവസംസ്കാര ഘോഷയാത്ര ഇതിനുമുമ്പും പിമ്പും തലസ്ഥാനനഗരം ദർശിച്ചിട്ടി ല്ലെന്ന് സകലരും ഒരുപോലെ സാക്ഷിച്ചു. അങ്ങനെ പാളയത്തുനിന്നും കൃത്യം പത്തു മണിക്കാരംഭിച്ച ഭക്തിനിർഭരമായ വിലാപയാത്ര പന്ത്രണ്ടുമണിയോടുകൂടെ പട്ടം കത്തീഡ്രലിലെത്തിച്ചേർന്നു.

## ലോകമേ! യാത്ര

തുടർന്ന് മാർ സേവേറിയോസ് തിരുമേനി, മാർ ഗ്രിഗോറിയോസ് തിരുമേനി ആദിയായവർ താങ്ങി മൃതദേഹം കസേരയോടുകൂടെ കബറിടത്തിന്റെ സമീപത്തേക്കു മാറ്റിയപ്പോൾ അവിടെ സന്നിഹിത രായിരുന്ന അനേകായിരങ്ങളുടെ കണ്ണുകൾ നിറഞ്ഞു കവിഞ്ഞു. ശോകമൂകമായ ഒരന്തരീക്ഷം അവിടെങ്ങും ദൃശ്യമായി. സ്നേഹമേറിയ തങ്ങളുടെ പിതാവിന്റെ ആ മൃതദേഹം തങ്ങളിൽ നിന്നും എന്നേക്കു മായി മറവു ചെയ്യപ്പെടുന്നതിനുമുമ്പ് ഒരു നോക്കു കൂടി കണ്ട് ജീവിത സാഫല്യമടയുവാൻ വേണ്ടി ജനസമൂഹം അവിടേക്ക് തള്ളിക്കയറി. ജനക്കൂട്ടത്തെ നിയന്ത്രിച്ചിരുന്നവർ അക്ഷീണപരിശ്രമം നടത്തിയതിന്റെ ഫലമായിട്ടാണ് ആ തള്ളലിനെ ഒന്നു തടഞ്ഞു നിർത്തുവാൻ സാധിച്ചത്. മൃതശരീരം കസേരയുടെ കൂടെ കബറിടത്തിനുള്ളിൽ എടുത്തുവെച്ചശേഷം സംസ്കാരശുശ്രൂഷകൾ തുടർന്നു നടത്തപ്പെട്ടു. അതേ തുടർന്ന് കബറിടത്തിനകത്ത് ഒട്ടേറെ കുന്തിരിക്കം ഇടുകയും, സൈത്തെണ്ണ ശരീരത്തിലൊഴിക്കുകയും ചെയ്തു. പിന്നീട് വന്ദ്യതിരുമേനിമാർ ഓരോരുത്തരായി വന്ന് അന്ത്യയാത്ര പറഞ്ഞു. അനന്തരം പട്ടുതുണിയിട്ട് മുഖം മൂടുകയും, കബറിടം അടയ്ക്കുകയും തുടർന്ന് ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു.

അങ്ങനെ അരശതാബ്ദക്കാലം നമുക്കുവേണ്ട ഉപദേശങ്ങൾ നല്കുകയും, വേണ്ട പ്രചോദനം നല്കി നമ്മെ നയിക്കുകയും, നമ്മുടെ ഇടയിൽ എഴുപത്തിരണ്ടു വർഷക്കാലം ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്ത ആ അഭിവന്ദ്യ തിരുമേനി നമ്മിൽ നിന്നും എന്നന്നേക്കുമായി മറഞ്ഞു. ഇനിയും ആ മുഖം ഈ ലോകത്തിൽ വെച്ച് ഒരു നോക്കു ദർശിക്കുന്നതിനോ, ആ നാവിൽ നിന്നും പുറപ്പെട്ട ഉപദേശം ഒരിക്കലെങ്കിലും ശ്രവിക്കുന്നതിനോ, ആ കരങ്ങൾ ഉയർത്തിയുള്ള ആശീർവ്വാദം സ്വീകരിക്കുന്നതിനോ നമുക്കു സാദ്ധ്യമല്ല. എങ്കിലും ആ ആന്തരിക ചൈതന്യം, ആ പ്രചോദനം ഒരുനാളും നമ്മിൽ നിന്നും അകറ്റപ്പെടുകയില്ല. നിശ്ചയം.

"ആ ദിപം പൊലിഞ്ഞുപോയെങ്കിലുമതിൻ ദിവ്യ
ഭാവുകപ്രകാശങ്ങൾ തുടരുമന്ന്യൂനമായ്
ആ മണിയുടഞ്ഞുപോയെങ്കിലുമതിൻ നാദ
പിയൂഷതരംഗങ്ങൾ ജനത്തെ കുളിർപ്പിക്കും
ആ മനോഞ്ജമാം പുഷ്പം പൂഴിയിൽ ലയിച്ചിട്ടു
മായുതിൻ പരിമളം നിത്യമായ് നിലനിക്കും"

(ശ്രീമാൻ മുട്ടത്തുവർക്കി "ദീപിക")

## ചരമപ്രസംഗം

മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര ആരംഭിക്കുന്നതിനുമുമ്പ് ചങ്ങനാശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ടു തിരുമേനി നടത്തിയ പ്രസംഗമാണ് താഴെ ചേർക്കുന്നത്.

"നല്ലവനും വിശ്വസ്തനുമായ ദാസാ, നിന്നെ ഭരമേല്പിച്ച ചെറിയ കാര്യങ്ങളിൽ നീ വിശ്വസ്ഥനായിരുന്നു. നിന്നിൽ ഞാൻ സന്തോഷിച്ചിരിക്കുന്നു. കർത്താവിന്റെ സന്തോഷത്തിൽ നീ പ്രവേശിച്ചാലും!"

മാന്യമഹാജനങ്ങളേ,

കർത്താവിന്റെ മുന്തിരിതോട്ടത്തിൽ സുദീർഘവർഷക്കാലം വേല ചെയ്തശേഷം തന്റെ പ്രവർത്തനത്തിന്റെ കണക്കു കൊടുക്കുവാനായി ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ട ഒരു മേല്പട്ടക്കാരന്റെ ചരമത്തിൽ ദുഃഖം രേഖപ്പെടുത്തുന്നതിനും അദ്ദേഹത്തിന്റെ അന്ത്യയാത്രയിൽ അദ്ദേഹത്തോടൊപ്പം കുഴിമാടം വരെ അനുഗിക്കുന്നതിനും വേണ്ടിയാണല്ലോ നാമെല്ലാവരും ഇവിടെ സന്നിഹിതരായിരിക്കുന്നത്.

അദ്ദേഹത്തിന്റെ ആത്മവിശ്രാന്തിക്കായി പ്രാർത്ഥിക്കുന്നതിനും വേണ്ടിക്കൂടെയാണ് നാം ഇവിടെ വന്നുചേർന്നിരിക്കുന്നത്. നമ്മിൽ പല രോടും ബന്ധപ്പെട്ട, പരിചയപ്പെട്ട, പ്രിയപ്പെട്ട ഒരു മേല്പട്ടക്കാരനാണ് ഇന്നു നമ്മിൽ നിന്നും വേർപെട്ടിരിക്കുന്നത്. നമ്മിൽ അദ്ദേഹത്തിന്റെ വിയോഗത്തിൽ നാം അകമഴിഞ്ഞു ദുഃഖിക്കുന്നതോടൊപ്പംതന്നെ ആ വീരസേവനങ്ങളെ പറ്റി ചിന്തിക്കുമ്പോൾ നാം അഭിമാനം കൊള്ളു കയും ചെയ്യുന്നതാണ്. ധിഷണാവിലാസവും സർവ്വവിഷയങ്ങളിലും പാടവവും നിറഞ്ഞ തിരുമേനി തനിക്കു ദൈവത്തിൽ നിന്ന് അനുഗ്രഹപൂർവ്വം ലഭിച്ച താലന്തുകളെ കുഴിച്ചുമൂടുകയല്ല ചെയ്തത്. പിന്നെയോ, ചെറുപ്പം മുതൽത്തന്നെ ആ താലന്തുകളുടെ വികസനത്തി നായി അദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. അരശതാബ്ദത്തിനു മുമ്പു ലഭിച്ച സമുന്നതമായ സർവ്വകലാശാലാബിരുദം കൊണ്ട് ലഭിക്കാവുന്ന ഉന്നതമായ ലൗകികസ്ഥാനമാനങ്ങളുടെ പുറകേ തിരുമേനി പരക്കം പായുകയല്ല ചെയ്തത്. വേണമെങ്കിൽ ഏതു നിലയിൽ എത്തുന്ന തിനും കഴിയുമായിരുന്ന ഒരു വ്യക്തിയായിരുന്നു തിരുമേനി. പക്ഷേ, ലൗകികമായ സ്ഥാനമാനങ്ങളുടെ അനശ്വരത നേരത്തെതന്നെ അദ്ദേഹ ത്തിനു ബോദ്ധ്യപ്പെട്ടു. അവയെല്ലാം തനിക്ക് ഈ കഴിവു നല്കിയ ദൈവത്തിനായി പരിത്യജിച്ചു. സഭയുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം പരിശ്രമിച്ചു. മതാചാര്യത്വത്തിന്റെ മഹനീയത അദ്ദേഹം മനസ്സിലാക്കി. തനിക്കു ലഭിച്ചിട്ടുള്ള ആദ്ധ്യാത്മികതാലന്തുകൾ അവിടുന്ന് വർദ്ധിപ്പിച്ചു. ബ്രഹ്മചാര്യത്വത്തിന്റെ മഹനീയത മനസ്സി ലാക്കി അതിലേക്ക് മറ്റുള്ളവരെ ആകർഷിച്ച ഈ മഹാത്മാവിന്റെ ആദ്ധ്യാത്മികധിഷണാവിലാസം അവിടെയും അവസാനിച്ചില്ല.

പിതാക്കന്മാരുടെ വിശ്വാസകേന്ദ്രമായ കത്തോലിക്കാസഭയി ലേക്ക് തിരികെ വരണമെന്ന് അദ്ദേഹത്തിന്റെ ആത്മാവ് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഇദ്ദേഹം കത്തോലിക്കാസഭയെ സമീപിക്കുവാൻ തുടങ്ങി. കേരളസഭാചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് "പുനരൈക്യ പ്രസ്ഥാനം." കത്തോലിക്കാസഭയുടെ കവാടത്തിൽ അവിടുന്ന് കാലു വെച്ചത് സംഘട്ടനങ്ങളുടെയും പ്രതിബന്ധങ്ങളു ടെയും സമരത്തിൽ കൂടിയാണ്. കാർഡിനൽ ന്യൂമാനെപ്പോലെ അദ്ദേഹം കരഞ്ഞിട്ടുണ്ടായി രിക്കണം "എന്നെ മുട്ടുന്ന ഇരുളിൽനിന്നും സാന്ത്വനപ്രകാശമേ! എന്നെ നയിച്ചാലും" എന്ന്. തന്നോടുകൂടെ അതുവരെ ഉണ്ടായിരുന്നവർ എല്ലാ വരും തന്റെ കൂടെ വരണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ ഓരോ വ്യക്തിയുടെയും ആന്തരികമായ പ്രചോദനങ്ങളിൽ ഇടപെടു

വാൻ തിരുമേനി സന്നദ്ധത പ്രദർശിപ്പിച്ചില്ല. തിരുമേനിയെ നല്ല ഒരു സംഘം വിശ്വാസികൾ അനുഗമിച്ചു. മറ്റുള്ളവരുടെ ആന്തരികമൂല്യ ങ്ങളെ ചോദ്യം ചെയ്യുവാൻ ശ്രമിക്കാതെ ആത്മാർത്ഥമായി താൻ വിശ്വസിച്ചിരുന്നതിനുസരിച്ച് പ്രവർത്തിക്കുവാൻ മാത്രമാണ് അവരെ അദ്ദേഹം ഉപദേശിച്ചത്. മാർ ഈവാനിയോസ് തിരുമേനി തന്റെ വിയർപ്പുതുള്ളികൾ കൊണ്ട് നനച്ച്, തന്റെ രക്തം വളമായി നല്കി വളർത്തിയ ആ തൈച്ചെടി ഇന്നു വളർന്ന് പുഷ്പിച്ചുനില്ക്കുന്ന തായിട്ടാണ് നാം കാണുന്നത്. വിനയാന്വിതവും, ആകർഷകവുമായ എല്ലാ സൗശീല്യഗുണങ്ങളും വിടർന്നുനില്ക്കുന്ന മാർ ഗ്രീഗോറി യോസ് തിരുമേനിയെ കണ്ടുകൊണ്ട് അദ്ദേഹം മരിച്ചു. തനിക്കു ചേർന്ന ഒരു പിൻഗാമിയെ ലഭിച്ചതിൽ തിരുമനസ്സുകൊണ്ട് ചാരിതാർത്ഥ്യം അടയുന്നുണ്ടായിരിക്കും. മലങ്കര റീത്തു മുഴുവൻ അധികാരം കൊള്ളുന്ന അദ്ദേഹത്തെ തന്റെ കൈകൊണ്ടുതന്നെ വാഴിക്കുന്നതിനും തിരുമേനിക്കു കഴിഞ്ഞു.

ദൈവം തന്നെ ഏല്പിച്ച കർത്തവ്യഭാരങ്ങളും വഹിച്ചുകൊണ്ട് തിരുമേനി നല്ല ഓട്ടം ഓടി. പക്ഷേ അദ്ദേഹം തളർന്നില്ല. "കർത്താവേ, നിന്റെ ദാസനെ ഇനിയും സമാധാനത്തിൽ വിടണമേ!" എന്ന് അദ്ദേഹത്തിന് പറയുവാൻ കഴിയുമായിരുന്നു. അത്ര ശ്രമകരമായിരുന്നു അവിടുത്തെ ജീവിതം.

കത്തോലിക്കാസഭയ്ക്ക്, അല്ല, ക്രൈസ്തവർക്ക് ഒരുജ്ജ്വലതാര മാണ് ഇന്ന് നഷ്ടപ്പെട്ടിട്ടുള്ളത്. മതകാര്യങ്ങളിലും, വിദ്യാഭ്യാസ മണ്ഡലത്തിലും ഒരുപോലെ ശോഭിച്ച ഒരു താരമായിരുന്നു അവിടുന്ന്. അനവധി ദൈവാലയങ്ങൾ അവിടുന്ന് സ്ഥാപിച്ചിട്ടുണ്ട്. ആ ദൈവാലയത്തിൽ നിന്ന് ഉയരുന്ന ഈശ്വരസ്തുതികൾ എപ്പോഴും അവിടുത്തേക്ക് ആശ്വാസമരുളും.

വിദ്യാഭ്യാസരംഗത്തുള്ള പ്രവർത്തനങ്ങളും അഭിനന്ദനീയമാണ്. എത്രയെത്ര പള്ളിക്കൂടങ്ങളാണ് അവിടുത്തെ ശ്രമങ്ങളുടെ സാക്ഷ്യം വഹിച്ചുകൊണ്ട് ഉയർന്നു പ്രശോഭിക്കുന്നത്! എത്രയെത്ര കുട്ടികളാണ് ആ സ്കൂളുകളിൽ നിന്നും വിജ്ഞാനം സ്വീകരിച്ചു പുറത്തേയ്ക്ക് വരുന്നത്! അതിനേക്കാൾ മഹത്തരമാണല്ലോ വിവിധ സന്ന്യാസാ ശ്രമങ്ങളുടെ സ്ഥാപനം.

ഇന്ന് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്ന ദേഹം സകലരുടേയും ബഹുമാനാദരവുകൾ സമാർജ്ജിച്ചിരുന്നു. യൂറോപ്പ്, അമേരിക്ക

മുതലായ സ്ഥലങ്ങളിൽ ചെല്ലുമ്പോൾ അറിയുവാൻ സാധിക്കും അദ്ദേഹത്തെ അവർ എത്ര ബഹുമാനപൂർവ്വകമാണ് കരുതിയിരിക്കുന്ന തെന്ന്. യൂറോപ്പിലെയും അമേരിക്കയിലെയും പ്രശസ്ത എഴുത്തുകാർ പോലും അദ്ദേഹത്തെ വാഴ്ത്തി എഴുതിയിട്ടുള്ളതായി നാം കാണുന്നു. ഇങ്ങനെ എവിടെയെല്ലാം അദ്ദേഹം പ്രവർത്തിച്ചുവോ അവിടെയെല്ലാം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മായാത്ത മുദ്ര പതിക്കുകയുണ്ടായി. റോമിൽ നടന്ന ഒരു സംഭവംകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. ഞാൻ റോമിൽ ചെന്നപ്പോൾ അവിടെ വന്നിരുന്നവർ പലരും തിരുമേനിയുടെ കുശലത്തെപ്പറ്റി എന്നോടു ചോദിക്കുകയുണ്ടായി. അമേരിക്കൻ സർവ്വകലാശാലയിൽ നിന്ന് അദ്ദേഹത്തിന് ഡോക്ടർ ബിരുദം ലഭിക്കുകയും ചെയ്തു.

മഹാന്മാർ മരിച്ചാലും അവരുടെ പ്രവർത്തനങ്ങളിൽ അവർ ജീവിക്കും. ഇദ്ദേഹത്തിന്റെ സേവനത്തിന്റെ സ്മാരകങ്ങൾ ആ ഓർമ്മയെ നിലനിർത്തുന്നു. ദൈവാലയങ്ങളിൽ നിന്നും അനവരതം പ്രാർത്ഥനാസ്തുതികൾ ഉയരുമ്പോൾ, സ്കൂളുകളിൽ നിന്നും സംസ്കാരസമ്പന്നരായി വിദ്യാർത്ഥികൾ പുറത്തേക്കിറങ്ങുമ്പോൾ തിരുമേനി എപ്രകാരമാണ് വിസ്മരിക്കപ്പെടുക! അദ്ദേഹം സ്ഥാപിച്ച കന്യാസ്ത്രീമഠങ്ങളിലെയും ആശ്രമങ്ങളിലെയും കന്യകകളും സന്ന്യാസികളും അദ്ദേഹത്തെ മറക്കുമോ? തീർച്ചയായും ഇല്ല. അവരുടെ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ പ്രശസ്തിയെയും പ്രാഗല്ഭ്യത്തെയും വിളിച്ചറിയിക്കതന്നെ ചെയ്യും.

ഇങ്ങനെ അദ്ദേഹം തന്റെ ജോലി പൂർത്തിയാക്കി സമാധാന ത്തിൽ മരിച്ചു. നാം സ്നേഹിച്ചു ബഹുമാനിച്ചു വന്നിരുന്ന അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവരുടെ സ്വർഗ്ഗീയാനുഗ്രഹത്തിലേക്കു പ്രവേശിച്ചു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി തുടർന്നു നമുക്കു പ്രാർത്ഥിക്കാം.”

**(സമാപ്തം)**